SAHITYA PRAVARTHAKA C. S. LTD.
KOTTAYAM

# മലയാള സാഹിത്യവും ക്രിസ്ത്യാനികളും

ഡാക്ടർ പി. ജെ. തോമസ്

Author's Copy
Dr. T. M. Jacob

# മലയാളസാഹിത്യവും
# ക്രിസ്ത്യാനികളും

(Malayalam)

# Malayala Sahityavum Christianikalum

Malayalam Literature
—Contribution of Christians

**By P. J. THOMAS, M. A., B. Lit., D. Phil (Oxford), K. S. G.**
Marampilly-Alwaye

First Published November 1935
Revised and Enlarged Edition March 1961

Printed at
INDIA PRESS, KOTTAYAM

Price Rs. 4.00

Copyright
P. J. Thomas

Publishers:
**Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOK STALL
**Kottayam Kerala State India**

# മലയാളസാഹിത്യവും ക്രിസ്ത്യാനികളും

ഡോക്ടർ പി. ജെ. തോമസ്സ്

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം

വില ക. 4.00

S1190 B775 90/60-61 2-1500

# മുഖവുര

ഞാൻ ഒരു സാഹിത്യകാരനല്ല; സാമ്പത്തികപ്രശ്നങ്ങൾ ചർച്ചചെയ്യുകയായിരുന്നു എന്റെ പ്രധാനവേല. അവയെപ്പററി ഇംഗ്ലീഷിൽ ആണ് ഞാൻ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ അധികവും. എന്നാൽ ചെറുപ്പത്തിൽ സ്ക്കൂളിലും കലാശാലയിലും പഠിച്ചിരുന്ന കാലത്തു മലയാളപുസ്തകങ്ങൾ ധാരാളം വായിക്കാറുണ്ടായിരുന്നു. കേരളത്തിൽ ക്രിസ്ത്യാനികളുടെ സാഹിത്യപരിശ്രമങ്ങളെപ്പററി പഠിക്കാൻ കോട്ടയത്തുവെച്ച് എനിക്കു സൗകര്യം കിട്ടി. പിന്നീടു തൃശ്ശിനാപ്പള്ളിയിൽ പഠിച്ചിരുന്നപ്പോൾ, ദക്ഷിണേന്ത്യയിൽ യൂറോപ്യൻ മിഷണറിമാരുടെ സാഹിത്യപരിശ്രമങ്ങളെപ്പററി പഠിക്കുവാനും എനിക്കു സാധിച്ചു. 1917 നും 1919 നുമിടയ്ക്കു ഞാൻ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ പഠിച്ചിരുന്ന കാലത്ത്, മലയാളസാഹിത്യം സംബന്ധിച്ച് അന്നുണ്ടായിരുന്ന ഗ്രന്ഥങ്ങൾ വായിച്ചപ്പോൾ, ഗദ്യസാഹിത്യത്തിന്റെ വളർച്ചയിലും, മററു ചില പ്രധാനസാഹിത്യശാഖകളിലും പല പ്രധാനസംഗതികൾ—വിശേഷിച്ചു ക്രൈസ്തവരുടെ സംഭാവനകൾ—വിട്ടുപോയിട്ടുണ്ടെന്നു മനസ്സിലായി. അന്ന് അവിടെ സാഹിത്യപഠനം ഊർജ്ജിതമായി കൈകാര്യം ചെയ്തിരുന്ന ശ്രീ ഉള്ളൂർ എസ്. പരമേശ്വരയ്യർ, ശ്രീ ആററൂർ കൃഷ്ണപിഷാരടി മുതലായവരുമായി ആലോചിച്ചശേഷം ഞാൻ അന്ന് ഇതേപ്പററി 'ഭാഷാപോഷിണി' മാസികയിലും മററും ചില ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി.

ഈ വിഷയത്തെപ്പററി ഒരു പുസ്തകംതന്നെ ഞാൻ ആയിടയ്ക്ക് എഴുതിയിരുന്നു. എന്നാൽ 1920 മുതൽ, ഞാൻ ഉപരിപഠനങ്ങൾക്കായി ഇംഗ്ലണ്ടിലും, പിന്നീടു പ്രൊഫസ്സർ ആയി സിലോണിലും ആയിരുന്നതിനാൽ ഈ പരിശ്രമം മുടങ്ങിപ്പോയി. പിന്നീട് 1927-ൽ മദ്രാസ് സർവ്വകലാശാലയിൽ പ്രൊഫസ്സർ ആയി വന്നശേഷം, ഫാദർ ജോൺ പാലോക്കാരൻ, ശ്രീ ഐ. സി. ചാക്കോ, വിദ്വാൻ

എടമരത്തു സബാസ്റ്റ്യൻ മുതലായ പല സ്നേഹിതന്മാരുടെയും പ്രേരണയാൽ, മുമ്പെഴുതിവെച്ചിരുന്ന കൃതി ഒന്നുകൂടി പരിഷ്ക്കരിച്ചു് 'കേരളത്തിലെ ക്രിസ്തീയസാഹിത്യം' എന്ന പേരിൽ, 1935-ൽ, അതിരമ്പുഴ പ്രസ്സിൽ, അച്ചടിപ്പിക്കുകയുണ്ടായി. ഈ ഗ്രന്ഥരചനയിൽ, മുകളിൽപ്പറഞ്ഞ മാന്യസ്നേഹിതന്മാൎക്കു പുറമേ, സർദാർ കെ. എം. പണിക്കർ, ബ. എസ്തപ്പാനോസച്ചൻ, ബ. പീടിയേക്കൽ യൗസേപ്പുകത്തനാർ, ഫാദർ സക്കറിയാസ് ഒ. സി. ഡി., ചിത്രമെഴുത്തു കെ. എം. വറുഗീസ് എന്നിവരോടും ഞാൻ പലവിധത്തിൽ കടപ്പെട്ടിരുന്നു.

1800 വരെ ക്രിസ്ത്യാനികൾ നടത്തിയ സാഹിത്യപരിശ്രമങ്ങളെപ്പററി മാത്രമേ, എന്റെ പഴയ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരുന്നുള്ളു. എന്നാൽ 1600 നും 1800 നും ഇടയ്ക്കു പാശ്ചാത്യഭാഷകൾ പഠിച്ച ചുരുക്കം ചിലർ ഗദ്യം മുതലായ സാഹിത്യശാഖകളിൽ ആരംഭിച്ച നൂതനപ്രസ്ഥാനങ്ങൾ വളൎന്നു ഫലപുഷ്ടമായതു്, 1800 നു ശേഷം ഇംഗ്ലീഷുഭാഷയിലുള്ള വിദ്യാഭ്യാസം പ്രചാരത്തിൽ വന്നതോടുകൂടിയാണു്. ഈദൃശമായ ഭാഷാവികസനം ഇൻഡ്യയുടെ മററു ഭാഗങ്ങളിൽ തുടങ്ങുന്നതിനു വളരെ മുൻപുതന്നെ, കേരളത്തിലുണ്ടായി; അതു ക്രമേണ തഴച്ചുവളരുകയും ചെയ്തു.

1900 നു ശേഷമാകട്ടെ, കേരളത്തിൽ സാഹിത്യത്തിന്റെ നവീനശാഖകൾ ദ്രുതഗതിയിൽ വളൎന്നു; സാമാന്യവിദ്യാഭ്യാസം, ഇൻഡ്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു വളരെ വർദ്ധിച്ചു; വായനക്കാരുടെ സംഖ്യ പെരുകി; വൎത്തമാനപത്രങ്ങളുടെയും ഗ്രന്ഥങ്ങളുടെയും സംഖ്യയിലും കേരളം ഇൻഡ്യയുടെ മുന്നണിയിൽ വന്നിരിക്കുന്നു. വ്യവസായവിഷയത്തിൽ മററു സ്റ്റേററുകളെക്കാൾ വളരെ താണപടിയിൽ കിടക്കുന്ന കേരളം, ഇങ്ങനെ പ്രസിദ്ധീകരണവ്യവസായത്തിൽ, ഇൻഡ്യയുടെ മററു ഭാഗങ്ങളെക്കാൾ മുന്നേറിയിരിക്കുകയാണു്. യൂറോപ്പിൽ ഒരു സാമ്പത്തികവിപ്ലവംതന്നെ ഉളവാക്കിയ സഹകരണപ്രസ്ഥാനം ഏതാണ്ടു പരാജയപ്പെട്ടിരിക്കുന്ന ഈ കേരളത്തിൽ, ഗ്രന്ഥപ്രസിദ്ധീകരണവ്യവസായം വളരെ ലാഭകരമാക്കി, ഒട്ടുവളരെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു്, അംഗങ്ങൾക്കു പരമാവധി ലാഭം വീതിച്ചു

കൊടുക്കുവാൻ ഒരു സാഹിത്യപ്രവത്തകസഹകരണസംഘത്തിനു സാധിച്ചിരിക്കുന്നു. ഇന്നത്തെ ബഹുമുഖമായ ഈ പുരോഗതിക്കെല്ലാം അടിസ്ഥാനം പ്രധാനമായി 19-ാം ശതകത്തിലെ സാഹിത്യപ്രവത്തനങ്ങളാണെന്നുള്ളതു വിസ്മരിക്കത്തക്കതല്ല.

മേൽ കാണിച്ച സംഗതികഠം മുൻപിൽവെച്ചുകൊണ്ടു സാഹിത്യത്തിൽ നൂതനപ്രസ്ഥാനങ്ങഠം ആരംഭിച്ചു വളർച്ച പ്രാപിച്ച 1800 നും 1900 നും ഇടയ്ക്കുള്ള കാലഘട്ടത്തെ സംബന്ധിക്കുന്ന ഒരു രണ്ടാം ഭാഗം കൂടി ചേത്തു്, എൻെറ ആദ്യകൃതി പരിഷ്കരിക്കണമെന്നു ഞാൻ വളരെക്കൊല്ലം മുൻപു് ആഗ്രഹിച്ചതാണു്. പക്ഷേ, പല കാരണങ്ങളാൽ ഇപ്പോഴെ അതിനു സാധിച്ചുള്ളു. ആദ്യകൃതിയിലെ ചില അദ്ധ്യായങ്ങഠം മാറി എഴുതുകയും, ചവിട്ടുനാടകത്തെപ്പററി ഒരദ്ധ്യായം പുതുതായി ചേക്കുകയും ചെയ്തിട്ടുണ്ടു്. ഗ്രന്ഥത്തിൻെറ പേരിലും മാററം വരുത്തിയിരിക്കുന്നു. പ്രതിപാദ്യ വിഷയത്തിനു യോജിച്ചതു പുതിയ പേരാണെന്നു കരുതിയാണു് അങ്ങനെ ചെയ്തതു്. ഭാഷാചരിത്രചർച്ചയിൽ ഒരു പ്രത്യേകസമുദായത്തെ പ്രത്യേകം പരിഗണിക്കുന്നതെന്തിനു് എന്നു ന്യായമായി ഒരു ചോദ്യമുണ്ടാകാം. അതിനുള്ള സമാധാനം ഒന്നാം അദ്ധ്യായത്തിൽ നല്കിയിട്ടുണ്ടു്.

ഈ കൃതി തയ്യാറാക്കുന്നതിനു കോട്ടയം കോളജ് പ്രിൻസിപ്പൽ പ്രൊഫസ്സർ പി. സി. ജോസഫ്, ഡോക്ടർ കെ. എം. ജോർജ്ജ്, ചിത്രമെഴുത്തു കെ. എം. വറുഗീസ്, ഡി. കുരുവിള മനയാനി മുതലായവരിൽനിന്നും എനിക്കു പല വിവരങ്ങഠം കിട്ടിയിട്ടുണ്ടു്. ചവിട്ടുനാടകത്തെപ്പററിയുള്ള വിവരങ്ങഠം അധികവും ശ്രീ വി. എസ്. ആൻഡ്രൂ, കുമാരി സെബീനാ മനക്കീൽ എന്നിവരിൽനിന്നും കിട്ടിയതാണു്. ഒന്നാം ഭാഗം പരിഷ്കരിക്കുന്നതിലും, രണ്ടാം ഭാഗം തയ്യാർ ചെയ്യുന്നതിലും, ശ്രീ എം. ഒ. ജോസഫ് നെടുങ്കുന്നം ആണു് എനിക്കു സാരമായ സഹായം ചെയ്തിട്ടുള്ളതു്. ഇവരോടെല്ലാം എനിക്കു വലിയ കടപ്പാടുണ്ടു്.

മാറംപള്ളി, ആലുവാ
27—3—1961

പി. ജെ. തോമസ്

# വിഷയവിവരം

## ഒന്നാം ഭാഗം

## (1800 വരെ)


1. പീഠിക 13

2. കേരളത്തിലെ ക്രിസ്ത്യാനികൾ 19

സുറിയാനിക്കാർ അഥവാ നസ്രാണിമാപ്പിളമാർ—20; വിദേശീയരിൽനിന്നു സിദ്ധിച്ച സ്വത്തു്—26; പറങ്കികളും നസ്രാണികളും—29; ഇംഗ്ലീഷ്മിഷ്യനറിമാർ വന്നശേഷം—32.

3. നസ്രാണികളുടെ കല്യാണപ്പാട്ടുകൾ 35

വിവാഹപരിപാടി; ആരംഭദിനം—36; കല്യാണദിവസത്തെ ഘോഷങ്ങൾ—40; കല്യാണദിവസത്തെ പാട്ടുകൾ—44; അനന്തരപരിപാടി—49; മററു മേളങ്ങൾ; പരിചമുട്ടുകളി—52; പാണൻവരവും പാട്ടും 53.

4. മററു പുരാതനപദ്യകൃതികൾ 57

മാർഗ്ഗംകളിപ്പാട്ടു്—57; റമ്പാൻെറ പാട്ടു്—61; പള്ളിപ്പാട്ടുകൾ—63; ചരിത്രസംബന്ധമായ മററു പാട്ടുകൾ—65; മററു ചില പദ്യകൃതികൾ 67.

5. പൂർവ്വകാലത്തെ വിദ്യാഭ്യാസരീതി 69

വിദ്യാഭ്യാസപരിപാടി—72; സ്ത്രീവിദ്യാഭ്യാസം—74; പ്രത്യേകവിദ്യകൾ 75.

6. ആദ്യമിഷ്യനറിമാരുടെ സാഹിത്യപരിശ്രമങ്ങൾ 79

വിദ്യാശാലകൾ—80; അച്ചടിയന്ത്രം—81; അമ്പഴക്കാട്ടു നടന്ന പരിശ്രമങ്ങൾ—84; മലയാളഭാഷയിൽ ആദ്യത്തെ അച്ചടി—86; ആദ്യത്തെ ഗദ്യകൃതികൾ—89; നിഘണ്ടുക്കളും വ്യാകരണങ്ങളും—92; നീചഭാഷയും ഉച്ചഭാഷയും—95.

7. അർണ്ണോസ്സു്പാതിരി 97

ജീവചരിത്രം—97; സംസ്കൃതഭാഷാജ്ഞാനം—98; ചതുരന്ത്യം—നാലു പർവ്വങ്ങൾ—100; മിശിഹാചരിത്രം പുത്തൻ പാന—104; പാതിരിയുടെ മററു കൃതികൾ—106; പാതിരിക്കു ഭാഷാസാഹിത്യത്തിലുള്ള സ്ഥാനം—107.

8. പൗലീനോസ് പാതിരി 109

ജനനവും വിദ്യാഭ്യാസവും—109; കേരളത്തിലെ വാസം—110; അസാധാരണപാണ്ഡിത്യം—112; മലയാളകൃതികൾ—114; മററു കൃതികൾ—115.

9. മററു ചില മിഷ്യനറിപണ്ഡിതന്മാർ 117

ഫ്രാൻസിസ് റോസ്—117; മാത്യൂസ് പാതിരി—117; ആഞ്ജലോ ഫ്രാൻസിസ് മെത്രാപ്പോലീത്താ—120; ജോൺ ബപ്റ്റിസ്റ്റ—121; ഇന്നോച്ചേൻസ് മെത്രാൻ—121; സ്റ്റീഫൻ പാതിരി, ജമിനിയൻ പാതിരി, ക്ലെമൻറ് പാതിരി—122; ഫാറോസ് മൂപ്പൻ പാതിരി—123; ബിഷപ്പ് ഇൽദഫോൻസ്—123; ഫാദർ അലോഷ്യസ് മേരി, ബിഷപ്പ് പിമൻറൽ, ഫ്ളോറൻസ് പാതിരി—124.

10. നാട്ടുക്രിസ്ത്യാനികളുടെ സാഹിത്യപരിശ്രമങ്ങൾ 125

സുറിയാനിഗ്രന്ഥങ്ങൾ—125; മലയാളഗ്രന്ഥങ്ങൾ—126; ഏതദ്ദേശീയരുടെ സുറിയാനികൃതികൾ—127; ഇട്ടിത്തൊമ്മൻകത്തനാർ—128; ഉദയംപേരൂർ സൂനഹദോസിലെ കാനോനകൾ—128; പ്രംസീസ്ക് ശൗരിയാർ പാതിരി—131; ചരിത്രകൃതികൾ—132.

11. കരിയാററിൽ യൗസേപ്പുമല്പാനും പാറേമ്മാക്കൽ തോമ്മാകത്തനാരും 134

കരിയാററിൽ മല്പാൻെറ ജനനവും വിദ്യാഭ്യാസവും—134; മല്പാൻെറ കൃതികൾ—135; പുനരൈക്യപ്രസ്ഥാനം—137; തോമ്മാക്കത്തനാരുടെ കൃതി—139; കത്തനാരുടെ മററു കൃതികൾ—147; ഗദ്യസാഹിത്യത്തിൽ കരിയാററിൽ മല്പാനും തോമ്മാക്കത്തനാൎക്കുമുള്ള സ്ഥാനം—148.

12. ചില നസ്രാണികവികൾ 150

ചാണ്ടിമാപ്പിള—150; കരുവിളക്കത്തനാർ—153; ചാക്കോമാപ്പിള—153; മററു കവികൾ—156.

13. ചവിട്ടുനാടകം 159

ഉത്ഭവം—159; സ്വരൂപം—161; കവികളും കൃതികളും—164; സാഹിത്യം—165.

## രണ്ടാം ഭാഗം

## (1800—1900)

14. വിദ്യാഭ്യാസപുരോഗതി 170

വിദ്യാഭ്യാസപ്രവൎത്തനങ്ങൾ—175.

15. വിവർത്തനസംരംഭങ്ങൾ 182

**കോട്ടയം പരിഭാഷ—182; ബാസൽമിഷൻ തർജ്ജമ—190; മഞ്ഞുമ്മൽ പരിഭാഷ—191; ആരാധനക്രമം—194.**

16. ഭാഷാവിജ്ഞാനീയം 195

**വ്യാകരണങ്ങൾ—195; നിഘണ്ടുക്കൾ—200; മലയാണ്മ—ലത്തീൻ—ഇംഗ്ലീഷ് അകാരാദി—204; അലങ്കാരശാസ്ത്രം—205.**

17. ഗദ്യസാഹിത്യവികാസം i 208

**വ്യവഹാരഭാഷ—208; ചാവറ കുര്യാക്കോസച്ചൻ—210; അയ്യനം പി. ജോൺ 212; ഉമ്മൻ പീലിപ്പോസ്—213; ഡോക്ടർ മർസലീനോസ് മെത്രാൻ—214; ആർച്ചുഡീക്കൻ ഉമ്മൻ—216; ആർച്ചുഡീക്കൻ കോശി—217.**

18. ഗദ്യസാഹിത്യവികാസം ii 221

**ഡോക്ടർ ഗുണ്ടർട്ട്—221; റവ. ജോർജ് മാത്തൻ—224; നിധീരിക്കൽ മാണിക്കത്തനാർ—227; കണ്ടത്തിൽ വറുഗീസ്മാപ്പിള—231, സ്റ്റനിസ്ലാവോസ് കത്തനാർ—233.**

19. കവിതാസംരംഭങ്ങൾ i 238

**ജോസഫ് ഫെൻ—238; ചാവറ കുര്യാക്കോസച്ചൻ—240; തകടിയേൽ മാത്തൻ ഇട്ടിയവിരാ—243; കൊന്നയിൽ കൊച്ചുകുഞ്ഞു റൈട്ടർ—247.**

20. കവിതാസംരംഭങ്ങൾ ii 252

**നിധീരിക്കൽ മാണിക്കത്തനാർ—252; കണ്ടത്തിൽ വറുഗീസ് മാപ്പിള—256; എടമരത്തു വിക്റ്റർ—260.**

21. ഭാഷാഭിവൃദ്ധിപ്രസ്ഥാനങ്ങൾ 267

**മുദ്രണാലയങ്ങൾ—267; പ്രസിദ്ധീകരണങ്ങൾ, വർത്തമാനപ്പത്രങ്ങൾ—270; സാഹിത്യസംഘടനകൾ—274; വിദ്യാഭ്യാസപുരോഗതി—277.**

പരിസമാപ്തി 278

പുസ്തകങ്ങളുടെ പട്ടിക 279

സൂചിപത്രം 282

# ഒന്നാം ഭാഗം

അദ്ധ്യായം ഒന്ന്

# പീഠിക

കേരളഭാഷാചരിത്രവിഷയത്തിൽ ഒരു പ്രത്യേകസമുദായത്തെ പരിഗണിക്കുന്നതെന്തിന്ന് എന്നു ചിലർ ചോദിച്ചേക്കാനിടയുണ്ട്. മലയാളസാഹിത്യത്തിന്റെ ഇന്നത്തെ നിലയിൽ ഏതെങ്കിലും ഒരു സമുദായത്തിന്റെ ഭാഷാപരിശ്രമങ്ങളെപ്പററി എടുത്തുപറയുവാൻ ന്യായമില്ലായിരിക്കാം. എന്നാൽ ഇതല്ലായിരുന്നു മുൻകാലങ്ങളിലെ നില. അന്നു പൊതുവായ സാഹിത്യപരിശ്രമങ്ങൾ വിരളമായിരുന്നു. ഹിന്ദുമതം സംബന്ധിച്ച ചില കാവ്യകൃതികൾ മാത്രമായിരുന്നു അന്നത്തെ സാഹിത്യം. സുഖവാസികളായ ചില മേൽജാതിഹിന്ദുക്കൾ ആണ് അവ എഴുതിയതും ഉപയോഗിച്ചിരുന്നതും. മററു ഹിന്ദുക്കൾക്കുതന്നെ അതിൽ പറയത്തക്ക പങ്കുണ്ടായിരുന്നില്ല.

എന്നാൽ ക്രിസ്ത്യാനികൾക്കാണെങ്കിൽ ഗ്രന്ഥങ്ങളും വായനയും അവശ്യം വേണം. പണ്ടേതന്നെ ഗ്രന്ഥങ്ങളുടെ ഉപയോഗം അവക്കുണ്ടായിരുന്നു. മതസംബന്ധമായ ഗ്രന്ഥങ്ങളെഴുതിയാൽ പൊതുസാഹിത്യപരിശ്രമമാകയില്ലല്ലോ. ചില പ്രത്യേകസാഹചര്യങ്ങളാൽ, ഭൂരിപക്ഷസമുദായക്കാരുടെ പരിശ്രമത്തിൽ അന്നു പെടാത്ത ചില ഭാഷാവേദികളിൽ സാരമായ ചില സേവനങ്ങൾ നടത്തി മാതൃഭാഷയെ പോഷിപ്പിക്കുവാൻ അവക്കു സാധിച്ചു. അവ ഒരു ജനകീയസാഹിത്യത്തിലേക്കു വഴിതെളിക്കുകയും ചെയ്തു. കഴിഞ്ഞകാലങ്ങളിലെ ഈ പ്രവൎത്തനങ്ങൾ പരക്കെ അറിയപ്പെട്ടിട്ടില്ലാത്തതിനാൽ അവ സംക്ഷിപ്തമായെങ്കിലും വിവരിക്കയാണ് ഈ ഗ്രന്ഥത്തിൽ ചെയ്തിരിക്കുന്നതു്.

മേൽ സൂചിപ്പിച്ചതു് അല്പംകൂടി വിസ്തരിച്ചുപറയാം. സാഹിത്യമെന്നാൽ, പണ്ടൊക്കെ സുഖസൗകൎയ്യങ്ങളുള്ള ചിലർ, ഏതാണ്ട് അവരെപ്പോലുള്ളവക്കായി, സംസ്കൃതത്തിലോ സംസ്കൃതപദബഹുലമായ മണിപ്രവാളത്തിലോ എഴുതിയിട്ടുള്ള പദ്യകൃതികളായിരുന്നു. ക്ലിഷ്ടരീതിയിലുള്ള ഒരുതരം ഗദ്യം ചമ്പുപോലെയുള്ള കൃതികളിൽ മുൻപേ ഉണ്ടായിരുന്നു; എന്നാൽ അത്തരം കൃതികൾ വിഷയംകൊണ്ടായാലും രീതികൊണ്ടായാലും സാധാരണക്കാക്കു രുചിക്കുന്നതായിരുന്നില്ല. സാധാരണജനങ്ങൾ അറിയേണ്ടതായിട്ടുള്ള വിഷയങ്ങളെപ്പററി, അവക്കു മനസ്സിലാക്കാവുന്ന രീതിയിൽ, എഴുതപ്പെട്ട ശരിയായ ഗദ്യകൃതികൾ അന്നെങ്ങും ഉണ്ടായിരുന്നില്ല. ഇത്തരം ഗദ്യം ശരിയായി ഉപയോഗിക്കുവാൻ,

ഭാഷ ക്രമമായി പഠിക്കുവാൻ, വ്യാകരണം നിഘണ്ടു മുതലായ പ്രമാണ ഗ്രന്ഥങ്ങളും വേണം. ഇവയും അന്നുണ്ടായിരുന്നില്ല. ഇവയെല്ലാം ഉണ്ടായിരുന്ന യൂറോപ്യൻഭാഷകൾ പഠിച്ചിരുന്ന ജനങ്ങൾ ഈ നാട്ടിൽ വന്നു പരിശ്രമം തുടങ്ങിയശേഷമേ മേൽപ്പറഞ്ഞ ഇനം ഗ്രന്ഥങ്ങളുണ്ടായി പൊതുജനങ്ങൾക്കുപയോഗപ്രദമായ ഒരു സാഹിത്യം രൂപമെടുത്തുള്ളു. ഇൻഡ്യയിലെ മററു ഭാഷകളിൽ ഇങ്ങനെയൊരു മാററം ഉണ്ടാകുന്നതിനു മുമ്പുതന്നെ മലയാളത്തിൽ പുരോഗമനം വന്നുചേരുകയുണ്ടായി. അതിന് അടിസ്ഥാനമിട്ടതു കേരളത്തിൽ വന്ന യൂറോപ്യൻ മിഷ്യനറിമാരും അവരുടെ സഹചാരികളായിരുന്ന നാട്ടുക്രിസ്ത്യാനികളുമാകുന്നു.

ആ യൂറോപ്യന്മാർ ഈ വേലയ്ക്കായി ഇവിടെ വന്നതല്ല; അന്നത്തെ നാട്ടുക്രിസ്ത്യാനികളും സാഹിത്യപോഷണം എന്ന ഉദ്ദേശ്യം പ്രധാനമായി വച്ചുകൊണ്ടു ചെയ്തതല്ലാ ആ വേല. തങ്ങളുടെ ജനങ്ങളുടെ ഇടയിൽ മതപരമായ ജീവിതം വിപുലമാക്കാൻ ആവശ്യമായ കരുക്കൾ ഉണ്ടാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ജനങ്ങളേവക്കും അറിയേണ്ട കാര്യങ്ങൾ, ഏവക്കും മനസ്സിലാക്കാവുന്ന ഭാഷയിൽ, രീതിയിൽ, അവർ എഴുതി. സാഹിത്യവദ്ധനവിനും ഇതു വഴിതെളിച്ചു എന്നേയുള്ളു. ഇങ്ങനെയാണല്ലോ ലോകത്തിൽ പല നല്ല വസ്തുക്കൾ ഉണ്ടായിട്ടുള്ളതു്. തേനീച്ച ഒന്നുമറിയാതെ ശേഖരിക്കുന്ന മധുകണങ്ങൾ നമുക്കു വിലയേറിയ ഭക്ഷ്യവിഭവമായിത്തീരുന്നില്ലേ? ഏതാണ്ടിപ്രകാരമാണ് പാരത്രികകാര്യങ്ങളിൽ ബദ്ധശ്രദ്ധരായ ക്രിസ്തീയവൈദികർ സാഹിത്യപരിപോഷണം നടത്തുവാൻ ഇടയായതു്.

ആദ്യകാലം മുതൽ ക്രിസ്ത്യാനിക്കു ദൈവാരാധനയ്ക്കും മതജ്ഞാനവദ്ധനവിനും പുസ്തകംവായന ആവശ്യമായിരുന്നു. പുസ്തകം അവശ്യം വേണ്ട ഒരു ജനക്കൂട്ടമാണു ക്രിസ്ത്യാനികൾ. എന്നല്ല, ക്രിസ്തുമതത്തിന്റെ പ്രധാനമായ അടിസ്ഥാനംതന്നെ, ഒരു പുസ്തകം—വേദപുസ്തകം—ആണല്ലോ. അതിനാലായിരിക്കാം ക്രിസ്ത്യാനികളെ 'കിത്താബികൾ' എന്ന് ഇൻഡ്യ ഒട്ടുക്കും, 'വേദക്കാർ' എന്നു ദക്ഷിണേൻഡ്യയിൽ പ്രത്യേകിച്ചും വിളിച്ചുവന്നിരുന്നതു്.

എന്നാൽ കേരളക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, ആദ്യകാലങ്ങളിൽ നില ഇതായിരുന്നില്ല; അവർ ശരിയായ കിത്താബികളല്ലായിരുന്നു. പ്രായേണ ഹിന്ദുക്കളെപ്പോലെയായിരുന്നു അവർ. അവരുടെ ആദ്യത്തെ മതജ്ഞാനമെല്ലാം പാട്ടുവഴിക്കായിരുന്നു. കല്യാണം, പെരുനാൾ മുതലായ പ്രത്യേകാവസരങ്ങളിൽ ഉപയോഗിക്കാവുന്ന ചില പാട്ടുകളും, മാർഗ്ഗംകളിപോലെ ചില കളികളും മാത്രമാണ് അന്നു പ്രധാനമായി ഉണ്ടായിരുന്ന സാഹിത്യം. യഥാർത്ഥത്തിൽ അന്നു ക്രിസ്ത്യാനിക്കു തന്റെ പഴയ ഹിന്ദുപാരമ്പര്യത്തിൽനിന്നു വ്യതിചലിക്കുവാൻ വലിയ വിഷമമായിരുന്നു. ജാതിഭേദങ്ങൾ മുറുകെപ്പിടിച്ചിരുന്ന അന്നത്തെ നസ്രാണി, സാമൂഹ്യമായി തനി ഹിന്ദുവായിരുന്നു.

പാശ്ചാത്യരാജ്യങ്ങളിൽനിന്നും മിഷ്യനറിമാർ വന്നു പരിശ്രമങ്ങൾ നടത്തിയശേഷം ഈ നിലയ്ക്കു മാററം വന്നു. മിഷ്യൻപരിശ്രമ

ങ്ങൾക്കു പുസ്തകങ്ങൾ വേണം. അവ വായിക്കുവാനുള്ള കഴിവും ജനങ്ങൾക്കു് ഉണ്ടായിരിക്കണം. അതിനാൽ എഴുത്തുപള്ളികൾ വേണമെന്നായി. സാധാരണക്കാരുടെ വിദ്യാഭ്യാസം ഇങ്ങനെ ഒരു ആവശ്യമായി. വിദേശികൾക്കു മലയാളം പഠിക്കണമെങ്കിൽ വ്യാകരണവും നിഘണ്ടുവും വേണം. അവയൊന്നും അന്നുണ്ടായിരുന്നില്ല. അതിനാൽ അവ എഴുതേണ്ട ഭാരം മിഷ്യനറിമാരുടെ തലയിൽ വന്നുചേൎന്നു. ഈ ജോലി നിൎവ്വഹിക്കുവാൻ തക്ക പാണ്ഡിത്യമുള്ള ചിലർ അവരിൽ ഉണ്ടായിരുന്നു. അവർ അതു നിൎവ്വഹിക്കുകയും ചെയ്തു.

പുസ്തകങ്ങൾ രചിച്ചാൽമാത്രം പോരാ; അവയുടെ അനേകം പ്രതികൾ ഉണ്ടാക്കുകയും വേണം. ആദ്യം കൈയെഴുത്തുകൊണ്ടു പ്രതികളുണ്ടാക്കി. പിന്നീടു് ആവശ്യം അധികമായപ്പോൾ അച്ചടി അപരിത്യാജ്യമായി അനുഭവപ്പെട്ടു. അതു് നടപ്പിലാക്കുവാനും മിഷ്യനറിമാൎക്കു കഴിവുണ്ടായിരുന്നു. എന്തെന്നാൽ അച്ചടിയും മററും നടപ്പായിരുന്ന രാജ്യങ്ങളിൽനിന്നാണു് ഈ മിഷ്യനറിമാർ വന്നതു്. പലരും സൎവ്വകലാശാലകളിലും മററും പഠിച്ചവരും ബിരുദം സമ്പാദിച്ചവരും ആയിരുന്നു.

ജനങ്ങൾ തമ്മിൽ സംഘട്ടനങ്ങൾ ഉണ്ടാകുമ്പോഴാണല്ലോ ചരിത്രം ഉണ്ടാകുന്നതു്. 1550-നുശേഷം ഉണ്ടായ നില ഇതാണു്. നാട്ടുക്രിസ്ത്യാനിയുടെ നടപടിയിൽ പല പരിഷ്കാരങ്ങളും വരുത്താനായി മിഷ്യനറി അധികാരികളുടെ ആഭിമുഖ്യത്തിൽ ആലോചനാസംഘങ്ങൾ കൂടേണ്ടിവന്നു. അതിൽ ഏറ്റവും പ്രധാനമായിരുന്നതു് 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസാണു്. അവിടെ സ്വീകരിച്ച നിശ്ചയങ്ങൾ വിവരിക്കുന്ന ഒരു ഗ്രന്ഥം ആവശ്യമായി. ഇതാണു മലയാളത്തിൽ ആധുനികരീതിയിൽ ഉണ്ടായ ആദ്യത്തെ ഗദ്യഗ്രന്ഥം. പിന്നീടു നാട്ടുക്രിസ്ത്യാനികൾതന്നെ രണ്ടു കൂറായി പിരിഞ്ഞു. അവർ തമ്മിൽ വാദങ്ങളുണ്ടായി. മിഷ്യനറിമാരുമായും വാദങ്ങൾ തുടൎന്നു. ഇതിനെല്ലാം ഉലപുകഞ്ഞു് ആലോചനകൾ വേണ്ടിവന്നു; ദീൎഘമായ വിവരങ്ങൾ എഴുതേണ്ടിവന്നു; ദൂരയാത്രകൾ ചെയ്യേണ്ടിവന്നു. ഇതിൽനിന്നാണു് 17-ം 18-ം ശതാബ്ദങ്ങളിലെ അനേകം ഗദ്യഗ്രന്ഥങ്ങൾ ഉണ്ടായിട്ടുള്ളതു്. അവയിൽ ഏററവും പ്രധാനപ്പെട്ടതാണു 'വൎത്തമാനപുസ്തകം.'

വിദ്യാഭ്യാസവൎദ്ധനവിനും ഈ ആദ്യമിഷ്യനറിമാർ കഴിവതു പരിശ്രമം ചെയ്തിട്ടുണ്ടു്. വൈദികരുടെ പരിശീലനത്തിനു സെമിനാരികൾ സ്ഥാപിച്ചു. പല ചെറുപ്പക്കാരെയും പോർട്ടുഗലിലും റോമയിലും ഉള്ള സെമിനാരികളിൽ അയച്ചു പഠിപ്പിച്ചു. ഇൻഡ്യയിൽനിന്നു യൂറോപ്പിലേക്കുണ്ടായ വിദ്യാൎത്ഥിപ്രവാഹത്തിന്റെ ആരംഭഘട്ടമായിരുന്നു അതു്. ഇതിനു സൗകര്യം കേരളത്തിലെ നാട്ടുക്രിസ്ത്യാനികൾക്കു മാത്രമേ അന്നു ലഭിച്ചുള്ളു. അന്നു വലിയ പ്രതാപനിലയിൽ വന്ന ബംഗാളികൾക്കും ബോംബേക്കാൎക്കും പിന്നെയും വളരെയധികം വൎഷങ്ങൾ കഴിഞ്ഞാണു് ഈ സൗകൎയ്യം ലഭിച്ചതു്. ഇങ്ങനെ ഇൻഡ്യയിൽ ആൎക്കും അന്നു ലഭിക്കാത്ത പാശ്ചാത്യവിദ്യാഭ്യാസസൗകര്യം സിദ്ധിച്ച കേരളക്രിസ്ത്യാ

നികൾ സാഹിത്യവിഷയത്തിൽ ഒരു പുതിയ നേതൃത്വം കൊടുത്തതിൽ അത്ഭുതമില്ലല്ലൊ.

ഇവിടെ മുൻപു ശ്രദ്ധിക്കാതിരുന്ന ചില തുറകളിലാണ് അവരുടെ പരിശ്രമങ്ങൾ കേന്ദ്രീകരിച്ചതു്. സാധാരണജനങ്ങളുടെ ഉപയോഗത്തിനാവശ്യമായ ഗ്രന്ഥങ്ങളും മററു ഉപകരണങ്ങളും ചമയ്ക്കുവാനായിരുന്നു അവരുടെ യത്നം. പഴയ രീതിയിലുള്ള പദ്യകൃതികളും അവർ ഉപേക്ഷിച്ചില്ല. മേൽകാണിച്ചവയെല്ലാം സംഭവിച്ചതു് 16, 17, 18 എന്നീ ശതാബ്ദങ്ങളിൽ കൊച്ചി കോട്ടയിലും അമ്പഴക്കാട്ടും അടുത്ത പ്രദേശങ്ങളിലും ആണ്. പിന്നീടു കോട്ടയമായി ഈദൃശപ്രവൎത്തനങ്ങളുടെ കേന്ദ്രം. അതു 19-ാം ശതാബ്ദത്തിലായിരുന്നു.

19-ാം നൂററാണ്ടിന്റെ ആരംഭംമുതലാണ് ബ്രിട്ടനിൽനിന്നു മിഷ്യനറിമാർ കേരളത്തിൽ വന്നു പ്രവർത്തനമാരംഭിച്ചതു്. അവരുടെ ആസ്ഥാനം കോട്ടയമായിരുന്നു. അവരിൽനിന്നാണു സാധാരണക്കാരന്റെ വിദ്യാഭ്യാസത്തിനുള്ള ആദ്യശ്രമങ്ങൾ ഉണ്ടായതു്. ഇംഗ്ലീഷ്പഠനത്തിനുള്ള കേരളത്തിലെ ആദ്യത്തെ സ്കൂൾ—ദക്ഷിണേന്ത്യയിലെ തന്നെ ആദ്യത്തെ സ്കൂൾ—അവർ കോട്ടയത്തു സ്ഥാപിച്ചു. മലയാളഭാഷയിൽ കേരളത്തിലെ ആദ്യത്തെ അച്ചടി നടപ്പാക്കിയതും അവരാണ്. വ്യാകരണം, നിഘണ്ടു ഈ ഇനങ്ങളിൽ അവർ സാരമായ പ്രവൎത്തനം നടത്തി. ക്രിസ്തീയവേദപുസ്തകം മലയാളത്തിൽ വിവൎത്തനം ചെയ്തതും അവർതന്നെയാണ്. അവർ നല്കിയ വിദ്യാഭ്യാസത്തിന്റെ ഫലമായി മി. പെൻ, റവ: മാത്തൻ ഗീവറുഗീസ് മുതലായവർ ഉൽകൃഷ്ടമായ സാഹിത്യസംരംഭങ്ങളിൽ ഏൎപ്പെടുകയും ചെയ്തു.

നൂതനരീതിയിലുള്ള ഈദൃശസാഹിത്യപരിശ്രമങ്ങൾക്കു കഴിഞ്ഞ ശതാബ്ദത്തിന്റെ മദ്ധ്യദശയിൽ സകലകലാവല്ലഭനായ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ നേതൃത്വം കൊടുത്തതോടുകൂടി കേരളസാഹിത്യം അതിന്റെ ഏററവും ശ്രേഷ്ഠമായ പഥത്തിലേക്കു പ്രവേശിച്ചു. പ്രസിദ്ധങ്ങളായ അനേകം ഗദ്യകൃതികൾ അദ്ദേഹം എഴുതുകയും, സൎക്കാർ പാഠ്യപുസ്തകസമിതിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ മററുള്ളവരെക്കൊണ്ടു് എഴുതിക്കുകയും ചെയ്തു. ഇതൊക്കെ പ്രസിദ്ധമാണല്ലോ.

വലിയകോയിത്തമ്പുരാന്റെ വലത്തുകൈയായിനിന്നു പ്രവൎത്തിച്ചു കണ്ടത്തിൽ വറുഗീസുമാപ്പിളയുടെ നാനാതരത്തിലുള്ള സാഹിത്യപ്രവൎത്തനങ്ങളാണ്, മലയാളഭാഷയും സാഹിത്യവും സാധാരണജനങ്ങളുടേതായിത്തീരാൻ, കഴിഞ്ഞ ശതാബ്ദത്തിൽ ഏററവുമധികം സഹായിച്ചതു്. അതിനുമുൻപു്, മേൽ കാണിച്ചിട്ടുള്ളതുപോലെ, ചുരുക്കം ചില 'സുഖവാസി'കളുടേതായിരുന്നു സാഹിത്യം. അനുഗൃഹീതരായ ചുരുക്കം ചിലർ മാത്രമാണ് അതു് ആസ്വദിക്കാനും ഉണ്ടായിരുന്നതു്. 19-ാം ശതാബ്ദത്തിൽ വിദ്യാപ്രചാരമുണ്ടായതോടുകൂടി സാധാരണജനങ്ങളുടെ കൈയിലേക്കു സാഹിത്യപരിശ്രമം വന്നുചേൎന്നു.

വിദ്യാപ്രചാരത്തിനു സഹായിച്ചതു മിഷ്യനറിമാരും പിന്നീടു തിരുവിതാംകൂർ കൊച്ചി സൎക്കാരുകളും ഏൎപ്പെടുത്തിയ സ്കൂളുകളും കോളേ

ളുകളുമാണെങ്കിലും, സാധാരണജനങ്ങൾക്കു വായിക്കുവാൻ അഭിരുചിയും ഉത്തേജനവും നൽകിയതു വർത്തമാനപത്രങ്ങളും, കഥാരീതിയിലും മററുമുള്ള ഗദ്യഗ്രന്ഥങ്ങളുമാണ്. ഈ രണ്ടു പ്രസ്ഥാനങ്ങൾക്കും അടിസ്ഥാനമിട്ടതും ഏററവുമധികം പ്രചോദനം നൽകിയതും കണ്ടത്തിൽ വറുഗീസുമാപ്പിളയാകുന്നു. അദ്ദേഹം സ്ഥാപിച്ച 'മലയാളമനോരമ' പത്രം മാത്രമല്ല, അദ്ദേഹം മുൻകൈയെടുത്തു് കെട്ടിപ്പടുത്ത ഭാഷാപോഷിണിസഭയും ഇക്കാര്യത്തിൽ ഗണ്യമായ സേവനം നൽകിയിട്ടുണ്ടു്.

വറുഗീസുമാപ്പിളയുടെ കാലത്തോടുകൂടി മലയാളസാഹിത്യപ്രവർത്തനങ്ങൾ ഇങ്ങനെ നാനാനിലയിലുള്ളവരുടെ മാത്രമല്ല, നാനാസമുദായങ്ങളുടെയും ഒത്തൊരുമിച്ചുള്ള ഒരു പരിശ്രമമായി. ഇതോടുകൂടി ക്രിസ്ത്യാനികളുടെ സാഹിത്യപരിശ്രമങ്ങളെപ്പററി പ്രത്യേകം പറയാനുള്ള ആവശ്യം നിലച്ചുപോയി. അതിനാൽ അക്കാലംവരെയുള്ള ചരിത്രത്തെപ്പററി മാത്രമേ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുള്ളു.

ഈ ഗ്രന്ഥത്തിൽ കുറിക്കുന്ന കഴിഞ്ഞകാലങ്ങളിലെ ഭാഷാപരിശ്രമങ്ങൾക്കു സാഹിത്യചരിത്രത്തിൽ പ്രത്യേകപ്രാധാന്യമുണ്ടു്. കേരളഭാഷയുടെ വളർച്ചയിൽ ഉണ്ടായിട്ടുള്ള ഏററവും വലിയ വ്യതിയാനം, സാഹിത്യം സാധാരണക്കാരന്റേതായിത്തീർന്നതാണ്. അതായതു സാധാരണലോകകാര്യങ്ങളെപ്പററി (പുരാണേതിഹാസങ്ങളെപ്പററിയല്ല), സാധാരണക്കാർ ഉപയോഗിക്കുന്ന ഭാഷയിൽ, സാധാരണക്കാരാൽത്തന്നെ എഴുതപ്പെട്ട പലതരം ഗദ്യകൃതികൾ ഉണ്ടായതാണ്. ഈ പുരോഗമനത്തിനു സഹായിക്കുന്ന ഉപാധികൾ എന്തെല്ലാമാണ്? ഒന്നു്, സാധാരണക്കാരനു മനസ്സിലാകുന്ന ഒരു ഗദ്യസരണി; രണ്ടു്, ആ രീതിയിലുള്ള പുസ്തകങ്ങൾ എവക്കും വാങ്ങിക്കത്തക്ക കുറഞ്ഞ വിലയ്ക്കു കൊടുക്കാൻ വേണ്ട അച്ചടിയന്ത്രം; മൂന്നു്, പുസ്തകങ്ങളുംമററും പ്രസിദ്ധീകരിക്കുന്ന വ്യവസായം; നാലു്, ഇങ്ങനെ പ്രസിദ്ധീകരിക്കപ്പെടുന്ന കൃതികൾ വായിക്കാൻവേണ്ട അക്ഷരജ്ഞാനമുള്ളവരുടെ സംഖ്യാവദ്ധന—അതായതു വിദ്യാഭ്യാസം: അഞ്ചു്, ഇവയെപ്പററിയെല്ലാം പ്രതിദിനം വാർത്താവിതരണം ചെയ്യുന്ന വൃത്താന്തപത്രങ്ങൾ.

ഈ ഓരോ വഴിക്കുമുള്ള ശ്രമങ്ങൾ, ഇൻഡ്യയുടെ ഇതരഭാഗങ്ങളിലുണ്ടാകുന്നതിനുമുമ്പു്, കേരളത്തിലുണ്ടായതിനാലാണ് ഏറ്റവും ചെറിയ ഈ കേരളഭാഷാപ്രദേശത്തു വിപുലമായ ഒരു ജനകീയസാഹിത്യവും പത്രപ്രവർത്തനവും ഉണ്ടായതു്; എത്രയും പ്രബുദ്ധരായ ജനങ്ങൾ ഉണ്ടായതു്. ഉത്തരേന്ത്യാക്കാരെ മാത്രമല്ല, പാശ്ചാത്യരേയും അത്ഭുതപ്പെടുത്തുന്ന ഒരു വസ്തുതയാണിതു്.

ഇപ്രകാരമുള്ള ഒരു പുരോഗമനത്തിന് അടിസ്ഥാനമിട്ടതു് 17 മുതൽ 19 വരെയുള്ള ശതകങ്ങളിലാണ്. അതിനു പ്രചോദനം കൊടുത്തതു് അക്കാലത്തു് ഇവിടെ വന്നു പ്രവർത്തിച്ചിരുന്ന യൂറോപ്യൻമിഷ്യനറിമാരാണ്. സംസ്കാരത്തിൽ സാമാന്യം മികച്ചുനിന്ന ഇന്നാട്ടിലെ ക്രിസ്തീയജനങ്ങളാണ് ആ പ്രചോദനത്തിന്റെ ശക്തിയിൽ ആദ്യം

പ്രവർത്തനനിരതരായതു്. ഈവിധം ജനകീയസാഹിത്യത്തിലേക്കുള്ള പുരോഗമനം ആദ്യമായി കേരളത്തിൽ വന്നുചേരാനിടയായി.

അച്ചടി നടപ്പാക്കുകയും, ഇംഗ്ലീഷ്സ്കൂളുകൾ ഉണ്ടാക്കി ചെറുപ്പക്കാരെ നല്ല ഉദ്യോഗങ്ങളിൽ പ്രവേശിക്കുവാൻ സഹായിക്കുകയും, പണ്ടേങ്ങും കളരിയിൽ കയറാൻ അനുവദിക്കപ്പെടാത്ത കൂട്ടർക്കും വിദ്യ പ്രദാനം ചെയ്യുകയും, മാത്രമല്ലാ ഈ ക്രിസ്ത്യാനികൾ ചെയ്തതു്. യൂറോപ്യൻഭാഷകളെ അനുകരിച്ചു് ഒരു ഗദ്യസരണി ഉണ്ടാക്കി പ്രചാരത്തിൽ വരുത്തുകയും, സ്വതന്ത്രഗ്രന്ഥങ്ങളും പ്രസിദ്ധയൂറോപ്യൻഗ്രന്ഥങ്ങളുടെ തർജ്ജമകളും എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തു. മതവിഷയകമായ ഗ്രന്ഥങ്ങൾ മാത്രമല്ല, കഥകളും നാടകങ്ങളും അവർ എഴുതി. യഥാർത്ഥത്തിൽ 18-ാം 19-ാം ശതാബ്ദങ്ങളിൽ മലയാളത്തിലുണ്ടായ ഗദ്യസാഹിത്യത്തിൽ ഭൂരിഭാഗവും ഈ ഗ്രന്ഥങ്ങളാകുന്നു.

മേൽ കാണിച്ചവയെല്ലാമാണു് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം. ഇതേവരെ എഴുതപ്പെട്ടിട്ടുള്ള ഭാഷാചരിത്രഗ്രന്ഥങ്ങളിൽ ഈ വിഷയങ്ങൾ പലേ കാരണങ്ങളാൽ വേണ്ടപോലെ വിസ്തരിച്ചിട്ടില്ല. അതിനാലാണു് ഇങ്ങനെയൊരു ഗ്രന്ഥം ആവശ്യമായിത്തീർന്നിട്ടുള്ളതു്.

## അദ്ധ്യായം രണ്ട്

# കേരളത്തിലെ ക്രിസ്ത്യാനികൾ

കഴിഞ്ഞ അദ്ധ്യായത്തിൽ സംക്ഷിപ്തമായി പറഞ്ഞ ഭാഷാപ്രവൎത്ത നങ്ങളെ വിസ്തരിച്ചു പ്രതിപാദിക്കുന്നതിനുമുമ്പ് ആ പ്രവൎത്തനങ്ങൾ നടത്തിയ ജനങ്ങളെപ്പററി ഒരു ചുരുങ്ങിയ വിവരണം ആവശ്യമാണെന്നു തോന്നുന്നു. 17 മുതൽ 19 വരെയുള്ള ശതാബ്ദങ്ങളിൽ ക്രിസ്ത്യാനികളുടെ വിപുലമായ ഭാഷാപ്രവൎത്തനങ്ങൾക്കു് ഉത്തേജനം നൽകിയതും സാരഥ്യം വഹിച്ചതും യൂറോപ്പിൽനിന്നു വന്ന മിഷ്യനറിമാരാണെന്നു കാണിച്ചിട്ടുണ്ടല്ലോ. യൂറോപ്പിൽനിന്നു വ്യക്തികൾ മാത്രമാണു വന്നതു്. ഉത്തേജനം അവരിൽനിന്നാണെങ്കിലും പ്രവൎത്തനം പല തുറകളിലും നടത്തിയതു നാട്ടുക്രിസ്ത്യാനികളാണു്. അതിനാൽ ഈ നാട്ടുക്രിസ്ത്യാനികളെപ്പററിയാണു് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നതു്.

ഈ ക്രിസ്ത്യാനികൾ ആരാണു്? കേരളത്തിൽ ഇന്നു് ഏതാണ്ടു മുപ്പതു ലക്ഷം ക്രിസ്ത്യാനികളുണ്ടു്. അവരിൽ മുക്കാലേ അരയ്ക്കാൽ പങ്കും തനി കേരളീയരാണു്. മൂന്നിൽ രണ്ടുഭാഗം പേർ 1900 വൎഷം മുമ്പുതന്നെ, അതായതു ക്രിസ്തുമതം ആരംഭിച്ച കാലംമുതൽതന്നെ, ക്രിസ്ത്യാനികളായിരുന്നവരുടെ സന്തതികളാണു്. അന്നു് അവർ ആ പേരിലല്ലാ അറിയപ്പെട്ടിരുന്നതെന്നേയുള്ളു. "നസ്രാണിമാപ്പിളമാർ" എന്ന പേരിലാണു് അവർ സാധാരണ അറിയപ്പെട്ടിരുന്നതു്, ചിലേടത്തു "വേദക്കാർ" എന്നും പറഞ്ഞിരുന്നു. സനാതനഹിന്ദുമതം രൂപമെടുക്കുന്നതിനു മുൻപു ക്രിസ്തുമതം സ്വീകരിച്ച ഹൈന്ദവരാണവർ. ക്രിസ്തുവിൻെറ ആദ്യശിഷ്യരിൽ ഒരുവനായിരുന്ന വിശുദ്ധ തോമ്മായാണു് ഈ ദേശത്തു വന്നു വേദപ്രചരണം നടത്തിയതെന്നും, മേൽജാതിക്കാരിൽ നിന്നുതന്നെ വളരെപ്പേർ അദ്ദേഹത്തിൻെറകൂടെ ചേൎന്നെന്നുമാണു പുരാതനമായ ഐതിഹ്യം. ഈ ഐതിഹ്യം ഒരു ചരിത്രവസ്തുതയായി പ്രായേണ സ്വീകരിക്കപ്പെട്ടിട്ടുമുണ്ടു്. തൎക്കമില്ലായ്കയില്ല. അതു് ഏതിനും ഇക്കാലത്തുണ്ടല്ലോ. എന്നാൽ ഈ ഐതിഹ്യം നിരാകരിക്കുവാൻ പറ്റിയ ലക്ഷ്യങ്ങൾ ആരും കൊണ്ടുവന്നിട്ടില്ലാത്ത സ്ഥിതിക്കു ഇതേപ്പററി കൂടുതലായി ഒന്നും ഇവിടെ പറയേണ്ട ആവശ്യമില്ല.

യൂറോപ്യൻ മിഷ്യനറിമാർ നാട്ടിൽ വന്നുചേൎന്ന ശേഷമേ, വേദപ്രചരണംവഴി ഹിന്ദുക്കളെ ക്രിസ്തുമതത്തിൽ ചേൎത്തുതുടങ്ങിയുള്ളു. 16-ാം ശതാബ്ദത്തിൽ പോർട്ടുഗീസുകാരാണു് ഈ വേല അധികം നടത്തിയതു്. അങ്ങനെ വേദത്തിൽ ചേൎന്നവരെ പഴയ നസ്രാണികളുടെ കൂട്ടത്തിൽ ചേൎത്തില്ല. കാരണം പഴയ നസ്രാണികൾ ഹിന്ദുക്കളെക്കാൾ ഒട്ടും കുറയാതെ ജാതിഭേദത്തിൽ വിശ്വസിച്ചിരുന്നുവെന്നുള്ളതാണു്. മത

കാര്യങ്ങളിൽ സുറിയാനി രീതിയിലുള്ള ആരാധനക്രമം സിറിയൻ കുടിയേററക്കാരിൽനിന്ന് അവർ സ്വീകരിച്ചു. ആ ക്രമം അവർ മുറുകെപ്പിടിച്ചിരുന്നു. പാശ്ചാത്യരീതിയിലുള്ള, ലത്തീൻ മുറയിലുള്ള, ആരാധനക്രമം അവരുടെമേൽ കെട്ടിയേല്പിക്കുവാൻ പോർട്ടുഗീസുകാർ വളരെ ശ്രമിച്ചെങ്കിലും അധികംപേരും അതു സ്വീകരിച്ചില്ല. അതിനാൽ അന്നു മാർഗ്ഗം സ്വീകരിച്ചവരെ മാററിനിർത്തുകയാണുണ്ടായതു്. ഇങ്ങനെ പഴയ ക്രിസ്ത്യാനികളെ സുറിയാനിക്കാർ എന്നും പുതിയവരെ ലത്തീൻകാർ എന്നും വിളിച്ചുതുടങ്ങി. ഒരേ വിശ്വാസമുള്ള കത്തോലിക്കരിൽതന്നെ ഇങ്ങനെ രണ്ടു സമൂഹക്കാരുണ്ടായി. ഈ തിരിവു് ഇന്നും നിലനില്ക്കുന്നുണ്ടല്ലോ.

പോർട്ടുഗീസുകാരുമായുള്ള മത്സരത്തിൻെറ ഫലമായി സുറിയാനിക്കാർതന്നെ പഴയകൂർ, പുത്തൻകൂർ എന്നിങ്ങനെ രണ്ടു കക്ഷിയായി തിരിഞ്ഞു. ലത്തീൻ ആരാധനക്രമം നിരാകരിച്ചെങ്കിലും, റോമാ മാർപ്പാപ്പായുടെ അധികാരത്തിൽ സ്ഥിരമായി നിന്നവർ പഴയകൂർ; ആ അധികാരത്തെയും നിരാകരിച്ചവർ പുത്തൻകൂർ. ഈ ഒടുവിൽ പറഞ്ഞ കക്ഷി പിന്നീടു് അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ അധികാരത്തിൽ വന്നു. ഇംഗ്ലണ്ടിൽനിന്നും മററും പ്രോട്ടസ്റ്റൻറു മിഷ്യനറിമാർ വന്നശേഷം അവരുടെ പരിശ്രമഫലമായി ആംഗ്ലേയസഭയുടെ ആഭിമുഖ്യത്തിൽ ഒരു സമൂഹവും ഉണ്ടായിവന്നു. മാത്രമല്ല, ഇംഗ്ലീഷ് മിഷ്യനറിമാരുടെ നവീകരണപ്രചോദനംമൂലം പുത്തൻകൂർ സുറിയാനിക്കാരിൽ ചിലർ "മാർത്തോമ്മാസഭ" എന്ന പേരിൽ ഒരു സമൂഹമായി. ആദ്യം ഒററ ജനമായിനിന്ന ക്രിസ്ത്യാനികൾ ഇങ്ങനെ പല സമൂഹങ്ങളായിത്തീൎന്നു. ഈ തിരിവുകൾ പിൽക്കാലത്തു് അധികം വൎദ്ധിച്ചിട്ടുണ്ടു്. എന്നാൽ സാഹിത്യസംബന്ധമായുള്ള ഈ ഗ്രന്ഥത്തിൽ ഇതെല്ലാം വിവരിക്കേണ്ട ആവശ്യമില്ല. ഈ ബന്ധത്തിൽ മൂന്നു തിരിവുകളേ അല്പം പ്രധാനമായുള്ളു: ഒന്നു് സുറിയാനിക്കാർ, രണ്ടു് ലത്തീൻകാർ, മൂന്നു് ആംഗ്ലേയർ.

## സുറിയാനിക്കാർ അഥവാ നസ്രാണിമാപ്പിളമാർ

സുറിയാനിക്കാർ എന്ന പേരു് യഥാൎത്ഥത്തിൽ നിരൎത്ഥകമാണു്. ഇവർ തനി കേരളീയരാണു്. ഈ വൈദേശികനാമം അവൎക്കു കിട്ടിയതു് അവർ സുറിയാനിജാതിയിൽപ്പെട്ടവരായതുകൊണ്ടല്ലാ; പിന്നെയോ സുറിയാനിഭാഷയിലുള്ള ആരാധനക്രമം(liturgy) സ്വീകരിച്ചതുകൊണ്ടു മാത്രമാണു്. ഇതു ക്രിസ്ത്വബ്ദം 4–ാം ശതവൎഷത്തിലായിരിക്കണം. അതിനുമുൻപു കേരളത്തിലെ അന്നത്തെ ഭാഷയിൽ ആയിരുന്നിരിക്കണം അവരുടെ ആരാധനക്രമം. എന്നാൽ ഒന്നു സമ്മതിക്കണം. ഈ നസ്രാണിമാപ്പിളമാരുടെ ഉൽപത്തി തനി കേരളീയമെങ്കിലും, പണ്ടുകാലത്തു് സുറിയാനിക്കാരുമായി ധാരാളം ബന്ധമുണ്ടായിട്ടുണ്ടു്; അതു പ്രയോജനകരവുമായിരുന്നു.

ക്രിസ്ത്വബ്ദം 4, 9 എന്നീ ശതാബ്ദങ്ങളിൽ ബാഗ്ദാദ്, ബസ്രാ

മുതലായ പ്രദേശങ്ങളിൽനിന്നു സുറിയാനിക്കാർ ഇവിടെ—കൊടുങ്ങല്ലൂർ, കൊല്ലം എന്നീ സ്ഥലങ്ങളിൽ—കുടിയേറിയിട്ടുണ്ടെന്നാണ് ഐതിഹ്യം. എന്നാൽ 4–ാം ശതാബ്ദത്തിൽ ഇങ്ങനെ കുടിയേറിയവരുടെ സന്തതികളായി കരുതപ്പെടുന്ന ക്നാനായക്കാർ ഇന്ന് അരലക്ഷത്തിലധികമില്ല. കുടിയേറിയവരിൽ ചിലർ നാട്ടുനസ്രാണികളുമായി കെട്ടിപ്പുലർച്ച ഉണ്ടായിട്ടുണ്ടെന്നും പറയപ്പെടുന്നു. അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ അതു കൊടുങ്ങല്ലൂർസമീപവും കൊല്ലംസമീപവും ഉള്ള പ്രദേശങ്ങളിൽ മാത്രമാണ്, അപ്പോസ്റ്റോലകാലത്തു മേൽജാതിക്കാരിൽനിന്ന് പ്രധാനമായി പാലയൂർ, പറവൂർ, കോക്കമംഗലം, ചായൽ, നിരണം എന്നീ സ്ഥലങ്ങളിൽ മാർഗ്ഗംസ്വീകരിച്ച് പിന്നീട് ഉൾനാടുകളിൽ കുടിയേറിത്താമസിച്ചവരുടെ സന്തതികൾക്ക് ഈ കുടിയേററക്കാരുമായി പറയത്തക്ക രക്തബന്ധമുണ്ടായതായി തോന്നുന്നില്ല. അങ്ങനെ ഏതെങ്കിലും ഉണ്ടായെങ്കിൽത്തന്നെ വിദേശീയാംശങ്ങളെ തനി സ്വദേശീയമായി രൂപാന്തരപ്പെടുത്തത്തക്ക കരുത്തും പ്രാമാണ്യവും ആര്യദ്രാവിഡ സമ്മിശ്രമായ മൂലവംശത്തിന് ഉണ്ടായിരുന്നു എന്നു തീച്ചതന്നെ.

ഈദൃശവിദേശബന്ധം ക്ഷീണത്തിനല്ല, ബലത്തിനാണ് ഉതകാറുള്ളതെന്നത്രേ വംശശാസ്ത്രജ്ഞമതം. ഇന്നു തനി ക്ഷത്രിയരായി കരുതപ്പെടുന്ന രജപുത്രരും, ബോംബെപ്രദേശത്തെ ചില അസൽബ്രാഹ്മണജനങ്ങൾതന്നെയും, വിദേശീയരക്തബന്ധം ഉള്ളവരാണെന്നതു പ്രസിദ്ധമാണ്. എന്നിട്ടും അവർ തനി ഇൻഡ്യാക്കാരും തനി ഹിന്ദുക്കളും ആയിട്ടല്ലേ കരുതപ്പെടുന്നതു്? എന്തിനു ദൂരെപ്പോകുന്നു? ഈഴത്തുനാട്ടിൽനിന്നു കുടിയേറിയവരെന്നു പരക്കെ സമ്മതിക്കപ്പെടുന്ന ഈഴവരും തീയരും ശരിയായ കേരളീയരല്ലെന്ന് ഇന്ന് ആരെങ്കിലും പറയുമോ? തനി കൽദായരെന്ന് അഭിമാനിക്കുന്ന ക്നാനായക്കാർക്കുതന്നെ, ഇന്നു കാഴ്ചയിൽ മററു കേരളീയരിൽനിന്ന് എന്തു വ്യത്യാസമാണുള്ളതു്? കൽദായനാട്ടിൽ ചെന്നാൽ അവർ വിദേശികളായി കരുതപ്പെടും. മണ്ണിനു മനുഷ്യനെ മാററാൻ ശക്തി ഉണ്ടെന്നുള്ള സത്യം വിസ്മരിച്ചുകൂടാ. പോരെങ്കിൽ, കൽദായക്കാരുംമററും ദ്രാവിഡവംശക്കാരുമാണത്രേ.

നസ്രാണിമാപ്പിളമാക്ക് ഇങ്ങനെ പലവഴിക്കും സംസ്കാരസമ്പത്തു സിദ്ധിച്ചിട്ടുണ്ടെങ്കിലും, പിതൃവഴിക്കു കിട്ടിയ സ്വത്താണ് സവ്വപ്രധാനം. കേരളത്തിൽ വന്നുചേന്ന ദ്രാവിഡത്തോടു കലന്ന ആര്യസംസ്കാരമാണതു്. ഈ ജനങ്ങളുടെ പാരമ്പര്യം, അവർ ക്രിസ്തുവബ്ദം 50–ാമാണ്ടിടയ്ക്കു ക്രിസ്തുശിഷ്യനായ മാർത്തോമ്മായിൽനിന്നും മാർഗ്ഗം അനുസരിച്ച നമ്പൂതിരിമാർ മുതലായ മേൽജാതിക്കാരുടെ സന്തതികളാണെന്നാണ്. ശങ്കരപുരി, പകലോമററം, കള്ളി, കാളിയങ്കാവ് എന്ന പാലയൂരെ നാലു് ആഢ്യബ്രാഹ്മണ ഇല്ലങ്ങളാണ് ഇവയിൽ പ്രധാനം. ഈ ഇല്ലങ്ങൾ ക്രിസ്തുവബ്ദം 4–ാം ശതകമടുത്തു് ഏററുമാന്നൂർക്ഷേത്രത്തിനു നാലു മൈൽ വടക്കു് കാളികാവ് അമ്പലത്തിനടുത്തു വന്നുചേന്നത്രേ. ഇവരാണു പിന്നീട് കുറവിലങ്ങാട്ടു പള്ളി സ്ഥാപിച്ചതു്. ഇവരിൽ

പകലോമററം ഇല്ലത്തിൽ മേൽപ്പട്ടം[1] ദീർഘകാലത്തേക്കു നിലനിന്നു. ഈ കുടുംബത്തിന്റെ ആദ്യസ്ഥാനത്തു് ഇന്നും പഴയ അക്കദിയാക്കോന്മാരുടെയുംമററും കുഴിമാടങ്ങൾ കാണാം. ഇതുപോലെ പറവൂരെയും നിരണത്തെയുംമററും ഇല്ലക്കാരെപ്പററിയും പാരമ്പര്യങ്ങളുണ്ടു്.

ഏതായാലും ഈ നസ്രാണികൾ സഹജീവികളായ ഹിന്ദുക്കളിൽനിന്നു വ്യത്യസ്തരായിരുന്നില്ല. ജനനമരണവിവാഹാദ്യവസരങ്ങളിൽ പ്രായേണ ഒരേതരം ആചാരങ്ങൾതന്നെയാണു് ഇരുകൂട്ടരും കൈവരിച്ചിരുന്നതു്. പിള്ളയൂട്ടു്, താലികെട്ടു്, പെലകുളി ഇത്യാദി അനേകം ഹൈന്ദവാചാരങ്ങൾ അടുത്തകാലംവരെ നസ്രാണികൾ അനുഷ്ഠിച്ചുപോന്നിരുന്നു. 1599-ൽ ഉദയംപേരൂർ സൂനഹദോസ് (പൊതുസംഘം) ഹൈന്ദവാനുഷ്ഠാനങ്ങൾ മുടക്കംചെയ്തതിനുമുൻപു്, സാമൂഹ്യനടപടികളിൽ ഹിന്ദുക്കളും നസ്രാണികളുംതമ്മിൽ പറയത്തക്ക വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല.

ആ പൊതുസംഘം വിളിച്ചുകൂട്ടേണ്ടതിനായി മെനേസ്സീസ് എന്ന പോർട്ടുഗീസ്കാരൻ മെത്രാപ്പോലീത്താ നാടടക്കം ചുററിസ്സഞ്ചരിച്ചപ്പോൾ ചില പള്ളികളിലെ വികാരിമാർ മെത്രാപ്പോലീത്തായുടെ സ്പർശം തന്നെ അനുവദിക്കയുണ്ടായില്ലത്രേ. മ്ലേച്ഛന്മാർ തൊട്ടാൽ കുളിക്കണമെന്നുള്ള വിചാരത്താൽ കത്തനാരന്മാർ തൻെറ ഹസ്തദാനം നിരാകരിക്കുമെന്നു മെത്രാപ്പോലീത്ത സ്വപ്നേപി നിനച്ചിരിക്കയില്ല. ശൂദ്രർമുതൽ 'താഴെ'യുള്ള ജാതിക്കാർ നസ്രാണികളുടെ അടുക്കളയിൽക്കയറിയാൽ പുണ്യാഹംചെയ്യേണ്ടതു് അന്നു് അപരിത്യാജ്യമായിരുന്നു. പുരുഷന്മാരിൽ പ്രധാനികൾ പൂർവ്വശിഖയും കടുക്കനും ധരിച്ചുവന്നിരുന്നു. അവർ കളരികളിൽ കച്ചകെട്ടി അഭ്യസിക്കയും പലരും 'പണിക്കർ'സ്ഥാനം വഹിച്ചു ശിഷ്യന്മാരെ ആയോധനമുറ പരിശീലിപ്പിക്കയുംചെയ്തിരുന്നു. നസ്രാണികളുടെ ആയുധപാടവംനിമിത്തമാണു് പലേ നാടുവാഴികളും അവരെ ഭയപ്പെടാനും സ്നേഹിപ്പാനും എടയായതു്. കൊച്ചീരാജാവിന്റെ സൈന്യസമൂഹത്തിൽ ഒരുകാലത്തു നസ്രാണികൾ വളരെയുണ്ടായിരുന്നെന്നു പല രേഖകൾകൊണ്ടും കാണാം. നാട്ടിലെ നാങ്കുടിപ്പരിഷ ഉൾപ്പെടെ പതിനേഴ ജാതികളുടെമേൽ അവർക്കു് ഏതോ അധികാരം ഉണ്ടായിരുന്നത്രേ. കൊല്ലത്തും കൊടുങ്ങല്ലൂരുമുള്ള നസ്രാണികൾക്കു കേരളരാജാക്കന്മാർ രേഖാമൂലമായി കൊടുത്ത അവകാശങ്ങളും ആനുകൂല്യങ്ങളും ചരിത്രപ്രസിദ്ധങ്ങളാണല്ലോ.[2]

---

1 ആദ്യം അക്കദിയാക്കോൻസ്ഥാനമായിരുന്നു. 1563 ഇടയ്ക്കു് 'പുത്തൻകൂർ' ആരംഭിച്ചപ്പോഴാണു് അക്കദിയാക്കോൻ മെത്രാപ്പോലീത്താ ആയി. ഇങ്ങനെ എട്ടു മെത്രാപ്പോലീത്താമാർ പുത്തൻകൂർ സുറിയാനിക്കാരുടെ നേതൃത്വം വഹിച്ചിട്ടുണ്ടു്. തിരുവല്ലാദേശത്തെ പല പ്രധാനനസ്രാണികുടുംബങ്ങൾ മേൽക്കാണിച്ച നാലില്ലങ്ങളിൽപ്പെട്ടവരത്രേ.

2 Oriente Conquistado (1698) Vol II. pp. 116–17; പത്മനാഭമേനോന്റെ 'കൊച്ചിരാജ്യചരിത്രം'; Day, 'Land of the Perumals' pp. 219; Gibbon's 'Decline and Fall' Vol. V. Chapter 47.

വിദ്യാവിഷയത്തിലും നസ്രാണികൾ പിന്നോക്കമായിരുന്നില്ല. അക്ഷരവിദ്യ അവർക്ക് എല്ലാക്കാലത്തും അധീനമായിരുന്നു. അവരുടെ ദേവാലയകർമ്മങ്ങൾക്കു ഗ്രന്ഥങ്ങൾ അത്യാവശ്യമാണല്ലോ. പോർട്ടുഗീസുകാരുടെ വരവിനുമുമ്പുതന്നെ ശിലാരേഖകൾ ഉണ്ടാക്കി സൂക്ഷിക്കുന്ന പതിവ് അവരുടെയിടയിൽ നടപ്പുണ്ടായിരുന്നിരിക്കണം. ചെമ്പോലയിലും താളിയോലയിലും ഗ്രന്ഥവരി കുറിച്ചിടുന്ന സമ്പ്രദായവും അവർക്കു പണ്ടേയുള്ളതാണ്. ആദ്യകാലംമുതൽക്കേ അവർക്കു പള്ളിക്കൂടങ്ങളും കളരികളും ഉണ്ടായിരുന്നു. സംസ്കൃതം, തമിഴ് എന്നീ ഭാരതീയഭാഷകൾക്കുപുറമേ സുറിയാനിഭാഷയും അവർ അഭ്യസിച്ചുവന്നിരുന്നു. ഇക്കാലത്തും പ്രസ്തുതഭാഷകളിലും ഗ്രന്ഥങ്ങളിലും പാണ്ഡിത്യമുള്ള നസ്രാണികൾ ദുർല്ലഭമല്ലല്ലോ. നായന്മാരും നസ്രാണികളും മിക്ക ദിക്കുകളിലും ഒരേ കളരിയിൽത്തന്നെയാണു പരിശീലിപ്പിക്കപ്പെട്ടിരുന്നതു്. ആശാന്മാരും അന്നു നസ്രാണികളുടെ എടയിൽ വളരെപ്പേർ ഉണ്ടായിരുന്നു; ഇപ്പോഴും ഉണ്ട്. അവരുടെ സംസാരഭാഷയും നായർമുതലായവരുടേതിൽനിന്നു വ്യത്യാസപ്പെട്ടിരുന്നില്ല.

'ഭടജനങ്ങടെയിടയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരൂ.'

ഈ കേരളഭാഷതന്നെയാണ് ക്രിസ്തുമാർഗ്ഗം സ്വീകരിച്ച ഭടജനങ്ങളും ദ്വിജഗോത്രക്കാരും ഉപയോഗിച്ചിരുന്നതു്. നമ്പൂതിരിമാരുടെയും നായന്മാരുടെയും ഗാർഹികഭാഷതന്നെയായിരുന്നു നസ്രാണികളുടെയും ഗൃഹഭാഷ.

നസ്രാണിസ്ത്രീജനങ്ങളും അക്ഷരവിദ്യ ശീലിക്കുന്നതിൽ വിമുഖകളായിരുന്നില്ല. നസ്രാണിസ്ത്രീകളുടെ ബുദ്ധിശക്തി, സന്മാർഗ്ഗനിഷ്ഠ, കുടുംബഭരണചാതുര്യം എന്നീ ഗുണങ്ങൾ പോർട്ടുഗീസുചരിത്രകാരന്മാരുടെ പ്രത്യേകമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാണ്. പതിനേഴാം ശതാബ്ദത്തിൽ അങ്കമാലിയിൽ ഒരു നസ്രാണിസ്ത്രീ വക്കീലന്മാരുടെ സഹായം കൂടാതെ ഒരു വ്യവഹാരം സംബന്ധിച്ച് മൂന്നു ദിവസം താൻതന്നെ കോടതിസമക്ഷം വാദം നടത്തിയതായി 'ഓറിയന്തേ കൊൺക്വിസ്താദോ' എന്ന പോർട്ടുഗീസ് ഗ്രന്ഥത്തിൽ പ്രസ്താവിച്ചുകാണുന്നു.[1] നസ്രാണികളെ 'മാപ്പിള'[2] എന്നു കേരളത്തിലെ ഉൽകൃഷ്ടജാതിക്കാർ വിളിച്ചിരുന്നതുപോലെ, മറ്റു ജാതിക്കാർ 'നയിനാർ' (നാനാർ) എന്നും മറ്റും ബഹുമാനസൂചകമായി വിളിച്ചുപോന്നിരുന്നു. സ്ത്രീകളെ ഉമ്മാ (അമ്മ), മാറ്റുമ്മ, പെൺപിള്ള എന്നിങ്ങനെയും വിളിച്ചിരുന്നു. ആദ്യകാലത്തു് സ്ത്രീ

1 Oriente Conquistado, by Faria Y Souza (1698) Vol. II pp. 116.

2 മാപ്പിള 'മഹാപിള്ള' ലോപിച്ചുണ്ടായതാണെന്നു ചിലരും, 'മകംപിള്ള'യിൽനിന്നുണ്ടായതാണെന്നു മറ്റുചിലരും, ഒരു അറബിവാക്കിൽനിന്നാണെന്നു വേറെ ചിലരും പറയുന്നുണ്ട്. തമിഴുമുറയിൽ മകളുടെ ഭർത്താവിനെ മാത്രമല്ല, അന്യരേയും ബഹുമാനസൂചകമായി 'മാപ്പിള' എന്നു വിളിക്കുന്ന പതിവ് ഇന്നുമുണ്ട്.

കൾ മുട്ടപടം ധരിച്ചിരുന്നവത്രെ.[1] പിൽക്കാലത്തും കല്യാണത്തിനുശേഷം അവർ ചട്ടധരിച്ചു വക്ഷപ്രദേശം ആച്ഛാദനം ചെയ്യാറുണ്ടായിരുന്നു. ലേസുനെയ്ത്തു്, റേന്തപ്പണി മുതലായ പ്രവൃത്തികൾ കേരളത്തിൽ ഇദംപ്രഥമമായി തുടങ്ങിയതു നസ്രാണിവനിതമാരാണ്.[2] കുടുംബങ്ങളിൽ കൂട്ടമായി ഈശ്വരപ്രാർത്ഥനകൾ നടത്തിവന്നതും സാമാന്യേന സ്ത്രീകൾതന്നെ ആയിരുന്നു.

മററു മേൽജാതികളുമായി പ്രായേണ സൗഹാർദ്ദത്തിലും സഹകരണത്തിലുമാണ് നസ്രാണികൾ അന്നു കഴിഞ്ഞുവന്നതു്. ക്രിസ്തുമതത്തിന്റെ ആവിർഭാവദശയിൽ കേരളത്തിലും മതമർദ്ദനം ശൂന്യമായിരുന്നില്ലെങ്കിലും വിദേശീയനസ്രാണികളുടെ ആഗമനാനന്തരം നസ്രാണികൾ നാട്ടിൽ വാണിജ്യപ്രമുഖന്മാരായിത്തീർന്നതോടുകൂടി ഇടച്ചുയെല്ലാം ഒതുങ്ങി അന്യസമുദായങ്ങളുടെ സുസ്ഥിരമായ മൈത്രിക്കും സഹകരണത്തിനും പാത്രീഭവിച്ചതായി വിചാരിക്കാം. ഇതിന്നു് അനേകം ലക്ഷ്യങ്ങളുമുണ്ടു്.

കേരളത്തിൽ ഹൈന്ദവദേവാലയങ്ങളുടേയും കോവിലകങ്ങളുടേയും സമീപത്താണല്ലോ പഴയ പള്ളികൾ മിക്കതും സ്ഥിതിചെയ്യുന്നതു്. പാലയൂർ, പറവൂർ, കട്ടുത്തുരുത്തി മുതലായ സ്ഥലങ്ങളിൽ ഇതു പ്രത്യേകം കാണാവുന്നതാണ്. ക്ഷേത്രങ്ങൾക്കും പള്ളികൾക്കും തമ്മിൽ ഇങ്ങനെ വെറും സാമീപ്യബന്ധം മാത്രമല്ല ഉണ്ടായിരുന്നതു്. അവ തമ്മിൽ സ്ഥേഹാദരസൂചകങ്ങളായി പല ഏടപാടുകളും നടന്നിരുന്നു. വിശേഷദിവസങ്ങളിൽ ആന, തീവെട്ടി, ആലവട്ടം മുതലായവ അമ്പലങ്ങളിൽനിന്നു് പള്ളികൾക്കും തീവെട്ടി കതിനാ മുതലായവ പള്ളികളിൽനിന്നു് അമ്പലങ്ങൾക്കും അയച്ചുകൊടുക്കുന്ന പതിവു് അടുത്തകാലംവരെ നിലനിന്നുപോന്നതാണ്.[3] ക്ഷേത്രങ്ങളിൽ നെയ്തൊട്ടു ശുദ്ധിവരുത്തുന്നതു് അശുദ്ധിയില്ലാത്ത നസ്രാണിയുടെ അവകാശമായിരുന്നു.[4] ഹിന്ദുക്കൾ പള്ളികളിലും നസ്രാണികൾ അമ്പലങ്ങളിലും വഴിപാടു കഴിക്കു

1 'മുട്ടാക്കു്' എന്നാണു മുട്ടപടത്തിനു് അന്നുണ്ടായിരുന്ന പേർ. നസ്രാണികളുടെ ആസ്ഥാനമായ മഹാദേവർപട്ടണം അഗ്നിക്കിരയായി ജനങ്ങളം വിഭ്രമിച്ചോടിയപ്പോഠം മുട്ടപടം എടുക്കാൻ ബദ്ധപ്പെട്ട മകളോടു് 'പട്ടണം ചുട്ടു പകലിറങ്ങി, ഇനി എന്തിനാ മകളേ മുട്ടാക്കു്?' എന്നു് അമ്മ ചോദിച്ചുവത്രെ. (കുര്യൻപാതിരി എഴുതിയ ചരിത്രം)

2 See Miss Watts' Chapter on "Lacemaking in Travancore" in the Guide to Wembly Exhibition (Travancore section), London 1924.

3 കറവലങ്ങാട്ടുപള്ളിയും ഏററുമാനൂർക്ഷേത്രവും തമ്മിൽ ഇവ്വിധം മുൻകാലങ്ങളിൽ സഹകരണം ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ടു്. ആ പള്ളിയിലെ പ്രസിദ്ധമായ മൂന്നുനൊയമ്പുതിരുന്നാളിൽ ഏററുമാനൂർ ക്ഷേത്രത്തിൽനിന്നയയ്ക്കുന്ന ആനകളെയാണ് എഴുന്നെള്ളിപ്പിനു് ഉപയോഗിച്ചിരുന്നതു്. അതിനു പള്ളിയിൽനിന്നു് ആനക്കാർക്കു് അവകാശവും വെച്ചിരുന്നു. ഈ എടവാടുകൾ നിലച്ചിട്ടു് അധികകാലമായിട്ടില്ലത്രേ.

4 'ഈച്ച പൂച്ച നായ് നസ്രാണി ഇവക്കു് അയിത്തമില്ല.' (പഴഞ്ചൊല്ലു്).

ന്നതും അപൂർവ്വമായിരുന്നില്ല. ഇപ്പോഴും ഈ മാമൂൽ പരിത്യജിച്ചിട്ടില്ലാത്ത നസ്രാണികുടുംബങ്ങൾ ഉണ്ട്. ചില സ്ഥലങ്ങളിൽ നസ്രാണികൾക്കു ക്ഷേത്രഭരണത്തിൽ ചില അധികാരങ്ങൾകൂടി നിലനിന്നുപോന്നതായി കാണുന്നു. ആനപ്രാമ്പാലുള്ള ഭഗവതിക്ഷേത്രത്തിന്റെ ഭരണാധികാരികൾ പതിനൊന്നുപേരിൽ ഒരാൾ വല്യേഴത്തു പണിക്കർ എന്ന നസ്രാണിയായിരുന്നത്രേ.[1]

ക്രിസ്തുമതം സ്വീകരിച്ച നമ്പൂതിരിമാരുടെയിടയിൽ, ഹിന്ദുമതസംബന്ധമായ അന്നത്തെ സാഹിത്യത്തിലുള്ള പരിശ്രമം ദീർഘകാലത്തേക്കു നിലനിന്നെന്നുള്ളതിനു പല ലക്ഷ്യങ്ങളുമുണ്ട്. 'വൈശികതന്ത്രം' തുടങ്ങിയ ചില പ്രാചീനകൃതികളിലെ തേറ്റു മുതലായ പദങ്ങൾ, ക്രിസ്തുമതം സ്വീകരിച്ച നമ്പൂതിരിമാരാണോ അവയുടെ കർത്താക്കളെന്നുപോലും സംശയമുളവാക്കാൻ പര്യാപ്തമാണ്.[2] സാഹിത്യത്തിൽ മാത്രമല്ല, മന്ത്രവാദം മുതലായ വിദ്യകളിലും ഈ അന്യോന്യസംബന്ധം തെളിഞ്ഞുകാണാം. കടമറ്റത്തു കത്തനാരുടെ മന്ത്രങ്ങൾ മിക്കതും ക്രിസ്തുവിന്റെയോ, കന്നിമറിയാമിന്റെയോ, ശ്ലീഹന്മാരുടെയോ നാമങ്ങൾ സംഘടിപ്പിച്ചുണ്ടാക്കപ്പെട്ടവയാണല്ലോ. അതിൽ അനേകം മന്ത്രങ്ങൾ ഹിന്ദുക്കളായ മാന്ത്രികന്മാരും ഉപയോഗിച്ചുവന്നിരുന്നു.

പരസ്പരമുള്ള ഈ സൗഹാർദ്ദങ്ങളുടെ നിദാനം ബ്രിട്ടീഷ്കാർ രാഷ്ട്രാധിപത്യം സമ്പാദിക്കുന്നതിനുമുൻപു ക്രിസ്തുമതം ഒരു വൈദേശികമതമായി ആരും കരുതിയിരുന്നില്ലെന്നുള്ളതത്രെ. വിശേഷിച്ചു 'താണ' ജാതിക്കാരെ 'മാർഗ്ഗ'ത്തിൽ ചേർക്കുന്ന പതിവു മിഷ്യനറിമാരുടെ വരവിനുമുൻപു പ്രായേണ ഇല്ലാതിരുന്നതിനാൽ തൽസംബന്ധമായി ഏതെങ്കിലും അവജ്ഞയ്ക്കു വകയുണ്ടായിരുന്നില്ല. അതിനാൽ നസ്രാണിമാർഗ്ഗം അഥവാ 'മാർഗ്ഗം' (ക്രിസ്തുമതമെന്ന പേർ തന്നെ അന്ന് അജ്ഞാതമായിരുന്നെന്നു തോന്നുന്നു) ബൗദ്ധജൈനസിദ്ധാന്തങ്ങൾപോലെ ഇന്ത്യയിൽത്തന്നെ അവതീർണ്ണമായ ഒരാദർശവിശേഷമായിട്ടേ പുരാതനഹിന്ദുക്കൾ കരുതിയിരുന്നുള്ളു.[3]

---

1 കൊല്ലം 918-ാമാണ്ടു് വല്യേഴത്തു തോമ്മാപണിക്കർക്ക് അമ്പലത്തിൽനിന്നയച്ച കുറി ഇപ്പോഴും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അമ്പലത്തിൽ ഉത്സവം നടത്തുന്നതിനായി വന്നുചേരണം എന്നാണു ചീട്ടിലെ സാരം. ഈ കുടുംബക്കാർ എടക്കാലത്തു ക്രിസ്തുമതം സ്വീകരിച്ചവരായിരിക്കാം.

2 ഇളംകുളം കുഞ്ഞൻപിള്ള—'ചില കേരളചരിത്രപ്രശ്നങ്ങൾ' പുറം 27.

3 ക്രിസ്ത്യാനികൾ ഉപയോഗിക്കുന്ന 'മാർഗ്ഗം' എന്ന പദം ഹോദോസ് (=വഴി) എന്ന ഗ്രീക്കുപദത്തിൽനിന്നാണെന്നു ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്. ''I am the way, the truth, and the life'' എന്ന ക്രിസ്തുവിന്റെ അനഘവചനത്തിൽ നിന്നായിരിക്കാം മാർഗ്ഗം, മാർഗ്ഗക്കാർ, 'സത്യവേദം', 'സത്യ'വേദക്കാർ എന്നും മററുമുള്ള പേരുകൾ ഉത്ഭവിച്ചതെന്നു വരാം. 'മാർഗ്ഗം' എന്ന പേരിൽ ഇന്ത്യയിലെ മററ് അഹിന്ദുമതങ്ങളും അറിയപ്പെട്ടിരുന്നു. (ഉദാഹരണം: ജൈനമാർഗ്ഗം, ബൗദ്ധമാർഗ്ഗം) എന്നുള്ളതും ശ്രദ്ധേയമാണ്.

## വിദേശീയരിൽനിന്നു സിദ്ധിച്ച സ്വത്ത്

മേൽവിവരിച്ച കൂട്ടങ്ങളാണ് നസ്രാണിമാപ്പിളമാരുടെ പിതൃസ്വത്ത്. ഇത് അവക്കും ഉയന്നജാതി ഹിന്ദുക്കൾക്കും പൂവ്വാജ്ജിതമായുള്ള പൊതുമുതലുമാണല്ലൊ. എന്നാൽ നസ്രാണികൾക്കു വിശേഷവിധിയായി വിദേശീയസമ്പക്കത്താലും കുറേ സ്വത്തുക്കൾ സിദ്ധിച്ചിട്ടുണ്ടെന്നു മുൻപു പറഞ്ഞല്ലോ. വാണിജ്യമാണ് അതിൽ പ്രധാനം; പിന്നെ പണവ്യാപാരം, കപ്പലോട്ടം മുതലായവ. ഇവയിലൊന്നും കേരളീയക്കു വൈദഗ്ദ്ധ്യമുണ്ടായിരുന്നില്ല. കേരളത്തിൽ പണ്ടേ മികച്ചുനിന്നിരുന്ന വൈദ്യം, മന്ത്രവാദം മുയലായ വിഷയങ്ങളിലും വിദേശീയസമ്പക്കം കൊണ്ടു പുരോഗതിയുണ്ടായതായി കാണാം. കച്ചവടത്തിലും കപ്പലോട്ടത്തിലുമാണത്രേ ഈ 'വരത്തർ' അതിസമത്ഥന്മാരായിരുന്നതു്. ക്രി. 345 അടുത്ത് ഉറഹായിൽനിന്നോ മെസ്സോപ്പൊത്തേമിയായിലെ മററു പ്രദേശങ്ങളിൽനിന്നോ "ക്നായിത്തൊമ്മ"ൻെറ നേതൃത്വത്തിൽ വന്നവർ വളരെക്കാലത്തോളം കൊടുങ്ങല്ലൂരിലെ വമ്പിച്ച വാണിജ്യം അടക്കിവാണിരുന്നു. ഉറഹാ അക്കാലത്തു വിവിധകലാശാസ്ത്രങ്ങളുടെ ആസ്ഥാനരംഗം ആയിരുന്നതിനാൽ, അവക്ക് അക്ഷരവിദ്യയും അജ്ഞാതമായിരുന്നിരിക്കാൻ ഇടയില്ല. ക്രിസ്തുവബ്ദം 825-ൽ കുരക്കേണിയെന്നു പേരായിരുന്ന കൊല്ലത്തു കുടിയേറി ആ തുറമുഖം സ്ഥാപിച്ചവരായ ബഗ്ദാദുകാർ വമ്പന്മാരും വിദ്യാസമ്പന്നന്മാരും ആയിരുന്നു. അവർ പോന്നകാലത്ത് ബഗ്ദാദിൽ (ഖലീഫ്) രാജാധിരാജനായി ഭരിച്ചിരുന്ന ഹറൂൺ അൽ റഷിദ് (Haroun Al Rashid) എന്ന മഹാൻെറ കീഴുണ്ടായിരുന്ന ചില പ്രധാനവൈദ്യന്മാർ കൽദായക്രിസ്ത്യാനികളായിരുന്നുവെന്നു വിദിതമാണ്. ഇക്കൂട്ടരുടെ ചില സന്താനങ്ങൾ കുലക്രമാഗമംമൂലം കേരളത്തിലും ഭിഷഗ്വരന്മാരായിത്തീന്നുവെങ്കിൽ അതു വിസ്മയനീയമല്ലല്ലൊ. ഇക്കൂട്ടർ കൊണ്ടുവന്ന മന്ത്രവാദവും നാട്ടിൽ പ്രചരിച്ചതായിക്കാണുന്നു. കടമറ്റത്തു കത്തനാരുടെ പ്രഖ്യാതമായ മാന്ത്രികശക്തി പ്രസ്തുതമാഗ്ഗേണ സമുദായത്തിൽ വ്യാപിച്ച കലയുടെ പരിണതഫലമാണെന്നു വരാം.

ഈ പരദേശികളുടെ ആഗമനത്തിനുശേഷം നസ്രാണികൾക്കു വിദേശവാണിജ്യത്തിൽ പ്രാമാണ്യം സിദ്ധിച്ചു. റോമാസാമ്രാജ്യത്തിൻെറ അധഃപതനാനന്തരം അറബികളും സുറിയാനിക്കാരും ആണ് കുരുമുളകു മുതലായ ഇന്ത്യൻ ചരക്കുകൾ യൂറോപ്പിലേക്കു കൊണ്ടുചെന്നതെന്ന് ചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ട്. കൊടുങ്ങല്ലൂരിനു തെക്കുള്ള ദിക്കുകളിലെ കച്ചവടം പ്രധാനമായി സുറിയാനിക്കാർ അധീനമാക്കി. പ്രസിദ്ധതുറമുഖങ്ങൾ ആയ (കൊടുങ്ങല്ലൂർ) മഹാദേവർ പട്ടണവും കുരക്കേണിക്കൊല്ലവും അവരുടെ തലപ്പട്ടണങ്ങളുമായിത്തീന്നു. അടുത്തകാലംവരെ ഈ രണ്ടു പട്ടണങ്ങളുടെ പേരു പറഞ്ഞാണ് നസ്രാണികളുടെ ആധാരങ്ങളെല്ലാം എഴുതിയിരുന്നതു്. ചോഴമണ്ഡലം, പാണ്ടിമണ്ഡലം, ഈഴമണ്ഡലം (Ceylon) ബങ്കാളം, (Bengal) എന്നിങ്ങനെയുള്ള സമീപദേശങ്ങളുമായി മാത്രമല്ല ദൂരസ്ഥങ്ങളായ മിസ്രു (Egypt),

മക്കം (Mocha), ഉറുമീസ് (Ormuz), മ്ലാക്കാ (Malacca), ചീനം എന്നീ രാജ്യങ്ങളുമായും അവർ കച്ചവടം നടത്തിയിരുന്നു. അവരുടെ വാണിജ്യപ്രാമാണ്യം നിമിത്തം കേരളരാജാക്കന്മാർ അവരെ തലസ്ഥാനനഗരങ്ങളിൽ വരുത്തിത്താമസിപ്പിക്കയും കമ്പോളങ്ങൾ നടത്തുന്നതിനും ചുങ്കം പിരിക്കുന്നതിനും അവരെ ഭരമേല്പിക്കയും ചെയ്തു. വാണിജ്യം കൊണ്ടു ധനം വർദ്ധിച്ചു. ധനവർദ്ധനവോടുകൂടി അവരുടെ ജീവിതരീതിയും വിശേഷവിധിയായിത്തീൎന്നു. തുറമുഖനഗരങ്ങളിൽ താമസിച്ചിരുന്ന നസ്രാണികൾക്കു ഗൃഹാലങ്കരണത്തിലും വസ്ത്രധാരണത്തിലും പ്രത്യേകമോടിയുണ്ടായി. അവരുടെ ആഭരണങ്ങളിൽ വെനീസിലേയും അറബിയിലേയും തങ്കക്കാശുകൾ ധാരാളം വന്നുചേൎന്നതു് ഇങ്ങനെയാണു്.

സ്ത്രീകൾ മുട്ടപ്പടം, പണിച്ചുട്ട, കാതില, കൊന്ത എന്നിവയും, പുരുഷന്മാർ നല്ലതരം കുപ്പായങ്ങളും ധരിക്കയും ഗൃഹങ്ങളുടെ അന്തർഭാഗങ്ങൾ യവനികകളും പരവതാനികളുംകൊണ്ടു് അലങ്കരിക്കയും ചെയ്തുവന്നു. കട്ടിൽ, മേശ, വട്ടകം മുതലായ വിശേഷതരം ഗാർഹികസാമഗ്രികളും അവൎക്കു പണ്ടേയുണ്ടായി. ഇങ്ങനെ പ്രാചീനനസ്രാണികളുടെ ഭവനങ്ങൾ, പെരുമാററവസ്തുക്കൾ, ജീവിതസമ്പ്രദായം ഇവയെല്ലാം കേരളത്തിലെ സാധാരണരീതിയിൽനിന്നു പലേതരത്തിൽ വിശേഷവിധി ആയിരുന്നു.

ഇപ്രകാരം കേരളത്തിലെ ഉൽകൃഷ്ടവകുപ്പിൽ ഉൾപ്പെട്ടവരും ഉൽകൃഷ്ടരായ വിദേശീയരുമായി പ്രത്യേകം വേഴ്ച ലഭിച്ചവരും ആയ ഇക്കൂട്ടൎക്കു ക്രിസ്തുമതസ്വീകരണം ഒന്നുകൊണ്ടുമാത്രം സ്വന്തകുലത്തിനു പരമ്പരാസിദ്ധമായ കലാവാസനകൾ നഷ്ടപ്പെട്ടുവെന്നു വരുമോ? ക്രിസ്തുമതത്തിന്റെ പൗരസ്ത്യമായ ഉൽപത്തിയും തൽപ്രവൎത്തനരീതികളും ലേശമെങ്കിലും അറിഞ്ഞിട്ടുള്ളവൎക്കു് ഇങ്ങനെയൊരു സംശയത്തിനു് അവകാശമേയില്ല. ഗ്രന്ഥപാരായണവും അല്പമാത്രമെങ്കിലും സംഗീതവും അവശ്യം ആവശ്യമുള്ള ഒരു മതമാണു് ക്രിസ്തുവിൻെറ മതം. അതിൻെറ പുരാതന നടവടികൾ ഒരു ഗ്രന്ഥത്തിൽ (വേദപുസ്തകത്തിൽ) സംഗ്രഹിക്കപ്പെട്ടിരിക്കകൊണ്ടു് ആ ഗ്രന്ഥം കഴിവുള്ളവരെല്ലാം വായിക്കയോ വായിച്ചുകേൾക്കയോ വേണം. ഇതു് ഒരു പ്രത്യേകജാതിക്കു മാത്രമല്ല, പ്രത്യുത, എല്ലാവൎക്കും വേണ്ടതാണെന്നുള്ള സിദ്ധാന്തം നിമിത്തമായിരിക്കാം തെക്കേയിന്ത്യയിൽ ക്രിസ്ത്യാനികൾക്കു "വേദക്കാർ" എന്നുകൂടി ഒരു വിശേഷസംജ്ഞ സിദ്ധിച്ചതു്.

ക്രിസ്തീയവേദസംഹിത ഗദ്യത്തിലും പദ്യത്തിലും ഉള്ള ഒട്ടേറെ അനൎഘകൃതികളുടെ ഒരു ഭണ്ഡാഗാരമാണല്ലൊ. മസുമോറ (കീൎത്തനങ്ങൾ) പോലെ മാധുരി ചൊരിയുന്ന കവിതാതല്ലജങ്ങളും ഏവൻഗേലിയോൻ (സുവിശേഷങ്ങൾ) പോലെ വളച്ചുകെട്ടില്ലാത്ത തനി ഗദ്യങ്ങളും ആ ഗ്രന്ഥത്തിൽ അനവധിയുണ്ടു്. ക്രിസ്തുമതം പ്രചരിച്ചേടത്തെല്ലാം ഈ ഗ്രന്ഥവും പ്രചരിക്കയും അതിലെ വിവിധഭാഗങ്ങളെ പുരസ്കരിച്ചു നവംനവങ്ങളായ പല കൃതികൾ ആവിർഭവിക്കയും ചെയ്തിരിക്കുന്നു.

ഈ പദ്ധതി കേരളീയക്രിസ്ത്യാനികളും അനുകരിച്ചുവെന്നു വിചാരിക്കാൻ ധാരാളം ലക്ഷ്യങ്ങളുണ്ട്. ഇൻഡ്യയിൽ ക്രിസ്ത്യാനികളും ബ്രാഹ്മണരും തമ്മിൽ വേദസംബന്ധമായുണ്ടായ ഒരു വലിയ വിവാദത്തിൽ ക്രൈസ്തവഭാഗത്തെ സഹായിപ്പാനായി അലക്സാന്ത്രിയായിൽ നിന്നു ക്രിസ്ത്വബ്ദം 190–ാമാണ്ടിടയ്ക്കു പന്തീനൂസ് (Pantaenus) എന്നു പേരായ പ്രസിദ്ധാചാര്യൻ ഇവിടെ വന്നതായും തത്സമയം അദ്ദേഹം മത്തായിശ്ലീഹായുടെ സുവിശേഷഗ്രന്ഥം ഇൻഡ്യയിൽ കണ്ടതായും അതു തൻെറ കൈവശം സ്വദേശത്തേക്കു കൊണ്ടുപോയതായും തച്ഛിഷ്യനായ ക്ലെമൻറ് രേഖപ്പെടുത്തിയിട്ടുണ്ട്. പന്തീനൂസ് വന്നതു കേരളത്തിലാണോ എന്നറിയാൻ മാർഗ്ഗമില്ലെങ്കിലും ഈ നാട്ടിലെ ആദ്യക്രിസ്ത്യാനികളും നമ്പൂതിരിമാരും തമ്മിൽ വലിയൊരു തർക്കം നടന്നതായി 'കേരളോല്പത്തി'യിൽ കാണുന്ന പ്രസ്താവവും, മാണിക്കവാചകർ എന്ന ശൈവമതസ്ഥാപകൻ ഈ പുതിയ വേദത്തെ തകർക്കാനായി പാണ്ടിയിൽനിന്നു കേരളത്തിൽ ഓടിയണഞ്ഞെന്നുള്ള പ്രബലമായ ഐതിഹ്യവും പ്രസ്തുതവൃത്താന്തത്തെയല്ലയൊ വാസ്തവത്തിൽ സൂചിപ്പിക്കുന്നതെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ഏതായാലും യഹൂദജാതിക്കുവേണ്ടി എഴുതപ്പെട്ട മത്തായിയുടെ സുവിശേഷം ഇൻഡ്യയിൽ അവരുടെ ആസ്ഥാനമായ കേരളത്തിൽനിന്നുതന്നെ ആയിരിക്കും പന്തീനൂസ് കൊണ്ടുപോയതെന്ന് ഊഹിക്കുന്നതിൽ അസാംഗത്യമില്ല. ഈ ഗ്രന്ഥമാണു പ്രസ്തുത സുവിശേഷത്തിൻെറ ആദ്യോപലബ്ധമായ കയ്യെഴുത്തുപകർപ്പെന്നുള്ളതും നമുക്ക് അഭിമാനകരംതന്നെ.

നാലാം ശതാബ്ദത്തിൽ അലക്സാന്ത്രിയായിൽ ജീവിച്ചിരുന്ന ക്രിസോസ്തോമോസ് എന്ന പണ്ഡിതൻ ഭാരതീയഭാഷകളിൽപ്പോലും ക്രിസ്തീയഗ്രന്ഥങ്ങൾ വിവർത്തനംചെയ്തു പ്രചരിച്ചുകൊണ്ടിരിക്കുന്നതായി പ്രസ്താവിച്ചിട്ടുള്ളതു കേരളത്തെ ഉദ്ദേശിച്ചുകൂടി ആയിരിക്കും. വിശുദ്ധ ഹിറാനിമോസ് (St. Jerome) എന്ന പണ്ഡിതൻെറ ശിഷ്യരായി ഇൻഡ്യാക്കാരായ ചിലരും ഉണ്ടായിരുന്നുവെന്നുള്ള ഐതിഹ്യവും ഈ ഘട്ടത്തിൽ സ്മർത്തവ്യമാകുന്നു.* അലക്സാന്ത്രിയാ മുതലായ പശ്ചിമദേശങ്ങളുമായി അന്നു കച്ചവടവും മററു് എടപാടുകളുമുണ്ടായിരുന്നതു് ഇൻഡ്യയിൽ സർവ്വോപരി കേരളത്തിനാകയാൽ പ്രസ്തുതവേദാചാര്യന്മാരുടെ നിർദ്ദേശങ്ങൾ കേരളീയക്രിസ്ത്യാനികളെ സംബന്ധിച്ചുതന്നെ ആയിരിക്കാനാണവകാശം.

പോർട്ടുഗീസുകാർ ആദ്യമായി കേരളത്തിൽ വന്നകാലത്തു നസ്രാണികളുടെയിടയിൽ അനേകം ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നതായി അവരെഴുതിയിട്ടുള്ള വൃത്താന്തക്കുറിപ്പുകളിലും പ്രസ്താവിച്ചുകാണുന്നുണ്ട്. കബ്രാൾ എന്ന സേനാനി കൊടുങ്ങല്ലൂർ സന്ദർശിച്ചപ്പോൾ (1501) അവിടത്തെ നസ്രാണികൾ "വേദപുസ്തകങ്ങളും വ്യാഖ്യാനങ്ങളും തങ്ങളുടെ പക്കൽ അനേകമുണ്ടെന്നും മല്പാന്മാരും ആശാന്മാരും അവ ബാലന്മാരെ

---

* Mingana, "Early Spread of Christianity in India" (John Rylands) Literary Bulletin (1926)

കൊണ്ടു വായിപ്പിക്കാറുണ്ടെ''ന്നും പറഞ്ഞതായി പ്രസ്തുതകുറിപ്പുകളിൽ തന്നെ ഒരിടത്തു പ്രതിപാദിച്ചിരിക്കുന്നു. ആയിട പോർത്തുഗീസുകാരുടെ ഒരു കപ്പലിൽ പോർത്തുഗൽ, ഇത്താലിയാ എന്നീ രാജ്യങ്ങളിൽ യാത്ര ചെയ്ത കൊടുങ്ങല്ലൂർക്കാരനായ യൗസേപ്പ് എഴുതിയ വിവരണങ്ങളിലും ഏതാണ്ട് ഇതേ വാക്യങ്ങൾതന്നെ കാണ്മാനുണ്ട്.* ഈ രേഖകളിൽ നിന്നു നസ്രാണികളുടെ വകയായി പണ്ടു് ഒരു ഗ്രന്ഥസമുച്ചയം ഇവിടെ ഉണ്ടായിരുന്നുവെന്നു പ്രസ്പഷ്ടമാണ്. ഉദയമ്പേരൂർ കൂടിയ സൂനഹദോസിൻെറ ചരിത്രത്തിലും ഈ ഗ്രന്ഥസമൂഹത്തിൽ പലതിനെക്കുറിച്ചും വിശദമായ നിർദ്ദേശങ്ങൾ ഇല്ലാതില്ല. അടുത്തൊരദ്ധ്യായത്തിൽ ഈ സാഹിതീസമ്പത്തിനെപ്പററി കൂടുതൽ പ്രതിപാദിക്കാം.

പോർട്ടുഗീസ് സമ്പക്കമുണ്ടാകുന്നതിനുമുമ്പുതന്നെ നസ്രാണികൾക്കു പല വിദേശഭാഷകളും പരിചയിക്കാൻ സംഗതിയായി. അവരുടെ വേദഭാഷയായ സുറിയാനിയിൽ കേരളീയനസ്രാണികൾക്കു വൈദികർ അനേകം കൃതികൾ എഴുതുകയുണ്ടായിട്ടുണ്ട്. പതിനേഴാം ശതാബ്ദത്തിൽ കടവിൽ ചാണ്ടിക്കത്തനാർ വിശുദ്ധകുർബാനയെക്കുറിച്ചെഴുതിയതായ സ്തോത്രഗീതം അതിപ്രസിദ്ധമായ ഒന്നാണ്. ചില നസ്രാണിവൈദികർ അന്നു നാട്ടുഭാഷപോലും ലേഖനംചെയ്തിരുന്നതു സുറിയാനിലിപികളിൽ ആയിരുന്നു. ഈ ലേഖനപദ്ധതിക്കു 'കർസോൻ' അഥവാ 'കുരസാനി' എന്നാണു പേർ. നാട്ടിൽ കാണപ്പെട്ട ലിപിവ്യത്യാസങ്ങളുടെ ബാഹുല്യവും അവ്യവസ്ഥിതിയുമായിരിക്കാം ഇതിനു കാരണമായിത്തീന്നതു്.

## പറങ്കികളും നസ്രാണികളും

പോർട്ടുഗീസുകാരുടെ വരവിനുശേഷം യൂറോപ്പിൽനിന്നു വന്ന മിഷ്യനറിമാരും പൂർവ്വികനസ്രാണികളുമായി പലതരത്തിൽ ഇടപാടുകളുണ്ടായി. പുതിയ ഒരു ക്രൈസ്തവസമൂഹവും—ലത്തീൻകാർ—ഉത്ഭവിച്ചു. 16, 17 ഈ ശതാബ്ദങ്ങൾ വളരെ സംഭവബഹുലമായ ഒരു കാലഘട്ടമായിരുന്നു കേരളക്രൈസ്തവചരിത്രത്തിൽ എന്നു ചുരുക്കിപ്പറയാം.

ആദ്യഘട്ടത്തിൽ സൗഹാർദ്ദനിലയിൽ രണ്ടുകൂട്ടരും കഴിഞ്ഞുകൂടി. വേദപ്രചാരണമാണ് ആദ്യമിഷ്യനറിമാരെ ഏററവും ആകർഷിച്ചതു്. 1542-ൽ ഇവിടെ വന്നുചേന്ന വിശുദ്ധശവരിയാർ പാണ്ഡിത്യവും സാഹോദയ്യവും തികഞ്ഞ ഒരു മഹാശയനായിരുന്നു. 'താണ'ജാതിക്കാരെയാണദ്ദേഹം ആദ്യം തേടിയതു്. സുപ്രസിദ്ധമായ പാരീസ്'സവ്വകലാശാലയിലെ പ്രൊഫസറായിരുന്ന അദ്ദേഹത്തിനു നാട്ടുഭാഷ പഠിക്കാൻ വിഷമമുണ്ടായിരുന്നിരിക്കയില്ല. അദ്ദേഹം അടുത്തുതന്നെ കോട്ടാററിലേക്കും പിന്നീടു പാണ്ടിക്കും, തദനന്തരം ജപ്പാനിലേക്കും പോയ

* ''Novus Orbis'' എന്ന ലത്തീൻ കൃതിയിലാണ് ഈ യൗസേപ്പിൻെറ യാത്രാവൃത്താന്തം ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടതു്. പിന്നീടു് അതു പല സ്ഥലങ്ങളിൽ പകത്തപ്പെട്ടു.

ശേഷവും സഹചരന്മാർ വേദപ്രചാരം തുടന്നു; പല ജാതിക്കാരായ വളരെപ്പേരെ ക്രിസ്തുവേദത്തിൽ ചേർക്കയുംചെയ്തു.

പിന്നീടാണു പാതിരിമാർ നാട്ടുനസ്രാണികളുമായി ഏററുമുട്ടിയതു്. സുറിയാനിക്കാരുടെ പൂർവ്വികമായ സുറിയാനി ആരാധനമുറ മാററാനും, അവരുടെമേൽ ബാബേൽ പാത്രിയർക്കീസിനുണ്ടായിരുന്ന അധികാരം അവസാനിപ്പിച്ചു പോർട്ടുഗീസ് ജസ്വീററു് അധികാരികളുടെ കീഴിൽ അവരെയാക്കാനും ശ്രമം തുടങ്ങിയപ്പോൾ മത്സരം ഉണ്ടായി. വൈപ്പിക്കോട്ടയിൽ ഒരു വലിയ സെമ്മിനാരി സ്ഥാപിച്ചു ലത്തീൻമുറയിൽ പട്ടക്കാരെ പരിശീലിപ്പിച്ചു. ഇങ്ങനെ കൊച്ചിക്കും കൊട്ടുങ്ങല്ലൂരിനും ഇടയ്ക്കുള്ള പ്രദേശങ്ങളിൽ ലത്തീൻമുറകൾ പ്രായേണ നടപ്പായി. എന്നാൽ ക്രിസ്ത്യാനികൾ തിങ്ങിത്താമസിച്ചിരുന്ന വെമ്പലനാട്ട, ചെമ്പകശേരി മുതലായ ഭാഗങ്ങളിൽ ഇതു സാദ്ധ്യമായില്ല. നസ്രാണികൾക്കു സൈന്യബലവും രാജബലവും ഉണ്ടായിരുന്നു. 30,000 ഭടന്മാരാണു് അന്നു് അവർക്കുണ്ടായിരുന്നതു്. എന്നാലും 1600–നും 1653–നുമിടയ്ക്കുള്ള കാലത്തു് എല്ലാ നസ്രാണികളെയും പോർട്ടുഗീസു ജസ്വീററരുടെ അധികാരത്തിൽ വരുത്തി. നസ്രാണികളുടെ ശക്തിയായ എതിർപ്പുകൊണ്ടും, ലന്തക്കാരുടെ കേരളപ്രവേശംകൊണ്ടും ഇതെല്ലാം 1653–ൽ നിലച്ചുപോയി. എന്നിട്ടു നസ്രാണികളെല്ലാം സ്വതന്ത്രരായി. സാംസ്കാരികവും ഭാഷാപരവുമായി നോക്കിയാൽ മേൽക്കാണിച്ച കാലം വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണു്. വിദേശികളിൽനിന്നും പല പുതിയ ഭാഷകൾ നസ്രാണികൾ പഠിച്ചു. പുതിയ ശാസ്ത്രങ്ങൾ വശമാക്കി. മലയാളഭാഷയുടെയും സാഹിത്യത്തിൻെറയും കുറവുകൾ അഭ്യസ്തവിദ്യരായ നസ്രാണികൾക്കു മനസ്സിലായി. ഇതിൻെറ ഫലമാണു് അവർ പാതിരിമാരോടു സഹകരിച്ചു വ്യാകരണവും നിഘണ്ടുക്കളും ഗദ്യഗ്രന്ഥങ്ങളും എഴുതാൻ ഇടയായതു്.

സാമ്പത്തികമായും സാംസ്കാരികമായും നോക്കിയാലും മുന്നേററത്തിൻെറ ഒരു കാലമായിരുന്നു അതു്. തേങ്ങയിൽനിന്നു് എണ്ണയാട്ടുക, ചകരികൊണ്ടു കയറു്, കയററുപായ്, കപ്പൽപ്പായ് മുതലായവ ഉണ്ടാക്കുക, ഇതെല്ലാം അന്നു തുടങ്ങിയ വ്യവസായങ്ങളാണു്. പല പുതിയ സസ്യങ്ങൾ—ഏറെക്കാലമായി ഇവിടത്തെ പട്ടിണിയകററുന്ന കപ്പ (മരച്ചീനി), കപ്പളം, ഇപ്പോൾ വളരെ വിദേശനാണ്യം ഇൻഡ്യയ്ക്കു കൊണ്ടുവരുന്ന കപ്പൽമാവു് (പറങ്കിമാവു്) മുതലായ കൃഷികൾ—പോർട്ടുഗീസുകാർ ബ്രസീലിൽനിന്നു കൊണ്ടുവന്നു നടപ്പാക്കിയതാണു്. ഇന്നത്തെ വമ്പിച്ച കൃഷിയിനമായ റബർ വന്നതും ബ്രസീലിൽനിന്നുതന്നെ.

യൂറോപ്യൻമദ്യങ്ങൾ കൊണ്ടുവന്നതും മാട്ടിറച്ചിഭക്ഷണം പ്രചരിപ്പിച്ചതും പറങ്കികളാണു്. അവരോടു് അടുത്തു സഹകരിച്ചവർ ഇവ രണ്ടും സ്വീകരിക്കുകയും ചെയ്തു. എന്നാൽ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും ഈ രണ്ടു വകകളും നിരാകരിക്കുകതന്നെ ചെയ്തു. ചില ചരിത്രകാരന്മാർ പറയുംപോലെ ക്രിസ്ത്യാനികൾ എല്ലാം ഗോമാംസം തിന്നുതുടങ്ങി

യില്ല.* ഇംഗ്ലീഷ് ജീവിതരീതി നാട്ടിൽ നടപ്പായശേഷമാണു കേരളത്തിൽ ഗോമാംസം സ്വീകാര്യമായതു്. അടുത്തകാലത്തു ശീമയിൽ പോയ കേരളീയർക്കു്—പല ബ്രാഹ്മണർക്കുപോലും—ഇതു് ആവശ്യമായിത്തീർന്നിട്ടുണ്ടു്.

പോർട്ടുഗീസു മതപ്രചരണപരിശ്രമങ്ങൾമൂലം പുതിയ ഒരു ക്രിസ്തീയസമൂഹം കേരളത്തിൽ ഉണ്ടായി. പല ജാതികളിൽനിന്നു ചേർന്ന ക്രൈസ്തവരെ യോജിപ്പിക്കുവാൻ സാധിച്ചില്ല. പൂർവ്വികനസ്രാണികൾ മാറിനിന്നതുപോലെ പുതിയ ക്രിസ്ത്യാനികളും ഒരു സമുദായമായി വേറിട്ടുനിന്നു. ക്രിസ്ത്യാനികളുടെ സമൂഹത്തിൽനിന്നു ജാതിപ്പിശാചിനെ അടിച്ചോടിക്കാൻ സാധിക്കാഞ്ഞതു പ്രധാനമായി പൂർവ്വക്രിസ്ത്യാനികളുടെ കഷ്ടതരമായ യാഥാസ്ഥിതികത്വമാണു്. സുറിയാനിപാരമ്പര്യം മുറുകെപ്പിടിച്ചവർ മാത്രമല്ല, അതുപേക്ഷിച്ച നസ്രാണികളും ഇക്കാര്യത്തിൽ തീരെ അക്രൈസ്തവമായി പെരുമാറിയെന്നതു കഷ്ടംതന്നെ. മീൻപിടുത്തം സ്ഥിരജോലിയായിരുന്ന അപ്പസ്തോലന്മാർക്കു 1900 വർഷം മുൻപു ക്രൈസ്തവസഭയുടെ ലോകാചാര്യത്വംതന്നെ സിദ്ധിച്ചു; എന്നാൽ ഇവിടെ പ്രധാനവ്യവസായമായ മത്സ്യവേട്ടചെയ്തു നാട്ടിനു വിലയേറിയ പോഷകാംശം കുറഞ്ഞ വിലയ്ക്കു കൊടുക്കുന്നകൂട്ടരെ അക്കാരണത്താൽ മാററിനിർത്തിയ മനസ്ഥിതി ഒട്ടും പ്രശംസനീയമല്ലതന്നെ. ഇന്നും ഇതു നിലനില്ക്കുന്നതാണു് അസഹ്യം.

ജാതിഭേദം ഇങ്ങനെ അവശേഷിച്ചെങ്കിലും, പോർട്ടുഗീസുകാരുമായി അടുത്തുബന്ധപ്പെട്ട തീരപ്രദേശങ്ങളിലെ ക്രിസ്ത്യാനികൾക്കു കലാപരമായ ഒരു മേന്മയുണ്ടായി. നസ്രാണികൾക്കു് ഇല്ലാതിരുന്ന ചില സാംസ്കാരികസിദ്ധികൾ അവർക്കു കൈവന്നു. ഇവയിൽ ഒന്നാണു ചവിട്ടുനാടകം. ഏതാണ്ടു കഥകളിയുടെ നൃത്തമുറയിൽ തമിഴ്പാട്ടുകളുപയോഗിച്ചു നടത്തുന്ന ഈ ആട്ടം പോർട്ടുഗീസ് സമ്പർക്കത്താൽ സിദ്ധിച്ച ഒരു കലാവിശേഷമാണു്. (ഇതേപ്പററി കൂടുതൽ വിവരങ്ങൾ 13-ാം അദ്ധ്യായത്തിൽ കാണുക).

1653-ൽ പോർട്ടുഗീസ് പാതിരിമാർ നാടുവിട്ടശേഷം ഇത്താലിയാ മുതലായ രാജ്യങ്ങളിൽനിന്നു വന്ന കർമ്മലീത്തർ കേരളത്തിൽ പ്രവർത്തനം തുടങ്ങി. റോമാബന്ധത്തിലുള്ള പഴയകൂർ സുറിയാനിക്കാർ ഏറെക്കാലം അവരുമായി സൗഹാർദ്ദത്തിൽ കഴിഞ്ഞെങ്കിലും ക്രമേണ സദാഭരണസംബന്ധമായ കാര്യങ്ങളിൽ സ്വരച്ചേർച്ച ഇല്ലാതായി. അതിന്റെ ഫലമായിട്ടാണു ഡോക്ടർ ജോസഫ് കരിയാററിയും പാറേമ്മാക്കൽ തോമ്മാക്കത്തനാരും യൂറോപ്പിലേക്കു യാത്രചെയ്തതു്. ആ യാത്രയുടെ ഫലമായിട്ടാണു രസകരമായ ഒരു യാത്രാവിവരണം, ഉജ്ജ്വലമായ ഒരു ഗദ്യഗ്രന്ഥം, മലയാളഭാഷയിൽ ഉണ്ടായതു്. ആ കാലഘട്ടത്തിൽ വേറെയും അനേകം ഗ്രന്ഥങ്ങൾ എഴുതാൻ പാതിരിമാർക്കും നാട്ടുക്രിസ്ത്യാനികൾക്കും കഴിഞ്ഞിരുന്നു.

---

* ഇളംകുളം കുഞ്ഞൻപിള്ള—''ചില കേരളചരിത്രപ്രശ്നങ്ങൾ'' പുറം 27.

## ഇംഗ്ലീഷ്മിഷ്യനറിമാർ വന്നശേഷം

19–ാം ശതവഷത്തിലാണ് ഇംഗ്ലണ്ടിൽനിന്നുംമററും പ്രോട്ടസ്റ്റൻറു മിഷ്യനറിമാർ കേരളത്തിൽ വന്നു പ്രവത്തനം നടത്തിയതു്. പ്രധാനമായി, കോട്ടയത്തിനു തെക്കോട്ടുള്ള പുത്തൻകൂർ സുറിയാനിക്കാരുമായിട്ടായിരുന്നു അവരുടെ ഇടപാടുകൾ. ഇംഗ്ലീഷ്‌വിദ്യാഭ്യാസം നടപ്പാക്കാനും, ക്രിസ്തീയവേദപുസ്തകം മുഴവൻ മലയാളത്തിൽ തർജ്ജമചെയ്യുവാനുമാണു് അവർ ആദ്യമേ ശ്രമിച്ചതു്. വേദപുസ്തകപരിഭാഷ ഉടനെ തയാറായി. മലയാളത്തിൽ ആദ്യമായി അച്ചുവാർത്തു ചില ഗ്രന്ഥങ്ങൾ അച്ചടിക്കുകയും ചെയ്തു. ഈ പരിശ്രമങ്ങൾ ക്രമേണ നാട്ടുക്രിസ്ത്യാനികൾ ഏറെറടുത്തു.

എന്നാൽ പാതിരിമാരുടെ ഇംഗ്ലീഷ്‌വിദ്യാഭ്യാസശ്രമമാണു ജനങ്ങളെ കൂടുതലായി ആകഷിച്ചതു്. പുത്തൻകൂർ സുറിയാനിക്കാർ മാത്രമല്ല, ഒട്ടുവളരെ നായന്മാരും മററു ഹിന്ദുക്കളും ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിനു തടിച്ചുകൂടി. എന്തെന്നാൽ ബ്രിട്ടീഷ് ഇൻഡ്യയിൽ മാത്രമല്ല, തിരുവിതാംകൂർ കൊച്ചി സക്കാരുകളിലും നവീനരീതിയിലുള്ള ഭരണവ്യവസ്ഥ നടപ്പാക്കിയ കാലമായിരുന്നതിനാൽ, ഇംഗ്ലീഷു പഠിച്ച മിക്കവക്കും നല്ല സക്കാർജോലികൾ കിട്ടി. തിരുവിതാംകൂറിലും കൊച്ചിയിലും മാത്രമല്ല, മദ്രാസിലും പലക്കും ബോംബെയിലും മററും കമ്പനികളിൽ നല്ല ശമ്പളമുള്ള വേലകളും കൈവന്നു. പഴയകൂർ സുറിയാനിക്കാക്കും മററു കത്തോലിക്കക്കും ഈ സൗകര്യം വളരെ സിദ്ധിച്ചില്ല. ഇംഗ്ലീഷ്‌സ്കൂളുകളിൽ പ്രവേശിക്കുവാൻ അവക്കു തങ്ങളുടെ സഭാമേലധികാരികളിൽനിന്നു തടസ്സമുണ്ടായിരുന്നതാണു് ഇതിൻെറ പ്രധാനകാരണം.

നാട്ടുക്രിസ്ത്യാനികളുടെ ഇടയിൽ ഒരു മതനവീകരണം ഉണ്ടാക്കണമെന്നതായിരുന്നു മിഷ്യനറിമാരുടെ ഉന്നം. അതിനുവേണ്ട രാഷ്ട്രീയ പിൻതുണയും കണ്ണൽ മൺറോയുടെ കാലത്തു് അവക്കു കിട്ടി. എന്നാൽ അവരോടു സഹകരിച്ച പുത്തൻകൂർ നസ്രാണികൾക്കുതന്നെ അതിനു തൃപ്തിയുണ്ടായിരുന്നില്ല. ചിലർ ആംഗ്ലേയസഭയിൽ ചേന്നു. എന്നാൽ പട്ടികജാതികളിൽപ്പെട്ടവരായിരുന്നു ചേന്നവരിലധികം. ഇവക്കു് ആദ്യംകിട്ടിയ സാമൂഹ്യപുരോഗമനമാണിതു്.

ക്രമേണ പുത്തൻകൂർനസ്രാണികളുടെ ഇടയിലെ നവീകരണശ്രമം ഫലവത്തായി. സ്വതന്ത്രമായ ഒരു സഭ, മാത്തോമ്മാസഭ, ഉത്ഭവിച്ചതിനെപ്പററി മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. വേദസംബന്ധമായ തക്കങ്ങൾ ഉണ്ടായി വേറെയും സഭകൾ ഉടലെടുത്തു. അതെല്ലാം ഇവിടെ വിവരിക്കേണ്ടതില്ല.

ഇംഗ്ലീഷ് പഠിക്കാനും പുതിയ ഉദ്യോഗങ്ങൾ കിട്ടാനും സാധിക്കാഞ്ഞ ക്രിസ്ത്യാനികളുടെ, വിശേഷിച്ച്, പഴയകൂർ സുറിയാനിക്കാരുടെ ശ്രദ്ധ പതിഞ്ഞതു് കൃഷിയിലും കച്ചവടത്തിലുമാണു്. കുട്ടനാട്ടിലെ ജലാശയങ്ങളും ഉത്തരകൊച്ചിയിലെ കോളുകളും അവർ കനകംവിളയുന്ന

നെൽവയലുകളാക്കി, ശീഘ്രഗതിയിൽ വദ്ധിച്ചുവന്ന ജനലക്ഷങ്ങൾക്കു ഭക്ഷണം ഉളവാക്കി. ലക്ഷക്കണക്കിൽ ഏക്കർ വിലയേറിയ കൃഷിഭൂമിയാണ് അവർ ഇങ്ങനെ കെട്ടിയുണ്ടാക്കിയതു്.

കുരുമുളക്, തെങ്ങു്, കമുക് മുതലായവ ചെറുതോട്ടങ്ങളുണ്ടാക്കി കൃഷിചെയ്യുവാൻ മററു ഭാഗങ്ങളിൽ ഈ ജനങ്ങൾ അക്ഷീണപരിശ്രമം നടത്തി. കായലുകളുടെയും നദികളുടെയും കരകളിൽ അവർ ചിറപിടിപ്പിച്ചു; ഉന്നതങ്ങളായ കുന്നുകളുടെ ചെരിവുകളിൽ ഇടയ്ക്കിടെ കയ്യാലകൾ തീർത്തും കാടുകൾ വെട്ടിത്തെളിച്ചും ഹിംസ്രമൃഗങ്ങളെ ആട്ടിയോടിച്ചും ഭൂമി കൃഷിക്കുപയുക്തവും ഫലപുഷ്ടിയുള്ളതുമാക്കിത്തീർത്തു. മദ്ധ്യതിരുവിതാംകൂറിലെ പല ഭാഗങ്ങളിലേയും പറമ്പുകൾ ചെറുതോട്ടങ്ങളായതിങ്ങനെയാണ്. ഇൻഡ്യയിലെങ്ങും ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള ഒരു നവീനകാർഷികസൃഷ്ടിയാണ് ഇതുവഴിയുണ്ടായതു്; വെള്ളക്കായൽ പൊൻവയലും, കുന്ന് പുരയിടവും, മാലി മൂന്നു കൃഷിചെയ്യുന്ന നിലവും ആക്കിത്തീർത്തതു്.

പല സ്ഥലങ്ങളിൽ, വിശേഷിച്ച വ്യാപാരപാരമ്പര്യമുള്ള ഭാഗങ്ങളിൽ, കച്ചവടം വദ്ധിപ്പിക്കുവാനാണു ക്രിസ്ത്യാനികൾ ഉത്സാഹിച്ചതു്. തൃശ്ശിവപേരൂർ, കോട്ടയം, ചങ്ങനാശേരി മുതലായ പട്ടണങ്ങളിൽ കച്ചവടം വദ്ധിപ്പിക്കാൻ വലിയ പങ്കെടുത്തതു് ഇവരാണ്. കിഴക്കൻ പ്രദേശങ്ങളിൽ യൂറോപ്യൻതോട്ടക്കാരെ അനുകരിച്ചു റബറും തേയിലയും ചെറുതോട്ടങ്ങൾവച്ചു കൃഷിനടത്താനും അവർ ബുദ്ധിമുട്ടി പണിതു.

പണമിടപാടുകളിൽ പണ്ടേ പരിചയമുള്ള* തിരുവല്ലാദേശത്തെ നസ്രാണികളും ഉദ്യോഗത്തിൻെറ പുറകേ പോയില്ല. ചിട്ടികൾ ചിട്ടയോടെ നടത്താനും, പിന്നീടു നിയമപ്രകാരമുള്ള ബാങ്കുകൾ സ്ഥാപിക്കാനുമാണ് അവർ യത്നിച്ചതു്. ഈ പണവ്യാപാരയത്നങ്ങൾ അവക്കു തന്നെയല്ല, നാട്ടിലെ കൃഷിവാണിജ്യങ്ങളുടെ വദ്ധനവിനും വളരെ സഹായിച്ചു. യഥാത്ഥത്തിൽ കഴിഞ്ഞ പല ദശവഷങ്ങൾക്കിടയ്ക്കു സാമ്പത്തികമായി തിരുവിതാംകൂർ–കൊച്ചി രാജ്യങ്ങളിൽ പുരോഗമനമുണ്ടായതിനു പ്രധാനകാരണക്കാർ മേൽക്കാണിച്ച ക്രിസ്ത്യാനികളാണെന്നു പറയണം.

ആദ്യം മിഷ്യനറിമാരും പിന്നെ ഗവമ്മെൻറും സ്ഥാപിച്ച ഇംഗ്ലീഷ് സ്ക്കൂളുകളിലും കോളേജുകളിലും പഠിച്ച് ആണ്ടുതോറും വളരെപ്പേർ പരീക്ഷകൾ ജയിക്കയുണ്ടായി. അവരിൽ പലക്കും നല്ല ശമ്പളമുള്ള ഉദ്യോഗങ്ങൾ കിട്ടി. അതിൻെറ ആദ്യഫലം മലയാളഭാഷയോടു് ഒരു അവജ്ഞ അവരിൽ പലക്കും—ക്രിസ്ത്യാനികൾക്കു മാത്രമല്ല, അന്യക്കും—ഉണ്ടായതാണ്. ധരമാരെ അനുകരിച്ച് അവർ ജീവിക്കാൻ തുടങ്ങി. മലയാളം എഴുതുന്നതും സംസാരിക്കുന്നതുതന്നെയും ഒരു കുറവായി തോന്നി അവരിൽ പലക്കും. എന്നാൽ ഇംഗ്ലീഷ്ഭാഷയിൽ ശരിയായ പാണ്ഡിത്യം സമ്പാദിച്ച ചിലർ മലയാളഭാഷാപോഷണത്തിനു തങ്ങ

* ഇതു കൊല്ലത്തു് ക്രി. ഒമ്പതാം ശതാബ്ദത്തിൽ വന്നു കുടിയേറിയ സുറിയാനിക്കാരിൽനിന്നു കിട്ടിയതായിരിക്കാം.

ളുടെ കഴിവുകൾ ഉപയോഗിച്ച് പ്രയോജനകരമായ ഗ്രന്ഥങ്ങളെഴുതുകയും ചെയ്തിട്ടുണ്ട്.

ക്രമേണ, മലയാളത്തിലുള്ള വിദ്യാഭ്യാസം നാട്ടിൻപുറങ്ങളിലും സിദ്ധിച്ചതോട്ടുകൂടി പുസ്തകങ്ങളും പത്രങ്ങളും വായിക്കാൻ കഴിവുള്ളവരുടെ സംഖ്യ കൂടിക്കൂടിവന്നു. ഇതു ഗ്രന്ഥപ്രചാരത്തിനു സഹായമായതോടെ ജനകീയസാഹിത്യത്തിനു പുരോഗമനവും ഉണ്ടായി. എന്നാൽ തൊഴിൽ കൊടുക്കാൻ കഴിയുന്നതരം വിദ്യാഭ്യാസമല്ലാ, പ്രതിദിനം പൊന്തിവന്ന സ്കൂളുകളിലും കോളേജുകളിലും കൊടുത്തതു്. നേരേമറിച്ചു നാട്ടിൽ പണ്ടേയുള്ള തൊഴിലുകളോടു് അവജ്ഞയുണ്ടാക്കുന്നതായിരുന്നു ഈ വിദ്യാഭ്യാസം. എന്നല്ല, പരീക്ഷയുള്ളവക്കെല്ലാം സക്കാരാഫീസിലോ മററു് ആഫീസുകളിലോ ഇരുന്നു ചെയ്യാവുന്ന ജോലിതന്നെ കിട്ടണമെന്നതു് ഒരവകാശംപോലെ ആയി. White collar jobs എന്ന സംജ്ഞ ഇംഗ്ലണ്ടിൽ മാത്രമല്ല, കേരളത്തിലും അന്നു് ഏതാണ്ടു് അന്വത്ഥമായിരുന്നു. സ്കൂൾപഠനം പൂത്തിയാകുമ്പോഴേക്കും കോട്ടും കോളർ വച്ച ടൈയും ധരിക്കാത്തവർ അന്നു ചുരുക്കമായിരുന്നു.

മേൽ പ്രസ്താവിച്ച രീതിയിലുള്ള വിദ്യാഭ്യാസം വദ്ധിച്ചപ്പോഴേക്കു് ഉദ്ദേശിച്ചതരം വേല കിട്ടാത്തവരുടെ സംഖ്യ പെരുകി. അവർ അതൃപ്തരുമായി. ആ അതൃപ്തിയിൽനിന്നു വിപ്ലവചിന്ത ഉണ്ടായി. ഈ ചിന്താഗതി സാഹിത്യത്തെ നിരുത്സാഹപ്പെടുത്തുകയല്ലാ ചെയ്തതു്. എന്നാൽ അതുമൂലം സാഹിത്യസരണിയിൽ ഒരു വ്യതിയാനം—ഗംഭീരമായ ഒരു വ്യതിയാനം—ഉണ്ടായി. ജീവനും ഓജസ്സുമുള്ള ഒരു പുതിയ തരം സാഹിത്യവും ഉളവായി.

ഈ സംഭവവികാസങ്ങൾ ക്രിസ്ത്വബ്ദം 1900–ത്തിനിപ്പുറം ഉണ്ടായതാകയാൽ ഈ ഗ്രന്ഥത്തിൽ അവയ്ക്കു വലിയ പ്രസക്തിയില്ലതന്നെ.

## അദ്ധ്യായം മൂന്ന്

# നസ്രാണികളുടെ കല്യാണപ്പാട്ടുകൾ

എല്ലാ രാജ്യങ്ങളിലും സാഹിത്യത്തിൻെറ ആദ്യരൂപം പാട്ടുകളും കീത്തനങ്ങളുമാണല്ലോ. സാമുദായികമായ ആഘോഷങ്ങൾക്കും മതസംബന്ധമായ ഉത്സവങ്ങൾക്കും യോജിച്ചതരത്തിൽ ഉണ്ടായ ആ പാട്ടുകളുടെ പ്രതിപാദ്യവിഷയം സാമാന്യേന പുണ്യവാന്മാരുടെയും വീരപുരുഷന്മാരുടെയും അപദാനങ്ങളായിരുന്നു. മലയാളത്തിൽ കൃഷിയുടെയും പയറ്റുമുറകളുടെയും മറ്റും വിവിധചടങ്ങുകൾ വണ്ണിക്കുന്നവയായും പല പഴയ പാട്ടുകളുണ്ട്. പയ്യന്നൂർപ്പാട്ട്, തച്ചോളിപ്പാട്ട്, പടപ്പാട്ട്, കൃഷിപ്പാട്ട് മുതലായവയെല്ലാം മേൽപ്പറഞ്ഞതിന് ഉദാഹരണങ്ങളാണ്. ദക്ഷിണകേരളത്തിൽ പ്രചാരമുള്ള ഇത്തരം അനേകം പാട്ടുകൾ കുഞ്ഞൻപിള്ള ച്ചട്ടമ്പിയും വടക്കൻപാട്ടുകൾ ഡോക്ടർ ചേലനാട്ട് അച്യുതമേനോനും സമാഹരിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരളത്തിൽ നസ്രാണിമാപ്പിളമാരുടെ ഇടയിലും പൂവ്വകാലംമുതൽ വിവാഹത്തെയും പള്ളിപ്പെരുനാളുകളെയുംസംബന്ധിച്ച് അനവധി പാട്ടുകൾ ഉണ്ടായിട്ടുണ്ട്. അവയിൽ വളരെയെണ്ണം വിസ്മരിക്കപ്പെട്ടുപോയിരിക്കുന്നു. 1910–ൽ കോട്ടയത്തു പി. യു. ലൂക്കാ അവർകൾ പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിൽത്തന്നെ എൺപതോളം പാട്ടുകൾ സഞ്ചയിക്കപ്പെട്ടിട്ടുണ്ട്. ചുരുക്കം ചില പള്ളികളുടെ പാട്ടുകൾ മാത്രമേ അതിൽ ചേത്തിട്ടുള്ളു. സംഖ്യാബാഹുല്യമുള്ള വടക്കുംഭാഗംപള്ളികളുടെ പാട്ടുകൾ മിക്കവയും അജ്ഞാതങ്ങളായിട്ടാണിരിക്കുന്നതു്. അവയും കൂടി ചേർത്തുനോക്കുമ്പോൾ നസ്രാണികളുടെ ഗാനസഞ്ചയം വളരെ വിപുലമായ ഒന്നാണെന്ന് ആക്കും ബോദ്ധ്യമാകുന്നതാണ്. വിലയേറിയ ചരിത്രശകലങ്ങളും അവയിൽനിന്നു കിട്ടാനുണ്ട്.

നസ്രാണികളുടെ ഏററവും പ്രധാനമായ ഗൃഹോത്സവം വിവാഹമാണ്. ഇപ്പോൾ പ്രായേണ ഒരുദിവസംകൊണ്ടു നടക്കുന്ന ഈ അടിയന്തിരം പണ്ടു നാലോ അധികമോ ദിവസങ്ങൾകൊണ്ടേ തീന്നിരുന്നുള്ളു. വിവാഹം നിശ്ചയിക്കുന്നതുതന്നെ ഒരു 'ഒത്തുകല്യാണ'ത്തിൽവച്ചാണ്. അതിൻെറശേഷമാണ്പള്ളിയിൽ വിളിച്ചുചൊല്ലുന്നതു്. ഈ സംഗതി നടക്കുന്ന വിധം മംഗല്യഗീതങ്ങളിൽ വിവരിക്കുന്നുണ്ട്.

***മംഗല്യം വട്ടക്കളി***

മംഗല്യമെന്നതിൻെറ ഭംഗി പറവതിനു
എങ്ങും നിറഞ്ഞ കന്നി അങ്ങീന്നരുൾ തരിക
ചുററുമിരിക്കും ജനം കുററം കുറകൾ കണ്ടാൽ
പെററമാതാവേപോലെ കുററം പൊറുത്തീടേണം.

കററാർകുഴലിയാളെ പെററു വളർത്തോരമ്മ
ഉറെറാരു താതനോട്ട പെട്ടെന്നുരത്ത മൊഴി
കെട്ടിന്നവൾക്കുടുത്തു പെട്ടെന്നൊരു ചെറുക്കൻ
ഇഷ്ടം വരുമെടത്തു ഒട്ടം വൈകാതെ കണ്ട
എന്ന മൊഴികൾ കേട്ടിട്ടന്നു തിരിഞ്ഞു താതൻ
നിന്നു പുരുഷനെന്നിട്ടന്നു വരം കൊടുത്തു
അന്നേയറിഞ്ഞു താതനന്നു പുരുഷനുമായ്
അച്ചച്ചാരം കൊടുത്തു പെണ്ണിനേ ചെന്നുകണ്ട
ഖണ്ഡിച്ചു കല്യാണവുമെണ്ണികുറിച്ചനാളിൽ
പുത്തൻപനയോലയിൽ ചിത്രമെഴുത്തുപെട്ട
കത്തൻ വിളിച്ചുചൊല്ലി ശുദ്ധമാം പൂജനേരം
കോലാഹലത്തോടങ്ങു നാലുദിശിയറിഞ്ഞു
ചെത്തി വഴി പറമ്പിലെത്തുന്നവക്കുവേണ്ടി
ഇട്ടൊരു പന്തലൊക്കെ പട്ടാൽ വിതാനംചെയ്തു
വെട്ടം കൊളുത്തി നീളേ ഇട്ട മണർക്കോലവും

## വിവാഹപരിപാടി; ആരംഭദിനം

നസ്രാണികളുടെ കല്യാണങ്ങൾ പണ്ടു ഞായറാഴ്ചയാണു സാധാരണമായി നടന്നിരുന്നതു്. ശനിയാഴ്ചതന്നെ സംബന്ധികളും കുടുംബക്കാരും എത്തിക്കൂടും. അതിനുമുമ്പായി മുററത്തു പന്തൽ ഉണ്ടാക്കിക്കഴിയും.

ചെത്തി വഴി പറമ്പും എത്തുന്നവക്കിരിക്കാൻ
പുത്തനാം പന്തൽ ചമച്ചു പത്തുപ്രാകാരത്തോടെ
ഇട്ടൊരു പന്തലൊക്കെ പട്ടാൽ വിതാനംചെയ്തു
വെട്ടം കൊളുത്തി നീളെ ഇട്ട വീരാളിപ്പായ്

(മംഗല്യഗീത)

ശനിയാഴ്ച വൈകുന്നേരം ഊണിനുമുമ്പായി പന്തലിൽ എല്ലാവരും എത്തി യഥാസ്ഥാനം ഇരിക്കും. അപ്പോൾ ആദ്യത്തേച്ചടങ്ങു ഗുരുദക്ഷിണയാണു്. അതുകഴിഞ്ഞു് അന്തംചാത്തു് എന്ന പ്രധാനക്രിയ നടക്കും. (വടക്കൻദിക്കുകളിൽ 'ചന്തംചാത്തു്' എന്നും പറയും.) അന്തംചാത്തുന്നതു കരയിലെ ക്ഷുരകൻ ആണു്. അമ്പട്ടൻ, വിളക്കിത്തലയൻ, പ്രാണോപകാരി എന്നെല്ലാം പേരുകളും ക്ഷുരകനുണ്ടു്. 'പതിനമ്പരിഷമാളോർ', 'പതിനമ്പരിഷയച്ചന്മാർ' എന്നെല്ലാം വേണം വിളക്കിത്തലയനും അമ്പട്ടനും നസ്രാണിമാപ്പിളമാരേ സംബോധനചെയ്യാൻ. (പതിനേഴ പരിഷക്കു് ഉടയവൻ എന്നത്ഥം?) "പതിനമ്പരിഷമാളോരോട ചോദിക്കുന്നു—അന്തംചാത്താൻ കയററിയിരുത്തട്ടെ" എന്നു മൂന്നുപ്രാവശ്യം ക്ഷുരകൻ സദസ്യരോട ചോദിക്കണം. അതിൻെറശേഷം കത്തിയെടുത്തു ക്ഷൗരം ചെയ്യും. 'കോതുവെട്ടുക' എന്നാണു് ആ ക്ഷൗരത്തിനു പറയുന്നതു്. കല്യാണംവരെ മുഖംവടിക്കുക പണ്ടു പതിവില്ലാത്തതാണു്. അന്തംചാത്തുകഴിഞ്ഞു വരൻെറ കുളിയായി. വരനു് അന്തംചാത്തു

ന്നതുപോലെ വധുവിൻെറ ഗൃഹത്തിൽ 'മൈലാഞ്ചിയിടൽ' എന്നൊരു സമ്പ്രദായവും പണ്ടുണ്ടായിരുന്നു. ഇപ്പോഴും തെക്കുംഭാഗരുടെയിടയിൽ അതു നടപ്പുണ്ട്. 'മറുതോന്നി' എന്ന ചെടിതന്നെ മൈലാഞ്ചി. ഈ സമ്പ്രദായം തമ്പുരാക്കന്മാരുടെ പള്ളിക്കെട്ടിനും ഉള്ളതാണല്ലോ. ഈ ചടങ്ങു കഴിഞ്ഞാൽ വധുവിനെ എണ്ണതേപ്പിച്ചു കുളിപ്പിക്കയായി.

കുളി കഴിഞ്ഞു വരൻ സദസ്സിൽ പ്രവേശിക്കും. അപ്പോഴാണു 'മധുരം' കൊടുക്കുന്നതു്. അപ്രകാരംതന്നെ വധുവിൻെറ വീട്ടിലും മൈലാഞ്ചിയിടൽ കഴിഞ്ഞു പെണ്ണിനു ഫലഹാരം കൊടുക്കും. മേൽവിവരിച്ച ഓരോ ഘട്ടത്തിലും പാടേണ്ട പാട്ടുകൾ പ്രത്യേകമായിട്ടുണ്ട്. അതിനെല്ലാം മുമ്പായി ഹിന്ദുക്കളുടെ സരസ്വതിപൂജപോലെ ഒരു മംഗളഗാനവും ഉണ്ട്. ആ പാട്ടിൻെറ പേർ 'മാത്തോമ്മാൻ' എന്നാണു്. മലങ്കരാധിപനായ മാത്തോമ്മാശ്ലീഹായെ സ്മരിച്ചിട്ടു വേണമല്ലോ മലങ്കരനസ്രാണികളുടെ എല്ലാ ക്രിയകളും ആരംഭിക്കാൻ.

***മാത്തോമ്മാൻ***

"മാത്തോമ്മാൻ നന്മയാലൊന്നു തുടങ്ങുന്നു—
നന്നായ്‌വരേണമേയിന്നു്
ഉത്തമനായ മിശിഹാ തിരുവുള്ളം—
ഉണ്ടെയെഴുന്നള്ളവേണം.
കന്തീശാനായനെ[1]ഴുന്നള്ളിവന്നീട്ടു—
കർപ്പൂരപ്പന്തലകമേ.
കൈക്കുപ്പിനേൻനു ഞാൻ പെററുവളത്തോരു—
കന്നിമകളേ ഞാൻ നിന്നെ
തോളും തുടയും മുഖവും മണിമാറും—
യോഗത്താലേ പരിശുണ്ടു്
എൻെറ മകളെ പരമേററി[2]വച്ചോളും—
എൻമനസോ പതറുന്നു.
നെല്ലുമാനീരും പരമേററിവച്ചാറെ—
എൻമനസ്സോ തെളിയുന്നു.
ചെമ്പകപ്പൂവിൻനിറം ചൊല്ലാം പെണ്ണിനു—
ചെമ്മേയരുൾപെററ പെണ്ണു്.
പെണ്ണിനെക്കണ്ടവരെല്ലാരും ചൊല്ലുന്നു—
ഈയുലകിലവൾക്കൊത്തവരില്ലാ.
നല്ലൊരുനേരം മണർകോലം പുക്കാറെ—
നന്നായ്‌വേണമിതെന്നു്
കാരണമായവരെല്ലാരുംകൂടീട്ടു്—
നന്മവരുത്തിത്തരേണം.
ആലാഹാനായനും അയ്‌പൻമിശിഹായും—
കൂടെത്തുണയ്ക്കയിവക്കു്."

---

1 കന്തീശാ=പരിശുദ്ധൻ, നായൻ=പുത്രൻ(പുത്രനായ ദൈവം). 2 ഭരമേററി.

ഈ മംഗളഗാനം ഓരോ ചടങ്ങിൻേറയും ആരംഭത്തിൽ പാടാനുള്ളതാണ്. അതിന്റെശേഷം ഓരോ ഘട്ടത്തിന്നും പ്രത്യേകം യോജിച്ച പാട്ടുകൾ പാടും.

*അന്തംചാർത്തുപാട്ട്*

''മാറാനീശോപതവിയിലെ മണക്കോലപ്പുതുമ കാണ്മാൻ
കുറാനബന്ധുക്കളും ഗുണമുടയ അറിവാളാരും
അപ്പനോട്ട് അമ്മാവന്മാരയലാരും ബന്ധുക്കളും
തേറാന ധനത്തെയൊത്തു വേഗമോടെ തൻപിതാക്കൾ
മാറാനേ മുൻനിറുത്തി മാർഗ്ഗമാനനാൾകുറിച്ചു
നാൾകുറിച്ചു ദിവസമതിൽ മുഴക്കപ്പൂശി ഭംഗിയോടെ
നിറത്തോടൊത്തങ്ങിരിക്കുന്നേരം പാടിക്കളിക്കും ബാലകക്ക
കോൽവിളക്കും പാവാടയും അന്തംചാർത്തി നീരുമാടി
നിന്നവർ കുരവയിട്ടു നെല്ലുമിട്ടുനിറവുവന്നു
തകിൽനാദം കൊമ്പുവിളി മററുമുള്ള ഘോഷമായി
ഇടിയലറും വരവുകണ്ടാൽ പുലരുംമുമ്പേപള്ളിക്കകം
ഉണ്മയിലിരുന്ന പെണ്ണിനെ ഒളിവിൽവച്ചു വെളിവതാക്കി
മങ്കയേനെ കൊണ്ടുചെന്നു മണവാളനരികെയിരുത്തി
ബുദ്ധിക്കൊത്ത കത്തങ്ങളും ബോധമുള്ള ചെമ്മാച്ചന്മാരും
മന്ത്രകോടി മടിയിലിട്ടു മാർഗ്ഗമായ വചനം ചൊല്ലി
വചനം ചൊല്ലി തൊട്ടു താലി മാർഗ്ഗമായി കെട്ടിനാലേ
കാലാലെ വേഗമോടി കനകമൊത്തങ്ങകമ്പടിയും
വായിലെ മൊഴികൾ ചൊല്ലി പലതരത്തിൽ ബാലകക്ക
തകിൽനാദം കൊമ്പുവിളി മററുമുള്ള ഘോഷമായി
ഇടിയലറും വരവുകണ്ടാൽ ഇരുളുംമുമ്പേ പന്തൽക്കകം
നെല്ലും നീരും വിളക്കുമായി അമ്മായി വന്നങ്ങെതിരേററു
ബാലകരെ കൊണ്ടുചെന്നു മണക്കോലം പുക്കവാറെ.''

(ഇതിൽ കല്യാണത്തിൻെറ വിവിധചടങ്ങുകളുടെ ഒരു ചുരുക്കം കൊടുത്തിട്ടുള്ളതു് എത്രയും പ്രയോജനകരംതന്നെ.)

*മൈലാഞ്ചിപ്പാട്ട്*

ആദംചരിത്രമാണ് ഇതിലെ കഥാവസ്തു. മൈലാഞ്ചിയുടെ സാരവും അതിൽനിന്നു വെളിവാകും. ചില ഭാഗങ്ങൾമാത്രം ഇവിടെ ചേക്കുന്നു.

''ആദത്തെ നായൻ* മലയൊക്കെ നോക്കിനാൻ
ഹവ്വാ മനയാളുംകൂടെ മലമീതേ
മരതകമുത്തുവിളങ്ങും മലമീതിൽ
മൈലാട്ടംപോലെ വിളങ്ങുന്ന ഭാര്യയേ
അഞ്ചും മൈലേപ്പോലെ അഞ്ചേണം മൈലേ നീ
മൈലാഞ്ചിയില്ലാഞ്ഞകാരണം തോഴിമാർ

* നായകൻ.

ആ മരമൂട്ടിലൊളിച്ചവരിരുവരും
അപ്പഴേ നായനെഴന്നള്ളിവന്നിട്ട
പണ്ടുപറഞ്ഞൊരാത്തോരാദത്തും ഭാര്യയാം
ഹവ്വാമനയാളെ നായൻ കൊട്ടത്തപോൽ
അന്നന്നു കന്നിമാർ മംഗല്യം വാഴവാൻ
പച്ചിലമൈലാഞ്ചികൊണ്ടു പൊതിയേണം
കയ്യാലെ കായും പറിച്ചൊരുകാരണം
കൈപ്പടംതന്നിൽ പൊതിയുന്നു മൈലാഞ്ചി
കാലാൽ നടന്നു കനിതിന്നകാരണം
കാൽനഖംതന്നിൽ പൊതിയുന്നു മൈലാഞ്ചി
അസ്ഥിമേൽ മണ്ണു പൊതിഞ്ഞൊരുകാരണം
കൈപ്പടംതന്നിൽ പൊതിയുന്നു മൈലാഞ്ചി
അന്നവർ നാണിച്ചൊളിച്ചൊരുകാരണം
ഇന്നിങ്ങു പിള്ളേരൊളിച്ചുനടപ്പതും
മൈലാഞ്ചിമൂലാലെ പിഴവന്നകാരണം
മൈലാഞ്ചിയിട്ടല്ലൊ നൂൽക്കൂട്ടമാറൊള്ളു
നീതികൊട്ടത്തപോലിന്നിങ്ങു പിള്ളേർക്കു
എന്നേക്കും നീതി കൊട്ടക്കണം നായകാ.

(മട്ടുമാറി)

പിഴവഴിക്കു നിറമൊഴിഞ്ഞു തന്റെ നിറമകന്നപോലെ
മൈലാഞ്ചി തടവിയോർക്കു നിറപിഴച്ചതടയാളം
പച്ചമേനി മൈലാഞ്ചി ഇട്ട കൈകൾ ചുവപ്പവർക്കു
കുരുന്നുപിള്ളേർ വരുന്നയാണ്ടിലതിമുത്തുന്നീവഴക്കമെല്ലാം
വാഴടയ മൈലാഞ്ചി പൊരുളുടയ മൈലാഞ്ചി
ഗുണമുടയ മൈലാഞ്ചി കീർത്തിപെട്ട മൈലാഞ്ചി
..........................................
മൈലാഞ്ചിവരവുകാണ്മാൻ വരുവിനഹോ തോഴിമാരെ
കനകപഞ്ചരം മുരൾപഞ്ചരം കാണിക്കട്ടൊ തോഴിമാരെ
മുരശുമദ്ദളം തകിലുവാദ്യവും കേൾപ്പിനടോ തോഴിമാരേ
മരതകത്തൊട്ട കുരവയിത്തരം കേൾപ്പിനടോ തോഴിമാരേ
ആദമങ്ങു മയങ്ങിവീണു ഭാര്യതൻെറ കൈപിടിച്ചു
മൈലാഞ്ചിമണം കേട്ട മയങ്ങിവീണു മണവാളൻ
മൈലാഞ്ചിമണം കേട്ട മയങ്ങിവീണു മണവാട്ടി
കുരുന്നുപിള്ളേർക്കരുൾതരിക ഈശോനായൻ, തമ്പുരാനേ.''

(ഈ മൈലാഞ്ചിയിടൽ പശ്ചിമേഷ്യായിൽ മാത്രമല്ല കേരളത്തിൽ ഹിന്ദുക്കളുടെയിടയിൽത്തന്നെയും നടപ്പുള്ളതാണല്ലോ).

***അയനിയെടുക്കൽ***

ഞായറാഴ്ച രാവിലെ മണവാളൻെറ സഹോദരി മിന്നും, മന്ത്രകോടിയും ഒരു പാത്രത്തിലും മറെറാന്നിൽ അയനിയപ്പവും വഹിച്ചുകൊണ്ടു

പള്ളിയിൽ പോക പതിവായിരുന്നു. ചില ദിക്കുകളിൽ വാദ്യഘോഷങ്ങളോട്ടുകൂടിയാണു പോയിരുന്നതു്. അയനിപ്പാട്ട ചരിത്രപ്രാധാന്യമുള്ള ഒന്നാകയാൽ അതിവിടെ ഉദ്ധരിക്കാം.

*അയനിപ്പാട്ട്*

"മാറാതെ വാഴടയോൻ മാറാനീശോമിശിഹാ[1]
മിശിഹാ തന്നരുളാലെ മാർയോഹന്നാനബ്ബൂനാൻ[2]
അബ്ബൂനാന്മാർ ഐവർകൂടി ദേശമാം കുറുകൊണ്ടു
ദേശമാം കുറുകൊണ്ടു നാലരും നാലുദിക്കിൽ
വന്നതിൽ മാണിക്യമാം മാർയോഹന്നാനബ്ബൂനാൻ
ബഗദാശിൽനിന്നു്പുക്ക കുർബാന ചെയ്യുവാറെ
കുർബാനപ്പരശ്ശുകൊണ്ടു മനമെഴന്നപ്പമെല്ലാം
മാറാൻെറ അപ്പമതിൽ അമ്പിനാൽ കുമ്പിട്ടേററം
ഗുണവാനാം പുരുഷനായ മാർയോഹന്നാനബ്ബൂനാൻ.

(മട്ടുമാറി)

മാർയോഹന്നാനബ്ബൂനാൻ അടികുമ്പിട്ടിരിപ്പാൻ
കന്തീശാപ്പള്ളി[3] നിലയാകെ നില്പാൻ
അയ്മേനി[4]യൊക്ക വിളിപ്പിച്ചുംകൊണ്ടു
മാഗ്ഗമറിയാതെ നിന്ന ജനത്തെ
മാഗ്ഗവുംപുക്ക കുറുബാനകൊണ്ടു
ദോഷത്തെ നീക്കി ഗുണം താ പെരിയോനെ."

15-ാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ ബഗ്ദാദിൽനിന്നു് കേരളത്തിൽ വന്ന അഞ്ച്യ മെത്രാന്മാരെയാണു പാട്ടിൽ പ്രതിപാദിക്കുന്നതു്. 1490-ൽ കൊടുങ്ങല്ലൂർനിന്നു് യൗസേപ്പു്, മത്തായി, ഗീവർഗീസ് എന്ന മൂന്നുപേർ കൽദായസുറിയാനി പാത്രിയക്കീസിൻെറ സന്നിധിയിൽ പോയി സങ്കടം പറഞ്ഞതിൻെറ ഫലമായി, ആ പാത്രിയക്കീസ് ആദ്യം മാത്തോമ്മാ, മാർ യോഹന്നാൻ എന്നു് രണ്ടു മെത്രാന്മാരേയും പിന്നീട്ടു് യാക്കോബു്, ദനഹാ, യബ്ആലാഹാ എന്നിങ്ങനെ വേറെ മൂന്നു മെത്രാന്മാരേയും ഇൻഡ്യയിലേക്കു നിയോഗിക്കയുണ്ടായി. അവരിൽ മാർ യോഹന്നാൻ ഉദയമ്പേരൂർ കന്തീശങ്ങളുടെ പള്ളിയിൽ താമസിച്ചു.

## കല്യാണദിവസത്തെ ഘോഷങ്ങൾ

പിറേറദിവസം (കല്യാണദിവസം) രാവിലെ വധുവിന്റെയും വരൻെറയും ഗൃഹങ്ങളിൽ വലിയ തിരക്കായി. പുറത്തു സദ്യയ്ക്കുള്ള വട്ടം ഒന്നങ്ങനെ. പന്തലിൽ മണക്കോലം ഉണ്ടാക്കി വിതാനിക്കുന്ന ശ്രമം ഒന്നങ്ങനെ. ഇതിലെല്ലാം പ്രധാനമായതു്, വധൂവരന്മാരെ വിശേഷവസ്ത്ര

---

1 മാറാൻ = പരിശുദ്ധൻ, holy one.
2 ആബ്ബൂനാൻ = holy man.
3 കന്തീശാപ്പള്ളി = ഉദയമ്പേരൂർപള്ളി.
4 അയ്മേനി = അൽമായർ, layman.

ങ്ങൾ ധരിപ്പിച്ചു് ആഭരണങ്ങൾ അണിയിക്കുന്നതിനു് അകത്തു നടക്കുന്ന ശ്രമമത്രേ. ഈ അലങ്കാരവിശേഷങ്ങൾ പല വട്ടക്കളിപ്പാട്ടുകളിൽ ഭംഗിയായി വിവരിക്കുന്നുണ്ടു്.

*എട്ടുത്തിര വട്ടക്കളി*

''എട്ടുദിശിയും വിളങ്ങിന മാത്തോമ്മാൻ
അരുൾപെട്ട മാന്യമണവാളപ്പിള്ളതാൻ
ഏററമരുൾപെററ കന്നിതാൻ വാഴ്‌വെല്ലാം
മണവാട്ടി തന്നുടെ തോഴിയുമായിട്ടു
പൊന്നും മുടിയും മുടിക്കീഴാഭരണവും
മററു കൈമോതിരം ഒക്കെയണിന്തുപോൽ
പേർപെററ മങ്ക കഴുത്തോലോരോതരം
പണിപ്പൊൻകൊണ്ടൊക്കെയലങ്കാരമായിട്ടു
പൊക്കമെഴകിയ സിംഹാസനത്തിന്മേൽ
ശിങ്കാരത്താലേയിരിക്കും പദവികൾ
പെൺമണിക്കാർകുഴൽ പൊൻമുടിയും പൊന്നും
പൂവാലണിന്തൊരു നെററിപ്പട്ടം ചാത്തി
ആദിത്യനേപ്പോൽ വിളങ്ങും മണവാളൻ
തന്നരികത്തൊരു തിങ്കളുദിച്ചപോൽ
ആക്കമില്ലാക്കും കൊട്ടപ്പവനേ നിൻെറ
കന്യകൾ രണ്ടിനേ കാത്തുകൊള്ളേണമേ
കുത്തിയുട്ടത്താപ്പുതുപ്പട്ടതിൻമീതേ
വടിവോട്ടു പൂശുന്നു കളഭം കസ്തൂരികൾ
ഭുവനമതെല്ലാം വിളങ്ങുമിത്തോഴന്മാർ
കുത്തുകുഴ നാലും വെച്ച പൊന്നുംപൂവും
പത്തുവിരൽക്കും നിരന്ത പൊന്മോതിരം
പാലുപോൽ തങ്കം വിളങ്ങും തലവവും
പത്തുമിരുപതും തരുണികളകമ്പടി
പാട്ടും കുരവയലങ്കാരത്തോടായി
എത്തിനാർ പന്തലിൽ മെല്ലെമെല്ലെചെന്നു്
വെച്ച പെരുന്തിരിയൊക്കെ ജ്വലിപ്പിച്ചു
പന്തലകത്തങ്ങു പുക്കവരെല്ലാരും.''

'മററൊരു വട്ടക്കളി'യിലും ഈ അലങ്കാരങ്ങൾ രസകരമായി വിവരിച്ചിട്ടുണ്ടു്.

''വേണ്ടും ജനത്തോട്ടു കല്യാണം കേൾപ്പിച്ചു
വേണ്ടും തരങ്ങളുമെല്ലാം വരുത്തിട്ടു
നല്ല സുഗന്ധവർഗ്ഗങ്ങളുമങ്ങനെ
നീരാളംകൊണ്ടുള്ള കുപ്പായമങ്ങനെ
നല്ലൊരു വില്ലൂസിൻചട്ടയുമങ്ങനെ
ദമ്പതിമാരവർ തോഴരുമായിട്ടു

വസ്ത്രമണിഞ്ഞങ്ങു യാത്ര തിരിച്ചവർ
നല്ലവിളക്കും നഗരിയിലിണ്ണങ്ങരും
ശില്പപ്പണിപ്പൊന്നുമൊക്കെയണിഞ്ഞാരേ
നല്ല കുരിശ്ശും പണമാലയിട്ടാറെ
ഏററം വിലയുള്ള പത്താക്കു* കോർമ്പലും
വില്ലിട്ട കാശ്ശുകൾ, മാലകളങ്ങനെ
മാണിക്യക്കല്ലിനോടൊത്തൊരു രത്നങ്ങൾ
കാതിലലകനരുക്കമണികളും
കാതിൽകനകങ്ങൾ കൈവളമോതിരം
പൊൻമുടിയും നല്ല് പൊൻപൂവും ചൂടീട്ട
ആലവട്ടം നല്ല വെഞ്ചാമരങ്ങളും
ഇങ്ങനെ ഘോഷമായ് പള്ളിയകം പുക്ക്
നേർച്ചയും കാഴ്ചയും നന്നായി ചെയ്യിട്ട
പട്ടക്കാരൻ വന്നു കൈയും പിടിപ്പിച്ചു
മംഗല്യകർമ്മങ്ങളെല്ലാം തികഞ്ഞിട്ട്
ഘോഷത്തോടെയവർ യാത്ര പുറപ്പെട്ടു
പാട്ടും കുരവയും വാദ്യദ്ധ്വനികളും
അഭ്യാസക്കാരവർ ചാടിമറിയുന്നു
ഇങ്ങനെ ഘോഷമായ് പന്തലകം പുക്ക്
ദമ്പതിമാരെ മണർക്കോലമേററീട്ട്
എല്ലാരും പന്തലിൽ മോദാലിരിക്കുന്നു
പൊന്നുംതളികയിൽ വെച്ചോരു വെററില
കൂടിയവരൊക്കെ വാങ്ങിച്ചു വെററില
വെള്ളിത്തളികമേൽ വെച്ചോരു വെററില
മങ്കമാർക്കൊക്കെ കൊട്ടക്കുന്നു വെററില
മരതകവീട്ടിൽ വിളങ്ങുന്ന വെററില
കെട്ടോടെ വാരി വിതറുന്ന വെററില
കല്യാണഘോഷം പറഞ്ഞാൽ മതിവരാ.''

ഇങ്ങനെ മണവാളൻ പുതുപ്പട്ടു കുത്തിയുടുത്തു കഴുത്തിലും കയ്യിലും പൊന്നാഭരണങ്ങൾ ധരിച്ചും തലയിൽ പൊൻമുടിവച്ചും മണവാട്ടി പത്തുകൈയിലും മോതിരവും കാലിൽ പൊൻവളയും കഴുത്തിൽ പത്താക്കമാലയും കാതിൽ കാതിലയും തലയിൽ പൊൻമുടിയും നെററിപ്പട്ടവും ധരിച്ചുകൊണ്ടും ആയിരുന്നു ദേവാലയത്തിലേക്കു പോയിരുന്നതു്. കളഭം കസ്തൂരി മുതലായവ എല്ലാക്കാലത്തും നസ്രാണികൾ ഉപയോഗിച്ചിരുന്നു. പെണ്ണുങ്ങൾ കണ്ണെഴുതാറുണ്ടായിരുന്നു.

''പെണ്ണും ചെറുക്കനുമായ് കണ്ണാടിമിന്നുംപോലെ
കണ്ണുമെഴുതി കുറി അഞ്ജനംകൊണ്ടു തൊട്ട്''

* പത്താക്കു് ഒരു സ്വർണ്ണനാണയം. ഇതു പണ്ടു് ഇററലിരാജ്യത്തെ പ്രസിദ്ധവാണിജ്യകേന്ദ്രമായ വെനീസിലെ നാണയമായിരുന്നു. വെനീസുകാർ ഇവിടെ കച്ചവടത്തിനായി വന്നിരുന്നു.

കൂടാതെ,

"കുന്തലഴിച്ചു തല കോന്തിയൊതുക്കിക്കെട്ടി
വേന്തൻമുടികൾവെച്ചു കാന്തികലരുംവണ്ണം"
(മംഗല്യം വട്ടക്കളി)

മണവാളനും മണവാട്ടിയും മുടിചൂടുന്ന സമ്പ്രദായം ഈ അടുത്ത കാലംവരെ ഉണ്ടായിരുന്നതാണ്. സ്ത്രീകൾ ധരിക്കാറുണ്ടായിരുന്ന 'പൊന്നിൻപൂവ്' തൊടുപുഴ അടുത്തുള്ള ചുങ്കത്തുപള്ളിയിൽ ഇപ്പോഴും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. 'വേന്തൻമുടികൾ' എന്നു പറഞ്ഞിരിക്കുന്നതു് ആ മുടി ചേരമാൻപെരുമാൾ ക്നായിത്തൊമ്മൻമുതലാളിക്കു കൊടുത്തതാകയാലാണ്. ക്നായിത്തൊമ്മനു പെരുമാൾ പൊൻമുടി സമ്മാനിച്ച സംഗതി പ്രസിദ്ധമാണല്ലോ. ഈഴത്തുനാട്ടിലേയ്ക്കു് ഓടിപ്പോയ നാങ്കുടി പരിഷക്കാരെ തിരിച്ചു കൊണ്ടുവന്നപ്പോൾ കൊടുത്ത സമ്മാനമാണതു്. (അദ്ധ്യായത്തിൻെറ അവസാനഘട്ടം കാൺക.)

കല്യാണദിവസം രാവിലെ ഇപ്രകാരം സർവ്വാലങ്കാരഭൂഷിതരായി വധൂവരന്മാർ സ്വസ്വഗൃഹങ്ങളിൽനിന്നു്, അച്ഛനമ്മമാരുടെ ആശിസ്സു വാങ്ങിച്ചുകൊണ്ടു്, പള്ളിയിലേയ്ക്കു ഘോഷയാത്രയായി തിരിക്കും. മുൻകാലങ്ങളിൽ ഒരുവിധം നിലയുള്ള കുടുംബങ്ങളിലെ വിവാഹയാത്രയിൽ വരൻ പല്ലക്കിലോ ആനപ്പുറത്തോ ആണു പ്രയാണംചെയ്തിരുന്നതു്. വിവാഹം കഴിഞ്ഞു തിരിച്ചുപോരുമ്പോൾ ഘോഷയാത്രയുടെ പ്രതാപം വർദ്ധിക്കും. മുമ്പിൽ വാളും പരിചയും ധരിച്ച അകമ്പടിക്കാർ നടക്കും. പഞ്ചവാദ്യങ്ങൾ, കുരവ, കുന്തപ്പയറ്റു്, ഞാണേൽദണ്ഡിപ്പു്, വെഞ്ചാമര, മേത്തരം കുടകൾ മുതലായവയും ഉണ്ടായിരിക്കും. ഈ ചടങ്ങുകളിൽ മിക്കവയും ബ്രാഹ്മണപൂർവ്വന്മാരിൽനിന്നു നസ്രാണികൾക്കു ലഭിച്ചിട്ടുള്ളതായിരിക്കണം.

"പുരസ്താച്ച പ്രതിഷ്ഠേരൻ പദികാഃ ഖഡ്ഗപാണയഃ
ദാസീരുഭയതഃ കൃത്വാ വഹേയുസ്താഞ്ച വാഹകാഃ"
(ശാങ്കരസ്മൃതി)

(അർത്ഥം:—വാൾക്കാർ കാൽനടയായി മുമ്പിൽ അകമ്പടികൂട്ടും. ദാസിമാരെ ഇരുപുറത്തും അണിനിരത്തിയിട്ടു പോണ്ടന്മാർ പല്ലക്കു വഹിക്കും.)

വടക്കൻദിക്കുകളിൽ പ്രചാരത്തിലുള്ള 'മംഗല്യഗീത' എന്ന കൃതിയിൽ കല്യാണം ഇങ്ങനെ വിവരിക്കപ്പെടുന്നു:

"മെല്ലെയിരുവരേയും പല്ലക്കിലങ്ങെടുത്തു
നല്ല തോഴിമക്കാരങ്ങെല്ലാവരുമടുത്തു
മെല്ലെ നടന്നവർകൾ കല്യാണഘോഷത്തോടെ
കൊട്ടും കുഴൽവിളിയും ഇഷ്ടപ്രകാരത്തോടെ
താളംപിടിച്ചു നല്ല വാളും പരിചക്കാരും
മേളം തെളിഞ്ഞു നല്ല കാളം കുഴൽവിളിയും."

വധൂവരന്മാർ പടിക്കൽ എത്തുമ്പോൾ നിലവിളക്കു വയ്ക്കുകയും ദാസിമാർ താലപ്പൊലി എടുത്തു് എതിരേൽക്കുകയും ചെയ്യുന്ന ബ്രാഹ്മണ

മുറ (വിശേഷിച്ചു വടക്കുംഭാഗം) നസ്രാണികളും സ്വീകരിച്ചിരുന്നു. മംഗല്യഗീത ഇപ്രകാരം പ്രസ്താവിക്കുന്നു:

''വെള്ളിവിളക്കു വെളുക്കെത്തുടച്ചിട്ടു നറു–
നെയ്യും കോരിപ്പകർന്നു
എല്ലാത്തിരക്കും തിരുമുമ്പിൽ കാണ്മാൻ ഇരു–
പത്തൊന്നല്ലോ വിളക്ക്
പൂമങ്കതോഴിമാരാടീട്ടും പാടീട്ടും പ–
ന്തൽക്കകമേ പുറമേ
നെല്ലും നീരും വീഴ്ത്തി വരമേറെറാരമ്മായി
കയ്യും പിടിച്ചങ്ങിരുത്തി.''

## കല്യാണദിവസത്തെ പാട്ടുകൾ

വധൂവരന്മാരെ പന്തലിലേക്ക് എതിരേററു മണക്കോലത്തിൽ ഇരുത്തിക്കഴിയുമ്പോൾ പാട്ടും പഞ്ചവാദ്യങ്ങളും പൊടിപൊടിക്കും. 'മധുരം കൊട' എന്നൊരു ക്രിയ ഉടനേതന്നെ കഴിയണം. അതു കഴിഞ്ഞാൽ സ്ത്രീകൾ കൂട്ടംകൂട്ടമായി ചേർന്നു പാട്ടുകൾ പാടുകയും ചിലപ്പോൾ ആടിക്കളിക്കയും ചെയ്യും. ഇങ്ങനെ പാടുന്ന പാട്ടുകൾ 'മാത്തോമ്മാൻ', 'എട്ടുത്തിര വട്ടക്കളി', 'മുന്നംമലങ്കര', 'പന്തൽപാട്ടു'', 'വാഴപ്പാട്ടു'', 'നല്ലോരോരോശലം', 'ഇന്നു നീ ഞങ്ങളെ', 'പൊന്നണിന്തീട്ടും' എന്നിവയും പലേതരം വട്ടക്കളികളും ആണ്. മേൽപറഞ്ഞ പല പാട്ടുകളിലും വിലയേറിയ ചരിത്രവിവരങ്ങൾ ഉണ്ടു്. അവയുടെ രചനാകാലം നിശ്ചയിക്കാൻ നിവൃത്തിയില്ല. ഭാഷ സാമാന്യം പഴക്കമുള്ളതാണെന്നു സംശയമില്ല. സംസ്കൃതപദങ്ങൾ ചുരുക്കവും പഴയ മലയാളപദങ്ങൾ അധികവും ആയിക്കാണുന്നു. പറങ്കികളിൽനിന്നും സിദ്ധിച്ച ചില പദങ്ങളും അപൂർവ്വമായി ഉണ്ടു്. എന്നാൽ ആ കാരണംകൊണ്ടു മൂലകൃതി പറങ്കികൾ വന്നശേഷം ഉണ്ടാക്കപ്പെട്ടതാണെന്നു വരുന്നില്ല.

പാട്ടുകളിൽ പലതിന്റേയും പ്രതിപാദ്യവിഷയം ക്രി. 345–ൽ ക്നായിത്തോമ്മാ കൊടുങ്ങല്ലൂരിൽ കുടിയേറി മഹാദേവർ പട്ടണത്തു് ആസ്ഥാനമുറപ്പിച്ച കഥയും പിന്നീടു വന്ന മെത്രാന്മാരുടെ വൃത്താന്തങ്ങളും ആണ്. തെക്കുംഭാഗം (ക്നാനായ) നസ്രാണികളുടെ കല്യാണങ്ങളിലാണ് ഈ പാട്ടുകൾക്കു പ്രാധാന്യം.

*'നല്ലോരോരോശലം'*

''നല്ലോരോരോശലം* തന്നിൽ നഗരിയിൽ
മരതകമുത്തു വിളയുന്ന നാട്ടില്
മൈലാട്ടംപോലെ വിളങ്ങുന്ന മന്നന്
പത്തരമാററിന് നിറമേനി ചൊല്ലാമെ.

---

* ജറുസലം. ഓറോശലം എന്നു പണ്ടു മലയാളത്തിൽ പറഞ്ഞിരുന്നു. 'ഊർശ്ലേം' എന്നും കാണുന്നുണ്ടു്. ഈ പേർ തമിഴ്മയമായി തോന്നുന്നതിൽ അത്ഭുതമില്ല. തമിഴും ഹെബ്രായയും ഒരു മൂലഭാഷയിൽ (Semitic) നിന്നാണെന്നഭിപ്രായമുണ്ടു്.

ചീനക്കുഴൽപോലെ ചിന്നുന്ന മന്നന്
മാറ്റ്ത്തിലെരിവൊട്ടും കുറവില്ല മന്നന്
മാലനാട്ടു വാഴുവാൻ പോകണം മന്നന്
ബാവാടെ കല്പനയാലെ പുറപ്പെട്ടു
യാത്ര വിധിച്ചുടനനുവാദവും വാങ്ങി

(ലയംമാററം)

അതുകൊണ്ടു കുലങ്ങളിലമൃശങ്ങൾ കൊട്ടത്തു
പലകൂട്ടം കാതോലിക്കാപ്പതവികൾ കൊട്ടത്തു
രാജവാദ്യത്തോടേ യോഗ്യതയാൽ നടത്തി
ശുദ്ധമാനതൃക്കയ്യിലെപ്പുസ്തകവും വാങ്ങി.''

*'മുന്നംമലങ്കര'*

''മുന്നം മലങ്കര കുടിയേറുവതിന്നാലെ
തൊമ്മൻ കിനാനെന്ന ദേഹം മുതിന്നവാറെ
അരചമക്കളെന്ന്യൊമ്പതും കൂടിപ്പുകിന്തു്
കുടിയാരുത്തമരാകുമിവർ നാലുനൂറും
കാതോലിക്കായരുളാലേ കപ്പൽ പുകിന്തു
പുക്കിനാർ ചേരക്കോനെക്കണ്ടു പരിചധികമായ്
പൊന്നും പവിഴം മുത്തുംവെച്ചു രാജ്യംകൊണ്ടാറെ.''

ഈവിധം നാലാം നൂററാണ്ടിൽ ഇവിടെ കുടിയേറിപ്പാർത്ത നസ്രാണികൾ സ്വദേശത്തുനിന്നു പോന്നപ്പോൾ ബന്ധുമിത്രാദികളോടു വിട പറയുന്നതായിക്കാണുന്ന ഭാഗം സരസമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു:—

''ചട്ടയും മുട്ടാക്കും[1] കൊന്ത തലമുണ്ടും
ചങ്ങല കൈവള ചന്തമാം സ്ലീബായും[2]
ചന്തമായുള്ളോരു കോപ്പുകൾ കൂട്ടീട്ട്
കൂട്ടം കുടപിടിച്ചോട്ടേടം ചെന്നപ്പോൾ
കപ്പലേൽ കേറുവാൻ കടപ്പുറം പുക്കാറെ
ഉററവരുടയവർ ബന്ധുക്കളെല്ലാരും
തങ്ങളിത്തങ്ങളിലമ്പൊട്ടു തഴുകുന്നു.
മാപ്പ്ളത്തു കണ്ണുനീർകൊണ്ടു നനയുന്നു
തമ്പുരാനല്ലാതെയില്ലൊരു സാക്ഷിയും
മക്കളെക്കാണുമോ ഹിന്തുവിൽ[3] പോയാലും
ബന്ധങ്ങൾ വേർപെടാതോക്കണമെപ്പൊഴും
'പത്തുമൊരേഴ്'[4]മതെപ്പൊഴും ചിന്തിപ്പിൻ
പാട്ടമറിയാതിരിക്കണം നിങ്ങളും.

1 മുട്ടാക്ക് =മൂടുപടം 2 സ്ലീബാ=കുരിശു്.

3 ഹിന്തോ, ഹിന്ദു, എന്നിങ്ങനെയായിരുന്നു പശ്ചിമേഷ്യായിൽ ഇൻഡ്യയുടെ പേർ.

4 പത്തുമൊരേഴ്=പത്തു പ്രമാണങ്ങളും ഏഴു കൂദാശകളും.

തമ്പുരാൻതൻെറ മനോഗുണംകൊണ്ടിട്ട
കപ്പലൊരു മൂന്നുമൊന്നായിട്ടോട്ടുന്നു.''

കൊട്ടങ്ങല്ലൂർ വന്നതിൻെറശേഷമുള്ള സ്ഥിതി പല പാട്ടിലും സവിസ്തരം വിവരിക്കുന്നുണ്ട്. ഒരു സംക്ഷിപ്തവർണ്ണനം ഇപ്രകാരമാണ്:

''വേദപതവികൾ ഞങ്ങൾക്കു വേണ്ടുവോളം നൽകീതേ
ചേരക്കോൻപെരുമാളങ്ങു ചെപ്പേടൊന്നു[1] കുറിച്ചീതേ
ചെന്നു മന്നൻ കണ്ടു നിലം ദാനമങ്ങു നൽകീതേ
മാറാൻ വന്നു പിറന്നശേഷം 'ശോവാലെന്ത'[2]കാലത്തിൽ
മാനവൻ ക്നായിത്തൊമ്മൻ ചെമ്പേടങ്ങു വാങ്ങിച്ചു
താശിയോടെ തച്ചവർ വച്ചു പള്ളി പട്ടണം.''

*വാടിമനം വട്ടക്കളി*

ക്നായിത്തോമ്മാ മകോതേവരിൽ പട്ടണം പണിയിച്ച ചരിത്രമാണ് ഈ പാട്ടിലെ കഥാവസ്തു.

''വാടിമനം മകോതേവരിലവർ കണ്ട ക്നാവോ
ഓമനപതിയെ കാൺമാൻ വഴിതേടി നടന്നു ഞാൻ
കടൽതന്നിലിരുന്നു ഞാൻ തരുതാസ്സുള്ള[3]യന്നു
കട്ടകവന്നടിയാരെ കരക്കൊൾക തമ്പുരാൻ
മുടിചൂട്ടും രാജിതം തിരുവുള്ളമേററു
മുത്തച്ചയാൽ കൊട്ടങ്ങല്ലൂർ നഗരം കണ്ടുയന്നു
തേടിവന്ന തിരുമെയ്യെയിതായെൻെറ തമ്പുരാൻ
വെളിച്ചപ്പെട്ടടിയാരെ കരക്കൊൾക തമ്പുരാൻ
അളവാലെ നിലംകൊണ്ടതറിയിപ്പാൻ വരുന്നേൻ
അഴകതായിച്ചെപ്പേട്ടും എഴുതിച്ചുകൊണ്ട്
കൊടികെട്ടി അറിയിച്ച അടിസ്ഥാനം പണിവാൻ
അൻപിനോടെ മത്തോമ്മാൻ പള്ളിയന്നു ചമച്ച്
കട്ടകപ്പൊയടിസ്ഥാനം പടത്തുകല്ലുയത്തി
കാരണമായ നിലവും പരിശോടെ നിരത്തി
കിടങ്ങും ഗോപുരം നാലും മതിലും മാളികയും
ചെരകോൻ പദവികൾ എഴപത്തുരണ്ടല്ലൊ
വെടി കൊട്ടു കുഴൽ ചിഹ്നം മുരശു മദ്ദളവും
തകിൽ പറകൊട്ടിച്ചു കുത്തുവിളക്കും പാവാടയും
അടപ്പിച്ചാൻ തുറപ്പിച്ചാൻ കിഴക്കു ഗോപുരം നാലും
വതും വൻപർ തരുതാസ്സുൾ ജനം തമ്മിൽ പിശകി
വടക്കു ഗോപുരംതൊട്ടു വടക്കുഭാഗം നഗരി
നാന്നൂറുകുടിയുണ്ട് വിരിഭങ്ങൾ അതില്

1 ചേരമാൻപെരുമാറം നസ്രാണികൾക്കു കൊടുത്ത ചെപ്പേട്.

2 ശേവാല-പരല്ലേരു്. ഇതനുസരിച്ചുള്ള വർഷം ക്രിസ്ത്വബ്ദം **345** ആണെന്നു പറയപ്പെടുന്നു.

3 തരിതാസ്സുകൾ—Tarissa—Orthodox Christians. See P. 64

കിരിയങ്ങൾ എഴുപത്തുരണ്ടല്ലൊ താവഴി
നഗരി കിനാനന്നു മതിലും മാളിക പൊന്നാലെ''

ഇവ കൂടാതെ കല്യാണദിവസത്തിലെ പ്രത്യേകക്രിയകളേ സൂചിപ്പിക്കുന്ന പാട്ടുകളും അന്നു പാടാറുണ്ട്. 'പന്തൽപാട്ടു' സ്ത്രീകൾ പന്തലിന്റെ വാതുക്കൽ നിന്നുകൊണ്ടാരംഭിക്കണം. മണക്കോലത്തിന്റെ സമീപം വന്നവസാനിക്കണം. അതിന്റെശേഷം വാഴപ്പാട്ടാണ്.

*പന്തൽപാട്ട്*

''ആദിയടിയാരെ ആക്കിയതും ചൊല്ലാം
അമ്പൻ മിശിഹാടെ നായകത്വംകൊണ്ടു
മാസവും നാളും വഴിയും വളമ്മയും
മാതാവു ചൊല്ലുന്ന മാര്ഗ്ഗംവഴികേൾപ്പാൻ
ചേലിലിവയെല്ലാം ചെൽവം പിരിയാതെ
ചേലഴകാൽ ഒരു തോഴനെ വേണ്ടുകിൽ
ഇപ്പടപ്പെല്ലാം ഉടലേൽ പണ്ണിതീന്നു

(മട്ടുമാററം)

മണവറ[1]യിൽ മരുവിട്ടും മങ്കതന്റെ കല്യാണം
കല്യാണപ്പന്തലിതു കാതലുള്ള പന്തലിതു
നല്ലമണപ്പന്തലിതു നാരിമേവും പന്തലിതു
ഇലകളിട്ടും പന്തലിതു കീത്തിപെട്ട പന്തലിതു
അവുധിച്ചുരുങ്ങീട്ടൊതുങ്ങുകിലോദിവസിനാലും കല്യാണം
ഗുണമുടയ വേദാമ്പർ[2] കൊള്ളുമൊരുകല്യാണം
നലമുടയമോക്ഷംതന്നിൽ വാഴുമൊരു കല്യാണം.''

*വാഴ്പ്പാട്ട്*

''വാഴ്വെന്ന വാഴ നിനക്കാകെ തന്നേൻ
നീയും നിന്റെ ഭത്താവും മക്കളുംകൂടെ
കാലം പെരുതായ് വാണിട്ടിരിക്കണം
വാഴ്വാന ഭൂമിയും ഫലമാകെത്തന്നേൻ
പങ്കിട്ടു നിൻമക്കൾ കൊള്ളുകയെന്നേകി
വീഴാതെ ശെൽവവും വിരിവുമതെല്ലാം
വിരിവാന വാഴ്വ്[3]തെല്ലാം നിനക്ക്
വിത്താലിരട്ടിപ്പതെല്ലാം നിനക്ക്
അടിയാക്കടിമകൊടുപ്പതും താനേ
അരുളാൽ പെരുമകൊടുപ്പതും താനേ
തിരുവുള്ളമാന വഴിയെ നടപ്പാൻ
മുടിചൂട്ടുമാറു പെരുമ കൊടുത്തു

---

1 കല്യാണാവസരത്തിൽ മണവാളനും മണവാട്ടിക്കുംവേണ്ടി പ്രത്യേകമായി അലങ്കരിച്ച മുറി.

2 വേദാമ്പർ = ദിവ്യന്മാർ. 3 വാഴ്വ് (വാഴ) = ആശീർവാദം.

ധനവതിയെന്ന ശ്രീയെ കൊട്ടത്തു
താനൊരു നന്ദിയണച്ച്യും വെച്ചു
കാരണോർതാൻപെററ വാഴവതെല്ലാം
പെരിയോനരുളാലെ നിങ്ങൾക്കാകയെന്ന്
അപ്പഴോ പെട്ടിയെട്ടത്തുതുറന്ന്
ആഭരണത്തെ പെരിയത്താൻവാങ്ങി
ഉൽപനയൊത്ത മുറയാമപ്പൊ നാം
ഓരോന്നും നോക്കി തരം കണ്ടവാറെ
ഇമ്പമായുള്ള വളകളുമിട്ടിട്ട
ഇപ്പോളേയ്ക്കിത്രവേണ്ടവതെന്നു
ശില്പപ്പണിപ്പൊന്നമൊക്കേയണിന്തോനേ
കല്പനയായുള്ള ഭത്താവു മുന്നിൽ
കായമരംപോലെ നിന്നേൻ അടിയൻ
കാൺമാൻകൊതിച്ചു പലനാളിരുന്നേൻ
നിന്നെ ഞാൻ പാലിലെ വെണ്ണ കണക്കെ
ദിവസവും നെഞ്ചിൽ കലന്നങ്ങിരിക്കേ
പെൺപിള്ളേർ പൊട്ടുന്ന പാട്ടുകൾകേട്ടിട്ട
ബാവായ്ക്കുമുമ്മായ്ക്കും തിരുവുള്ളമായി
ഏററമതേററവും പെരിയൊരുനാളെ
തിരുവുള്ളമായ വഴിയെ നടപ്പാൻ
മാർയാക്കോവാബുനാൻ തൻകൃപകൊണ്ട
ത്രിയേകനാഥനാം തമ്പുരാനെ
അനുഗ്രഹം നൽകണമിവക്കെന്നേയ്ക്കും.''

കല്യാണദിവസം അവസാനമായി പാടുന്ന പാട്ട് ''പൊന്നണിന്തീട്ടം'' എന്നാരംഭിക്കുന്ന രസകരമായ ഗാനമാണ്.

*''പൊന്നണിന്തീട്ടം''*

''പൊന്നണിന്തീട്ടം തണ്ടുകരേറി
മംഗല്യവേല കാൺമാൻ
വളർകോടി മുമ്പിൽ മുത്തണിന്തോനെ
വാട്ടവും വിശിമെയ്യേ
പിന്നണി മുന്നിലകമ്പടി നായൻ
നിൻവിളയാട്ടവും പാട്ടും''

(മട്ടമാറി)

''മുത്തു ചിഹ്നത്തോടു ചിത്രം നിരത്തീതേ
മുന്ത്രിങ്ങാമാണിക്യം പളുങ്കുനിരത്തീതേ
പച്ചവൈഡൂര്യം പവിഴം നിരത്തീതേ''

(മട്ടമാറി)

''സ്ലീവായിലേയിടയോർ മണിയിടയോർ നിരത്തീതേ
ചിത്തിക്കാകളും പൊന്നും പൂവേ നിരത്തീതേ.

കോവൽപഴക്കാനിറം ചൊല്ലുമിവർ മേനി
വാ കണ്ടാൽ നല്ല തത്തച്ചുണ്ടുനിറം തോന്നും
നീററിൽ കുളിച്ചെടുത്ത മുത്തിനൊളിവാലേ
നിലത്തടം കണ്ടവനേ എന്നെ മറന്നോനേ
ആലിൻതളിരുപോലെ ഇമ്പമുദരമുള്ളോനേ
നാളേറെച്ചെല്ലുന്തോറും നന്നായ്‌വരുന്നോനേ
കൊഞ്ചൽകിളികന്നിമാർ കനകമണിമാർകളും
ഏറെ നല്ലപങ്കുതരാം പട്ടുതരാം വന്നിരി
കുങ്കുമത്തിൻമണവാളൻതൻ വരവുകാൺമാൻ
ഏറിയോരു മേനിമേൽ കേറിയോനില്ലവളേ"

## അനന്തരപരിപാടി

കല്യാണദിവസം കഴിഞ്ഞാൽ രണ്ടു ദിവസത്തേക്കു പാട്ടുകളും ഊട്ടുകളും നടന്നുകൊണ്ടിരിക്കും. അന്നത്തെ സദ്യകളും പലഹാരവിതരണവും വധുവിൻെറ വീട്ടിൽനിന്നാണു്. ആ ദിവസങ്ങളിൽ മാർഗ്ഗംകളി, വട്ടക്കളികൾ മുതലായവ ഉണ്ടായിരിക്കും. നാലാംദിവസം വിശേഷവിധിയായി ചില ചടങ്ങുകൾ ഉണ്ടു്. 'അടച്ചുതുറ' എന്നതാണു പ്രധാനം. ആദ്യമായി വധൂവരന്മാരുടെ അഭ്യംഗസ്നാനമാണു്. അതു കഴിഞ്ഞാണു പാട്ടുകൾ പാടി 'അടച്ചുതുറ' നടത്തുന്നതു്.* അന്നു കുളിക്കാൻ എണ്ണ പകരുമ്പോഴും, കുളിക്കുമ്പോഴും പ്രത്യേകപാട്ടുകൾ പാടേണ്ടതുണ്ടു്.

*"എണ്ണപ്പാട്ടു്"*

"ആദിപെരിയോൻതൻെറ ഏകയരുളാലെ
അൻപുററ മണവാളനും പെൺകൊടിയുമായി
പാതിയൊരുചേല കൊണ്ടൊരുമ്പാടായുടുത്തു
നീതിയോടെ അവർ പോയി പന്തലിലിരുന്നു
ചിക്കനെ മുത്തുന്നുവന്നമ്മാവി എണ്ണതേച്ചു
ശില്പമോടെ നീരുമാടി ചേലയും പകന്നു
ചുററുംനിന്ന പെൺകൊടിമാർ വാഴ്ത്തുരവയിട്ടു
അവർ തൻെറയമ്മ പെങ്ങൾ നെല്ലും നീരുംവച്ചു
ഒത്തുനിന്ന പെൺകൊടിമാർ കയ്യു പിടിച്ചുകേററി."

*"കുളിപ്പാട്ടു്"*

"കുന്നുകുഴിച്ചു കുളിക്കടവും തൊറന്തീതേ
മണ്ണുകുഴിച്ചു മണിക്കിണറും തൊറന്തീതേ
പൂവിട്ടകുന്തലും പൂവും നനഞ്ഞീതേ
പുഷ്പങ്ങൾ ചൂട്ടും തലയും നനഞ്ഞീതേ
ശംഖുകടഞ്ഞ കഴുത്തും നനഞ്ഞീതേ
ചന്ദനംതേച്ചുന്ന മാർവും നനഞ്ഞീതേ.

---

* മുൻകാലങ്ങളിൽ അടച്ചുതുറ കഴിഞ്ഞായിരുന്നു കുളിയും ഊണും എന്നും അഭിപ്രായമുള്ളവരുണ്ടു്.

ഭൂമിയോടൊത്ത പുറവും നനഞ്ഞീതേ
ആലിലക്കൊത്ത വയറും നനഞ്ഞീതേ.''

''പൊന്നുംകിടാരത്തിൽ നീർകോരി അവൻ കുളിച്ചു
വെള്ളിക്കിടാരത്തിൽ നീർകോരി അവൾ കുളിച്ചു
പട്ടുമുണ്ടു പട്ടുറുമാൽ വേണമെന്നു മണവാളൻ
പട്ടുപുടവ പണിച്ചട്ട വേണമെന്നു മണവാട്ടി.
ഓടത്തിൽച്ചന്ദനം വേണമെന്നു മണവാളൻ
താലത്തിൽ കസ്തൂരി വേണമെന്നു മണവാട്ടി.
പൊന്നുംമെതിയടിമേൽ മെല്ലെമെല്ലെ അവൻ നടന്നു
വെള്ളിമെതിയടിമേൽ മെല്ലെമെല്ലെ അവൾ നടന്നു.
അവനിരിക്കും മാളികമേൽ കുങ്കുമപ്പനിനീര്
അവളിരിക്കും മാളികമേൽ കളഭങ്ങൾ കസ്തൂരി.''

''അടച്ചുതുറപ്പാട്ട്''

''മങ്കതങ്കം മണവറയിൽ മണവാളൻ കതകടച്ചു
എങ്കുംപുകൾപെട്ടവനേ, എന്നുടയ മണവാളാ!
സന്തോഷാൽ മാവിതാനും തന്നുടയ മങ്കമാരും
താശി* യോടെ നീയടച്ച മണവറേടെ വാതൽ ചുററും.
പേരാരം പൂണ്ടൊരു പെരുംതായാർ വന്നു വാതൽമുട്ടി
മണിമോതിരക്കൈയ്യാലെ മാവിവന്നു വാതൽമുട്ടി
പൂമോതിരക്കൈയ്യാലേ നാത്തുൻവന്നു വാതൽമുട്ടി
ഉറെറാരു ചേടത്തി വന്നങ്ങുതവിയോടെ വാതൽമുട്ടി
പെററ തായാർ മണിവിളക്കും പിടിച്ചുവന്നു വാതൽമുട്ടി
വട്ടകക്കിണ്ടിയും തരാം വട്ടമൊത്ത താലം തരാം
കട്ടിൽതരാം മെത്തതരാം കണ്ടിരിപ്പാൻ വിളക്കുതരാം
പട്ടുചേല ഞാൻ തരുവേൻ ഭംഗിയൊത്ത മേൽവിതാനം
ഇഷ്ടമൊത്തോരെൻ വകയുമിതത്തിനോടെ ഞാൻ തരുവേൻ
ഒത്തവണ്ണം ഞാൻ തരുവേൻ ഒന്നിനും കുറവില്ലാതെ
എൻമകനേ മണവാളാ മണവറേടേ വാതൽതുറ
ഇത്രയും ഞാനഴതിരന്നേൻ നീയതേതുമറിയായോ
ചിത്തിരത്തിലൊത്തവനും ചിങ്കാരപ്പെൺകൊടിയും
പുത്തിയൊത്തോരിരുവരുമായ് പൊഴുതുമാണനിരനിരയാം
മണവാളനുറക്കമെങ്കിൽ തോഴർ വന്നു വാതൽതുറ
വാതൽതുറപ്പാൻ പുറപ്പെട്ടവിൻ നീരാട്ടുവാൻ നേരമായി.''

അടച്ചുതുറസ്സുള്ള ചടങ്ങുകൾ വടക്കുംഭാഗക്കു കൂട്ടതലായി ഉണ്ടെന്നാണു തോന്നുന്നതു്. മണവാളൻ കുളിച്ചുണ്ടുകഴിഞ്ഞു തോഴരുമായി 'മണവറ'യിൽ കയറി കതകടച്ചു ബന്ധിക്കും. അതു കഴിയുമ്പോൾ അമ്മാവിഅമ്മേ (വധുവിന്റെ അമ്മ) പല പാട്ടുകൾ പാടി വാതൽ തുറക്കാൻ വിനീതമായി അപേക്ഷിക്കും. അനേകം പാട്ടുകൾ പാട്ടുകയും പലതരം

* താശി=സ്നേഹം, കൂറ്.

ദാനങ്ങൾ (ഗോദാനം, സ്വർണ്ണദാനം, വസ്ത്രദാനം) വാഗ്ദത്തം ചെയ്കയും ഉണ്ടായശേഷമേ വാതൽ തുറക്കൂ. എത്ര ഉറക്കെ പാടിയാലും 'കേട്ടില്ല, കേട്ടില്ല' എന്നേ തോഴർ പറയൂ. ഇങ്ങനെ അമ്മാവിയമ്മയെ വളരെ വിഷമിപ്പിക്കാതെ കല്യാണം മോടിയാകയില്ലത്രേ. അതിനാൽ ''അമ്മാവിഅമ്മ നില്ക്കുക'' എന്ന ചടങ്ങു പാരം പരാധീനമായിട്ടാണു കരുതപ്പെട്ടിരുന്നതു്. കതകടയ്ക്കുമ്പോൾ ചില ദിക്കുകളിൽ പാടിയിരുന്ന പാട്ട്

''അക്കാലം ബാവായുമമ്മായുമായി
പുക്കിതു മോക്ഷമൊരാലയത്തിൽ.''

എന്നു തുടങ്ങുന്നതാണു്. അകത്തുനിന്നു പാടുന്ന വകയിൽ—

''അരചരിരിക്കുന്നനാൾ പെരിയോ-
രിരുവരുമായ് മണിയറയിൽ''

എന്നു തുടങ്ങുന്ന ഒരു പഴയ പാട്ടും കേട്ടിട്ടുണ്ടു്. അമ്മാവിയമ്മ ഉറക്കെ വിളിച്ചുപറഞ്ഞു പാടുന്ന പാട്ടുകളിൽ—

''അൻപനനുകൂലം തമ്പുരാനെ തുണ
ഇമ്പമായി പാടിയടച്ചോരു വാതൽ''

എന്നു തുടങ്ങുന്ന ഒന്നുണ്ടു്. മേൽ കാണിച്ച ചടങ്ങുകൾ എൻെറ ബാല്യകാലത്തിൽ ഞാൻ കണ്ടിട്ടുള്ളതാണു്. ആ പാട്ടുകൾ എൻെറ മാതാമഹി പലപ്പോഴും പാടിക്കേട്ടിട്ടും ഉണ്ടു്. എന്നാൽ ഇന്നു് ആ സമ്പ്രദായമെല്ലാം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ആ പാട്ടുകൾ അറിയാവുന്ന ജനങ്ങളെ കാണാൻതന്നെ വിഷമമുണ്ടു്. ഇനിയത്തെക്കാലത്തെ കഥ പറയാനുമില്ലല്ലൊ. അമ്പമ്പ! നമ്മുടെ പരിഷ്കാരഭ്രമം! സാമുദായികശ്രേഷ്ഠതയെ ദ്യോതിപ്പിക്കുന്ന ആ ലീലാമേളങ്ങളെ കളഞ്ഞു വെറും ഒഴുക്കൻസമ്പ്രദായങ്ങളൊ വിദേശിയഗോഷ്ഠികളോ സ്വീകരിക്കുമ്പോളല്ലേ നാം പരിഷ്ക്കാരികളായിത്തീരുന്നതു്! എന്നാൽ നാഗരികതയിലും സമ്പത്തിലും നമ്മേക്കാൾ എത്രയോ മികച്ചുനില്ക്കുന്ന പല ശീമരാജ്യങ്ങളിലും പഴയ ആചാരങ്ങളെ അതേപടി ആചരിക്കുന്നതാണല്ലോ ഇന്നും പരിഷ്ക്കാരമായി കരുതപ്പെടുന്നതു്.

പിറേറദിവസം വധൂവരന്മാർ ഭാൎയ്യാഗൃഹത്തിലേക്കു തിരിക്കുകയായി. അതിന്നു മുമ്പായി ചില ചടങ്ങുകൾകൂടി നടക്കാനുണ്ടു്. ''കച്ചതഴുകുക'' എന്ന മുറ അന്നുരാവിലെയാണു്. അതിൻെറ ശേഷം പന്തലിന്റെ മദ്ധ്യഭാഗത്തു ചുററും തിരികത്തിച്ചിട്ടുള്ള ഒരു തൂക്കുവിളക്കുവെച്ച് അതിനു ചുറ്റും മണവാളനും തോഴരും പ്രദക്ഷിണം വെച്ചുകൊണ്ടു മാൎത്തോമ്മാൻ പാട്ടുപാടി കുരിശുവരയ്ക്കും. അതിൻെറശേഷം മണവാട്ടിയും തോഴിമാരുംകൂടി അതേ ക്രിയതന്നെ ആവൎത്തിക്കും. ഇതാണു ''വിളക്കുതൊടീൽ'' എന്ന കൎമ്മം. ഇതിന്റെശേഷം ''കൂടിവിരുന്നു'' കഴിഞ്ഞു തമ്മിൽ തമ്മിൽ യാത്രപറഞ്ഞു വധൂവരന്മാർ വധുവിൻെറ ഗൃഹത്തിലേക്കു ''നൽവാതൽ'' പോകും. ഇങ്ങനെ വിവാഹോത്സവം അവസാനിക്കും.

*വിളക്കുതൊടീൽപാട്ട്*

''കന്നിമറിയത്തിൻ നന്മയതിനാലേ
നന്മയിൽ കന്നിയും തോഴിമാരുംകൂടെ
കല്യാണഘോഷത്താൽ നീരാടിവന്നിട്ട്
മണവാട്ടിയും തോഴിയും പന്തലകംപുക്ക്
വിതാനിച്ചപന്തലിൽ വിളക്കതു തൂക്കീട്ട്
അഞ്ചുംനാലൊമ്പതുതിരിയതും തെറുത്തിട്ട്
വിളക്കിനു മൂന്നുവലത്തുവച്ചാദരാൽ
ഭക്തിയാൽ കൈകൂപ്പി കുരിശുംവരച്ചീതേ
കന്നിമറിയം തുണയാക ഞങ്ങൾക്ക്
പന്ത്രണ്ടുശ്ലീഹന്മാർ നിലയാകെ വന്നിട്ട്
ആലാഹാനായനും അമ്പൻ മിശിഹായും
റൂഹായുംകൂടെത്തുണസ്സുയിവക്കെന്നും.''

## മററു മേളങ്ങൾ: പരിചമുട്ടുകളി

നസ്രാണികളുടെ കല്യാണത്തിനു മേൽവിവരിച്ച പാട്ടുകളും വട്ടക്കളികളുംകൂടാതെ പല മേളങ്ങളും ആട്ടങ്ങളും ഉണ്ടായിരുന്നു. 'മാർഗ്ഗംകളി'യും 'പരിശമുട്ടുകളി'യുംകൂടാതെ നസ്രാണികളുടെ ഒരുത്സവവും പൂർത്തിയായിരുന്നില്ല. മാർഗ്ഗംകളിപ്പാട്ട് അടുത്ത അദ്ധ്യായത്തിൽ വിവരിക്കുന്നതാണ്. പരിചമുട്ടുകളി ആയോധനപാടവത്തെ സൂചിപ്പിക്കുന്ന ഒരു മേളമാണല്ലോ. വാളും പരിചയും ഇളക്കിക്കൊണ്ട് ഏതാനും യുവാക്കന്മാർ വട്ടമിട്ടുനിന്നു വെട്ടും തടയും നടത്തുന്നതാണ് ഈ കളിയുടെ മുറ. കല്യാണം പെരുന്നാൾ എന്നീ പ്രധാനാവസരങ്ങളിൽ ഇതു നിർവ്വിഘ്നം നടക്കാറുണ്ടായിരുന്നു. ഇതുസംബന്ധിച്ച് ഏററം രസകരമായ പാട്ടുകളും ഉണ്ട്. ആ പാട്ടുകൾ പാടിക്കൊണ്ടാണ് യുവാക്കന്മാർ കളിനടത്തുക. പ്രസ്തുത പാട്ടുകളുടെ ഭാഷ ഒട്ടേറെ പുരാതനവും, വിഷയം തോമ്മാശ്ലീഹായുടെയുംമററും ചരിത്രവുമാകുന്നു. ശ്ലീഹാ മയൂരാരൂഢനായി സഞ്ചരിച്ചുവന്നുവെന്നുള്ള ഐതിഹ്യത്തെ വർണ്ണിക്കുന്ന ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു:

''മാർതോമ്മാനും മലങ്കരെമ്മെല്വന്നേലെഴുന്നള്ളി
മനതൊടെയാതമ്പമലയിൽ ചെന്നു
'നന്നു വേടാ തിമ്മചെയ്യു നല്ല വാഴവററവേടാ
മലമ്മെലാപ്പുക്കു പോകുവാൻ വഴി വേടാ'
'എന്തുവഴി വന്നു മെലേ' എന്നു വേടൻ വില്ലെടുത്തു
തന്തിരുമേനിമേലമ്പൊന്നുചാർത്തി
ചാവെനു നീ ദൈവമെന്നും ഇതാ പറഞ്ഞൊത്തുകൂടി
തമ്പുരാൻ തൻററടിക്കീഴിൽ വീണുകുമ്പിട്ടു
ചോഴൻ തന്റെ കോട്ടതന്നിൽ ചോഴൻ തന്റെ വാളുമൂരി
ശോഭയോടെയെഴുന്നള്ളിക്കളിക്കുന്നേരം

അവിടേന്നും കുത്തിയ കൈ വലിക്കുംമുമ്പേ മെയ്യേ
ആലാഹാ[1]നായനാണ, മരിക്കീലാ ഞാൻ.''

മേൽപ്രസ്താവിച്ച പാട്ടുകൾ മിക്കവയും ആരംഭിക്കുന്നതു് എത്രയും വിനീതമായ ഒരു ദേവസ്തുതിയോടുകൂടിയാണ്. 'യാക്കോബിന്റെ വട്ടക്കളി'യുടെ പ്രാരംഭം മാതൃകയായിക്കരുതാം:—

''ആദിപെരിയോനേ ആലാഹാനായനേ
പുത്രൻ മിശിഹായും വെളിവേറും റൂഹാ[2]യും
അഴകേറുമുമ്മായും യൗസേപ്പും മാലാഖാ[3]
അമ്പോടെയിന്നിനിക്കു തുണയാകവേണം
മംഗല്യമായതിൻകാരണം ചൊല്ലുവിൻ
മാറാനേനിന്നു സ്തുതിച്ചിരന്നീടുന്നേൻ.''

സദസ്യരുടെ ക്ഷമാപൂർവ്വമായ സഹകരണത്തെ അർത്ഥിച്ചുകൊണ്ടുള്ള ചില ഭാഗങ്ങളും ഈ പാട്ടുകളിലുണ്ടു്.

''ചുററുമിരിക്കുംജനം കുററംകുറകൾകണ്ടാൽ
പെററമാതാവെപ്പോലെ കുററം പൊറുത്തീടേണം''

എന്നു് മംഗല്യംവട്ടക്കളിയിൽ കാണുന്നു.

ആകപ്പാടെ ആലോചിച്ചാൽ നസ്രാണിമാപ്പിളമാരുടെ കല്യാണം രസമേറിയ ഒരുത്സവവും അതിൽ പാടുന്ന പാട്ടുകൾ വിലയേറിയ കാവ്യസമ്പത്തും ആണെന്നു സംക്ഷിപ്തമായ ഈ വിവരണംകൊണ്ടു കാണാമെന്നു വിശ്വസിക്കുന്നു.

## പാണൻവരവും പാട്ടും

ചില ദിക്കുകളിലെ നസ്രാണികളുടെ എടയിൽ കല്യാണദിവസം 'പാണൻവരവു്' എന്നൊരു ചടങ്ങുകൂടിയുണ്ടു്. കല്യാണം കെട്ടിക്കയറി അതിഥികൾ വിരുന്നിനിരിക്കുമ്പോൾ (തലമേശക്കാർ വെള്ളയും കരിമ്പടവും വിരിച്ചതിലാണിരിക്കുന്നതു്) വീരടിയാൻ എന്നും പാണൻ എന്നും പേരുള്ള ജാതിയിലെ ഒരുത്തൻ പെട്ടെന്നു പ്രത്യക്ഷനായി ശക്തിയേറിയ ഒരു സ്വരം ഉണ്ടാക്കി നസ്രാണികളുടെ പദവികളെ കീർത്തിച്ചു് ഒരു പാട്ടു പാടാറുണ്ടു്. കോട്ടയത്തിനു വടക്കോട്ടുള്ള ചില ദിക്കുകളിൽ ഇന്നും ഈ ആചാരം നിലച്ചിട്ടില്ല. ചേരമാൻപെരുമാൾ തങ്ങളുടെ ജാതിധർമ്മത്തിനു ചേരാത്തതായ ഒരു കല്യാണം നടത്തിച്ചുവെന്നുള്ള കാരണത്താൽ ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ എന്നീ നായ്കുടിപ്പരിഷകൾ രാജ്യംവിട്ടു് ഈഴത്തുനാട്ടിലേക്കു(ലങ്കയിലേക്കു്) പൊയ്ക്കളഞ്ഞതും ക്നായിത്തൊമ്മൻമുതലാളി തിരുവരങ്കനെന്ന പാണനെക്കൂട്ടിക്കൊണ്ടുപോയി അവരെ തിരിച്ചുകൊണ്ടുവന്നതും അവർ പൊൻമുടി കാഴ്ചവെച്ചതും ഈഴത്തുനാട്ടിൽനിന്നു് ഈഴവപ്പരിഷയും അവരൊന്നിച്ചു പോന്നതുമാണു് ഈ പാട്ടിലെ കഥാസാരം. ഈ ചരിത്രം പരമ്പ

---

1 ആലാഹാ=ദൈവം(ആലോഹാ, ഹള്ളാ)
2 റൂഹാ=പരിശുദ്ധാത്മാവു(റൂഹാദക്കുദശാ)
3 മാലാഖാ=ദൈവദൂതൻ.

രയാ പാടി എന്നേയ്ക്കും സമ്മാനം വാങ്ങിക്കൊള്ളണമെന്നു തോമ്മാ പാക്കനാക്ക് അധികാരംകൊടുത്തെന്നാണ് അവർ പറയുന്ന കഥ. ഏതായാലും രസകരമായ ഈ ഐതിഹ്യം വിസ്തരിക്കത്തക്കതല്ല. ക്നായിത്തോമ്മായുടെ വാണിജ്യപ്രാമുഖ്യം നസ്രാണികളുടെ പദവികൾ മുതലായവ കുറിക്കുന്നതും പല സമുദായക്കാരുടെ സൗഹാർദ്ദനിലയെ ദ്യോതിപ്പിക്കുന്നതും ആയ ഈ പാട്ടുകൾമുഴുവൻ ശേഖരിക്കേണ്ടതു് അത്യാവശ്യമാണ്. കുറവിലങ്ങാട്ടിനു വടക്ക് എലഞ്ഞി മുത്തോലപുരം എന്നീ കരകളിൽ പാണന്മാർ പാടിക്കേട്ട പാട്ടിലെ ചില ഭാഗങ്ങൾ ഞാൻ കുറേ മുമ്പു കുറിച്ചിട്ടിരുന്നതു ചുവട്ടേ ചേക്കുന്നു. മററുദിക്കുകളിലുള്ള പാണന്മാരുടെ പാട്ടുകൾകൂടി ശേഖരിച്ചു താരതമ്യംചെയ്യുന്നപക്ഷം വിലയേറിയ ഒരു ചരിത്രലക്ഷ്യം ലഭിക്കുന്നതാണ്.

'ചേരമാൻപെരുമാൾ തമ്പുരാനും ക്നായിൽ നല്ല തൊമ്മച്ചനും
അവർ തങ്ങളിലാരാജ്യം വാണകാലമിന്നു്
നായ്ക്കുപരിഷപെണ്ണിനേയൊന്നിനുപോയ് ബുദ്ധിമുട്ട്

.................................................................

പള്ളികളുമിടങ്ങളും ഗോപുരങ്ങളും തകന്നുപോയി
ചേരമാൻമുടിനീണ്ടുപോയി തിരുമുടിയേയിറക്കുവാനായ്
ഒരുപായമില്ല—"നായ്ക്കുപരിഷയെവിടെയെന്നു തൊമ്മൻ കേട്ടോ?"
"ഈഴമെന്ന നാട്ടിൽ അവർ പാക്കുന്നുണ്ടെന്നു"തൊമ്മച്ചൻ
"പോകണമെന്റെ തൊമ്മാ ഉടനേ ഈഴത്തോളം"
വിളിച്ചു തൊമ്മൻ അടിയാരേ "പോകവേണം പാക്കനാരേ"
"അടിയൻ" എന്നവൻ "കൊട്ടുക്കൽ ചെലവിന്നില്ല"
"നീ പോയി വരുവോളം ചെലവിനു കൊടുത്തുകൊള്ളാം"
അരിയളന്നുകൊടുത്തു തൊമ്മച്ചൻ അടിയാനു്
"വഴിയറിവില്ല ദിക്കറിവില്ല" അപ്പോൾ തോമ്മാ പറയുന്നു:
"പകുതിവഴി ചെന്നാൽ മക്കത്തു ജോനകരുണ്ട്"*
മിന്നയിൽ നല്ല ക(ണ്ണാ)മ്മാളരും ആയി (പട)യുദ്ധം ചെയ്യുന്നു
അവർ തങ്ങളിൽ പടയുണ്ട്.

.....................................................

ചേരമാന്റെ പള്ളിയസ്ത്രം കൊടുത്തു—തൊമ്മന്റെ
അംശവടിയേയും അടയാളമായിക്കൊടുത്തു
ഓടിയവൻ പടനടുവിൽച്ചെന്നു
പടപകുത്തു വഴി തരിക —പേരു ഞങ്ങൾ അറിയില്ല.
പേർ തിരുവരങ്കൻ ഊര് അന്തിമല
പടപകുത്തു വഴികൊടുത്തു
പടയുമങ്ങുകഴിഞ്ഞു ഈഴത്തു നാട്ടിൽച്ചെന്നു.

* ജോനകർ എന്ന പദം മഹമ്മദീയരെ ഉദ്ദേശിച്ചായിരിക്കണമെന്നില്ല. 'യവനർ' എന്ന പദത്തിൽനിന്നുണ്ടായതാണ് ആ പദം. മക്കം Mocha എന്നതു് അറബിത്തീരത്തിലെ പ്രസിദ്ധതാവളസ്ഥലമാണ്.

കരിമ്പാറപ്പുറത്ത് ഏറുമാടം കൂട്ടിയണച്ച് നെല്ല് ചിക്കിയിരിക്കുന്നു
അവർ തലയിൽ പേൻ കുത്തിയിരിക്കുന്നു
അവർ കണ്ടു തിരുവരങ്കനേ—"എന്തിനു വന്നു?"
"തമ്പുരാൻ കല്പിക്കുന്നു അവർ വരാൻ
തമ്പുരാനു മുടി നീണ്ടിരിക്കുന്നു"
"ഞങ്ങൾക്കു തമ്പുരാനും തമരുമില്ല.
നമ്മുടെ നാട്ടിൽ നേരില്ല നെറിവില്ല
നേരില്ലാത്ത നാട്ടിൽ ഞങ്ങൾ വരുന്നില്ല"
അപ്പോൾ തൊമ്മച്ചൻെറ അടയാളങ്ങൾ കാണിച്ചു
അവ കണ്ടപ്പോൾ കൂടെപ്പോരാമെന്നു പറഞ്ഞു.
അപ്പോൾ കൊട്ടത്തയസ്സുണം
ഓരോ സ്ത്രീകളുടെയും പൊന്നെടുത്തു
പൊന്നിൻമുടിയാക്കി തിരുവരങ്കൻെറ കൈയിൽ കൊടുത്തു
അവൻ സഞ്ചിയിലിട്ട ചുവന്നുകൊണ്ടുപോയി
തമ്പുരാൻെറ മുമ്പിൽ പോയി
തൊഴുതു അവൻ മുടി കാഴ്ചവച്ചു.
"എടുക്ക തൊമ്മച്ചാ തിരുവരങ്കൻ വെച്ച കാഴ്ച"
അതുകേട്ട് തൊമ്മൻ മുടിയെടുത്തു
തലയിൽവെച്ചു മുമ്പിൽ ചെന്നു
"ചേരുമോ നിനക്കു?" "ചേരും."
"പൊൻമുടിയാ തൊമ്മനു ചേർച്ച.
ഇതുതന്നെ പോരാ തൊമ്മാ
മുടിക്കടുത്ത പദവി വേണം
ഇരുവടിയാന തോരണം വേണം
ഉച്ചിപ്പൂ നെററിപ്പട്ട പകൽവിളക്ക
പാവാടകൾ കുത്തുവിളക്കു
തീവെട്ടി ആലവട്ടം പച്ചക്കുട മുത്തുക്കുട
ആനമേലേറു തൊമ്മച്ചാ അന്തോളത്തി-
ലേറിനടക്ക—ആനമേലമ്പാരി വീരമദ്ദളം
പെണ്ണുകെട്ട് വാസ്സുരവ
എഴുപത്തിരണ്ടു പദവികൾ* കൊടുത്തു കുറവുതീർത്തു.
"നിങ്ങൾ നാൽപേർ കൂടുന്നിടത്തു
തിരുവരങ്കനെ മറന്നിടൊല്ലാ."
ചേരമാൻെറ കുലയാന കൊടുത്തു പിന്നെ
ആനയേ ഞാൻ കൊണ്ടുചെന്നു മടക്കാലേൽ തളച്ചു.
കണ്ടങ്ങൾ കാള പോത്തു എന്നിവയും കൊടുത്തു

* ചേരമാൻ പെരുമാറം നസ്രാണികറംക്കു കൊടുത്ത ചെപ്പേടിൻപ്രകാരം 72 പദവികറം സിദ്ധിച്ചിട്ടുണ്ടെന്നാണു് ഐതിഹ്യം. അവയിൽ ചിലതു് ഈ പാട്ടിൽ പറയുന്നുണ്ടു്. ആനപ്പുറത്തും പല്ലക്കിലും കയറി നടക്കുന്നതിനുള്ള അവകാശവും ഇവയിൽ ഉറംപ്പെടുന്നു.

ഇതെല്ലാം കൊടുത്തുപിന്നെ ഇരുപതിനെമ്പരിഷമാളോരുടെ
മുമ്പിൽപ്പോയി ഒരാണ്ടൊരിക്കൽ പാടിക്കൊള്ളണം
അറ തുറന്നു പറ നിറച്ചുതരും
ഇങ്ങനെ വർദ്ധിച്ചുകൊൾക.''

നായ്ങ്കുപരിഷ ഈഴത്തു(Ceylon)നിന്നു പോന്ന വൃത്താന്തം വർണ്ണിക്കുന്ന വേറൊരു ഭാഗം:

''ഈഴരാജാവിനെ കണ്ടു സേവിച്ചു
കരിമ്പാറപ്പുറം വാങ്ങിച്ചു കിടക്കുന്നു
ഇനിയിവിടെനിന്നു പോകണമെങ്കിൽ പൊയ്ക്കൊള്ളാം
പിന്നെ ഈഴവർ നാലുപേരേയും കൊണ്ടുപോന്നു
അവർ വന്നപ്പോൾ അവരെ വിടാൻ
പാടില്ലായെന്നു കല്പിച്ചു പെരുമാളും.''

(വേറൊരു പാഠം)

മേൽ കുറിച്ച ഐതിഹ്യം വിവരിക്കുന്ന വേറൊരു പാട്ടു കേട്ടിട്ടുണ്ട്. അതിൽ ഒരു ഘട്ടമാണു താഴെ ഉദ്ധരിക്കുന്നത്.

''പള്ളികളും ഗോപുരങ്ങളുമെ തകർന്നടഞ്ഞു പോയിതല്ലോ
ക്ഷൌരങ്ങളുമേ വന്നു നീണ്ടു ചേരമാൻ പെരുമാൾതമ്പുരാനു
മേമുടിയിറക്കുവാൻ ഒരുപായമില്ലാതെയുമായി
കത്തികളുമേ കരുപോലായിപ്പോയിതല്ലോ.
നാങ്കുപരിഷ ഇല്ലാഞ്ഞിട്ടു പലതുണ്ടല്ലോ ബുദ്ധിമുട്ടല്ലോ
അവരെയിങ്ങട്ടു വരുത്തുവാനോ ആരൊരുത്തനെ പറഞ്ഞയക്കേണ്ടു
മററാക്കുമെ പോകരുതല്ലോ ഈഴമെന്ന രാജ്യത്തിനു
പാതിവഴിയെ ചെല്ലുമ്പോൾ മക്കത്തെ ജോനവരും
മിന്നിയിൽ നല്ല ചണ്ഡാളരും ഇവർ തങ്ങളിൽ പടയുണ്ടവിടെ
പടയിലുമെയിടയിലുമെ ചോദ്യമില്ല തിരുവരങ്കനു
ആയതിനാൽ തിരുവരങ്കനെ അവനെയിപ്പോൾ പറഞ്ഞയക്കാം
പുറകാലെ നിന്നിതൊരെ തിരുവരങ്കനെ വിളിച്ചു തൊമ്മച്ചൻ
നീ താനെയൊ പോകണമെടാ ഈഴമെന്ന രാജ്യത്തിനു
അടിയനിപ്പോൾ വെടകൊണ്ടെന്നാൽ കൊട്ടക്കാലോ കഴിവതില്ല
നീ പോയി വരുവേളത്തെ ചെലവിനു ഞാൻ കൊടുത്തുകൊള്ളാം
എന്നെല്ലാം അടയാളം ചൊല്ലിത്തായോ തൊമ്മച്ചാ
കരിമ്പാറപ്പുറത്തിതടാ ഏറുമാടവും കൂട്ടിയണച്ചു
നെല്ലു പുഴങ്ങി ചിക്കിക്കൊണ്ടു പാത്തലക്കിൽ കലവും കമഴ്ത്തി
ഒന്നു പുറകിൽ ഒന്നു തലയിൽ പേൻ പെറുക്കിയിരിക്കുമവരു
ആ അടയാളം ചെന്നു കണ്ടേ കൊണ്ടുപോരിക തിരുവരങ്കാ
ഈ അടയാളം കേട്ടുകൊണ്ടേ വെടികൊണ്ടിനാൻ തിരുവരങ്കൻ.''

## അദ്ധ്യായം നാലു്

# മററു പുരാതനപദ്യകൃതികൾ

### മാർഗ്ഗംകളിപ്പാട്ടു്

കല്യാണാവസരങ്ങളിലും പെരുന്നാളുകൾക്കും രാത്രികാലങ്ങളിൽ മാർഗ്ഗംകളി നടത്തുകയെന്ന പതിവു് അടുത്തകാലംവരെ നസ്രാണികളുടെ ഇടയിൽ പൊതുവേ ഉണ്ടായിരുന്നതാണു്. ഇന്നും തെക്കുംഭാഗം നസ്രാണികൾ ഈ പതിവു് വിട്ടിട്ടില്ലെന്നുള്ളതു് അവരുടെ പൂർവ്വാചാരപ്രിയത്തിൻെറ നല്ലൊരുദാഹരണം അത്രേ.

നസ്രാണിമാപ്പിളമാരുടെ പഴയ പാട്ടുകളിൽവെച്ചു് എല്ലാംകൊണ്ടും പ്രാധാന്യം അർഹിക്കുന്നതു് 'മാർഗ്ഗംകളിപ്പാട്ടു്' ആണെന്നുതന്നെ പറയാം. ഇതിൽ ഭിന്നവൃത്തങ്ങളിലുള്ള പതിന്നാലു പാദങ്ങളും നാനൂറിൽ അധികം വരികളും ഉണ്ടു്. തോമ്മാശ്ലീഹാ ചോളകേരളരാജ്യങ്ങളിൽ പ്രവർത്തിച്ച പുണ്യകർമ്മങ്ങളാണു വർണ്ണ്യവിഷയം. ഈ പാട്ടിൻ്റെ ഉത്ഭവകാലം നിർണ്ണയിക്കുക വിഷമമായിത്തീർന്നിരിക്കുന്നു. പോർട്ടുഗീസുകാരുടെ ആഗമനകാലത്തിനു മുൻപാണു് ഇതുണ്ടായതെന്നു ചിലരും അതല്ല 1600–നും 1700–നും മദ്ധ്യേ ജീവിച്ചിരുന്ന കല്ലൂശ്ശേരി ഇടവകക്കാരനായ വെട്ടിക്കുന്നേൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ കൃതിയാണിതെന്നു മററുചിലരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇപ്രകാരമുള്ള ഗാനങ്ങൾ കാലംമാറുംതോറും ഭാഷയിലും രീതിയിലും പുതുക്കം പ്രാപിച്ചുകൊണ്ടിരിക്കുന്നതു സാധാരണമാണു്. ഇപ്പോഴത്തെ രൂപത്തിൽ ഇതു ഭേദഗതി ചെയ്തതു് ഒരുവേള മേൽപ്പറഞ്ഞ ഇട്ടിത്തൊമ്മൻകത്തനാർതന്നെ ആയിരിക്കാം. എന്നാലും ഈ പാട്ടിൻെറ രചയിതാവു് ആ ദേഹമാണെന്നു വരുന്നതല്ല. പോർട്ടുഗീസുകാർ ആദ്യം ഇവിടെ വരുന്നകാലത്തു് അഥവാ 1600–നുമുമ്പു് തോമ്മാശ്ലീഹായെക്കുറിച്ചു് അഭിനയോചിതമായി എഴുതപ്പെട്ട പാട്ടുകൾക്കും കളികൾക്കും ഈ ദിക്കിൽ പ്രചാരമുണ്ടായിരുന്നുവെന്നു വിചാരിക്കാൻ മതിയായ ലക്ഷ്യങ്ങൾ നമുക്കുണ്ടു്. അവർ ഇദംപ്രഥമമായി കൊച്ചിയിൽ കപ്പലിറങ്ങിയ കാലത്തു നസ്രാണികൾ തോമ്മാശ്ലീഹായുടെ വീരചരിതത്തെ വർണ്ണിച്ചു രചിച്ച പാട്ടുകൾ പാടി നടനം ചെയ്യു പതിവായിരുന്നുവെന്നു് 1558-ൽ പീററർ മഫേയ്* എന്ന ചരിത്രകാരൻ പ്രസ്താവിച്ചുകാണുന്നു. ജെസ്യൂട്ട് സഭക്കാരനായ കൊറിയാ അമാൻഡർ (Correa Amander) എന്ന ദേഹം 1564–ൽ കൊച്ചിയിൽനിന്നു ശീമയ്ക്കെഴുതിയ ഒരു കത്തിൽ മലങ്കരനസ്രാണികൾ മാർത്തോമ്മാശ്ലീഹാ മലയാളത്തിൽ കാൽകുത്തിയ ദിനമായ നവംബർ 21–ാംനു- കൊടുങ്ങല്ലൂരിനടുത്തുള്ള മാല്യംകരയ്ക്കു തീർത്ഥയാത്ര പോകാറു

* Maffei, Vol. II. P. 215.

ണ്ടായിരുന്നെന്നും ആ യാത്രയിൽ തോമ്മാശ്ലീഹായേക്കുറിച്ചുള്ള മലയാള ഗാനങ്ങൾ പാടി ആനന്ദിക്കാറുണ്ടായിരുന്നെന്നും കുറിച്ചിട്ടുണ്ട്.[1] ഉദയമ്പേരൂർ സൂനഹദോസ് വിളിച്ചുകൂട്ടാനായി കേരളമൊട്ടുക്കു ചുററിസ്സഞ്ചരിച്ച മെനേസ്സീസ് മെത്രാപ്പോലീത്തായെ തന്റെ നിരന്തരപരിശ്രമത്തിനിടയ്ക്കു് അങ്കമാലിക്കാരായ നസ്രാണികൾ ഒരു രാത്രിയിൽ തോമ്മാശ്ലീഹായെയും മററും കുറിച്ചുള്ള പാട്ടുകൾ പാടിക്കളിച്ച് ആഹ്ലാദഭരിതനാക്കിയതായി 1606–ൽ അച്ചടിക്കപ്പെട്ട 'ജോർണാദാ'[2]യിലും പ്രതിപാദിച്ചിട്ടുണ്ട്. മഫേയുടെ വിവരണം സ്പഷ്ടമല്ലെങ്കിൽ ഗോവേയായുടെ വാക്യങ്ങൾ വളരെ വിശദമാണ്. പോരെങ്കിൽ പല ഐതിഹ്യങ്ങളും രേഖകളും പരിശോധിച്ചു കുഞ്ഞൻപാതിരി എഴുതിയ കൃതിയിൽ അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതും അങ്കമാലിയിൽവെച്ചു നടന്നതായ മേൽപ്പറഞ്ഞ അഭിനയം 'മാർഗ്ഗംകളി'തന്നെ ആയിരുന്നുവെന്നത്രെ. ഇതും മേൽക്കാണിച്ച അഭ്യൂഹത്തെ ബലിഷ്ഠമാക്കുന്ന വേറൊരു ലക്ഷ്യമാകുന്നു.

പന്ത്രണ്ടു് ആളുകൾ അരയും തലയും മുറുക്കി ശിരസ്സിൽ മയിൽപ്പീലിതിരുകി വിളക്കു ചുററിനിന്നുകൊണ്ടാണ് ഈ കളി നടത്താറുള്ളതു്. നമ്പൂരിമാരുടെ യാത്രകളിയോടു് ഏതാണ്ടൊരു സാമ്യം ഇതിനുണ്ടെന്നു കേട്ടിട്ടുണ്ട്. ഒരുപക്ഷേ അതനുകരിച്ചാണ് ഈ കളി ഉണ്ടായതെന്നും വരാം. യാത്രകളിതന്നെ ബൗദ്ധന്മാരുടെ ആക്രമണം തടയാൻ വേണ്ടി ഉണ്ടാക്കപ്പെട്ടതാണെന്നാണ് കേരളോല്പത്തിയിൽ കാണുന്ന ഐതിഹ്യം. ഈ ആക്രമണം പള്ളിബാണപ്പെരുമാളുടെ കാലത്തുണ്ടായതാകയാൽ അന്നത്തെ ബൗദ്ധർ സാക്ഷാൽ ഗൗതമബുദ്ധന്റെ അനുയായികളല്ലെന്നും പ്രത്യുത, ക്രിസ്ത്യാനികൾതന്നെയായിരുന്നുവെന്നും ഊഹിക്കേണ്ടിയിരിക്കുന്നു.[3] എങ്കിലും യാത്രകളിയേ അനുകരിച്ചാണു നസ്രാണികൾ മാർഗ്ഗംകളി കെട്ടിയുണ്ടാക്കിയതെന്നു തീർത്തുപറയാൻ നിവൃത്തിയില്ല. അതിന്റെ ഉല്പത്തി വേറൊരുവിധത്തിലാണെന്നും വരാം. തോമ്മാശ്ലീഹായെ സംബന്ധിച്ചു പ്രഖ്യാതമായ ഒരാട്ടക്കഥ ഉറഹാ (Edessa) മുതലായ ദേശങ്ങളിൽ മൂന്നാം നൂററാണ്ടുമുതൽക്കേ നടപ്പുണ്ടായിരുന്നതായിരുന്നു. 'തോമ്മായുടെ നടവടികൾ' (Acta Thomae) എന്ന പ്രസിദ്ധ സുറിയാനികൃതിയാണിതു്. ഈ കൃതി രംഗത്തിൽ അഭിനയിക്കുന്നതു് ഒരു പുണ്യകർമ്മമായും ആ നാട്ടുകാർ കരുതിവന്നു. ഈ സ്ഥിതിക്കു കാലാന്തരത്തിൽ അവിടെനിന്നു വന്ന വിദേശനസ്രാണികൾ കൊണ്ടുവന്നതാണു മാർഗ്ഗംകളിയുടെ മാതൃകയെന്നും വരാം. കൃതിയുടെ പഴക്കം ശരിയായി

1 A copy of this letter is with Fr. Schurhmmar S. I. and was published in the 'Nazrani Deepika' by Fr. Placid C. D.

2 Jornada, (1606) 1. P. 87.

3 ബൗദ്ധനായ പെരുമാറം പള്ളിബാണൻ ക്രിസ്തുമതമാണ് സ്വീകരിച്ചതെന്നു് 1094 മിഥുനം കർക്കടകം ഭാഷാപോഷിണിയിൽ ഞാൻ സമർത്ഥിച്ചിട്ടുണ്ട്. അതിനുശേഷം കോട്ടയമടുത്തു നീലംപേരൂർ ഉള്ള പള്ളി ഭഗവതിക്ഷേത്രത്തിന്റെ മതിൽക്കു പുറത്തുനിന്നു് കണ്ടെടുക്കപ്പെട്ട പള്ളിബാണരുടെ പെറിയ പ്രതിമയും ഈ അഭ്യൂഹത്തെത്തന്നെ ബലപ്പെടുത്തുന്നു. Kerala Society's Papers നോക്കുക.

നിർണ്ണയിക്കാൻതക്ക ലക്ഷ്യമൊന്നും ഇല്ലെങ്കിലും പോർട്ടുഗീസ് സമ്പർക്കത്തിനുമുൻപുള്ള നമ്മുടെ ഒരു പൂർവ്വസ്വത്താണ് ഇതെന്ന് അനുമാനിക്കുന്നതിൽ വലിയ അബദ്ധമില്ല. ഒന്നുരണ്ടു പോർട്ടുഗീസ് പദങ്ങൾ അതിൽ കടന്നുകൂടിട്ടുള്ളതുകൊണ്ട് ഈ അനുമാനം ദുർബലപ്പെട്ടുന്നുമില്ല. പാട്ടിന്റെ ആരംഭം തമിഴമയവും രസകരവും ആണ്:—

“മെയ്യണിന്ത പീലിയും മയിൽമേൽതോന്നും മേനിയും*
പിടിത്തദണ്ഡും കയ്യും മെയ്യും എന്നന്നേയ്ക്കും വാഴ്കവേ,
വാഴ്ക വാഴ്ക നമ്മുടെ പരിഷയെല്ലാം ഭൂമിമേൽ
വഴിക്കുറായ് നടക്കവേണ്ടിവന്തവരോ നാമെല്ലാം
അഴിവുകാലം വന്തടുത്ത് അലയുന്നനിന്മക്കളെ
അഴിവാഴ്‌വണ്ണം കാത്തരുൾവാൻ കഴിവുപേശുകമാർത്തോമ്മാൻ
മലമേൽനിന്നു വേദ്യനമ്പു ചാർത്തിമാറിയെന്നപോൽ
മൈൽമേലേറിനിന്ന നില കാണവേണം പന്തലിൽ
പട്ടടൻ പണിപുടവ പവിഴമുത്തുമാലയും
അലങ്കരിച്ച പന്തലിൽവന്തെഴന്തരുൾക മാർത്തോമ്മാൻ.”

മററു ചില ഭാഗങ്ങൾ ഇത്ര തന്നെ പുരാതനമായിത്തോന്നുന്നില്ല. പക്ഷേ, അതിന്റെ കാരണം ഓരോകാലത്തും പാട്ടുപാട്ടുമ്പോൾ ഗായകന്മാർ അന്നന്നു നടപ്പുള്ള ഉച്ചാരണം ആവർത്തിക്കകൊണ്ടു വാക്കുകൾക്കു രൂപാന്തരം സംഭവിച്ചതാണെന്നു വരാം. ഇങ്ങനെയാണല്ലോ പഴയ ഗാനങ്ങളിൽ പുതിയ ശബ്ദങ്ങൾ അനേകത്ര കടന്നുകൂടാറുള്ളത്. വേറെ ചില ഭാഗങ്ങൾകൂടി ഉദ്ധരിക്കുന്നതിൽനിന്ന് ഈ വാസ്തവം മനസ്സിലാക്കാവുന്നതാണ്.

തോമ്മാശ്ലീഹായോടു കേരളത്തിലേക്കു പോകണമെന്നു ക്രിസ്തു പ്രത്യക്ഷീഭവിച്ച് അരുളിച്ചെയ്തപ്പോൾ ശ്ലീഹാ ഇപ്രകാരം മറുപടി പറയുന്നു:

“എന്നെ നീ കാത്തല്ലോ ഏററങ്ങളേശാതെ
എന്നതും പാഴായിട്ടാകുന്നു ദൈവമെ
ഹിന്തു എന്നുള്ള നാടേറിയ സപ്പങ്ങൾ
എന്നിവയെന്നിയെയേററമാംജന്തുക്കൾ
.................................
നാളില്ല കോളില്ല നന്നായി ചൊല്ലില്ല
നാടെല്ലാം കാടല്ലോ നായനേ, എന്നെ നീ
നന്നായി കൈവിട്ടോ നാടിട്ടേച്ചാഴത്തിൽ.”
.................................

* തോമ്മാശ്ലീഹാ മയിലിന്റെ പുറത്തു കയറി നടന്നിരുന്നെന്നാണ്, വിശേഷിച്ചും തമിഴദേശത്ത്, പ്രചാരത്തിലുള്ള ചില ഐതിഹ്യങ്ങളിൽ കാണുന്നത്. ഇങ്ങനെ സഞ്ചരിച്ചപ്പോഴാണ് അമ്പെറിഞ്ഞ് അദ്ദേഹത്തെ കൊന്നതെന്നും കാണുന്നു. ഇക്കാരണത്താലായിരിക്കാം, മാർഗ്ഗംകളിയിലെ നടന്മാർ ഇന്നും തലയിൽ മയിൽപ്പീലി തിരുകുന്നത്.

"ചത്ത ശവത്തിനെ ചന്തമായി വേൾക്കുന്നു
ചത്താലോ മത്സ്യംപോൽ ചുട്ടല്ലൊ മൂട്ടുന്നു.
മക്കളെന്നമ്പില്ല മാൽ ചെയ്യും തങ്ങളിൽ
മക്കൾക്കുമവ്വണ്ണം മനതാരിലില്ലല്ലൊ.
മററെല്ലാനാട്ടിലും മാറാനേ!യീരണ്ടു
മാററവന്മാരല്ലൊ മാറാതേ പോകുന്നു." (ഏഴാം പാദം)

ഉടനെ ക്രിസ്തു പറയുന്നു:

"എന്നിവയെല്ലാം കണ്ണുനീരോടെ തോമ്മായുണത്തിച്ച നേരം
എങ്ങുംവിളങ്ങുന്ന നായൻമിശഹാ പേ ത്തരുൾചെയ്യാൻ തുടങ്ങി
'നീയൊരുവൻതാനെന്നൊരു ചിന്തയുള്ളിൽനിനക്കഴൽവേണ്ടാ
നിന്നോട്ടുകൂടി ഞാനുമുണ്ടു കൂട്ടു നീ പോകും നാടതിലെല്ലാം
മാനുഷരല്ലാ ഹിന്തുവിലെന്നു പാഴിൽനിനക്കഴൽവേണ്ടാ
മാനുഷരെല്ലാജാതികളും പിന്നെ മാൽചെയ്യും ജന്തുക്കളല്ലൊ.
നിന്നുടെ വാക്കും നിനവുകൾ നോക്കും ഭാഷയറിഞ്ഞുതകീട്ടും
നിൻനിനവെല്ലാമെൻനിനവല്ലോ നീയുറസ്സാകുലം വേണ്ടാ.' "
(എട്ടാം പാദം)

ഇനി വേറൊരു ഭാഗം ഉദ്ധരിക്കാം:

"കാലംകഴിഞ്ഞുടൻ വീണ്ടും പുറപ്പെട്ടു കേരളനാടെന്നു കേട്ടു
ഊരട്ടുത്തുള്ളൊരു മാലിയാവുംകരെ ചെന്നവിടത്തിലിരുന്നു.
ഊരാളരോടറിവിച്ചിതു മാഗ്ഗവും കേട്ടവരായതിലായി
എപ്പോഴുമെന്നെയും കാത്തരുൾവാനായി അത്തലണയാതെകണ്ടു്
ഉത്സാഹമേറി പുറപ്പെട്ടു പിന്നെയും ദക്ഷിണദിക്കിന്നു യാത്ര.
ഇങ്ങനെ മാഗ്ഗമറിയിച്ചതിൻശേഷം തീത്തു കുരിശതു കൊല്ലം
നിരണം കോക്കമംഗലം കോട്ടക്കായൽ മലംപ്രദേശമായ ചായൽ
പാലൂരും പിന്നെ അരചന്നിരിപ്പിടം കൊട്ടുങ്ങല്ലൂരെന്നിവയേഴും."
"മാണിക്കക്കല്ലായ മാഗ്ഗം നാളിൽ നാളിൽത്തെളിയുന്നു
മാറ്റേറ്റുള്ള നിവ്യാളന്മാർ മെല്ലെ മെല്ലെച്ചവളുന്നു
മാമ്മോദിസാ മുങ്ങുന്നവരും നാളിൽനാളിൽപ്പെരുകുന്നു
മാഗ്ഗംനേടാക്കാവ്യരുമെല്ലാം കാണെക്കാണെക്കുറയുന്നു
ലൗകികങ്ങൾ നീളെ നീളെച്ചൊല്ലിപ്പലരും ചേരുന്നു."

ആ സിദ്ധൻ മൃതനായപ്പോഴത്തെ അവസ്ഥ വർണ്ണിച്ചിട്ടുള്ളതു് ഇപ്രകാരമാണു്:

"മനഗുണമുടയവനരുളാൽ വാനവർ
മഹിമയൊടെത്തിയണഞ്ഞുടനെ
മറുതല നെറികെട്ടമതിനൊരു തേരതിൽ
മംഗലമായവർ പൂകിച്ചേ.



മാൎഗ്ഗംകളി



പരിശമൊട്ടുകളി

റൈകക്കൊണ്ടവരൊരു ഞൊടിയളവാൽ
ചെന്നറിയിച്ചവർ ചിന്നമലയ്ക്കു്."

..................................

"ഉടമ്പിൽനിന്നുയിരെട്ടത്താകാശേ
ഉയിരവനിരിപ്പിടം പൂകിച്ചേ
ഉടമയില്ലുടയവനുടമ്പെട്ടത്തഴകാൽ
നന്മനിറഞ്ഞൊരു പള്ളിയിലേ"

## റമ്പാൻെറ പാട്ടു്

തോമ്മാശ്ലീഹായുടെ ചരിത്രം പ്രതിപാദിക്കുന്ന 'റമ്പാൻെറ പാട്ടു്' എന്നൊരു പുരാതനകൃതിയും ഉണ്ടു്. ഈ കൃതി ശ്ലീഹായിൽനിന്നുതന്നെ ജ്ഞാനസ്നാനം കൈക്കൊണ്ട നിരണംദേശിയായ മാളിയേക്കൽ തോമ്മാറമ്പാൻ രചിച്ചതാണെന്നും അദ്ദേഹത്തിന്റെ വംശത്തിൽ നാല്പത്തെട്ടാം തലമുറക്കാരനായി ഉണ്ടായ വേറൊരു റമ്പാൻ 1601-ൽ അതു സംക്ഷേപിച്ചെഴുതിയെന്നും ഈ പാട്ടിൽത്തന്നെ പറയുന്നു.* ഇതു് 'ഊത്താമാ' എന്ന സുറിയാനിഗീതത്തിൻെറ രീതിയിലാണു് എഴുതപ്പെട്ടിരിക്കുന്നതു്. ഭാഷയും പ്രയോഗവിധാനങ്ങളും പരിശോധിക്കുമ്പോൾ ഈ കൃതിയുടെ നിർമ്മാണകാലം മേൽപ്പറഞ്ഞതിനു് ഇപ്പുറമാണെന്നു വിചാരിക്കാൻ യാതൊരു ന്യായവുമില്ല. മുൻപുദ്ധരിച്ച പാട്ടുകളെ അതിശയിക്കുന്ന സംസ്കൃതപദബാഹുല്യം ഇതിൽ കാണുന്നുണ്ടെന്ന കാര്യം വാസ്തവമത്രെ. പക്ഷേ മലയാളം സംസ്കൃതത്താൽ ആക്രമിക്കപ്പെടാൻ തുടങ്ങിയതും അതേ ഘട്ടത്തിൽത്തന്നെയാണെന്നു സമകാലീനകൃതികളായ പലേ ഹൈന്ദവചമ്പുക്കളും നമുക്കു സാക്ഷ്യംനൽകുന്നുണ്ടു്. ആകയാൽ ഈ വൈലക്ഷണ്യം കൃതിയുടെ പ്രാക്തനത്വത്തെപ്പററി ശങ്കിക്കാൻ കാരണമാകുന്നതല്ല. ഉദാഹരണാർത്ഥം പാട്ടിലെ ചില ഭാഗങ്ങൾ താഴെപ്പകർത്താം:

"സാക്ഷാൽ ദൈവം മൂവ്വൊരുവൻതാൻ
അരുൾമാർഗ്ഗത്തിൽ ഗുരുവരനാകിയ
മാമകനാമകനാം മാർത്തോമ്മാ
പെരുമാൾചോഴൻറാളായുള്ളോ-
രാവാനോട്ടം സഹിതം കൂടി
അറബിയായിൽ കപ്പൽ കരേറി
മാല്യംകരെ വന്നെത്തിയിത്
അറിവിൽ പാവേൻ മിശിഹാക്കാലം
അമ്പതു ധനുവം രാശിയതിൽ (17—24)

..................................

* ചില കൈയെഴുത്തുപകപ്പുകളിൽ 1601 എന്നതിനു പകരം 1061 എന്നാണു കാണുന്നതു്. ഏതാണു ശരിയായതെന്നു ഖണ്ഡിച്ചു പറവാൻ വിഷമം. പരിതഃസ്ഥിതികംകൊണ്ടു് ആദ്യനിർദ്ദേശംതന്നെയാണു സുബദ്ധമെന്നു തോന്നുന്നതു്.

ഒരു മാസത്തിന്നിടയിൽ തിരികേ
കേരളനാട്ടിൽ താൻവരുവാൻ
തിരുവഞ്ചിക്കുളമരചൻ മരുമക-
നാദേശത്തിൽ ചെന്നെത്തി
തൃക്കാൽമുത്തിയപേക്ഷകഴിച്ചു
കപ്പലിൽ യാത്രയുമവർ ചെയ്തു
തക്കംകൂടാതമ്പത്തൊന്നാം
ധനുവിൽ മാല്യംകരെ വന്നു
രാജകുടുംബത്തോടേ കാവ്യർ
മൂവ്വായിരമവിശ്വാസികളും
രാജ്യത്തിങ്കൽ വന്നു വസിക്കും
നാല്പതു യൂദജനങ്ങളുമായ്
ഒന്നരവൎഷങ്ങൾക്കുള്ളിടയിൽ (40--54)

മാമ്മോദീസാ കൈക്കൊണ്ടു
കൊല്ലംഗ്രാമമതിലൊരുവൎഷം (67—68)

അറിയിച്ചു താൻ മാൎഗ്ഗത്തെ
കിഴക്കുവടക്കായ് നടകൊണ്ടങ്ങനെ
തൃക്കപാലേശ്വരദിക്കിലുമെത്തി
കിഴക്കൻവഴിയായവിടന്നങ്ങനെ
മലനഗരം ചായൽക്കെത്തി (81—88)

ഒടുവിൽ ഇപ്രകാരം വൎണ്ണിക്കുന്നു:

ദേവാലയമോടാചാര്യരെയും
നടപടിയെല്ലാം വിധിചെയ്തു
അവസാനത്തിൽ മുറപോലവർമേൽ
റൂഹാവരവും താൻ നൽകി
വീണ്ടും നിരണത്താലയമതിലും
ഒരുവൎഷത്തിട പാൎക്കുമ്പോൾ
വേണ്ടവിധത്തിലവരുടെ സുകൃതം
കണ്ടതിനാൽ സന്തോഷിച്ചു
അവസാനത്തിൽ റൂഹാവരവും
ചെമ്മോൎത്തുകളും താൻ നൽകി (207–218)

ശ്ലീഹായുടെ നിൎയ്യാണം വൎണ്ണിച്ചിട്ടുള്ളതു് ഇങ്ങനെയാണു്:

പേനാൎക്കൾപോൽ മദവെറിവോടെ
എമ്പ്രാന്മാരായവരെല്ലാം
പല നിഷ്ഠൂരതയോരോന്നെല്ലാം
മാർ തോമ്മായോടവർ ചെയ്തു.

വലിയൊരു ശൂലമെടുത്തൊരു ക്രൂരൻ
ബലമായ് നെഞ്ചിൽ ശ്ലീഹായെ
കുത്തിക്കൊണ്ടവരോടിയൊളിച്ചു
എമ്പ്രാന്മാരായവരെല്ലാം
മാർത്തോമ്മാ കടലോരക്കാട്ടിൽ
കല്ലിൽ വീണു പ്രാർത്ഥിച്ചു. (347–356)
.............................
വെള്ളപ്രാവിനു തുല്യമൊരാത്മം
പരമാനന്ദ മഹത്വമതായ്
വെള്ളയണിഞ്ഞൊരരൂപികളോടെ
ആകാശത്തിൽ കയറുന്നു (377–380)

ഈ പാട്ടിന്റെ കൈയെഴുത്തു പകർപ്പുകൾ പാലയൂർ മുതൽ തെക്കു ചങ്ങനാശ്ശേരിവരെയുള്ള പ്രദേശങ്ങളിൽ ചില കുടുംബങ്ങളിലും മുമ്പ് ഉണ്ടായിരുന്നു. റവ. ഫാദർ ബർണ്ണാർഡിന്റെ ''മാർത്തോമ്മാനസ്രാണികൾ'' എന്ന പുസ്തകത്തിൽ ഇതു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

## പള്ളിപ്പാട്ടുകൾ

കേരളത്തിലുള്ള പഴയപള്ളികളിൽ ഓരോന്നിനെ സംബന്ധിച്ചും പ്രത്യേകം പാട്ടുകളുണ്ട്. അവ സാമാന്യത്തിലധികം പുരാതനങ്ങളും ചരിത്രദൃഷ്ട്യാ വിലയേറിയ രേഖകളുമാകുന്നു. ഈ പാട്ടുകളിൽ പള്ളി പണിചെയ്യിച്ച കുടുംബക്കാരെപ്പററിയും സ്ഥലം ദാനംചെയ്ത രാജകുടുംബത്തെക്കുറിച്ചും നിർദ്ദേശങ്ങൾ കാണുന്നതാണ്. എനിക്കു കാണാൻ സാധിച്ചിട്ടുള്ള പാട്ടുകളിൽ മിക്കവയും വടക്കുംകൂർ, തെക്കുംകൂർ, കീഴ്മലനാട്ട്, എടപ്പള്ളി, പെരുമ്പടപ്പ് (കൊച്ചി), ചെമ്പകശ്ശേരി മുതലായ സ്വരൂപങ്ങളുടെ അധികാരാതിർത്തികളിൽ ഉണ്ടായ പള്ളികളെ സംബന്ധിച്ച് എഴുതപ്പെട്ടവയാകുന്നു. ഈ പാട്ടുകൾ രചിച്ച കാലത്തു കൊല്ലത്തിനു വടക്കോട്ട തിരുവിതാംകൂർരാജ്യം വ്യാപ്തമായിരുന്നതായിക്കാണുന്നില്ല. കൊച്ചിരാജ്യത്തിനും കൊല്ലത്തിനും മദ്ധ്യേ അന്നുണ്ടായിരുന്ന രാജ്യങ്ങളാണു മേൽപ്പറഞ്ഞവ. തെക്കുംകൂറും വടക്കുംകൂറും കൂടിയ ദേശത്തിന് അന്നു വെമ്പലനാട്ട്* എന്നു പേരായിരുന്നു. വളരെ പ്രാചീനമായ ആ രാജ്യമാണിതു്. കടുത്തുരുത്തി, കോട്ടയം, കുറവലങ്ങാട്ട്, ചങ്ങനാശ്ശേരി മുതലായ ദേശങ്ങളിലെ പഴയ പള്ളികൾ വെമ്പലനാട്ടിൽ പെട്ടവയായിരുന്നു. കീഴ്മലനാട്ട് ഇപ്പോഴത്തെ തൊടുപുഴത്താലൂക്കും മൂവാറ്റുപുഴത്താലൂക്കിലെ ചില ഭാഗങ്ങളും ഉൾപ്പെട്ടിരുന്ന ഒരു രാജ്യമാണ്. അവിടെ മുതലക്കോടം, മയിലക്കൊമ്പ്, ആരക്കുഴ, മരുതോലിൽ (ചുങ്കം) എന്ന ദേശങ്ങളിൽ നാലു പ്രധാന പള്ളികൾ അന്നുണ്ടായിരുന്നു. പ്രസിദ്ധമായ ''നാലു പള്ളികളുടെ പാട്ടി''ൽ ഈ നാലു പള്ളികളെക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്. ചെമ്പകശ്ശേരി, കായംകുളം എന്നി

* 1106 ചിങ്ങം ലക്കം ഭാഷാപോഷിണിയിൽ ഞാൻ എഴുതിയിട്ടുള്ള ''വെമ്പലനാട്ട്'' എന്ന ലേഖനം നോക്കുക.

രാജ്യങ്ങളിലും പഴയ പള്ളികൾ ഇല്ലാതിരുന്നില്ല. പതിനെട്ടാം ശതാബ്ദത്തിൽ, 1750–ാമാണ്ടിടക്കു ദിഗ്വിജയേച്ഛുവായ മാർത്താണ്ഡവർമ്മമഹാരാജാവാണ് ഈ രാജ്യങ്ങൾ പിടിച്ചടക്കി കൊടുങ്ങല്ലൂർവരെ തിരുവിതാംകൂർ രാജ്യം വിസ്തീർണ്ണമാക്കിയതു്.

കേരളത്തിൽ സർവ്വോപരി പുരാതനമെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന പള്ളികൾ പാലയൂർ, കൊടുങ്ങല്ലൂർ, പറവൂർ, കോക്കമംഗലം, നിരണം, കൊല്ലം, ചായൽ എന്നീ സ്ഥലങ്ങളിൽ ഉള്ളവയാണ്. അപ്പസ്തോലനായ തോമ്മാതന്നെ ഈ പ്രദേശങ്ങളിൽ സ്ലീബാ (കുരിശു) സ്ഥാപിച്ചുവെന്നാണു പ്രബലമായ ഐതിഹ്യം. എങ്കിലും ഈ മഹാവിഹാരങ്ങളെ സംബന്ധിച്ച പാട്ടുകളൊന്നും ഇപ്പോൾ വിദിതമല്ല. ഒരുപക്ഷേ ക്രിസ്ത്യാനികളുടെ സംഖ്യയും പ്രാബല്യവും വർദ്ധിച്ചതിനുശേഷമേ പള്ളിപ്പാട്ടുകൾ ഉണ്ടാക്കുന്ന സമ്പ്രദായം പ്രചുരപ്രചാരം പ്രാപിച്ചുള്ളുവെന്നതായിരിക്കാം ഇതിനു കാരണം. മേൽപ്രസ്താവിച്ച പാട്ടുകളിൽ നസ്രാണികൾക്കു "തരുതാസ്സുൾ" എന്നാണു ബഹുലമായി പേർ പ്രയോഗിച്ചു കാണുന്നതു്. ഈ നാമം "തരിസാ" (Orthodox=സ്തുതി ചൊവ്വാകപ്പെട്ട, യാഥാസ്ഥിതികമായ) എന്ന സുറിയാനിവാക്കിൽനിന്നു മലയാളത്തിൽ ഉണ്ടായ തത്ഭവമത്രെ. വിശ്വാസത്തിൽ സുസ്ഥിരമായി സ്ഥിതിചെയ്യുന്നവരെന്നാണ് ഇതിൻെറ അർത്ഥം. അഥവാ മണിഗ്രാമക്കാരെപ്പോലെ "മാർഗ്ഗ"ത്തിൽനിന്ന് വഴുതിപ്പോയവരല്ലെന്നു താല്പര്യം. "തരിസാ" ശബ്ദം അക്കാലത്തു പേർഷ്യയിലും പ്രചാരത്തിലിരുന്ന ഒരു പദമാണ്. ക്രിസ്ത്യാനിയെന്ന പേരിന്ന് അന്നു പറയത്തക്ക വ്യാപ്തി വന്നിട്ടുണ്ടായിരുന്നില്ല. അന്യമതസ്ഥന്മാർ ക്രിസ്ത്യാനികളെ വേദക്കാർ അഥവാ മാർഗ്ഗക്കാർ എന്നും, തങ്ങൾ അന്യോന്യം തരിസ്സാസ്സുൾ എന്നും വിളിച്ചുവന്നു. സാമൂഹ്യാവസ്ഥയിൽ, അഥവാ ജാതിയെ സൂചിപ്പിക്കുന്നതിനായി, നസ്രാണി എന്ന പേർ തന്നെയാണ് അവർ പരക്കെ ഉപയോഗിച്ചിരുന്നതു്. മുഖവുരയായി ഇത്രയും പ്രസ്താവിച്ചു. ഇനി പള്ളിപ്പാട്ടുകളിൽനിന്നു മാതൃകാർത്ഥം ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

കടുത്തുരുത്തിപ്പള്ളിപ്പാട്ടിൻെറ ഒരംശം ഇങ്ങനെയാണ്:

"ആലപ്പനാ*ദിലെഴുത്തുതുവാൻ
അമ്പിനാൽ തമ്പുരാൻ മുമ്പാകെയെന്ന്
നാലെട്ടുദിക്കിലിണങ്ങൾക്കുടി
നന്മയാലൊത്തു പറഞ്ഞവാറെ
കാലത്തു പള്ളി കടുത്തുരുത്തിൽ
കാതലായ് വെപ്പതിന്നാശകുറി
നാടെട്ടുമുമ്പു വടക്കുംകൂററിഃ
നായകൻ മന്നനെ ചെന്നുകണ്ടു
ആടകൾ പൊൻപണം കാഴ്ചവെച്ചു
അരുളോടെ ഭൂമി കൊടുത്തവാറെ."

---

* ആലപ്പൻ = ആദ്യൻ—ദൈവം

കോട്ടയം വലിയപള്ളിപ്പാട്ടിൻെറ ഒരംശം:

"ദിഷ്ടതിനേരത്തു കർമ്മം ചെയ്യാൻ
വേണം സ്ഥലം നമുക്കെന്നു ലോകർ
വേഗത്തിലെല്ലാരുമാശകുറി
ചേരക്കോൻ നാട്ടിൽ പദവിദയറും
ചെൽവമൊഴിയാതെ വെമ്പനാട്ടിൽ
ദിക്കുതിറസ്സുള്ള തെക്കുംകൂററിൽ
തിമ്മനേർമന്നൻെറ കോട്ടയത്തു്
കർത്താവിന്നന്നു വെച്ചപള്ളി."

നാലു പള്ളിപ്പാട്ട് 17-ാം ശതാബ്ദത്തിൽ രചിക്കപ്പെട്ടതാണെന്നു വിചാരിക്കാൻ ലക്ഷ്യങ്ങളുണ്ട്. അതിൻെറ ചില ഭാഗങ്ങൾ:

"പള്ളി പലതുണ്ടു കീഴ്മലനാട്ടുകൾതന്നിൽ
ഭംഗിയതിലേററം പെരുകുന്ന മുതലക്കോടം
ഉള്ളംവെളിവാകും പെരുമ്പള്ളിച്ചിറയഴകാൽ
ഉററ ഭവനങ്ങൾ ഗുണമുള്ള മയിലക്കൊമ്പു്
എല്ലാം തരുതാഴ്സൂൾ ജനത്തിൻ പേർ തികച്ച വമ്പർ
ഏറെപ്പെരുകുന്നോർ തൊഴും പള്ളിയാരക്കുഴയിൽ
ദിക്കുതിറപ്പുന്നൽ തിരുപ്പദം വഴിപാടായി
തിണ്ണം പദവിചേരുന്ന പള്ളി മരുതോലില്ലു്
ഇച്ഛയുടൻ പള്ളിയതുപോലെ വിശേഷമായി
ഇച്ഛയാലെനിന്നു കുർബാന പലക്കു കാണ്മാൻ
കണ്ടാലിതു ബാബേൽക്കോട്ടപോലെ വരുന്നു പാത്താൽ."

കീഴ്മലനാട്ടു തിരുവിതാംകൂർ സംസ്ഥാനത്തിൽ വന്നുചേന്നതിനു മുമ്പായിരിക്കണം ഈ പാട്ടെഴുതപ്പെട്ടതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ആ ദേശത്തു് അന്നുണ്ടായിരുന്ന പള്ളികളിൽ ചിലതു് ഇപ്പോൾ ജീർണ്ണം ഭവിച്ചുകിടക്കയാണു്. അജ്ഞാതമായ ഏതോ ഉപദ്രവം നിമിത്തം തദ്ദേശവാസികൾ നാട്ടുവിട്ടുപോകയും അതുമൂലം പള്ളികൾ ഇടിഞ്ഞുപോകയുമാണുണ്ടായതു്.

## ചരിത്രസംബന്ധമായ മററു പാട്ടുകൾ

നസ്രാണിസമുദായത്തിൻെറ അനന്തരചരിത്രം വിവരിക്കുന്ന പല പാട്ടുകൾ കഴിഞ്ഞ അദ്ധ്യായത്തിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. അത്തരം പാട്ടുകളിൽ പ്രധാനമായ ഒന്നു് "അബ്രഹാം മെത്രാൻെറ പാട്ടാ"ണു്. മലങ്കരനസ്രാണികളുടെ മെത്രാപ്പോലീത്തായായി അങ്കമാലിൽ വളരെക്കാലം വാണശേഷം 1597-ൽ കാലംചെയ്ത മാർ അബ്രാഹമെന്ന സുറിയാനിക്കാരൻ മെത്രാൻെറ ജീവചരിത്രമാണു് ഇതിലെ പ്രതിപാദ്യവിഷയം. അദ്ദേഹം മരിച്ചിട്ടു് അധികതാമസം കൂടാതെ നിർമ്മിക്കപ്പെട്ടതായിരിക്കണം ഈ പാട്ടു് എന്നു വിചാരിക്കാൻ പല ലക്ഷ്യങ്ങളും അതിൽ

ത്തന്നെയുണ്ട്. ഈ കൃതി ഒട്ടേറെ ദീർഘമാകയാൽ ചില ഭാഗങ്ങൾ മാത്രമേ ഇവിടെ പകത്താൻ നിവൃത്തിയുള്ളു.

"ആദിമുന്നമിമ്മലനാട്ടിൽ വന്നൊരു മാത്തോമ്മാന്റെ
അല്ലലൊഴിച്ചു നമ്മവരുത്തി പിന്നെ മരിച്ചശേഷം
കാലം മുന്നൂററാണ്ടതുശേഷം വന്നു കിനായിത്തൊമ്മൻ
കാതോലിക്കാ കല്പനയാലെ ആബൂനാമാർ വരവുണ്ട്
ഉന്നിയ ചേരക്കോൻ തൻ മലനാട്ടു കൊട്ടങ്ങല്ലൂർകുടിപുക്ക്
ഊനമില്ലാതൊരുപള്ളിയും പട്ടണമങ്ങു ചമച്ചു ജനങ്ങൾ
കൊല്ലമിരണ്ടും[1] കൊച്ചി മലാക്കായൊമ്മീസ് ചീനം മക്കം
കോമളമായൊരു പള്ളിയും പട്ടണമങ്ങു സമത്തിനൊരുങ്ങി."

(നാലാം പാദം)

"പുതുമകൾ തങ്കും മകോതേവർ[2]തന്നിൽ
പുതുമയാൽ വന്ന കിനായിത്തൊമ്മൻ
ഭീതിപെട്ടാരാഞ്ഞു മാത്തോമ്മാന്റെ
വേദനപൂണ്ട തരുതാസ്സുൾക്ക്
എട്ടുദിശിയുമറിയിച്ചുകൊണ്ട്
എത്തിച്ചുകൊണ്ടു കൊട്ടങ്ങല്ലൂക്ക്
മാർഗ്ഗവും പുക്കു വഴിപാട്ടു നന്നായ്
മനോഗുണമെന്നേക്കും കൈക്കൊണ്ടാറെ."

(അഞ്ചാം പാദം)

മെത്രാന്റെ ആഗമനം വർണ്ണിക്കുന്ന ഘട്ടം:—

"ഭക്തിയുള്ള ബൂനന്മാരൊ മോക്ഷപാതം ചേരുന്നു
ബുദ്ധിയുള്ള പരദേശിവമ്പനാം പൊറുത്തുക്കാൾ
കണ്ടകണ്ടതുറയൊക്കെ കോട്ടയിട്ടിരിക്കുന്നു
വന്ന ബഹ്ഹതാശി[3]കളെയൊന്നുമിങ്ങു കണ്ടില്ല.
ആദിശിയിൽ മാറൗറാഹം കൊച്ചീലെന്നുകേട്ടീതേ
അക്കരകടന്നുചെന്നുദയംപേരൂർ പുക്കാറേ
ഉത്തമനാം പാലമററത്തച്ചനാം കുരിയത്തും[4]
ഉററുനല്ലിണങ്ങരുമായി ഒക്കെവന്നു കണ്ടീതേ
പാവാട പകൽ വിളക്കും രാജവാദ്യങ്ങളും
എല്ലാംകൊണ്ടലങ്കരിച്ചാർ മാറൗറാഹം മെത്രാനേ."

(ഏഴാം പാദം)

---

1 കൊല്ലമിരണ്ട്=രണ്ടു കൊല്ലം. വടക്ക് പന്തലായനിക്കടുത്തുള്ള കൊല്ലവും, തെക്കു കരക്കേണിക്കൊല്ലവും.

2 മകോതേവർ (മകോതൈ) കൊടുങ്ങല്ലൂരിന്റെ പഴയ പേരു്.

3 ബഹ്ഹതാശി=ബാഗ്ദാദുകാരൻ വിദേശീയസുറിയാനിക്കാരൻ എന്നർത്ഥം.

4 പാലമററത്തു മാറാവു്, കരിയതച്ചൻ. ഇതു പ്രസിദ്ധനായ ഗീവറുഗീസ് അക്കദിയാക്കോനാണു്.

ഈ മെത്രാന്റെ കാലശേഷം വേറൊരു മെത്രാനേക്കിട്ടാൻ നസ്രാണികൾ ചെയ്ത പ്രയത്നങ്ങളെക്കുറിച്ച് പാട്ടിൽ വളരെ വിലപിച്ചുകാണുന്നുണ്ട്. അതിൽ ചില ഭാഗങ്ങൾ അടിയിൽ പകൎത്തുന്നു:

''കന്നിശരണമെന്നുന്നിയിരുന്നൊരു മാറാവും പാലമററത്ത്
കൊച്ചിപറുങ്കി, കൊട്ടങ്ങല്ലൂപ്പറുങ്കി, കണ്ണൂപ്പറുങ്കികൊല്ലത്തും
മെച്ചം മൈലാപ്പൂരച്ചനുറുമീസി*ലൊക്കെ പറുങ്കികളായ്
കടലാൽ വഴിയില്ല കരയാൽ വഴിയില്ല വരികില്ലം കാണും.''

ക്രിസ്തുവബ്ദം 16, 17 എന്നീ ശതകങ്ങളിൽ മലങ്കരനസ്രാണികളുടെ ചരിത്രത്തിൽ ക്ഷോഭജനകങ്ങളായ പല സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ സംഭവങ്ങളെ ഭയാനകമാംവണ്ണം വൎണ്ണിച്ചിട്ടുള്ള പല പാട്ടുകളും ആയിടയ്ക്കുതന്നെ ഉണ്ടായതായും നാടൊട്ടുക്ക പ്രചരിച്ചതായും അറിയാം. 'അഹതള്ളാ' എന്ന സുറിയാനിമെത്രാനു പറങ്കികളിൽനിന്നു നേരിട്ട ഉപദ്രവങ്ങളെ ദയനീയമായി വൎണ്ണിക്കുന്ന ഒരു പാട്ടു മങ്ങാട്ടുപള്ളിവികാരി 1660-ൽ എഴുതിയതായും അതു പാടിക്കേട്ടവർ കണ്ണുനീർ വാൎത്തതായും തൽക്കൎത്താവിനു ശ്രോതാക്കൾ നിരവധി സംഭാവനകൾ കോരിവാരിച്ചൊരിഞ്ഞതായും കുഞ്ഞൻപാതിരിയുടെ ചരിത്രകൃതിയിൽ പ്രസ്താവിച്ചിരിക്കുന്നു. ആയിടയ്ക്കുതന്നെ അങ്കമാലിക്കാരനായ ഒരു കവി ഉദയമ്പേരൂർ സൂനഹദോസിനെക്കുറിച്ചും ഒരു പദ്യപ്രബന്ധം നിൎമ്മിച്ചതായിക്കാണുന്നുണ്ട്. മേൽപ്പറഞ്ഞ രണ്ടു കൃതികളും എനിക്ക് ഇതേവരെ കാണാൻ സാധിച്ചിട്ടില്ല.

## മററു ചില പദ്യകൃതികൾ

മേൽ വിവരിക്കപ്പെട്ട കൃതികളോടൊപ്പംതന്നെ പഴക്കം കാണിക്കുന്ന അനേക വട്ടക്കളികളും പാട്ടുകളും വേറേയും കാണുന്നുണ്ട്. യാക്കോവിന്റെ വട്ടക്കളി, ആദത്തിന്റെ വട്ടക്കളി, പൂവ്വയൗസേപ്പിന്റെ വട്ടക്കളി, മൂശയുടെ വട്ടക്കളി, തോബിയാസിന്റെ പാട്ട്, യൗനാൻ നിവ്യായുടെ പാട്ട് എന്നീ കൃതികൾ ഇവിടെ പ്രസ്താവാൎഹമാകുന്നു.

'പൂവ്വയൗസേപ്പിന്റെ വട്ടക്കളി' സാമാന്യം ദീൎഘമായ ഒരു കൃതിയത്രേ. അതിൽ അഞ്ചാം പാദം (മിസ്രേമിൽ ഉണ്ടായ കഥ) ഉദ്ധരിക്കാം:

"അക്കാലമവുസേപ്പിനെ കച്ചവടക്കാരരന്ന്
ആനന്ദമായ മെസ്രേനിൽ രാജന്റെ മന്ത്രി
പൊത്തിപ്പേറന്നവന്നു വിററു വിലയും വാങ്ങി
ഭക്തിയാൽ യൗസേപ്പിനേ എത്രയും സന്തോഷമായ്
പൊത്തിപ്പേറിന്റെ വീട്ടും വസ്തുക്കളൊക്കയുമേ
ഒന്നുപോൽ പരിപാലിച്ചീട്ടവോനവുസേപ്പായ്
ഒക്കെയും പരിപാലിച്ചീടുന്ന കാലങ്ങളിൽ
ഓമനകണ്ടൊരവുസേപ്പിൽ പൊത്തിപ്പേറിന്റെ

* ഉറുമീസ് = Ormuz. അറേബ്യാതീരത്തെ പഴയ തുറമുഖപട്ടണം.

ഭാര്യയ്ക്കു കാംക്ഷയുണ്ടായെന്നഹോ പറയേണ്ട
നാളുകളൊക്കയില്ലമിഷ്ടമവനോടവൾ
നാണംകളഞ്ഞപേക്ഷിച്ചിട്ടും ദിവസങ്ങളിൽ
ഒന്നും സമ്മതിക്കാതെ നീതിമാനവുസേപ്പ്
ഉന്നതനായ ദൈവം തന്നുടെ ഭക്തനായി
വന്നിസറായേൽ സുതൻ തന്നോടട്ടത്തുചെന്നു
വന്നവരവുകണ്ടു പേടിച്ചോടിയാനപ്പോൾ
വന്നിതു മന്ത്രിയപ്പോളുണ്ടായവസ്ഥകളേ
വല്ലാതെയറിയിച്ചു ഭർത്താവോടവളപ്പോൾ
പട്ടാങ്ങയറിയാതെ യൗസേപ്പിനെ പിടിച്ചു
ഒട്ടും വൈകാതെ വിലങ്ങിട്ടെന്നേ പറയേണ്ടു
ഈവണ്ണം വിലങ്ങതിലവുസേപ്പു കഴിയുമ്പോൾ
ഈശൻെറ മനോഗുണമെത്രയുമുണ്ടവനിൽ
ഏറ്റിയജനങ്ങളുമൊണ്ടു വിലങ്ങുകളിൽ
ഏതുമേ കററം കൂടാതവുസേപ്പുമക്കൂട്ടത്തിൽ
കയ്യേൽ വിലങ്ങുകാരെ സൂക്ഷിക്കയെന്നുടനേ
കാഴ്ചയിലവുസേപ്പു തൻെറ ഗുണങ്ങൾകണ്ടു
ഏല്പിച്ചു യൗസേപ്പിനെ താക്കോൽ പാറാവുകാരൻ
ഇങ്ങനെ യൗസേപ്പു മംഗളമോട്ടകൂടെ
ചങ്ങലയതിൽ പുക്കു കാലവും കഴിയുന്നു.''

അവസാനഭാഗം ഇപ്രകാരമാണ്:

''ഇങ്ങനെ കേണീട്ടുന്ന ജ്യേഷ്ഠന്മാരെ കണ്ടപ്പോൾ
തിങ്ങിനതാപംപൂണ്ടു മംഗലനവുസേപ്പും
തിണ്ണന്നറിയിച്ചുടൻ തമ്പിയെന്നുള്ളതിനെ
എണ്ണംകണക്കുമില്ലാതുള്ളൊരു സന്തോഷത്താൽ
എന്നെയിവിടെ നിങ്ങൾ വിററതു നന്നായല്ലൊ
ഉന്നതനായ ദൈവംതന്നുടെ കാരുണ്യത്താൽ
വന്നിതുകൂടി നമ്മൾ പന്തിരുപേരുമിന്ന്.
വാഴവില്ലുള്ള മക്കൾതമ്മിൽ തഴുകിയന്നു
മംഗലനായ ബാവാതന്നെ വരുത്തുവാനായ്
മന്നവക്കുള്ള തേരും മററു വ്യഞ്ജനാദിയും
ഒക്കെയുമൊരുമിച്ചു യാത്രയും പുറപ്പെട്ടു
ഓമനയായ മക്കൾ ചെന്നു ബാവാടെ പക്കൽ
ഒന്മയാൽ കൊണ്ടുവന്ന തേരിൽ കരേററിക്കൊണ്ടു
നായൻെറ തുണയാലെ വന്നിതു മെസറേനിൽ
നാട്ടിൽ തിറവില്ലുള്ള ഗോഷാനിൽ വാസംചെയ്തു.''

## അദ്ധ്യായം അഞ്ച്

# പൂർവ്വകാലത്തെ വിദ്യാഭ്യാസരീതി

യൂറോപ്യന്മാർ ഈ നാട്ടിൽ അവരുടെ വിദ്യാവിതരണസമ്പ്രദായം ഏർപ്പെടുത്തിയതിനു് എത്രയോ മുൻപുതന്നെ കേരളീയർക്കു വിജ്ഞാനസമ്പാദനത്തിനുവേണ്ട എഴുത്തുപള്ളിയും ആശാനും, പഠനപരിപാടിയും പാഠ്യസാമഗ്രികളും എല്ലാം ഉണ്ടായിരുന്നുവെന്ന സംഗതി സർവ്വവിദിതമാണല്ലൊ. അതൊക്കെ ഇന്നത്തേതിൽനിന്നു് അത്യന്തം വ്യതിരിക്തവും മനുഷ്യരിൽ നിഗൂഢമായി സ്ഥിതിചെയ്യുന്ന വിവിധശക്തികളെ വികസിപ്പിച്ചു വളർത്താൻ തീരെ അപര്യാപ്തവുമായിരുന്നുവെന്നും സമ്മതിച്ചേതീരൂ. എന്നാലും പണ്ടത്തെ പഠനക്രമം അദ്ധ്യേതാക്കളിൽ ധാരണാശക്തി വർദ്ധിപ്പിക്കുന്നതിനും പൗരജീവിതത്തിൽ വേണ്ട അറിവുകൾ സാമാന്യമായിട്ടെങ്കിലും പ്രദാനംചെയ്യുന്നതിനും ഉതകിയതായിരുന്നു. മാനസികവും കായികവുമായ രണ്ടുതരം ശിക്ഷണങ്ങൾക്കും അന്നു നമ്മുടെയിടയിൽ ഏകദേശം തുല്യപ്രാധാന്യംതന്നെ ഉണ്ടായിരുന്നു. ശസ്ത്രപരിശീലനത്തിൽ പ്രാചീനന്മാരെ അപേക്ഷിച്ചു് ഇന്നു നാം എത്രമാത്രം പിന്നിലാണു സ്ഥിതിചെയ്യുന്നതെന്നു പറയേണ്ടതില്ലല്ലോ. ഈ തത്വങ്ങൾ പര്യാലോചിക്കുമ്പോൾ ഇപ്പോഴത്തെ നമ്മുടെ അദ്ധ്യയനരീതിയേക്കാൾ നമ്മുടെ പ്രാചീനപഥം പലതുകൊണ്ടും ഉൽകൃഷ്ടതരമായിരുന്നുവെന്നു കാണാം. ഇന്നു നാം അനുവർത്തിക്കുന്ന വിദ്യാഗ്രഹണവിധാനങ്ങൾ യൂറോപ്പിൽത്തന്നേയും ആവിർഭവിച്ചതു കഴിഞ്ഞ ശതാബ്ദത്തിൽ മാത്രമാണെന്നുള്ളതും അവശ്യം ഓർക്കേണ്ടതാകുന്നു.

ലോകത്തിൽ ഏതുഭാഗത്തുള്ള ക്രിസ്ത്യാനികൾക്കും വേദവിധികൾ അനുഷ്ഠിക്കുന്നതിനുപോലും അക്ഷരാഭ്യാസം അപരിത്യാജ്യമാണല്ലോ. ആഫ്രിക്കയിലെ കാപ്പിരിവർഗ്ഗംകൂടി ക്രിസ്തുമതം സ്വീകരിക്കുന്നതോടൊന്നിച്ചു വിദ്യാപരിശീലനവും തുടങ്ങുന്നുവെന്നു പ്രസിദ്ധമത്രേ. ഈ സ്ഥിതിക്കു കേരളത്തിലെ ഉയർന്ന ജാതിക്കാരുടേയും സിറിയാക്കാരായ കച്ചവടപ്രധാനന്മാരുടേയും സമ്യക്കായ മേളനംകൊണ്ടുണ്ടായ മലങ്കര സുറിയാനിസമൂഹം വിദ്യാസമ്പാദനവിഷയത്തിൽ പരാങ്മുഖമായിത്തീർന്നിരിക്കാൻ ഇടയില്ല. കേരളത്തിൽ ആദ്യമായി ക്രിസ്തുമതം ഉപന്യസിച്ച മാർതോമ്മാശ്ലീഹാതന്നെ വേദാദ്ധ്യാപനത്തിനായി പകലോമറ്റം, ശങ്കരപുരി, കള്ളി, കാളികാവു് എന്നീ ആഢ്യകുടുംബങ്ങളിൽ ആചാര്യന്മാരേ അവരോധിച്ചതായി നസ്രാണികളുടെ ഇതിഹാസങ്ങളിൽ പ്രസ്താവിച്ചുകാണുന്നു. ക്രി. നാലാം ശതാബ്ദത്തിൽ അലക്സാന്ത്രിയായിൽ പരിലസിച്ചിരുന്ന ക്രിസോസ്റ്റോമോസിന്റെ ഏതദ്വിഷയകമായ അഭിപ്രായം കഴിഞ്ഞ ഒരദ്ധ്യായത്തിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. പിന്നീടു്

ഈ രാജ്യം സന്ദർശിച്ച പോർട്ടുഗീസുകാരും നസ്രാണികളുടെ വിദ്യാഭ്യാസത്തെക്കുറിച്ചു പ്രശംസിക്കമാത്രമല്ല, അവൎക്ക പഠിക്കാൻവേണ്ട കളരികളും ഗ്രന്ഥങ്ങളും പഠിപ്പിക്കാൻ ആശാന്മാരും ധാരാളം ഉണ്ടായിരുന്നതായി വിവരിച്ചു പറകയും ചെയ്തിരിക്കുന്നു.

നസ്രാണിമാപ്പിളമാൎക്ക് ഓലയിലും കടലാസിലും എഴുതപ്പെട്ട ഗ്രന്ഥങ്ങൾ പൂൎവ്വകാലത്തും സുലഭമായിരുന്നുവെന്നുള്ളതിനു മതിയായ ലക്ഷ്യങ്ങളുണ്ടു്. മിക്കവാറും കേരളത്തിൽ ഗ്രന്ഥങ്ങളും മററും ഒന്നാമതു കടലാസിൽ പകൎത്തി ഉപയോഗിക്കാൻ തുടങ്ങിയവർ നസ്രാണികളും ജോനകരും ആയിരിക്കാനേ ഇടയുള്ളു. മററു മലയാളികൾ ഇക്കഴിഞ്ഞ ഒരു നൂററാണ്ടിന്നിപ്പുറമല്ലാതെ അതുകൊണ്ടു പെരുമാററം ചെയ്തിരുന്നില്ല. നേരേമറിച്ചു്, നസ്രാണിവൈദികന്മാർ കടലാസിൽ സന്ദേശങ്ങൾ എഴുതുകയും ഗ്രന്ഥങ്ങൾ പകൎത്തിക്കയും ചെയ്യുന്ന പതിവു മുൻപേതന്നെ ഉണ്ടായിരുന്നു. പൗലീനോസ് തൻെറ 'ഇൻഡ്യായാത്ര' എന്ന പുസ്തകത്തിൽ സ്വാനുഭവം രേഖപ്പെടുത്തിയിട്ടുള്ളതും ഇപ്രകാരമാണു്. കൂടാതെ, ഹിന്ദുക്കൾ ഓലയിൽമാത്രമേ എഴുതുക പതിവുള്ളുവെന്നു് അദ്ദേഹം പ്രത്യേകം എടുത്തുപറകയും ചെയ്തിരിക്കുന്നു. തിരുവിതാംകൂറിലെ കാൎത്തികതിരുനാൾ മഹാരാജാവു മാർപ്പാപ്പായ്ക്കു സമൎപ്പിക്കാനായി പൗലീനോസിനെ ഏല്പിച്ച പ്രതിജ്ഞാപത്രംപോലും 'സുവൎണ്ണവൎണ്ണാ'ഞ്ചിതമായ താലപത്രത്തിലാണു് എഴുതപ്പെട്ടിരുന്നതു്. കടലാസ് ഒരു മ്ലേച്ഛ(വിദേശ)പദാൎത്ഥമാകയാൽ തൽസ്പൎശം 'ശുദ്ധംമാറാൻ' കാരണമാണെന്നുള്ള വല്ല മിഥ്യാശങ്കയുമാണോ അവരെ ഇക്കാൎയ്യത്തിൽ നിരോധിച്ചുനിൎത്തിയതെന്നുകൂടി ചിലൎക്ക ജിജ്ഞാസ ഉണ്ടായേക്കാം. ഇന്നും നമ്പൂരിമാർ മുതലായവർ എഴുത്തിനിരുത്തുന്ന ഉണ്ണികളെക്കൊണ്ടു് അരിയിലും ഓലയിലുമല്ലാതെ കടലാസിൽ 'ഹരിശ്രീ' വരപ്പിക്കുക പതിവില്ല.

പൂൎവ്വകാലത്തു നസ്രാണിമാപ്പിളമാരും, ഹൈന്ദവസംസ്കാരത്തിൻെറ പ്രവാഹസരണികളായ കാവ്യങ്ങളും പുരാണങ്ങളും മററും എഴുത്തുപള്ളികളിൽ അഭ്യസിക്കുക നടപ്പായിരുന്നു. 'അമരം' 'സിദ്ധരൂപം' 'വാക്യം' 'പരല്പേരു' 'കാലദീപം' ഇത്യാദിപാഠ്യഗ്രന്ഥങ്ങളാകട്ടെ അന്നു കേരളനിവാസികളുടെ പൊതുസ്വത്തായിരുന്നുവെന്നു പറയേണ്ടതില്ല. മൂലതോജാതമായ രക്തബന്ധവും, ബാഹ്യാചാരങ്ങളിലുള്ള വലുതായ സാധൎമ്മ്യവും നിമിത്തം പ്രാചീനനസ്രാണികൾ കേരളത്തിലേ മററു് ഉയൎന്ന വൎഗ്ഗക്കാരിൽനിന്നു് ഒരു വിധത്തിലും വ്യത്യസ്തരായിട്ടല്ല പരിഗണിക്കപ്പെട്ടുവന്നതു്. അവരും സ്വരാജ്യത്തിലേ തുല്യപൗരന്മാരാണെന്നുള്ള വിചാരം കേരളീയൎക്കാകമാനം അന്നുണ്ടായിരുന്നു. ക്രിസ്തുവിൻെറ വേദം സ്വീകരിച്ചതുകൊണ്ടു് അന്യവേദക്കാരായ ഹിന്ദുക്കൾക്കു നസ്രാണികളെപ്പററി ഏതെങ്കിലും അവജ്ഞ സംഭവിച്ചതായി ചരിത്രം സാക്ഷ്യം നൽകുന്നില്ല. ഉത്തമമദ്ധ്യമാധമതാദി അവസ്ഥാഭേദങ്ങൾ അൎഹിക്കുന്ന പല സമുദായങ്ങൾ പണ്ടും കേരളത്തിൽ ഉണ്ടായിരുന്നുവെങ്കിലും നസ്രാണികൾ ആദ്യവകുപ്പിൽത്തന്നെ നിശ്ചലമായി നിലകൊണ്ടുവന്നു. ഈ പരിതഃസ്ഥിതികളെക്കുറിച്ചു് ഗാഢമായി വിചിന്തനം

ചെയ്യുമ്പോൾ നസ്രാണിമാപ്പിളമാരും പൂർവ്വകാലത്തു ഹൈന്ദവഗ്രന്ഥങ്ങൾ പരിശീലനംചെയ്തിരുന്നതിൽ അത്ഭുതത്തിന്ന് അവകാശമില്ല. യൂറോപ്പിൽനിന്നു് ആഗതരായ ഇതരക്രിസ്ത്യാനികൾ ഇവിടെ പ്രവൎത്തിച്ചു തുടങ്ങിയശേഷമേ മേല്പറഞ്ഞ സ്ഥിതി ഏതാണ്ട് ഭേദപ്പെടുക ഉണ്ടായുള്ളു. ക്രി. അ. 1599-ൽ നടന്ന ഉദയമ്പേരൂർ സൂനഹദോസിന്റെ നിശ്ചയങ്ങളിൽ ഒന്നു് ഈ വ്യതിയാനത്തിന്റെ പൂൎവ്വരംഗമായിക്കരുതാം.

കുലീനസമുദായങ്ങൾക്കു തുല്യസാധാരണവും കലാത്മകവുമായി പ്രചരിച്ചുകൊണ്ടിരുന്ന പ്രസ്തുതശിക്ഷണങ്ങൾക്കുപുറമേ നസ്രാണിമാപ്പിളമാർക്കു മതവിശ്വാസത്തേയും സദാചാരപ്രസക്തിയേയും ഉത്തേജനം ചെയ്യുന്നവയായി രചിക്കപ്പെട്ട ഗാനകീൎത്തനാദികളായ മററു പാഠ്യപ്രബന്ധങ്ങളും ഉണ്ടായിരുന്നു. ഇവയെ സംബന്ധിച്ചു മുന്നദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. സജാതീയരും വിജാതീയരും ആയ ആശാന്മാർ നസ്രാണിക്കുട്ടികളെ ഇവയെല്ലാം ചൊല്ലിക്കൊടുത്തു പാഠം ചെയ്യിക്കുന്നതിലും ഒന്നുപോലെ തല്പരചിത്തന്മാരായിട്ടാണു വൎത്തിച്ചിരുന്നതു്.

പുരാതനനസ്രാണികളുടെ ശിക്ഷണത്തിൽ മാനസികമെന്നും കായികമെന്നും സമപ്രധാനങ്ങളായ രണ്ടു ശാഖകൾ ഉണ്ടായിരുന്നു. ഇതിൽ രണ്ടാമത്തേതിന്നു് ഇന്നു വലിയ പ്രാധാന്യമില്ല. തന്മൂലം ഉൽകൃഷ്ടപരീക്ഷാവിജയികളായ നമ്മുടെ യുവാക്കന്മാരിൽ വളരെപ്പേർ ക്ഷീണഗാത്രരായാണു് കോളേജുകളിൽനിന്നു പുറത്തുവരുന്നതു്. ഈ കഷ്ടനില പണ്ടു് കേരളത്തിലെ പ്രമുഖജനസമൂഹങ്ങളിൽ ഒന്നിനേയും ബാധിച്ചിരുന്നില്ല. കാരണം, അവരുടെയിടയിൽ കായികപരിശീലനത്തിന്നു് അത്രകണ്ടു വ്യാപ്തിയും പ്രാധാന്യവും ഉണ്ടായിരുന്നു എന്നുള്ളതാണു്. ഇന്നത്തെപ്പോലെ രാഷ്ട്രത്തിനു ശക്തി അന്നില്ലാഞ്ഞതിനാൽ ഓരോ വ്യക്തിക്കും സമുദായത്തിനും ഈദൃശപരിശീലനം വിശേഷിച്ചും ആവശ്യമായിരുന്നു എന്നുകൂടി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

അക്ഷരവിദ്യകഴിഞ്ഞാൽ ഉടൻതന്നെ പൂൎവ്വന്മാർ ആയുധവിദ്യ തുടങ്ങുകയായി. അതുകൂടി പൂൎണ്ണമായാലല്ലാതെ വിദ്യാഭ്യാസം അവസാനിച്ചതായി കണക്കാക്കപ്പെട്ടിരുന്നില്ല. ഇക്കാരണത്താൽ 'കച്ചകെട്ടും പയറ്റും' പഠിക്കാത്ത ആളുകൾ നസ്രാണികളുടെകൂട്ടത്തിൽ അന്നു തുലോം കുറവായിരുന്നു. മാത്രമല്ല, അവയുടെ അറിവില്ലായ്മ പൗരുഷത്തിനുപോലും പോരാത്തതാണെന്നു് ഒരു ബോധവും അക്കാലത്തു പ്രബലമായിരുന്നതായിട്ടാണു കാണുന്നതു്. എട്ടുമുതൽ ഇരുപത്തഞ്ചുവരെയുള്ള വയസ്സുകൾക്കകം ഈ അഭ്യാസം നിൎവ്വഹിക്കപ്പെട്ടുവന്നു. അതിന്നായി നാടെങ്ങും പ്രത്യേകം ഉള്ളതായ കളരികളിൽ നസ്രാണികളോ നായന്മാരോ ആയ 'പണിക്കന്മാരാ'ണു് ശിഷ്യരെ ഈ വിദ്യ പരിശീലിപ്പിച്ചുവന്നതു്. പൂൎവ്വകാലത്തു നസ്രാണിപ്പരിഷയിൽ ഇത്തരം പണിക്കന്മാർ ധാരാളം ഉണ്ടായിരുന്നുവെന്നുള്ളതും പ്രസിദ്ധമാണല്ലോ. പോർട്ടുഗീസ്കാരനായ മെനേസീസ്മെത്രാൻ ഉദയമ്പേരൂർ സൂനഹദോസ് വിളിച്ചുകൂട്ടുവാനായി ഇവിടെ വന്നപ്പോൾ ആയുധധാരികളായ അനേകം പണിക്കന്മാരുടേയും 'ഭടജന'ങ്ങളുടേയും അകമ്പടിയോടുകൂടിയാണു് മലങ്കരസഭ

യുടെ ഭരണാധികാരിയായിരുന്ന ഗീവർഗീസ് അക്ദിയാക്കോൻ അദ്ദേഹത്തെ എതിരേല്ക്കാൻചെന്നതെന്നു ചരിത്രം പ്രസ്താവിക്കുന്നു. നസ്രാണിവൈദികന്മാർപോലും അക്കാലത്തു ശസ്ത്രപരിശീലനംചെയ്തു അപൂർവ്വമായിരുന്നില്ല. മെനേസീസ് ചില പള്ളികളിൽ ചെന്നപ്പോൾ വികാരിമാർ വാളും പരിചയുമെടുത്താണ് അദ്ദേഹത്തെ അഭിവാദ്യം ചെയ്തതു്. കേരളത്തിൽ മുപ്പതിനായിരത്തിൽപ്പരം നസ്രാണിയോദ്ധാക്കന്മാർ അന്നുണ്ടായിരുന്നതായി പോർട്ടുഗീസ്ചരിത്രകാരന്മാർ സാക്ഷി നൽകുന്നുണ്ടു്. ഇത്ര അധികം ആളുകൾ, അഥവാ സമുദായത്തിലെ പുരുഷന്മാർ എല്ലാവരുംതന്നെ, ഇപ്രകാരം ആയോധനനിപുണന്മാരായി ക്കാണപ്പെട്ടതു ശസ്ത്രാഭ്യാസം അപരിത്യാജ്യമായി സങ്കല്പിച്ചുവന്നതിന്റെ ഫലമാണെന്നുള്ളതിനു സംശയമില്ല.

നസ്രാണികളുടെ പ്രസ്തുതപരിശീലനത്തോടു് അനുബന്ധിച്ചുള്ള ഒരു പടക്കളി അഥവാ 'യോധകേളി'യായ പരിചമുട്ടുകളിയേപ്പററി കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതു യുദ്ധവൈദഗ്ദ്ധ്യമുള്ള ഒരു ജനസമൂഹത്തിനു സർവ്വഥാ ഇണങ്ങിയതുമാണ്. പണ്ടു് കേരളത്തിൽ എവിടേയും ഈ കളി പരിചയിച്ച നസ്രാണിയുവാക്കന്മാർ ധാരാളമുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ ഇതരവർഗ്ഗക്കാരെപ്പോലെ ഇവരും ഈദൃശവിനോദങ്ങളിൽ പ്രായേണ അലസന്മാരായി തീർന്നിട്ടുണ്ടു്. ''നാടോടുമ്പോൾ നടുവേ'' എന്നാണല്ലോ പഴഞ്ചൊല്ല്.

## വിദ്യാഭ്യാസപരിപാടി

ഇനി നസ്രാണികളുടെ പാഠപരിപാടി കുറേക്കൂടി സൂക്ഷ്മമായി പരിശോധിക്കാം. പൂർവ്വനസ്രാണികളുടെ അദ്ധ്യാപനരീതി ഹിന്ദുക്കളുടേതിൽനിന്നു് അധികമൊന്നും വ്യത്യസ്തമായിരുന്നില്ലെന്നു മേൽപ്രസ്താവിച്ച സംഗതികളാൽ സ്പഷ്ടമാണല്ലോ. നിലത്തെഴുത്തു്, അതുകഴിഞ്ഞു കണക്കു്, അനന്തരം ഓലവര ഇത്യാദി ചടങ്ങുകളെല്ലാം ഇരുകൂട്ടർക്കും തുല്യംതന്നെ. എങ്കിലും ഈ മുറകൾ നിർവ്വഹിക്കുന്നതിൽ പ്രകൃതസമുദായത്തെ സംബന്ധിച്ചുള്ള ചില ഭേദഗതികളും വിശേഷാചാരങ്ങളും കൂടുതൽ ശ്രദ്ധേയമാണ്.

കുട്ടിക്കു് അഞ്ചോ ആറോ വയസ്സായാൽ അച്ഛൻ അവനെ സമീപസ്ഥിതമായ എഴുത്തുപള്ളിയിലേക്കു നയിക്കുന്നു. അവിടെവെച്ചു് ആശാൻ കദളീപത്രത്തിൽ വെററില അടക്ക മുതലായ ദക്ഷിണാദ്രവ്യങ്ങൾ സ്വീകരിച്ചു ശിഷ്യനെ അഭിമുഖമായിരുത്തി അകാരാദി പതിനാറു വർണ്ണങ്ങൾ എഴുതി മഷിയിട്ട ഒരോല അവൻെറ കൈയിൽ കൊടുക്കുകയും ആദ്യാക്ഷരം ആശാൻതന്നെ വിരൽകൊണ്ടു മൂന്നുവട്ടം മണലിൽ വരപ്പിക്കുകയും ചെയ്യുന്നു. ഒരു കാലത്തു ''ഹരിശ്രീ ഗണപതയേ നമഃ, അവിഘ്നമസ്തു'' എന്ന ഹൈന്ദവമന്ത്രംതന്നെയാണു നസ്രാണിശിഷ്യന്മാർക്കും ഗുരുക്കന്മാർ ഓലയിൽ തലക്കെട്ടായി എഴുതിക്കൊടുത്തിരുന്നതെങ്കിലും പ്രായേണ ക്രിസ്ത്യാനികൾ അതു മാററി പകരം ''സർവ്വേശ്വരായ നമഃ; തമ്പുരാൻ തുണയ്ക്കു; ഗുരുവേ ശരണം'' എന്നിങ്ങനെ എഴുതിച്ചുവന്നു.

ഇതാണ് എഴുത്തിനിരുത്തിന്റെ ക്രമം. നമ്പൂരിമാർ മുതലായവർ ഗൃഹത്തിൽവെച്ചാണു വിദ്യാരംഭം നടത്താറുള്ളതെങ്കിലും ആ സമ്പ്രദായം നസ്രാണികളുടെയിടയിൽ എത്ര കാലം നിലനിന്നിരുന്നുവെന്നു നിർണ്ണയിക്കാൻ ലക്ഷ്യമൊന്നുമില്ല.

ഏതാനും മാസങ്ങൾകൊണ്ടു ശിഷ്യന്മാർ അക്ഷരസമുച്ചയമെല്ലാം മേൽപ്രകാരം മണലിൽ വരച്ചു പരിചയിക്കും. അനന്തരം അവർക്ക് ഓലയിൽ വരച്ചുതുടങ്ങുന്നതിനുള്ള ഘട്ടമായി. ഇതിനു 'ചിന്തംപിടുത്തം' എന്നു തെക്കും 'വായനസ്ഥിട്ടക' എന്നു വടക്കൻ ദിക്കുകളിലും പറഞ്ഞിരുന്നു. ഈ അവസരം സാധുക്കൾ കളരിയിൽമാത്രവും സമ്പന്നന്മാർ കളരിയിലും ഗൃഹത്തിലും സാഘോഷം കൊണ്ടാടാറുണ്ടായിരുന്നു. എഴുത്തുപള്ളിയിൽ സഹപാഠികളെയെല്ലാം നിരത്തിയിരുത്തി അവരുടെ മുൻപിൽ അവലും ശക്കരയും വിളമ്പുകയും ഗുരുനാഥനു മുണ്ടും പൊതിയും സമ്മാനിക്കയും ചെയ്യേണ്ടതു വായന തുടങ്ങുന്ന അദ്ധ്യേതാവിന്റെ മുറയാണ്. തദനന്തരം ആശാൻ താഴെക്കാണുന്ന പദ്യഖണ്ഡം ഓലയിൽ എഴുതിക്കൊടുത്തു ചൊല്ലും:

"ആദിമുതൽ മോശകയ്യിൽ ജ്ഞാനവിധി പത്തും
അൻപിനോടു സീനമലതന്നിൽ വെളിവായി.
നീതിയൊടു തൻമരതകപലകതന്മേൽ
നായനരുൾ താശിയോടു താനെഴുതിനൽകി.
വേദമുതലായതിനു രേഖമുതൽസാക്ഷി
വേണമടിയാക്കു ഭുവിലോകമതു നീളെ
ചേതസ്സതിലെണ്ണവുമെഴുത്തുമറിയിപ്പാൻ
ചിന്തമൊഴി കമ്മമൊഴി താ, തൊഴുതിടുന്നേൻ"

ഈ പദ്യഖണ്ഡം പിന്നീടു ശിഷ്യൻ എന്നും രാവിലെയും വൈകുന്നേരവും ഉരുവിടും. ചില പ്രദേശങ്ങളിൽ വേറെയും ചില പദ്യങ്ങൾ നടപ്പുണ്ടായിരുന്നു.

"ഇരുളാകുന്ന പാദത്തിൽ
എരിതീപോലെഴുത്തായി
പരിതാപങ്ങൾ പോക്കീട്ടും
ഗുരുപാദം നമോ നമഃ"

ഇങ്ങനെ പല പദ്യങ്ങളും ബാലന്മാർ വശമാക്കിയിരുന്നു. വായനയും ഓലവരയും തുടങ്ങുന്നതോടുകൂടിത്തന്നെ അകാരാദിക്രമത്തിൽ എഴുതപ്പെട്ട 'അമ്മയായ രാജകന്നി' മുതലായ കീർത്തനങ്ങളും കണക്കും ഉരുക്കഴിക്കാൻ ആരംഭിക്കയായി. ഇവയെത്തുടർന്നു വാക്യം, വാക്യശേഷം എന്നിവയും അനന്തരം നീതിസാരം, ഗുണപാഠം ഇവയും പരിശീലിക്കുന്നു. അമരം, സിദ്ധരൂപം ഇവ രണ്ടുമാണു പിന്നത്തെ പാഠ്യവിഷയങ്ങൾ. പക്ഷേ, ഈ ഗ്രന്ഥങ്ങൾ രണ്ടും മുഴുവൻ ഹൃദിസ്ഥമാക്കുക ചുരുക്കമായിരുന്നു. ഒടുവിൽ കാവ്യം വായിക്കുന്നതായിരുന്നു മുറ. പ്രഥമകാവ്യം അവർക്കും ശ്രീരാമോദന്തം തന്നെ. പക്ഷേ, കാലാന്തരത്തിൽ വടക്കൻദിക്കിലുള്ള നസ്രാണികൾ ഇതിനുപകരം അർണ്ണോസു പാതിരിയുടെ കൃതി

കൾ, വിശിഷ്യ പവ്വങ്ങൾ നാലും, ആണു പഠിക്കാറുണ്ടായിരുന്നതു്. ഇത്രയുമെല്ലാമായാൽ അദ്ധ്യയനം സമാപിച്ചു. ഇതിനിടയ്ക്കു വേദസംബന്ധങ്ങളായ കഥകൾ, ഗാനങ്ങൾ മുതലായി വേറെ വേണ്ടകൂട്ടങ്ങളും അദ്ധ്യേതാക്കന്മാർ യഥാക്രമം പരിചയിച്ചുകൊള്ളും.

പ്രതിദിനം വൈകുന്നേരം കളരി പിരിയാറാകുമ്പോൾ വിദ്യാൎത്ഥികൾ എല്ലാവരും ചേൎന്നു 'വായ്പാഠം' ചൊല്ലുക എന്നൊരു സമ്പ്രദായവും പണ്ടു നടപ്പുണ്ടായിരുന്നതാണു്. അങ്ങനെ ഉരുക്കഴിക്കുന്ന പദ്യഖണ്ഡങ്ങൾ പലതും മുൻഉദ്ധരിച്ചവ തന്നെ. വേറെയും ചിലതില്ലെന്നില്ല. അവയിൽ ഒന്നിതാണു്:

''നായകാ പരനേ ഈശോ, പാപികൾക്കുടയനാഥാ
മാനുഷവേഷമായോൻ—മാനം തെളിവാൻ വന്നുദിക്ക
കാരണഭൂതനായോൻ—കണക്കിനു തുണച്ചീടേണം.
വാനങ്ങൾ ഭുവനമെല്ലാം—അരുളിനാൽ പടൈത്തനാഥൻ.
ആദവും അവ്വാതന്നെ—പറുദീസായിൽവച്ചു്
അന്നവൻ പിഴച്ചമൂലം—ഏകനാം നാഥൻ താനും
ബേതലേൽപ്പിറന്നനാഥാ—സന്തതം കുമ്പിടുന്നേൻ.''

അക്ഷരവിദ്യാനന്തരം തുടങ്ങുന്ന ആയുധാഭ്യസനത്തിൽ ഒന്നാമത്തെ ചടങ്ങു കച്ചകെട്ടായിരുന്നു. പണിക്കന്മാർ ശിഷ്യന്മാരെ എണ്ണയിട്ടു ചവുട്ടി ഉഴിഞ്ഞു ശരീരം യഥേഷ്ടം വളയ്ക്കാനും തിരിക്കാനും മററും കഴിയത്തക്കവിധം സാധകമാക്കിത്തീക്കുന്നതാണു് ഈ ഘട്ടത്തിൽ ആദ്യമായ പ്രവൃത്തി. അനന്തരം വെട്ടു്, തട, പയററു് ഇത്യാദി ആയുധപ്രയോഗങ്ങൾ പരിശീലിപ്പിക്കപ്പെട്ടുന്നു. ഒടുവിലത്തെ വിഷയമാണു മമ്മപാഠം. ചുരുങ്ങിയപക്ഷം മൂന്നുനാലു കൊല്ലമെങ്കിലും പൂൎണ്ണമായി ക്ലേശിക്കാതെ ഈ വിദ്യ ഹൃദിസ്ഥമാകുന്നതല്ല. ആകയാൽ ഇതുകൂടി കഴിയുമ്പോഴേയ്ക്കു് അദ്ധ്യേതാവിനു ബ്രഹ്മചൎയ്യം തരണം ചെയ്യാനുള്ള കാലവുമാകും. അതോടെ വിവാഹവും നടക്കുന്നു. ആ അവസരമാണു നസ്രാണിവിദ്യാൎത്ഥികൾക്കു ഗുരുദക്ഷിണയ്ക്കുള്ള ഘട്ടം. മഹനീയമായ ഈ കൎത്തവ്യം കഴിവതുപോലെ നിൎവ്വഹിച്ചശേഷമല്ലാതെ വരൻ പരിണയാൎത്ഥം പടിപുറത്തിറങ്ങാറില്ല. ഗൃഹസ്ഥാശ്രമപ്രവിഷ്ടനായാൽ പിന്നത്തെ യുവകൃത്യം മാന്യവും ആദായകരവുമായ ഏതെങ്കിലും തൊഴിലിൽ, വിശിഷ്യ വാണിജ്യത്തിൽ, ഏർപ്പെട്ടുകയെന്നുള്ളതായിരുന്നു.

## സ്ത്രീവിദ്യാഭ്യാസം

മേൽവിവരിച്ച പാഠപദ്ധതികളിൽ കായികാഭ്യാസമൊഴിച്ചു ശേഷമെല്ലാം നസ്രാണിസമുദായത്തിലെ ബാലികമാരേയും സംബന്ധിക്കുന്നവ ആയിരുന്നു. പക്ഷേ പന്ത്രണ്ടോ പതിമ്മൂന്നോ വയസ്സു കടന്നാൽ പിന്നെ അവർ കളരികളിൽ പോകുക പതിവുണ്ടായിരുന്നില്ല. അതിനകം അവശ്യംവേണ്ട അറിവെല്ലാം അവർ സ്വാധീനപ്പെട്ടുത്തിക്കൊള്ളും. വിശിഷ്യ സംഗീതം അക്കാലത്തു നസ്രാണിബാലികമാൎക്കു് അകത്തിവയ്ക്കാവുന്ന ഒരു കല ആയിരുന്നില്ല. ഇതിനു പ്രത്യേകകാരണവുമുണ്ടു്.

വിവാഹാവസരങ്ങളിൽ പാട്ടുകൾ മിക്കതും പാടേണ്ടതു് അവരുടെ മുറയാണു്. കൂടാതെ 'അടച്ചുതുറ' എന്ന ചടങ്ങിനു് അമ്മായിയമ്മ (ശ്വശ്രൂ) വളരെ പാട്ടുകൾ അവശ്യം പാടേണ്ടതായുമുണ്ടായിരുന്നു. കല്യാണപ്പന്തലിൽവെച്ചു വധുവിൻെറയും വരൻെറയും പാർശ്വങ്ങളിൽപ്പെട്ട സ്ത്രീകൾ പരസ്പരം പാട്ടിൽ മത്സരിച്ചു വിജയം കാംക്ഷിക്കുന്നതും അന്നു പതിവായിരുന്നു. അതുമൂലം പാട്ടറിയാത്ത സ്ത്രീകളുടെ അവസ്ഥ സമുദായത്തിൽ വളരെ ശോച്യമായിട്ടാണു് പൂർവ്വന്മാർ വിചാരിച്ചിരുന്നതെന്നു സ്പഷ്ടമാണല്ലോ. ഇപ്പോഴുള്ള ചില വൃദ്ധകൾകൂടി പഴയ കാലത്തെക്കുറിച്ചു സംഭാഷണംചെയ്യുമ്പോൾ അവരുടെ സംഗീതവൈദഗ്ദ്ധ്യത്തെപ്പററി വളരെ മേനിപറയാറുണ്ടു്. തത്സമയം അവരുടെ ശുഷ്ക്കിച്ച വദനങ്ങൾ പ്രസാദഭരിതമായിത്തീരുകയും ചെയ്യുന്നു. തെക്കുംഭാഗം സുറിയാനിക്കാരായ സ്ത്രീകൾ ഇന്നും വിവാഹാദ്യവസരങ്ങളിൽ അവരുടെ ഗാനചാതുര്യം പ്രകടമാക്കുന്ന മാമൂൽ തീരെ ഉപേക്ഷിച്ചിട്ടില്ല. ആർത്തവാനന്തരം പുത്രിമാരെ പാട്ടും കഥയും ശീലിപ്പിച്ചിരുന്നതു സ്വന്തം മാതാക്കന്മാർതന്നെയായിരുന്നു. വിശാലമല്ലെങ്കിലും വിശുദ്ധമായ ഈ വിദ്യാപ്രദാനസമ്പ്രദായത്തിൻെറ ഫലമായി നസ്രാണിസ്ത്രീകൾ സൽസ്വഭാവം, സദാചാരനിഷ്ഠ, സമുദായാഭിമാനം, ഈശ്വരഭക്തി ഇത്യാദിഗുണങ്ങളാൽ സമാലംകൃതകളായിത്തീരുകയും ചെയ്തിരുന്നു. നിർദ്ദിഷ്ടഗുണങ്ങളെക്കൊണ്ടു കേരളത്തിലെ ക്രിസ്തീയവധുക്കൾ അന്നുള്ള യൂറോപ്യൻവനിതമാരെക്കൂടി അധഃകരിച്ചിരുന്നുവെന്നു പോർട്ടുഗീസ് ചരിത്രകർത്താക്കന്മാർതന്നെയുംസമ്മതിച്ചിട്ടുള്ളതാണു്.*പുരാതനറോമൻവനിതമാരെക്കൊപ്പം ഇവിടത്തെ മാതാക്കന്മാരും സ്വസമുദായരക്ഷയ്ക്കുവേണ്ടി പോരാടുന്നതിൽ ഭർത്താക്കന്മാരേയും പുത്രന്മാരേയും പ്രേരണം ചെയ്തുവരത്രെ. തൊട്ടിയിൽ ശയിക്കുന്ന കാലം തുടങ്ങി സ്വപുത്രന്മാരോടു പൂർവ്വന്മാരായ വീരപുരുഷന്മാരുടെ അപദാനങ്ങൾ വർണ്ണിച്ചു പൗരുഷത്തെ അവർ ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു. അന്നു മാതാക്കന്മാരിൽനിന്നു ലഭിച്ചുവന്ന ഉൽകൃഷ്ടാദർശങ്ങൾ ഇന്നു പാശ്ചാത്യവിദ്യാഭ്യാസത്തിൻെറ പാരമ്യംകൊണ്ടുപോലും സിദ്ധിക്കുന്നുണ്ടോ എന്ന കാര്യം സംശയാസ്പദംതന്നെ.

## പ്രത്യേകവിദ്യകൾ

*വൈദ്യശിക്ഷ:* സാമാന്യവിദ്യാഭ്യാസം കൂടാതെ, പല ഉപരിപാഠങ്ങളും അന്നു നസ്രാണികളുടെയിടയിൽ നടപ്പുണ്ടായിരുന്നു. ഇവയിൽ വൈദ്യവും വേദശാസ്ത്രവും ആയിരുന്നു ഏററവും പ്രധാനം. നസ്രാണികളുടെയിടയിൽ വൈദ്യശാസ്ത്രനിപുണതയുള്ള പല കുടുംബങ്ങൾ ഉണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലോ. തേവലക്കര, അരണാട്ടുകര മുതലായ സ്ഥലങ്ങളിലുള്ള വിശ്രുതങ്ങളായ വൈദ്യകുടുംബങ്ങൾ ഇന്നും ശ്രേയസ്സോടെ നിലനിന്നുപോരുന്നു. കണ്ണുവൈദ്യത്തിൽ തേവലക്കരക്കാർക്കും സാമാന്യവൈദ്യത്തിൽ അരണാട്ടുകരത്തരകന്മാർക്കും ഉള്ള പ്രാമാണ്യം

* നാലാമദ്ധ്യായം കാണുക.

നസ്രാണികൾമാത്രമല്ല മററു ജനങ്ങളും സമ്മതിക്കുന്നതാണ്. മഹാരാജാക്കന്മാരിൽനിന്നുതന്നെ അവക്ക് അംഗീകാരവും ബഹുമാനവും സിദ്ധിച്ചിട്ടുള്ളതാണല്ലോ. ഇതുപോലെ ഓരോ ദിക്കുകളിലും പേരുകേട്ട വൈദ്യകുടുംബങ്ങൾ ഇന്നും സ്ഥിതിചെയ്യുന്നു. ആ കുടുംബങ്ങളിൽ പലതും പരദേശത്തുനിന്നു വന്ന സുറിയാനിക്കാരിൽ പെട്ടതാണെന്നാണ് ഐതിഹ്യം. അക്കാലത്തു ബാഗ്ദാദിൽ ക്രിസ്തുമതാനുയായികളും പ്രസിദ്ധരും ആയ വൈദ്യന്മാർ ഉണ്ടായിരുന്നെന്നുള്ള വസ്തുത ആദ്യത്തെ അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

പ്രധാനനസ്രാണിവൈദ്യകുടുംബങ്ങൾ പണ്ടേക്കാലത്തു ചികിത്സനടത്തുക മാത്രമല്ല വൈദ്യവിഷയത്തിൽ അദ്ധ്യാപനം നടത്തുകയും ചെയ്തിരുന്നു. വലിയ വൈദ്യന്മാക്കു ശിഷ്യപ്പെട്ടാണ് അന്നു ചെറുപ്പക്കാർ വൈദ്യം പഠിച്ചിരുന്നതു്. നിദാനം ഗുണപാഠം മുതലായ അവശ്യജ്ഞേയങ്ങളായ ഗ്രന്ഥങ്ങൾ ഹൃദിസ്ഥമാക്കിക്കഴിഞ്ഞാൽ പിന്നെ പേരുകേട്ട വൈദ്യന്മാരുടെ ശിഷ്യരായി പരിശീലനം ചെയ്യും. ഈ പരിശീലനമാണല്ലോ യഥാർത്ഥവിദ്യാഭ്യാസത്തിന്റെ മൂലാധാരം. ഈ വിധമുള്ള അഭ്യസനത്തിന്റെ ഫലമായി ചിലർ ദൃഢാഭ്യസ്തരും മററു ചിലർ മുറിശ്ലോകം ഉരിയാടാൻ മാത്രമറിയാവുന്ന അരവൈദ്യന്മാരും ആയിത്തീൎന്നു. നസ്രാണിവൈദ്യന്മാക്കു നായർശിഷ്യന്മാരും, നായർവൈദ്യന്മാക്കു നസ്രാണിശിഷ്യന്മാരും അന്നു് അപൂർവ്വമായിരുന്നില്ല.

***വേദശിക്ഷ:*** വൈദികസ്ഥാനത്തെ അഭ്യർത്ഥിച്ചിരുന്നവരുടെ പരിശീലനവും ഏകദേശം ഈ രീതിയിൽത്തന്നെയായിരുന്നു. വൈദ്യംപോലെതന്നെ വൈദികസ്ഥാനവും പരമ്പരയാ ചില കുടുംബങ്ങളിൽ നിലനിന്നിരുന്നു. എല്ലാ തലമുറകളിലും വൈദികരുണ്ടായിരിക്കയും പതിവായിരുന്നു. ഒരു കത്തനാർ വാർദ്ധക്യത്തിനുമുമ്പുതന്നെ തന്റെ ഒരു സഹോദരപുത്രനെ തന്റെകൂടെ കൊണ്ടുവന്നു താമസിപ്പിക്കും. അന്നുമുതൽ ആ ബാലൻ തന്റെ പിതൃവ്യനെ ശുശ്രൂഷിക്കയും അദ്ദേഹത്തിൽനിന്നു സുറിയാനിഭാഷയും കുർബ്ബാനക്രമവും മറ്റു വൈദികവിഷയങ്ങളും പഠിക്കയും ചെയ്യും. അന്നു് ഓലയിലാണു സുറിയാനിപോലും സാധാരണ എഴുതിപ്പഠിച്ചിരുന്നതു്. അറിവും നെറിവും കണക്കിനു ചെന്നുകഴിയുമ്പോൾ മെത്രാന്റെ സന്നിധിയിൽപ്പോയി പട്ടം(സ്ഥാനാധികാരം) സ്വീകരിക്കയുംചെയ്യും. ഈവിധം വൈദികവിദ്യ പ്രദാനംചെയ്യുന്നതിൽ എല്ലാ വൈദികരും പ്രാപ്തരായിരുന്നില്ല. അതിനാൽ മെത്രാന്റെ അംഗീകാരം സ്വീകരിച്ചിട്ടുള്ളവരും ചിരപരിചയം സിദ്ധിച്ചിട്ടുള്ളവരും ആയ ചില വൈദികരാണു് അന്നു വൈദികസ്ഥാനാർത്ഥികളെ അഭ്യസിപ്പിച്ചിരുന്നതു്. അവർക്കു 'മല്പാൻ'(ഗുരു) എന്ന സ്ഥാനം ഉണ്ടായിരുന്നു. ഈ സ്ഥാനമുള്ളവരുടെകീഴിൽ പലേ ബാലന്മാർ ശിഷ്യപ്പെട്ടു പഠിച്ചിരുന്നു.

ഹിന്ദുതാപസന്മാർ നടത്തിയിരുന്നതുപോലെയുള്ള ഒരു 'ഗുരുകുലം' ആയിരുന്നു അന്നത്തെ സെമ്മിനാരി. ഗുരുവിന്റെ ശുശ്രൂഷയായിരുന്നു ശിഷ്യന്റെ പ്രഥമകൃത്യം. ഗുരുവിന്റെ ആശീർവ്വാദമായിരുന്നു ശിഷ്യന്റെ ഏററവും പ്രധാനമായ പ്രതിഫലം. ഗുരുവിന്റെ ജീവിതകാലംമുഴുവൻ

ശിഷ്യൻ അദ്ദേഹത്തെ ബഹുമാനിക്കയും അദ്ദേഹത്തിൻെറ ഉപദേശപ്രകാരം പ്രവർത്തിക്കയും ചെയ്തിരുന്നു. അന്നത്തെ പാഠപദ്ധതി ഇന്നത്തെ സെമിനാരികളിലേതിനോടു താരതമ്യപ്പെടുത്തത്തക്കതായിരുന്നില്ലെങ്കിലും ഗുരുകുലങ്ങളിൽ സിദ്ധിച്ച പരിശീലനം വളരെ പ്രായോഗികമായ ഒന്നായിരുന്നെന്നു നിസ്സംശയം പറയാം. തൻെറ ഇടവകയിലെ ജനങ്ങൾക്കു പള്ളിസംബന്ധമായ കാര്യങ്ങളിൽ ശുശ്രൂഷനൽകുന്നതും മുൻപു ശമ്മാശന്മാരുടെ കടമയായിരുന്നു. എന്നല്ല ഇടവകക്കാരുടെ അഭിപ്രായം രേഖപ്പെടുത്തുന്ന 'ദേശകുറി' കിട്ടിയശേഷമേ, ശമ്മാശിനു മെത്രാൻ അവസാനത്തെ പട്ടം കൊടുത്തിരുന്നുള്ളു.

രണ്ടാമദ്ധ്യായത്തിൽ കാണിച്ചിട്ടുള്ളതുപോലെ, കടലാസിൽ എഴുതുക സുറിയാനികൾക്കു മുമ്പേ കിട്ടിയതാണ്. എങ്കിലും കടലാസ് അപൂർവ്വവും അതിൻെറ വില അധികവും ആയിരുന്നതിനാൽ ഓലയും (ചിലപ്പോൾ വാഴയിലയും) എഴുതാനായി ഉപയോഗിച്ചിരുന്നു. കരി അരച്ചു കലക്കിയ മഷിയിൽ ഒട്ടൽവെട്ടിയ പേനാകൊണ്ടു വാഴയിലമേൽ എഴുതിയാണത്രേ അന്നു ചില ദിക്കുകളിൽ സുറിയാനി പഠിച്ചിരുന്നതു്. കടലാസിൽ എഴുതുന്നതിനുള്ള മഷിയും ഒരു പ്രത്യേകതരത്തിലുള്ളതായിരുന്നു. മരവട്ടിഎണ്ണ ഉപയോഗിച്ചു കത്തിച്ച തിരിയുടെ മുകളിൽനിന്നു കിട്ടുന്ന കരിയും മ്ലാംപശ വെള്ളത്തിൽ ഇട്ടു പശയാക്കിയതും ഒരു പിച്ചളക്കിണ്ണത്തിൽ ഇട്ടു കൂട്ടിയോജിപ്പിച്ചു വെള്ളം വററിച്ചെടുത്തു കുപ്പിയിലാക്കിയതായിരുന്നു അന്നത്തെ മഷി. മരവട്ടിയെണ്ണയിൽ കരിക്കു പകരം ചായില്യം പൊടിച്ചതു് ഇട്ടു ചാലിക്കുമ്പോൾ അതു ചുവന്ന മഷിയും ആയി. ഇങ്ങനെയുണ്ടാക്കിയ മഷി വളരെക്കാലം നിലനില്ക്കുന്നതാണെന്നുള്ളതിനു സംശയമില്ല. മുന്നൂറും നാനൂറും വർഷം പഴക്കമായ പുസ്തകങ്ങൾ ഇന്നും പുതിയതുപോലെ തോന്നിക്കുന്നതിൻെറ രഹസ്യം ഇതുതന്നെയാണ്.

*മന്ത്രവാദം:* പഴയകാലങ്ങളിൽ നസ്രാണിവൈദികർ മന്ത്രവാദം ശീലിച്ചിരുന്നെന്നു് ഒരു ധാരണ നാട്ടിൽ പരക്കെയുണ്ടു്. ഇതു വാസ്തവമല്ലെങ്കിലും മന്ത്രവാദം അന്നു പലർക്കും അറിയപ്പെട്ടിരുന്നെന്നുള്ളതിനു സംശയമില്ല. പൂർവ്വകൽദായജനങ്ങൾ വലിയ മന്ത്രവാദികളായിരുന്ന സ്ഥിതിക്കു ക്രിസ്തുമതസ്വീകാരശേഷവും അക്കൂട്ടർ അതു തീരെ വിസ്മരിച്ചിരിക്കാനിടയില്ല. ഇപ്രകാരമായിരിക്കാം ഈ നാട്ടിൽ വന്ന കൽദായസുറിയാനിജനങ്ങളുടെ സന്തതികൾ മന്ത്രങ്ങളിൽ പ്രവീണരായിത്തീർന്നതു്. നസ്രാണിമന്ത്രവാദികളിൽവെച്ചു് ഏററവും പ്രസിദ്ധൻ കടമററത്തു പീലിപ്പോസുകത്തനാരാണ്. 17-ാം ശതാബ്ദത്തിൻെറ മദ്ധ്യത്തിൽ ജീവിച്ചിരുന്ന ഈ കത്തനാർ അന്നു കേരളത്തിലെ വിശ്രുതമാന്ത്രികന്മാരിൽ ഒരുവനായിരുന്നു. അദ്ദേഹം മന്ത്രവാദം പ്രയോഗിക്കമാത്രമല്ല നൂതനങ്ങളായ പല മന്ത്രങ്ങൾ എഴുതിയുണ്ടാക്കുകകൂടി ചെയ്തിട്ടുണ്ടു്. ഇന്നും ഹിന്ദുക്കൾ ഉപയോഗിക്കുന്ന പല മന്ത്രങ്ങൾ ഇദ്ദേഹത്താൽ രചിക്കപ്പെട്ടിട്ടുള്ളതാണ്. ഈ കത്തനാരുടെ മന്ത്രവാദങ്ങൾ സ്വീകരി

ച്ചിട്ടുള്ളവക്കു 'കടമററത്തുസമ്പ്രദായക്കാർ' എന്നാണു് ഇന്നും പേർ പറയുന്നതു്.*

ഇപ്രകാരം പൂർവ്വകാലങ്ങളിൽപ്പോലും മലങ്കരനസ്രാണികളുടെയിടയിൽ നാനാമുഖമായ ഒരു വിദ്യാസമ്പ്രദായം നടപ്പുണ്ടായിരുന്നു. അവർ ഒരുകാലത്തും നിരക്ഷരകുക്ഷികളായിരുന്നില്ല. ബ്രാഹ്മണരൊഴിച്ചു്, ഇൻഡ്യയിലെ മിക്കസമുദായങ്ങളും ഈ അടുത്തകാലങ്ങളിൽമാത്രമേ മാനസികവിദ്യാഭ്യാസത്തിൻെറ വില മനസ്സിലാക്കിയിട്ടുള്ളു. എന്നാൽ കേരളനസ്രാണികൾ പഴയകാലംമുതൽ അക്ഷരവിദ്യയും ശസ്ത്രാഭ്യാസവും പ്രധാനമായിക്കരുതി തങ്ങളുടെ ബാലകക്കു രണ്ടിലും പരിശീലനം നല്കിയിരുന്നു. പരമ്പരയാ ഉള്ള ഈ പ്രബുദ്ധതനിമിത്തമായിരിക്കണം ആധുനികവിദ്യാപ്രവേശനശേഷവും തങ്ങളുടെ പ്രാമാണ്യത്തെ പരിരക്ഷിക്കുന്നതിനു് അവക്കു സാധിച്ചിട്ടുള്ളതു്.

* 1099-ലെ 1 മുതൽ 4 വരെ ലക്കം ഭാഷാപോഷിണിയിൽ കൊട്ടാരത്തിൽ ശങ്കുണ്ണിയുടേയും, 1095-ലെ 11, 12 ലക്കങ്ങളിൽ ചിത്രമെഴുത്തുവർഗീസിൻെറയും ലേഖനങ്ങൾ നോക്കുക.

## അദ്ധ്യായം ആറ്

# ആദ്യമിഷ്യനറിമാരുടെ സാഹിത്യപരിശ്രമങ്ങൾ

ക്രിസ്ത്വബ്ദം 1498–ൽ വാസ്കോഡാ ഗാമാ എന്ന പോർട്ടുഗീസ് കപ്പിത്താൻ കോഴിക്കോട്ടുവന്നെത്തിയതിനുമുമ്പുതന്നെ യൂറോപ്പിൽനിന്നു ചില ക്രിസ്ത്രീയ(കത്തോലിക്ക)മിഷ്യനറിമാർ കേരളത്തിൽ പ്രവേശിച്ചു പരിശ്രമങ്ങൾ ആരംഭിച്ചിരുന്നു. ക്രമേണ പോർട്ടുഗീസുവാണിജ്യം പ്രബലീഭവിച്ചതോടുകൂടി മിഷ്യനറിമാരുടെ സംഖ്യയും, ബലവും വർദ്ധിക്കയും അവരുടെ യത്നങ്ങൾ പൂർവ്വാധികം ഫലപ്രദങ്ങളായിത്തീരുകയും ചെയ്തു. കേരളത്തിലാണു് അവർ ആദ്യമായി വിദ്യാപ്രചാരണാർത്ഥം പരിശ്രമം തുടങ്ങിയതു്. ഈ ശ്രമം ഏററം വിജയകരമായി പരിണമിച്ചതും കേരളത്തിൽത്തന്നെ. അതിനാൽ ഏതൽപ്രയത്നങ്ങളുടെ ചരിത്രം ആരാഞ്ഞറിയുന്നതു് എല്ലാംകൊണ്ടും പ്രയോജനകരമായിരിക്കും. ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന സംഗതികൾ പോർട്ടുഗീസ്, സ്പാനിഷ്, ലത്തീൻ, ഫ്രഞ്ചു് എന്നിങ്ങനെ പല വിദേശഭാഷകളിലായി പ്രസിദ്ധപ്പെട്ടുത്തിയിട്ടുള്ള അനേകം അപൂർവ്വകൃതികളിൽനിന്നും മാസികാലേഖനങ്ങളിൽനിന്നും സമാഹരിച്ചിട്ടുള്ളതാകുന്നു.

ആദ്യമിഷ്യനറിമാർ മലയാളത്തിൽ അച്ചടിവിദ്യ നടപ്പാക്കിയെന്നും, നിഘണ്ടുക്കളും, വ്യാകരണങ്ങളും നിർമ്മിച്ചുവെന്നും കേട്ടിട്ടുള്ളതല്ലാതെ അവരുടെ ഈ പരിശ്രമങ്ങളെപ്പററി കേരളത്തിലുള്ള പണ്ഡിതന്മാർക്കുപോലും അടുത്തകാലത്തിനുമുമ്പു വിവരമായ ഒരറിവുമുണ്ടായിരുന്നില്ല. ഇങ്ങനെ വരാൻ ചില പ്രത്യേകകാരണങ്ങളുണ്ടു്. മിഷ്യനറിമാർക്കു പൊതുവായും വിശിഷ്യ സന്യാസസഭാംഗങ്ങളായി ജീവിക്കുന്ന കത്തോലിക്കമിഷ്യനറിമാർക്കു പ്രത്യേകമായും ഉള്ള വിനയാധിക്യംനിമിത്തം തങ്ങൾ രചിച്ച കൃതികളും സാധിച്ച സൽപ്രവൃത്തികളും ലോകസമക്ഷം പരസ്യപ്പെട്ടുത്തി കീർത്തിമാന്മാരായിത്തീരണമെന്നു് അവർക്കാഗ്രഹമില്ല. അതു് 'എളിമ'യ്ക്കു വിരുദ്ധമാകയാൽ സ്വന്തസൽകൃത്യങ്ങളിൽനിന്നു വ്യക്തിത്വം ഗോപനം ചെയ്യുകയാണു് അവരുടെ സാധാരണസമ്പ്രദായം. ഏതന്മൂലം കത്തോലിക്കമിഷ്യനറിമാർ എഴുതിയ പല ഗ്രന്ഥങ്ങളിലും 'ഒരു ഈശോസഭക്കാരനാൽ എഴുതപ്പെട്ടതു്' 'കർമ്മലീത്താസഭയിൽ അയോഗ്യനായ ഒരംഗം' എന്നെല്ലാം മാത്രമേ കർത്തൃസംജ്ഞാനിർദ്ദേശം കാണുകയുള്ളു. മിഷ്യനറിസഭകളുടെ 'നാളാഗമ'ങ്ങളിൽ ഇവരെ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ഉണ്ടായേക്കാമെങ്കിലും ആവക രേഖകൾ പുറത്തുവിടുന്നതും വളരെ ദുർല്ലഭമാകുന്നു. ഈ വൈഷമ്യങ്ങളാണു പ്രായേണ അവരുടെ ഏതാദൃശപരിശ്രമങ്ങളെ വിസ്മൃതമാക്കിത്തീർത്തതു്.

കേരളത്തിൽ മേല്പറഞ്ഞ ശ്രമങ്ങൾ നടത്തിയതു പോർട്ടുഗൽ, ഇത്താലിയാ, ജർമ്മനി, ഓസ്ത്രിയാ എന്ന വിദേശങ്ങളിൽനിന്നു വന്ന മിഷ്യനറിമാരും ജസ്വീത്ത്, കർമ്മലീത്താ ഇത്യാദി വിവിധതാപസസഭകളുടെ ആഭിമുഖ്യത്തിലുമായിരുന്നു. ഇവരുടെയെല്ലാം മാതൃഭാഷകൾ വല്യതാകയാൽ വല്ല വിവരങ്ങളും വെളിയിൽ അവശേഷിച്ചിട്ടുണ്ടെങ്കിൽതന്നെ അതും നാനാഭാഷകളിലായി ചിതറിക്കിടക്കുന്നതുകൊണ്ടു് ആ ഭാഷകളെല്ലാം ക്ലേശിച്ചു വശമാക്കി വാസ്തവം ചർച്ചചെയ്തു ഗ്രഹിക്കാൻ ആർക്കാണ് അതിരററ കൗതുകമുണ്ടാവുക? ഈ പ്രയാസം നിമിത്തം അവരുടെ പരിശ്രമചരിത്രം ദുർജ്ഞേയമായും തീർന്നിരിക്കുന്നു.

## വിദ്യാശാലകൾ

കേരളത്തിൽ വന്ന മിഷ്യനറിമാരിൽ പലരും ഉൽക്കൃഷ്ടവിദ്യാസമ്പന്നന്മാരായിരുന്നു. വേദപ്രചാരണമായിരുന്നു അവരുടെ പരമോദ്ദേശ്യമെങ്കിലും വിവിധഭാഷകൾ പഠിക്കയും അവയെ പരിപോഷിപ്പിക്കയും ചെയ്യുന്നതിൽ സ്വാഭാവികമായ ഒരഭിരുചി അവരിൽ പലക്കും ഉണ്ടായിരുന്നതായി കാണുന്നുണ്ടു്. വിശുദ്ധ ശവരിയാർ (ഫ്രാൻസീസ് സേവ്യർ) തന്നെ പാരീസുസർവ്വകലാശാലയിലെ ശ്രേഷ്ഠബിരുദധാരിയും കുറെക്കാലം ഒരു പ്രഫസറും ആയിരുന്നുവെന്നുള്ള വസ്തുത പ്രസിദ്ധമാണല്ലോ. ക്രി. അ. 1542–ലാണ് അദ്ദേഹം ഈ നാട്ടിൽ വന്നതു്. ഉടൻതന്നെ അദ്ദേഹം ഏതദ്ദേശഭാഷകൾ അല്പമായിട്ടെങ്കിലും പഠിക്കയും നാട്ടുകാരെ തൻെറ ആശയങ്ങൾ ധരിപ്പിക്കാൻ വേണ്ട പാടവം സമ്പാദിക്കുകയും ചെയ്തു. അക്കാലത്തു കേരളത്തിൽ തമിഴ്ഭാഷ പരക്കെ പ്രചരിച്ചിരുന്നതിനാൽ ആ ഭാഷയാണ് ഇങ്ങനെ വിശുദ്ധ ശവരിയാർ വശമാക്കിയതെന്നു വിചാരിക്കാം.

1547–ൽ ഫ്രയർ വിൻസൻ്റ് എന്നൊരു ഫ്രാൻസീസ്കൻ സന്യാസി സുറിയാനിയുവാക്കന്മാർക്കു വിദ്യാപ്രദാനം ചെയ്യുന്നതിനായി കൊടുങ്ങല്ലൂരിൽ ഒരു വിദ്യാലയം (സെമ്മിനാരി) സ്ഥാപിച്ചു. അവിടെ സുറിയാനി, മലയാളം എന്നീ രണ്ടു ഭാഷകളിലായി പല വൈദികവിഷയങ്ങളും പഠിപ്പിക്കപ്പെട്ടിരുന്നു. കേരളത്തിലെ പ്രധാനസുറിയാനികുടുംബങ്ങളിൽനിന്നു് ഒരുനൂറിൽപ്പരം വിദ്യാർത്ഥികൾ അവിടെ താമസിച്ചു് അദ്ധ്യയനം നടത്തിവന്നതായും അവരുടെ ഉപയോഗത്തിനായി മേല്പറഞ്ഞ രണ്ടു ഭാഷകളിലും ഉള്ള പല കൈയെഴുത്തുഗ്രന്ഥങ്ങൾ സെമ്മിനാരിയിൽ ശേഖരിക്കപ്പെട്ടിരുന്നതായും വിശുദ്ധ ശവരിയാർതന്നെ യൂറോപ്പിലേക്കയച്ച ഒരു കത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

1577-ൽ ജസ്വീററു സഭാംഗങ്ങളായ വൈദികന്മാർ കൊടുങ്ങല്ലൂരിനടുത്തു ചേന്നമംഗലം എന്ന സ്ഥലത്തും ഒരു പള്ളിയും സെമ്മിനാരിയും സ്ഥാപിച്ചു. കുട്ടികളെ പഠിപ്പിക്കാൻ ഒരു സ്ക്കൂളും അവർ കൊടുങ്ങല്ലൂരിൽ ഉണ്ടാക്കി. അനേകം നാട്ടുഭാഷാഗ്രന്ഥങ്ങൾ സെമ്മിനാരിയിൽ അവർ ശേഖരിക്കയും പരിശോധിക്കയുമുണ്ടായി. ഈ സെമ്മിനാരിക്കെട്ടിടം യൂറോപ്പിലുള്ള വലിയ സെമ്മിനാരികളോടു കിടപിടിക്കത്തക്കതായി

തുന്നുവെന്നും അവിടെ വിലയേറിയ ഒരു ഗ്രന്ഥസഞ്ചയം ഉണ്ടായിരുന്നുവെന്നും ബാൽദേയസ് (Baldaeus) എന്ന പേരായി അന്നിവിടെ വന്ന ലന്തക്കാരനായ ദേശസഞ്ചാരി എഴുതിയിട്ടുണ്ട്. അടുത്ത ശതാബ്ദത്തിൽ (1662) ജസ്വീററുകാർ അമ്പഴക്കാട്ട് എന്ന പ്രദേശത്ത് ഇത്തരം വേറൊരു പാഠശാലകൂടെ സ്ഥാപിച്ചു. അതിന്റെ പേർ സെന്റ് പോൾസ് കോളേജ് എന്നായിരുന്നതിനാൽ ഇപ്പോഴും തൽസ്ഥാപനം സ്ഥിതി ചെയ്ത സ്ഥലത്തിന്ന് സമ്പാളൂർ എന്നു പേർ പറഞ്ഞുവരുന്നു. ഈ സ്ഥലത്തെക്കുറിച്ചു പല സംഗതികളും ഇനിമേൽ പ്രസ്താവിക്കപ്പെടേണ്ടിയിരിക്കകൊണ്ട് ഇവിടെ അധികം വിസ്തരിക്കുന്നില്ല.

## അച്ചടിയന്ത്രം

ഗ്രന്ഥങ്ങൾക്കു പ്രാചുര്യം വരുത്താനുള്ള പ്രധാനമാർഗ്ഗം അച്ചടി നടപ്പാക്കുകയാണെന്നു പാതിരിമാർ മനസ്സിലാക്കിയിരുന്നു. അതിനാൽ അവർ ഈ നാട്ടിൽ വന്നശേഷം ഉടൻതന്നെ ദേശഭാഷാലിപികൾ അച്ചിൽ കൊത്തി പുസ്തകങ്ങൾ മുദ്രണം ചെയ്യാനുള്ള ഉദ്യമം തുടങ്ങി. അക്കാലത്തു യൂറോപ്പിൽപ്പോലും അച്ചടിവിദ്യ ആരംഭിച്ചതേയുള്ളുവെങ്കിലും ജസ്വീററു പാതിരിമാർക്ക് അതിൽ വിശേഷവൈദഗ്ധ്യമുണ്ടായിരുന്നതിനാൽ തദാഗമനാനന്തരം അധികകാലമാകുന്നതിനുമുൻപുതന്നെ ഗോവയിൽ ഒരു യന്ത്രം വരുത്തി സ്ഥാപിക്കയും പല ഗ്രന്ഥങ്ങൾ അതിൽ അച്ചടിക്കുകയും ചെയ്തു. ഈ ഗ്രന്ഥങ്ങളിലെ ഭാഷ കൊങ്കണിയും മറാത്തിയുമായിരുന്നുവെങ്കിലും യൂറോപ്യൻ ലിപികളിലാണ് അച്ചുണ്ടാക്കി അടി നടത്തിയത്. ഇങ്ങനെ ഗോവയിൽ അച്ചടിക്കപ്പെട്ട പുസ്തകങ്ങൾ ഇന്നും പല പാശ്ചാത്യഗ്രന്ഥശാലകളിലും കാണുന്നുണ്ട്.

അചിരേണ നാട്ടുഭാഷാലിപികളിൽ മുദ്രണം നടപ്പാക്കുന്നതിനും അവർ ഉത്സാഹിച്ചുവെങ്കിലും വിജയം ക്ഷിപ്രലബ്ധമായില്ല. 1577-ാമാണ്ടിടയ്ക്കു ജോൺ ഗൊൺസാൽവസ് (John Gonsalves) എന്നു പേരായി സ്പെയിൻകാരനായ ഒരു സന്ന്യാസിയുടെ സാമർത്ഥ്യത്താൽ അവർ വേണ്ട അച്ചുകളെല്ലാം സജ്ജമാക്കി. ഈ സന്യാസി 1555-ൽ ജസ്വീററു സഭയിൽ ചേരുകയും പല ശില്പകലകളിലും അസാമാന്യവൈദഗ്ധ്യം പ്രദർശിപ്പിക്കയും ചെയ്ത ഒരു വൈദികനായിരുന്നു. ഇദ്ദേഹമാണു ദേശ്യലിപികൾ ആദ്യമായി ഉണ്ടാക്കിയത്. ഇതു് ഉപയോഗിച്ച് ആദ്യം ഗോവയിലെ പ്രസ്സിൽ അച്ചടിച്ചു. അടുത്തുതന്നെ അവ കൊച്ചിയിൽ കൊണ്ടുവന്ന് അവിടെയും അച്ചടി നടന്നു.

ഗൊൺസാൽവസ് ഇദംപ്രഥമമായി ഉണ്ടാക്കിയ അച്ചുകൾ തമിഴിലോ, മലയാളത്തിലോ എന്നതിനേക്കുറിച്ചു വളരെ വാദങ്ങൾ നടന്നിട്ടുണ്ട്. കേരളത്തിലെ ഉപയോഗത്തിനാണ് അച്ചടി നടത്തപ്പെട്ടതെന്നുള്ള കാരണത്താൽ ലിപികൾ മലയാളംതന്നെ ആയിരുന്നുവെന്നത്രെ ചിലരുടെ വാദം. പോരെങ്കിൽ 'മലബാർ'ഭാഷയിലാണ് അച്ചുകൾ നിർമ്മിക്കപ്പെട്ടതെന്നു ചരിത്രസാക്ഷ്യങ്ങളുമുണ്ട്. എന്നാൽ അന്നു വൈദേശികന്മാർ തെക്കെ ഇൻഡ്യയെ ഒന്നടക്കം 'മലബാർ' എന്ന സംജ്ഞ

ചെയ്തു കാണുന്നതിനാൽ ഈ പേരിനെ ആസ്പദമാക്കി ഒന്നും അനുമിച്ചുകൂടാ. അക്കാലത്തു കേരളത്തിലെ ഭാഷാരൂപം എന്തായിരുന്നുവെന്നുള്ളതിനെക്കുറിച്ചും വാദത്തിനു ധാരാളം വകയുണ്ട്. പതിനാറാം ശതാബ്ദത്തിനുമുൻപുതന്നെ മലയാളം തമിഴിൽനിന്ന് അകന്ന് ഒരു വ്യതിരിക്തഭാഷയായിത്തീൎന്നുവെന്നുള്ളതു വാസ്തവംതന്നെ. എങ്കിലും കേരളീയരുടെ ഗ്രന്ഥലേഖനവും, മറെറഴുത്തുകുത്തുകളുമെല്ലാം അന്നും അതിനിപ്പുറം വളരെ കാലത്തോളവും തമിഴലിപികളിൽത്തന്നെയാണു നടന്നിരുന്നതു്. കേരളത്തിലെ എഴുത്തുപള്ളികളിൽ ആശാന്മാർ അന്നു പഠിപ്പിച്ചുപോന്നതും തമിഴതന്നെ ആയിരുന്നു. അക്കാലങ്ങളിൽ ഇവിടെ മരിച്ചു സംസ്കരിക്കപ്പെട്ട മിഷ്യനറിമാരുടെ ശവകുടീരങ്ങളിന്മേൽ കാണുന്ന ശിലാലേഖനങ്ങളും ആ ഭാഷയിൽത്തന്നെയാണ്. ഇതെല്ലാമായാലും കേരളത്തിൽ അച്ചടിക്കപ്പെട്ട ഗ്രന്ഥം മലയാളമായിരിക്കാനേ ഇടയുള്ളുവെന്നു ശഠിക്കുന്നവരുണ്ട്. ലിപികൾമാത്രം ഒരുപക്ഷേ വട്ടെഴുത്തായിരിക്കാമെന്നേ അവക്കു ശങ്കയുള്ളു.

ഏതായാലും ഈ വാദത്തിൻെറ അനിശ്ചിതത്വം നിമിത്തം അന്നച്ചടിച്ച പുസ്തകത്തിൻെറ വല്ലതും ഒരു പ്രതി തേടിപ്പിടിക്കുന്നതിന് എനിക്കു വളരെ കൗതുകമുണ്ടായി. അതു മലയാളത്തിലാണെന്നു തെളിഞ്ഞാൽ മാതൃഭാഷയായ മലയാളം ആദ്യം അച്ചടിക്കപ്പെട്ട ഭാഷയാണെന്നുള്ള ഒരു വിശേഷബഹുമതിക്ക് അർഹമാകുമല്ലൊ എന്നുള്ളതായിരുന്നു എൻെറ വിചാരം. തന്നിമിത്തം പല സ്ഥലങ്ങളിലേക്കും എഴുത്തുകുത്തു നടത്തിയതിൻെറ ഫലമായി പാരീസിലെ ലോകപ്രസിദ്ധമായ സോർബോൺ (Sorbonne) സൎവ്വകലാശാലവക ഗ്രന്ഥശേഖരത്തിൽ 1579-ൽ മലയാളത്തിലടിച്ച ഒരു വേദോപദേശഗ്രന്ഥം ഉണ്ടെന്നു മനസ്സിലായി. ഉടനെ (1915) അതിൻെറ ഒന്നുരണ്ടു പക്ഷങ്ങൾ ഫോട്ടൊ ചെയ്തയയ്ക്കുവാൻ പ്രഖ്യാതനായ ഫാദർ ഹോസ്റ്റൺ മുഖേന ഞാൻ ഏൎപ്പാടുചെയ്തു. അതിവിടെ വന്നു നോക്കിയപ്പോഴാണ് അന്നിവിടെ മുദ്രണം ചെയ്യപ്പെട്ട ഗ്രന്ഥങ്ങളെല്ലാം തമിഴിൽ ആയിരുന്നുവെന്നു ബോദ്ധ്യമായതു്. "കേരളതീരത്തിലേയും ചോളമണ്ഡലത്തിലേയും ഉപയോഗത്തിനായി അച്ചടിച്ചതു്" എന്ന് അതിൽത്തന്നെ എഴുതിയിരുന്നതിനാൽ അന്നിവിടെ തമിഴിനായിരുന്നു കൂടുതൽ പ്രാധാന്യം എന്നുള്ള സംഗതിയും വ്യക്തമായി. എന്നാൽ ഫോട്ടോയിൽക്കണ്ട ലിപികൾ കേരളത്തിലെ ചില നൂതനലിപിഭേദങ്ങളോടുകൂടിയതാണെന്ന കാൎയ്യം വിശേഷിച്ചും പ്രസ്താവാർഹമാകുന്നു. ഗ്രന്ഥത്തിൻെറ ആദ്യഭാഗത്തുള്ള വാചകം ഇപ്രകാരമാണ്. "Principes on elemens de la Religion Chtne en langue de Malabar inprime a Cochin" 1579.

വൈപ്പിക്കോട്ടയിൽ മുദ്രണം ചെയ്യപ്പെട്ട ഒരു ഗ്രന്ഥത്തിൻെറ കാൎയ്യമാണല്ലൊ മേൽ പ്രസ്താവിച്ചതു്. അക്കൊല്ലംതന്നെ (1579) കൊച്ചിയിൽ (Madre de Dios) ദൈവമാതാവിൻെറ മുദ്രാലയത്തിൽ മൎക്കോസ് ജോർജ് (Jorge) എന്ന പാതിരി (Doctrina Christiana) 'ക്രിസ്തീയമതതത്വം' എന്നും 'ക്രിസ്തീയവണക്കം' എന്നും പേരുള്ള രണ്ടു പുസ്തക

ങ്ങൾ അച്ചടിക്കയുണ്ടായി. തിരുനൽവേലിയിലെ കടൽത്തീരത്തിൽ വെച്ച് 1732-ൽ ഇതു രണ്ടും കണ്ടതായി അന്നിവിടെ സഞ്ചരിച്ചിരുന്ന 'സാർട്ടോറിയസ്' എന്ന ഡെയിൻ മിഷ്യനറി തൻെറ യാത്രാവിവരണത്തിൽ കുറിച്ചിട്ടുണ്ട്. വൈപ്പിക്കോട്ടയിൽ മതസംബന്ധമായ മറ്റു ചില കൃതികൾ പിന്നേയും അച്ചടിച്ചുവെങ്കിലും അവയിലെ ലിപികളും മേൽപ്പറഞ്ഞ തമിഴക്ഷരങ്ങൾതന്നെയായിരുന്നു. 1589-ൽ ഗോവയിൽകൂടിയ സൂനഹദോസിൽവെച്ച് ഈ അച്ചടിവേലയെപ്പററി ചിലർ വളരെ പ്രശംസിച്ചതായി പറഞ്ഞുകാണുന്നുണ്ട്. കൊച്ചിയിലും വൈപ്പിലും ഉണ്ടായിരുന്ന ഈ രണ്ടു മുദ്രാലയങ്ങളിലുമായി അമ്പതിൽ കുറയാതെ പുസ്തകങ്ങൾ അച്ചടിച്ചിരിക്കുമെന്നാണ സമകാലീനലക്ഷ്യങ്ങളിൽനിന്ന് ഊഹിക്കാവുന്നതു്.

ഇനി നമുക്ക് അന്വേഷിക്കാനുള്ളതു പ്രസ്തുതപുസ്തകങ്ങൾ തർജ്ജിമ ചെയ്തതു് ആരെല്ലാമായിരുന്നുവെന്നുള്ളതാണ്. മിഷ്യനറിമാക്ക വേദപ്രസംഗം ചെയ്യുന്നതിന് ആദ്യകാലംമുതൽക്കേ നാട്ടുഭാഷാഗ്രന്ഥങ്ങളുടെ ആവശ്യം നേരിട്ടു. വിശുദ്ധനായ സേവിയർതന്നെ 1550-തിനിടയ്ക്കു സാധുക്കളായ സ്വശിഷ്യന്മാരുടെ ഉപയോഗത്തിനുവേണ്ടി സംക്ഷിപ്തമായ ഒരു വേദോപദേശഗ്രന്ഥം തമിഴിൽ എഴുതിയുണ്ടാക്കിയതായി അറിയുന്നുണ്ട്. അദ്ദേഹത്തിൻെറ അനുചരനും ഏതദ്ദേശീയനുമായ എൻറീക്കെസ് (Enriquez) എന്ന ദേഹം വിദേശീയരുടെ ഉപയോഗാൎത്ഥം ചെറിയ ഒരു വ്യാകരണവും നിഘണ്ടുവും സംക്ഷിപ്തമായ ഒരു വേദോപദേശപുസ്തകവും മിശിഹായുടെയും കന്യകാമറിയത്തിൻെറയും ചരിത്രങ്ങളും തമിഴിൽ നിർമ്മിച്ചതായി പറയപ്പെട്ടിരിക്കുന്നു. ഈ ദേവദോപദേശമാണ് ''Doctrina Christiana'' എന്ന ലത്തീൻനാമത്തിൽ മർക്കോസ് ജോർജ്പാതിരി കൊച്ചിയിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതു്. എൻറീക്കെസിൻെറ മററു കൃതികൾ ചേന്നമംഗലത്തും അച്ചടിക്കപ്പെട്ടു. അവയുടെ ചില പ്രതികളും അദ്യാപി യൂറോപ്പിലെ പ്രധാന ഗ്രന്ഥശാലകളിൽ സൂക്ഷിച്ചുപോരുന്നുണ്ട്. ചേന്നമംഗലത്തുവെച്ച് ബർണ്ണർദീനൊ ഫെറാവ് (Bernardino Ferav) എന്ന പാതിരിയാണ് ആദ്യമായി മലയാളത്തിൽ ഒരു മതഗ്രന്ഥം എഴുതിയതെന്ന് (Imprintas Jesuitas by Simon Rodelas) എന്ന സ്പാനീഷ് ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ളതു വിശ്വസനീയമോ എന്നറിഞ്ഞുകൂടാ.

സുറിയാനി, മലയാളം എന്നീ ഭാഷകളിൽ അസാമാന്യപാണ്ഡിത്യം സമ്പാദിച്ച ജോർജ് കാസ്റ്ററോ (Castro) എന്ന ഒരു പാതിരിയും അന്നവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഉത്സാഹത്താൽ മതാത്മകങ്ങളായ അനേകം ഗ്രന്ഥങ്ങൾ ലത്തീനിൽനിന്നു സുറിയാനിയിലേക്കും മലയാണ്മയിലേക്കും വിവൎത്തനം ചെയ്യപ്പെടുകയുണ്ടായി. അക്കൂട്ടത്തിൽ വേദപുസ്തകത്തിൻെറ ചില ഭാഗങ്ങളും കുദാശമുറകളും കുർബാനക്രമങ്ങളും മററും ഉൾപ്പെട്ടിരുന്നു. അക്കാലത്തു പ്രസ്തുതസെമ്മിനാരിയിൽ സുറിയാനിഭാഷാദ്ധ്യാപകനായി വൎത്തിക്കയും അനന്തരം മെത്രാപ്പോലീത്തായായി അഭിഷേചിക്കപ്പെടുകയും ചെയ്ത ഫ്രാൻസീസ് റോസ്

(Francis Roz) എന്ന ദേഹവും പല സുറിയാനിഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ കത്തോലിക്ക വൈദികന്മാർ ഉപയോഗിച്ചുവരുന്ന ചില സുറിയാനിഗ്രന്ഥങ്ങൾ അദ്ദേഹം ലത്തീനിൽനിന്നു തർജ്ജിമ ചെയ്തവയാണെന്നാണ് അറിയുന്നതു്. കട്ടുത്തുരുത്തിയിൽ സുറിയാനി പഠിപ്പിക്കുന്നതിനായി ഒരു സെമ്മിനാരി സ്ഥാപിച്ചതും ഈ വൈദികനായിരുന്നു. അനന്തരം അവിടെയുണ്ടായിരുന്ന സുറിയാനിഭാഷാപണ്ഡിതന്മാരിൽ പലരുംകൂടി അത്യധികം ഉത്സാഹിച്ച് ആ ഭാഷയുടെ ബൃഹത്തായ ഒരു നിഘണ്ടുവും ഫ്രാൻസീസ് റോസിൻെറ നേതൃത്വത്തിൽ നിർമ്മിച്ചതായിക്കാണുന്നു. അതിൻെറ കൈയെഴുത്തുപകർപ്പു കട്ടുത്തുരുത്തിയിലെ (മാലാന?) മാണിമാത്തുക്കത്തനാർ സൂക്ഷിച്ചിരുന്നതു 1779–ൽ പൗലീനോസ് പാതിരി കണ്ടിട്ടുള്ളതത്രെ.[1]

ക്രി. അ. 1602–ൽ പാതിരിമാർ റോമിൽനിന്നു സുറിയാനിലിപികളും അച്ചുണ്ടാക്കിച്ചു വരുത്തുകയും വൈപ്പിക്കോട്ടയിൽ ഒരു സുറിയാനി മുദ്രാലയംകൂടി സ്ഥാപിക്കുകയും ചെയ്തു. അവിടെ ഫാദർ ഫ്രാൻസീസ് റോസിൻെറയും മററും ആഭിമുഖ്യത്തിൽ തന്നെ സുറിയാനിക്കാരായ വൈദികന്മാൎക്ക് ആവശ്യമുള്ള പല ഗ്രന്ഥങ്ങളും അച്ചടിക്കപ്പെട്ടു. ഉദയംപേരൂർ സൂനഹദോസിൽവെച്ചു പാതിരിമാരുടെ കയ്യിൽക്കിട്ടിയ ഗ്രന്ഥങ്ങളെല്ലാം അവർ ഈ സെമ്മിനാരിയിൽവെച്ചാണു പരിശോധിക്കയും പലതിലും കാണപ്പെട്ട നെസ്തോറിയൻ സിദ്ധാന്തങ്ങൾ തിരുത്തി ശരിപ്പെടുത്തുകയും ചെയ്തതു്. വൈപ്പിക്കോട്ടയിലെ ഈ മുദ്രാലയം 1605–ൽ കൊടുങ്ങല്ലൂൎക്കു മാററി സ്ഥാപിച്ചു. തത്സമയം കേരളീയസുറിയാനിക്കാരുടെ മെത്രാനായിത്തീൎന്ന റോസിൻെറ തലസ്ഥാനവും ആ പട്ടണമായിരുന്നു. അവിടെവെച്ചും അനേകം കൃതികൾ രചിക്കയും അച്ചടിപ്പിക്കയും ചെയ്തശേഷം 1624–ൽ അദ്ദേഹം ചരമപ്രാപ്തനായി. അന്നു പ്രേതകുടീരത്തിൽ വിരിച്ചിരുന്ന ശിലാഫലകം ഇന്നു പറവൂർ പള്ളിയുടെ ഭിത്തിമേൽ സ്ഥിതിചെയ്യുന്നു. അതിൽ അദ്ദേഹത്തെക്കുറിച്ചു ലേഖനം ചെയ്തിട്ടുള്ള വട്ടെഴുത്തു (നാനംമോനം) ലിപികൾ ഇപ്പോഴും കാണാവുന്നതാണ്. തദനുചരന്മാരിൽ ഒരാളായിരുന്ന ഫാദർ ഫെർണാണ്ടസ്സും ഒരു നല്ല ഭാഷാപണ്ഡിതനായിരുന്നു. ചൈനായിൽ പാതിരിമാർ കണ്ടുപിടിച്ച ക്രിസ്തീയശിലാരേഖയിലെ സുറിയാനിലിപികൾ ഇദ്ദേഹത്തെക്കാണിച്ചാണ് അവർ വായിച്ചു മനസ്സിലാക്കിയതു്. ഫെർണാണ്ടസ് വല്ല കൃതികളും എഴുതിയിട്ടുണ്ടോ എന്നറിയാൻ നിവൃത്തിയില്ല.[2]

## അമ്പഴക്കാട്ടു നടന്ന പരിശ്രമങ്ങൾ

1663–നുശേഷം മലയാളത്തിലും തമിഴിലും അച്ചടി പ്രചുരമായി നടന്നതു് അമ്പഴക്കാട്ട് എന്ന സ്ഥലത്തായിരുന്നു. മലയാളത്തിലെ തനതു ലിപികളിൽ ഒരു ഗ്രന്ഥം അഭിനവമായി മുദ്രണം ചെയ്യപ്പെട്ടതു് അവിടെ വെച്ചാണെന്നും അതു പ്രസ്തുതശതാബ്ദത്തിൻെറ ഉത്തരാർദ്ധ

1 "India Orientalis Christiana"
2 P. Y. Saeki, Nestorean Monument in China (C. L. S.)

ത്തിൽ ആയിരുന്നുവെന്നും വിചാരിക്കാൻ വഴിയുണ്ട്. അക്കാലത്ത് അമ്പഴക്കാട്ടുണ്ടായിരുന്ന പാതിരിമാർ മിക്കവരുംതന്നെ വിഖ്യാതപണ്ഡിതന്മാരായിരുന്നു. അവർ നമ്പൂരിമാരിൽ പലരുടേയും സാഹായ്യത്താൽ അനേകം സംസ്കൃതഗ്രന്ഥങ്ങൾ ശേഖരിക്കയും ആ ഭാഷകൂടി അഭ്യസിക്കയുമുണ്ടായി. അന്നു മധുരയിലും മററും റോബർട്ട് ദെ നോബിലി മുതലായി പ്രബലന്മാരായ പല പാതിരിമാരും ഉണ്ടായിരുന്നുവെങ്കിലും തമിഴിലെ അച്ചടികളും എല്ലാം നടത്തിയതു കൊച്ചിരാജ്യത്തെ ഒരു കുഗ്രാമമായ അമ്പഴക്കാട്ടുവെച്ചുതന്നെയാണ്. പ്രീൻസാ (Proenca) എന്ന പാതിരിയാൽ രചിക്കപ്പെട്ട പ്രസിദ്ധമായ തമിഴുനിഘണ്ടുവും, ഫാദർ ദാകോസ്റ്റാ (Da Costa) എഴുതിയ തമിഴുവ്യാകരണവും അവിടെയാണ് അച്ചടിച്ചതു്. ഇവയിൽ നിഘണ്ടു 1679-ൽ മുദ്രിതമായെന്നും, അതിനുവേണ്ട യത്നങ്ങളെല്ലാം നിവ്വഹിച്ചതു് മലയാളത്തുകാരനായ ഇഞ്ഞാസി അയ്ച്ചാമണി എന്നൊരാൾ ആയിരുന്നുവെന്നും പൗലീനോസ്സുപാതിരി പറയുന്നു. ഫാദർ ഹോസ്റ്റണാകട്ടെ ഒരുപക്ഷേ ഇതു് ഇത്താല്യൻ ജെസ്വീററായ ഇഗ്നേഷ്യസ് അക്കമൊനി (Arcamonie) ആയിരിക്കുമെന്നും ശങ്കിക്കുന്നുണ്ട്. 'തത്വബോധകർ' എന്ന നാമത്താൽ ദക്ഷിണേന്ത്യയിൽ സുവിദിതനായിത്തീന്ന റോബർട്ട് ദെ നൊബിലി (Robert de Nobli) യുടെ 'ദൈവശാസ്ത്രം' എന്ന തമിഴ്ഗ്രന്ഥം അച്ചടിക്കപ്പെട്ടതും അമ്പഴക്കാട്ടു മുദ്രാലയത്തിലാണ്. അതിൻെറ പണി നടത്തുന്നതിനായി 'അന്ത്രേപ്രേയാ' എന്ന പാതിരി അവിടെ കുറേക്കാലം വന്നു താമസിച്ചതായും മററും 'മിസ്യോൻ ദു മദുരേ' (Mission du Madure) എന്ന ഫ്രഞ്ചുഭാഷയിലുള്ള ചരിത്രഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇങ്ങനെ ഈ മുദ്രണമന്ദിരം വളരെക്കാലത്തോളം തെക്കേ ഇൻഡ്യയിലെ ഉൽക്കൃഷ്ടമായ ഒരു ഭാഷാപരിപോഷണകേന്ദ്രമായി പ്രശോഭിച്ചിരുന്നു.

പോർട്ടുഗീസ്കാരും സ്പെയിൻകാരും ആയ ജെസ്വീററ് പാതിരിമാർ മേൽപ്രകാരം കേരളത്തിൽ വന്നു വിദ്യാപ്രചാരണത്തിനായി യത്നിക്കയും, തമിഴ്, മലയാളം, സുറിയാനി എന്നീ ഭാഷകളിൽ അനേകം കൃതികൾ നിമ്മിക്കയും ചെയ്തുകൊണ്ടിരുന്ന മദ്ധ്യേയാണു ഡച്ചുകാർ ആഗമിച്ചതു്. അവർ 1661-ൽ കൊച്ചിക്കോട്ട ആക്രമിച്ചടക്കുകയും പോർട്ടുഗീസ്കാരെ കേരളത്തിൽനിന്നു ബഹിഷ്കരിക്കയും ചെയ്തു. ഈ ആക്രമണത്തിൽ കൊച്ചിയിലുണ്ടായിരുന്ന സെമ്മിനാരിയും ഗ്രന്ഥശാലയുംകൂടി അവർ ചുട്ടു ദഹിപ്പിച്ചുവത്രേ. മാത്രമല്ല, പ്രോട്ടസ്റ്റന്റ് മതാനുയായികളായ ഡച്ചുകാർ പോർട്ടുഗീസുകാരായ വൈദികന്മാരേയും പട്ടണത്തിൽനിന്നും മററും തുരത്തിവിട്ടു. അവരുടെ ഗ്രന്ഥശാലകൾക്കു നേരിട്ട ഈ ദുർദ്ദശ മലയാളസാഹിത്യത്തിനു് എത്ര വലിയ നഷ്ടമാണു വരുത്തിക്കൂട്ടിയതെന്നു പറയേണ്ടതില്ലല്ലോ. വളരെക്കാലത്തെ നിരന്തരാന്വേഷണത്താൽ ശേഖരിക്കപ്പെട്ട എത്രയോ അപൂവ്വഗ്രന്ഥങ്ങൾ അക്കൂട്ടത്തിൽ നിശ്ശേഷം ശൂന്യമായിപ്പോയിരിക്കാം. കൊച്ചി, കൊടുങ്ങല്ലൂർ തുറമുഖങ്ങളിൽനിന്നു പാതിരിമാൎക്കു് ഇപ്രകാരം പിൻവാങ്ങേണ്ടിവന്നുവെങ്കിലും സാമൂതിരിയുടെ അധികാരാതിൎത്തിയിൽ സ്ഥിതിചെയ്തിരുന്ന അമ്പഴ

ക്കാട്ട നിവസിക്കുന്നതിൽ വിഘ്നാതമുണ്ടായില്ല. അതിനാൽ പലരും അവിടെ അഭയംപ്രാപിച്ചു പാർത്തു. ആ കൂട്ടത്തിൽ ഒരാളത്രെ പ്രസിദ്ധനായ അർണ്ണോസ് (Ernastus) പാതിരി.

പോർട്ടുഗീസുകാർ ഇതഃപരം വളരെ ചുരുക്കമായി മാത്രമേ കേരളത്തിലേക്കു വന്നിരുന്നുള്ളുവെങ്കിലും 1773–ൽ ജെസ്യൂറ്റ്സഭ നിർത്തൽ ചെയ്യപ്പെട്ടതുവരെ ആ സ്ഥലം അവരുടെ ആധീനത്തിൽത്തന്നെയായിരുന്നതു്. തദനന്തരം അതു കർമ്മലീത്താക്കാർക്കു വിധേയമായി. അവർ ജെസ്യൂറ്റ് സഭാംഗങ്ങളുടെ തിരോധാനാനന്തരം കേരളത്തിൽ ധാരാളമായി വന്നുകൊണ്ടിരുന്നു. മാത്രമല്ല, ആ സംഘാംഗങ്ങളിൽ പലരും ഡച്ച് അധികാരികളുടെ സുഹൃത്തുക്കളും ഹോളണ്ടുകാരും ആയിരുന്നതുകൊണ്ടു ഗവർണ്ണർമാരുടെ അനേകം ആനുകൂല്യങ്ങൾക്കും പാത്രമായി. ഇക്കൂട്ടരുടെ ആസ്ഥാനങ്ങളായിരുന്നതു വരാപ്പുഴ കൊല്ലം എന്നീ സ്ഥലങ്ങളാണു്. വരാപ്പുഴയിൽ അവരും ഒരു സെമ്മിനാരിയും അച്ചുക്കൂടവും സ്ഥാപിക്കയും ഗ്രന്ഥങ്ങൾ രചിച്ചു് അച്ചടിക്കയും മററും ചെയ്തു. വിശേഷിച്ചു് അവരിൽ പലരും ചരിത്രനിർമ്മാണത്തിലും ഇതരഭാഷാകൃതികൾ വിവർത്തനം ചെയ്യുന്നതിലും അത്യധികം പരിശ്രമിച്ചിട്ടുണ്ടു്. ഇക്കൂട്ടത്തിൽ ഫാദർ മാത്യൂ, ആഞ്ചലൊ, ഇൽഡിഫോൺസ്, പൗലീനോസ് മുതലായവരുടെ പേരുകൾ പ്രത്യേകം പ്രസ്താവയോഗ്യങ്ങളാണു്. അവരുടെ കൃതികളെ സംബന്ധിച്ചു് അടുത്ത ഒരദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതാണു്.

കാലാന്തരത്തിൽ ടിപ്പുസുൽത്താന്റെ ആക്രമണത്താൽ അമ്പഴക്കാട്ടു പള്ളിയും സെമ്മിനാരിയും നശിപ്പിക്കപ്പെട്ടു. അതോടെ അവിടെയുണ്ടായിരുന്ന ഗ്രന്ഥശേഖരത്തിനും വലിയ ശോഷണംപററി. ഇപ്പോൾ ആ പള്ളിയുടെയും സെമ്മിനാരിയുടെയും തറയും ഭിത്തികളുടെ ചില അംശങ്ങളും മററും മാത്രമേ അവശേഷിച്ചുകാണുന്നുള്ളു. എങ്കിലും അവിടെ ഭദ്രമായ ഒരു പരിശോധന നടത്തേണ്ടതു പൂർവ്വചരിത്രതല്പരന്മാരായ ഗവേഷകന്മാരുടെ കർത്തവ്യമാണെന്നുള്ളതിനു തർക്കമില്ല.

## മലയാളഭാഷയിൽ ആദ്യത്തെ അച്ചടി

1700–നും 1800–നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ കേരളത്തിൽ മുദ്രിതമായ ഗ്രന്ഥങ്ങൾ ഒന്നും ഇപ്പോൾ കാണുന്നില്ല. അന്നു് ജസ്യൂറ്റ്സഭക്കാരും കർമ്മലീത്താക്കാരും ആയ പാതിരിമാർ പല ഗ്രന്ഥങ്ങളും എഴുതുകയുണ്ടായിട്ടുണ്ടെങ്കിലും അവയിൽ ചുരുക്കം ചിലതു മാത്രമേ മുദ്രണം ചെയ്യപ്പെട്ടുള്ളു. ഈ കാരണംമൂലമാണു് അർണ്ണോസുപാതിരിയുടെ കൃതികൾക്കു് അവയുടെ പ്രാധാന്യത്തിനു യോജിച്ച പ്രാചുര്യം അവയെഴുതിയ കാലത്തു സിദ്ധിക്കാതിരുന്നതു്. അവ മിക്കവാറും താളിയോലഗ്രന്ഥങ്ങളിൽ എഴുതി സൂക്ഷിക്കപ്പെട്ടിരുന്നു.

18-ാം ശതാബ്ദത്തിൽ മുദ്രണംചെയ്യപ്പെട്ടിട്ടുള്ളതായി അറിയപ്പെട്ടുന്ന മലയാളഗ്രന്ഥങ്ങളെല്ലാംതന്നെ റോമായിൽ അടിക്കപ്പെട്ടവയാണു്.

അന്നു റോമായിൽ വേദപ്രചാരണസംഘ (Sacred Congregation of the Propaganda)ത്തിന്റെ കീഴായി ഉണ്ടായിരുന്ന സർവ്വഭാഷാമുദ്രാലയത്തിൽ പലേ പൗരസ്ത്യഭാഷകളിലും അച്ചടി നടന്നിരുന്നു. മലയാളത്തിലുള്ള അച്ചുകൾ 1772–ാമാണ്ടിനിടയ്ക്കാണ് ഉണ്ടാക്കപ്പെട്ടതു്. ആയിടയ്ക്കു കേരളത്തിൽനിന്നു റോമായിൽ ചെന്നെത്തിയ ക്ലെമന്റ് പിയാനിയസ് (Clement Peanius) എന്ന കർമ്മലീത്താ പാദ്രിയാണ് ഈ വിഷയത്തിൽ സഹായം നൽകിയതു്. അദ്ദേഹത്താൽ എഴുതപ്പെട്ടതും 1772–ൽ റോമായിൽ അച്ചടിക്കപ്പെട്ടതും ആയ Alphabetum Grandonico–Malabaricum എന്ന ലത്തീൻകൃതിയുടെ അവതാരികയിൽ പ്രൊപ്പഗാന്തയിലെ മുദ്രാലയശ്രേഷ്ഠനായ ജോൺ ക്രിസ്റ്റഫർ അമദാത്തിയസ് (Amadatius) എന്ന ദേഹം ഈ വിവരങ്ങൾ പ്രസ്താവിക്കുന്നുണ്ടു്.* മലയാളഭാഷയിൽ 51 അക്ഷരങ്ങളാണുള്ളതെന്നും എന്നാൽ അവയുടെ പെരുക്കങ്ങൾ എല്ലാം ഉൾപ്പെടെ 1128 അച്ചുകൾ ഉണ്ടാക്കേണ്ടിവന്നു എന്നും ഈവിധം യൂറോപ്യൻഭാഷകളിൽ അച്ചുണ്ടാക്കുന്നതിനേക്കാൾ വളരെയധികം വിഷമം സഹിച്ചാണ് മലയാളത്തിൽ അച്ചടി നടപ്പാക്കിയതെന്നും മററും അദ്ദേഹം പറയുന്നു.

ആദ്യമായി മലയാളഭാഷയിൽ അച്ചുണ്ടാക്കിയതു റോമായിലാണെന്നത്രെ മേൽപറഞ്ഞ ഗ്രന്ഥകാരന്റെ മതം. എന്നാൽ 1686–നും 1763–നും ഇടയ്ക്കു ഹോളണ്ടിൽവച്ചു മുദ്രണംചെയ്യപ്പെട്ട Hortus Malabaricus (ഹോർത്തൂസ് മലബാറിക്കൂസ്=കേരളാരാമം=കേരളസസ്യവിവരണം) എന്ന ഗ്രന്ഥത്തിൽ സസ്യങ്ങളുടെ നാമങ്ങൾ ലത്തീനിലും അറബിയിലും സംസ്കൃതത്തിലും മലയാളഅക്ഷരത്തിലും കൊട്ടത്തിട്ടുണ്ടെന്നു മാത്രമല്ല മലയാളഭാഷയിൽത്തന്നെ ചില ഭാഗങ്ങൾ അച്ചടിക്കയും ചെയ്തിട്ടുണ്ടു്. അതിനാൽ ആദ്യമായി സാക്ഷാൽ മലയാളഅച്ചുകൾ കൊത്തിയതു റോമായിലാണെന്നുള്ള വാദം സാധുവാകുന്നതല്ല. എന്നിരുന്നാലും മലയാളയക്ഷരങ്ങൾ മാത്രം ഉപയോഗിച്ചുള്ള ഒരു ഗ്രന്ഥം ആദ്യമായി മുദ്രണംചെയ്തതു റോമായിലെ പ്രസ്സിൽ ആണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. 'ഹോർത്തൂസ്' എന്ന കൃതിയിൽ മലയാളത്തിൽ ഉള്ള ചില പേരുകളും വാചകങ്ങളും കാണുന്നുണ്ടെന്നല്ലാതെ ആ കൃതിയിലെ ഭാഷ മലയാളമല്ല. എന്നാൽ റോമായിൽ 1772–ൽ അച്ചടിക്കപ്പെട്ട 'സംക്ഷേപവേദാർത്ഥം' (Compenodiosa) എന്ന കൃതി ഒരു തനി മലയാളപുസ്തകം ആണ്. സാക്ഷാൽ മലയാളഭാഷയിൽ അച്ചടിക്കപ്പെട്ടിട്ടുള്ള ആദ്യത്തേ കൃതിയും ഇതാണെന്നു തോന്നുന്നു. ഈ കൃതിയെപ്പററി അടുത്ത ഒരദ്ധ്യായത്തിൽ വിവരിക്കുന്നതാണ്.

ഇപ്രകാരം റോമായിൽ അച്ചടിച്ച മലയാളപുസ്തകങ്ങൾ ക്ലെമന്റു പാതിരിതന്നേ മലയാളത്തിലേക്കു കൊണ്ടുവരികയും അവ കേരളത്തിലുള്ള നസ്രാണികളുടെ ഇടയിൽ വിതരണം ചെയ്കയും ഉണ്ടായി. ഇപ്പോഴും

* ഈ കൃതിയുടെ ഒരു പ്രതി എങ്ങനെയോ മഹാമഹിമശ്രീ അപ്പൻതമ്പുരാന്റെ കൈവശം വന്നുചേരുകയുണ്ടായി. ഇപ്പോഴും അതു റവ. ഫാദർ പ്ലാച്ചേക്കാരൻ എം. ഏ.യുടെ ഗ്രന്ഥശേഖരത്തിൽ ഉണ്ടു്.

## എട്ടാം കാണ്ഡം

ദൈവദോഷവും [illegible] കും

പസാരവുമെന്നിവയെക്കുറിച്ച്

ഗു. കുമ്പസാരിപ്പാൻ ചെല്ലുന്നവ രെല്ലാവർക്കും ദോഷങ്ങളുടെ പൊറുതി കിട്ടുമൊ

ശി. എല്ലാവർക്കുമല്ല നല്ലവണ്ണം കുമ്പസാരിക്കുന്നവർക്കു

ഗു. ഒരുത്തൻ നല്ലവണ്ണം കുമ്പസാരിച്ചയെന്നിന്റെ അടയാളമെന്തു

ശി. ദോഷവ്യാപാരം മാറ്റിക്കൊള്ളുന്നതും ഹൃദയത്തോടുകൂടെ തമ്പുരാനെ സ്നേഹിക്കുന്നതും തമ്പുരാന്റെ പ്രമാണങ്ങളെ കാത്തിരിക്കുന്നതും ദോഷവും ദോഷത്തിന്റെ സംഗതിയാകുന്ന അവകാശങ്ങളെക്കാളും നീക്കിക്കളയുന്നതുമെന്നിവ എല്ലാം നല്ല കുമ്പസാര

(സംക്ഷേപവേദാർത്ഥം എന്ന പുസ്തകത്തിന്റെ 199-ാം പക്കം)

പുരാതനകുടുംബങ്ങളിൽ ഈ പുസ്തകം കാണുന്നുണ്ട്. തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളജിലെ ഗ്രന്ഥശേഖരത്തിൽ ഇരിക്കുന്ന പ്രതിയിൽ "പയ്യപ്പിള്ളിയിൽ അയിപ്പൂകത്തനാർക്ക വായിച്ചറിവാൻ കല്പിച്ചുകൊടുത്തതു്—പൂക്കോട്ടനിന്നും 1775—ാംകാലം തുലാമാസം 17–ാംനു" എന്നെഴുതി താഴെ സുറിയാനിയിൽ കൈയൊപ്പിട്ടിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ കാണുന്ന ലിപികൾ ചതുരാകാരവും വലിപ്പംകൂടിയതും ആകുന്നു മാതൃകയായി ഒരു പേജ് ഈ ഗ്രന്ഥത്തിൽ ചേർക്കുന്നുണ്ട്. 1800–ാമാണ്ടിനുശേഷം റോമായിൽ മലയാളഗ്രന്ഥങ്ങൾ അച്ചടിക്കപ്പെട്ടതായി അറിയുന്നില്ല.

## ആദ്യത്തെ ഗദ്യകൃതികൾ

പാശ്ചാത്യമിഷ്യനറിമാർ കേരളത്തിൽ വന്നകാലത്തു് ഇൻഡ്യൻ ഭാഷകളിൽ ഗദ്യകൃതികൾ ചുരുക്കമായിട്ടേ ഉണ്ടായിരുന്നുള്ളൂ എന്നു് ഒന്നാമദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. സംസ്കൃതത്തിലുണ്ടായിരുന്ന കാദംബരി, ഹർഷചരിതം മുതലായവ ഒരുതരം കൃത്രിമഗദ്യമായിരുന്നു. മലയാളത്തിലെ ചമ്പുക്കളിലുള്ള ഗദ്യവും ഏകദേശം അത്തരത്തിൽത്തന്നെ. എന്നാൽ മലയാളത്തിൽ തനി ഗദ്യകൃതികൾ ഉണ്ടായിരുന്നെന്നു സമ്മതിച്ചേ കഴിയൂ. മഴമംഗലംനമ്പൂരിയുടെ ആചാരസംഗ്രഹം മാത്തൂർ നമ്പൂരിയുടെ 'മൂഹൂർത്തപദവി' പ്രസിദ്ധമായ 'കേരളോല്പത്തി' മുതലായവ ഉദാഹരണങ്ങളാണ്. എന്നാൽ അവയും ആധുനികഗദ്യരീതിയിലാണെന്നുപറയാൻ വിഷമമുണ്ടു്. അവ ജനങ്ങൾ അധികമായി ഉപയോഗിച്ചിരുന്നതുമില്ല. പൊതുജനങ്ങൾ ഉപയോഗിച്ചിരുന്ന കൃതികൾ മിക്കവാറും പദ്യംതന്നെ ആയിരുന്നു. ഗദ്യം സാഹിത്യമാണെന്നുതന്നെ അക്കാലത്തു് ആർക്കും സമ്മതമായിരുന്നില്ല.

മതപ്രചാരണാർത്ഥം വന്നുചേർന്ന മിഷ്യനറിമാർക്കു് അവശ്യാവശ്യകമായിരുന്നതു സാധാരണക്കാർക്ക വായിച്ചറിയാവുന്ന ഗദ്യകൃതികൾ ആയിരുന്നു. അവർ അധികമായി പെരുമാറിയിരുന്നകൂട്ടരുടെ ഇടയിൽ ഉപയോഗിക്കപ്പെട്ടിരുന്ന ഭാഷ തമിഴപദങ്ങൾ അധികമുണ്ടായിരുന്ന ഒരുവക താണ മലയാളവുമായിരുന്നു. ഈ അടുത്തകാലത്തുപോലും പുലയർമുതലായ വർഗ്ഗക്കാർ സംസാരിച്ചിരുന്ന ഭാഷ തമിഴമയമായിരുന്നല്ലോ. രണ്ടു ശതാബ്ദങ്ങൾക്കുമുമ്പ് മറ്റു മിക്ക ജാതിക്കാരും അപ്രകാരമുള്ള ഭാഷയിലായിരിക്കണം സംസാരിച്ചിരുന്നതു്. മിക്ക കളരികളിലും തമിഴ് പ്രായേണ നിർബ്ബന്ധവിഷയമായിരുന്നു. 'നാനംമോനം' എന്നു സാധാരണ പറഞ്ഞിരുന്ന വട്ടെഴുത്തു വശമാകാതെ അന്നു് സാധാരണക്കാരുടെ പഠനംപോലും പൂർത്തിയായിരുന്നില്ല. അതിനാൽ വൈപ്പിലും കൊച്ചിയിലും, പിന്നീട്ട് അമ്പഴക്കാട്ടും അച്ചടിക്കപ്പെട്ട പുസ്തകങ്ങൾ മിക്കതുംതന്നെ തമിഴിലായിരുന്നു. അക്ഷരം തമിഴായിരുന്നെങ്കിലും ഭാഷ മിക്കവാറും ഒരു താണതരം മലയാളവും ആയിരുന്നു. മലബാർ ഭാഷ (Lingua Malabarica) എന്ന പേർ പറയാനുള്ള കാരണവും

ഇതിൽനിന്നു വിശദമാകുന്നുണ്ടല്ലോ. വിശുദ്ധനായ ശൗരിയാരും അദ്ദേഹത്തിൻെറ അനുചരനായ എൻറീക്കോസ്സപാതിരിയും രചിച്ചതായി പറയപ്പെട്ടുന്ന വേദോപദേശകൃതികൾ ഈ ഭാഷയിൽ ആണ് എഴുതപ്പെട്ടതു്. ആ ഗ്രന്ഥങ്ങൾ സമുദ്രതീരനിവാസികളായ പരവർ, മുക്കുവർ മുതലായ ജനങ്ങൾ പരക്കെ ഉപയോഗിച്ചിരുന്നതായി പല യൂറോപ്യൻ സഞ്ചാരികൾ എഴുതിയിട്ടുണ്ടു്. ആദ്യമിഷ്യനറിമാർ പ്രധാനമായി കടൽത്തീരത്തെ ജനങ്ങളോടാണല്ലോ എടപെട്ടതു്. അവർക്കു് അന്നു് അക്ഷരവിദ്യ അജ്ഞാതമല്ലാഞ്ഞെന്നു് ഇതുകൊണ്ടു തെളിയുന്നുണ്ടല്ലോ.

എന്നാൽ അക്കാലത്തും മേത്തരം ഒരു മലയാളവും നടപ്പിലുണ്ടായിരുന്നതായി വിചാരിക്കണം. ആ ഭാഷയിലാണു് നമ്പൂരിമാരും നായന്മാരും മാത്രമല്ല നസ്രാണികളും തങ്ങളുടെ കൃതികൾ എഴുതിയിരുന്നതു്. മേല്പറഞ്ഞ മഴമംഗലം മുതലായവരുടെ കൃതികൾ ഈ തരത്തിലുള്ളവയാണു്.. നസ്രാണികളുടെ വകയായി 1600–ാമാണ്ടിടയ്ക്കു് എഴുതപ്പെട്ട 'ഉദയമ്പേരൂർ സൂനഹദോസിൻെറ കാനോനാകൾ' മുതലായ കൃതികളും പ്രായേണ ഈ രീതിയിൽതന്നെ. തമിഴ്പദങ്ങളും ഈ കൃതികളിൽ ഇല്ലാതില്ല. എന്നാൽ തമിഴരീതികൾ ദുർല്ലഭവും സംസ്കൃതപദങ്ങൾ അധികവും അത്രേ. പ്രസ്തുതകൃതികളെപ്പററി അടുത്ത ഒരദ്ധ്യായത്തിൽ പ്രസ്താവിക്കുന്നതാണു്.

ആയിടയ്ക്കുതന്നെ ഉണ്ടായകൂട്ടത്തിൽ ഇപ്പോൾ കാണാനുള്ള വേറൊരു ഗദ്യശകലം'ഹോർത്തൂസ് മലബാറിക്കൂസ്''(Hortus Malabaricus) എന്ന സസ്യശാസ്ത്രകൃതിയിലുള്ളതാണു്. അതിലെ രീതി അന്നത്തെ സർക്കാർ ഈട്ടുവയ്പുകളിലുംമററുമുള്ള രേഖകളിലേതിൽനിന്നു ഭിന്നമല്ലെന്നുള്ളതു താഴെ ഉദ്ധരിക്കുന്ന ഭാഗത്തിൽനിന്നു കാണാം.

"പ്രസമവും, മംഗല്യവും, കുടിയിരിപ്പും, ബഹുമാനപ്പെട്ട കൊമ്പഞ്ഞിയുടെ ഉപ്പായിത്തവും കൊച്ചിയിൽ ആയ മനുഴവൽകാന്നോരു നിശ്ചയിക്കുംപ്രകാരം എന്ദ്രീക്കിവൻ റെ ദേകുമദോരിടെ കല്പനയാൽ കരപ്പുറത്തു പിറന്നൊള്ള ഒരു മലയാംവൈദ്ധ്യൻെറ ചൊൽകെട്ട പുസ്തകത്തിൽ ചാർത്തിയ മലയാളത്തിലെ വൃക്ഷങ്ങളും ചെറുവൃക്ഷങ്ങളും കായ്കളും വിത്തുകളും രെസങ്ങളും പേരുകളും ചക്തികളും സദചക്തികളും പറങ്കിപ്പാഴയിലും മലയാൻപാഴയിലും വകതിരിച്ചു ചൊല്ലുകയുംചെയ്തു. ഈ വണ്ണം ഒരു സംശെയം ഏന്നിയേ നേരാകുംവണ്ണം എഴുതിത്തീർത്ത നിശ്ചയത്തിൽ എൻെറ ഒപ്പ് ഏബ്രിൽമാസം ധൻനു- ഫനഫന്നൗധന്നുഷ കൊച്ചിയിൽ കോട്ടയിൽ എഴുത്ത്." (ഈ ഖണ്ഡിക ഓക്സ്ഫോർഡ് ബോഡ്ലിയൺഗ്രന്ഥശാലയിൽ ഇരിക്കുന്ന പ്രതിയിൽനിന്നു ഞാൻതന്നെ പകർത്തിയതാണു്.)

മുകളിൽ ഉദ്ധരിച്ച ഖണ്ഡികയുടെ ഫോട്ടോപ്രതി അടുത്ത പേജിൽ ചേർത്തിരിക്കുന്നു.



മേൽക്കാണിച്ച ഗദ്യം ആധുനികരായ നമ്മുടെ ദൃഷ്ടിക്കു വളരെ വിരൂപമായിത്തോന്നുമെങ്കിലും മലയാളഗദ്യരചനയുടെ ആദിമഘട്ടത്തെയാണല്ലോ അതു ലക്ഷീകരിക്കുന്നതെന്നോക്കുമ്പോൾ പുരാതനപദാൎത്ഥങ്ങളെക്കുറിച്ചുണ്ടാകാറുള്ള ആദരബുദ്ധി അതിനോടും വേണ്ടതാകുന്നു. ഏതുഭാഷയിലും ആദ്യം എഴുതപ്പെട്ട ഗദ്യം പിൽക്കാലത്തു് പ്രാചീനവും വികൃതവുമായിത്തോന്നാതിരിക്കയില്ല. എന്നാൽ സാഹിത്യചരിത്രത്തിലാകട്ടെ അത്തരം വികൃതഗദ്യത്തിനും സവിശേഷം പ്രാധാന്യമുണ്ടു്. അതിനാൽ 'പാതിരിമലയാളം' എന്നു ചിലർ പറയുന്ന പഴയ ഭാഷാഗദ്യത്തെ അത്രമാത്രം അവഹേളിക്കാൻ അവകാശമില്ലെന്നു സ്പഷ്ടമായി. അക്കാലത്തു് ആഢ്യബ്രാഹ്മണർപോലും എഴുതിവന്ന മലയാളം ഇദാനീന്തനദൃഷ്ടിക്കു് തീരെ ബീഭത്സമായിട്ടേ തോന്നുകയുള്ളു. മറ്റെല്ലാഭാഷകളുടെ അവസ്ഥയും ഇതുതന്നെ. ഇംഗ്ലണ്ടിൽ 400 വൎഷംമുമ്പ് എലിസബേത്തുരാജ്ഞിയുടെകാലത്തുണ്ടായ ഗദ്യം ഇപ്പോൾ തീരെ പഴഞ്ചനായിപ്പോയിട്ടുംകൂടി ഇന്നത്തെ പരിഷ്കാരികളായ ആംഗലഭാഷാഭി

മാന്നികൾ ആ പഴയ ഗദ്യകൃതികളെ സബഹുമാനം പഠിക്കയും വ്യാഖ്യാനിക്കയും ചെയ്തുവരുന്നുണ്ടല്ലോ.

## നിഘണ്ടുക്കളും വ്യാകരണങ്ങളും

പാതിരിമാർ കേരളത്തിൽ വന്നകാലത്തു മലയാളഭാഷയ്ക്കു വ്യാകരണം, നിഘണ്ടു മുതലായ ശാസ്ത്രഗ്രന്ഥങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. 'ലീലാതിലകം' കൃത്രിമമായ മണിപ്രവാളരീതിയുടെ ലക്ഷണങ്ങൾ നിർദ്ദേശിക്കുന്നവെന്നല്ലാതെ നാട്ടുഭാഷാവ്യാകരണമെന്ന പേർ അർഹിക്കുന്നില്ല. അന്യഥാ പരിഗണിച്ചാൽത്തന്നെയും അവരുടെ ആഗമനദശയിൽ വിദേശീയർക്കു ഭാഷ പഠിക്കാൻ ഉതകത്തക്ക ഒരു വ്യാകരണമാകട്ടെ ശബ്ദകോശമാകട്ടെ ഉപയോഗത്തിൽ ഉണ്ടായിരുന്നില്ലെന്നുള്ളതു നിശ്ചയമാണ്. പാശ്ചാത്യഭാഷകളിൽ വിദഗ്ദ്ധന്മാരായിരുന്ന ആ മിഷ്യനറിമാർക്ക് ഇതുനിമിത്തം ആദ്യം മുതല്ക്കേ മലയാളത്തിൽ വ്യാകരണാദിഗ്രന്ഥങ്ങൾ ഉണ്ടാകേണ്ടതു് അത്യാവശ്യമായിത്തോന്നി. കേവലം അജ്ഞാതമായ ഒരു വിദേശഭാഷ വശമാക്കാൻ ഈവക ഗ്രന്ഥങ്ങൾകൂടാതെ ആർക്കും സാദ്ധ്യമല്ല.

വിശുദ്ധനായ ശൗരിയാർക്കാണ് ഇതിൻെറ ആവശ്യം ആദ്യമായി നേരിട്ടതു്. അദ്ദേഹം ഫാദർ എൻറീക്കെസിൻെറ സാഹായ്യത്തോടുകൂടി ഇദംപ്രഥമമായി ഒരു വ്യാകരണവും പദമഞ്ജരിയും നിർമ്മിച്ചുവെന്നു മുൻപ്രസ്താവിച്ചുവല്ലോ. സെൻറ് സേവിയർ മതപ്രസംഗങ്ങൾ നടത്തിയതു് തെക്കൻതിരുവിതാംകൂറിൽ സമുദ്രതീരവാസികളുടെ ഇടയിലാകയാൽ ഈ വ്യാകരണം തമിഴിൻേറതായിരുന്നുവെന്നുള്ളതിനു തർക്കമില്ല. പാതിരിമാർ ഇപ്രകാരം ആദ്യകാലത്തു പല വ്യാകരണങ്ങളും എഴുതിയെങ്കിലും അവയിൽ ഒന്നുംതന്നെ മലയാളഭാഷയുടേതാണെന്നു വിചാരിക്കാൻ തരമില്ല. അതുകൊണ്ടു് 1700-നുമുമ്പ് കേരളത്തിലെ തനിഭാഷ വ്യാകരണവിഷയത്തിൽ തീരെ നിർദ്ധനയായിരുന്നുവെന്നു പറയാം. ഈ ഇനത്തിൽ വല്ല സമ്പത്തും അന്നുണ്ടെങ്കിൽത്തന്നെ അതു വിദേശിയരുടെ ഉപയോഗത്തിനായി മാത്രം പോർത്തുഗീസ്, ലത്തീൻ മുതലായ വൈദേശികഭാഷകളിൽ എഴുതപ്പെട്ടതായിരിക്കും. ആദ്യത്തെ ഇംഗ്ലീഷ്മിഷ്യനറിമാർ ഇംഗ്ലീഷ്ഭാഷയിലും വ്യാകരണങ്ങൾ രചിച്ചു.

കത്തോലിക്കാമിഷ്യനറിമാർ പ്രായേണ വേദപ്രചാരണത്തിനുള്ള ഒരുപകരണമായിട്ടാണ് വ്യാകരണം എഴുതാനിടയായതു്; പ്രത്യുത ഇംഗ്ലീഷുകാരുടെ ആദ്യവ്യാകരണങ്ങൾ ഈസ്റ്റ് ഇന്ത്യാക്കമ്പനിക്കാരുടെ കച്ചവടത്തെ വർദ്ധിപ്പിക്കുന്നതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയായിരുന്നു. പക്ഷേ ഇംഗ്ലീഷുകാരുടെ തദ്വിഷയകമായ സംരംഭങ്ങളെല്ലാം കേവലം അധുനാതനങ്ങളാണ്. പോർത്തുഗീസുകാരും ഇത്താലിയാക്കാരുമായ കത്തോലിക്കാമിഷ്യനറിമാർ ഇട്ട നൂൽ പിടിച്ചുകൊണ്ടാണ് ആദ്യത്തെ ആംഗലപണ്ഡിതന്മാർ തങ്ങളുടെ വ്യാകരണങ്ങൾ എഴുതിയതെന്നുള്ളതു സ്മരണീയമാണ്.

അമ്പഴക്കാട്ട്, വരാപ്പുഴ മുതലായ സ്ഥലങ്ങളിൽ നിവസിച്ചിരുന്ന

കത്തോലിക്കാമിഷ്യനറിമാർ വളരെക്കാലം മുമ്പുതന്നെ നിഘണ്ടുക്കളും വ്യാകരണങ്ങളും രചിക്കുന്ന വിഷയത്തിൽ അത്യധികം പരിശ്രമിച്ചിട്ടുണ്ട്. 1700-ൽ വരാപ്പുഴ മെത്രാപ്പോലീത്താ ആയിരുന്ന ഡോക്ടർ ആഞ്ചലോസു ഫ്രാൻസീസാണ് ഇപ്പോൾ അറിയപ്പെട്ടിട്ടുള്ളതിൽവെച്ച് ഏററവും പഴക്കമുള്ള മലയാളവ്യാകരണം എഴുതിയിട്ടുള്ളത്. അദ്ദേഹത്തിൻെറ സമകാലീനനും വിഖ്യാതനുമായ അർണ്ണോസുപാതിരി പ്രഥമനിഘണ്ടുവും രചിക്കയുണ്ടായി. ഈ രണ്ടു പണ്ഡിതശിരോമണികൾ തുറന്ന വഴി പിന്നീട് അവരുടെ പിൻഗാമികളായ പല പാതിരിമാരുടെ പരിശ്രമത്താൽ വിസ്തൃതമാകയും ചെയ്തു. ഇംഗ്ലീഷ്മിഷ്യനറിമാർ ഇവരുടെ കൃതികളിൽനിന്നാണ് മലയാളവ്യാകരണം പഠിച്ചു തങ്ങളുടെ കൃതികൾ എഴുതിയിട്ടുള്ളത്.

ആദ്യമായി മലയാളവ്യാകരണം രചിച്ച ഇംഗ്ലീഷുകാരൻ റോബർട്ട് ഡ്രുമ്മണ്ടു് (Drummond) ആയിരുന്നെന്നു പ്രസിദ്ധമാണ്. അദ്ദേഹത്തിൻെറ കൃതിയായ Grammar of the Malayalam Language (മലയാളഭാഷയുടെ വ്യാകരണം) 1799-ൽ ബോംബെയിലെ കൂറിയർ പ്രസ്സിൽ അച്ചടിക്കപ്പെട്ടു. ഈ ഇംഗ്ലീഷുഗ്രന്ഥത്തിൻെറ ഒരു പ്രതി ലണ്ടനിലെ ഇൻഡ്യാ ഓഫീസുവക ഗ്രന്ഥശേഖരത്തിൽ ഉണ്ട്. ഡ്രുമ്മണ്ടു ധരയുടെ വ്യാകരണം പാതിരിമാരുടെ വ്യാകരണത്തെ അനുകരിച്ചായിരുന്നെന്നുള്ളതു് അതിൻെറ ഓരോ വശങ്ങളും വിളിച്ചുപറയുന്നു. ആ കൃതിയുടെ അവതാരികയിൽ അദ്ദേഹം അതു തുറന്നു സമ്മതിച്ചിട്ടുമുണ്ട്. അതിൽ നിന്നു ചില ഖണ്ഡികകൾ ഉദ്ധരിക്കാം.

"Having by surmounting these difficulties acquired a sufficient knowledge of the Language to excite a desire of improvement, I was happy in the opportunity of paying a visit to the Rt Rev. Louis, the titular Bishop of Usula, presiding over the Carmelite Mission of Verapoly in the vicinity of Cochin in the month of August 1799, with whom I resided during the whole of the monsoon. His long residence in that country......had enabled him to accumulate a fund of knowledge and learning in the Malayalam language which could not be easily attained in any other situation or circumstance." (കുറെ ശ്രമപ്പെട്ടു മലയാളഭാഷ ഒരുവിധം വശമാക്കിക്കൊണ്ടു ഞാൻ നി. വ. ദിവ്യശ്രീ വരാപ്പുഴ ലൂയിസ്സ് മെത്രാച്ചൻ അവർകളെ 1799 ആഗസ്റ്റിൽ ചെന്നുകണ്ടു് അദ്ദേഹത്തിൻെറകൂടെ താമസിച്ചു. വളരെക്കാലം മലയാളത്തു പാർത്തിരുന്നതുകൊണ്ടു ഭാഷയിൽ അനന്യസുലഭമായ പാണ്ഡിത്യം അദ്ദേഹം സമ്പാദിച്ചിരുന്നു.)

മേല്പറഞ്ഞ ലൂയിസ്സുമെത്രാനിൽ നിന്നു് ഈ വിദ്വാനു സിദ്ധിച്ച സഹായത്തെപ്പററി അയാൾ എഴുതിയിട്ടുള്ളതു വായിക്കുമ്പോൾ പല കാരണങ്ങളാൽ നമുക്കു വിസ്മയം തോന്നിയേക്കാം.

"The worthy prelate...being entirely exempt from bigotry or prejudice of any kind be with a generosity equal to his hospitality submitted to me all his store of manuscripts with an injun-

ction to render them as subservient as possible to the end of diffusing a knowledge of Malabar tongue among the Honourable Company's representatives. Assisted by the instructions of my reverend host I prosecuted my favourite study and formed my resolution of devoting my labours to the benefit of the public.'' (അനാവശ്യമായ മതവൈരാഗ്യമോ മുൻവിധിയോ ഒന്നും അശേഷം ഇല്ലാത്ത ഒരു യോഗ്യനായിരുന്നു ഈ മെത്രാൻ. തന്റെ അതിഥിസൽക്കാരതല്പരതയെക്കാൾ ഒട്ടും കുറവല്ലാത്ത മഹാമനസ്കതയോടെ അദ്ദേഹത്തിന്റെ കൈയെഴുത്തുകൃതികളെല്ലാം എന്റെ പക്കൽ വച്ചുതന്നിട്ട് ഈസ്റ്റിൻഡ്യാ കമ്പനിയുടെ പ്രതിനിധികളായി ഇവിടെ വന്നിട്ടുള്ളവരുടെ ഇടയിൽ മലയാളഭാഷാജ്ഞാനം വദ്ധിക്കുമാറ് അവയെ ഉപയോഗിച്ചുകൊള്ളണം എന്നാജ്ഞാപിച്ചു.)

ആദ്യത്തെ ഒരു പ്രോട്ടസ്റ്റന്റു മിഷ്യനറിയായ ബ്യക്കാനൻധാരയും ഈ വിധത്തിൽതന്നെ അന്നത്തെ വരാപ്പുഴ മെത്രാനെപ്പററി പറഞ്ഞിട്ടുള്ളതുകൂടി ഓക്കുമ്പോൾ അന്നത്തെ വരാപ്പുഴ പാതിരിമാർ അസാധാരണ വിശാലമനസ്കന്മാരായിരുന്നുവെന്നു തെളിവാകുന്നുണ്ട്.

ധാരയുടെ കൈവശം കിട്ടിയ കൈയെഴുത്തുപുസ്തകങ്ങളും മററും നല്ലവണ്ണം ഉപയോഗപ്പെട്ടുത്തിയെന്നുള്ളതു വ്യാകരണത്തിന്റെ ഏതു ഭാഗം നോക്കിയാലും തെളിവായിക്കാണാം. വ്യാകരണഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയങ്ങൾ Alphabet, Gender, Number, Pronouns, Verbs, Orthography മുതലായവയാണ്. വരാപ്പുഴ പാതിരിമാർ മുമ്പു രചിച്ചിട്ടുണ്ടായിരുന്ന കൃതികളിലെയും രീതി ഇതുതന്നെ.

എല്ലാ അദ്ധ്യായത്തിലും മലയാളം അക്ഷരത്തിൽ വളരെ ഉദാഹരണങ്ങൾ കൊടുത്തിട്ടുണ്ട്. അക്ഷരങ്ങളുടെ രൂപം മേൽ വിവരിച്ച 'സംക്ഷേപവേദാത്ഥം' എന്ന കൃതിയിലേതുതന്നെ. ഉദാഹരണമായി ചേത്തിട്ടുള്ള വാക്യങ്ങൾ മിക്കവയും ആ കൃതിയിൽനിന്നുതന്നെയാണ്. വേറെയും ചില കൃതികളിൽനിന്നു് ഉദാഹരണങ്ങളുണ്ട്. എന്നാൽ സ്വതന്ത്രമായി ഒരു വാക്യംപോലും ധാര ചേത്തിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ ഗ്രന്ഥത്തിൽ കാണുന്ന ചില ഭാഗങ്ങൾ ഉദ്ധരിക്കാം:

"വേണ്ടുംവണ്ണം കുമ്പസാരിക്കയും ദോഷത്തിമേൽ തേറിക്കൊൾകയും ഇനി മേലിൽ പിഴക്കയില്ലെന്നു മനസ്സിലുറയ്ക്കയും ചെയ്യുന്നവക്കു ദോഷപൊറുതി കിട്ടും." 87

"മുമ്പിലത്തെ മാനുഷൻ വിലക്കിയ കാതിൻമൂതും ചെയ്കിട്ട ശിക്ഷയ്ക്കു യോഗ്യൻ ആവൂതും ചെയ്യു."

ഡ്രുമ്മണ്ടിന്റെ വ്യാകരണകൃതി എങ്ങനെ കത്തോലിക്കാപാതിരിമാരുടെ കൃതികളെ അവലംബിച്ചെഴുതിയോ, അതേവിധംതന്നെ തദനന്തരം വ്യാകരണമെഴുതിയ പീററു്, ഗുണ്ടർട്ട്, ഗാത്ത്വേറു് എന്നിവർ ഡ്രുമ്മണ്ടിനെയും അനുകരിക്കയുണ്ടായിട്ടുണ്ട്. ഗുണ്ടർട്ടിന്റെയും ഗാത്ത്വേററിന്റെയും വ്യാകരണങ്ങൾ ഈ അടുത്തകാലത്തുപോലും പഠിപ്പിക്കപ്പെട്ടിരുന്നല്ലോ. ഇങ്ങനെ പല തലമുറകളായി പലതരക്കാരുടെ

ശ്രമഫലമായിട്ടാണു മലയാളഭാഷയുടെ വ്യാകരണം രൂപവൽകൃതമായതു്.

## 'നീചഭാഷ'യും 'ഉച്ചഭാഷ'യും

മലയാളഭാഷയുടെ ആകൃതിയും പ്രകൃതിയും ആദ്യമായി ശാസ്ത്രരീത്യാ നിരൂപണംചെയ്തതു മിഷ്യനറിമാരാണു്. അവർ മലയാളഭാഷയെക്കുറിച്ചും മലയാളരാജ്യത്തെപ്പററിയും എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ ഏതുകാലത്തും അവരുടെ സ്മാരകമായി പരിലസിക്കുന്നതാണു്. മലയാളത്തിൽ 'നീചഭാഷ', 'ഉച്ചഭാഷ' എന്നിങ്ങനെ രണ്ടുതരം ഭാഷകൾ നടപ്പിലായിരുന്നെന്നാണു മിഷ്യനറിമാരുടെ മതം. ഉച്ചഭാഷ പ്രായേണ സംസ്കൃതവും, നീചഭാഷ തമിഴചേർന്ന മലയാളവും ആയിരുന്നു. ഉച്ചഭാഷ ഗ്രന്ഥാക്ഷരത്തിൽ എഴുതപ്പെട്ടിരുന്നു കാവ്യങ്ങളും ശാസ്ത്രങ്ങളും മിക്കവാറും ആ ഭാഷയിൽ ആയിരുന്നു. നീചഭാഷ ആദ്യം തമിഴക്ഷരങ്ങളിലും, പിന്നീടു ഗ്രന്ഥാക്ഷരത്തിൽനിന്നും രൂപംകൊണ്ട മലയാളാക്ഷരങ്ങളിലും എഴുതപ്പെട്ടിരുന്നു. കണക്കുകളും എഴുത്തുകളും എഴുതിയിരിക്കുന്നതു് ഈ ഭാഷയിലത്രേ.

ഈ രണ്ടു ഭാഷകളുടെയും വ്യാകരണങ്ങൾ പാതിരിമാർ രചിച്ചിട്ടുണ്ടു്. അഞ്ജേറ്റാസുപാതിരിയുടെ വ്യാകരണം ഉച്ചഭാഷയുടേതായിരുന്നു; യഥാർത്ഥത്തിൽ അതു 'സിദ്ധരൂപം' എന്ന സംസ്കൃതകൃതിയെ അനുകരിച്ചെഴുതപ്പെട്ടതത്രേ. അദ്ദേഹത്തിന്റെ പദ്യകൃതികൾ മലയാളത്തിലാണെങ്കിലും സംസ്കൃതബഹുലമത്രേ. മലയാളംതന്നെ (ഉച്ചഭാഷ) സംസ്കൃതത്തിന്റെ ഒരു വകഭേദമായിരുന്നെന്നത്രേ മിഷ്യനറിമാരുടെ മതം. ആഞ്ചലോ ഫ്രാൻസിസ് എഴുതിയ വ്യാകരണമാകട്ടെ നീചഭാഷയുടേതും ആയിരുന്നു; ഈ നീചഭാഷാവ്യാകരണമാണു മിഷ്യനറിമാർ തങ്ങളുടെ പ്രചാരണവേലകളിൽ പ്രയോജനപ്പെട്ടതു്. ആഞ്ചലോ ഫ്രാൻസിസിന്റെ വ്യാകരണം വളരെക്കാലത്തേക്കു മലയാളഭാഷയുടെ പ്രധാനവ്യാകരണമായി പരിലസിച്ചു. മിഷ്യനറിമാർ മാത്രമല്ല, ഈ നാട്ടിൽ വന്ന മററു വിദേശീയരും അതു പഠിച്ചുവന്നിരുന്നു. ഇതാണു സാക്ഷാൽ ആദ്യത്തെ മലയാളവ്യാകരണം. ഈ കൃതിയെ അനുകരിച്ചാണു ക്ലമെന്റുപാതിരി, എസ്തപ്പാനോസ് മുതലായവർ തങ്ങളുടെ വ്യാകരണങ്ങളും അക്ഷരമാലകളും രചിച്ചതു്.

ക്ലമെന്റു പാതിരി എഴുതി 1772-ൽ റോമയിൽ അച്ചടിച്ച 'മലയാളം അക്ഷരമാല' എന്ന ഗ്രന്ഥത്തിൽ മലയാളഭാഷയെപ്പററി ലത്തീനിൽ ദീർഘമായ ഒരു മുഖവുരയുണ്ടു്. കേരളത്തിൽ ഗ്രന്ഥം, സംസ്കൃതം, മലയാഴ്മ എന്നിങ്ങനെ മൂന്നു ഭാഷകൾ നടപ്പിലുണ്ടായിരുന്നെന്നും അവയിൽ ഗ്രന്ഥഭാഷയും സംസ്കൃതവും ഏതാണ്ടു് ഒന്നുതന്നെയായിരുന്നെന്നും, ബ്രാഹ്മണർ ഉപയോഗിച്ചിരുന്ന സാഹിത്യഗ്രന്ഥങ്ങളും വേദഗ്രന്ഥങ്ങളും ഈ ഭാഷയിലാണു് എഴുതപ്പെട്ടിരുന്നതെന്നും, എങ്കിലും സാധാരണ സംസാരത്തിൽ ബ്രാഹ്മണർപോലും ഉപയോഗിച്ചിരുന്ന ഭാഷ മലയാഴ്മയായിരുന്നെന്നും മററുമാണു് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. ഗ്രന്ഥ

ഭാഷയ്ക്കു Grandonica എന്നും, സംസ്കൃതത്തിനു Samscrudonica എന്നും മിഷ്യനറിമാർ പറഞ്ഞുപോന്നിരുന്നു. ശിവനും പാർവ്വതിയും തമ്മിലുണ്ടായ സംഭാഷണത്തെ അസ്പദമാക്കിയാണു സംസ്കൃതത്തിൻെറ ഉൽപത്തിയെന്നുള്ള ഐതിഹ്യവും ക്ലമെൻറു പാതിരി രേഖപ്പെടുത്തിയിട്ടുണ്ട്.*

മലയാളഭാഷ സംസ്കൃതത്തിൻെറ ഒരു ഉപഭാഷയായിരുന്നെന്നത്രെ മിക്ക പാതിരിമാരുടെയും ബോധം. പ്രധാനമായി അക്ഷരമാലയെയും പദസമൂഹത്തെയും അടിസ്ഥാനമാക്കിയാണ് ഈ അഭിപ്രായമെന്ന് അവർ പ്രസ്താവിക്കുന്നുണ്ട്. അക്കാലങ്ങളിൽ മലയാംതമിഴ് അഥവാ വട്ടെഴുത്ത് അക്ഷരങ്ങളിലാണു പ്രധാനമായി എഴുത്തുകളും രേഖകളും എഴുതിയിരുന്നത്. കാലക്രമേണ ആര്യഎഴുത്തിൻെറ പ്രചാരം വർദ്ധിക്കുകയും അതു കേരളത്തിലെ പ്രധാനലിപിയായിത്തീരുകയും ചെയ്തു. 18-ാം ശതാബ്ദത്തിൽ പാതിരിമാർ എഴുതിയ കൃതികൾ മിക്കവയും മലയാഴ്മയിൽത്തന്നെയായിരുന്നു.

---

* Clement Peanius—Alphabetum Grundonico-Malabarica (Rome 1772) Preface.

## അദ്ധ്യായം ഏഴ്

# അർണ്ണോസ് പാതിരി

മലയാളഭാഷയിൽ കൃതികൾ രചിച്ചിട്ടുള്ള വിദേശീയരിൽ പ്രമുഖന്മാർ അർണ്ണോസ്, പൗലീനോസ്, ഗുണ്ടർട്ട് എന്നിവരാണ്. ഇവരിൽ കവി എന്ന നിലയിൽ സർവ്വപ്രധാനൻ അർണ്ണോസുതന്നെ. യൂറോപ്യന്മാരിൽ ചുരുക്കം ചിലർക്കുമാത്രമേ കേരളഭാഷയിൽ കവിതയെഴുതാൻ സാധിച്ചിട്ടുള്ളൂ. അവരിൽ ആരുംതന്നെ നിർദ്ദോഷമായ രീതിയിൽ കവിത എഴുതിയിട്ടുണ്ടെന്നു വാദിക്കാൻ നിവൃത്തിയില്ല. എന്നിരുന്നാലും കാവ്യഗുണം അവരുടെ കൃതികളിലും കാണുന്നുണ്ടുതാനും. യൂറോപ്യൻ മിഷ്യനറിമാരാൽ എഴുതപ്പെട്ടതായി ഇപ്പോൾ നാം ഉപയോഗിക്കുന്ന മിക്ക കൃതികളും അർണ്ണോസുപാതിരിയുടേതാണ്. ആ വിഷയത്തിൽ അദ്ദേഹത്തോളം വിജയം സമ്പാദിച്ചിട്ടുള്ള വേറേ യൂറോപ്യന്മാർ മലയാളത്തിൽ ഉണ്ടായിട്ടില്ലെന്നു ധൈര്യമായി പറയാം. ഇൻഡ്യയുടെ മററു ഭാഗങ്ങളിൽത്തന്നെയും ചുരുക്കമാണ്.

### ജീവചരിത്രം

'അർണ്ണോസുപാതിരി' എന്നു മലയാളത്തിൽ വിളിക്കപ്പെട്ടുവരുന്ന ഈ പണ്ഡിതൻ ജർമ്മനി രാജ്യക്കാരനായിരുന്നു. ജോൺ ഏർണസ്റ്റസ് ഹാങ്ക്സൽഡൻ (John Ernestus Hanxleden) എന്നായിരുന്നു അദ്ദേഹത്തിൻെറ സാക്ഷാൽനാമം. 1699—ലാണു കേരളത്തിൽ വന്നെത്തിയതു്. ആദ്യമായി അദ്ദേഹം അമ്പഴക്കാട്ട് ഈശോസഭക്കാരുടെ ആശ്രമത്തിൽ താമസിച്ചു. അന്നു കേരളത്തിലെ പണ്ഡിതന്മാരുടെ കേന്ദ്രസ്ഥാനം തൃശ്ശിവപേരൂർ ആയിരുന്നു. അവിടെ അക്കാലത്തു വിശ്രുതമായ ഒരു പണ്ഡിതപരിഷത്തു് ഉണ്ടായിരുന്നതായും അറിയാം. ആ പരിഷത്തിനു 'തൃശ്ശിവപേരൂർ സർവ്വകലാശാല' എന്ന പേർ ചില പാതിരിമാർ കൊടുത്തിട്ടുമുണ്ട്. എഴുത്തച്ഛൻെറ കാലം കഴിഞ്ഞുപോയിരുന്നു. എങ്കിലും അദ്ദേഹത്തിൻെറ ശിഷ്യന്മാർ പലരും അവിടെയുണ്ടായിരുന്നു. അർണ്ണോസുപാതിരി കേരളത്തിൽ വന്നയുടനേ സംസ്കൃതപണ്ഡിതന്മാരെയാണ് ആദ്യമായി അന്വേഷിച്ചതു്. താമസിയാതെ അദ്ദേഹം തൃശ്ശിവപേരൂരെ പണ്ഡിതന്മാരുമായി പരിചയപ്പെട്ടു. എഴുത്തച്ഛൻെറ ശിഷ്യന്മാരെക്കൂടാതെ ദൃഢവ്രത്പന്നരായ പല നമ്പൂരിമാരും ആ ദിക്കിലുണ്ടായിരുന്നു. അവരുടെ പരിചയം സമ്പാദിക്കാൻ പാതിരിക്കു കുറെ വിഷമമുണ്ടായി.

ആദ്യകാലത്തു നമ്പൂരിമാർക്ക് ഈ വെള്ളക്കാരനെക്കുറിച്ച് അല്പം

നിരസവും അധികം സംശയവും ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തെ സംസ്കൃതം പഠിപ്പിക്കുന്നതിനും, അതിലുള്ള ഉൽകൃഷ്ടഗ്രന്ഥങ്ങൾ കയ്യിൽ കൊടുക്കുന്നതിനും അവർ ഒട്ടും മനസ്സായില്ല. എങ്കിലും ഒടുവിൽ അങ്കമാലിദേശക്കാരായിരുന്ന കുഞ്ഞൻ എന്നും, കൃഷ്ണൻ എന്നും പേരുള്ള രണ്ടു നമ്പൂരിമാർ പാതിരിയെ യഥാർത്ഥമായി സഹായിക്കുവാൻ തയ്യാറായി. അവർ അദ്ദേഹത്തിനു താളിയോലയിൽ എഴുതിയ സിദ്ധരൂപം മുതലായ സംസ്കൃതവ്യാകരണകൃതികളും, മഹാഭാരതം, രാമായണം മുതലായ മലയാളകാവ്യഗ്രന്ഥങ്ങളും കൊടുക്കുകയും ചെയ്തു. പാതിരി ആദ്യം പഠിച്ച ഗ്രന്ഥം ''യുധിഷ്ഠിരവിജയം'' ആയിരുന്നെന്നു പൗലീനോസു പറയുന്നു. വളരെക്കാലത്തെ അദ്ധ്വാനത്തിനുശേഷം സംസ്കൃതത്തിലും മലയാളത്തിലും അദ്ദേഹം സാമാന്യം വ്യുത്പന്നനായിത്തീർന്നു. പിന്നീട് അദ്ദേഹം ഈ രണ്ടു ഭാഷകളിലും പദ്യകൃതികൾ എഴുതിത്തുടങ്ങി. അവ താളിയോലയിലാണ് എഴുതപ്പെട്ടതെന്നു തോന്നുന്നു. അദ്ദേഹത്തിൻെറ താമസം മിക്കവാറും വടക്കൻ പ്രദേശങ്ങളിലുള്ള പള്ളികളിലായിരുന്നു. വേലൂർ ആണ് അദ്ദേഹം അധികകാലവും താമസിച്ചതു്. അവിടെ പള്ളി ആദ്യമായി സ്ഥാപിച്ചതു് അദ്ദേഹമാണത്രെ. അവിടത്തെ പഴയ പള്ളിമുറിയിൽ പാതിരി ഉപയോഗിച്ചിരുന്ന കട്ടിൽ ഇന്നും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. 1732 മീനം 20-ാംനു- പഴയൂർ പള്ളിയിൽവെച്ച് അദ്ദേഹം കാലധർമ്മംപ്രാപിക്കയും അവിടത്തെ പള്ളിയകത്തു സംസ്കരിക്കപ്പെടുകയും ചെയ്തു.

## സംസ്കൃതഭാഷാജ്ഞാനം

അർണ്ണോസുപാതിരിക്ക് സംസ്കൃതത്തിൽ അസാമാന്യമായ അഭിരുചി ഉണ്ടായിരുന്നു. അദ്ദേഹം സംസ്കൃതഭാഷയെപ്പററി എഴുതിയ ലത്തീൻകൃതികൾ അന്നുതന്നെ പ്രസിദ്ധീകരിച്ചിരുന്നെങ്കിൽ അദ്ദേഹം യൂറോപ്പിൽ അന്നു വളരെ കീർത്തിമാനായിത്തീരുമായിരുന്നു എന്നു (Max Muller) മാക്സ്മൂളർ എന്ന യൂറോപ്യൻപണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹം കേരളത്തിൽവെച്ചു സംസ്കൃതവ്യാകരണവും കൃതികളും പഠിച്ചുകൊണ്ടിരുന്ന അവസരത്തിലും, അതിനു കുറേ ഇപ്പുറംപോലും യൂറോപ്പിലെ പണ്ഡിതന്മാർ സംസ്കൃതകൃതികൾ കിട്ടുന്നതിനും പഠിക്കുന്നതിനും അത്യധികം ആഗ്രഹിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ പാതിരി യൂറോപ്പിൽ പ്രസിദ്ധിനേടുന്നതിനു് ആഗ്രഹിക്കാതെ കേരളീയക്രിസ്ത്യാനികൾക്കു വേദസംബന്ധമായ കാവ്യകൃതികൾ പ്രദാനംചെയ്യാനാണു ജീവിതകാലം മുഴുവൻ വിനിയോഗിച്ചതു്. പിന്നീടു പൗലീനോസ്പാതിരി ഇദ്ദേഹത്തെപ്പററിയെഴുതിക്കണ്ടപ്പോൾ മാത്രമാണു് യൂറോപ്പിലെ പണ്ഡിതന്മാർ ഈ മഹാൻെറ സാഹിത്യപരിശ്രമങ്ങളെപ്പററി കേൾക്കാൻതന്നെ ഇടയായതു്. ഇപ്രകാരമുള്ള കേൾവിമാത്രം കൊണ്ടു് യൂറോപ്പിലെ അനന്തരകാലീനന്മാരായ വ്വോൺ ഷ്ലീഗൽ (Von Schlegel), ബെൻഫി (Benfey) എന്നീ പണ്ഡിതവര്യന്മാർ ഇദ്ദേഹത്തിന്റെ സംസ്കൃതജ്ഞാനത്തെപ്പറ്റി വളരെ പ്രശംസിച്ചെഴുതിയിട്ടുണ്ടു്.

1784 ഇടയ്ക്കു് ബംഗാളിൽവച്ചു് സർ വില്യം ജോൺസ് (Sir William Jones) നടത്തിയ പല പരിശോധനകളും അരശതാബ്ദത്തിന്നുമുമ്പു നമ്മുടെ പാതിരി ഇൻഡ്യയുടെ ഈ കോണിൽവച്ചു നടത്തുകയുണ്ടായെങ്കിലും ആ വാസ്തവം ഈയിടപോലും അറിഞ്ഞുതുടങ്ങിയിട്ടില്ല. ഇപ്രകാരം ഈ ചെറിയ കേരളത്തിനായി അദ്ദേഹം തന്റെ ജീവിതത്തെ അർപ്പണം ചെയ്തതുകൊണ്ടുതന്നെ നാം ആ മഹാനുഭാവൻെറ നാമം സർവ്വദാ സ്മരിക്കേണ്ടതാണു്.

അർണ്ണോസുപാതിരിയുടെ സംസ്കൃതപാണ്ഡിത്യത്തെപ്പററി കേരളത്തിൽത്തന്നെ ചില ഐതിഹ്യങ്ങൾ പറഞ്ഞുവരുന്നുണ്ടു്. അദ്ദേഹത്തിൻെറ പരിചയക്കാരായി വളരെ നമ്പൂരിമാർ ഉണ്ടായിരുന്നു. അവരുമായി അദ്ദേഹം കാവ്യം, ജ്യോതിശ്ശാസ്ത്രം മുതലായ വിഷയങ്ങളെ സംബന്ധിച്ചു തർക്കങ്ങളും സംഭാഷണങ്ങളും വളരെ നടത്തിയിട്ടുണ്ടു്. പാതിരിയെപ്പററി പറയപ്പെടുന്ന കഥകൾ വളരെ രസകരമാണു്. ഒരിക്കൽ ഒരു നമ്പൂരി പാതിരിയെക്കണ്ടപ്പോൾ "ഗണപതിവാഹനരിപുനയന" (പൂച്ചക്കണ്ണാ) എന്നു പരിഹാസരൂപേണ സംസാരിച്ചു. ഉടൻ തന്നെ പാതിരി "ദശരഥനന്ദനദൂതമുഖ" (കുരങ്ങിൻെറ മുഖത്തോടുകൂടിയവൻ) എന്നു പറഞ്ഞുകൊണ്ടു തൻെറ വഴിക്കു പോയി. നമ്പൂരിയാകട്ടെ ഇതത്ര കരുതിയിരുന്നില്ല. മറെറാരിക്കൽ ഒരിളയതു പാതിരിയെ കണ്ടപ്പോൾ "പാതിരി വില്ലിനു ബഹുവിശേഷമാണെ"ന്നു കളിയായി പ്പറഞ്ഞു. ഉടനെ പാതിരി "ഇളയതായാൽ ഏററം നന്നു്" എന്നുത്തരവും കൊടുത്തു. ഇളിഭ്യനായ ഇളയതു് അനങ്ങാതെ നടന്നുകളകയും ഉണ്ടായത്രെ. പാതിരിയുടെ ജ്യോതിശ്ശാസ്ത്രത്തിലുള്ള വൈദഗ്ദ്ധ്യത്തെപ്പററിയും ചില കഥകൾ വടക്കൻദേശങ്ങളിൽ വിശേഷിച്ചു വേലൂർ മുതലായ സ്ഥലങ്ങളിൽ പറഞ്ഞുവരുന്നുണ്ടു്. തെക്കു കിടങ്ങൂരുള്ള നെല്ലിപ്പള്ളിൽ ഇല്ലക്കാരുമായി പാതിരിക്കുണ്ടായിരുന്ന ഇടപാടുകളെപ്പററിയും രസാവഹങ്ങളായ കഥകൾ കേട്ടിട്ടുണ്ടു്. ഇവയെല്ലാം ശേഖരിച്ചു പ്രസിദ്ധീകരിക്കുന്നതു് ആവശ്യമാണു്. ഇപ്രകാരം അദ്ദേഹത്തെക്കുറിച്ചു പറഞ്ഞുവരുന്ന ഐതിഹ്യങ്ങൾ അദ്ദേഹത്തിന്റെ വ്യുത്പത്തിയേയും രസികതപത്തേയും സാമാന്യമായി വെളിപ്പെടുത്തുന്നുണ്ടല്ലോ.

പാതിരിയുടെ പ്രധാനോദ്ദേശ്യം ഹിന്ദുക്കൾക്കുള്ള രാമായണഭാരതാദികൃതികളെപ്പോലെ കുട്ടികൾക്കു പഠിക്കുവാനും, കുടുംബങ്ങളിൽ വായിക്കുവാനുമായി ക്രിസ്ത്യാനികൾക്കും ചില ഉൽകൃഷ്ടകാവ്യകൃതികൾ ഉണ്ടാക്കിക്കൊടുക്കണമെന്നുള്ളതായിരുന്നു. അതിനാൽ പഠനശേഷം തൻെറ സമയത്തിൽ സിംഹഭാഗവും കാവ്യബന്ധനത്തിനായി കഴിച്ചുകൂട്ടി. ഇദ്ദേഹം ആദ്യം എഴുതിയ കൃതി 'ചതുരന്ത്യം' എന്നതാണു്. ഇതിൽ ഗാഥ, കാകളി, കളകാഞ്ചി എന്നീ വൃത്തങ്ങളിലുള്ള നാലു പർവ്വങ്ങൾ ഉൾപ്പെട്ടിട്ടുണ്ടു്. ഇതിലെ ഭാഷ പ്രായേണ കഠിനവും സംസ്കൃതബഹുലവുമാകുന്നു. എന്നാൽ പിന്നീടു് അദ്ദേഹം എഴുതിയ 'മിശിഹാചരിതം പുത്തൻപാന'യിലെ ഭാഷ മിക്കവാറും സുഗമമായ ഒരു മണിപ്രവാളരീതിയാകുന്നു. ഇവ കൂടാതെ കന്യകമറിയത്തിൻെറ ചരിത്രത്തെ

പ്പററി 'ഉമ്മാപർവ്വം' എന്നൊരു സരസകൃതിയും മററനേകം ചെറുകാവ്യങ്ങളും അദ്ദേഹം എഴുതുകയുണ്ടായി.

അർണ്ണോസുപാതിരി മലയാളത്തിൽ ഒരു വ്യാകരണവും നിഘണ്ടുവുംകൂടി എഴുതിയിട്ടുണ്ടു്. 'താ' എന്ന അക്ഷരംവരെ മാത്രമേ ആ നിഘണ്ടുവിൽ വരുത്തിയിട്ടുള്ളു. മിക്കവാറും സംസ്കൃതപദങ്ങളാണു് അതിലുള്ളതു്. മലയാളം സംസ്കൃതത്തിന്റെ ഒരു വകഭേദമോ മറ്റോ ആണെന്നായിരുന്നു പാതിരിയുടെ ബോധം എന്നു വിചാരിക്കാൻ കാരണമുണ്ടു്. അന്നു കേരളത്തിൽ ഉണ്ടായിരുന്ന മററു പാതിരിമാരുടെയും അഭിപ്രായം അപ്രകാരംതന്നെയായിരുന്നു. അദ്ദേഹം എഴുതിയ വ്യാകരണവും പ്രായേണ 'സിദ്ധരൂപ'ത്തെത്തന്നെ അടിസ്ഥാനപ്പെടുത്തിയാണു്. 'ഗ്രന്ഥഭാഷയുടെ വ്യാകരണം' എന്നാണു് അദ്ദേഹം അതിനെ വിളിച്ചിട്ടുള്ളതു്. ബ്രാഹ്മണർ മുതലായവർ ഉപയോഗിക്കുന്ന ഭാഷയും, എഴുതുന്ന ഗ്രന്ഥങ്ങളും സംസ്കൃതമായിരുന്നതിനാലും, തമിഴിനോടു സാദൃശ്യം വഹിച്ചിരുന്ന അന്നത്തെ സംസാരഭാഷ (മലയാഴ്മ) താഴ്ന്ന ജാതിക്കാർ മാത്രം ഉപയോഗിച്ചുവന്നിരുന്നതിനാലും അന്നത്തെ പാതിരിമാർ മലയാളഭാഷയെ തുച്ഛമായി കരുതിയിരുന്നു. പാതിരിയുടെ വ്യാകരണം പ്രായേണ സംസ്കൃതരീതിയെ അനുസരിച്ചായിരുന്നതിനാൽ അതു് അദ്ദേഹത്തിൻെറ യൂറോപ്യന്മാരായ അനുഗാമികൾക്കും, നാട്ടുശിഷ്യന്മാക്കുപോലും എത്രമാത്രം പ്രയോജനകരമായെന്നു് അറിഞ്ഞുകൂടാ. ഈ കൃതിയുടെ ഒരു പ്രതി ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. എന്നാൽ അർണ്ണോസുപാതിരിയുടെ കൃതികളെപ്പററി പൌലീനോസ് എഴുതിയിട്ടുള്ള ലത്തീൻഗ്രന്ഥത്തിൽ ഇതെപ്പറ്റി കൊടുത്തിട്ടുള്ള വിവരങ്ങൾകൊണ്ടു വിധിക്കുന്നപക്ഷം ആ വ്യാകരണം ഒരു വിലയേറിയ കൃതിയാണെന്നു നിസ്സംശയം പറയാം.

## ചതുരന്ത്യം—നാലു പർവ്വങ്ങൾ

പാതിരിയുടെ ഏററവും പ്രധാനമായ കൃതി 'ചതുരന്ത്യം' ആണെന്നു മേൽപ്പറഞ്ഞല്ലോ. മനുഷ്യൻെറ മരണസമയത്തു് ഉണ്ടാകുന്ന സംഭ്രമങ്ങളെപ്പററിയും, തദനന്തരം ആത്മാവു പ്രയാണംചെയ്യേണ്ട മോക്ഷം അഥവാ നരകം എന്നീ സ്ഥലങ്ങളെക്കുറിച്ചും ആണു് ഈ കൃതിയിലെ നാലു പർവ്വങ്ങളിൽ വിവരിക്കുന്നതു്. ഇതിൻെറ വൃത്തങ്ങളും രീതിയും എഴുത്തച്ഛൻെറ ഭാരതത്തെയും ചെറുശ്ശേരിയുടെ ഗാഥയെയും അനുകരിച്ചാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എങ്കിലും ക്രിസ്ത്യാനികൾ അതു വായിക്കുന്നതു വേറൊരു രീതിയിലാണു്. ഈ മട്ടു പക്ഷേ, മരണപർവ്വത്തിലെ വിഷയസ്വഭാവത്തിനു യോജിച്ചതാണെന്നു തോന്നുന്നുണ്ടു്.

വൃത്തം, അലങ്കാരം മുതലായ വിഷയങ്ങളിൽ പല ന്യൂനതകളും ഈ കൃതിയിൽ കടന്നുകൂടിയിട്ടുണ്ടെന്നുള്ളതു് ആദ്യംതന്നെ സമ്മതിച്ചുകൊള്ളട്ടെ. എന്നാൽ അവയൊന്നും കാവ്യഗുണത്തേയോ ആശയവൈശിഷ്ട്യത്തേയോ സംഹരിച്ചിട്ടുണ്ടെന്നു് എനിക്കു തോന്നുന്നില്ല. തെററുകളിൽ പലതും അച്ചടിക്കാരിൽനിന്നു വന്നിരിക്കാനും ഇടയുണ്ടു്.

*"മരണപർവ്വം"*: ആസന്നമരണനായിക്കിടക്കുന്ന മനുഷ്യൻ തനിക്കു ലോകത്തിൽ പരിചയമുള്ള വസ്തുക്കളോടെല്ലാം അവസാനയാത്ര പറയുന്ന ഭാഗം എത്രയും ഹൃദയസ്പൃക്കമാണു്. അതിൽ ചില ഭാഗങ്ങൾ ഉദ്ധരിക്കാം. സൂര്യനെ വിളിച്ച് അയാൾ ഇപ്രകാരം പറയുന്നു:

"ഭാസ്കരാ,ഹസ്കരാ, സൂര്യാ, പ്രഭാകരാ;
ഭാസ്വ,ന്നഹസ്പതേ, ഭൂദീപമേ!
ഇത്രകാലമെനിക്കുദിച്ചുശോഭിതൻ
രാത്രീനാശം ചെയ്ത ഗ്രഹപതേ!
നിത്യകാലത്തിന്നായസ്തമിച്ചീട്ടുമോ
മാർത്താണ്ഡ ദ്യുമണേ ചിത്രഭാനോ!
ഇനിമേലിത്തവ രശ്മികൾ കണ്ടു ഞാൻ
സന്തോഷിപ്പാൻ മമ ഭാഗ്യമില്ലാ.
മഹോഷ്ണത്താൽ രവി ദാഹംവരുത്തിയ
മഹിക്കാശ്വാസമേ! ശീതമേറും
ലയത്തിലെപ്പോഴമുത്ഭവിച്ചീടുന്ന
വ്യയാവ്യയവികാരാകാരമേ!
മേദിനി ചൂഴവും നീ ഗമിച്ചീടുന്നു
ദ്വാദശമാർഗ്ഗം കഴിക്കും നീയേ.
അബ്ദമാദിത്യൻ നീ മാസങ്ങൾ ഭേദിക്കും
ഉദധിപാലനം ചെയ്തുകൊള്ളും
നിന്നുടെ ശീതാംശു സൂക്ഷിച്ച ഭാവിയിൽ
എന്നുടെ ദൃഷ്ടി തെളിവുവരാ."

മൃത്യു സമീപത്താണെങ്കിലും ആ മനുഷ്യൻ പക്ഷിജാലങ്ങളുടെ സംഗീതവൈശിഷ്ട്യത്തേയും ആനന്ദസന്ദായകതയേയും വിസ്മരിക്കുന്നില്ല. പക്ഷികളോടു് അയാൾ ഇപ്രകാരം പറയുന്നു:

"ഗഗനജീവനാം പക്ഷിസമൂഹമേ
സുഗാനാവാദിഖഗാവലിയേ,
നിങ്ങടെ സുസ്വരം കേട്ടാമോദത്തോടും
സന്തോഷിച്ചേനഹം ബഹുകാലം
വർണ്ണസ്വരൂപവും കണ്ടുസൂക്ഷിച്ചിട്ട്
കേൺപ്രസാദം ധരിച്ചിരുന്ന ഞാൻ
എൻപരിതാപത്തിൽ നിങ്ങൾ തണുപ്പിക്കും
അപായത്തിൽ മമ പീഡപോക്കും
എന്നുടെ ദൃഷ്ടധിക്കാശ്വാസമേകുവാൻ
ഇന്നു നിങ്ങൾക്കൊരുപായമില്ല.
ദുഃഖകാലങ്ങളിൽക്കൂടി പീഡിക്കുന്ന
സഖിയുണ്ടെങ്കിലോ തണുപ്പത്രേ.
മമനാശത്തിനു ദുഃഖഗാനത്തോടും
വമുൽഗമിച്ചു കരഞ്ഞുകൊൾവിൻ."

തൻെറ ചുററുമുള്ള പ്രകൃതിരമണീയതയെ ആ മനുഷ്യൻ എണ്ണിപ്പറഞ്ഞു വിലപിക്കുന്നഘട്ടം ഒരു സാക്ഷാൽ കവിക്കുമാത്രം എഴുതാവുന്നതാണ്. ഈ വിവരണത്തിൽ ലീനമായിക്കിടക്കുന്ന ഭാവനാശക്തി അതിവിപുലംതന്നെ.

''മേഘങ്ങൾ തൊട്ടുനില്ക്കുന്ന മഹാദ്രികൾ
അഗപരിഷ്കൃതവനങ്ങളെ
മസ്തകേവിഭവപത്രങ്ങളോരോരോ
രത്നങ്ങൾകൊണ്ടു ചമഞ്ഞപോലെ
നിങ്ങളിലുത്ഭവിച്ചീടുന്ന ശീതവും
നെഞ്ചിൽ തണുപ്പിന്നു പോരായല്ലൊ
ചന്ദനമൊക്കെയും ഔഷധിവർഗ്ഗവും
ഹീനവീര്യമെനിക്കായിക്കാലം
...................................
മൃഗയാകുശലസാരമേയദ്രവ്യം
മൃഗസംഭ്രമവും ദ്രവണവും
മൃഗയാഘോഷങ്ങൾ നിലവിളികളും
അഗപ്പുത്തമയും ചിന്തിക്കുമ്പോൾ—
ഈ രസമൊക്കെയും സ്വപ്നദൃഷ്ടം യഥാ
സർവ്വം കഴിഞ്ഞനുതാപമുള്ളു
അപ്പോൾ മൃഗങ്ങൾക്കു ഭവിച്ച സംഭ്രമം
ഇപ്പോളിനിക്കു ഭവിച്ചു നൂനം.''

തന്റെ ചുററും നില്ക്കുന്ന സ്നേഹിതന്മാരോട്ട് എത്രയും ഹൃദയാവർജ്ജകമായ വിധത്തിൽ അയാൾ യാത്രപറയുന്നു:

''മിത്രമഹാവ്രജത്തിൽനിന്നും ശേഷിച്ച്
വാത്സപ്രിയന്മാരേ ഞാൻ പോകുന്നേൻ.
നിങ്ങളോട്ടുകൂടി ക്രീഡിച്ചിരിപ്പതി—
നിന്നീവിധിയില്ല കളിമതി
യാത്രയായ് നിങ്ങളെ പിരിഞ്ഞുപോവതി—
നെത്രയും സങ്കടമനപായം
പോയേമതിയാവൂ പാർത്തുകൂട്ടുന്നില്ല;
പോയേമതിയാവൂ മടിക്കിലും
ഞാൻ മടിച്ചാലുമിനിക്കു മരിക്കണം
ഞാൻ മരിച്ചാലിനിക്കെന്തുവരും?
മോക്ഷമുണ്ടാകുമോ? ദുർഗ്ഗതിനാശമോ?
സാക്ഷാലറിയാതെ ഭ്രമിക്കുന്നേൻ.''

താഴെ കുറിക്കുന്ന തത്വജ്ഞാനം ഏതുകാലത്തും ആദരണീയമല്ലയോ?

''ഞാൻ പാഥഗാമി, നടന്നതൊക്കെമതി,
എന്നുടെ കപ്പലഴിക്കൽചെന്നു

ബഹുഭീതാനപിതവിസ്തരാരവാരിധി
ബാഹുലാപോതവിനാശമാർഗ്ഗം
വായുകല്ലോലങ്ങളേറെ കോപിക്കുമാ–
ത്തോയധി ലംഘനം ചെയ്യവേണം
അനല്പയോഗ്യങ്ങളല്പകാലത്തിൽ ഞാൻ
അനല്പമാർഗ്ഗവും കടക്കണം.
നടന്നവരില്ല വഴികാട്ടീട്ടവാൻ
കൂട്ടരുമില്ല പിഴച്ചുപോയാൽ.''

താൻ ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ച് അയാൾ വിലപിക്കുന്ന ഭാഗം എത്രയും മർമ്മഭേദകമാണ്.

''ചേതസാമോഹിതകർമ്മണാസാധിത
വൃത്തികളൊക്കെവേയോരോവിധം
സമുദ്രതീരത്തേ മൃത്തികസംഖ്യയേ
സംഹരിച്ചീട്ടകിലൊപ്പിക്കാമോ?
വർഷകാലത്തിലെ പുല്ലിതിത്രയെന്നു
പരിച്ഛേദിച്ചീടാൻ കൂടിട്ടമോ?
വൃഷ്ടിമാസങ്ങളിൽ ചെയ്യുന്നശീകരം
കൂട്ടി കൈകണക്കിലടക്കാമോ?
സീകതഭൂതൃണവൃഷതസംഖ്യകൾ
ഒക്കെക്കൊളെൻ ദുരിതങ്ങളേറും
എന്നുടെ ദോഷങ്ങളൊക്കെക്കൂട്ടുന്നേരം
അംബുധിതുള്ളികളൊക്കെയില്ല.''

മർത്ത്യജീവിതത്തിൻെറ കൃശതയേയും നിസ്സാരതയേയുംപറ്റി കവി ഈവിധം വിവരിക്കുന്നു. ഇതു മറ്റു ചിലരുടെ കൃതികളിലും കാണാവുന്ന ഒന്നാണ്.

''മർത്ത്യകാലം കൃശം പാദം കളിച്ചുപോം
അർദ്ധമുറങ്ങിപ്പോം ഫലംവിനാ.
പാദം കളഞ്ഞുപോം സാരകാര്യത്തിന്നു്
പാദകരങ്ങളുത്സാഹിച്ചില്ല.
ഒരുനേരം വൃഥാ പോകരുതെന്നതി–
ന്നൊരുമ്പെട്ടം ബഹുക്ലേശം ചെയ്യേൻ.''

*''വിധിപർവ്വം''* എഴുതിയിരിക്കുന്നതു കളകാഞ്ചിവൃത്തത്തിലാണ്. ഇതിലും പാതിരി തന്റെ പാണ്ഡിത്യം പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും, വൃത്തത്തിന്നു പല ദോഷങ്ങൾ പററിയിട്ടുണ്ട്. മാത്രാവൃത്തങ്ങളിലും യതിനിഷ്ഠ വേണമെന്നുള്ളതുതന്നെ അദ്ദേഹം ധരിച്ചിരുന്നില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ,

''ശുഭകൃതജനസകലവുമധിഗുണസേവികൾ
തപോധനന്മാരും ധർമ്മപാലന്മാരും''

എന്നിങ്ങനെ അദ്ദേഹം എഴുതുകയില്ലായിരുന്നു. *''നരകപർവ്വ''*ത്തിൽ

ഇത്തരം തരക്കേടുകൾ കുറവാണ്. അതിൽ വളരെ മഹത്തരങ്ങളായ ആശയങ്ങളും, അർത്ഥവത്തായ അലങ്കാരങ്ങളും കാണുന്നുണ്ട്.

"അതീതവസ്തുക്കളെ ദർശിപ്പാനുള്ളനേത്രം
സ്മരണവശമെന്നു ശാസ്ത്രികൾ ചൊല്ലീടുന്നു."

ഇതിൽ സ്മരണയെ ഒരു കണ്ണായി ഉൽപ്രേക്ഷിക്കുന്നു. ടൈററസ് (തീത്തുസ്) എന്ന റോമ്മാചക്രവർത്തി ജറൂശലം(ഓർശ്ലേം)കോട്ട പിടിച്ചടക്കിയസമയം യഹൂദജനങ്ങൾ സഹിച്ച കഷ്ടതകളെക്കുറിച്ച് അതിൽ പ്രക്ഷോഭജനകമായരീതിയിൽ വിവരിക്കുന്നുണ്ട്. ഓർശ്ലേമിലെ മാതാപിതാക്കന്മാർ പട്ടിണികൊണ്ടു സഹിക്കവയ്യാതെ സ്വന്തംകുഞ്ഞുങ്ങളെ കൊന്നു ഭക്ഷിക്കുന്നതായി വിവരിക്കുന്നഘട്ടത്തിൽ പുത്രന്റെ മാഹാത്മ്യത്തെപ്പററി ഈവിധം പറയുന്നു:

"പാതിയും ജനകനു പുത്രനെന്നറിയേണം
അന്ത്യക്രിയകൾ കഴിച്ചിട്ടവാൻ പുത്രൻവേണം."

**"മോക്ഷപർവ്വ"**വും പ്രസ്തുതവൃത്തത്തിൽതന്നെ. എങ്കിലും അതിന്റെ രീതി കുറേക്കൂടി ആഹ്ലാദപ്രദമാണ്. അതു് ഇപ്രകാരമാരംഭിക്കുന്നു:

"അഖിലലോകേശ്വരം ഭാഗ്യകാരണം ദൈവം
നിഖിലശുഭാലയം, മോക്ഷദം നിരന്തരം.
അദ്വയം, നിരുപമം, ഏകമവ്യയം വര-
പ്രദ,മലയം, സ്തുത്യം, സകലഗുണധരം.
പ്രണമ്യ സാഷ്ടാംഗേന, സർവ്വേശ ദാനമുഖ്യം
ഗുണപ്രധാനനിത്യം മംഗലം, ബ്രവീമ്യഹം."

ദൈവം ലോകത്തെ സൃഷ്ടിച്ചതേപ്പററിയുള്ള വിവരണം രസകരമാണ്.

"ഭൂമിയേവ്യോമമദ്ധ്യേ നിശ്ചലമുറപ്പിച്ച്
മോദത്തിലാദിത്യനെ ചന്ദ്രതാരങ്ങളേയും
ദീപങ്ങളെന്നപോലെതൂക്കിനാൻ മോദത്തിനായ്
തപനരശ്മികൊണ്ടു് ഭൂദിനം വരുത്തുന്നു.
രാത്ര്യാന്ധകാരത്തിങ്കലിന്ദുനക്ഷത്രങ്ങളേ
അന്തരംവരാതെ നീയുദിപ്പിക്കുന്നു സദാ
വർഷവുമുടൻ പിന്നെ വേനലും ക്രമംയഥാ
ഓരോരോകാലാന്തരേ നിയതം വരുത്തും നീ."

മോക്ഷത്തിലുള്ള സൗഭാഗ്യങ്ങളെ വിവരിക്കുന്നഭാഗത്തിൽ പാതിരിതൻെറ വിപുലമായ ഭാവനാശക്തിക്കു സർവ്വസ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ട്. വിസ്താരഭയംനിമിത്തം അതിൽനിന്നും ഉദ്ധരിക്കുന്നില്ല.

## മിശിഹാചരിത്രം—പുത്തൻപാന

അർണ്ണോസുപാതിരിയുടെ ഭാഷാരീതി സാമാന്യം കഠിനമാണ്. ലളിതമായെഴുതുന്നതു കാവ്യഗുണത്തിന്നു യോജിച്ചതല്ലെന്നും അദ്ദേഹം ധരിച്ചിരുന്നിരിക്കാം. എന്നാൽ അദ്ദേഹത്തിൻെറ 'മിശിഹാചരിത്രം—

പുത്തൻപാന'യെന്ന ഗ്രന്ഥം ഈ അഭിപ്രായത്തെ അനുകൂലിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. 'പാന'യിലെ രീതി സാമാന്യം ലളിതവും സുഗമവുമാണ്. അതിപ്രകാരം ആരംഭിക്കുന്നു:

> "ആദംചെയ്ത പിഴയാലെവന്നതും
> ഖേദനാശവും രക്ഷയുണ്ടായതും
> ശിക്ഷയാംവണ്ണം ചൊല്ലുവൻ സത്വരം
> സൂക്ഷ്മമാംകഥ കേൾക്കണമേവരും
> എല്ലാംമംഗലകാരണദൈവമെ
> നല്ല ചിന്തകളുദിപ്പിക്കേണമെ
> നിർമ്മലനീശോ കാരുണ്യമാകണം
> ഉമ്മാകന്യകേ ശുദ്ധശോഭാനിധേ
> എന്മനസ്സുമസ്സോക്കെ നീക്കേണമേ
> സത്യമിങ്ങറിയിച്ച ഗുരുവരാ
> മാർത്തോമ്മാനെ, സഹായമാകേണമേ."

പാനയിലെ വ്യവഹാരവിഷയം കട്ടക്കയം മഹാകവിയുടെ 'ശ്രീയേശുവിജയ'ത്തിലേതുതന്നെ. ലോകസൃഷ്ടി മുതൽ മിശിഹാ പിറന്നതുവരെയുള്ള ചരിത്രം ചുരുക്കമായും ഇതിൽ ക്രിസ്തുവിൻെറ ജീവചരിത്രം സാമാന്യം ദീർഘമായും വിവരിക്കുന്നുണ്ട്. ഈ കൃതി പൂന്താനം നമ്പൂരിയുടെ 'ജ്ഞാനപ്പാന'യെ അനുകരിച്ചെഴുതിയതാണെന്നു വിചാരിക്കാം. തൻെറ ഗുരുക്കന്മാരായ നമ്പൂരിമാർ ഈ പാതിരിക്കു കൊടുത്ത കൃതികളിൽ ഒന്നു പക്ഷേ ഇതായിരിക്കാം. ഈ കൃതിക്കു പുത്തൻപാനയെന്നു പേരിട്ടിരിക്കുന്നതിനാൽ, നസ്രാണികൾക്കു മുമ്പുതന്നെ ഈമട്ടിലുള്ള കൃതികൾ ഉണ്ടായിരുന്നെന്നും അനുമാനിക്കാവുന്നതാണ്. പാതിരി, പക്ഷേ, പഴയ പാന പരിഷ്കരിക്കയായിരിക്കും ചെയ്തത്. അല്ലെങ്കിൽ ഹിന്തുക്കളുടെ പാന 'പഴയതായി' സങ്കല്പിച്ചുകൊണ്ട് അതേ രീതിയിൽത്തന്നെ ക്രിസ്തീയചരിത്രത്തെ ആസ്പദമാക്കി ഒരു 'പുത്തൻപാന' എഴുതിയതാണെന്നും വരാം. ഈ പാനയുടെ പന്ത്രണ്ടാം പാദം ക്രിസ്തുവിൻെറ കഷ്ടാനുഭവത്താൽ തൻെറ മാതാവിനുണ്ടായ കഠോരവ്യസനത്തിന്റെ വിവരണമാണ്. അതിലെ രീതിയും വൃത്തവും വിഷയത്തോട് എത്രയും അനുയോജ്യമായിരിക്കുന്നു.

> "അമ്മകന്നിമണിതൻെറ നിർമ്മലദുഃഖങ്ങളിപ്പോൾ
> നന്മയാലെ മനസ്സുററു കേട്ടുകൊണ്ടാലും
> സർവ്വമാനുഷർക്കുവന്ന സർവ്വദോഷോത്തരത്തിന്നായ്
> സർവ്വനാഥൻ മിശിഹായും മരിച്ചശേഷം
> സർവ്വനന്മക്കടലോൻെറ സർവ്വപങ്കപ്പാടുകൊണ്ടു
> സർവ്വദുഃഖം നിറഞ്ഞുമ്മാ പുത്രനേനോക്കി.
> ...................................
> "എന്മകനെ നിർമ്മലനേ, നന്മയെങ്ങും നിറച്ചോനെ
> ജന്മദോഷത്തിൻെറ ഭാരമൊഴിച്ചോ പുത്രാ!

ആദമാദി നരവർഗ്ഗം ഭീതികൂടാതെ പിഴച്ചു
ഹേതുവതിനുത്തരം നീ ചെയ്യിതോ പുത്രാ!
നന്നുനന്നുനരരക്ഷ നന്നിതത്രേ ചെയ്യതും നീ
ഇന്നിവ ഞാൻ കാണുമാറു വിധിച്ചോ പുത്രാ!''

ഈ വിഷയത്തെക്കുറിച്ചുതന്നെ വ്യാകുലപ്രബന്ധം എന്നു പേരായി ഒരു ചെറുകൃതികൂടെ പാതിരിയെഴുതിയിട്ടുണ്ട്.

''അനന്തദൈവം ഗുണസർവ്വമൂലം—
മനുഷ്യവർഗ്ഗം പ്രതിമാർദ്ദവത്താൽ
പിറന്നുദീനാന്ധരയിൽ നടന്നു—
നടത്തിവേദം ദുരിതംകളഞ്ഞു.''

ഇപ്രകാരമാണിതാരംഭിക്കുന്നതു്. ഈ കൃതിയിൽ പല അലങ്കാരപ്രയോഗങ്ങളുമുണ്ടു്. കന്യകമറിയത്തിൻെറ ദുഃഖത്തെ ഈ വിധം ചമൽക്കാരപൂർവ്വം ഉപമിക്കുന്നതു നോക്കുക:

''കോപിച്ചുകാറേറാ,ളവുമേറികപ്പൽ
പന്തെന്നപോലെ കടലിൽക്കളിക്കും
താഴ്ത്തുംതിര, പൊക്കമതുംക്ഷണേന,
പായ്യുംമറിക്കും മരവുംതകർക്കും
അപ്പോലെയുമ്മായതുകാലമാധി
യുള്ളിൽ ധരിച്ചോളവിലാസമായി
പകൽവിറച്ചിട്ടതിവർഷമോട്ടം
സമംതഥാ വാർത്തിതു കണ്ണുനീരു്.''

ഈ 'പുത്തൻപാന'യുടെ ലത്തീൻവിവരണം ഇപ്രകാരമാണു്:—Vita Jesu Christi D N. Versibus Malabaricis Composita a P. F. E. Hanxleden Capita XIV. Dicitur Mishihade Pan.

## പാതിരിയുടെ മററു കൃതികൾ

പാതിരി വേറേയും പല കൃതികൾ എഴുതിയിട്ടുണ്ടു്. ഹൈന്ദവമതത്തിലുള്ള ചില ദോഷങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനായി എഴുതപ്പെട്ടിട്ടുള്ള നിഷിദ്ധപർവ്വം എന്ന കൃതി അർണ്ണോസുപാതിരിയുടേതാണെന്നും, അതു് അദ്ദേഹം കിടങ്ങൂർവന്നു വേഷംമാറി താമസിച്ചപ്പോൾ എഴുതിയതാണെന്നും ഒരു ഐതിഹ്യമുണ്ടു്. ഈ കഥ അത്ര വിശ്വാസയോഗ്യമായി എനിക്കു തോന്നാത്തതിനാലും ഈ കൃതി ഒട്ടും ആദരണീയമല്ലെന്നു് അഭിപ്രായമുള്ളതിനാലും ഇതേപ്പററി തൽക്കാലം പരാമർശിക്കാൻ വിചാരിക്കുന്നില്ല.

ആദ്യമായി സംസ്കൃതം പഠിച്ച യൂറോപ്യന്മാരിൽവെച്ചു്, അർണ്ണോസുപാതിരി എല്ലാംകൊണ്ടും അഗ്രഗണ്യനായിരുന്നു. ''തൻെറ സമകാലീനന്മാരെക്കാൾ വ്യുൽപത്തി സമ്പാദിച്ച ഒരു സാക്ഷാൽ സംസ്കൃതപണ്ഡിതൻ'' എന്നാണു സുപ്രസിദ്ധനായ മാക്സ്മൂളർ (Max Muller) അദ്ദേഹത്തെപ്പററി എഴുതിയിട്ടുള്ളതു്. ''ബ്രാഹ്മണരേക്കാളും നന്നായി

പാതിരി സംസ്കൃതം സംസാരിച്ചിരുന്നെ''ന്നു ഹെർവാസ് (Hervas) എന്ന പണ്ഡിതൻ എഴുതിയിട്ടുള്ളതു് ഒരുപക്ഷേ അതിശയോക്തിയാണെന്നു വരാം. അർണ്ണോസുപാതിരി സംസ്കൃതകൃതികളെപ്പററി ലത്തീനിൽ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ ഇപ്പോഴും റോമായിൽ Biblioteca Vittorio Emmanuele എന്ന രാജകീയഗ്രന്ഥശാലയിൽ സൂക്ഷിക്കപ്പെട്ടുവരുന്നു. ഇതിൽ ഒന്നിൽ 'വസിഷ്ഠസാരം', ചില ഉപനിഷത്തുകൾ, വേദാന്തസാരം, അഷ്ടാവക്രഗീത എന്നീ സംസ്കൃതകൃതികളുടെ ചുരുക്കങ്ങൾ അടങ്ങിയിട്ടുണ്ടു്. ആ ഗ്രന്ഥശാലയിൽ കാണുന്ന അദ്ദേഹത്തിൻെറ വേറേ കൃതികൾ താഴെ കുറിക്കുന്നു:

1. ഒരു നിഘണ്ടു. "Dictionarium Malabaricum" cui addita multa Vocabula Samscrdamica a P. F. Ernesto Hanxleden, descriptum a P. Franco, Carmelita Discalceato Malabariae Missionario, anno, 1785.

2. 'മലയാളം പോർട്ടുഗീസ് നിഘണ്ടു' Vocabularium Malabarico Lusitanum.

3. "യുധിഷ്ഠിരവിജയം", Liber excellens scriptus lingua Sanscrit charactere Granthamico, continet poema insigne Brahmanneum Indicum (Yudhishtira Vigaya) inscriptum cum explicatione versuum in lingua.

അർണ്ണോസ്പാതിരിയുടെ കൃതികളെ വിവരിക്കുന്ന ചെറുഗ്രന്ഥം തന്നെ പൗലീനോസ്പാതിരി 1790-ാമാണ്ടിടയ്ക്കു രചിച്ചിട്ടുണ്ടു്. അതിൻെറ പേർ "de codicibus Indici Manuscripti R. P. Joannis Hanxleden" എന്നത്രെ. അതിൻെറ ഒരു പ്രതി വത്തിക്കാൻ ഗ്രന്ഥശാലയിൽ ഞാൻ കാണുകയുണ്ടായി. മംഗലപ്പുഴ സെമ്മിനാരിയിലും പക്ഷേ ഉണ്ടായിരിക്കാം.

## പാതിരിക്കു ഭാഷാസാഹിത്യത്തിലുള്ള സ്ഥാനം

അർണ്ണോസുപാതിരിയുടെ കൃതികളിൽ പല അപൂർണ്ണതകളും കാണുന്നുണ്ടെങ്കിലും അവയ്ക്കു മലയാളസാഹിത്യത്തിൽ ഒരു നല്ല സ്ഥാനം കൊടുക്കാൻ അർഹതയുണ്ടെന്നാണു് എൻെറ താഴ്മയായ അഭിപ്രായം. എൻെറ ന്യായങ്ങൾ ഇപ്രകാരമാണു്. (1) ഒരു കാവ്യകൃതിയുടെ ഗുണത്തെ വിധിക്കുന്നതിൽ എത്രയും പ്രധാനമായി എടുക്കേണ്ട മാനദണ്ഡം അർത്ഥപുഷ്ടിയും ചമൽക്കാരവിശേഷവുമാണു്. ഈ വിഷയത്തിൽ പാതിരിയുടെ കൃതികൾ സർവ്വാദരണീയങ്ങൾ തന്നെ എന്നുള്ളതിനു സംശയമില്ല. (2) വിലയേറിയ പൂർവ്വകൃതികളിലുള്ള ഛന്ദോഭംഗങ്ങൾ മുതലായ ന്യൂനതകൾ അവയ്ക്കു വലിയ കളങ്കമായി വിചാരിക്കാതിരിക്കാൻ പല കാരണങ്ങൾ ഉണ്ടു്. ഇംഗ്ലീഷ്സാഹിത്യത്തിലുള്ള ചോസർ മുതലായ പൂർവ്വകവികളുടെ കൃതികളെ വിധിക്കുന്നതിൽ ഉപയോഗിക്കപ്പെട്ടുന്ന തോതുകൊണ്ടുതന്നെ അർണ്ണോസിൻെറ കൃതിയേയും അളക്കേണ്ടതാണു്. (3) "കളരിയിൽ ഇറങ്ങിയവരുടെ ജാതി നോക്കേണ്ടതില്ല" എന്നുള്ള

അഭിജ്ഞവചനം ആദരണീയംതന്നെയെങ്കിലും മദ്ധ്യവയസ്സിൽ മാത്രം മലയാളത്തിൽ വന്ന ഒരു യൂറോപ്യന്റെ സാഹിത്യവ്യുല്പത്തി കിട്ടുന്നതിലുണ്ടായ അസാമാന്യവിഷമതകളെ നാം വിസ്മരിച്ചുകൂടാ. കേരളവർമ്മ വലിയകോയിത്തമ്പുരാൻ തുടങ്ങിയുള്ള ചില സാഹിത്യമർമ്മജ്ഞന്മാർ പാതിരിയുടെ കൃതികളെ സംബന്ധിച്ചു പ്രശംസിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ട്. അതെങ്ങനെയിരുന്നാലും അർണ്ണോസുപാതിരിക്ക് മലയാളസാഹിത്യചരിത്രത്തിൽ ഒരു മഹനീയസ്ഥാനം കൊടുക്കാൻ നമുക്കു കടമയുണ്ടെന്നുമാത്രം തൽക്കാലം പ്രസ്താവിച്ചുകൊള്ളട്ടെ.

## അവശേഷങ്ങൾ

റോമായിൽ മുദ്രിതമായ കൃതികളിൽ അർണ്ണോസുപാതിരിയുടെ നാമം ഏർണ്ണസ്റ്റുസ് ഹാൻക്സൽഡൻ (Ernestus Hanxleden) എന്നാണ്. ചില കൃതികളിൽ (Johann Ernestus Hanxleden) എന്നും കാണുന്നുണ്ട്. ഏർണ്ണസ്റ്റുസ് എന്ന പദം (Ernesto) എന്നും (Ernestes) എന്നും ഉള്ള രൂപങ്ങളിലാണു ചിലെടത്തു കാണുന്നതു്. പഴയൂർ പള്ളിയിൽ കാണുന്ന സ്മാരകശിലയിൽ കൊത്തിയിട്ടുള്ള പേർ (Rev. Father John Ernestes, S. J.) എന്നാണ്.

അർണ്ണോസ് എന്നതു് Ernestus എന്ന നാമത്തിന്റെ മലയാളീകരിക്കപ്പെട്ട രൂപമാണെന്നു കരുതുന്നതിൽ അബദ്ധമില്ല. അക്കാലങ്ങളിൽ ഇന്ത്യയിൽ വന്നിരുന്ന യൂറോപ്യൻമിഷ്യനറിമാർ നാടൻവേഷത്തിലും രീതിയിലും ജീവിച്ചിരുന്നെന്നു മാത്രമല്ല, നാട്ടുപേരുകൾ സ്വീകരിക്കാറും ഉണ്ടായിരുന്നു. ഇപ്രകാരമാണു പാണ്ടിയിൽ വേദപ്രചാരം ചെയ്ത Robert de Nobili, 'തത്വബോധക'രും; Constantio Beschi 'വീരമാമുനി'യും ആയിത്തീന്നതു്. ഇപ്രകാരം എടുത്ത പേരുകൾ പലതും അത്ഥവത്തും ആയിരുന്നു. വീരമാമുനി എന്നതു് Constantio എന്നതിൻെറ തർജ്ജമയായി കരുതാം. Ernestus എന്ന പേർ അർണ്ണോസ് എന്നായതു് ഈ നാട്ടിലെ ഉച്ചാരണസൗകര്യംകൊണ്ടായിരിക്കാനും മതി. Warren Hastings—നെ 'ഹസ്റ്റിൻധ്വര' എന്നാണു ബങ്കാളികൾ വിളിച്ചുവന്നിരുന്നതു്. Trevelyan ചിലപ്പോൾ തിരുവള്ളുവനും ആയിട്ടുണ്ട്. Sebastian ദേവസ്സി (ദേവസ്യ) ആയതും ഈവിധത്തിലായിരിക്കാം. അർണ്ണോസു പാതിരി എന്ന പേരിൻെറ ഉല്പത്തി എന്തുതന്നെയായിരുന്നാലും ആ നാമത്തിൽത്തന്നെയാണ് അദ്ദേഹം കേരളത്തിൽ അറിയപ്പെടേണ്ടതു് എന്നുള്ളതിനു സംശയമില്ല.

## അദ്ധ്യായം എട്ട്

# പൗലീനോസ് പാതിരി

കേരളത്തിൽ വന്നിട്ടുള്ള യൂറോപ്യൻപാതിരിമാരിൽവെച്ചു നാനാമുഖമായ പാണ്ഡിത്യംകൊണ്ടു നോക്കിയാൽ പൗലീനോസാണു പ്രഥമഗണനീയൻ. അർണ്ണോസ് മലയാളത്തിൽ പല അനർഘകൃതികൾ രചിക്കയും, സംസ്കൃതഭാഷയിൽ അഗാധപരിജ്ഞാനം സമ്പാദിക്കയും ചെയ്ത ആളാണെങ്കിലും യൂറോപ്യൻഭാഷകളിൽ ഒന്നിലും സ്വതന്ത്രകൃതികൾ നിർമ്മിക്കയുണ്ടായില്ല. അതിനാൽ പാശ്ചാത്യഭൂമിയിൽ അദ്ദേഹം ഘടദീപമായി പരിണമിച്ചു. നേരേമറിച്ച് പൗലീനോസിൻെറ ഏതദ്ദേശഭാഷാപാണ്ഡിത്യം അർണ്ണോസിനുണ്ടായിരുന്നതിനെ അപേക്ഷിച്ച് ഒരുപക്ഷേ കുറവായിരിക്കാമെങ്കിലും അദ്ദേഹം യൂറോപ്പുനിവാസികളുടെ അറിവിനായി അവരുടെ ഭാഷകളിൽ അനേകം കൃതികൾ എഴുതി പ്രസിദ്ധപ്പെടുത്തുകയും സാഹിത്യത്തിനുപുറമേ, ദേശചരിത്രം, സമുദായചരിത്രങ്ങൾ ആദിയായ ഇതരവിഷയങ്ങളിലും വിസ്തൃതമായ ജ്ഞാനം നേടുകയും ചെയ്തതിനാൽ ജീവകാലത്തുതന്നെ അദ്ദേഹത്തിൻെറ നാമം പാശ്ചാത്യപണ്ഡിതന്മാരുടെയെടയിൽ പരക്കെ വിദിതമായി. ഈ നാട്ടിലും രാജാക്കന്മാർ പ്രഭുക്കന്മാർ മുതലായ ഉന്നതപുരുഷന്മാരുടെ മദ്ധ്യേ അദ്ദേഹം സുസമ്മതനായിരുന്നു. ഇങ്ങനെയുള്ള ഒരു മഹാപണ്ഡിതന്റെ ചരിത്രമാണു് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കാൻ തുടങ്ങുന്നതു്.

### ജനനവും വിദ്യാഭ്യാസവും

പൗലീനോസു പാതിരി ഓസ്ത്രീയാരാജ്യത്തു പിനോനിയാ(Pinonia) എന്ന ഗ്രാമത്തിൽ 1748 ഏപ്രിൽമാസം 23-ാംതീയതി ജാതനായി. വംശായത്തമായ ആദ്യത്തെ നാമം ''ജോൺ ഫിലിപ്പ് വെസ്ഡിൻ'' (Wesdin) എന്നായിരുന്നു. കർമ്മലീത്താസഭയിൽ പ്രവേശിച്ചശേഷമാണു് അദ്ദേഹം ആ പേരു മാറി പൗലീനോ ഡി സൻ ബർത്തൊലോമിയോ (Paulino de san Bortolomeo) എന്ന അഭിധാനം സ്വീകരിച്ചതു്. ഈ പേരിൽ അദ്ദേഹം യൂറോപ്പിലെ പണ്ഡിതലോകത്തിൽ അതീവ വിഖ്യാതനായിത്തീർന്നിരിക്കുന്നു. സാധാരണമായി ഈ പേർ സംക്ഷേപിച്ചു പൗലീനോസ് എന്നുമാത്രമാണു പറയാറുള്ളതു്. വൈറ്റ്ഹൗസ് (Whitehouse) എന്ന ഗ്രന്ഥകാരൻ ഇതു വീണ്ടും ചുരുക്കി പൗലി (Pauli) എന്നും എഴുതിക്കാണുന്നു. വേറെ ചിലരാകട്ടെ ബർത്തൊലോമിയോ എന്നാണു പേരു നിർദ്ദേശിച്ചിട്ടുള്ളതു്. ഈ ഒടുവിൽ പറഞ്ഞ പേരുമാറാട്ടം അബദ്ധംതന്നെ.

പൗലീനോസിൻെറ വിദ്യാഭ്യാസം പ്രധാനമായി നടന്നതു പ്രാഗി

(Prague)ലേയും റോമ്മായിലേയും സർവ്വകലാശാലകളിൽ ആയിരുന്നു. റോമിൽവച്ചു് അദ്ദേഹം പൗരസ്ത്യഭാഷകൾകൂടി പഠിച്ചുതുടങ്ങി. അനന്തരം കർമ്മലീത്താസഭയിൽ അംഗമായിച്ചേർന്ന അദ്ദേഹം വേദപ്രചാരണാർത്ഥം ഇൻഡ്യയിലേക്കു് അയയ്ക്കപ്പെട്ടു.

1777–ൽ ആണു പൗലീനോസ് വരാപ്പുഴെ വന്നു താമസം തുടങ്ങിയതു്. അന്നുമുതൽ തെന്നിൻഡ്യയിൽ കഴിച്ചുകൂട്ടിയ പതിമൂന്നു വർഷങ്ങൾക്കിടയ്ക്കു് അദ്ദേഹം ഇതരമിഷ്യനറിമാർ ചെയ്തതിൽ പത്തിരട്ടിച്ചു പഠനങ്ങൾ നടത്തുകയും ദേശസഞ്ചാരം ചെയ്കയും ചെയ്തിട്ടുണ്ടു്. അസാമാന്യമായ ബുദ്ധിശക്തിയും സൂക്ഷ്മാവലോകനവുംകൊണ്ടു് അദ്ദേഹം നനച്ചിറങ്ങിയ വിജ്ഞാനസമുദ്രങ്ങളുടെയെല്ലാം അടിത്തട്ടു കാണുകയും, അങ്ങനെ കണ്ടതും കേട്ടതുമായ സംഗതികളെ സമാഹരിച്ചു പല പുസ്തകങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മലയാളത്തിലുള്ള സംസ്കൃതപരിഭാഷകളായ പ്രാചീനഗ്രന്ഥങ്ങൾമാത്രമല്ല അവയുടെ മൂലങ്ങൾപോലും അദ്ദേഹം പാരായണംചെയ്തിട്ടുണ്ടായിരുന്നു. ഈ വിപുലവൈദുഷ്യം നിമിത്തം കേരളത്തിലെ പല രാജാക്കന്മാരും പണ്ഡിതന്മാരും അദ്ദേഹത്തോടു് അപാരമായ ബഹുമാനം പ്രദർശിപ്പിക്കയുണ്ടായി. മലയാളം എത്രയും ഭംഗിയായി സംസാരിപ്പാനും എഴുതാനും അദ്ദേഹത്തിനുണ്ടായിരുന്ന വിശേഷവൈഭവവും ഇതിനു പ്രേരകമായിരുന്നു.

### കേരളത്തിലെ വാസം

പൗലീനോസിനു തിരുവിതാംകൂർ രാജാക്കന്മാരുമായി പ്രത്യേകം പരിചയവും വേഴ്ചയും ലഭിക്കാൻ ഇടയായി. ദിഗ്വിജയേച്ഛുവായ ശ്രീവീരമാർത്താണ്ഡവർമ്മമഹാരാജാവു വടക്കൻരാജ്യങ്ങൾ പിടിച്ചടക്കി തൻെറ ഭരണചക്രത്തിൻകീഴാക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അതു്. ആ രാജകേസരി തൻെറ സേനാധിപതിയും ഒരു ഉത്തമകത്തോലിക്കനും ആയ ഡിലനായിയുടെ അകമ്പടിയോടുകൂടി ഒരിക്കൽ വരാപ്പുഴ ആശ്രമം സന്ദർശിക്കയും അവിടെവെച്ചു മിഷ്യനറിമാർക്കു് ഏതാനും ഭൂമികൾ കരമൊഴിവായി കല്പിച്ചുകൊടുക്കുകയും ഉണ്ടായി. അന്നു മഹാരാജാവിനു പൗലീനോസു പാതിരിയുമായി പരിചയപ്പെടുന്നതിനും അദ്ദേഹത്തിൻെറ പാണ്ഡിത്യം മനസ്സിലാകുന്നതിനും ഇടവന്നു. അനന്തരം കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവു ഭരണം കൈയേല്ക്കുകയും 1780–ൽ പാതിരി തിരുവനന്തപുരത്തുചെന്നു പണ്ഡിതനായ ആ മഹാരാജാവിനെ സന്ദർശിക്കുകയും ചെയ്തു.

അന്നു കത്തോലിക്കാലോകത്തെ പ്രശസ്തമാംവണ്ണം നയിച്ചുകൊണ്ടിരുന്ന ക്ലമെൻറു മാർപ്പാപ്പാ 1774–ൽ റോമായിൽനിന്നു മഹാരാജാവിനു നൽകുന്നതിനായി അയച്ച തിരുവെഴുത്തും* വഹിച്ചുകൊണ്ടാണു പൗലീനോസ് രാജധാനിയിൽ എത്തിയതു്. അദ്ദേഹത്തോടുകൂടി ക്ലമെൻറു പിയാനിസ് എന്ന പ്രസിദ്ധനായ പാതിരിയും ഉണ്ടായിരുന്നു. മഹാരാ

* ഈ സന്ദേശത്തിൻെറ പകർപ്പു് ഫാദർ ബർണ്ണാർഡിൻെറ മാർത്തോമ്മാ ക്രിസ്ത്യാനികൾ രണ്ടാം പുസ്തകം 189–ാം പക്ഷത്തിൽ കാണാം.

ജാവു സന്ദേശം ലഭിച്ച ഉടനെ മാർപ്പാപ്പായോടുള്ള ബഹുമാനത്തിന്റെ സൂചകമായി പതിനൊന്ന് ആചാരവെടികൾ വെപ്പിക്കുകയും പാതിരിമാരെ യഥോചിതം സൽക്കരിച്ചയയ്ക്കുകയും ചെയ്തു. ഈ കൂടിക്കാഴ്ചയിൽ പൗലീനോസ് മലയാളം നല്ലവണ്ണം സംസാരിച്ചതു കേട്ട് മഹാരാജാവു വിസ്മയിക്കയും പാതിരിക്കു നാനാഭാഷകളിലും വിഷയങ്ങളിലും ഉള്ളതായി പ്രകാശിച്ച പാണ്ഡിത്യാതിരേകത്തെക്കുറിച്ചു സവിസ്തരം കല്പിച്ചു ചോദിക്കുകയുമുണ്ടായി. ഏതന്മൂലം പ്രസന്നനായ രാജാവു് അദ്ദേഹത്തോടു കുറച്ചുകാലം കോട്ടയ്ക്കകത്തു താമസിച്ചു തന്നെ ഇംഗ്ലീഷും മററു പാശ്ചാത്യഭാഷകളും പഠിപ്പിക്കണമെന്നാവശ്യപ്പെട്ടു.

അന്നു ബ്രിട്ടീഷ് ഗവമ്മെൻറു് ഇൻഡ്യൻകോയ്മസ്ഥാനത്തു് എത്തിയിരുന്നില്ലെങ്കിലും കുരുമുളകു വാങ്ങാനായി തിരുവിതാംകൂറിൽ പാണ്ടകശാലകൾ കെട്ടി പാർത്തുവന്ന ഈസ്റ്റിൻഡ്യാകമ്പനിയുദ്യോഗസ്ഥന്മാരോടുള്ള സംസർഗ്ഗത്തിനു് ഈ അദ്ധ്യയനം അവശ്യം ഉപകരിക്കുമെന്നുണ്ടായ വിചാരംമൂലമായിരിക്കണം മഹാരാജാവു് ഈവിധം ആവശ്യപ്പെട്ടതു്. തദനുസാരം പാതിരി അല്പകാലം അവിടെ താമസിച്ചുവെങ്കിലും കൊട്ടാരം സേവകന്മാരുടെ കണ്ണേറുജപതപംമൂലം (എന്നദ്ദേഹം പറയുന്നു) അധികം വൈകാതെ സാനുവാദം വരാപ്പുഴയ്ക്കുതന്നെ തിരിച്ചുപോയി. യാത്രാവസരത്തിൽ തമ്പുരാൻ അദ്ദേഹത്തിനു വീരശൃംഖല മുതലായ വലിയ ചില സമ്മാനങ്ങൾ കല്പിച്ചുകൊടുക്കുകയും വരാപ്പുഴപ്പള്ളിക്കാരുടെയുംമററും ചില അവകാശതക്കങ്ങൾക്കു് അനുകൂലമായ തീർപ്പു നൽകുകയും ചെയ്തു. കാലാന്തരത്തിൽ പൗലീനോസ് എഴുതിയ ചില പുസ്തകങ്ങളിൽ മേൽപ്പറഞ്ഞ രണ്ടു രാജാക്കന്മാരെക്കുറിച്ചും വളരെ പ്രശംസിച്ചിട്ടുണ്ടു്.

മാർത്താണ്ഡവമ്മ വടക്കൻരാജ്യങ്ങൾ പിടിച്ചടക്കിയതുമൂലം അക്രമികളായ ഇടപ്രഭുക്കന്മാരുടെ ശക്തി ക്ഷയിച്ചതിനാൽ നാട്ടിൽ സമാധാനവും ഐശ്വര്യവും വദ്ധിച്ചുവെന്നും, രാമവമ്മയുടെ ഭരണം സർവ്വഥാ ശ്രേയസ്കരമായിരുന്നുവെന്നും മററും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ തൻെറ ഒരു കൃതിയിൽ പാതിരി രാമവമ്മയുടെ ഒരു ഛായകൂടി എഴുതി അച്ചടിപ്പിച്ചു ചേക്കുകയും തദുപയോഗാത്ഥം മലയാളം, ഇംഗ്ലീഷ്, പോർട്ടുഗീസ്ഭാഷാപദങ്ങളുടെ അത്ഥനിവ്വചനം അടങ്ങിയ ഒരു പുസ്തകം പ്രത്യേകം നിമ്മിക്കുകയും ചെയ്തിട്ടുണ്ടു്. തെക്കു തിരുവനന്തപുരത്തേക്കും വടക്കു് ഇതരദേശങ്ങളിലേക്കും ചെയ്ത യാത്രകളിൽ താൻ ദശിച്ച സ്ഥലങ്ങളേയും പള്ളികളേയും സംബന്ധിച്ചു് അദ്ദേഹത്തിന്റെ Voyage to East Indies (ഇൻഡ്യായാത്ര) India Orientalis Chistiana (ഇൻഡ്യയിലെ ക്രിസ്തുമതം) എന്നീ കൃതികളിൽ പല വിവരണങ്ങളും കാണുന്നുണ്ടു്. അവയിൽനിന്നു പൂവ്വചരിത്രപരമായി അനേകം സംഗതികൾ നമുക്കു മനസ്സിലാക്കാൻ കഴിയും.

ഇങ്ങനെ ഒരു വ്യാഴവട്ടത്തിലധികംകാലം കേരളത്തിൽ വസിച്ചു് പ്രയോജനകരങ്ങളായ വളരെ ഗ്രന്ഥങ്ങൾ വിരചിച്ചശേഷം 1789-ൽ പൗലീനോസ് യൂറോപ്പിലേക്കുതന്നെ മടങ്ങിപ്പോയി. അദ്ദേഹം ഫ്രാൻ

സിൽ എത്തിയ കാലത്താണ് അതിഭയങ്കരമായ ഫ്രഞ്ചുവിപ്ലവം (French Revolution) ആരംഭിച്ചതു്. ഇതുനിമിത്തം അദ്ദേഹം റോമ്മായിൽ ചെന്നുചേൎന്ന് അവിടെ പല ഉദ്യോഗങ്ങളും നിൎവ്വഹിക്കയും, വിശിഷ്യ, വിദേശമിഷ്യനറിമാരെ പരിശീലനംചെയ്യിക്കുന്ന കലാലയത്തിൽ പൗരസ്ത്യഭാഷകളുടെ പ്രൊഫസർസ്ഥാനം കൈയേററ് മിഷ്യൻ കാൎയ്യങ്ങളെസംബന്ധിച്ചും മററും ശിഷ്യതതിക്കുവേണ്ട വിജ്ഞാനങ്ങൾ പ്രദാനംചെയ്കയും ചെയ്തുവന്നു. 'പ്രൊപ്പഗാന്ത' എന്നു പറയപ്പെടുന്ന വേദപ്രചാരകസത്തമത്തിൻെറ ഉന്നതിക്കായി പൗലീനോസ് അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരുന്നതിനാൽ ആ കലാശാലയുടെ 'സെക്രട്ടറി'യായും അദ്ദേഹം നിയമിക്കപ്പെട്ടു.

റോമിലെ 'വോൾസിയൻ അക്കാഡമി' എന്ന പണ്ഡിതപരിഷത്തിൻെറ 'ഫെലോ'സ്ഥാനവും അദ്ദേഹത്തിനു സിദ്ധമായി. അചിരേണ പാരീസിലേയും നേപ്പിൾസിലേയും 'അക്കാഡമി ഓഫ് സയൻസ്' എന്ന ശാസ്ത്രജ്ഞസംഘത്തിലെ ഒരു മെംബറായും തിരഞ്ഞെടുക്കപ്പെട്ടു. അന്തോനെല്ലി (Antonelli) കർദിനാളിൻെറ ആഗ്രഹപ്രകാരം പ്രൊപ്പഗാന്തവക ഗ്രന്ഥശാലയിലെ കൈയെഴുത്തുപുസ്തകങ്ങൾ എല്ലാം അദ്ദേഹം പരിശോധിച്ച് അവയേപ്പററി പല ഗ്രന്ഥങ്ങൾ രചിച്ചു. സാഹിത്യപരമായും അന്യവിഷയങ്ങൾ സംബന്ധിച്ചും അദ്ദേഹം സാധിച്ച സൽപ്രവൃത്തികളെ അഭിനന്ദിച്ച് വികാരി അപ്പസ്തോലിക്ക് എന്ന സ്ഥാനംപ്രദാനംചെയ്തു്മാപ്പാപ്പാതിരുമനസ്സുകൊണ്ടു പൗലീനോസിനെ അനുഗ്രഹിക്കയുണ്ടായി. ഫ്രഞ്ചുവിപ്ലവംതുടൎന്നുണ്ടായ ഇത്താല്യൻയുദ്ധത്തിൽ ഫ്രഞ്ചുസൈന്യം ഇത്താല്യാരാജ്യം ആക്രമിക്കാൻ തുടങ്ങിയപ്പോൾ പൗലീനോസ് വിയന്നായിലേക്കു നിവാസം മാററിയെങ്കിലും സമരം അവസാനിച്ചപ്പോൾ മടങ്ങിവന്നു വീണ്ടും പഴയ ജോലികൾ നടത്തുകയും 1806 ഫെബ്രുവരിമാസം 7-ാംതീയതി ലോകരംഗത്തുനിന്നു തിരോഭൂതനാകുകയും ചെയ്തു.

കേരളീയനസ്രാണികൾ പൗലീനോസിനെ സ്നേഹിച്ചിരുന്നില്ല. കാരണം, അന്നു വരാപ്പുഴമെത്രാപ്പോലീത്തായുമായുണ്ടായ പല തക്കങ്ങളിൽ പാതിരി സുറിയാനിക്കാൎക്കു വിരോധമായി ഉന്നതസ്ഥാനങ്ങളിൽ ശുപാൎശ നടത്തുകയും മററും ചെയ്തുവെന്നുള്ളതാണു്. കത്തോലിക്കാസുറിയാനിക്കാർ സ്വസഹോദരരായ യാക്കോബായക്കാരുമായി യോജിക്കുവാൻ ചെയ്ത ശ്രമങ്ങൾക്കും അദ്ദേഹം പ്രതികൂലമായി വൎത്തിച്ചിട്ടുണ്ടെന്നു ചരിത്രകൎത്താക്കന്മാർ പറയുന്നു.*

## അസാധാരണപാണ്ഡിത്യം

പൗലീനോസ്പാതിരിക്കു യൂറോപ്പിൽ അസാധാരണമായ ഖ്യാതി ലഭിച്ചതിൻെറ കാരണം അദ്ദേഹത്തിനുണ്ടായിരുന്ന സംസ്കൃതഭാഷാവൈദുഷ്യവും ചരിത്രവ്യുത്പത്തിയുമായിരുന്നു. പശ്ചിമഖണ്ഡത്തിൽ

* Mackenzie, Christianity in Travancore P. 82 and 89
ബ. ബെർണ്ണാർദച്ചൻെറ മാർത്തോമ്മാക്രിസ്ത്യാനികൾ, Vol. ii.

ആദ്യമായി പ്രസിദ്ധംചെയ്യപ്പെട്ട സംസ്കൃതവ്യാകരണങ്ങളിൽ ഒന്ന് അദ്ദേഹത്തിൻെറ കൃതിയാണ്. 1790-ൽ അദ്ദേഹം റോമായിൽവച്ച് 'സിദ്ധരൂപം' എന്നപേരിൽ ഒരു ഗൈർവ്വാണീവ്യാകരണം പരസ്യപ്പെടുത്തി. ഇതു കേരളത്തിൽ പ്രചുരപ്രചാരമുള്ള 'സിദ്ധരൂപ'ത്തെ അനുകരിച്ചു ലത്തീനിൽ രചിക്കപ്പെട്ടതത്രെ. കൂടാതെ സംസ്കൃതഭാഷയേയും സാഹിത്യസഞ്ചയത്തേയുംകുറിച്ചു പ്രസ്തുതഭാഷയിൽ പാതിരി പല പ്രബന്ധങ്ങളും എഴുതിയിട്ടുണ്ട്. 'ബ്രാഹ്മണരുടെ മതവും ആചാരങ്ങളും' 'അമരകോശം' എന്നീ രണ്ടു കൃതികളാണ് അക്കൂട്ടത്തിൽ പ്രധാനതമമായിട്ടുള്ളതു്. യൂറോപ്പിൽ സംസ്കൃതസാഹിത്യം സംബന്ധിച്ചുള്ള ജ്ഞാനം പ്രചരിപ്പിക്കാൻ ശ്രമിച്ചിട്ടുള്ള തദാനീന്തനപണ്ഡിതന്മാരിൽ പ്രമുഖൻ പൗലീനോസായിരുന്നുവെന്നും ഇംഗ്ലീഷ്കാരനായ സർ വില്യം ജോൺസിനു കല്പിതമായതിൽ കുറയാത്ത ഒരു സ്ഥാനം ഇദ്ദേഹവും അർഹിക്കുന്നുണ്ടെന്നും മാക്സ്മുള്ളർ മുതലായ മഹാവിചക്ഷണന്മാർപോലും ഉൽഘോഷിച്ചിരിക്കുന്നു.

പാതിരി വലിയൊരു ചരിത്രപണ്ഡിതനായിരുന്നതുകൊണ്ടു് ഇവിടെവച്ച് ഇൻഡ്യയുടെ പൂർവ്വവൃത്താന്തങ്ങളെക്കുറിച്ചും മററും വിസ്തൃതമായ അന്വേഷണങ്ങൾ നടത്തുകയുണ്ടായി. തത്സംബന്ധമായ അനേകം വിമർശനങ്ങൾ 'ബ്രാഹ്മണമതം', 'ഇൻഡ്യായാത്ര' എന്നീ കൃതികളിൽ കാണുന്നുമുണ്ട്. അവയിൽ അധികപങ്കും കേരളചരിത്രത്തെ സ്പർശിച്ചവയാണ്. കേരളത്തിലെ രാജവംശങ്ങളേയും, ആഢ്യബ്രാഹ്മണകുടുംബങ്ങളേയുംകുറിച്ചു രസകരമായ പല വിവരണങ്ങൾ അദ്ദേഹം എഴുതിയിരിക്കുന്നു. അത്തരം ഒരു പ്രബന്ധത്തിൽ അന്നത്തെ ആഴ്വാഞ്ചേരിതമ്പ്രാക്കളുടെ ഛായയും കുടുംബവൃത്താന്തവുംകൂടി കാണാം. ചരിത്രകർത്താക്കന്മാർക്കു് ഇതെല്ലാം വളരെ പ്രയോജനകരങ്ങൾതന്നെ.

അദ്ദേഹത്തിൻെറ കൃതികളിൽ ചിലതു വത്തിക്കാൻ മുതലായ റോമൻഗ്രന്ഥശാലകളിലുള്ള ഇൻഡ്യൻഗ്രന്ഥങ്ങളേയും ചരിത്രരേഖകളേയും സംബന്ധിച്ച വിമർശനങ്ങളാണ്. ഇക്കൂട്ടത്തിൽ മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലുള്ള പല ഗ്രന്ഥങ്ങളും അദ്ദേഹം ചർച്ചചെയ്തിട്ടുണ്ട്. മലയാളകൃതികളിൽ 'ചന്ദ്രോദയം', 'സ്നാനപർവ്വം,' 'യുധിഷ്ഠിരവിജയം', 'പാണ്ഡവപർവ്വം' എന്നിവയാണു പ്രധാനമായി അദ്ദേഹത്തിൻെറ പരിശോധനയ്ക്കു വിഷയീഭവിച്ചിട്ടുള്ളതു്. ചന്ദ്രോദയത്തിൽനിന്നു്:

"പുരുഷായുസ്സു നൂറെന്നറിക നൃപമണേ,
അതിലും പാതി നിദ്രയല്ലയോ നിരൂപിച്ചാൽ!
പാതിനാളോളം പ്രജ്ഞയെന്നിയേ കഴിഞ്ഞുപോം
എഴുപതു വയസ്സായാലെന്തിനുകൊള്ളാം പിന്നെ"

എന്ന ഈ പദ്യവും, സ്നാനപർവ്വത്തിൽനിന്നു്,

"ചെമ്പകപ്പൂഞ്ചോലതന്നിലങ്ങു ചെമ്മേ സുഖിച്ചു തൻകാന്തനോട്ടം
ഒന്നിച്ചുതന്നെ മരുവിട്ടന്നാൾ സുന്ദരിപൈങ്കിളിപെൺകിടാവേ!"

എന്നു തുടങ്ങുന്ന ഘട്ടവും ഉദ്ധരിക്കപ്പെട്ടിട്ടുമുണ്ട്. ഇതുപോലെ ഭാരതത്തിലേയും പല ഭാഗങ്ങൾ അദ്ദേഹം പകർത്തിക്കാണിച്ചിരിക്കുന്നു.

പാതിരിക്കു് അനവധി ഭാഷകളിൽ വിസ്മയജനകമായ പാണ്ഡിത്യമുണ്ടായിരുന്നുവെങ്കിലും ലത്തീൻ, ഇത്താലിയൻ, ജർമ്മൻ, ഫ്രഞ്ചു്, സംസ്കൃതം, മലയാളം, തമിഴ്, സുറിയാനി എന്നിവ സവിശേഷം സ്വാധീനമായിരുന്നു. ഈ മിക്കഭാഷകളിലും അദ്ദേഹം ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. ഇൻഡ്യയിൽ സംഗീതത്തിനു ചിഹ്നങ്ങൾ പ്രയോഗിക്കുന്ന സമ്പ്രദായം ശൂന്യമായി കണ്ടതിനാൽ തൽപരിഹാരാർത്ഥം ഒരു നവീനപ്രസ്ഥാനംകൂടി അദ്ദേഹം അവതരിപ്പിച്ചു. പക്ഷേ, ഗ്രന്ഥത്തിൽ കിടക്കുന്നതല്ലാതെ ആരും പഠിച്ചു് അനുകരിച്ചതായി അറിവില്ല.

## മലയാളകൃതികൾ

പൗലീനോസിൻെറ മലയാളകൃതികളെക്കുറിച്ചാണു് ഇനി അല്പം പറയാനുള്ളതു്. കേരളഭാഷയിൽ അദ്ദേഹം ചില പദ്യകൃതികളും അനേകം ഗദ്യപ്രബന്ധങ്ങളും എഴുതിയിട്ടുണ്ടു്. 'ദേവഷൾഗുണം', 'ത്രേസ്യാചരിതം' എന്നിവയാണു് കവിതകൾ. ഭിന്നഭാഷകളിൽ വിദേശീയനിർമ്മിതങ്ങളായ പദ്യങ്ങൾക്കു് ആസ്വാദ്യത കുറവായിരിക്കുമെന്നുള്ള ആക്ഷേപം സമ്മതിക്കുകതന്നെവേണം. മാത്രമല്ല, പൗലീനോസ് പണ്ഡിതനാണെന്നല്ലാതെ അർണ്ണോസിനെപ്പോലെ കവിയായിരുന്നുവെന്നു തോന്നുന്നുമില്ല. മലയാളഭാഷയിൽ അദ്ദേഹത്തിനുണ്ടായിരുന്ന ജ്ഞാനവും അഗാധമെന്നതിനെക്കാൾ വിവിധോന്മുഖവും വിസ്തൃതവുമാണെന്നേ തെളിയുന്നുള്ളു. ഇതുനിമിത്തം പ്രസ്തുതകൃതികളിൽ കാവ്യദോഷങ്ങൾ പലതും കണ്ടുവെന്നുവരാം. 'ദേവഷൾഗുണം' ദൈവത്തിൻെറ ആറു ഗുണങ്ങളെ വർണ്ണിച്ചു സംസ്കൃതപദസങ്കീർണ്ണമായി രചിക്കപ്പെട്ട ഒരു കീർത്തനമാണു്. ഈ കൃതി കാർത്തികതിരുനാൾതമ്പുരാൻെറ ഉപയോഗാർത്ഥം എഴുതിയതാണത്രേ. 'ത്രേസ്യാചരിത'ത്തിലും നിരർത്ഥപദങ്ങൾ ഒട്ടേറെക്കാണുന്നുണ്ടു്. തരമുള്ളേടത്തെല്ലാം പ്രാസം പ്രയോഗിച്ചു കാവ്യശരീരം മുറിപ്പെടുത്തുന്നതിനും പാതിരി വളരെ പണിപ്പെട്ടിരിക്കുന്നു. ഏതൽകാരണങ്ങളാൽ അദ്ദേഹത്തിൻെറ ഭാഷാകവനസംരംഭം മിക്കവാറും അപജയത്തിലാണു കലാശിച്ചതു്. സംസ്കൃതപദങ്ങൾ ധാരാളം ചേർത്തു ശബ്ദാലങ്കാരങ്ങളോട്ടുകൂടി വാക്യം വളച്ചുനീട്ടിക്കൊണ്ടുപോകുന്നതാണു് കാവ്യത്തിനു യോജ്യമായ രീതിയെന്നു് അദ്ദേഹം തെററിദ്ധരിച്ചതുപോലെ തോന്നുന്നു. ഇങ്ങനെയെല്ലാമായാലും ഈ കൃതികളിൽ ചില ഗുണാംശങ്ങളും ഇല്ലാതില്ല. വൈദുഷ്യം വിപുലമായിട്ടുള്ളവർ വാസനാകവികളായിരുന്നാൽതന്നെയും അവരുടെ വാസന ശോഭിക്കുമോ എന്നുള്ള കാര്യം സംശയഗ്രസ്തമാണു്.

ഇനി ഗദ്യകൃതികളെപ്പറ്റി ചിന്തിക്കാം. 'കൂദാശപ്പുസ്തകം' 'ദിവ്യജ്ഞാനം ലഭിക്കാനുള്ള സരണി' 'എട്ടുദിവസത്തെ ധ്യാനം' ഇവ മൂന്നുമാണു പാതിരിയുടെ മുഖ്യമായ മലയാളഗദ്യഗ്രന്ഥങ്ങൾ. ഈ കൃതികളും സംസ്കൃതപദബാഹുല്യംകൊണ്ടു് 'കീറാമുട്ടി'കളായിത്തീർന്നതിനാൽ നാട്ടു

കാരാരും ഉപയോഗിക്കാറില്ല. മലയാളം സംസ്കൃതത്തിന്റെ ഒരു ഉപശാഖയാണെന്നുള്ള സങ്കല്പമാണ പാതിരിയെ ഗദ്യപ്രസ്ഥാനത്തിലും വഴിതെററിച്ചതെന്നു തോന്നുന്നു.

മലയാളത്തിലുള്ള പഴഞ്ചൊല്ലുകളെ അധികരിച്ചും അദ്ദേഹം ഒരു കൃതി നിർമ്മിച്ചിട്ടുണ്ട്. Adagia Malabarica എന്ന പേരുള്ള ഈ കൃതിയിൽ നൂറിലധികം പഴഞ്ചൊല്ലുകൾ ലത്തീൻപരിഭാഷയോടുകൂടി സമാഹരിച്ചു ചേർത്തിരിക്കുന്നു. അതെല്ലാം കേരളത്തിൽ ഹിന്ദുക്കളുടേയും നസ്രാണികളുടേയും ഇടയിൽ നടപ്പുള്ള ശൈലികളാണെന്നാണ് പാതിരി പറയുന്നതു്. "പഴഞ്ചൊല്ലിൽ പൊളിയുണ്ടെങ്കിൽ പാല്പം കുണ്ണും" എന്ന വാക്യമാണ് ഒന്നാമതു കാണുന്നതു്. വേറെ പലതും ഇപ്പോഴത്തെ രൂപത്തിൽനിന്നു വ്യതിരിക്തങ്ങളായും കാണുന്നു. പഴമൊഴികൾകൂടാതെ ചില മുറിപ്പദ്യങ്ങളും അദ്ദേഹം ഇക്കൂട്ടത്തിൽ ചേർത്തിട്ടുണ്ട്. അതിലൊന്നു താഴെ പകർത്തുന്നു:

"മക്കളില്ലാഞ്ഞാൽ മനവുമതിരുളേ
    മക്കളുമിരുളേ പൊരുളില്ലാഞ്ഞാൽ
വിദ്യയില്ലാഞ്ഞാൽ മനവുമതിരുളേ
    വിദ്യയുമിരുളേ പൊരുളില്ലാഞ്ഞാൽ
നാരിയില്ലാഞ്ഞാൽ വീട്ടമതിരുളേ
    നാരിയുമിരുളേ വാ കട്ടതായാൽ."

മേല്പറഞ്ഞ കൃതികൾക്കുപുറമേ പൗലീനോസ് ഒരു മലയാളവ്യാകരണവും 'അക്ഷരമാലാവിസ്താര'വുംകൂടി രചിച്ചിട്ടുണ്ട്. ഇതു രണ്ടും എനിക്കു കാണാൻകഴിഞ്ഞിട്ടില്ല.

പാതിരിയുടെ മലയാളപാണ്ഡിത്യത്തെക്കാൾ പാണ്ഡിത്യത്തിന്റെ നാനാത്വമാണ നമ്മെ വിസ്മയിപ്പിക്കുന്നതെന്നു സൂചിപ്പിച്ചല്ലോ. അദ്ദേഹത്തെപ്പോലെ വിവിധഭാഷകൾ പഠിക്കയും പഠിച്ച ഭാഷകളിലെല്ലാം കൃതികൾ രചിക്കയുംചെയ്ത പണ്ഡിതന്മാർ അക്കാലത്തു തീരെ ചുരുക്കമായിരുന്നു. മലയാളഭാഷാവൈദുഷ്യംനോക്കിയാൽ യൂറോപ്യൻപണ്ഡിതന്മാരിൽവെച്ചു പ്രഥമസ്ഥാനം അദ്ദേഹത്തിനുതന്നെയാണെന്നു് ആരും സമ്മതിക്കും. (മിസ്റ്റർ ആള്ളറിൻെറ അഭിപ്രായവും ഇതുതന്നെ.) പതിനെട്ടാം ശതാബ്ദത്തിൽ അദ്ദേഹത്തോടൊപ്പം മലയാളഭാഷാജ്ഞാനം തികഞ്ഞ ഒരു യൂറോപ്യനെങ്കിലും ഉണ്ടായിരുന്നില്ലെന്നു മിസ്റ്റർ ഉള്ളൂർ പരമേശ്വരയ്യരും അഭിപ്രായപ്പെട്ടിരിക്കുന്നു. പൗലീനോസിൻെറ പിൻഗാമിയായ ഡാക്ടർ ഗുണ്ടർട്ട് ചില നല്ല പ്രബന്ധങ്ങൾ മലയാളത്തിനു പ്രദാനംചെയ്തിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിനും പൗലീനോസിൻെറ വൈദുഷ്യത്തോളം നാനാത്വമുണ്ടായിരുന്നില്ല.

## മററു കൃതികൾ

പൗലീനോസ് ആകെ 24 കൃതികൾ എഴുതിയിട്ടുള്ളതായി പറയപ്പെടുന്നു. അവയിൽ അധികവും ലത്തീൻഭാഷയിലാണ്; എന്നിരു

ന്നാലും ആ കൃതികൾ മിക്കതിലും മലയാളം ലിപികളിൽ ചില വാക്കുകളും പദ്യശകലങ്ങളും ഉദ്ധരിച്ചുകാണുന്നുണ്ട്. അന്നു റോമായിൽ മലയാളഭാഷയിൽ അച്ചടി നടപ്പുണ്ടായിരുന്നെന്നുള്ള വസ്തുത മുമ്പു കാണിച്ചിട്ടുണ്ടല്ലോ. റോമായിൽ അച്ചടിച്ചിട്ടുള്ള കൃതികളുടെ നാമങ്ങൾമാത്രമേ താഴെ കുറിക്കുന്നുള്ളൂ. അവയെല്ലാംതന്നെ ലത്തീനിൽ ആണു് അച്ചടിക്കപ്പെട്ടിരിക്കുന്നതു്.

1. Systema Brahmanicum (1791) ഹിന്ദുമതവിവരണം. ഈ കൃതിയിൽ അന്നത്തെ ആഴാഞ്ചേരി തമ്പ്രാക്കളുടെ ഒരു പടം ഉണ്ടു്. ഒരു മുണ്ടുമാത്രം ഉടുത്തു് ഓലക്കുട പിടിച്ചാണു തമ്പ്രാക്കൾ നിൽക്കുന്നതു്.

2. A Treatise on the Indian MSS in the Library of the Congragation de Propaganda Fide (1792)

3. A Treatise on the MSS, in Penang, Siamese, Malayalam and Hindustani languages in the Museum of Cardinal Borgia. (1793)

4. India Orientalis Christiana (1794) ഇൻഡ്യയിലെ ക്രിസ്ത്യാനികളെ സംബന്ധിച്ച ഒരു ഗ്രന്ഥം.

5. A Treatise on Ancient India (1795)

6. A Voyage to East Indies (1796) ഇൻഡ്യായാത്രാവിവരണം. വിശേഷിച്ചു കേരളത്തിൻെറ വിവരണങ്ങൾ. ഈ ഗ്രന്ഥം ഇംഗ്ലീഷിൽ വിവൎത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്.

7. de Codicibus Indico Manuscripti R. P. Joannis Hanxleden (1799) (അർണ്ണോസ്പാതിരിയുടെ കയ്യെഴുത്തുഗ്രന്ഥങ്ങളുടെ വിവരണം.)

8. A Learned Treatise on the Antiquity and Affinity of Persian, Sanskrit and German Languages.

9. Adagia Malabarica (മലയാളത്തിലെ പഴഞ്ചൊല്ലുകൾ.)

10. Siddaroupam, Grammar of Sanskrit Language. (1790)

11. Amarasimha, an old Indian MS. (അമരകോശം.)

പൗലീനോസുകൃതികളേപ്പററി വിമൎശനപൂൎവ്വമായ ഒരു വിവരണം അത്യാവശ്യമായിട്ടാണിരിക്കുന്നതു്. ആ വിശ്രുതൻെറ അനന്തരഗാമികളായ മംഗലപ്പുഴ സെമ്മിനാരിയിലെ പണ്ഡിതന്മാരായ വൈദികർ ഈ ആവശ്യം നിൎവ്വഹിക്കുമെന്നു വിശ്വസിക്കാം.

## അദ്ധ്യായം ഒൻപതു്

# മററു ചില മിഷ്യനറിപണ്ഡിതന്മാർ

മിഷ്യനറിപണ്ഡിതന്മാരിൽ അഗ്രഗണ്യരായ രണ്ടു മഹാന്മാരെപ്പററി പ്രതിപാദിച്ചുകഴിഞ്ഞല്ലോ. ഇനി മററു ചില പണ്ഡിതന്മാരുടെ പരിശ്രമങ്ങളെപ്പററി സംക്ഷിപ്തമായി പ്രസ്താവിക്കാം.*

## ഫ്രാൻസീസ് റോസ് (Roz)

ആദ്യം വൈപ്പിൽകോട്ട സെമ്മിനാരിയിലെ മല്പാനും അതിൻെറ അദ്ധ്യക്ഷനുമായിരുന്ന ഈ പണ്ഡിതൻ പിന്നീടു് അങ്കമാലിയുടെ മെത്രാനും കൊടുങ്ങല്ലൂരിൻെറ മെത്രാപ്പോലീത്തായും ആയി ഉയർത്തപ്പെട്ടു. ഇദ്ദേഹത്തിന്റെ സുറിയാനിപാണ്ഡിത്യത്തെപ്പററി മുമ്പൊരദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഉദയമ്പേരൂർ സൂനഹദോസിൽ മെനേസ്സീസു മെത്രാപ്പോലീത്തായുടെ സെക്രട്ടറിയും ദ്വിഭാഷിയും ഇദ്ദേഹമായിരുന്നു. ആ മഹായോഗത്തിൻെറ തീരുമാനങ്ങളെ വിശദീകരിച്ചു് ഇദ്ദേഹം 1606-ൽ ഒരു മലയാളകൃതി രചിക്കയുണ്ടായി.

ഈ കൃതിയുടെ പ്രതികൾ 1772-ൽ റോമായിലെ പ്രൊപ്പഗാന്ത വക ഗ്രന്ഥശേഖരത്തിൽ ഉണ്ടായിരുന്നതായി കാണുന്നു. കേരളത്തിൽത്തന്നെയും ഈ കൃതി കയ്യെഴുത്തായി പ്രചാരത്തിലുണ്ടു്. ഇദ്ദേഹം 1624-ൽ കാലധർമ്മംപ്രാപിച്ചു.

## മാത്യൂസ് പാതിരി

ഇദ്ദേഹം ക്രി. അ. 1600-ൽ ഇററലിരാജ്യത്തു പ്രസിദ്ധമായ നേപ്പിൾസ് (നിയാപ്പോളി) നഗരത്തിൽ ജാതനായി. കർമ്മലീത്താ ആശ്രമത്തിൽ വിദ്യാഭ്യാസം കഴിഞ്ഞ ഉടനെ അധികൃതന്മാർ ഇദ്ദേഹത്തെ പേർഷ്യയിലേക്കു് ഒരു മിഷ്യനറിയായി അയച്ചു. ഏതാനും വർഷങ്ങൾക്കുശേഷം അവിടെനിന്നു് ഇദ്ദേഹം മലങ്കരയിലെ കത്തോലിക്കസുറിയാനിക്കാരുടെ മെത്രാപ്പോലീത്തായായിരുന്ന മാർ അലക്സന്ത്രയോസ് (കുട്ടിക്കശ്ശേരിൽ അഥവാ പള്ളിവീട്ടു്) തിരുമനസ്സിലെ സാഹായ്യാർത്ഥം ഈ നാട്ടിൽ വന്നുചേർന്നു. 1650-ാമാണ്ടിടയ്ക്കു് ഡച്ചുകാർ കൊച്ചിക്കോട്ട പിടിച്ചടക്കുകയും പോർട്ടുഗീസുകാരെ സമുദ്രതീരങ്ങളിൽനിന്നു പലായനം ചെയ്യിക്കയും ചെയ്തതോടെ ജസ്വീറ്റു വൈദികന്മാർക്കും നാടുവിട്ടു പോകേ

* The sources of this chapter are the same as those for the previous chapter. In addition, I have had valuable assistance from the late Rev. Father Zacharias of the Apostolic Seminary, Alwaye.

ണ്ടിവന്നുവെങ്കിലും കമ്മലീത്താക്കാരായ മിഷ്യനറിമാക്ക് ശല്യമൊന്നും നേരിട്ടില്ലെന്നു പറഞ്ഞുവല്ലോ. അവക്ക് കേരളത്തിൽ നിവസിച്ചു സ്വന്ത പരിശ്രമങ്ങൾ നടത്താൻ ഡച്ചുകാർ പൂണ്ണസ്വാതന്ത്ര്യം നല്കി. ഇതിൻെറ മുഖ്യകാരണങ്ങളിൽ ഒന്നു് ഡച്ചുഗവണ്ണരായ "വ്വാൻ റീദ്" (Van Rheede) സാഹിത്യസംരംഭങ്ങളിൽ അഭിരുചിയും ശാസ്ത്രീയഗവേഷണങ്ങളിൽ ഉത്സാഹവും ഉള്ള ആളായിരുന്നുവെന്നുള്ളതാണു്. കമ്മലീത്താസന്യാസികളിൽ പണ്ഡിതന്മാർ പലരും ഉണ്ടായിരുന്നതിനാൽ അവർ അദ്ദേഹത്തിൻെറ സ്നേഹിതന്മാരായിത്തീരുകയും ചെയ്തു.

ഡച്ചുകാരുടെ സ്നേഹത്തിനു് ഇപ്രകാരം പാത്രീഭവിച്ചവരിൽ പ്രഥമഗണനീയൻ ഫാദർ മാത്യൂസത്രെ. ഇദ്ദേഹവുമായി ഡച്ചുകാക്കുണ്ടായ ദൃഢമായ വേഴ്ചമൂഖേനയാണു് ആയിടെ വാഴ്ചകൈക്കൊണ്ട മാർ അലക്സന്ത്രയോസ് മെത്രാപ്പോലീത്തായ്ക്കു സ്വദേശമായ കുറവിലങ്ങാട്ടു വിട്ടു യഥേഷ്ടം പുറത്തു സഞ്ചരിക്കാൻ സ്വാതന്ത്ര്യം ലഭിച്ചതു്. മാത്രമല്ല, ഫാദർ മാത്യൂസു പ്രസ്തുതസുറിയാനിമെത്രാൻെറ പ്രധാനോപദേഷ്ടാക്കന്മാരിൽ ഒരാളും ഇഷ്ടസുഹൃത്തുംകൂടി ആയിരുന്നതുകൊണ്ടു് അദ്ദേഹത്തോടൊന്നിച്ചു് ഉൾനാട്ടുകളിൽ പയ്യടനം ചെയ്യുന്നതിനും ശാസ്ത്രീയഗവേഷണങ്ങൾ നടത്തുന്നതിനും വിശിഷ്യ സൗകയ്യം സിദ്ധിക്കയും ചെയ്തു. ഇടയ്ക്കിടെ ഈ പാതിരിവയ്യൻ കുറവിലങ്ങാട്ടുപള്ളിയിലും വന്നു താമസിച്ചതായി അറിയുന്നു.

സസ്യശാസ്ത്രപരമായ സംഗതികളിലാണു് ഇദ്ദേഹത്തിൻെറ അന്വേഷണം അധികമായി നടന്നിട്ടുള്ളതു്. 1686–ാമാണ്ടുമുതൽ ഹോളണ്ടിൽനിന്നു് 12 ഗ്രന്ഥങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ട Hortus Malabaricus (കേരളാരാമം) എന്ന കൃതി മിക്കവാറും ഈ പാതിരിതന്നെ എഴുതിയതാകുന്നു. ഇതിൽ പല ഭാഗങ്ങൾ മലയാളത്തിലും അച്ചടിച്ചുചേത്തിട്ടുണ്ടു്. ഈ ഗ്രന്ഥത്തിൽ ആകെ 796 ചിത്രങ്ങൾ ഉണ്ടു്. ഈ കൃതിയുടെ നിമ്മാണകായ്യത്തിൽ രങ്കഭട്ടൻ, വിനായകപണ്ഡിതൻ, അപ്പുഭട്ടൻ എന്നിങ്ങനെ മൂന്നു ബ്രാഹ്മണഭിഷഗ്വരന്മാരുടേയും അവരിലും മേലായി ഇട്ടിഅച്ചുതൻ എന്ന ഈഴവവൈദ്യൻേറയും സാഹായ്യങ്ങൾ സിദ്ധിച്ചതായി ഗ്രന്ഥകാരൻ മുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നു. ആ ഈഴവവൈദ്യൻ കരപ്പുറത്തു് (ചേത്തല) കൊട്ടകാരപ്പള്ളി അഥവാ കൊല്ലാടൻ എന്ന വീട്ടുകാരൻ ആയിരുന്നത്രേ. ഈ പണ്ഡിതൻ ഹോത്തുസ് മലബാറിക്കുസിൽ ചേക്കുന്നതിനായി വട്ടെഴുത്തിൽ എഴുതിക്കൊടുത്ത സാക്ഷിപത്രത്തിൻെറ ഛായ ഈ ഗ്രന്ഥത്തിൽ ചേക്കുന്നുണ്ടു്.

മലയാളരാജ്യത്തിലുള്ളിടത്തോളം നാനാതരസസ്യങ്ങൾ ഉള്ള പ്രദേശങ്ങൾ ഭൂമുഖത്തു വളരെ ചുരുക്കമാകയാൽ തദ്വിവരണങ്ങൾ അടങ്ങിയ പ്രകൃതഗ്രന്ഥം ഒരു അമൂല്യനിക്ഷേപമായിട്ടാണു് ഇന്നും സവ്വത്ര പരിഗണിക്കപ്പെടുന്നതു്. ഫാദർ മാത്യൂസു സ്വന്തപണംകൊണ്ടു് എറണാകുളത്തിനു സമീപം ചാത്യാത്തു് എന്ന സ്ഥലത്തു് ഒരു പള്ളി പണിചെയ്യിച്ചതായും അറിയുന്നു. 1691–ൽ ഉദ്ദേശം തൊണ്ണൂറാംവയസ്സിൽ ഇദ്ദേഹം കൊച്ചിയിൽവച്ചു മരണംപ്രാപിക്കുകയും വരാപ്പുഴപ്പള്ളിയിൽ



സംസ്കരിക്കപ്പെടുകയും ഉണ്ടായി. Hortus Malabaricus (കേരളാരാമം) എന്ന കൃതിയുടെ ഒരു പ്രതിപോലും ഇന്നു കേരളത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. ഓക്സ്ഫോർഡ്സർവ്വകലാശാലയംവക ഗ്രന്ഥശേഖരത്തിൽ വച്ച് ഈ കൃതി പരിശോധിക്കാൻ എനിക്കിടയായി. ആയിടയ്ക്കു് ഇക്കാര്യത്തിൽ ഉത്സുകനായിരുന്ന ഡോക്ടർ ഫാക്ഹൊറിന്റെ സഹായത്താൽ അതിൽനിന്നു ചില ഭാഗങ്ങളുടെ ഫോട്ടോ എടുത്തു സൂക്ഷിക്കാനും എനിക്കു സാധിച്ചു. അവയിൽ രണ്ടു ഛായകൾ മാത്രമേ ഈ കൃതിയിൽ ചേർക്കുന്നുള്ളു.

## ആഞ്ചലോ ഫ്രാൻസീസ് മെത്രാപ്പോലീത്താ

ഇദ്ദേഹം പതിനേഴാം ശതാബ്ദത്തിൽ ഒരു കമ്മലീത്താപാതിരിയായി കേരളത്തിൽ വന്നു. 1650-ൽ ഇററലിയിൽ 'പീഡ്മോണ്ട്' എന്ന പ്രദേശത്തു് 'മൊണ്ട്റീഗാൽ' എന്ന ഗ്രാമത്തിൽ ജാതനായ ഈ വൈദികവര്യൻ 'വിയോലോത്തി' (Violoti) എന്നു പ്രസിദ്ധമായ പ്രഭുകുടുംബത്തിലെ ഒരംഗമായിരുന്നു. വലിയ ഈശ്വരഭക്തനായ ഇദ്ദേഹം മിഷ്യനറിയായി വരാപ്പുഴയിൽ വന്നുചേൎന്നശേഷം കേരളീയനസ്രാണികളുടെയെന്നല്ല ഹിന്ദുക്കളുടെയും ബഹുമാനാദരങ്ങൾക്കു് പ്രത്യേകം പാത്രീഭൂതനായിരുന്നതായിട്ടാണു് അറിയുന്നതു്. അന്നത്തെ കത്തോലിക്കർ തങ്ങളുടെ പഴയ മെത്രാന്മാരെ എന്നപോലെ തൽസ്ഥാനത്തു് ആരൂഢനായ ഇദ്ദേഹത്തെയും 'മാർത്തോമ്മാ' എന്നു വിളിച്ചുവന്നു. താപസോത്തംസമായ ഈ വൈദികന്റെ മരണവേളയിൽ തദാശീർവ്വാദം ലഭിക്കുന്നതിനായി ആലങ്ങാട്ടുരാജാവുപോലും എത്തിക്കൂടിയെന്നും മരിച്ചപ്പോൾ ശ്രവണമധുരമായ സ്വർഗ്ഗീയഗീതങ്ങൾ ഉണ്ടായെന്നും പ്രേതമഞ്ചത്തിന്നു ചുററിലും അത്ഭുതാവഹമാംവണ്ണം വിശേഷപരിമളം പ്രസരിച്ചെന്നും മററും ഐതിഹ്യമുണ്ടു്.

1700-ൽ ആണു് റവ. ഫാദർ ആഞ്ചലോ ഫ്രാൻസിസ് കേരളകത്തോലിക്കരുടെ മെത്രാനായിത്തീൎന്നതു്. ഒരു യൂറോപ്യൻപാതിരിയായിരുന്ന ഇദ്ദേഹത്തിനു മെത്രാൻപട്ടം നൽകിയതു് അന്നിവിടെ വന്നിരുന്ന മാർശിമയോൻ എന്ന കൽദായസുറിയാനിക്കാരനായ മെത്രാനാണെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവാർഹമത്രെ.

കേരളത്തിൽ എത്തിയ ഉടൻതന്നെ മലയാളം പഠിക്കുന്നതിനും ഭാഷാകൃതികൾ വായിക്കുന്നതിനും ഇദ്ദേഹം ശ്രമം തുടങ്ങി. അചിരേണ ലഭിച്ച വ്യുത്പത്തികൊണ്ടു് ഫാദർ ആഞ്ചലോ മതാത്മകങ്ങളായ ചില കൃതികൾ നിർമ്മിച്ചു. അവയെന്തെല്ലാമെന്നു നിർണ്ണയിക്കാൻ ഇപ്പോൾ നിവൃത്തിയില്ലെങ്കിലും ഒരു മലയാളവ്യാകരണം* എഴുതിയിട്ടുണ്ടെന്നും അതിന്റെ മൂലം റോമായിൽ ബോർജിയാ കർദ്ദിനാളിന്റെ വക ഗ്രന്ഥശേഖരത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും അറിയാം. ഇപ്പോൾ അതിന്റെ ഒരു പകൎപ്പു വത്തിക്കാൻഗ്രന്ഥശാലയിലിരിക്കുന്നു. ഇതു വാമൊഴിക്കുമാത്രം പററിയതും, സംസ്കൃതസങ്കീർണ്ണമായ വരമൊഴിക്കു ചേരാത്തതുമാണെന്നും തന്നിമിത്തം അൎണ്ണോസുപാതിരിയുടെ വ്യാകരണത്തോളം മെച്ചമുള്ളതല്ലെന്നും ആണു് പൗലീനോസിന്റെ അഭിപ്രായം. അദ്ദേഹം ഇങ്ങനെ പറയാൻ കാരണം മലയാളത്തെ കേവലം സംസ്കൃതമെന്നു തെററിദ്ധരിച്ചതാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഇതെങ്ങനെയായാലും നാട്ടിൽ നവീനമായി വന്ന ചെറുപ്പക്കാരായ പാശ്ചാത്യമിഷ്യനറിമാൎക്കു് ഈ ഗ്രന്ഥം വളരെ പ്രയോജകീഭവിച്ചിട്ടുണ്ടെന്നുള്ളതിനു തൎക്കമില്ല. 1700—1712 എന്നീക്കൊല്ലങ്ങൾക്കു മദ്ധ്യേയാണു പ്രകൃതഗ്രന്ഥം എഴുതപ്പെട്ടതെന്നു തോന്നുന്നു. ഇദ്ദേഹം പന്ത്രണ്ടു വൎഷം. മെത്രാപ്പോലീത്തായായിരുന്നു സഭാഭരണം നിൎവ്വഹിച്ചശേഷം

വരാപ്പുഴവെച്ചു നിര്യാതനാവുകയും അവിടത്തെ പള്ളിയിൽ ബലിപീഠത്തിന് ആസന്നമായ സ്ഥലത്തു ഭൂദാനംചെയ്യപ്പെട്ടുകയും ചെയ്തു. വരാപ്പുഴഗ്രന്ഥശേഖരത്തിൽ ഈ വൈദികാദ്ധ്യക്ഷന്റെ ഡയറിയും ചില കൈയെഴുത്തു പുസ്തകങ്ങളും അദ്യാപി സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ഡയറിയിൽ യാക്കോബായമെത്രാനായ മാർ ഗെബ്രിയേലിനെപ്പററി ചില വിവരങ്ങൾ കുറിച്ചിട്ടുണ്ടത്രേ. കൂടാതെ, ഇദ്ദേഹത്താൽ ഭരിക്കപ്പെട്ടിരുന്ന കത്തോലിക്കാസുറിയാനിക്കാരുടെ തദാനീന്തനചരിത്രംസംബന്ധിച്ചും പല സംഗതികൾ അതിൽ കാണാവുന്നതാണ്. ഏതായാലും മലയാളഭാഷയുടെ ഒന്നാമത്തെ യഥാൎത്ഥവ്യാകരണം ഇദ്ദേഹത്തിന്റെ കൃതിയാണെന്നുള്ളതിനു സംശയമില്ല.

## ജോൺ ബപ്തീസ്ത

ഫ്രാൻസീസിന്റെ പിൻഗാമിയായ ഇദ്ദേഹം ഇററലിയിൽ അലെക്സി (Alexi) എന്ന സ്ഥലത്ത് 1674-ൽ ജനിച്ചു. പണ്ഡിതനായ ഈ പാതിരി 'മുൾത്തിദി' (Multidi) എന്നു പറയപ്പെടുന്ന പ്രഭുകുടുംബത്തിലെ അംഗമായിരുന്നുവത്രെ. ഇദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാർ കമ്മലീത്താസഭയിൽ ഏററം ഉയർന്ന സ്ഥാനങ്ങളിൽ പരിലസിച്ചിരുന്നു. ജോൺ ബപ്തീസ്തിന്റെ കൃതിയായി ഇപ്പോൾ കാണുന്നതു് 'ഏഴ കൂദാശകൾ' സംബന്ധിച്ച ഒരു വിവരണമാണ്. ഈ ഗ്രന്ഥം പഴയമലയാളരീതിയിൽ എഴുതപ്പെട്ടിരിക്കുന്നു. 1772-ൽ റോമായിൽ ഈ കൃതിയുടെ ഒരു കൈയെഴുത്തുപ്രതി സൂക്ഷിക്കപ്പെട്ടിരുന്നു. അതിലെ കൈയെഴുത്തു കോലഞ്ചേരി മത്തായിക്കത്തനാരുടേതായിരുന്നെന്നും അറിയുന്നുണ്ട്. ഈ കൃതിയുടെ കൈയെഴുത്തുപ്രതികൾ ഇന്നും കേരളത്തിൽ പല ക്രിസ്തീയകുടുംബങ്ങളിലും കാണുന്നുണ്ട്. കൂടാതെ ഒരു മലയാളനിഘണ്ടുവും ഇദ്ദേഹം നിർമ്മിച്ചിട്ടുള്ളതായി അറിയാം.

## ഇന്നോച്ചേൻസ് മെത്രാൻ

ഇദ്ദേഹം ഹംഗറിരാജ്യത്ത് 1681 ആഗസ്റ്റ്മാസം 25-ാംതീയതി ജാതനായി. വിയന്നായിലെ കർദ്ദിനാളും വിശ്രുതനുമായിരുന്ന 'കൊളോനിട്സ്' (Colonitz) എന്ന മഹാപുരോഹിതൻ ഇദ്ദേഹത്തിന്റെ ഭ്രാതാവായിരുന്നു. പൂർവ്വന്മാർ ഈ മെത്രാന്റെ മഹാമനസ്കതയേയും ജീവിതപരിശുദ്ധിയേയും പററി വളരെ അഭിനന്ദിച്ചിട്ടുണ്ട്. കൊച്ചി തിരുവിതാംകൂർരാജാക്കന്മാരുടെ ബഹുമാനത്തിനും ഇദ്ദേഹം പാത്രീഭൂതനായി. ആലങ്ങാട്ട് ഇദ്ദേഹം ഒരു മലയാളംസ്കൂൾ സ്ഥാപിക്കയുണ്ടായി. ഈ സ്കൂളിലായിരിക്കണം കരിയാററി യൗസേപ്പുമൽപ്പാൻ ആദ്യം വിദ്യാഭ്യാസംകഴിച്ചതു്. 1760 ഏപ്രിൽ 6-ാംതീയതി വരാപ്പുഴവെച്ച് അദ്ദേഹം കാലധർമ്മംപ്രാപിച്ചു.

ഈ മെത്രാൻ പല മലയാളകൃതികളും നിർമ്മിച്ചിട്ടുള്ളതായി പൗലിനോസ്പാതിരി പറയുന്നു. എന്നാൽ അവയിൽ ഒന്നുംതന്നെ കാണാൻ സാധിച്ചിട്ടില്ല.

### സ്റ്റീഫൻപാതിരി

ഇത്താല്യാക്കാരനായ ഇദ്ദേഹത്തിൻെറ ജീവദശ 1700 മുതൽ 1769വരെയായിരുന്നു. ഇൻഡ്യയിൽ വന്നശേഷം ഇദ്ദേഹം പല ഭാരതീയഭാഷകളിലും ഒട്ടേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മലയാളത്തിൽ ഒരു നിഘണ്ടു; ഹിന്ദുസ്ഥാനിയിൽ അക്ഷരമാല, വ്യാകരണം, നിഘണ്ടു, ക്രിസ്തീയനിയമം എന്നീ കൃതികൾ; തെലുങ്കിൽ വ്യാകരണം, വാചകരീതി ഇത്യാദിഗ്രന്ഥങ്ങൾ; ഇങ്ങനെ വളരെ പുസ്തകങ്ങൾ ഇദ്ദേഹത്താൽ പ്രണീതങ്ങളായി അറിയപ്പെടുന്നു. ഇദ്ദേഹത്തിൻെറ കൃതികളിൽ ചിലതു 1772–ൽ റോമായിലെ കർമ്മലീത്താസിമ്മിനാരിയിൽ സൂക്ഷിക്കപ്പെട്ടിരുന്നു.

### ജെമിനിയൻപാതിരി

ഇദ്ദേഹവും അജ്ഞാതചരിത്രനായിത്തീർന്നിരിക്കുന്നു. ഇത്താല്യാക്കാരനും നല്ലൊരു പ്രാസംഗികനും ആയിരുന്നുവെന്നുമാത്രം അറിയാം. ഡച്ചുഗവർമ്മേണ്ടു് ഇദ്ദേഹത്തെ വളരെ വിലമതിച്ചിരുന്നതായിക്കാണുന്നുണ്ടു്. മലങ്കരയിലെ പല പള്ളിക്കാരുമായി ഇദ്ദേഹം അനവധി എഴുത്തുകുത്തുകൾ നടത്തിയതായും ചില രേഖകളിൽ കാണുന്നു.

### ക്ലമെൻറ്പാതിരി

Clement Peanius എന്ന പേരുകാരനും പീദ്മോണ്ടുകാരനും ആയിരുന്ന ഈ പാതിരി പതിനെട്ടാം ശതാബ്ദമദ്ധ്യേ കേരളത്തിൽ വന്നു വരാപ്പുഴെ താമസമുറപ്പിക്കയുണ്ടായി. ഇദ്ദേഹം ഉടൻതന്നെ നാട്ടുഭാഷാപഠനത്തിൽ ഏർപ്പെട്ടുകയും അഞ്ജ്ഞോസുപാതിരിയുടേയും മററും സാഹായ്യത്താൽ അധികം വൈകാതെ നല്ലൊരു പണ്ഡിതനായിത്തീരുകയും ചെയ്തു. മലയാളത്തിൽ ഇദ്ദേഹം ഒരു നിഘണ്ടു എഴുതിയിട്ടുണ്ടു്. കൂടാതെ മലയാളം സംസ്കൃതം എന്നീ ഭാഷകളുടെ അക്ഷരമാലയേയും മററും സംബന്ധിച്ചു ലത്തീനിലും ഒരു പുസ്തകം നിർമ്മിച്ചു. എന്നാൽ സർവ്വോപരി പ്രധാനമായ ഇദ്ദേഹത്തിൻെറ കൃതി നസ്രാണികൾക്കെല്ലാം അവശ്യം അറിയേണ്ടുന്ന 'സംക്ഷേപവേദാർത്ഥ'മാണു്.

കഴിഞ്ഞ ഒരദ്ധ്യായത്തിൽ ഈ കൃതിയെപ്പററി പ്രസ്താവിച്ചിട്ടുണ്ടല്ലോ. ലത്തീനിൽ ഇതിൻെറ പേർ "Compendiosa Legis Explicatio Omnibus Christianis Scitu Necessaria" എന്നത്രെ. ഏതന്മൂലം കേരളത്തിലെ കത്തോലിക്കർ ഈ ഗ്രന്ഥത്തെ 'കുമ്പേന്തി' എന്നാണു സാധാരണ പറഞ്ഞുവരുന്നതു്. ഇതു ക്രിസ്തുമതസിദ്ധാന്തങ്ങളുടെ ഒരു വിവരണമാകുന്നു. കത്തോലിക്കരുടെ പല പുരാതനകുടുംബങ്ങളിലും ഇതിൻെറ പ്രതികൾ കാണ്മാനുണ്ടു്. പാതിരി ഈ പുസ്തകങ്ങളെല്ലാം എഴുതിയശേഷം റോമായിലേക്കു പോയി അവിടെയുള്ള '<u>ബഹു</u>ഭാഷാമുദ്രാലയ'ത്തിൽ (Polyglot Press) മലയാളം അച്ചുകൾ ഉണ്ടാക്കിച്ചു് 1772–ൽ തൻെറ കൃതികൾ അച്ചടിക്കയും മടങ്ങിവന്നതോടെ ഒട്ടധികം പ്രതികൾ

കൂടെക്കൊണ്ടുവന്നു കേരളത്തിൽ പ്രചരിപ്പിക്കയും ചെയ്തു. ഫാദർ ക്ലെമെന്റ് തിരുവിതാംകൂർ രാമവർമ്മ മഹാരാജാവിന്റെ പ്രത്യേകപരിചിതനായിരുന്നു. അദ്ദേഹത്തിൻെറ അഭിലാഷാനുസാരം ക്രിസ്തുമതതത്വങ്ങൾ വിവരിച്ചു മലയാളത്തിൽ പാതിരി വേറെ ഒരു ഗ്രന്ഥം എഴുതി തിരുമുമ്പിൽ സമർപ്പിക്കയും ഉണ്ടായിട്ടുണ്ടത്രേ.

## ഫാറേസ് മൂപ്പൻപാതിരി

ഒരു പ്രസിദ്ധജെസ്വീററ് മിഷ്യനറിയായ ഇദ്ദേഹം ആദ്യം മധുരയിൽ വന്നു മിഷ്യൻസംബന്ധിച്ച പ്രവൃത്തികൾ നടത്തുകയും അമ്പഴക്കാട്ട് സന്യാസിമന്ദിരത്തിലെ റെക്ടർ (ശ്രേഷ്ഠൻ) ആയി നിയമിക്കപ്പെടുകയും ചെയ്തു. അക്കാലത്തു ടിപ്പുസുൽത്താൻെറ സൈന്യസമൂഹം തെക്കൻപ്രദേശങ്ങൾ ആക്രമിക്കാനായി എത്തുകയാൽ അമ്പഴക്കാട്ടാശ്രമത്തിൽ ഉണ്ടായിരുന്ന സന്യാസികൾക്കു സ്ഥലംവിട്ടു പോകേണ്ടിവന്നു. വൃദ്ധനായ ഫാറേസ് പാതിരി ചാത്യാത്തു പള്ളിയിൽ ചെന്നു താമസിക്കയും അചിരേണ അവിടെവെച്ച് ഐഹികവാസം വെടിയുകയും ചെയ്തു. വിദ്വാനായ ഇദ്ദേഹം ഒരു ചെറിയ മലയാളവ്യാകരണവും നിഘണ്ടുവും എഴുതിയിട്ടുണ്ട്. മലയാളത്തിലെന്നതിനേക്കാൾ ഇദ്ദേഹത്തിനു കൂടുതൽ പാണ്ഡിത്യം തമിഴിലായിരുന്നതിനാൽ പ്രസ്തുതകൃതികളിലും തമിഴിൻെറ ഛായ വളരെ സംക്രമിച്ചിരിക്കുന്നു. നിഘണ്ടു പ്രമാദബഹുലമാണെന്നാണ് പ്രാജ്ഞനായ പൗലീനോസ്പാതിരി പറയുന്നത്. എങ്കിലും ഇദ്ദേഹം ഭാഷാപരിചയമുള്ള ഒരു ഗ്രന്ഥകാരനായിരുന്നുവെന്നതിനു തക്കമില്ല. 1715–ൽ ഈ പാതിരി ഹംഗറിയിൽ ജനിക്കയും 1789–ൽ മരിക്കുകയും ചെയ്തു.

## ബിഷപ് ഇൽദഫോൻസ്

കേരളത്തിൽ എത്തിയ ഉടൻ ഇദ്ദേഹം ഹിന്ദുമതസിദ്ധാന്തങ്ങൾ വിശദമായി പഠിക്കാൻ തുടങ്ങി. തൽഫലമായി വേദവിഷയകമായുണ്ടായ ചില വലിയ വാദപ്രതിവാദങ്ങളിൽ ഇദ്ദേഹം അഗാധപാണ്ഡിത്യം പ്രദർശിപ്പിച്ചിട്ടുണ്ട്. ഒടുവിൽ മെത്രാൻസ്ഥാനത്ത് ആരൂഢനായി. ഇദ്ദേഹത്തിൻെറ കൃതികൾ താഴെപ്പറയുന്നവയാകുന്നു.

*ഹിന്ദുവേദാചാരങ്ങൾ*: ഇതു ഹൈന്ദവാചാരവിധാനങ്ങളെ വ്യക്തമായി പ്രതിപാദിച്ചെഴുതിയിട്ടുള്ളതാണ്. താണജാതിക്കാരുടെ എടയിൽ നടപ്പുള്ള പലതരം മൂഢവിശ്വാസങ്ങളെ സംബന്ധിച്ച വിവരങ്ങൾകൂടി ഇതിൽ കാണുന്നുണ്ട്. ഹിന്ദുപുരാണങ്ങൾ മിക്കതും ഇദ്ദേഹത്തിനു സുപരിചിതമായിരുന്നുവെന്നും ഈ ഗ്രന്ഥത്തിൽനിന്ന് ഊഹിക്കാം.

*മലയാളം–ലത്തീൻ–പോർട്ടുഗീസ് നിഘണ്ടു*: ഇതു് ഒരു അപൂർണ്ണകൃതിയാകുന്നു. ഈ രണ്ടു പുസ്തകങ്ങൾക്കു പുറമെ ഒരു മലയാളവ്യാകരണവും ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഇവയെല്ലാം 'ബോർജിയാ' ലൈബ്ര

റിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. നല്ലൊരു മലയാളപണ്ഡിതനായി രുന്ന ഇദ്ദേഹത്തെപ്പററി കൂടുതൽ വിവരണമൊന്നും ലഭ്യമല്ല.

## റവ. ഫാദർ അലോഷ്യസ്മേരീ

ഇററലിയിൽ 'ലിയോപ്' എന്ന ദേശമാണ് ഇദ്ദേഹത്തിൻെറ ജന്മഭൂമി. ജീവകാലം 1742 മുതൽ 1800 വരെ ആകുന്നു. അതിസമർത്ഥനും റോമിലുള്ള ഒരു ഉൽകൃഷ്ടകുടുംബ(Pianazi)ത്തിലെ അംഗവുമായ ഇദ്ദേഹം 1785 മുതൽ 1800 വരെ മലങ്കര വികാരി അപ്പോസ്തോലിക്കയായി ഭരണം നടത്തുകയും ചുരുക്കം ചില ഗ്രന്ഥങ്ങൾ നിർമ്മിക്കയും ചെയ്തിട്ടുണ്ട്.

## ബിഷപ് പിമൻറൽ

കൊടുങ്ങല്ലൂരിലെ ജെസ്വീററുമെത്രാനായ ഇദ്ദേഹം വലിയൊരു പണ്ഡിതനുമായിരുന്നു. തന്നിമിത്തം ജനങ്ങൾ ഇദ്ദേഹത്തെ 'ബുദ്ധി മെത്രാൻ' എന്നാണത്രെ പറഞ്ഞുവന്നതു്. അർണ്ണോസുപാതിരിയുടെ നിഘണ്ടു പൂർണ്ണമാക്കിയതു് ഈ പണ്ഡിതനാണ്. സംസ്കൃതത്തിലും മലയാളത്തിലുമുള്ള എല്ലാ പദങ്ങളും നിശ്ചയമുണ്ടായിരുന്ന ഇദ്ദേഹത്തിന്റെ ആ നിഘണ്ടു എത്രയും പ്രയോജനകരമായ ഗ്രന്ഥമാണെന്നു പൗലീനോസുപാതിരി പറയുന്നു.

## ഫ്ളോറൻസ്പാതിരി

ഇദ്ദേഹം വരാപ്പുഴയിൽ ഒരു വികാരി അപ്പോസ്തോലിക്ക ആയിരുന്നു. സുറിയാനിഭാഷയിലാണ് ഇദ്ദേഹത്തിന് അപാരപാണ്ഡിത്യമുണ്ടായിരുന്നതു്. ആ ഭാഷയിൽ 'തക്സാ'(കാർമ്മികഗ്രന്ഥം)യും 'മാമോദീസാക്രമ'വും ഇദ്ദേഹം എഴുതിയുണ്ടാക്കുകയും റോമായിൽ അയച്ച് അച്ചടിപ്പിക്കയുംചെയ്തു.

മേൽപ്രസ്താവിച്ച വൃത്താന്തങ്ങളെല്ലാം അനേകത്ര കണ്ട പല രേഖകളിൽനിന്നു കുട്ടിച്ചേർത്തിട്ടുള്ളതാണ്. പൗലീനോസിൻെറ ഗ്രന്ഥങ്ങൾ ഇതിനു വിശേഷിച്ചും വളരെ സഹായകമായിത്തീർന്നിട്ടുണ്ട്. കൂടാതെ പരേതനായ റവ. ഫാദർ സക്കറിയാസ് എന്ന പണ്ഡിതൻ പല സംഗതികൾ കുറിച്ചയച്ച് ഈ പ്രയത്നത്തിൽ എന്നെ സഹായിച്ചിട്ടുണ്ടെന്നുള്ളതും പ്രത്യേകം വക്തവ്യമാണ്.

## അദ്ധ്യായം പത്ത്

# നാട്ടുക്രിസ്ത്യാനികളുടെ സാഹിത്യപരിശ്രമങ്ങൾ

### സുറിയാനിഗ്രന്ഥങ്ങൾ

കഴിഞ്ഞ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ച ഭാഷാപരമായ പരിശ്രമങ്ങൾ നടന്നുകൊണ്ടിരുന്നകാലത്തു നാട്ടിലെ നസ്രാണിമാപ്പിളമാരും, വിശേഷിച്ച് അവരുടെ വൈദികന്മാരും അലസരായിരുന്നില്ല. യൂറോപ്യന്മാരോട്ടു സംസർഗ്ഗമുണ്ടാകുംമുൻപു നസ്രാണികളുടെ മുഖ്യമായ സാഹിത്യസമ്പത്ത് പാട്ടുകളും ആട്ടങ്ങളും മാത്രമായിരുന്നെങ്കിലും തദനന്തരം അവരിലും അനേകംപേർ മതസംബന്ധമായ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ ഉപകരിക്കുന്ന പല ഗദ്യകൃതികൾ എഴുതുകയും പകർത്തി പ്രചരിപ്പിക്കയും ചെയ്തുവന്നു. പോർട്ടുഗീസുകാർ മലങ്കരയിൽ കാൽവെച്ച കാലത്ത് നസ്രാണികളുടെ കൈവശം വേദപുസ്തകങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടായിരുന്നുവെന്നും, അവ ആശാന്മാരും മല്പാന്മാരും കുട്ടികളെ വായിപ്പിച്ചു പഠിപ്പിച്ചിരുന്നെന്നും പോർട്ടുഗീസ്‌രേഖകളിൽ കാണുന്നതായി ആദ്യത്തെ അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. എന്നാൽ അന്നു നസ്രാണികൾ ഉപയോഗിച്ചുവന്ന ആ ഗ്രന്ഥങ്ങൾ മിക്കതും സുറിയാനിഭാഷയിൽ എഴുതപ്പെട്ടവയായിരുന്നുവെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. നാട്ടുഭാഷാകൃതികൾതന്നെയും അവർ സുറിയാനിലിപികളിലാണ് എഴുതി സൂക്ഷിച്ചിരുന്നതു്. അങ്ങനെയുള്ള അനവധി ഗ്രന്ഥങ്ങൾ 1547–ൽ വൈപ്പിക്കോട്ടയിൽ സ്ഥാപിതമായ സെമ്മിനാരിയിൽ ശേഖരിക്കപ്പെട്ടിരുന്ന വിവരവും മുമ്പു പ്രസ്താവിച്ചുവല്ലോ. നസ്രാണിവൈദികന്മാർക്കു മാത്രമല്ല പ്രമാണികളായ അൽമായക്കാർക്കും (വൈദികത്വമില്ലാത്തവർ) അന്നു സുറിയാനിഭാഷ സുപരിചിതമായിരുന്നുവെന്നു വിചാരിക്കാം. അടുത്തകാലത്തുപോലും സുറിയാനിയിൽ പ്രാവീണ്യം സിദ്ധിച്ചിരുന്ന ചില വൃദ്ധന്മാർ ജീവിച്ചിരുന്നതായി അറിവുണ്ട്.

നിർദ്ദിഷ്ടദശയിലെ ഗ്രന്ഥസഞ്ചയത്തെപ്പറ്റി ചിന്തിക്കുമ്പോൾ പല സംഗതികളും നമുക്ക് അഭ്യൂഹത്തിൽ സമർപ്പിക്കയല്ലാതെ ഗത്യന്തരമില്ല. കാരണം ആവക കൃതികളിൽ ഏറിയപങ്കും ഉദയമ്പേരൂർ സൂനഹദോസു കാലത്ത് പോർട്ടുഗീസ് സഭാധികാരികൾ ശേഖരിച്ചു യൂറോപ്പിലേക്ക് അയച്ചുകളകയും അവയിൽ പലതും പിന്നീട് നഷ്ടമാകയുംചെയ്തെന്നുള്ളതാണ്. ഖലീഫ് ഉമാർ അലക്സാന്ത്രിയായിലെ ഗ്രന്ഥശാല നശിപ്പിച്ചതുപോലെ മെനേസീസ് മെത്രാപ്പോലീത്താ നസ്രാണികളുടെ ഗ്രന്ഥങ്ങൾ ചുട്ടുകരിച്ചുകളഞ്ഞെന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും, അതിന്നു മതിയായ ലക്ഷ്യങ്ങളില്ല. നസ്രാണികളുടെവകയായി ഒരു ഗ്രന്ഥ

ശേഖരം ഉണ്ടായിരുന്നതായി അറിയുന്നില്ല. അവിടവിടെയായി ചിലർ സൂക്ഷിച്ചുവച്ചിരുന്നവയും പാഷണ്ഡാഭിപ്രായങ്ങൾ കലന്നവയും ആയ ചില കൃതികൾ പാതിരിമാർ എടുത്തുകൊണ്ടുപോകയോ ചിലതു തിരുത്തി തിരിച്ചുകൊടുക്കയോ മാത്രമാണുണ്ടായതു്. ഇപ്രകാരം തിരുത്തിയ ചില കൈയെഴുത്തുപുസ്തകങ്ങൾ ഇന്നും കാണാവുന്നതുമാണു്. കുർബ്ബാനക്രമമായിരുന്നു അന്നുണ്ടായിരുന്നതിൽ ഏററവും പ്രധാനമായ ഒരു ഗ്രന്ഥം. തിരുത്തിനുമുൻപുണ്ടായിരുന്ന സുറിയാനിതക്സാ(കുർബ്ബാനക്രമം)യും തിരുത്തലിനു പിൻപുള്ള തക്സായും ദോം കൊണ്ണോലി എന്ന സുപ്രസിദ്ധനായ ഇംഗ്ലീഷ് ബെനദിക്തൻപണ്ഡിതൻ അന്യോന്യം തുലനം ചെയ്തുനോക്കിയതിൽ തിരുത്തിയ ഭാഗങ്ങൾ തീരെ കുറച്ചേയുള്ളുന്നും പരമാത്ഥത്തിൽ പഴയ കൽദായസുറിയാനികുർബ്ബാനക്രമംതന്നെയാണു് ഇന്നും കത്തോലിക്കാസുറിയാനിക്കാർ ഉപയോഗിക്കുന്നതെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നു.* അദ്ദേഹം ഈ വിഷയത്തെപ്പററി Journal of Theological Studies എന്ന പ്രസിദ്ധ പ്രോട്ടസ്റ്റൻറ്പത്രഗ്രന്ഥത്തിൽ ഒരു ദീർഘമായ പ്രബന്ധമെഴുതുകയും ആ പ്രബന്ധത്തിലെ അനുമാനങ്ങൾ മററു പണ്ഡിതന്മാർ അംഗീകരിക്കയും ഉണ്ടായിട്ടുണ്ടു്.

## മലയാളഗ്രന്ഥങ്ങൾ

ഉദയംപേരൂർ സൂനഹദോസിനാൽ നിരോധിക്കപ്പെട്ട ചില പുസ്തകങ്ങളുടെ നാമങ്ങൾ മറ്റു പല കൃതികളിലും പകത്തപ്പെട്ടുകാണുന്നുണ്ടു്. (1) മിശിഹായുടെ തിരുബാല്യപുസ്തകം (അഥവാ കന്നിമാതാവിന്റെ ചരിത്രം) (2) യോഹന്നാൻ ബരിയൽദോന്റെ പുസ്തകം (3) പിതാക്കന്മാരുടെ പുസ്തകം (4) പവിഴത്തിന്റെ പുസ്തകം(അബ്ബിശൊ) (5) മാക്കമാത്ത് (പറുദീസ) (6) സൂനഹദോസുകളുടെ പുസ്തകം (7) സ്വഗ്ഗത്തിൽനിന്നു വന്ന എഴുത്തു് (8) കമിസിൻെറ പാട്ടുകൾ (9) നർസയുടെ പുസ്തകം (10) പുണ്യവാന്മാരുടെ ചരിത്രം (11) പാർസിമാൻ (12) ശകുനപുസ്തകം. ഈ ഗ്രന്ഥങ്ങളിൽ ചിലതു് സന്മാഗ്ഗാനുകൂലങ്ങളല്ലാത്ത നിദ്ദേശങ്ങൾകൊണ്ടും, ശകുനം, മന്ത്രവാദം മുതലായ ആഭിചാരകാൎയ്യങ്ങളുടെ വ്യവഹാരംകൊണ്ടും മലീമസമായിരുന്നതായി വിചാരിക്കപ്പെട്ടുന്നു. 'ഭാഗ്യപുസ്തകം' എന്നു പേർപറഞ്ഞുവന്ന ഒരു ഗ്രന്ഥം ശകുനപരീക്ഷണത്തിനു് ഉപകരിക്കുന്നതായി വേറെയും ഉണ്ടായിരുന്നുവത്രേ.

ഏതായാലും പ്രസ്തുതസൂനഹദോസുകാലത്തിനുമുമ്പു് മലയാളത്തിൽ എഴുതിയതും പകത്തിയതുമായ പല സുറിയാനിഗ്രന്ഥങ്ങൾ ഇപ്പോൾ റോമ്മായിലെ വത്തിക്കാൻ ഗ്രന്ഥശാല, കേംബ്രിഡ്ജ് സവ്വകലാശാല, ഓക്സ്ഫോർഡിലെ 'ബോഡ്ലിയൻ' ഗ്രന്ഥശേഖരം, ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയം ഗ്രന്ഥശാല, പാരീസിലെ ബിബ്ലിയൊത്തെക്ക് നാസ്യോനാൽ (Bibliotheque Nationale) എന്നീ വിവിധസ്ഥാപനങ്ങ

* Journal of Theological Studies, July 1914 (pp. 569—589); Mr. Edmund Bishop's comments on the same, ibid pp. 589—592.

ളിൽ സൂക്ഷിക്കപ്പെട്ടുവരുന്നുണ്ട്. ഇവയിൽവെച്ച് ഏററം പഴക്കമുള്ള പ്രതികൾ കാണുന്നതു റോമ്മായിലാണ്. സർവ്വോപരി പുരാതനമായ ഗ്രന്ഥം ക്രി. അ. 1301–ൽ മലയാളത്തിലെ ''രാജകീയനഗരമായ ശെങ്കളദേശത്തു് (=ചെങ്ങഴി=കൊടുങ്ങല്ലൂർ) മാർ കുറിയാക്കോസു സഹദായുടെ പള്ളിയിൽ മാർ യാക്കോബുമെത്രാപ്പോലീത്തായുടെ കാലത്തു് അദ്ദേഹത്തിൻെറ ശിഷ്യനായ സക്കറിയാ എന്ന ശെമ്മാശ്ശുനാൽ എഴുതപ്പെട്ട 'പൗലോസിൻെറ ലേഖനങ്ങൾ''' എന്ന പുസ്തകമാകുന്നു. ഇതുപോലെ 1500–നും, 1600–നും എടയ്ക്കു് അങ്കമാലി, പറവൂർ മുതലായ സ്ഥലങ്ങളിൽവെച്ചു രചിക്കപ്പെട്ട ഗ്രന്ഥങ്ങളും കാണുന്നുണ്ട്. കേംബ്രിഡ്ജിൽ ഉള്ള ഗ്രന്ഥങ്ങൾ ഇത്രതന്നെ പ്രാചീനങ്ങളല്ലെങ്കിലും വിലയേറിയവയാണ്. ക്രി. 1800–ാമാണ്ടിടയ്ക്കു മലയാളത്തിൽ വന്ന (Claudius Buchanan) ബുക്കാനൻ എന്ന ചർച്ചുമിഷ്യനറിയാണ് ആ ഗ്രന്ഥങ്ങൾ ശേഖരിച്ചു കൊണ്ടുപോയതു്. പറവൂർ, കോതമംഗലം, ചെങ്ങന്നൂർ, കോട്ടയം ഇത്യാദിപ്രദേശങ്ങളിൽനിന്നാണ് അദ്ദേഹത്തിനു് അവയെല്ലാം ലഭിച്ചതെന്നും അദ്ദേഹം എഴുതിയിട്ടുണ്ട്. കേംബ്രിഡ്ജിലെ പ്രൊഫസർ എഫ്. സി. ബർക്കിററ് എന്ന പണ്ഡിതൻെറ സഹായത്താൽ ഈ ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനു് എനിക്കു സാധിച്ചു. ഈ ഗ്രന്ഥങ്ങൾ പകൎത്തപ്പെട്ടതു കേരളത്തിൽ വെച്ചാണെന്നല്ലാതെ, അവ ഈ നാട്ടിൽ ഉണ്ടായ സ്വതന്ത്രകൃതികളല്ല. അതിനാൽ ആ ഗ്രന്ഥങ്ങളെപ്പററി ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യം കാണുന്നില്ല.

## ഏതദ്ദേശീയരുടെ സുറിയാനികൃതികൾ

സുറിയാനിഭാഷയിൽ കേരളനസ്രാണികളാൽ എഴുതപ്പെട്ട കൃതികളിൽ വിശുദ്ധകുർബാനയെക്കുറിച്ചുള്ള കടവിൽ ചാണ്ടിക്കത്തനാരുടെ ഇരുപത്തിരണ്ടു ഗീതങ്ങൾ അതിവിശിഷ്ടമായ കവിതയാണ്. ഈ കത്തനാർ കടത്തുരുത്തി ദേശക്കാരനും 1653–ാമാണ്ടിടയ്ക്കു നസ്രാണികളുടെയിടയിലുണ്ടായ കക്ഷിവഴക്കിനെ വിദ്വേഷിച്ചു് റോമാബന്ധം സംരക്ഷിക്കാൻവേണ്ടി അശ്രാന്തപരിശ്രമം ചെയ്ത ഒരു വൈദികനുമാകുന്നു. മാത്രമല്ല, ഇദ്ദേഹം പ്രസിദ്ധനായ ഒരു വാഗ്മിയും തൻ്റെ പാണ്ഡിത്യംകൊണ്ടു പുറക്കാട്ടുരാജാവിൻെറ പ്രീതിഭാജനവും ആയിരുന്നതായി സമകാലികനായ സെബസ്ത്യാനി എന്ന ഇററാല൱ൻ മിഷ്യനറി തൻെറ യാത്രാവിവരണഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ചാണ്ടിക്കത്തനാരുടെ അതിപ്രശസ്തങ്ങളായ സുറിയാനിഗീതങ്ങൾ ഇരുപത്തിരണ്ടെണ്ണമാണ്. മാർ അപ്രേമിൻെറ വിശ്രുതഗീതങ്ങളെ അനുകരിച്ചത്രേ അവ എഴുതപ്പെട്ടിട്ടുള്ളതു്. ഈ കൃതികൾ അന്നുതന്നെ റോമ്മായിലെ സുറിയാനിപണ്ഡിതന്മാരുടെ പ്രശംസയ്ക്കു പാത്രീഭവിച്ചു. ഇപ്പോഴും ഈ ഗീതങ്ങൾ കത്തോലിക്കാ സുറിയാനിക്കാർ തങ്ങളുടെ ആരാധനകളിൽ ഉപയോഗപ്പെടുത്തിവരുന്നു. ഇതുകൂടാതെ വേറെയും ചില കൃതികൾ ഇദ്ദേഹം 'കൻസോൻ' ലിപികളിൽ എഴുതിയിട്ടുള്ളതായി അറിവുണ്ടെങ്കിലും അതൊന്നും ഇന്നുവരെ കണ്ടുകിട്ടിയിട്ടില്ല. ഈ വൈദികൻെറ

പാണ്ഡിത്യാതിരേകത്തെപ്പററി പാതിരിമാർ പോർത്തുഗൽ രാജാവിനു് എഴുതിയതായി പൗലീനോസു പറയുന്നു.

## ഇട്ടിത്തൊമ്മൻ കത്തനാർ

ചാണ്ടിക്കത്തനാരുടെ സമകാലികനെങ്കിലും പ്രതിയോഗിയായ കല്ലുശ്ശേരിക്കാരൻ ഇട്ടിത്തൊമ്മൻ കത്തനാരും ഒരു പണ്ഡിതനും ഗ്രന്ഥകാരനുമായിരുന്നു. 1653-ൽ 'പുത്തൻകൂറു്' ഉത്ഭവിച്ചശേഷം ഈ കത്തനാർ, പന്ത്രണ്ടു വൈദികന്മാരാൽ മെത്രാനായി അവരോധിക്കപ്പെട്ട പകലോമററം തോമ്മാ അർക്കദിയാക്കോൻെറ മുഖ്യോപദേഷ്ടാവും വിശിഷ്യ, അദ്ദേഹത്തെ മേൽപ്രകാരം അഭിഷേചിച്ചുയത്നിൽ ഉത്സാഹിച്ചവരിൽ അഗ്രഗാമിയും ആയിത്തീർന്നു. ഇദ്ദേഹത്തിൻെറ പ്രധാനകൃതി 'പൗലോസ്ശ്ലീഹായുടെ ചരിത്രം' എന്ന ഒരു പദ്യപ്രബന്ധമാണു്. ഇതു് ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല. വേറെയും ചില കൃതികൾ ഇദ്ദേഹം രചിച്ചിട്ടുണ്ടായിരിക്കാൻ ഇടയുണ്ടു്.

ഏകദേശം ഇതേകാലത്തുള്ളതായി 'ശ്ലീഹന്മാരുടെ ചരിത്രം' എന്നൊരു കയ്യെഴുത്തുഗ്രന്ഥത്തിൻെറ പകർപ്പുകൾ പല പുരാതനനസ്രാണിഭവനങ്ങളിൽ കാണുന്നു. അതിൻെറ രചയിതാവു് ആരെന്നു തീർച്ചപ്പെട്ടിട്ടില്ലെങ്കിൽ ഒരുപക്ഷേ കടവിൽ ചാണ്ടിക്കത്തനാരാണെന്നുവരാം. സുറിയാനിപദങ്ങൾ അതിൽ സുലഭമായിക്കാണ്മാനുണ്ടു്. മാത്രമല്ല, അതു സുറിയാനിയിലുള്ള മൂലഗ്രന്ഥത്തിൽനിന്നു വിവർത്തനം ചെയ്യപ്പെട്ടതാണെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. ശ്ലീഹന്മാർ പന്ത്രണ്ടുപേരുടേയും വൃത്താന്തങ്ങൾക്കു പുറമേ മാർ ഗീവറുഗീസിൻെറ ചരിത്രംകൂടി അതിൽ ചേർത്തിട്ടുണ്ടു്. ഇരുനൂറിലധികം താളിയോലകളുള്ള ഒരു വലിയ ഗ്രന്ഥമാണിതു്. ചില കുടുംബങ്ങളിൽ ആ ഗ്രന്ഥം ആദ്യവസാനം കടലാസിൽപ്പകർത്തി സൂക്ഷിച്ചിട്ടുള്ളതായും കണ്ടിട്ടുണ്ടു്.

## ഉദയംപേരൂർ സൂനഹദോസിലെ കാനോനാകൾ

18-ാം ശതാബ്ദത്തിനുമുൻപു് കേരളീയനസ്രാണികൾ എഴുതിയ ഗദ്യകൃതികളിൽവെച്ചു് എല്ലാംകൊണ്ടും പ്രാധാന്യം അർഹിക്കുന്നതു് 'ഉദയംപേരൂർ സൂനഹദോസിന്റെ കാനോനാകൾ' എന്ന ഗ്രന്ഥമാണു്. ഇതിലെ പ്രതിപാദ്യം പ്രസ്തുതസൂനഹദോസിന്റെ നിശ്ചയങ്ങളാകുന്നു. ആ മഹായോഗത്തിൽ ദ്വിഭാഷിയായി വർത്തിച്ച പള്ളുരുത്തിക്കാരൻ യാക്കോക്കത്തനാരായിരിക്കാം ഇതിൻെറ പ്രണേതാവു്. സൂനഹദോസ് അവസാനിച്ചിട്ടു് ഉടൻതന്നെ (1599-ാമാണ്ടിനടുത്തു്) ഈ കൃതി എഴുതപ്പെട്ടിരിക്കാനും ഇടയുണ്ടു്. ഈ ഗ്രന്ഥത്തിൻെറ പ്രതികളും പല പുരാതനഗൃഹങ്ങളിൽ സൂക്ഷിക്കപ്പെട്ടുപോരുന്നു. ഇതിലെ ഭാഷാസ്വരൂപം തമിഴിൽ കുളിച്ച മലയാളമാണെന്നു പറയാം. സംസ്കൃതപദങ്ങൾ ദുർല്ലഭവും തനിത്തമിഴപദങ്ങൾ സുലഭവുമാകുന്നു. അങ്ങുമിങ്ങും സുറിയാനിവാക്കുകളും നിരങ്കുശമായി പ്രയോഗിച്ചുകാണുന്നുണ്ടു്. ചില ഖണ്ഡികകൾ താഴെ പകർത്തുന്നു:

“ശുദ്ധമാനകത്തോലിക്കാവിശ്വാസത്തിന്റെ മുഴപ്പിന്നും ഈ ഇടവകയിലെ പട്ടക്കാരുടേയും എണങ്ങരുടേയും മര്യാദകൾക്കും വേണ്ടുന്ന വെടിപ്പിന്നും ഉറപ്പിന്നും സുറിയാനി പുസ്തകങ്ങളുടെ ക്രമങ്ങളും മാനം കാല്യന്നിയതിനകത്തുള്ള പള്ളികളോട് ഈ പള്ളി ഐമോത്യപ്പെട്ട ഒന്നിപ്പാനും നസ്രാണികൾക്കൊക്കെക്കും തലവനായ് ശുദ്ധമാനപാപ്പാനെ വേണ്ടുന്ന വണക്കത്തിന്നും വേണ്ടീട്ട് ഈ സൂനാദോസ തുടങ്ങണമെന്നു മിശിഹായാലേ സ്നേഹിക്കപ്പെട്ടയെന്റെ പുത്രരും ജേഷ്ടനനുജന്മാരുമാകുന്ന തങ്ങൾക്ക തോന്നുന്നതോ ഇതെല്ലാവരോടും കൂടിച്ചോദിച്ചാറേ വേണമെന്നവർ ചൊല്ലുകയും ചെയ്തു. അപ്പോഴോ മെത്രാൻ അവരോട് പട്ടക്കാരേ സ്നേഹപ്പെട്ട ജെഷ്ടനനുജന്മാരരേ തമ്പുരാന്റെ ലോകരേ ഈ സൂനാദോസ തുടങ്ങണമെന്നു നിങ്ങൾക്ക തോന്നിയതിനാംപക്കം തമ്പുരാനോട് അനേകം നമസ്കരിച്ച ഇരുന്നുകൊണ്ടുവേണം ഈ സൂനാദോസ തുടങ്ങാൻ.” (ഒന്നാം കാനോനാ)

* * *

“കാവ്യരുടെ ഇടയിൽ മാർതോമ്മാ നസ്രാണികൾ ഇരിക്കുന്നതിനേക്കൊണ്ട കാവ്യരു വിശ്വസിക്കുന്നതിൽ ചിലതു നസ്രാണികളിലും ചിലര വിശ്വസിക്കുന്നു എന്നു ശുദ്ധമാനസൂനാദോസ അറിഞ്ഞതിനെക്കൊണ്ട ഇതറിയിക്കുന്നു. മറുപിറവിയുണ്ടെന്നു വിശ്വസിക്കുന്നതു പട്ടാങ്ങയുടെ വിശ്വാസത്തിനു എടത്തുടാകുന്നതു. അതെന്ത്യേ മേലെഴുത്തുപെട്ടപോലെ ഒടലീന്നു ആത്മാവ പുറപ്പെട്ടമ്പോഴേ ആകാശമോക്ഷത്തിൽ താൻ പാതാളങ്ങളിൽ താൻ ഇറങ്ങി വിധിയുടെ ദിവസത്തിലേ ഓരോരോ ആത്മാവുകൾ തന്റെ തന്റെ ഉടലിനു ചേരും എന്നത്രേ തമ്പുരാന്റെ അരുളപ്പാട. വിശേഷിച്ചു ഈ ലോകത്തിൽ മാനുഷര ചെയ്യുന്ന ഗുണവും ദോഷവും ശേഷം എല്ലാം തങ്ങളുടെ മനസ്സാൽ അല്ലാ ചെയ്യുന്നതു. പിന്നെ തലയോട്ടിലെ എഴുത്തും വിധിയും അത്രേ എന്നു ചൊല്ലുന്നതും ഒൺമയാകുന്ന വിശ്വാസത്തിനു മറുത്ത അത്രയാകുന്നു. അതെന്ത്യേ നന്മയും തിന്മയും ചെയ്യുന്നത തമ്പുരാൻ മനുഷന്റെ പക്കൽ ആക്കിയത അത്രേയെന്ന തമ്പുരാന്റെ അരുളപ്പാട തന്റെ തന്റെ മാർഗ്ഗത്തിനു തക്കവണ്ണമിരുന്നാൽ മോക്ഷം കിട്ടുമെന്നു ചൊല്ലുന്നതും വിശ്വാസത്തോട മറുത്തത്രേ ആകുന്നു. അതെന്ത്യേ റൂഹാദക്കുദശായാൽ എഴുത്തുപെട്ടതിൽ പലയടത്തും എഴുത്തുപെട്ടിട്ടുണ്ട. മിശിഹായുടെ മാർഗ്ഗം വിശ്വസിച്ച മാർഗ്ഗം പോകാത്തോൎക്ക മോക്ഷം ഇല്ല എന്ന ഇതിനെക്കൊണ്ട എടവകയിലെ മൂപ്പന്മാരും അറിവില്ലാത്തവരോട അത്തരം വസ്തുക്കളിൽ വിശ്വസിക്കരുതെന്നു പല ഊഴവും പറഞ്ഞറിയിക്കണം എന്ന ശുദ്ധമാന സൂനഹദോസ പ്രമാണിക്കുന്നു.” (നാലാം കാനോനാ)

* * *

“സുറിയാനിയിൽ ചില പൊസ്തകങ്ങളിൽ വിശ്വാസത്തിനു മറുത്തുള്ള പിണക്കങ്ങളിൽ മത്തമറിയത്തുമ്മാനക്കൊണ്ട ചില പിണക്കങ്ങൾ ഒണ്ട. ആ പിണക്കങ്ങൾ പിണക്കങ്ങൾ എന്നറിഞ്ഞ അതിനെ വിശ്വ

സിക്കായ്യാൻ ശുദ്ധമാനകാതോലിക്കാവിശ്വാസം മത്തമറിയത്തുമ്മാനെക്കൊണ്ടു പഠിപ്പിക്കുന്നതായതു. ഇത ദോഷത്തിൻെറ കറ ഒരുനാളും ഉമ്മായ്ക്കു ഉണ്ടായില്ല എന്നും പെറുംമുമ്പേയും പെററപ്പോഴും ഒരിക്കലും കന്യസുഖം അഴിഞ്ഞിട്ടില്ല എന്നും നോവും വെടിപ്പുകേടും ആയിട്ടുള്ള പ്രസവവും ഉമ്മായിക്കുണ്ടായില്ല എന്നും താൻ മരിച്ചപ്പോൾ തന്നെ ആകാശമോക്ഷത്തിൽ ആയി എന്നും ഉയർത്ത ആത്മാവോടും ശരീരത്തോടുംകൂടെ ആകാശമോക്ഷത്തിൽ ഇരിക്കുന്നു എന്നും അതെന്ത്യേ ദൈവത്തിനുടെ പുത്രനെ ചുമന്നുപെററ ഉമ്മാടെ ഒടൽ മററ എല്ലാരുടേയും ഉടൽപോലെ പൊടിയായി പോകുന്നത ചെതമല്ലായ്ക്കകൊണ്ടും തമ്പുരാൻ ഉമ്മാനെ ഉയർപ്പിച്ച ആകാശമോക്ഷത്തിൽ മാലാകാമാരെ ഒക്കെക്കും മീതെ എടത്തിൽ ഉമ്മാനെ ഇരുത്തുകയും ചെയ്തു എന്ന ശുദ്ധമാനപള്ളി പഠിപ്പിക്കുന്നു. ഈവണ്ണം എല്ലാവരും വിശ്വസിക്കയും വേണം.'' (ആറാം കാനോനാ)

* * *

''യാതൊരു വസ്തുവും ചെറുപ്പത്തിൽ പഠിച്ചാൽ ആയതിനെ മറക്കുവാൻ അരിമയായിരിക്കും എന്നതിനെക്കൊണ്ടു പണ്ടേ നസ്രാണികൾ ആരും മാർഗ്ഗമല്ലാത്ത ആശാന്മാരോടും കുരുക്കന്മാരോടും പഠിക്കരുത എന്ന വിലക്കപ്പെട്ടിട്ടുണ്ടു. എന്നാൽ കാവ്യരുടെ എടയിൽ മലങ്കരനസ്രാണികൾ അകപ്പെട്ടതിനാംപക്കം അതിൽ ചിലരോടു വേണ്ടുന്നതു പഠിക്കരുത എന്നു വരുന്നതു വെഷമം അല്ലോ. എന്നാൽ നമുക്കു വേണ്ടുന്നതു അവരോടു പഠിക്കിലും അവരുടെ പരതേവരെ കുമ്പിടുകയും മററും മാർഗ്ഗത്തിൽ അടാതെയുള്ള കൃത്യം ഒന്നും ചെയ്യാതെ തൻെറ തൻെറ ആശാന്മാരെ തന്നെ വന്നിച്ചുംകൊണ്ടു പഠിച്ചുകൊള്ളുകയേ ആവു. വിശേഷിച്ചു പരതേവരെ കുമ്പിടുകയും മററും മാർഗ്ഗത്തിൽ അടാത്ത കൃത്യങ്ങളെ ചൈതെമതിയാവു എന്നു നമ്മുടെ കിടാങ്ങളോടു മുട്ടിക്കുന്ന ആശാന്മാരോടു നമ്മുടെ കിടാങ്ങളാരും പഠിക്കരുതെന്നു വിലക്കുകയും വേണം. വിലക്കു കടന്നുപോകുന്ന കിടാങ്ങളുടെ കാരണവരെ മഹറോനും ചൊല്ലി കുററപ്പെടുക്കയും വേണം.'' (പതിനൊന്നാം കാനോനാ)

* * *

''നസ്രാണികളിൽ ചില ആശാന്മാരു പരതേവരെവച്ചു കുമ്പിടുന്നു എന്ന ഈ ശുദ്ധമാന സൂനഹദോസു കേട്ടു. എന്നാൽ ആവണ്ണം ആരാനും ചെയ്യുന്നവരുണ്ടെങ്കിൽ പട്ടക്കാരരും എണങ്ങരുകൂടെ അവിടക്കു ചെന്നു അവരോടു അതു അരുതെന്നു വിലക്കണം. അതു അവരു കേട്ടില്ലെങ്കിൽ അവക്കു മഹറോനും ചൊല്ലണം. അവരു അങ്ങനെയിരുന്നു മരിക്കിൽ അവരുടെ ചവം ശുദ്ധമാനഎടത്തിൽ എങ്ങും അടക്കുകയും അരുതു. അവക്കുവേണ്ടി നമസ്കരിക്കയും അനിതാ ചൊല്ലുകയും അരുതു എന്നു ശുദ്ധമാനസൂനഹദോസു കല്പിക്കുന്നു.'' (പന്ത്രണ്ടാം കാനോനാ)

സുറിയാനിഗ്രന്ഥങ്ങളെല്ലാം പോർട്ടുഗീസുപാതിരിമാരെക്കാണിച്ചു തിരുത്തിക്കണമെന്നുണ്ടായ സൂനഹദോസുനിശ്ചയം പ്രത്യേകം ശ്രദ്ധേയമാണ്. ആ ഭാഗം താഴെ ഉദ്ധരിക്കുന്നു:

"ശുദ്ധമാനവിശ്വാസത്തിൻെറ ഗുമസ്തുവേണ്ടി ശുദ്ധമാനസൂനഹദോസ വഴക്കത്തിൻെറ ശക്തിയാലേയും മഹറോൻെറ പ്രാഛരിത്തത്താലേയും സുറിയാനിയിൽ പൊസ്തകങ്ങൾ ഒള്ളവർ ഒക്കെയും ഈ പ്രമാണം അറിഞ്ഞാൽ രണ്ടു തിങ്കൾക്കകത്തു അനേകം ബഹുമാനപ്പെട്ട മെത്രാനെ എങ്കിലും മെത്രാൻ കല്പിച്ചു സംബാളൂക്കൂട്ടത്തിലെ ചെന്നൊത്തു പഠിപ്പിക്കുന്ന ഫ്രാൻസിസ്കോസ പാദ്രിസ്സു എങ്കിലും തൻെറ തൻെറ പക്കലുള്ള സുറിയാനി പൊസ്തകങ്ങളും ക്രാസ്സുകളും കൊണ്ടുവന്നുകാട്ടി പെണക്കം തീപ്പിച്ചുകൊള്ളണം എന്നു പ്രമാണിക്കുന്നു...റൂഹാദക്കുദശായാൽ എഴുത്തുപെട്ട പൊസ്തകങ്ങൾ എന്നിയെ മറ്റുള്ള സുറിയാനി പൊസ്തകം ഒന്നും മലങ്കരമേല്പട്ടക്കാരൻെറ വിധിവചനം വെവ്വേറെ തിരിച്ചു വാങ്ങിക്കൊള്ളാതെകണ്ടു പേത്തു എഴുതരുതു്." (15–ാം കാനോനാ)

ഈ കൃതി ക്രി. 1600–ാമാണ്ടിടയ്ക്കു് എഴുതപ്പെട്ടതാണെന്നു മുൻ പറഞ്ഞുവല്ലോ. അക്കാലത്തു മലയാളത്തിലെന്നല്ല ഇൻഡ്യൻ ദേശഭാഷകളിൽ എങ്ങുംതന്നെ ശരിയായ ഗദ്യകൃതികൾ ഉണ്ടായിരുന്നില്ല. പ്രഖ്യാതമായ ബങ്കാളിഭാഷയിൽപ്പോലും 1820–ാമാണ്ടിടയ്ക്കു ഡെയൻകാരായ പാതിരിമാരാണു് ആധുനികമെന്നു പറയാവുന്ന ഗദ്യഗ്രന്ഥങ്ങളെഴുതാൻ തുടങ്ങിയതു്. ഈ സ്ഥിതിക്കു കേരളഭാഷയിൽ അതിനും വളരെക്കാലം മുമ്പേ അനേകം ഗദ്യപ്രബന്ധങ്ങൾ ഉണ്ടായിയെന്നുള്ളതു വിശേഷിച്ചും അഭിമാനകരംതന്നെ. യൂറോപ്യൻമിഷ്യനറിമാരുടെ സമ്പക്കം മാത്രമാണു് ഇതിനു് ആശ്രയമെന്നു ചിലർ പറയുന്നതു ശരിയല്ല. കേരളത്തിൽ ശക്തിമത്തായ ഒരു ക്രിസ്തീയസമൂഹം പണ്ടേ ഉണ്ടായിരുന്നതാണു് ഇതിന്റെ പ്രധാനകാരണം. 1700–നും, 1800–നും എടയ്ക്കു നാട്ടുനസ്രാണി വൈദികന്മാരാൽ എഴുതപ്പെട്ട എത്രയും വിലയേറിയ ഗദ്യഗ്രന്ഥങ്ങൾ മലയാളത്തിൽ അനേകമുണ്ടു്.

താദൃശപുരോഹിതന്മാരിൽ പ്രമുഖന്മാർ കരിയാററിൽ യൗസേപ്പു മല്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരുമത്രെ. ഈ പണ്ഡിതന്മാരുടെ സാഹിത്യോദ്യമങ്ങൾ പ്രതിപാദിക്കാൻ പ്രത്യേകം ഒരദ്ധ്യായം ആവശ്യമാകയാൽ പ്രസ്തുതശതാബ്ദത്തിലുണ്ടായ ഇതരഗദ്യകൃതികളേക്കുറിച്ചു മാത്രം ഇവിടെ സംക്ഷിപ്തമായി പ്രസ്താവിക്കാം.

## പ്രംസീസ്ക്ശൗരിയാർ പാതിരി

ഇദ്ദേഹം ക്രിസ്തുമതം അവലംബിച്ച ഒരു നമ്പൂരിയായിരുന്നു. ചെറുപ്പകാലത്തു് അഞ്ജ്ലോസ്പാതിരി കിടങ്ങൂർവെച്ചു് ഇദ്ദേഹത്തെ കണ്ടുമുട്ടുകയും അന്യോന്യമുണ്ടായ പരിചയത്തിൻെറയും ഗാഢമായ വേഴ്ചയുടെയും ഫലമായി അചിരേണ യുവാവായിരുന്ന ഇദ്ദേഹം 'മാഗ്ഗം' കൈക്കൊള്ളുകയുമാണുണ്ടായതു്. പ്രംസീസ്ക്ശൗയ്യാർ എന്നതു ജ്ഞാനസ്നാനത്തിൽ ലഭിച്ച പേരാകുന്നു. അനന്തരം ഇദ്ദേഹം ഒരു വൈദികനായിത്തീരുകയും ആരക്കുഴ മുതലായ പ്രദേശങ്ങളിൽ പള്ളിഭരണം നടത്തിവരികയും ചെയ്തു. ആ പള്ളിയിൽ ഇദ്ദേഹത്തിന്റെ പ്രേതകുടീരം ഇന്നും കാണുന്നുണ്ടു്.

ക്രൈസ്തവരുടെ ഉപയോഗാർത്ഥം ഇദ്ദേഹം പല കൃതികൾ രചിച്ചു. അവയിൽ ഗണ്യമായവ മനുഷ്യജീവിതത്തിൻെറ പ്രധാനഘട്ടങ്ങളെ സംബന്ധിച്ചെഴുതിയിട്ടുള്ള ധ്യാനങ്ങളും പ്രസംഗങ്ങളുമത്രേ. ഇവ ഇപ്പോഴും പലയിടത്തും കാണാവുന്നതാണ്. ഈ കൃതികളുടെ ചില കൈയെഴുത്തുപകർപ്പുകൾ റോമ്മായിലെ ഗ്രന്ഥസഞ്ചയത്തിലുമുണ്ട്. 'പാതിരിമലയാള'ത്തിനുള്ളതായി പറയപ്പെടുന്ന വൈരൂപ്യങ്ങളൊന്നും ഇദ്ദേഹത്തിൻെറ ഗദ്യത്തെ ബാധിച്ചിട്ടില്ല. ഒരു മഹാസുകൃതിയായിട്ടാണ് ഈ വൈദികൻ ജീവിതം നയിച്ചതെന്നു പൗലീനോസ് പ്രസ്താവിച്ചിരിക്കുന്നു.

## ചരിത്രകൃതികൾ

നസ്രാണിമാപ്പിളമാരുടെ ചരിത്രം സംബന്ധിച്ചുള്ള പുരാതനകൃതികൾ ചുരുക്കമാണ്. എങ്കിലും മൂന്നാമദ്ധ്യായത്തിൽ ഉദ്ധരിച്ച പഴയ പാട്ടുകളിൽ തത്സംബന്ധമായ വിവരങ്ങൾ ധാരാളം കാണാം. പരമ്പരയാ നസ്രാണികളുടെ പ്രധാനഭരണാധികാരികളായിരുന്ന പകലോമറ്റം അർക്കദിയാക്കോന്മാർ അവിച്ഛിന്നമായി ഒരു ഗ്രന്ഥവരി എഴുതി സൂക്ഷിച്ചുവന്നുവെന്നു പ്രബലമായ ഐതിഹ്യമുണ്ട്. അതെല്ലാം കൂട്ടിശേഖരിച്ചാണു പ്രസ്തുതകുടുംബത്തിലെ ഏററം പ്രസിദ്ധനായ ആറാം മാർത്തോമ്മാമെത്രാപ്പോലീത്താ തൻെറ നിര്യാണത്തിനുമുമ്പ് ഒരു ചരിത്രം എഴുതിയുണ്ടാക്കിച്ചതു്. അതിൻെറ കൈയെഴുത്തുപ്രതികൾ ഇന്നും തെക്കു ചില പഴയ തറവാടുകളിൽ കാണുന്നുണ്ട്.

1600–നും 1700–നും എടക്കു് നസ്രാണിവൈദികന്മാർ സഭാചരിത്രസംബന്ധമായ പല കൃതികൾ നിർമ്മിച്ചിട്ടുള്ളതായി അറിയുന്നു. കടവിൽ ചാണ്ടിക്കത്തനാർ, മാലാന മത്തായിക്കത്തനാർ, ഇട്ടിത്തൊമ്മൻ കത്തനാർ, കടപ്പൂർ ഉണ്ണീട്ടൻകത്തനാർ എന്നിവരാണു തൽപ്രണേതാക്കന്മാർ. പരേതനായ നിധീരിക്കൽ മാണിക്കത്തനാർ ഈ ഗ്രന്ഥങ്ങളെപ്പററി പ്രസ്താവിച്ചിട്ടുണ്ടെന്നല്ലാതെ വേറെ വിവരമൊന്നും ലഭിച്ചിട്ടില്ല. ചാണ്ടിക്കത്തനാരുടെ ആ പ്രബന്ധം സുറിയാനിയിലായിരുന്നു വിരചിതമായതെന്നും കടത്തുരുത്തിയിൽ സൂക്ഷിച്ചിരുന്നുവെന്നും പറയപ്പെടുന്നു.

1700–ാമാണ്ടിനിടക്കു ഡച്ചുകാരുടെ അഭിലാഷപ്രകാരം മത്തായിക്കത്തനാർ എന്നൊരു നസ്രാണിവൈദികൻ സുറിയാനിയിൽ സ്വസമുദായത്തിൻെറ ഒരു ചരിത്രം എഴുതുകയും അതു പിന്നീടു യൂറോപ്യൻഭാഷകളിൽ വിവർത്തനം ചെയ്യപ്പെടുകയും ഉണ്ടായി. ഹോളണ്ടിൽ ഒരു ചരിത്രകാരന്റെ ആവശ്യം പുരസ്കരിച്ചാണു ഗ്രന്ഥം നിർമ്മിതമായതു്. കൃതിയുടെ പേർ 'അൽഗെദെസ് എഭഗെദാസ്'ലെ സുറിയായെ ഉതാസെ ഈശാഹ്ലൻ ദെഹെലേൻ' എന്നാകുന്നു. ഒരു യാക്കോബായവൈദികൻെറതാണ് ഈ കൃതിയെങ്കിലും ഭാഷ കൽദായസുറിയാനിയാണെന്നു

ള്ളതു പ്രത്യേകം സ്മരണീയമത്രെ.[1] ലാൻഡ് എന്ന ഡച്ചുഗ്രന്ഥകാരൻ എഴുതിയ (Anecdota Syriaca) 'സുറിയാനികഥാശേഖര'ത്തിൽ ഇതിന്റെ ഒരു പ്രതിയും ചേർത്തുകാണുന്നുണ്ട്. റവ. ഫാദർ ഹോസ്റ്റൺ ഈ പ്രബന്ധം ഇംഗ്ലീഷിൽ തർജ്ജിമചെയ്ത് 'ഇൻഡ്യൻ ആന്റികവറി' എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.[2]

പ്രസ്തുതസുറിയാനിപ്രബന്ധത്തിന്റെ പരിഭാഷയെന്നു തോന്നുമാറു് 'മലയാളത്തിലുള്ള സുറിയാനിക്കാർക്കു ഭവിച്ച ഭവിതങ്ങൾ' എന്ന പേരിൽ ഒരു മലയാളകൈയെഴുത്തുപ്രബന്ധംകൂടി ഹോളണ്ടിൽ ലെയ്ഡൻ സർവ്വകലാശാലവക ഗ്രന്ഥശേഖരത്തിൽ കാണുന്നുണ്ട്. ഇതിനെ സംബന്ധിച്ച വിവരങ്ങളും ലാൻഡിന്റെ കൃതിയിൽ കാണാം.

1 യാക്കോബായക്കാരും ആദ്യം കൽദായസുറിയാനി (Eastern Syriac) തന്നെയാണ് ഉപയോഗിച്ചിരുന്നതു്. അന്ത്യോക്യൻസുറിയാനി (പടിഞ്ഞാറൻ സുറിയാനി) അവലംബിച്ചിട്ടു 100 വർഷമായിട്ടുണ്ടോ എന്നു സംശയമാണ്.

2 Indian Antiquary 1927. Vol. LVI.

## അദ്ധ്യായം പതിനൊന്ന്

# കരിയാററിൽ യൗസേപ്പുമൽപാനും പാറേമ്മാക്കൽ തോമ്മാകത്തനാരും

### കരിയാററിൽ മല്പാൻെറ ജനനവും വിദ്യാഭ്യാസവും

കേരളത്തിൽനിന്ന്, എന്നല്ല ഇൻഡ്യയിൽനിന്നുതന്നെ, ഉൽകൃഷ്ട വിദ്യാഭ്യാസാത്ഥം, ഇദംപ്രഥമമായി യൂറോപ്പിൽ പോയി അന്നു ജഗൽ പ്രസിദ്ധമായിരുന്ന റോമ്മാസവ്വകലാശാലയിൽ പതിനൊന്നുവഷം അഗാധപഠനംനടത്തി പല ഉന്നതബിരുദങ്ങൾ സമ്പാദിച്ചശേഷം സ്വദേശത്തു തിരിച്ചുവന്നു നസ്രാണിസമുദായത്തിൻെറ ഐക്യത്തിനും അഭിവൃദ്ധിക്കുംവേണ്ടി ജീവനെപ്പോലും തൃണവൽഗണിച്ചു യത്നിച്ച ആലങ്ങാട്ടുകാരൻ കരിയാററിൽ മെത്രാപ്പോലീത്താ എന്ന പേരിൽ പ്രഖ്യാതനായ യൗസേപ്പുമല്പാൻെറയും അദ്ദേഹത്തിൻെറ ആപ്തമിത്രവും സഹവത്തിയും വലിയൊരു പണ്ഡിതനും ആയ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടേയും വൃത്താന്തങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രധാനമായി പ്രസ്താവിക്കാൻ ഉദ്ദേശിക്കുന്നതു്. സഭാചരിത്രത്തിൽ എന്നപോലെ കേരളസാഹിത്യചരിത്രത്തിലും ഈ മഹാരഥന്മാർ അത്യുൽകൃഷ്ടമായ സ്ഥാനം അർഹിക്കുന്നുണ്ടെന്നു വഴിയേ കാണാം.

1775 മുതൽ 1800–വരെയുള്ള കാലം മലങ്കരനസ്രാണികളുടെ ഇടയിൽ ഉണ്ടായ സ്മരണാർഹങ്ങളായ പല സംഭവങ്ങൾകൊണ്ടു ഗുരുതരമായ ഒരു ഘട്ടമായിരുന്നു. ദൗർഭാഗ്യവശാൽ പരസ്പരം വേർപെട്ടുപോയ (Catholic Syrian) പഴയകൂററുകാരേയും (Iacobite Syrian) പുത്തൻകൂററുകാരേയും തമ്മിൽ യോജിപ്പിക്കുന്നതിനായി രണ്ടുവശത്തും നടന്ന അത്യുത്സാഹങ്ങളാണ് ഇതിൻെറ പ്രധാനകാരണം. ഈ മഹോദ്യമത്തിൽ ഉഭയകക്ഷികളിലും ഉത്തമന്മാരായ ചില നസ്രാണിപ്രമുഖന്മാർ മുമ്പോട്ടുവരികയും സമുദായത്തിൻെറ യോഗക്ഷേമത്തിനുവേണ്ടി പലതും പ്രവത്തിക്കുകയും ചെയ്തു. അവരിൽ ചിലർ പണ്ഡിതാഗ്രേസരന്മാരായിരുന്നതുകൊണ്ടു് ഉദ്ദേശപ്രാപ്തിക്കു ഗ്രന്ഥനിമ്മാണമാണ് കാൎയ്യമായി കണ്ടെത്തിയ മാൎഗ്ഗം. തന്നിമിത്തം ആയിടെ മലയാളത്തിൽ പല വിശിഷ്ട കൃതികളും ഉണ്ടാകാനിടയായി.

അക്കാലത്തു നസ്രാണിസമുദായത്തിൻെറ നേതൃസ്ഥാനങ്ങളിൽ പരിലസിച്ച വൈദികന്മാർ പലരും നല്ല പണ്ഡിതന്മാരും ഗ്രന്ഥകത്താക്കന്മാരും ആയിരുന്നുവെന്നുള്ള സംഗതി മറക്കത്തക്കതല്ല. പോർട്ടുഗീസുകാരായ മിഷ്യനറിമാർ സ്ഥാപിച്ച പാഠശാലകളിൽ ചേന്ന് അവർ

ലത്തീൻ, പോർട്ടുഗീസ് മുതലായ പാശ്ചാത്യഭാഷകൾ പഠിക്കയും തദ്വാരാ അവരുടെ വിജ്ഞാനഭണ്ഡാരം തുറക്കപ്പെടുകയും ചെയ്തു. ഇതരകേരളീയർക്ക് ഈ ഭാഗ്യം സിദ്ധിച്ചതു കഴിഞ്ഞ നൂറുവർഷങ്ങൾക്കിപ്പുറം മാത്രമാണ്.

മലങ്കരനസ്രാണിസമുദായത്തിൽ ജന്മംലഭിച്ച പുരുഷന്മാരിൽവെച്ച് പല കാരണങ്ങളാലും യൗസേപ്പുമല്പാൻ പ്രഥമസ്ഥാനം അർഹിക്കുന്നുണ്ടെന്നു നിസ്സംശയം പറയാം. ആലങ്ങാട്ടുദേശത്തു കരിയാററിൽ എന്ന പുരാതനകുടുംബത്തിൽ ക്രി. 1735-ാമാണ്ടിടയ്ക്കു് ഇദ്ദേഹം ജാതനായി. ചെറുപ്പംമുതൽക്കേ ഈ പുരുഷരത്നം വിദ്യാസമ്പാദനത്തിൽ അതിതല്പരനായിരുന്നു. 1755-ാമാണ്ടിടയ്ക്കു വൈദികപഠനാർത്ഥം ഇദ്ദേഹം റോമ്മായിലേക്കു് അയയ്ക്കപ്പെട്ടു. അവിടെ തത്വശാസ്ത്രം, വേദാന്തം, സഭാനിയമം ഇത്യാദിഗഹനവിഷയങ്ങളിൽ അനന്യലബ്ധമായ പാണ്ഡിത്യം നേടുകയാൽ പിഎച്ച്. ഡി.; ഡി. ഡി.; ഡി. സി. എൽ. എന്നീ വലിയ ബിരുദനാമങ്ങൾക്കു് ഇദ്ദേഹം അർഹനായി. 1766-ഏപ്രിൽ മാസം 2-ാം തീയതി പ്രോപ്പഗാന്തസർവ്വകലാലയത്തിൽനിന്നു് ഇദ്ദേഹത്തിനു സിദ്ധിച്ച ഡി. ഡി. ബിരുദിന്റെ ബഹുമതിപത്രങ്ങൾ മാന്നാനം കർമ്മലീത്താശ്രമത്തിൽ ഇന്നും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. സതീർത്ഥ്യന്മാർ എല്ലാവരേക്കാളും ഇദ്ദേഹം അനേകധാ അത്യുൽകൃഷ്ടനായിരുന്നുവെന്നു് അവരിൽ പലരും പിന്നീടു സമ്മതിച്ചിട്ടുള്ളതാണ്.

## കരിയാററിൽ മല്പാന്റെ കൃതികൾ

യൗസേപ്പുകത്തനാർ സ്വരാജ്യത്തു തിരിച്ചെത്തിയശേഷം പ്രസിദ്ധമായ ആലങ്ങാട്ടു (സെമ്മിനാരി) വൈദികവിദ്യാലയത്തിന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. തന്റെ അസാമാന്യമായ ജ്ഞാനതൃഷ്ണ ശിഷ്യരിലും സംക്രമിപ്പിക്കുന്നതിൽ ഇദ്ദേഹത്തിനു വിശേഷസാമർത്ഥ്യം ഉണ്ടായിരുന്നുവെന്നത്രേ ശ്രുതി. അക്കാലത്തു മല്പാന്റെ ശ്രദ്ധ പ്രത്യേകം ആകർഷിക്കപ്പെട്ടതു കേരളീയക്രൈസ്തവതതിയിൽ സംഭവിച്ച മതവിഭാഗങ്ങൾ ധ്വംസനംചെയ്തു വീണ്ടും ഐക്യം സ്ഥാപിക്കണമെന്ന കാര്യത്തിലായിരുന്നു. ഈ ഉദ്ദേശ്യത്തോടുകൂടി 1768-ൽ ആലങ്ങാട്ടുവെച്ച് ഇദ്ദേഹം എഴുതിയ കൃതിയാണ് 'വേദതർക്കം'. ഇതു മലയാളത്തിൽ അറിയപ്പെട്ടവയിൽവെച്ച് ആദ്യത്തേ ഒരു വിശിഷ്ടഗദ്യകൃതിയാകുന്നു. ഭാഷാശുദ്ധി, വിഷയവൈശദ്യം, രീതിയുടെ ഊർജ്ജസ്വലത മുതലായ ഗുണങ്ങൾകൊണ്ടു് ഈ കൃതി മലയാളഗദ്യചരിത്രത്തിൽ ഒരു നവീനപ്രസ്ഥാനത്തെ ലക്ഷീകരിക്കുന്നുവെന്നു നിശ്ശങ്കം പറയാം. അപൂർവ്വം ചില കുടുംബങ്ങളിൽമാത്രമേ ഇതിന്റെ പകർപ്പുകൾ ഇപ്പോൾ കാണുന്നുള്ളൂ. എന്റെ കൈവശമുള്ളതു് ഏകദേശം 80 പുറങ്ങളുള്ള ഒരു താളിയോലഗ്രന്ഥമാണ്. ഇതിന്റെ കടലാസിൽ എഴുതിയ പ്രതികൾ വേറെ ചില പുരാതനഭവനങ്ങളിൽ ഉള്ളതായി അറിയാം.* ഗഹനമായ

* ഈ കൃതിയുടെ ഒരു വിശിഷ്ടമായ പ്രതി (കടലാസ്) പുളിങ്കുന്നു സന്യാസാശ്രമത്തിൽ ഉണ്ട്.

ഒരു വിഷയത്തെക്കുറിച്ച് എത്രയും യുക്തിയോട്ടം ശക്തിയോട്ടംകൂടി രചിക്കപ്പെട്ട ഈ ഗദ്യകൃതി ഇതേവരെ പ്രചാരത്തിൽ വന്നിട്ടില്ലാത്തതു വിസ്മയകരംതന്നെ. ഈ കൃതിയിലെ മുഖ്യമായ വ്യവഹാരവിഷയം ലോകസൃഷ്ടിമുതൽ ദൈവത്തിൻെറ ജനതയിൽ ഒരിക്കലും പല അധികാരികൾ ഉണ്ടായിട്ടില്ലെന്നും ക്രിസ്തീയസഭയുടെ അധികാരി പത്രോസും പത്രോസിൻെറ അനുഗാമിയായ മാപ്പാപ്പായും മാത്രമായിരിക്കാനേ നിവൃത്തിയുള്ളുവെന്നുംമററുമുള്ള സംഗതികളാണ്. കൃതിയുടെ ആരംഭവും മററുചില ഭാഗങ്ങളും താഴെ ഉദ്ധരിക്കുന്നു.

"സകലേശ്വരനാകുന്ന ഏകസ്വരൂപത്തിന്റെ സകല മഹത്വം പെരുമ അറിഞ്ഞു സകലസമ്മതസ്നേഹസ്തുതിചെയ്ത ആരാധിച്ച സകലേശതിരുവുള്ളക്കാററായിട്ട സകലേശനോട്ടകൂടെ രഞ്ജിച്ച (ജെരുസൊരോസനെന്ന പൂൎണ്ണത്തോട്ടകൂടെ അനന്തവാഴ്ച) മോക്ഷരാജ്യത്തിങ്കൽ അനന്തേശനോട്ടകൂടി വാഴിച്ച തോഴിച്ചുകൊള്ളുവാനായിട്ട ശകലേശഭക്തഭൃത്യവൃന്ദമാകുന്ന മാലാഖാമാരേയും മാനുഷരേയും സൃഷ്ടിച്ചു മാനുഷരെ ഭൂമിവാഴ്ചയ്ക്കു് ഉപകാരമായിട്ട സകലലോകവും സകലവസ്തുക്കളേയുംകൂടെ സൃഷ്ടിക്കയും ചെയ്തു. എന്നാൽ സകലലോകവും സകലസൃഷ്ടിപ്പുകളൊക്കയുംകൂടെ സകലനാഥനായിട്ട സകലേശ്വരനാകുന്ന സ്വരൂപം താൻതന്നെ ആകുന്നു. രണ്ടീശന്മാരില്ലെന്നപോലെ അരൂപസ്വരൂപികളാകുന്ന മാലാഖാമാരുടെ തലവനായിട്ട മിഖായേൽ റേശുമാലാഖായെ തമ്പുരാൻ കല്പിച്ചു എന്നപോലെ അരൂപസ്വരൂപമാകുന്ന മാനുഷവൎഗ്ഗമൊക്കയ്ക്കും കൂടെ തലവനും പിതാവുമായിട്ട് ആദം എന്നൊരുവൻ മാനുഷനെ തമ്പുരാൻ സൃഷ്ടിച്ചു. അവിടേയും രണ്ടില്ല ഏകതലവൻതന്നെയായിരുന്നു."

ഇങ്ങനെ ഇസ്രായേൽ ജനങ്ങളുടെ ചരിത്രം കൂലങ്കഷമായി പരിശോധിച്ചുകൊണ്ടു പ്രകൃതം ഇപ്രകാരം ഗംഭീരരീത്യാ തുടരുന്നു:

"ആദിതൊട്ട മിശിഹാ വരുവോളം പല തലവന്മാരായി വാണു എങ്കിലും ഒരു കാലത്തിൽ ഒരു കൂട്ടത്തിനു രണ്ടു തലവന്മാരു ഒരുനാളും വാണിട്ടില്ലെന്നു വിശ്വാസമായിട്ട എഴുത്തുപെട്ടിരിക്കുന്നു. ഓരോരോ കാലങ്ങളിൽ ഓരോരോ തലവന്മാരത്രേ ആകുന്നു. ഇതെന്തെ ഒരു നാട്ടിനു രണ്ടു രാജാവായാൽ തമ്മിൽ പിണങ്ങി രാജ്യം ക്ഷയിച്ചുപോകും. എന്നപോലെ ഒരു വീട്ടിനു രണ്ടശ്ശന്മാരായാൽ തങ്ങളിൽ പിണങ്ങി വീട്ട ക്ഷയിച്ചുപോകും...അതുകൊണ്ടു ഒരു നാട്ടിനു രണ്ടു രാജാവും വീട്ടിനു രണ്ടശ്ശനും ഒരു ശരീരത്തിനു രണ്ടു തലയും...ന്യായമാകുന്നില്ല...എന്നപോലെ സകല മാനുഷരേയും രക്ഷിപ്പാനായിട്ട സകലനാഥൻ മാനുഷനായി പിറന്നാറേ തൻെറ മാൎഗ്ഗന്യായം താൻതന്നെ കല്പിച്ചുപഠിപ്പിച്ചു സൎവ്വനേൎവ്വഴി സമ്മതിച്ചുകൂടിയ സൎവ്വവിശ്വാസക്കാരരാകുന്ന നസ്രാണികളുടെ സഭക്കൂട്ടമാകുന്ന ശുദ്ധമാന കാതോലിക്കാപള്ളിയുടെ മുമ്പിലത്തെത്തലവനും ഇടയനും വികാരിയും അടിസ്ഥാനവും മിശിഹാതമ്പുരാൻതന്നെയായിരുന്നു. അപ്പോൾ ലോകത്തിൽനിന്നും തൻെറ ബാവാടെ അണ്ടു വാങ്ങുവാൻ കാലമടുത്തപ്പോൾ അറുതിയില്ലാത്ത തൻെറ ബോധജ്ഞാനംകൊണ്ടു തന്റെ പള്ളിയുടെ ഗുണത്തിനും പരിപാലനയ്ക്കും

നീക്കംവരാതെ ഒടുക്കത്തോളം പാലിച്ചു കൊള്ളുവാൻ കൎത്തവ്യതലവനായിട്ടു മിശിഹാതമ്പുരാനു പകരം മിശിഹാതമ്പുരാൻെറ സ്ഥാനത്തിൽ സിമഹോൻ കേപ്പായെ തലവനാക്കി.''

പത്രോസിൻെറ പരമാധികാരത്തെ വേദാഗമസാക്ഷ്യങ്ങൾകൊണ്ടു സമൎത്ഥിച്ചശേഷം അദ്ദേഹത്തിൻെറ തലസ്ഥാനം റോമ്മായിലൊ അന്ത്യോക്യായിലോ ആയിരിക്കാൻ എടയുള്ളതു് എന്നതിനെപ്പററി ഗ്രന്ഥകാരൻ വളരെ ശക്തിപൂൎവ്വം ചർച്ച നടത്തുന്നു. ഈ ഘട്ടം രസകരമാകയാൽ അല്പം മാത്രം ഉദ്ധരിക്കാം.

''മിശിഹാതമ്പുരാൻ കേപ്പായിക്കുമുമ്പിൽ കൊടുത്ത തലസ്ഥാനവും മുഷ്ക്കരത്വവും മറെറാരുത്തനു കൊടുത്തു വാഴിച്ചു അന്ത്യോക്യായിൽ ഇരുത്തിയേച്ചു (റോമ്മായിക്കു) പോകുമോ? കൊടുത്തേച്ചുപോയാൽ പിന്നെ ഇരുപത്തിനാലു കാലവും അഞ്ചു മാസവും പന്ത്രണ്ടു ദിവസവും റോമ്മായിൽ കേപ്പായിരുന്നപ്പോൾ കേപ്പാ ആരായി ഇരിക്കേണ്ടും? തലവൻെറ സ്ഥാനം മറെറാരുത്തനു കൊടുത്താൽ കേപ്പ പിന്നെ ആടായി ഇരിക്കയോ? കേപ്പാടെ ഇടയൻ അന്ത്യോക്യായിലും അയാടെ ആടായിട്ടു കേപ്പാ റോമ്മായിലും ഇരുന്നു എന്നു വരുമോ? എന്തെന്നു തോന്നുന്നു?

''കേപ്പാടെ മെൽ തമ്പുരാൻ തൻെറ പള്ളിപണിചെയ്തുപോലെ കേപ്പാടെ മേൽതന്നെ ഇരുന്നു എന്നു ഞങ്ങൾക്കു വിശ്വാസം. എന്നപോലെ തമ്പുരാൻ അയാടെ കയ്യിൽ കൊടുത്ത മോക്ഷത്തിന്റെ താക്കോലുകളും അയാളുടെ കയ്യിൽതന്നെ ഇരിക്കുമാറാകുന്നു. ആൎക്കും കൊടുത്തില്ല. എങ്ങും കളഞ്ഞുപോയതുമില്ല.''

ഈ ഗദ്യത്തിലെ ഭാഷാരൂപം ആധുനികന്മാൎക്കു പഥ്യമാകുമെന്നു് എനിക്കു് അഭിപ്രായമില്ല. ഇപ്പോഴത്തെ ഗദ്യനിരൂപകന്മാർ ഇത്തരം ഗദ്യരീതി ഉൽബണമായി (bombastic) കരുതുമെങ്കിലും സൎവ്വഭാഷാസാഹിത്യങ്ങളിലും ആദിമഘട്ടത്തിൽ ഇങ്ങനെയുള്ള പ്രൗഢഗദ്യത്തിനാണു പ്രകൎഷം കാണുന്നതെന്നു റാലി (Sir Walter Raleigh) ബ്രൗൺ (Sir T. Browne) മിൽട്ടൺ (Milton) മുതലായ ഇംഗ്ലണ്ടിലെ ആദ്യഗദ്യകാരന്മാരുടെ പ്രസ്ഥാനങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാണു്.

## പുനരൈക്യപ്രസ്ഥാനം

ഈ കൃതി രചിക്കപ്പെട്ടകാലത്തു കേരളത്തിലെ പഴയകൂർ (കത്തോലിക്കാ) സുറിയാനിക്കാർ വിദേശമിഷ്യനറിമാരുടെ ഭരണശാസനത്തിൽ അതൃപ്തരായിത്തീൎന്നിരുന്നു. പുത്തൻകൂർ (യാക്കോബായ) സുറിയാനിക്കാൎക്കും തങ്ങളുടെ നിലയേപ്പററി അതൃപ്തിയുണ്ടായിരുന്നു. കാതോലികവും അപ്പസ്തോലികവും ആയ ഏകസഭയുടെ ഐക്യത്തിൽ വന്നു ചേരണമെന്നായിരുന്നു അവരുടെ ആഗ്രഹം. വൈദികാധികാരികളുടെ വ്യക്തിപരമായ അഭിലാഷങ്ങൾകൊണ്ടുണ്ടായതാണു് ഭിന്നിപ്പുകൾ എന്നു് അവൎക്കു ബോധ്യമായിരുന്നു. സുപ്രസിദ്ധനും പകലോമററംകുടുംബത്തിൽ ഉണ്ടായ മെത്രാന്മാരിൽ എല്ലാംകൊണ്ടും അഗ്രഗണ്യനും ആയിരുന്ന ആറാം മാർതോമ്മാമെത്രാപ്പോലീത്താ വിശേഷിച്ചു് ഈ അഭിപ്രാ-

യക്കാരനായിരുന്നു.* ഈ വന്ദ്യൻ യൗസേപ്പുമല്പാനെ നിരണത്തു വരുത്തി സഭാസംബന്ധമായി പല കാര്യങ്ങളും ആലോചനചെയ്തശേഷം പഴയകൂറും പുത്തൻകൂറും ഒന്നാകെ യോജിപ്പിച്ചു മാർപ്പാപ്പായുടെ കീഴിൽ വരുത്തണമെന്നും അതിനായി മല്പാൻ റോമ്മായിൽ പോയി മാർപ്പാപ്പായെക്കണ്ട ഹൃദ്യമായ തീരുമാനം ഉണ്ടാക്കിക്കണമെന്നും ആവശ്യപ്പെട്ടു. തദനുസാരം ചില അനുയായികളോട്ടുകൂടി 1777-ൽ ഇദ്ദേഹം റോമ്മായിലേക്കു യാത്രയായി.

മല്പാന്റെ അനുപ്രയായികളിൽ പ്രധാനി പാലാശ്ശുട്ടത്തുള്ള കടനാട്ട് എടവകക്കാരനായ പാറേമ്മാക്കൽ തോമ്മാക്കത്തനാരായിരുന്നു. ഇദ്ദേഹം 1740-ാമാണ്ടിടയ്ക്കാണു ഭൂജാതനായതു്. സംസ്കൃതം, തമിഴ്, പോർട്ടുഗീസ്, ലത്തീൻ എന്നീ ഭാഷകളിൽ കത്തനാക്കു സാമാന്യം നല്ല പാണ്ഡിത്യം ഉണ്ടായിരുന്നു. വർത്തമാനപ്പുസ്തകം എന്ന പേരിൽ പണ്ടറിയപ്പെട്ടിരിക്കുന്നതും ഇപ്പോൾ റോമ്മായാത്ര എന്നു പറയപ്പെടുന്നതും ആയ പ്രസിദ്ധകൃതിയുടെ കർത്താവു് ഇദ്ദേഹമത്രേ. ആദ്യന്തം എത്രയും രസാവഹമായ ഈ ഗ്രന്ഥം രചിക്കപ്പെട്ടിട്ട് ഇപ്പോൾ സുമാർ 130 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അതിൽപിന്നെ മലയാളത്തിൽ സാഹിത്യസമ്പത്തു വളരെ വർദ്ധിച്ചിട്ടുമുണ്ട്. എന്നിരുന്നാലും ഇത്രകണ്ടു് ഉജ്വലവും ചമൽകൃതവുമായ രീതിയിൽ രചിക്കപ്പെട്ട വേറൊരു യാത്രാചരിത്രം ഇന്നും കേരളഭാഷയിൽ ഉണ്ടെന്നു തോന്നുന്നില്ല. 1500-ാമാണ്ടിടയ്ക്കു കൊടുങ്ങല്ലൂർക്കാരനായി യൗസേപ്പ് എന്നൊരാൾ ഇത്താല്യാ, പോർത്തുഗാൾ മുതലായ രാജ്യങ്ങളിൽ സഞ്ചരിക്കയും അയാൾ അവിടെവെച്ചു പ്രസ്താവിച്ച ചില വിവരങ്ങൾ ആ നാട്ടിൽ ചിലർ കുറിച്ചെടുത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതല്ലാതെ അയാൾ കേരളത്തിൽ തിരിച്ചുവന്നതായോ സ്വയമേവ ഗ്രന്ഥരചന ചെയ്തതായോ കേട്ടിട്ടില്ല. കരിയാററിൽ മല്പാനും തോമ്മാക്കത്തനാരും യൗസേപ്പിനേക്കാൾ പണ്ഡിതന്മാരായിരുന്നെന്നു മാത്രമല്ല, അവരുടെ യാത്ര തദുപരി സുദീർഘവുമായിരുന്നു. അന്നു സൂയസ്കനാൽ തുറക്കപ്പെട്ടിരുന്നില്ല. അതുകൊണ്ടും, ചെങ്കടൽവഴിക്കുള്ള യാത്ര ഏററം ആപൽക്കരമാകകൊണ്ടും, ആഫ്രിക്കയുടെ തെക്കേക്കോടി ചുററിയാണ് അവർ യൂറോപ്പിലേക്കു പുറപ്പെട്ടതു്. ചിലപ്പോൾ കാററിന്റെ വിരുദ്ധഗതികൊണ്ടും മററുചിലപ്പോൾ കച്ചവടക്കാരുടെ ആവശ്യം നിമിത്തവും കപ്പൽ ആഫ്രിക്കൻ തീരങ്ങളിൽനിന്നു പടിഞ്ഞാട്ടോടി തെക്കേ അമേരിക്കയിൽപോലും ചെന്നടിഞ്ഞിരുന്നു. ഇതിൽനിന്നു മല്പാന്റേയും കത്തനാരുടെയും പ്രയാണം എത്രമാത്രം അപകടസങ്കീർണ്ണമായിരുന്നു എന്നു് ഊഹിക്കാമല്ലോ. അവർ ഇപ്പോഴത്തെപ്പോലെ ബോംബയിലോ, കൊളംബിലോ ചെന്നല്ല കപ്പൽ കയറിയതു്. അന്നു ഫ്രഞ്ചുകാരുടെ പ്രാബല്യം ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്നതിനാൽ അവരുടെ തലസ്ഥാനമായ പുതുശ്ശേരി (Pondichery)

* കുറവിലങ്ങാട്ടാണു പകലോമററം കുടുംബം സ്ഥിതിചെയ്തിരുന്നതു്. കുടുംബം പഴയകൂറിലായിരുന്നെങ്കിലും, ആ കുടുംബത്തിലെ അംഗങ്ങളാണ് ഒന്നു മുതൽ ഏഴുവരെയുള്ള മാർ തോമ്മാമെത്രാപ്പോലീത്താമാർ ആയിത്തീർന്നതു്.

നല്ലൊരു തുറമുഖമായിരുന്നുവെങ്കിലും 1778–ൽ അവരും ഇംഗ്ലീഷ്കാരും തമ്മിൽ നടന്നുകൊണ്ടിരുന്ന സമരംനിമിത്തം മല്പാൻ മുതലായവർക്ക് അവിടെ പ്രവേശിക്കാൻ സാധ്യമാകാതെ വടക്കോട്ട പോയി മദ്രാസിൽ ചെന്നുചേൎന്ന വളരെ പണിപ്പെട്ട് ഒരു പോൎത്തുഗീസ് കപ്പലിൽ സഞ്ചാരം ആരംഭിക്കേണ്ടിവന്നു. ആ കപ്പൽ ആഫ്രിക്കയുടെ ദക്ഷിണാഗ്രമായ 'ഗുഡ്ഹോപ്പ്' ചുററി വടക്കോട്ട ഗമിച്ചു ബെങ്ഗ്വേലാ (Benguela) പ്രദേശത്തു് ഏതാനുംനാൾ കിടന്നശേഷം അമേരിക്കയിൽ 'ബ്രസീൽ'രാജ്യത്തു ചെന്നെട്ടുകകയും അവിടെനിന്നു പോർട്ടുഗലിൽ 'ലിസ്ബൺ' തുറമുഖത്തു് എത്തുകയും ചെയ്തു. ഇങ്ങനെ 1778 തുലാമാസം 14–ാംതീയതി ആരംഭിച്ച സമുദ്രയാത്ര 1779 കക്കടകമാസം 18–ാം തീയതിക്കേ അവസാനിച്ചുള്ളു. അവിടെനിന്നു കപ്പൽവഴി ജിനോവായിൽ എത്തുകയും അവിടെനിന്നു റോമ്മായിൽ ചെന്നുചേരുകയും ചെയ്തു. 1780 മിഥുനമാസത്തിൽ മല്പാനും കത്തനാരും റോമ്മായിൽനിന്നു മടങ്ങി ഇററലി സ്പെയിൻ പോർട്ടുഗൽ എന്നീ രാജ്യങ്ങൾ ചുററിസ്സന്ദർശിച്ചു. പോർട്ടുഗലിൽവെച്ച് അവിടത്തേ മഹാരാജ്ഞിയുടെ അനുഗ്രഹത്താൽ മല്പാൻ കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്താസ്ഥാനത്തിൽ അവരോധിതനായി. അനന്തരം 1785–ൽ രണ്ടുപേരും അവിടെനിന്നു പുറപ്പെട്ട് ഇടയ്ക്കു പുതിയ പലസ്ഥലങ്ങളും സന്ദർശിച്ചശേഷം 1786–ൽ ഗോവയിൽ വന്നുചേൎന്നു. എന്നാൽ കേരളീയനസ്രാണികളുടെ ഭാഗ്യഹീനത നിമിത്തം മഹാനായ മെത്രാപ്പോലീത്താ അവിടെവെച്ചു ചരമംപ്രാപിക്കയാണുണ്ടായതു്. തോമ്മാക്കത്തനാരാകട്ടെ ഉടൻ കേരളത്തിൽ മടങ്ങിയെത്തി ഗുരുതരമായ പല പരിശ്രമങ്ങളിലും ഏപ്പെട്ടുകയും താമസം കൂടാതെ കൊടുങ്ങല്ലൂരിന്റെ ഗോവൎണ്ണദോർ (ഭരണാധികാരി) ആയി ഉയൎത്തപ്പെട്ടുകയും ചെയ്തു. കുറേക്കാലം ഈ സ്ഥാനത്തിരുന്നു സമുദായത്തിന്റെ ഐക്യാഭിവൃദ്ധികൾക്കായി അക്ഷീണയത്നങ്ങൾ നടത്തിയശേഷം 1799–ൽ അങ്കമാലിയിൽവെച്ച് ഇദ്ദേഹവും കാലധൎമ്മം പ്രാപിച്ചു.

അദ്ദേഹം എഴുതിയ വൎത്തമാനപ്പുസ്തകം അഥവാ 'റോമ്മായാത്ര'യിലെ ഭാഷ പ്രൗഢവും വൎണ്ണനകൾ രസാവഹങ്ങളുമാകുന്നു. ഗ്രന്ഥകൎത്താവിൽ കവിഞ്ഞുവഴിഞ്ഞിരുന്ന സ്വദേശസ്നേഹവും ബുദ്ധിമാഹാത്മ്യവും കൃതിയുടെ ഏതുഭാഗം നോക്കിയാലും തെളിഞ്ഞുകാണാം. മാത്രമല്ല യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിൽ അദ്ദേഹം കണ്ട നഗരങ്ങളേയും അത്ഭുതകരമായ കാഴ്ചകളേയും വൎണ്ണിക്കുന്നതിൽ വിശേഷപാടവം പ്രദർശിപ്പിച്ചിട്ടുമുണ്ട്.

## തോമ്മാകത്തനാരുടെ കൃതി

പ്രസ്തുതയാത്രയുടെ ഉദ്ദേശംതന്നെ മലങ്കരനസ്രാണികൾക്കു ജാതീയമായ ഒരു സഭാഭരണം സമ്പാദിക്കണമെന്നുള്ളതായിരുന്നുവല്ലോ. അതിനാൽ ആ സംഗതിയേപ്പററി പ്രതിപാദിക്കുന്ന ഘട്ടങ്ങൾ ഏററം ശ്രദ്ധാർഹമാണു്. ഒരു ഖണ്ഡിക താഴെ പകൎത്തുന്നു:

"എന്നാൽ ജാതിക്കു തലവൻ ആ ജാതിയിൽതന്നെ ഉണ്ടായിരിക്കുന്നതിനാൽ ആ ജാതിക്കു ബലവും കരുത്തും ഏററം ഉണ്ടാകുമത്രേ എന്നുള്ള പട്ടാങ്ങ നമുക്കുതന്നെയല്ല പിന്നെയോ എല്ലാജാതിക്കും പ്രസിദ്ധമായിരിക്കുന്ന കാൎയ്യവും വൎഗ്ഗന്യായത്താൽതന്നെ കല്പിക്കപ്പെട്ടിരിക്കുന്ന വസ്തുതയും അത്രേയാകുന്നു. എന്നതുകൊണ്ടു എറോപ്പായിലുള്ള ജാതികൾ അതായതു ഇത്താലിയാക്കാരും ഇൻഗ്ലേശന്മാരും പാങ്കികളും മററു ശേഷമുള്ള ജാതിക്കാരരും തങ്ങൾ തങ്ങൾക്കു നാട്ടുവാഴികളേയും വേദവാഴികളേയും തങ്ങളുടെ തങ്ങളുടെ ജാതിയിൽതന്നെ തിരിഞ്ഞെടുക്കുമാറാകുന്നു. എന്നുതന്നെയല്ല പിന്നയോ തുൎക്കിന്റെ അടിമയിൽ പാട്ടപ്പെട്ടുകിടക്കുന്ന നസ്രാണികൾ പലപലജാതികൾ അതായതു യൗനായാക്കാരരും അമ്മാന്യാക്കാരരും സുറിയാനിക്കാരരും ശേഷമുള്ളവരും തങ്ങൾ തങ്ങളുടെ ജാതിയജമാനന്മാരേയും വേദവാഴികളേയും തങ്ങളുടെ ജാതിയിൽനിന്നുതന്നെ കല്പിക്കയുംചെയ്യുന്നു. ഇതൊക്കയും നമ്മുടെ ഈ നാട്ടിൽ സൂക്ഷിച്ചുകണ്ടാൽ പഴയ കൂററുകാരരു ഒഴിയെ ശേഷമുള്ള ജാതികളൊക്കെയും ബ്രാഹ്മണജാതിതൊട്ടു പുലയജാതിയോളം ഓരോരോജാതിക്കുള്ള തലവരും വേദവാഴികളും തങ്ങൾക്കു തങ്ങളുടെ ജാതിയിൽനിന്നായിരിക്കയും ആയതുകൊണ്ടു തങ്ങളുടെ ജാതി ഒക്കെയ്ക്കും ബന്ധിക്കുന്ന വാസ്സു കാൎയ്യം ഉണ്ടാകുവാൻ ജാതിയുടെ തലവരും സഹായിക്കുന്നവരും എന്നപോലെ എല്ലാവരേക്കായിലും മുമ്പിൽ തങ്ങൾ പുറപ്പെട്ടുമാറായിരിക്കയുംചെയ്യുന്നു."

സ്വസമുദായത്തോടു കത്തനാൎക്കുള്ള സ്ഥിരപ്രതിഷ്ഠിതമായ സ്നേഹാതിരേകം സവിശേഷം വെളിവാക്കുന്ന അനവധി ഘട്ടങ്ങൾ ഈ ഗ്രന്ഥത്തിൽ വേറേയുമുണ്ട്. അതെല്ലാം ഇവിടെ ഉദ്ധരിക്കാൻ നിവൃത്തിയില്ല.

ഈ കത്തനാർ പഴയതു്, പുത്തൻ എന്ന വിഭാഗങ്ങളെ ഒന്നിച്ചു ചേൎത്തു് 'പഴയപടി' നടത്താൻ എത്രയും ഉത്സാഹിച്ച ആളാണു്. ഇദ്ദേഹം പ്രസ്താവിക്കുന്ന 'ജാതി' എന്ന പദത്തിൽ നസ്രാണികളെ ആകപ്പാടെയാണു സാധാരണയായി വിവക്ഷിച്ചിട്ടുള്ളതു്. പഴയതും പുത്തനും ആയ കൂറുഭേദങ്ങളുടെ ഉത്ഭവത്തെപ്പററി കത്തനാർ ഇങ്ങനെ പറയുന്നു:

"പഴെകാലങ്ങളിൽ മാർ ഫ്രാഞ്ചീക്കോസു ഗാർസ്യാ എന്ന കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ മലങ്കര വാഴുന്ന നാളുകളിൽ ഒരു സുറിയാനിക്കാരൻ മെത്രാനെ പൗലീസ്താക്കാരുടെ വിചാരത്തിൽ പറങ്കിമാർ കടലിൽ കെട്ടിത്താഴ്ത്തി എന്നു കേൾക്കകൊണ്ടു നസ്രാണികളെല്ലാവരും മട്ടാഞ്ചേരിയിൽക്കൂടി പൗലീസ്താക്കാരെ കണ്ടനുസരിച്ചു അവരുടെ കീഴായിരിക്കയില്ലെന്നു സത്യംചെയ്തു ഉറപ്പിച്ചതിന്റെശേഷം എല്ലാവരും ആലങ്ങാട്ടുകൂടി മാപ്പാപ്പായുടെ നാമത്താൽ ഒപ്പിട്ടുകൊണ്ടു ഒരു കള്ളസാധനത്തിന്റെ ശക്തിയാൽ ൰൨ (12) പട്ടക്കാരുകൂടി മലങ്കര ഇടവകയുടെ അൎക്കദിയാക്കോനായിരുന്ന കുറവിലങ്ങാട്ടുപള്ളിഇടവകക്കാരൻ പാലമററത്തു തോമ്മാക്കത്തനാരെ മലങ്കരയിടവകയുടെ മെത്രാനായി തിരഞ്ഞെടുത്തു വാഴിച്ചയും തികച്ചതിന്റെശേഷം കുറേനാൾ

ഇങ്ങനെ പട്ടാങ്ങയായ വാഴ്ചയില്ലാത്ത മെത്രാന്റെകീഴ പള്ളിയൊക്കയും ഇരുന്നതിന്റെശേഷം കമ്മലീത്താക്കാരൻ ഹിരാപ്പോലീസ എന്ന നാടിന്റെ മെത്രാൻ മലങ്കരെവന്ന നസ്രാണികളുടെ ഇടത്തുണ്ടായ ഈ പവൃതി തീക്കണമെന്നിട്ട റോമായിൽനിന്നും തനിക്കുണ്ടായിരുന്ന മുഷ്കരതത്തിനുതക്കവണ്ണം പന്തിരണ്ടു പട്ടക്കാർക്കുടി വാഴിച്ച മാർതോമ്മാ അക്കദിയാക്കോനെ പട്ടാങ്ങയായി വാഴിച്ച മലങ്കരയ്ക്കു വികാരി അപ്പസ്തോലിക്കാ ആയിട്ട കല്പിക്കണമെന്നുനിശ്ചയിച്ചു അയാളെ വിളിച്ചാറെ വരുവാൻ മനസ്സില്ലായ്കകൊണ്ടു കുറവിലങ്ങാട്ടുതന്നെയുള്ള പനങ്കുഴക്കൽ ചാണ്ടിക്കത്തനാരെ മെത്രാനായിട്ട വാഴിച്ചു മലങ്കരഇടവക അദ്ദേഹത്തിനു കയ്യാളിച്ചതിന്റെശേഷം ആ ദേഹത്തിന്റെ പ്രയത്നവും ശ്രമവുംകൊണ്ടു പവൃതിപെട്ടതിൽ പല പള്ളിക്കാരും തങ്ങൾക്കുണ്ടായ അയർച്ച അറിഞ്ഞ വലത്തൂട്ടിൽ തിരിഞ്ഞു എങ്കിലും ആയതിൽ പല പള്ളിക്കാരും മുമ്പിൽ പിടിച്ച പ്രതിജ്ഞയിൽതന്നെ നിന്നു പന്തിരണ്ടു പട്ടക്കാർക്കുടി വാഴിച്ച അക്കദയാക്കോന്റെകീഴതന്നെനിന്നു തങ്ങളുടെ മെത്രാനായിട്ട അറിഞ്ഞുവരികകൊണ്ടു അന്നുതൊട്ടിന്നോളം ആ സ്ഥാനം മലങ്കര കാത്തുവരികയുംചെയ്തു.''

ഇതിനെത്തുടന്ന് അക്കാലത്തു വാണ ആറാം മാർതോമ്മാമെത്രാനെക്കുറിച്ചു പറയുന്നു: ''താൻ അറിവുള്ള ആളാകകൊണ്ടു ലോകബഹുമാനത്തെക്കായിലും പട്ടാങ്ങയായ വഴിയും തന്റെ ആത്മാവിന്റെ രക്ഷയും അന്വേഷിക്കുന്നതിനാൽ ശുദ്ധമാന മാതാവായ പള്ളിയുടെ തലവൻ റോമ്മയിൽമാപ്പാപ്പാ ആകുന്നെന്നും രക്ഷചെയ്യാൻ മനസ്സുള്ളവരൊക്കയും ഈ വിശ്വാസത്തിൽക്കുടിയേ മതിയാവു എന്നും അറിഞ്ഞതിനാംപക്കം താൻ പല ഊഴവും ആയതിനു ശ്രമിക്കയും കാലംചെയ്തു വികാരി അപ്പസ്തോലിക്കായോട്ട അപേക്ഷിക്കയുംചെയ്താറെ തന്റെ അപേക്ഷ സാധിക്കായ്കകൊണ്ടു ആയതു സാധിപ്പാൻ എന്തുപായമൊള്ളു എന്നു വിചാരിക്കുന്നനേരത്തു...ഈ സംഗതിയിൽ കരിയാററിൽമല്പാനോട്ട ശ്രമിച്ചാൽ തന്റെ അപേക്ഷ സാധിച്ചുകൊള്ളാമെന്നുവച്ചു താൻ നിരന്നത്തുചെന്നു കണ്ടുപറഞ്ഞെങ്കിൽ തന്റെ ആത്മത്തിനു വളരെ തണുപ്പുണ്ടായിരുന്നുവെന്നു കരിയാററിൽ മല്പാനു ഒരു സാധനവും മറെറാരുസാധനം സല്ലേന്ദുമെത്രാനും എഴുതി ആലങ്ങാട്ടിനു ആളയയ്ക്കുയുംചെയ്തു.''

ഇതിൻപ്രകാരം കരിയാററിൽമല്പാൻ പോയി മാത്തോമ്മാ മെത്രാപ്പോലീത്തായെ കാണുകയും മല്പാനെ ബഹുമാനപുരസ്സരം മെത്രാപ്പോലീത്താ സ്വീകരിക്കയും ഉണ്ടായി. പഴയകൂറും പുത്തൻകൂറുംകൂടി ഒന്നിച്ചു യോജിക്കുന്ന കാര്യത്തിൽ മാർപ്പാപ്പായുടെ അനുമതിയുണ്ടാകുന്നതിനായി മല്പാൻതന്നെ റോമ്മായിലേക്കു പോകണമെന്നു തീരുമാനിക്കയും മാപ്പാപ്പായ്ക്കായിട്ട മെത്രാപ്പോലീത്താ ഒരപേക്ഷയെഴുതി മല്പാനെ ഏല്പിക്കയും ചെയ്തു. തോമ്മാക്കത്തനാർ പ്രസ്തുതമെത്രാനെ സംബന്ധിച്ച വിവരങ്ങൾ എത്രയും ആദരപൂർവ്വമാണു പ്രസ്താവിക്കുന്നത്. ''ശുദ്ധമാന കത്തോലിക്കാപ്പള്ളി കൈക്കൊണ്ടിരിക്കുന്ന കുറവലങ്ങാട്ടു പള്ളിയിടവകയിൽ സ്തുതി ചൊവ്വാകപ്പെട്ട കാരണവന്മാരിൽനിന്നും

പിറന്നു അവിടെ മാമ്മോദീസാ കൈക്കൊണ്ടു അവിടെ വളൎന്നുവന്ന തിനാംപക്കം ഇന്നു അയാൾക്കു പഴേതിൽ വഴങ്ങാനുള്ള മനസ്സുണ്ടായതു തന്റെ അറിവിന്റെ ശക്തിയാൽതന്നെയല്ല പിന്നയോ തന്റെ നല്ലമനസ്സും തന്റെ കാരണവന്മാരിൽനിന്നും പാലോട്ടുകൂടെ താൻ കുടിച്ച വളൎത്തിപ്പിന്നുടേയും വിശ്വാസത്തിന്റേയും ശക്തികൊണ്ടും ആകുന്നു.''

ഈ കൃതിയിൽ തിരുവിതാംകൂർ രാജ്യകാൎയ്യങ്ങളെപ്പററിയും മററും പ്രതിപാദിച്ചിട്ടുള്ള ഒരു ഖണ്ഡിക പ്രത്യേകം ശ്രദ്ധേയമാണു്.

''തൃപ്പാപ്പൂർ സ്വരൂപമെന്ന മഹാരാജാവു് ഉടയതമ്പുരാൻ തനിക്കനുവദിച്ച മുഷ്കരത്വത്താലും വലിമയാലും മലങ്കരയൊക്കയും പിടിച്ചു തന്റെ മുഷ്കരത്വത്തിൻകീഴ ആക്കുന്ന നാളുകളിൽ തന്റെ പടപുരുഷാരമൊക്കയ്ക്കും ആകമാനമായ വലിയ യജമാനനും ഭരിക്കുന്നവനും എവുസ്താക്കിയോ ബനദിക്കോസ ലണ്ണവെ[1] എന്നു പേരുകേട്ട ഒരു പ്രാസക്കാരൻ[2] ആയിരുന്നു. എന്നാൽ ഈ പ്രാസക്കാരൻ പടത്തായം നല്ലവണ്ണം അറിഞ്ഞിരിക്കയും പരിജ്ഞാനം ഉണ്ടായിരിക്കയും ചെയ്തുകൊണ്ടു രാജാവിന്റെ പടപുരുഷാരത്തെ നല്ല ക്രമത്തുംപടി ഭരിച്ചു മററു മലങ്കരയുള്ള രാജാക്കളിൽ പലരുടേയും നാട്ടു പിടിച്ചു ഒതുക്കി രാജാവിന്റെ നാട്ടു വളൎത്തിച്ചതിനെക്കൊണ്ടു തന്റെ പ്രയത്നവും വിശ്വാസവും രാജാവു കണ്ടുസമ്മതിച്ച തന്റെ നാടൊക്കയുംമേലും മുഷ്കരത്വവും യജമാനസ്ഥാനവും തന്റെ രാജിതത്തിന്റെ നാമത്തിൽ വേണാട്ടിക്കപ്പിത്താനെന്നുള്ള പേരും തനിക്കു കൊടുത്തതുമല്ലാതെ തനിക്കു തന്നോട്ടുകൂടി രാജാവിനു ചിററാഴ്മചെയ്യുന്ന എരോപ്പക്കാരേവൎക്കും ഇരിപ്പിടമായിട്ടു തന്റെ രാജിതത്തിന്റെ തെക്കേ അറുതിയിലുള്ള ഉദയഗിരി എന്ന കോട്ട ഒഴിഞ്ഞുകൊടുക്കയും ചെയ്തു.

''ഇങ്ങനെ വേണാട്ടിക്കപ്പിത്താൻ പലനാൾ ആയിക്കോട്ടയിൽ പാൎത്ത രാജാവിനു ചിററാഴ്മ ചെയ്തതിന്റെശേഷം തനിക്കുണ്ടായിരുന്ന തനിയൻ പുത്രൻ രാജാവിനുവേണ്ടിയുള്ള പടയിൽ മരിക്കയും കപ്പിത്താൻ വയസ്സുകാലമായകൊണ്ടും മകൻ മരിച്ചുപോയ ക്ലേശംകൊണ്ടും വളരെ താമസംകൂടാതെ മരിച്ചു ഉദയഗിരിപള്ളിക്കൽ തന്റെ മകന്റെ അരികേതന്നെ താനും അടക്കംചെയ്യുകയും ചെയ്തു. എന്നാൽ കപ്പിത്താൻ മരിച്ചതിന്റെശേഷം തന്റെ കെട്ടിയവളും ഇവൾക്കു മുമ്പിലത്തെ കെട്ടിലുണ്ടായിരുന്ന ഒരു മകളുമുണ്ടായിരിക്കകൊണ്ടു വീട്ടുകാൎയ്യം ക്ലേശിപ്പാനും കപ്പിത്താന്റെ കെട്ടിയവൾക്കു മകളെ കെട്ടുവാനായിട്ടും കോഴിക്കോട്ടു നല്ല തറവാട്ടിലുള്ള ഒരു കുപ്പായക്കാരൻ വന്നു കപ്പിത്താന്റെ

1 ഡിലനായി (De Lanoy) എന്ന പേരിലാണു് ഇദ്ദേഹം നാട്ടിൽ അറിയപ്പെടുന്നതു്.

2 പ്രാസക്കാരൻ = ഫ്രാൻസുകാരൻ. വാസ്തവത്തിൽ ഡിലനായി ബൽജിയക്കാരനായിരുന്നു. ഡച്ചുകാരുടെ സൈന്യത്തിൽ ചേൎന്നാണു് അദ്ദേഹം നാട്ടിൽ വന്നതു്. ഫ്രഞ്ചുഭാഷ സംസാരിച്ചിരുന്നതിനാൽ ഫ്രാൻസുകാരൻ എന്നു പറയുന്നതായിരിക്കണം.

വീട്ടിൽക്കൂടെ പാൎത്തുവരുകയും ചെയ്യുന്നു. വിശേഷിച്ചും കപ്പിത്താന്റെ കാലം കഴിഞ്ഞതിന്റെശേഷം രാജാവു കപ്പിത്താൻ ജീവിച്ചിരുന്നനാൾ കൊടുത്തിരുന്ന മാസപ്പടിയും ബഹുമാനവും തന്റെ കെട്ടിയവൾക്കു കൊടുക്കുന്നതിനു ഈഴൽവരുത്തിയില്ല എങ്കിലും കോട്ടയില്ലുള്ള കല്പനയും യജമാനസ്ഥാനവും വേറെ ഒരു പറങ്കിക്കു കൊടുക്കയും ചെയ്തു. അപ്പഴോ കാൎയ്യമൊക്കയും ഇങ്ങനെയിരിക്കുന്നമദ്ധ്യേ വലിയകപ്പിത്താൻ മരിച്ചിട്ടു ആണ്ടുകഴിയുന്നതിനു മുമ്പിൽ ബഹുമാനപ്പെട്ട കരിയാററിൽ മല്പാനും ശേഷം ഞങ്ങളെല്ലാവരും ഉദയകരികോട്ടയ്ക്കൽ ചെല്ലുകയും ചെയ്തു.''

പല സ്ഥലങ്ങളിലും ഈ പ്രായാണികന്മാരെ ശീമക്കാരായ പാതിരിമാർ സബഹുമാനം സ്വീകരിച്ചിട്ടില്ല. മറിച്ച് അതാതു ദിക്കിലുള്ള ജനങ്ങൾ എത്രയും ആദരപൂർവ്വം ഇവരെ അഭിവാദ്യംചെയ്തു സൽക്കരിച്ചു. ഇക്കാൎയ്യം വിവരിക്കുന്ന ഘട്ടത്തിൽ ഗ്രന്ഥകാരന്റെ നിർവ്യാജമായ സ്വദേശസ്നേഹം തുലോം പ്രകടമായിട്ടുണ്ട്.

''എന്നാൽ വീരപാണ്ടിയാൻപട്ടണത്തു* വന്നാറെ അവിടെയുള്ള പാതിരി ഞങ്ങളെ വേണ്ടുംവണ്ണം കൈക്കൊള്ളായ്കകൊണ്ടു അവിടെയുള്ള വിശ്വാസികൾക്കു വേണ്ടുംവണ്ണം പ്രസാദിച്ചതുമില്ല. ഇതിന്റെശേഷം പിറേറദിവസം കുർബാനചൊല്ലാതെ കാലത്തുതന്നെ അവിടെനിന്നും യാത്രപുറപ്പെട്ടാറെ അവിടെയുള്ള വിശ്വാസികൾ പള്ളി ഞങ്ങൾക്കുള്ളതാകുന്നെന്നും പാതിരിയുടെ ജന്മാന്തരക്കേടുകൊണ്ടു ഞങ്ങടെ ജാതിയില്ലുള്ള നിങ്ങളെ വേണ്ടുംവണ്ണം കൈക്കൊള്ളാത്തതിനു ഞങ്ങൾക്കൊരു കുററമില്ലല്ലോ. ഞങ്ങളാലാകുന്നതു നിങ്ങൾക്കു ചെയ്കയും ചെയ്യാൻ ആസ്ഥമായിരിക്കയും എല്ലൊ ആകുന്നതെന്നുവരുമ്പോൾ നിങ്ങളുടെ കുർബാനകാണ്മാൻ ഞങ്ങൾക്കു വളരെ ആഗ്രഹംഉണ്ടെന്നും കുർബാനചൊല്ലാതെ പൊയ്ക്കൂടാ എന്നും സാദ്ധ്യമായിട്ടു അപേക്ഷിക്കകൊണ്ടു അവരുടെ ഈ നല്ല മനസ്സും അപേക്ഷയും കേൾക്കകൊണ്ടു പാരം തണുപ്പും സന്തോഷവും തോന്നി ചാക്കൊക്കത്തനാരു കുർബാന ചൊല്ലുകയും ചെയ്തു.

''വിചാരം. ജാതിമഹത്വം എന്നൊരു വസ്തു എത്ര വലിയ കാൎയ്യമാകുന്നുവെന്നു ഈയുണ്ടായത വിചാരിച്ചു കണ്ടാൽ അറികയും ആം. അതെന്തെന്നാൽ ഞങ്ങൾ പലരു ഉണ്ടാകകൊണ്ടും ശേഷം പാതിരിമാര ആ ദിക്കുകളിൽ നടപ്പാൻ മൎയ്യാദയാകുന്ന സന്നാഹം ഒന്നും കൂടാതേയും പാവപ്പെട്ട ജനങ്ങളെപോലെ ചെന്നിട്ടു അവിടെയുള്ള പാതിരി ബഹുമാനിക്കാഞ്ഞതിന്മേൽ ആ ഇടത്തില്ലുള്ള വിശ്വാസകാരർക്കു പാരം സങ്കടം തോന്നുകയും ചെയ്തു. ഇതു എന്തുകൊണ്ടു. പക്ഷെ മുമ്പിൽ ഞങ്ങളുമായിട്ടു അവർക്കുള്ള കണ്ടറിവുകൊണ്ടോ ഞങ്ങൾ ഏതാനും മനഗുണം ചെയ്തതുകൊണ്ടോ ആയ്തു ഒന്നുംകൊണ്ടല്ല. പിന്നയോ നാമെല്ലാ

* തിരുനൽവേലി ജില്ലയുടെ തെക്കെ ഭാഗത്തുള്ള ഒരു പട്ടണമാണു വീരപ്പാണ്ടിപ്പട്ടണം.

വരും ഒരു ജാതി അതായതു ഇന്തിയാക്കാരര ആകകൊണ്ടു വൎഗ്ഗത്തിനടുത്ത ഈ സ്നേഹം അവരുടെ ഹൃദയങ്ങളെ ഇളക്കിയതിൻെറ കൊണ്ടത്രെ.''

ഇങ്ങനെ ദേശാഭിമാനത്തെ ഉത്തേജനംചെയ്യുന്ന കൃതികൾ അന്ന് കേരളത്തിലെന്നല്ല ഇൻഡ്യയിൽ എങ്ങുംതന്നെ ഉണ്ടായതായി അറിവില്ല. ജനങ്ങളുടെ ഇടയിലും ഈ ഗുണം കുറവായിരുന്നു. ഓരോ നാട്ടുകാക്കും തങ്ങൾ ബങ്കാളികളാണ്, പഞ്ചാബികളാണ്, മാറാത്തികളാണ്, മലയാളികളാണ് എന്നൊക്കെയല്ലാതെ എല്ലാവരും ഭാരതമാതാവിന്റെ തുല്യസന്താനങ്ങളാണെന്നുള്ള വിശാലബോധം അക്കാലത്ത് ആരിലും പ്രകടമായി ഉണ്ടായിരുന്നില്ല. ഇക്കഴിഞ്ഞ അമ്പതുകൊല്ലങ്ങൾക്കിടയ്ക്കേ ഏതാദൃശമായ ഒരു ജാതീയഭാവന നാട്ടിൽ പരക്കുക ഉണ്ടായുള്ളു. എന്നാൽ കേരളീയനസ്രാണികളുടെയിടയിൽ ഇങ്ങനെയൊരു ഐകജാത്യാവബോധം പണ്ടേ ഉണ്ടായതിനു പ്രത്യേകകാരണമുണ്ട്. വിദേശീയനേതാക്കന്മാരുടെ കീഴിലാണ് അവർ അന്നു കഴിഞ്ഞുകൂടിയിരുന്നതു്. ഈ നേതൃത്വം ആദ്ധ്യാത്മികഭരണത്തിനു മാത്രമേ ബാധകമായിരുന്നുള്ളുവെങ്കിലും അന്നു നാട്ടിൽ രാഷ്ട്രീയഭരണയന്ത്രം സൎവ്വത്ര ദുർബലമായിരുന്നതുകൊണ്ടു ലൗകികകാൎയ്യങ്ങളിലും അതിൻെറ വ്യാപ്തി ജനങ്ങൾക്കു ദുസ്സഹമായി പ്രത്യക്ഷപ്പെട്ടിരിക്കാൻ എടയുണ്ട്. മതാദ്ധ്യക്ഷന്മാരുടെ നിയന്ത്രണരീതി അത്യന്തം ക്ലേശാവഹമായിത്തീൎന്നതിനാലായിരിക്കുമല്ലോ മല്പാനും കത്തനാരും വളരെ ബുദ്ധിമുട്ടുകൾ സഹിച്ചു തന്നിവാരണാൎത്ഥം യൂറോപ്പിലേക്കു പുറപ്പെട്ടതു്.

യൂറോപ്പിലെ പല വലിയ പട്ടണങ്ങളുടെ വിവരണങ്ങൾ ഈ കൃതിയിൽ കാണുന്നുണ്ട്. അവയിൽ പോൎത്തുഗൽരാജ്യത്തിൻെറ തലസ്ഥാനമായ ലിസ്ബൺ (ലിസ്ബോവാ) ഇററലിയിലെ ജെനോവ എന്നിവയുടെ വിവരണങ്ങളിൽനിന്നുമാത്രമേ ചില ഘട്ടങ്ങൾ ഇവിടെ ഉദ്ധരിക്കുന്നുള്ളു.

''പ്രത്തുക്കാൽ രാജ്യത്തിൻെറ അരശിരിക്കസ്ഥാനമാകുന്ന ലിസ്ബോആ എന്ന നഗരി ആയതു അടിസ്ഥാനമിട്ടു പണിചെയ്തു നാളുകളിൽ ചെറിയ നഗരി ആയിരുന്നു എങ്കിലും രാജസിംഹാസനം അവിടെ പകൎത്തിവച്ചതിൻെറശേഷം ഇന്നത്തെ ദിവസങ്ങളിൽ എറോപ്പായിലുള്ള പെരുമപ്പെട്ട നഗരങ്ങളിലൊന്നു ലിസ്ബോആ ആകുന്നു എന്നുതന്നെ പറയാം.

''അപ്പഴോ ലിസ്ബോആ എന്ന നഗരി കുറഞ്ഞാൽ രണ്ടുകാതം നീളവും ഒന്നരക്കാതം വീതിയും ഉണ്ടായിരിക്കുന്നതും എന്നാൽ ഈ നഗരിയിലുള്ള ഗൃഹങ്ങളും ഗോപുരങ്ങളും ജെനുവനഗരിയിലും റോമ്മായിലുമുള്ളപോലെ പൊക്കമുള്ളതല്ലെങ്കിലും രണ്ടുനാലു നിലയോളമുള്ള പല പല വീട്ടുകൾ അവിടെ ഉണ്ടുതാനും. വിശേഷിച്ചു നഗരിയുടെ ഇരിപ്പു സൂക്ഷിച്ചാൽ മുമ്പിൽ ആയതു അടിസ്ഥാനമിട്ടുന്ന നേരത്തു ഇത്ര വലിസ്സായി പണിവാനായിട്ടല്ല അടിസ്ഥാനമിട്ടതെന്നതിനെക്കൊണ്ടും രാജധാനി അവിടെ ആകയും കച്ചവടവും കാൎയ്യവും വൎദ്ധിക്കയും ചെയ്തതിൻെറശേഷം പലപല കുടിയാന്മാരും പുറത്തു നഗരികളിൽനിന്നു

അവിടെയ്ക്കുവന്നു വസിപ്പാൻ സംഗതിവരികകൊണ്ടും മുമ്പിൽ പണിചെയ്തിരുന്ന നഗരിമേൽ ഏച്ചുതുടങ്ങുകകൊണ്ടും നഗരിയുടെ ഇരിപ്പു നല്ല ക്രമത്തിൻവഴിയല്ലാ എങ്കിലും ആയതിലുള്ള പലപല ഉറവുകളും നല്ല ക്രമത്തോടുകൂടെ നെര ഒത്തിരിക്കുന്നുതാനും. എന്നാൽ ഈ നഗരിയുടെ അകത്തു പലപല എടവകകളും ദെർശനക്കാരുടെയും ദെർശനക്കാരത്തികളുടെയും പലപല ആശ്രമങ്ങളും ആയതിനോടു ചേർന്നുള്ള പള്ളികളും ഉണ്ടായിരിക്കകൊണ്ടു ഘോഷവും പെരുന്നാളുകളുമുള്ള ദിവസങ്ങളിൽ തട്ടുന്ന വലിയ മണികളുടെ ചുറുതികൊണ്ടു നഗരി ഒക്കെയും മുഴങ്ങുകയും ചെയ്യും. അതിന്മണ്ണംതന്നെ നഗരിയിൽ കിടക്കുന്ന ഏറിയ തെരുകളുടെ മുഴക്കവും.''...''വിശേഷിച്ചു നഗരിയിൽ പല എടങ്ങളിൽ രാജധാനി പണിചെയ്തിരിക്കുന്നു എങ്കിലും നഗരിയുടെ തെക്കെ അററത്തുള്ള അയുധാ എന്നു ചൊല്ലുന്ന കോവിലകത്തിലത്രേ സാമാന്യമായിട്ടു രാജാവിൻെറ ഇരിപ്പാകുന്നതു. എന്നാൽ നമ്മുടെ എടത്തു കയ്മന്മാരും പണിക്കന്മാരും മേനോന്മാരും എന്നപോലെ എറോപ്പായിലുള്ള പ്രധാനികളുടെ പോരാകുന്നതു ദൂക്കാ ഏൾ എന്നും കോന്തികൾ എന്നും വിസ്ക്കോന്തികൾ മാക്കെസ്സുകൾ എന്നും ആകുന്നു.''*

ജെനോവാനഗരത്തെപ്പററി ഗ്രന്ഥകാരൻ പ്രസ്താവിച്ചുതുടങ്ങുന്നതു് ഇപ്രകാരമാണു്: ''എന്നാൽ ആസ്യാ എന്ന ഭൂമിയുടെ കെട്ടിൽനിന്നു പുറമെ നാം കണ്ട നഗരികളൊക്കയുടെയും രൂപം ചുരുങ്ങിയപ്രകാരത്തിൽ ഇത്രനേരവും നമ്മുടെ ജനങ്ങൾ ബോധിക്കത്തക്കവണ്ണവും നേരത്തിൻെറ അവസ്ഥയ്ക്കുതക്കവണ്ണവും നാം എഴുതിയതിനെക്കൊണ്ടു എറോപ്പായിലുള്ള അറിയപ്പെട്ട നഗരികളിൽ ഒന്നായിരിക്കുന്ന ജെനവാനഗരിയുടെ അവസ്ഥയും ഇപ്പോൾ ആകുമ്മണ്ണം ഇവിടെ എഴുതുവാൻ വേണ്ടിയിരിക്കുന്നു എന്നുവരുമ്പോൾ—കടൽവാഴ്ക്കരെയുള്ള ജെനവാ എന്ന നഗരി ഇത്താല്യാരാജ്യത്തുള്ള തലപ്പെട്ട നഗരികളൊന്നിന്നും യോഗ്യമായിരിക്കുമ്മണ്ണം മഹാ വമ്പോട്ടും മുഖ്യത്തോട്ടുംകൂടെ പണിചെയ്തിരിക്കുന്നെങ്കിലും നഗരിയിരിക്കുന്ന ഇടം ചെറുതായിരിക്കയും കുടികൾ വളരെ ഉണ്ടായിരിക്കയും ചെയ്യുന്നതിനാൽ സാമാന്യമായിട്ടു ഈ നഗരിയിലുള്ള വീടുകളൊക്കെയും എത്രയും ഉയച്ച്ചയിൽ പണിതു ഏഴ എട്ടു നിലയോളം പൊക്കിയിരിക്കുന്നു. ഇതുമെന്നിയെ ഓരോരോ ഉറവകളുടെ ഇടവഴികളൊക്കെയും എത്രയും തമ്മിൽ തമ്മിൽ ഇട്ടുങ്ങിയിരിക്കയും ചെയ്യുന്നതിനാൽ നഗരിയിലുള്ള ചില ചില ഉറവുകളിൽ കടക്കുമ്പോൾ ഉച്ചനേരന്തന്നെ ആകുന്നു എങ്കിലും അസ്തമാനസമയംപോലെ തോന്നും. വിശേഷിച്ചും മേൽപറഞ്ഞവണ്ണം ഉറവുകളുടെ ഇടവഴികൾ തമ്മിൽ തമ്മിൽ ഇട്ടുങ്ങിയിരിക്കുന്നതിനാൽ വമ്പിച്ച ജനങ്ങൾ എറോപ്പായിൽ പിന്നെ എങ്ങുമുള്ള മര്യാദപോലെ തെരിന്മേൽ നടക്കമാറില്ല. പിന്നയൊ അമരിക്കായിലുള്ള മര്യാദയ്ക്കു തക്കവണ്ണം കൊണ്ടുനടപ്പാൻതക്ക ഒരുകൂട്ടം കസേരകളിന്മേൽ ഇരുന്ന മററാളുകൾ തങ്ങളുടെ ഉരത്തിന്മേൽ

* ഈ പദങ്ങളുടെ ഇംഗ്ലീഷിലുള്ള രൂപങ്ങൾ Duke, Earl, Count, Viscount, Marquis എന്നിവയാണു്.

വച്ചുകൊണ്ടും പോകുമാറാകുന്നു. നമ്മുടെ നാട്ടിൽ പല്ലക്കു കൊണ്ടുപോകുമാറുള്ളപോലെ.

* * *

"എന്നാൽ ഈ നഗരിയിൽ തലപ്പെട്ട കൎത്തവ്യം രാജവാഴ്ച അല്ല മഹായോഗവാഴ്ച[1] അത്രേ ആകുന്നതിനെക്കൊണ്ടു മേല്പെട്ട പരിപാലനത്തിൻെറ വിചാരകാരരിൽ തലവനെ ദോജെ[2] എന്നു ചൊല്ലുമാറാകുന്നു. എന്നാൽ തലവൻ അനന്തരപ്പാടല്ലാതെ കുഴലപ്പാടത്രേ ആകുന്നതിനെക്കൊണ്ടു മുമ്മൂന്ന് ആണ്ടുകൂട്ടുമ്പോൾ വിചാരകാരര എല്ലാവരുംകൂടെ ദോജെ എന്ന ഈ തലവനെ മാററിക്കല്പിക്കുമാറാകുന്നു. വിശേഷിച്ച് ഒരു തലവനായ ആൾ ആ് മഹായോഗവാഴ്ചയുടെ സമ്പത്തുകാൎയ്യവും വീൎയ്യവും ഒക്കയും അറിഞ്ഞിരിക്കുന്നതിനെക്കൊണ്ടു പിന്നെയൊരിക്കലും ആ നഗരിക്കു പുറത്തു പൊയ്ക്കൂടാ. പിന്നയോ ത്ൻെറ ആയുസ്സിൻെറ കാലമൊക്കയും ആയതിനകത്തു പാൎത്തെ മതിയാവൂ. വിശേഷിച്ച് മേൽപ്പറഞ്ഞ നഗരിയും അത്രവലിപ്പം ഇല്ലെങ്കിലും അവിടെയുള്ള തുറമുഖം കച്ചവടത്തിനു വളരെ തുറസ്സും തരവുമുള്ള ഇടം ആകകൊണ്ടും കച്ചവടനീതി വേണ്ടുംവണ്ണം കാക്കുന്നതിനെക്കൊണ്ടും ഏകദേശം ഇത്താലിയാരാജ്യമൊക്കയിൽനിന്നും പറങ്കിരാജ്യത്തുനിന്നും മററും പല രാജ്യങ്ങളിൽനിന്നും പല കച്ചവടക്കാര അവിടക്കു വരുന്നതിനാലേ മഹായോഗവാഴ്ചയ്ക്കു ആണ്ടുതോറും പാരം സമ്പത്തു ചുങ്കമടയ്ക്കുന്ന വഴിക്കു വരുന്നതിനാൽ മഹായോഗവാഴ്ചയ്ക്കു മഹാസമ്പത്തുണ്ടായിരിക്കുന്നതുമൊഴിയെ സാമൎത്ഥ്യമുള്ള പല കച്ചവടക്കാര ധനപതികൾ നഗരിയിൽ ഉണ്ടായിരിക്കയും ചെയ്യുന്നു.

"അപ്പഴൊ മേൽപ്പറഞ്ഞവണ്ണം ഈ നഗരിയിൽ ഞങ്ങൾ വന്നതിൻെറശേഷം അവിടെയുള്ള കാററുപിടിക്കായ്കകൊണ്ടും വഴിക്കുണ്ടായ അത്തൽകൊണ്ടും ഈ നാട്ടിലുള്ള കുളിരകൊണ്ടും ഞങ്ങൾ ചെന്നാറെ വൎഷകാലമാകകൊണ്ടും മല്പാനു വാതം എത്രയും കടുത്ത എഴുന്നേല്പാൻ വഹിയാത്തതിനാലെ കട്ടിന്മേൽ കിടപ്പായതിൻെറശേഷം അവിടെയുള്ള വൈദ്യന്മാരിൽ ചിലരെ വിളിച്ചു ആയതിന്നുള്ള ഔഷധം കൈക്കൊൾകയും അങ്ങനെ രണ്ടുനാലുദിവസം കഴിഞ്ഞാറെ വേണ്ടുമ്മണ്ണം ശമനംവരുകയും ചെയ്തു."

ഉദ്ദിഷ്ടകാൎയ്യം സാധിക്കുന്നതിൽ മല്പാനും കത്തനാരും വളരെ വിഘ്നങ്ങൾ ഉണ്ടായെങ്കിലും യൂറോപ്പിലെ വിശേഷിച്ച് പോൎത്തുഗാലിലെ പ്രഭുജനങ്ങളും അന്നു ഭരിച്ചിരുന്ന മഹാരാജാവുതന്നെയും അവരോടു വലിയ ആദരവു പ്രദൎശിപ്പിക്കുകയും അവൎക്കു ബഹുമാന്യമായ ആതിഥ്യം

1 മഹായോഗവാഴ്ച = Republic. അക്കാലത്ത് ഇത്താലിയാ ഇന്നേപ്പോലെ ഒരൊററ രാജാധികാരത്തിൻകീഴ് ആയിരുന്നില്ല. ജനോവ, മിലാൻ, ഫ്ലോറൻസ്, വെനീസു മുതലായ നഗരങ്ങൾ സ്വതന്ത്രങ്ങളായ ഓരോ ജനാധിപത്യങ്ങൾക്കധീനങ്ങളായിരുന്നു.

2 ദോജേ = Doge = Duke. ദോജേസ്ഥാനം പരമ്പരയാ സിദ്ധിച്ചതല്ല, തെരഞ്ഞെടുപ്പുമുറയായിരുന്നു.

പ്രദാനംചെയ്കയും ഉണ്ടായി. പോർട്ടുഗൽ ഗവമ്മെൻറിൽ ഇൻഡ്യാക്കാര്യം നോക്കിക്കൊണ്ടിരുന്ന മന്ത്രിയായ വിസ്കോന്തി മത്തീഞ്ഞുദെമെൽ (Martin de Mel) എന്ന പ്രഭു അവരെ അഭിവാദ്യംചെയ്തവിധം പ്രത്യേകം ശ്രദ്ധേയമാണ്.

"എന്നാൽ ഞങ്ങൾ അവിടെ ചെന്നെത്തിയപ്പോളത്തേക്കു അവിടെയുള്ളവര എല്ലാവരും ഭക്ഷണംകഴിഞ്ഞു കൂടിയതിനെക്കൊണ്ടു വിഷ്കോന്തിയുടെ കെട്ടിയവൾ വിഷ്കോന്തീസ്സാ ഉടൻതന്നേ ഞങ്ങൾക്കു ഭക്ഷണം ഒപ്പിച്ചു ഞങ്ങളവിടെ ഭക്ഷിച്ചിരിക്കുമ്പോൾ ഞങ്ങളുടെ നേരെയുള്ള വലിയ സ്നേഹത്തിൻേറയും വെണ്ടികയുടെ അടയാളം കാട്ടുവാനായിട്ടു വിസ്കോന്തെസ്സാതന്നെ എറച്ചി കിണ്ണത്തുവച്ചു കണ്ണിച്ചു കിടാങ്ങൾക്കു കൊട്ടുക്കയും* ഞങ്ങൾ ഭക്ഷണം കഴിഞ്ഞുകൂട്ടുവോളം അവിടെ കൂടെ ഇരുന്ന ഞങ്ങളുമായി സംസാരിക്കയും ചെയ്തു. വിശേഷിച്ചു ഞങ്ങൾ ഭക്ഷണംകഴിഞ്ഞു കൂടിയപ്പോൾ വിഷ്കോന്തിയും വന്ന ഇത്ര നേരവും എൻെറ കെട്ടിയവൾ നിങ്ങൾക്കു ചിററാഴ്മചെയ്തു ഇനി ഞാൻ കൂടെ അത്രേ ചിറ്റാഴ്മചെയ്യുന്നതെന്നും പറെഞ്ഞു ഞങ്ങൾക്കു താന്തന്നെ തരികയും ചെയ്തു; ഞങ്ങളും ഈ സവ്വാധികാര്യക്കാരരുടെയും തൻെറ ഭാര്യയുടെയും സ്നേഹവും എളിമയും കണ്ടു പാരം അശെക്യപ്പെട്ടുകയും ചെയ്തു. എന്തെന്നാൽ പറങ്കിനാട്ടിൽ വയിമ്പന്മാരുടെ സ്രീകളെ കണ്ടു പറവാൻപോലും വിഷമമായിരുന്നപ്പോൾ നമുക്കു ചിററാഴ്മചെയ്യാൻ വന്നതു പ്രത്യേക സ്നേഹത്തിൻേറയും എളിമയുടേയും പ്രവൃത്തി അത്രെ ആകുന്നു." പോത്തുഗീസുജനങ്ങൾ അന്നും ഇന്നും വണ്ണഭേദം കാണിക്കുന്നവരല്ല. യൂറോപ്പിലെ ലത്തീൻജാതിക്കാരിൽ ആക്കും കൃഷ്ണവണ്ണക്കാരോട് അവജ്ഞയുള്ളതായിക്കാണുന്നില്ല; അപ്രകാരമുള്ള അവജ്ഞ ട്യൂട്ടൺവംശക്കാരുടെ അട്ടിപ്പേറത്രേ.

ഇത്ര വിലയേറിയതും രസകരവുമായ ഈ ഗ്രന്ഥം ഇനിയും അച്ചടിക്കപ്പെട്ടിട്ടില്ലെന്നുള്ളതു ശോചനീയംതന്നെ. പ്രാചീനഗദ്യത്തിൻെറ മാതൃകയെന്ന നിലയ്ക്കും, ചരിത്രസംബന്ധമായ ഒരു പുരാതനരേഖയെന്ന അവസ്ഥയിലും അതിമാത്രം പ്രയോജനകരമായ ഈ ഗ്രന്ഥം ആവശ്യമുള്ള വ്യാഖ്യാനങ്ങളോടുകൂടി അവശ്യം പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു. തിരുവിതാംകൂർകൊച്ചീഗവമ്മെണ്ടുകൾ ഇക്കാര്യത്തിൽ ശ്രദ്ധപതിക്കുമെന്നു വിശ്വസിക്കുന്നു.

## തോമ്മാക്കത്തനാരുടെ മററു കൃതികൾ

മേല്പറഞ്ഞ കൃതികൂടാതെ, ഗോവണ്ണദോരായിരുന്ന കാലത്തു് തോമ്മാക്കത്തനാർ വേറെയും പല ചെറിയ ഗ്രന്ഥങ്ങൾ നിമ്മിച്ചിട്ടുണ്ട്. അവയിൽ ഒന്നു ലോകവിശ്രുതമായ തോമസ് അക്കെമ്പീസ് എന്ന പണ്ഡിതനാൽ വിരചിതമായ 'ക്രിസ്ത്വാനുകരണം' എന്ന കൃതിയുടെ പരി

* റോമ്മായിൽ പഠിക്കാനായി അവരുടെകൂടെ പോയിരുന്ന മലയാളത്തുകാരായ രണ്ടു ചെറുപ്പക്കാരേപ്പററിയാണു കിടാങ്ങൾ എന്നു പറഞ്ഞിരിക്കുന്നതു്.

ഭാഷയാകുന്നു. ഈ കൃതിയും, ഇതുപോലെ മതാത്മകമായ വേറൊരു കൃതിയും അദ്ദേഹത്തിൻെറ കൈയെഴുത്തിൽത്തന്നെ എനിക്കു കാണാൻ സാധിച്ചതു കത്തനാർ തൻെറ ഒരു ഭാഗിനേയിക്കു് (എൻെറ ഒരു കാരണവി) സംഭാവനചെയ്ത ഗ്രന്ഥമായിരുന്നു. ആ ഗ്രന്ഥത്തിലെ ഒരുഭാഗം:

"രണ്ടാം സാഹാ=തന്നത്താൻ എളിമയാലെ താഴ്ത്തുവാനുള്ളപ്രകാരം=മാനുഷരൊക്കയും സ്വഭാവത്താലെ ഏററിയ വസ്തുക്കൾ പഠിപ്പാനും ഗ്രഹിപ്പാനും ഉത്സാഹിച്ചുനടക്കുന്നു. എന്നാൽ ഞാൻ ഒന്നു ചോദിക്കുന്നു. തമ്പുരാനെയുള്ള പേടികൂടാതെ ഏററിയ ബോധജ്ഞാനങ്ങൾ പഠിച്ചാലും ഗ്രഹിച്ചാലും ഒരു ഫലവുമുണ്ടോ—പട്ടാങ്ങയ്ക്കു് ഒരു വസ്തുവുമറിയാതെ അന്നന്നു ദണ്ഡിച്ചുകഴിയുന്ന ഒരു മൂഢൻ നല്ല തന്നിടം സൂക്ഷിക്കാതെ കണ്ട ആദിത്യന്റെ ഓട്ടം സൂക്ഷിച്ചു ഗ്രഹശാസ്ത്രം പഠിച്ചിരിക്കുന്ന ഒരു ഫിലസൂഫ്യക്കാരനേക്കാൾ എന്നു ബോധിച്ചിരിക്കട്ടെ."

## ഗദ്യസാഹിത്യത്തിൽ കരിയാററിൽ മല്പാനും തോമ്മാക്കത്തനാർക്കുമുള്ള സ്ഥാനം

യൗസേപ്പുമല്പാനും തോമ്മാക്കത്തനാരും ഗദ്യഗ്രന്ഥങ്ങൾ എഴുതിയിരുന്നതിനുമുമ്പുതന്നെ നാട്ടിലെ ഹൈന്ദവപണ്ഡിതന്മാരും വിദേശീയരായ പാതിരിമാരും ഗദ്യഗ്രന്ഥങ്ങൾ എഴുതിയതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ അവ പുരാതനഗദ്യത്തിൻെറ മാതൃകകളായിരിക്കുന്നതേയുള്ളു. സ്വതന്ത്രകൃതികൾ പറയത്തക്കതൊന്നും ഉണ്ടായിരുന്നതായി കാണുന്നില്ല. എന്നാൽ യൗസേപ്പുമല്പാൻേറയും തോമ്മാക്കത്തനാരുടേയും കൃതികൾ പലവിധത്തിൽ ഒരു പുതിയ പ്രസ്ഥാനത്തെ കുറിക്കുന്നു. അവ ആധുനികഗദ്യത്തിൻെറ ആദ്യമാതൃകകൾ അത്രെ. നമ്മുടെ പദ്യരചനാരീതി സംസ്കൃതത്തേയും തമിഴിനേയും ആശ്രയിച്ചിരിക്കുന്നതുപോലെ നമ്മുടെ ഗദ്യം യൂറോപ്യൻഭാഷകളിലെ ഗദ്യസരണിയെ ഏതാണ്ടു് അവലംബിക്കുന്നുണ്ടു്. 1800–നുമുമ്പു പല കേരളീയർ യൂറോപ്യൻഭാഷകൾ പഠിക്കയുണ്ടായെങ്കിലും അവരിൽ ചുരുക്കം ചിലർ മാത്രമേ മലയാളഭാഷയിൽ ഗ്രന്ഥരചനചെയ്തിട്ടുള്ളു. ഇവരിൽ പ്രമുഖന്മാർ ഈ മല്പാനും കത്തനാരും ആണെന്നു നിസ്സംശയം പറയാം. അവരെഴുതിയിട്ടുള്ള കൃതികളിൽ കാണുന്ന സ്വതന്ത്രതയും ഗൗരവവും ആശയബാഹുല്യവും അവരുടെ സഹൃദയത്വത്തേയും പാണ്ഡിത്യത്തേയും വിളിച്ചുപറയുന്നു. സ്വതന്ത്രകൃതികൾ ഇന്നുതന്നെ മലയാളത്തിൽ എത്രയോ ചുരുക്കം. കേരളവമ്മ വലിയകോയിത്തമ്പുരാൻ എഴുതിയിട്ടുള്ള ഗദ്യകൃതികൾപോലും മിക്കവാറും തജ്ജിമകളാണു്. ഈ നിലയിൽ നോക്കുമ്പോൾ 'വത്തമാനപ്പുസ്തകം' എന്ന കൃതി പലതരത്തിൽ ഒരു മഹനീയസ്ഥാനം അർഹിക്കുന്നുണ്ടെന്നു വെളിവാകുന്നുണ്ടല്ലോ.

ഇദാനീന്തനഭാഷയോടു തുലനം ചെയ്യുന്നപക്ഷം നമുക്കു് അസുന്ദരമായും അബദ്ധമായും തോന്നാവുന്ന പല പദങ്ങളും പ്രയോഗങ്ങളും മേല്പറഞ്ഞ കൃതികളിൽ കണ്ടേക്കാം. അതൊന്നും പ്രാചീനകൃതികൾക്കു കളങ്ക

കാരണങ്ങളല്ല. വൃദ്ധനായ പിതാവിൻെറ ബാഹ്യവൈരൂപ്യം കണ്ടു ലജ്ജിതനാകുന്ന പുത്രൻ അധമൻതന്നെ.

ഈ കൃതികളിൽ ഏതാണ്ടൊരു 'മാപ്പിളച്ചൊവ' ഉണ്ടെന്നുകൂടി ചെറുപ്പക്കാരായ ചില വിമർശകന്മാർ വാദിച്ചേക്കാം. ഇതു് അല്പജ്ഞതയുടെ ലക്ഷ്യമായേ കരുതേണ്ടതുള്ളു. പൂർവ്വകാലത്തു കേരളത്തിൽ സംസ്കൃതശബ്ദങ്ങൾ തത്സമങ്ങളായിട്ടല്ല പ്രത്യുത ദുഷിച്ചു തത്ഭവരൂപങ്ങളിലാണു് എല്ലാവരും ഉപയോഗിച്ചിരുന്നതു്. തൃപ്പൂണിത്തുറ ഈട്ടുവഴ്ചിലും മററുമുള്ള പലേ പഴയ രേഖകളിൽനിന്നും നമ്പൂരിമാരുടെ വ്യവഹാരഭാഷയിൽനിന്നുതന്നെയും ഈ വാസ്തവം തെളിയുന്നുണ്ടു്. ഇങ്ങനെയാണു് സീത ചിരുതയും, ന്യായം ഞായവും, ഈർഷ്യ ഈച്ച്യയും മററുമായി മാറിയതു്. മാപ്പിളച്ചൊവ ആരോപിക്കപ്പെടുന്ന മിക്ക പദങ്ങളും പണ്ടു നമ്പൂരിമാരും നായന്മാരും നസ്രാണികളും ഒന്നുപോലെ ഉപയോഗിച്ചുവന്നവയാണെന്നു കൊച്ചീതിരുവിതാംകൂർഗവമ്മേണ്ടുകളുടെ പ്രാചീനരേഖകളും രാജാകേശവദാസൻെറ എഴുത്തുകളും മററും പരിശോധിച്ചാൽ മനസ്സിലാകും.

ഈ അടുത്തകാലത്തു് മലയാളസാഹിത്യത്തിൻെറ വളർച്ചയ്ക്കായി പരിശ്രമിച്ചവരിൽ മുമ്പനായി നാം കേരളവമ്മ വലിയകോയിത്തമ്പുരാനെ ബഹുമാനിക്കുന്നുണ്ടല്ലോ. ഗദ്യസാഹിത്യവിഷയത്തിൽ മഹാനായ ഈ തമ്പുരാൻെറ പിതാമഹന്മാരായിരുന്നു മേല്പറഞ്ഞ മല്പാനും കത്തനാരും. വേറെയും പലരുണ്ടു്. ഈ ഗദ്യജനയിതാക്കളുടെ കൃതികളെ തേടിപ്പിടിച്ചു പ്രചരിപ്പിക്കേണ്ടതു ഭാഷാഭിമാനികൾ ഏവരുടേയും കടമയാണെന്നു് ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

'വത്തമാനപ്പുസ്തകം' അതിരമ്പുഴപ്രസ്സിൽ അച്ചടിക്കപ്പെട്ടിട്ടുണ്ടെങ്കിലും, മതിയായ ഒരു അവതാരികയോടും കുറിപ്പുകളോടും കൂടിയുള്ള ഒരു പ്രസിദ്ധീകരണം അത്യാവശ്യമായിരിക്കയാണു്.

## അദ്ധ്യായം പന്ത്രണ്ട്

# ചില നസ്രാണികവികൾ

അർണ്ണോസുപാതിരി തുടങ്ങിയ യൂറോപ്യൻമിഷ്യനറിമാർ കേരളഭാഷയിൽ കാവ്യങ്ങൾ രചിച്ചുവെന്നുമാത്രമല്ല, അവർ കേരളീയനസ്രാണികളുടെയിടയിൽ തദഭിരുചി വർദ്ധിക്കുന്നതിനു കാരണഭൂതന്മാരായിത്തീന്നുവെന്നും സമ്മതിച്ചേ കഴിയൂ. ഇതിൻെറ ഫലമായി 17—18 എന്നീ ശതാബ്ദങ്ങൾക്കുള്ളിൽ നാട്ടുനസ്രാണികളുടെ കൂട്ടത്തിൽ പല നല്ല കവികൾ പ്രത്യക്ഷപ്പെട്ടു. അവരിൽ ചാണ്ടിമാപ്പിള, ചാക്കോമാപ്പിള മുതലായി ചിലർ മഹാകവിപീഠം ആരോഹണംചെയ്തിട്ടില്ലെങ്കിലും സമകാലീനനായ കുഞ്ചൻനമ്പ്യാർ ആദിയായവരെ അനുകരിച്ചു നല്ല പദ്യകൃതികൾ എഴുതിയിട്ടുണ്ട്.

1800-നു മുൻപും നസ്രാണികളാൽ രചിക്കപ്പെട്ട പദ്യപ്രബന്ധങ്ങൾ ദുർല്ലഭമല്ല. പക്ഷേ, തൽക്കത്താക്കന്മാർ ആരെല്ലാമെന്നു നിണ്ണയിക്കാൻ പ്രയാസമായിത്തീന്നിരിക്കുന്നു. അതുകൊണ്ടു തദനന്തരമുള്ള ജ്ഞാതകർത്തൃകങ്ങളായ കൃതികളെ മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളു.

### ചാണ്ടിമാപ്പിള

ഇദ്ദേഹം പതിനേഴാം ശതാബ്ദത്തിന്റെ ഉത്തരാദ്ധത്തിലോ അതോടടുത്തകാലത്തോ കോട്ടയത്തു മള്ളൂശ്ശേരിയെന്ന കുടുംബത്തിലാണു ജാതനായതെന്നല്ലാതെ കൂടുതൽ വിവരമൊന്നും അറിഞ്ഞുകൂടാ. എന്നാൽ തദ്വിരചിതങ്ങളായ ചില കീത്തനങ്ങളും ഗാനങ്ങളും പരക്കെ അറിയപ്പെട്ടുന്നവയാണ്. 'ആദമാദി' 'അമ്മയായ രാജകന്നി' എന്ന ഈ കീത്തനങ്ങളും കോട്ടയം വലിയപള്ളിയെ സംബന്ധിച്ചുള്ള പാട്ടും ഇദ്ദേഹത്തിൻെറ കൃതികളാകുന്നു. ഇവ കവിയുടെ വാസനാധിക്യത്തേയും വ്യുല്പത്തിയേയും ഭംഗിയായി ദ്യോതിപ്പിക്കുന്നുണ്ട്. കുഞ്ചൻ, തുഞ്ചൻ മുതലായവരുടെ രീതി പുരസ്കരിച്ചാണ് ഇദ്ദേഹവും കവനസരണിയിൽ സഞ്ചരിച്ചിട്ടുള്ളതു്. പ്രധാനമായ രണ്ടു കീത്തനങ്ങൾമാത്രം താഴെ പകത്തുന്നു:

*ആദമാദി*

''ആദമാദിനാഥനേ ത്യജിച്ചു വാചകമ്മണാ
ചേതസ്സിങ്കൽ നീചർകൊലമെന്നു കണ്ടറിഞ്ഞവൻ
ഖേദമോട്ടു കേണിരന്നു ദൈവമേ പിഴച്ചു ഞാൻ
സത്യമാണു ശിക്ഷ നീ തികയ്ക്കല്ലേ കൃപാംബുധേ!

അൎത്ഥിയോടിരന്നവന്നു പേൎത്തുകാണമാററി
ന്നോൎത്തു മൂന്നു നേൎത്തശിക്ഷ ധാത്രിയിങ്കൽവച്ചുതാൻ
ആൎത്തിമാററി പുത്രനാൽ തുണയ്ക്കയെന്നു തല്പരൻ
സത്യമാണു ശിക്ഷ നീ തികയ്ക്കുല്ലേ കൃപാംബുധേ!
ഇപ്പറഞ്ഞപോൽ സഹസ്രമഞ്ചതാം ചതുശ്ശതം
ഒൻപതിററുപത്തുമൊന്നുമൊത്തുനിന്നവത്സരം
ദൈവപുത്രനും പിറന്നു മൂപ്പതാകുമാണ്ടതിൽ
സത്യമാണു ശിക്ഷ നീ തികയ്ക്കുല്ലേ കൃപാംബുധേ!
ഊടെഴുന്നമോദമോട്ടു നേരെഴുന്ന മാമ്മോസാ
ഊൎദ്ധമാംവഴിക്കു മുങ്ങി സാക്ഷിപെട്ട മോക്ഷവും
കോടാഴിക്കുമെന്മകങ്കെലിമ്പമായിവന്നതും
സത്യമാണു ശിക്ഷ നീ തികയ്ക്കുല്ലേ കൃപാംബുധേ!
ഉത്തമൻ സമക്കുലത്തിലാറു രണ്ടുപേർകളേ
ശുദ്ധമാക്കി മാമ്മൂസാ തികച്ചു വേദശാസ്ത്രവും
ഒത്ത കാണവും കണക്കുമോൎത്തുകാണമത്ഭുതം
സത്യമാണു ശിക്ഷ നീ തികയ്ക്കുല്ലേ കൃപാംബുധേ!
ഊനമെന്യേ അന്നപുത്രികന്യയിൽ ജനിച്ചുതാൻ
മീനമാസമഞ്ചുപഞ്ച ആഴ്ച വെള്ളിയന്തിയിൽ
മാനിഭ ധനുവമക്കണക്കിലക്കനന്തിയിൽ
സത്യമാണു ശിക്ഷ നീ തികയ്ക്കുല്ലേ കൃപാംബുധേ!
എപ്പകത്തിലമ്മകരമോട്ടു പുത്തനാറിണ
ശില്പമാണെടുത്തു കണ്ടു അഞ്ചതാം പഴയതും
മൂപ്പതോട്ടു മൂന്നുവത്സരംതികഞ്ഞ മീനവും
സത്യമാണു ശിക്ഷ നീ തികയ്ക്കുല്ലേ കൃപാംബുധേ!
ഐയർ താൻ മരിച്ചുയൎത്തരക്ഷസാരമെന്നതും
കൈവിടാതിരിപ്പവൎക്കു നോയമ്പുവെള്ളിയും ബുധൻ
മെയ്യതായെഴുത്തുപെട്ട ശുദ്ധമാന പുസ്തകം
സത്യമാണു ശിക്ഷ നീ തികയ്ക്കുല്ലേ കൃപാംബുധേ!
ഒത്തകൈകണക്കു അൎക്കചന്ദ്രലക്ഷണങ്ങളും
ആ ദിനങ്ങൾ നോയ്മ്പിനാൽ വരുത്തുമപ്രകാരവും
കേടൊഴിച്ചു വെൺമയെങ്കിലിമ്പമായിവന്നതും
സത്യമാണു ശിക്ഷ നീ തികയ്ക്കുല്ലേ കൃപാംബുധേ!
ഓത്തുകണ്ടുമാൎഗ്ഗവും തികച്ചു മോക്ഷമേറിനാൻ
ആൎത്തിതീൎത്തു ശിഷ്യരെ സമൎത്ഥരാക്കിവച്ചിതു
ഭക്തരാം പിതൃക്കളോട്ടു മോക്ഷമേകുകിന്നുതാൻ
സത്യമാണു ശിക്ഷ നീ തികയ്ക്കുല്ലേ കൃപാംബുധേ!
ഔഷധങ്ങൾ മാനുഷൎക്കു നിന്മരണമായതും
മഹിഷതുല്യമവൎക്കു നിൻ ദുഖം കുരിശതായതും
ദോഷരായ്മരാതെ നീ സമൎത്ഥരാക്കു ഞങ്ങളേ
സത്യമാണു ശിക്ഷ നീ തികയ്ക്കുല്ലേ കൃപാംബുധേ

അക്കനം വിധിപ്പകാലമൊക്കെയൊത്തുകൂട്ടമ്പോൾ
വൈക്കല്ലേവെറുപ്പു ഞങ്ങളോടനുഗ്രഹം ബുധേ!
ഓക്കിൽ മററുമിത്രരാരു നീയൊഴിഞ്ഞൊരുത്തരെ
സത്യമാണ ശിക്ഷ നീ തികയ്ക്കല്ലേ കൃപാംബുധേ!
മന്നിലേ പിറന്ന ചോരചിന്തിയെന്നമൂലവും
മുന്നമേ വിളിച്ചു പേരുമീശൊയെന്നനാമവും
എന്നിലുള്ള പാപഭാരമഗ്നിയാക്കി നീക്കി നീ
നിന്നിലുള്ള കൃശിനിക്കു നൽകണം കൃപാംബുധേ.''

*അമ്മയായ രാജകന്നി*

''അമ്മേയായ രാജകന്നി നിൻപദങ്ങൾ മാനസേ
നന്മയോട്ട തോന്നണം തെളിഞ്ഞിനിക്കു സന്തതം
തിന്മയൊക്കയും വെടിഞ്ഞു നന്മയോട്ട ചേരുവാൻ
നിർമ്മലപദാംബുജേ നമോസ്തു രാജകന്യകേ!
ആദിനാഥനോട്ട നീയുണത്തുകെൻെറ സങ്കടം
ചേതസാ ഗ്രഹിച്ചു നിത്യരക്ഷചെയ്തുകൊള്ളവാൻ
ബോധഹീനനായ ഞാൻ പിഴച്ചതൊക്കെയും തിരു
മാനസേ പൊറുത്തുകൊൾ നമോസ്തു രാജകന്യകേ!
ഇഷ്ടമോട്ട മർത്യരെ ഭരിച്ചുകൊള്ളവാനതി–
സൃഷ്ടിപൂണ്ട നിന്നിൽവന്നുടൻജനിച്ച തൽപരൻ
ഭ്രഷ്ടനായയെൻെറ ദോഷമൊക്കവേ പൊറുപ്പതി–
ന്നിഷ്ടമോട്ടണത്തണം നമോസ്തു രാജകന്യകേ!
ഈയുലകിൽ ബേതലമലമ്പിറത്തു ജാതനായ്
ആവലാധിപെട്ട മർത്യരെ ഭരിച്ചുകൊള്ളവാൻ
ചേലോടെ പിറന്ന നാഥനോട്ടണത്തുകെന്നുടെ
ആവലാധിയൊക്കെയും നമോസ്തു രാജകന്യകേ!
ഉററതൽപരൻ പിറന്നനേരമുള്ള വിസ്മയം
അററമില്ലതൊന്നുമേ പുകഴ്ത്തുവാൻ ദൃഢം നഹി
പെററമാതൃവായ നീയുണത്തുകെൻെറ സങ്കടം
മററുമുള്ളതൊക്കയും നമോസ്തു രാജകന്യകേ!
ഊനമെന്യേ നിങ്ങളിങ്ങു പാക്കയല്ല സത്വരം
ദീനമെന്യേപോയ് മെസറാപൂകുവെന്നു ഗൗറിയേൽ
താന്നുരത്തവാചകം ഗ്രഹിച്ചു കന്നിയുണ്ണിയേ
മോദമായെട്ടത്തുടൻ നമോസ്തു രാജകന്യകേ!
എത്രവേഗമോട്ട തൻെറ പുത്രനും യൗസേപ്പുമായ്
തത്രകാനനങ്ങളും കടന്നുപോയി കന്യക
ശത്രുവന്നതൃത്തിടാതെ പുക്കുടൻ മെസ്രേനതിൽ
കോട്ടതന്നിലമ്പൊട്ട നമോസ്തു രാജകന്യകേ!
ഏറിയോരു വിസ്മയങ്ങൾ കണ്ടു കന്നിയുണ്ണിയേ
മോദമായെട്ടത്തുടൻ സ്തുതിച്ചുവാണിരുന്നനാൾ

ആറുരണ്ടുശിഷ്യരോട്ടുകൂടിയേകനാഥനും
മോദമായ്‌വസിച്ചതും നമോസ്തു രാജകന്യകേ!
അയിമ്പൊഴിഞ്ഞ യൂദരന്നു തമ്പുരാന്നു ശത്രുവായ്
വൻപുഭാവവും നടിച്ചു തുമ്പമെന്യേ കൊല്ലുവാൻ
വൻപരൊത്തുകൂടിയന്വേഷിച്ചകാലമേതുമേ
കണ്ടറിഞ്ഞതില്ലവർ നമോസ്തു രാജകന്യകേ!
ഒന്മയായ ശിഷ്യരിലൊരുത്തനന്നു നാഥനേ
നന്മയും വെടിഞ്ഞു വിററു വാങ്ങി വെള്ളി മുപ്പതു്
അമ്മയായ നീയതൊക്കയും ക്ഷമിച്ചപോലെയെൻ
തിന്മകൾ ക്ഷമിച്ചുകൊൾ നമോസ്തു രാജകന്യകേ!
ഓടിവന്നു യൂദർ കണ്ടു പേടിയോടെ വീണുടൻ
ആട്ടകാൽപിണഞ്ഞു കാൽകരങ്ങളും തളന്നുടൽ
കേടകന്ന തൃക്കരത്തിനാൽ കൊട്ടുത്തു വൃക്ഷമാ
ആടൽ തീന്നവക്കുടൻ നമോസ്തു രാജകന്യകേ!
അവ്വഴിയട്ടത്തവർ പിടിച്ചു സവ്വനാഥനേ
മെയ്യതിൽ കൊട്ടത്തുയർ പലതു ചെയ്തു കൊല്ലുവാൻ
കെൽപ്പോടെ കുരിശതിൽ പതിച്ച കണ്ടു നിന്നുടേ
മെയ്‌തളന്നു ദുഃഖവും നമോസ്തു രാജകന്യകേ!
അക്കനം മരിച്ചുയിത്തു സവ്വനാഥനും നര
ക്കൊക്കെവന്ന സങ്കടമൊഴിച്ചുകൊണ്ടു വീണ്ടുടൻ
പുക്ക വാനിൽ നാല്പതാംദിനം പിതാവു തന്നുടെ
ദക്ഷിണേവസിപ്പതും നമോസ്തു രാജകന്യകേ!''

## കുരുവിളക്കത്തനാർ

പതിനെട്ടാം ശതാബ്ദത്തിൽ വടക്കൻപ്രദേശങ്ങളിൽ ഉണ്ടായിരുന്ന നസ്രാണികവികളിൽ പ്രമുഖൻ കുരുവിളക്കത്തനാരായിരുന്നു. ഇദ്ദേഹം 'ഈയോബിൻെറ ചരിതം' പദ്യമായി രചിച്ചിട്ടുണ്ടു്. അതിൽ കവി കൈക്കൊണ്ട രീതിയും വൃത്തവും കരുണോദ്ദീപകമായിരിക്കുന്നു. തന്മൂലം വിഷയാനുഗുണവുമാണു്. വേറെ ചില കൃതികളും ഇദ്ദേഹം നിമ്മിച്ചിട്ടില്ലെന്നില്ല. 1751-ൽ കേരളത്തിൽ വന്ന യാക്കോബായ മെത്രാനായ മാർ ബസിലിയോസിനേക്കുറിച്ചു് ഇപ്പോഴും അനേകത്ര പാടിവരാറുള്ള ചില 'ചിന്തു'കളും വഞ്ചിപ്പാട്ടുകളും ഈ കവിയുടേതാണു്. അവയും ഹൃദയാവജ്ജകങ്ങളാണെന്നു കേൾവിയുണ്ടു്.

## ചാക്കോമാപ്പിള

പതിനെട്ടാം ശതാബ്ദത്തിൽ കേരളനസ്രാണികളുടെ കൂട്ടത്തിൽ അതിപ്രസിദ്ധനായ കവി ചാക്കോമാപ്പിളയായിരുന്നു. ഈ വിദ്വാൻ വടക്കൻദിക്കുകാരനാണെന്നു് ഏകസംഗതിയല്ലാതെ മററു വൃത്താന്തമൊന്നും വിദിതമല്ല. ഇദ്ദേഹം കോതമംഗലംകാരനായിരുന്നുവെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ഇദ്ദേഹത്തിനു് എഴുത്തച്ഛൻ മുതലായവരുടെ കൃതി

കൾ ഹൃദിസ്ഥമായിരുന്നുവെന്നും അവയെ അനുകരിച്ചാണു സ്വതന്ത്രകൃതികൾ എഴുതപ്പെട്ടിട്ടുള്ളതെന്നും പൗലീനോസുപാതിരി പ്രസ്താവിച്ചിരിക്കുന്നു. 'മാർ അല്ലേശുപാന' 'അല്ലേശുനാടകം' 'നിഷിദ്ധപർവ്വം' (=ദൂഷിപർവ്വം) എന്നിവ ഇദ്ദേഹത്തിൻെറ കൃതികളാണ്. 'മാർ ഗീവർഗ്ഗീസ്പാന' 'ഗുശരാജാക്കളുടെ പാട്ട്' 'ചെറിയതോബിയാസിൻെറ പാട്ട്' എന്നീ പദ്യങ്ങളുടെ പ്രണേതാവും ഒരുവേള ഇദ്ദേഹംതന്നെ ആയിരിക്കാം.* ഏതായാലും ആൾ വലിയൊരു സാഹിത്യകാരനും 1780-ാമാണ്ടിടയ്ക്കു മിക്ക ഇടവകകളിലും പ്രഖ്യാതനും ആയിരുന്നുവെന്നു പൗലീനോസിൻെറ വിവരണങ്ങളിൽനിന്നു മനസ്സിലാകുന്നുണ്ട്. പ്രസ്തുതപ്രബന്ധങ്ങൾ കവിയുടെ പാണ്ഡിത്യത്തെ സവിശേഷം പ്രദർശിപ്പിക്കുകയും ചെയ്യുന്നു. മാപ്പിളയ്ക്കു ചെറുശ്ശേരി, എഴുത്തച്ഛൻ, നമ്പ്യാർ, അർണോസുപാതിരി എന്നിവരുടെ കൃതികൾ സുപരിചിതങ്ങളായിരുന്നുവെന്നു ഭാഷയുടേയും രീതിയുടേയും പൗഷ്കല്യത്താൽ വ്യക്തമാണ്. മാത്രമല്ല, ഹൈന്ദവകാവ്യങ്ങളിലെ പല ശൈലികളും സങ്കേതങ്ങളും കവി അനേകത്ര അനുവർത്തിച്ചിരിക്കുന്നതായും കാണാം. മാർ അല്ലേശുപാനയിലെ 'ഗണപതി'തന്നെ നോക്കുക:

"ആദിപുരാണനഖിലേശ്വരനൊരുവ-
ന്നത്യന്തം കുറാകുന്നോരു
മാറല്ലേശിൻ വൃത്താന്തങ്ങളെ
ആദരവാലെ ചൊൽവതിനെല്ലാം
ആലാഹാ തുണചെയ്യുവതിന്നു്
മാനുഷജാതികളെല്ലാവക്കും
ദുഷ്കൃതമായതശേഷമറുത്തോ-
രുത്തമനാകിയമിശിഹാ തൻെറ
മാതാവാകിയ കന്നിയെ ഞാനും
അടിമലർ കുമ്പിട്ടിത വന്നിച്ചേൻ.
അടിയനു വരമരുൾ കന്നിയതുമ്മാ
അമ്പൊട്ടു ഗൗറിയലേ സ്തുതിചെയ്യാൻ
ആദരവാലെൻ നാവിൽവന്നു
അനുകൂലേന വിളങ്ങീടേണം.
ഗുരുഭൂതന്മാരായവരെല്ലാം
ഉററുതുണയ്ക്കണമൊക്കെയെനിക്കു്"

ഈ പ്രബന്ധം സമകാലികനായ കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കൃതികളെ ഉപജീവിച്ചാണോ എഴുതിയിട്ടുള്ളതെന്നു തോന്നും. ചാക്കോമാപ്പിള എഴുതിയ മററു കൃതികളിൽ തുഞ്ചൻെറ കിളിപ്പാട്ടിലെ പല സങ്കേതങ്ങളും പ്രത്യേകം അനുകരിച്ചുകാണുന്നു. എഴുത്തച്ഛൻ ശുകത്തെക്കൊണ്ടു പാടിച്ചതിനു ബദലായി മാപ്പിള പ്രാവിനെ പിടികൂടിയിരി

* റോമ്മായാത്രയിൽ പറയുന്ന വരാരപ്പള്ളിൽ ചാക്കോ എന്ന ഭക്തനായിരിക്കുമോ ഈ ചാക്കോമാപ്പിള എന്നു സംശയിക്കുന്നു.

ക്കുന്നു. 'ശുശരാജാക്കളുടെ വഞ്ചിപ്പാട്ടിൽ'നിന്നു താഴെ ഉദ്ധരിച്ചിരിക്കുന്ന ഭാഗം ഉദാഹരണമാണു്:

''ചൊല്ലണം നൽശ്ശുജവൃത്തം ശീഘ്രമിന്നു പ്രാവുകുഞ്ഞേ
വെല്ലവും പാൽപഴം തേനും തരുവേൻ ഞാനും
വന്നിരിയെന്നുടെനാവിൽ വെണ്മരൂഹാ വിളങ്ങുന്നു
നന്മയിൻവേഴ്ചയാൽ പോലെ ചൊല്ലണംവാർത്ത
എന്നനേരം പ്രാവുകുഞ്ഞും ഗൗറിയേൽ വന്ദിച്ചു ചൊല്ലി
മന്നവന്മാർക്കേതിമന്നൻ കേൾക്കണം വാർത്ത.''

'തുബിയാസിൻെറ പാട്ടു'' അരയന്നത്തെക്കൊണ്ടാണു പാടിക്കുന്നതു്. അതിൻെറ ആദ്യഭാഗം:

''പച്ചമരതകം വച്ചു പതിച്ചുള്ള
മാലയും മാർവ്വിലണിഞ്ഞു വരുന്നോരു
മെച്ചമേറുമരയന്നമേ വന്നിരി
ഇച്ഛയാലുള്ളോരു വെൺകഥാശേഷവും
കൊച്ചുകിടാങ്ങൾ കൊഞ്ചിച്ചു ചൊല്ലുന്ന വാ-
ക്കിച്ഛയേറുമറിവുള്ളവർ കേൾക്കുമ്പോൾ
എന്നപോലെകരുതീടണമെന്നെയും
എന്നാൽ പറയാം കഥയിതിൻ ശേഷവും''

മാറല്ലേശ്ശുപാനയിലെ നാലു പാദവും നാലുജാതി വൃത്തമാണു്. ക്ലിഷ്ടത ലേശംപോലും കാണ്മാനില്ല. ഉചിതപദങ്ങൾ യഥാപേക്ഷം സംഘടിപ്പിച്ചു കഥാഗാനം ചെയ്യുന്നതിൽ ഈ കവിക്കു് ഒരു വിശേഷചാതുര്യമുണ്ടു്. മാറല്ലേശിൻെറ കല്യാണം ഇങ്ങനെ വർണ്ണിക്കുന്നു:

''നാലുദിശിക്കും ദൂതരെവിട്ട
നീളെയതെങ്ങും പറയിക്കുന്നു
ദിശിദിശിതോറും ഘോഷമിയന്നു്
കല്യാണത്തിനുപോകയതെന്നു്
ധനവതിതന്നുടെ പുത്രൻതൻെറ
കല്യാണത്തേക്കാണേണ്ടായോ
ആനകൾ കുതിരകൾ പല്ലക്കുകളും
ചന്തം ചിന്തിന തണ്ടുകളെന്നിവ
പദവികളേറിന പൗരജനങ്ങൾ
വെൺകററക്കുട വെഞ്ചാമരയും
പച്ചക്കുട തഴമുത്തുക്കുടയും
കോമളമിന്ദ്രക്കുടയും കൊമ്പും
ചിഹ്നം ചീനക്കുഴലൊട്ടുതാളം
വാദ്യംവെടികളലങ്കാരത്തെ
തിമിരതയോടേ പൗരജനങ്ങൾ
നാലുദിശിക്കും വരവുതുടങ്ങീ
ചിന്ത തെളിഞ്ഞു മസ്സമ്യാനോസ്സും
മിത്രന്മാരും സഖികളുമായി

പുരുഷശിഖാമണിയല്ലേശിനേയും
നളിനവിലോചനകന്യകയേയും
കേവലമങ്ങിത ചമയിക്കുന്നു
അഞ്ചിതകാന്തി കലന്നെരിയുന്നൊരു
കഞ്ചുകമിന്നിരുവക്കമണിഞ്ഞു
ഭാസ്കരബിംബസമാഭരണങ്ങൾ
പരിചിനൊടങ്ങിരുവക്കമണിഞ്ഞു
വാദ്യധ്വനികളലങ്കാരത്തൊടെ
ഗമനവിലാസം ഘോഷമിയന്നു്
പുണ്യസ്ഥലമതു ചെന്നുപുകിന്താർ
മാർഗ്ഗവിധിപോൽ മാറല്ലേശ്ശും
പൊൻകുഴലാളെ വിവാഹംചെയ്യാൻ."

പൂർവ്വകാലത്തു കല്യാണം പെരുന്നാൾ എന്നീവക വിശേഷാവസരങ്ങളിൽ പാട്ടുകാർ ഇത്തരം കൃതികൾകൂടിപ്പാടിക്കളിക്കുന്ന പതിവുണ്ടായിരുന്നു. മാറല്ലേശിൻെറ ചരിത്രം ആട്ടമായി തമിഴിൽ എഴുതിയതും ചാക്കോമാപ്പിളയാണത്രെ. പൗലീനോസുപാതിരി കേരളത്തിൽ സഞ്ചരിച്ച കാലത്തു് 'മാറല്ലേശിൻെറ ആട്ടം' പല എടവകകളിലും അഭിനയിക്കപ്പെട്ടിരുന്നതായിപ്പറഞ്ഞുകാണുന്നു. 'നിഷിദ്ധപർവ്വം' എന്നതു ഹൈന്ദവമതാചാരങ്ങളുടെ വൈകല്യങ്ങൾ വർണ്ണിച്ചെഴുതിയിട്ടുള്ള ഒരു കൃതിയാണു്. അതിൽ മാപ്പിളയ്ക്കു ഹിന്ദുപുരാണങ്ങളിലുണ്ടായിരുന്ന വിസ്തൃതജ്ഞാനം നന്നായി പ്രതിബിംബിച്ചിട്ടുണ്ടു്.

## മററു കവികൾ

ചാക്കോമാപ്പിളയുടെ തുല്യകാലവർത്തികളായി തെക്കും വടക്കും വേറെയും പല ക്രൈസ്തവകവികൾ ഉണ്ടായിരുന്നു. ആലങ്ങാട്ടുപള്ളിയിലെ കപ്പിയാരും, ആ പ്രദേശങ്ങളിൽ 'ഉപദേശി'യായിരുന്ന രാമൻനായർ എന്ന ആളും ബൈബിൾകഥകളെ ആസ്പദമാക്കി ചില നാടകങ്ങൾ രചിച്ചതായും അവ അങ്ങുമിങ്ങും അഭിനയിക്കപ്പെട്ടുവന്നതായും പൗലീനോസു പ്രസ്താവിക്കുന്നു. പക്ഷേ ഇവരെപ്പററി മററിവൊന്നുമില്ല. 1665-ൽ പറവൂർ വന്നു താമസിച്ച മാർ ഗ്രീഗോറിയോസ് എന്ന പാത്രിയർക്കീസിനെക്കുറിച്ചു് എഴുതപ്പെട്ടുകാണുന്ന രസകരമായ ചില പാട്ടുകളും ചിന്തുകളും ഇപ്പോഴും വിസ്മൃതങ്ങളല്ല. എങ്കിലും അവ ആരുടെ കൃതികളെന്നറിയാൻ പ്രയാസമായിത്തീർന്നിരിക്കുന്നു.

വേറെ ചില കൃതികളെപ്പറ്റി ചുരുക്കമായി നിരൂപണംചെയ്യാം.

*1. മാർ ഗീവർഗ്ഗീസ് പാന*: ഇതും ഒരുപക്ഷേ ചാക്കോമാപ്പിളയുടെ വേറൊരു കൃതി ആയിരിക്കാം. കാലവും വ്യത്യസ്തമായിത്തോന്നുന്നില്ല.

*2. ഓശാനവിശേഷം*: ഈ കൃതിയിൽ ക്രിസ്തുവിന്റെ പീഡകളെ തന്മയത്വത്തോടുകൂടി വിവരിക്കുന്നുണ്ടു്. ഭാഷ സാമാന്യത്തിലധികം പഴക്കമുള്ളതുതന്നെ.

*3. മാർ യോഹന്നാൻമാംദാനായുടെ പാട്ട്*: ഇതും പ്രകൃതദശയിൽത്തന്നെ ഉണ്ടായ കൃതിയായിരിക്കും.

"ആലാഹനായന്റെ തൃക്കയ്യാലെ
ആദത്തെ സൃഷ്ടിച്ചു ഭൂമിതന്നിൽ"

എന്നിങ്ങനെ തുടങ്ങുന്ന ഈ പാട്ടിൽ ഹേറോദ്യയുടെയും പുത്രിയുടെയും ദുഷ്കർമ്മങ്ങൾ വർണ്ണിക്കുന്ന ഘട്ടം സരസമായിട്ടുണ്ട്. കൃതിയുടെ അവസാനഘട്ടം ഇപ്രകാരമാകുന്നു:

"താമരഭംഗികലന്നൊരുമകളുംകൂടിയിരുന്നിതു പലകാലം
താമസമില്ലാതവളൊരു പുഴയിൽ ചത്തുതരിപ്പം കണ്ടാലും
നാശംവന്നു നാണിഭവും പോയ്‌വ്യാധിപിടിച്ചവൾ വീണവിരെ
ഒരുകാലത്തിനുമുമ്പവർ വാണതു പറകിലരിപ്പം പലതുണ്ട്
ഉന്നതമായൊരു മാളികമണിയറതന്നിലിരുന്നിതു പലകാലം
മല്ലിക മുല്ല നിറംകലരുന്നൊരു പുഷ്പംകെട്ടിയ മാലകളും
ചേലൊട്ട കുങ്കുമചന്ദനമകിലും ചെമ്മേകൂടിയരപ്പിച്ച്
ചെമ്മേ പരിമളമിയലിന കളഭം കസ്തൂരികളിതു പലതരവും
ചേച്ചയിലങ്ങതരച്ചു കുടങ്ങളിൽ നിരനിരയങ്ങനെ വച്ചിച്ചു
ചേലൊട്ട വാരിപ്പൂശിയിരുന്നൊരു തെന്നൽകാററും മാളികയിൽ
അളവില്ലാതെ സുഖിച്ചവിടത്തിലിരുന്നിതു രാജൻ തന്നോട്ടം."

*4. കരിയാററിൽമെത്രാന്റെ പാട്ട്*: ഈ കൃതിയും ഇതേകാലത്തുണ്ടായ കവിതയാകുന്നു.

"ആലാഹാനായനാരരുളപ്പാടാൽ
ആലങ്ങാട്ടുനഗരി വാഴും കാലം
കരിയാററുവീട്ടിലെബ്ബാലകനും
കപ്പൽകരേറിപ്പോയി റോമയ്ക്കു്."

എന്നിങ്ങനെയാണ് ഇതിന്റെ പ്രാരംഭം. പാട്ടു വളരെ ദീർഘമല്ലെങ്കിലും വടക്കൻപ്രദേശങ്ങളിൽ പ്രചുരപ്രചാരമുള്ളതും പള്ളിക്കാർ പാടുന്നതുമാണ്. പോർത്തുഗൽരാജ്ഞി മെത്രാപ്പോലീത്തായ്ക്കു നൽകിയ സമ്മാനങ്ങൾ ഇതിൽ ഇപ്രകാരം വർണ്ണിക്കപ്പെട്ടിരിക്കുന്നു:

"മല്ലാനെ വാഴിച്ചു മെത്രാനായ്
നല്ല കൊട്ടുങ്ങല്ലൂർരൂപതയ്ക്കു്
പൊന്നുകൊണ്ടുള്ള കുരിശുമിട്ടു്
വെള്ളികൊണ്ടുള്ള വടിയും പിടിച്ച്
പച്ചക്കൽവച്ചൊരു മുടിയും വച്ചു്
വൈരക്കൽവച്ചൊരു മോതിരവും
ഇച്ഛയോടെല്ലാം കൊടുത്തുപിന്നെ
എല്ലാംകൊണ്ടുമലങ്കരിച്ചവർ
മലയാളത്തു രണ്ടു രാജാക്കൾക്ക്
പളുങ്കുകൊണ്ടുള്ള വിളക്കുംകൊടുത്ത്."

*5. മാത്തൂത്തരകനെ സംബന്ധിച്ച ഒരു കൃതി*യുടെ കാര്യമാണ് ഇനിപ്പറയാനുള്ളതു്. രാജസേവകൊണ്ടും തന്റേടംകൊണ്ടും മറ്റും അന്നു കേരളത്തിൽ അതിപ്രബലനും പ്രഖ്യാതനുമായിരുന്ന തച്ചിൽ മാത്തൂത്തരകന്റെ അപദാനങ്ങൾ പലതും ഈ പാട്ടിൽ സരസമായി വർണ്ണിച്ചിട്ടുണ്ടു്. ഇതിൽ ചില ഭാഗങ്ങൾകൂടി താഴെ ഉദ്ധരിച്ചുകൊണ്ടു് ഈ അദ്ധ്യായം സമാപിപ്പിക്കാം:

''പാർത്തലത്തിലെത്രയും പ്രസിദ്ധമായിട്ടൊരുദേശം
കുത്തിയതോടെന്നദിക്കെന്നറിഞ്ഞുകൊൾവിൻ
ആസ്ഥലത്തിലെത്രയും പ്രസിദ്ധനായിട്ടൊരുമർത്ത്യൻ
കൊച്ചു മാത്തൂത്തരകനെന്നറിഞ്ഞുകൊൾവിൻ.
പരിപൂർണ്ണൻ ബലവീര്യൻ മനുജരിൽ കൃപയുള്ളോൻ
പരിഷയെപ്രതി മോദം വളരെയുള്ളോൻ.

*　　　　*　　　　*

''പൊന്നുതമ്പുരാനേ പ്രീതി വളരെയുള്ളോൻ
കുത്തകയെന്നുള്ളതുതാനെത്രയും വലിയതാക്കി
ഉത്തമരീതിവരുത്തി വസിക്കും കാലം
കുത്തകയെട്ടപ്പതിന്നു മത്സരിച്ചു ജോനകരും.
ഉത്സാഹിച്ചുവരുന്നിതു ജോനകവൃന്ദം

*　　　　*　　　　*

''ചൊല്ലെഴുന്ന വേണനാട്ടിൽ തമ്പുരാൻ കല്പിച്ചുനല്ല
പല്ലക്കും പാറാവും നല്ല പോണ്ടന്മാരേയും.
പല്ലക്കിന്മേലേറി നടകൊള്ളത്തക്കപോലെയവർ
ചൊല്ലപ്പെട്ടോർ പലർ വളയിട്ടുവിക്കുന്നു
നിർമ്മലപ്പട്ടുട്ടത്തിട്ടുണ്ടതിന്മീതെത്രയും നല്ല
നേർമ്മയില്ലുള്ളൊരു വസ്ത്രം വിതൃത്തു ചുററി
പൊൻകസവേൽ പണിയുള്ള നേരിയതങ്ങെടുത്തിട്ടു
ചന്തമോടെ വിതൃത്തങ്ങു തലയിൽ കെട്ടി
കങ്കണങ്ങൾ കരത്തിന്റെ മുൻപിൽ വീരചങ്ങലയും
പൊൻകാപ്പുകൾ കരംതന്നിൽ ധരിച്ചുംകൊണ്ടു
ചങ്ങലവട്ടകളപ്പോൾ മുമ്പിലങ്ങു പിടിപ്പിച്ചു
മംഗലസുന്ദരൻ വരവെന്തിതു ചൊല്ലാം.''

മേൽവിവരിച്ചവ കൂടാതെ അനവധി പദ്യകൃതികൾ നസ്രാണികളുടെ വകയായി അക്കാലത്തുണ്ടായിട്ടുണ്ടു്. പലതും വിസ്മൃതങ്ങളുമായിട്ടുണ്ടു്. ഈ ചെറിയ ഗ്രന്ഥത്തിൽ അവയെപ്പററിയെല്ലാം വിവരിക്കാൻ സാധിക്കയില്ല. സാമാന്യസ്വഭാവം കാണിക്കാൻ മാത്രം ഇത്രയും പരാമർശിച്ചെന്നേയുള്ളു. അവയെല്ലാം ശേഖരിച്ചുകൂട്ടി പ്രസിദ്ധീകരിക്കേണ്ടതു ഭാഷാഭിമാനികളുടെ കടമയാണെന്നു പറയേണ്ടതില്ലല്ലോ.

## അദ്ധ്യായം പതിമൂന്ന്

# ചവിട്ടുനാടകം

### ഉത്ഭവം

പതിനേഴാം നൂററാണ്ടിന്റെ അന്ത്യപാദത്തിൽ കേരളത്തിൽ രൂപം കൊണ്ടതും, പതിനെട്ടാം നൂററാണ്ടിൽ കേരളക്കരയിൽ ഏതാണ്ടു സാർവ്വത്രികമായതുമായ ഒരു നൃത്യവിശേഷമാണ് കഥകളി. ക്രിസ്തുവർഷം 1658 ഫെബ്രുവരി 15-ാംതീയതി നിര്യാതനായ കോഴിക്കോട്ടു മാനവേദ രാജാവ് അതിനു നാലുകൊല്ലം മുൻപു കൃഷ്ണനാട്ടം നിർമ്മിച്ചുവെന്നും, ഏതോ വിശേഷാവസരത്തിലേക്കു കൃഷ്ണനാട്ടംകളിക്കാരെ അയച്ചുതരുവാൻ അന്നത്തെ കൊട്ടാരക്കരത്തമ്പുരാൻ ആവശ്യപ്പെട്ടിട്ടു സാമൂതിരി കൂട്ടാക്കിയില്ലെന്നും, ഇതിൽ കുണ്ഠിതനോ ഭഗ്നാഭിമാനിയോ ആയ കൊട്ടാരക്കരത്തമ്പുരാൻ കൃഷ്ണനാട്ടത്തെ അനുകരിച്ചു രാമനാട്ടം നിർമ്മിച്ചുവെന്നുമാണു കഥകളിയുടെ ഉൽപത്തിയെപ്പററി പറഞ്ഞുവരുന്ന പുരാവൃത്തം. അക്കാലത്തു മററു ദൃശ്യകലകൾ അപൂർവ്വങ്ങളായിരുന്നതുകൊണ്ടും രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും നിർല്ലോഭമായ പ്രോത്സാഹനവും സഹായങ്ങളും ലഭിച്ചിരുന്നതുകൊണ്ടും കൊട്ടാരക്കരത്തമ്പുരാൻ പ്രോൽഘാടനംചെയ്ത ഈ പ്രസ്ഥാനം അചിരേണ കേരളത്തിലെങ്ങും പ്രചരിച്ചു. കഥകളിയുടെ പ്രമേയങ്ങളധികവും വീരസാഹസികകഥകളായിരുന്നതുകൊണ്ടു നിരക്ഷരരായിരുന്ന അന്നത്തെ സാമാന്യജനങ്ങൾക്ക് അതിൽ ഒരു പ്രത്യേകാസക്തി ജനിച്ചതിൽ അത്ഭുതപ്പെടാനില്ല.

കഥകളി എല്ലാത്തരക്കാരായ പ്രേക്ഷകരെയും ആകർഷിച്ചു. പക്ഷേ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അതൊരു വിഷമപ്രശ്നമായിരുന്നു. കഥകളിയുടെ ഇതിവൃത്തങ്ങളെല്ലാം ഹൈന്ദവപുരാണേതിഹാസങ്ങളെ ഉപജീവിച്ചുള്ളവയാണല്ലോ. കേവലം കലാപരമായ പ്രകടനമെന്നതിനേക്കാൾ ഹൈന്ദവദേവീദേവന്മാരുടെ ലീലകളോ ചരിത്രാവിഷ്കരണമോ ആയിട്ടാണ് അന്നു കഥകളിയെ കണക്കാക്കിയിരുന്നത്. പോരെങ്കിൽ ക്ഷേത്രങ്ങളോടനുബന്ധിച്ച്, ക്ഷേത്രാരാധനയുടെ ഒരു ഭാഗമെന്നോണം ആണ് അതു് അഭിനയിക്കപ്പെട്ടിരുന്നതു്. ഈ വസ്തുതകൾ ക്രിസ്ത്യാനികൾക്കു കഥകളിയിൽ താല്പര്യം ജനിക്കുന്നതിനു സ്വതേ പ്രതിബന്ധങ്ങളായിരുന്നു. എങ്കിലും ആ കലയിൽ അവരിൽ ചിലരും ആകൃഷ്ടരായിരുന്നുവെന്നും, കൊടുങ്ങല്ലൂർ മുതൽ അമ്പലപ്പുഴവരെ ഉണ്ടായിരുന്ന ക്രിസ്ത്യാനികളിൽ ചിലർക്കു കഥകളിയോഗങ്ങളുണ്ടായിരുന്നുവെന്നുമുള്ളതിനു തെളിവുകളുണ്ടു്; രാവണൻ റപ്പായി, ഹനുമാൻ ചാക്കോ, ബാലി പത്രൻ മുതലായ ചില പ്രസിദ്ധക്രൈസ്തവകഥകളിനട

ന്മാർ ഇന്നും ഐതിഹ്യങ്ങളിൽ ജീവിക്കുന്നതു് അതിനൊരുദാഹരണമാണു്.

ക്ഷേത്രോപാന്തങ്ങളിൽ നടക്കുന്ന ഹിന്ദുപുരാണാസ്പദങ്ങളായ കഥകളിയിൽ ക്രിസ്ത്യാനികൾ തൽപരരാകുന്നതു പ്രോത്സാഹജനകമായ ഒരു നടപടിയായി അന്നത്തെ ക്രൈസ്തവമതാദ്ധ്യക്ഷന്മാൎക്കു്—പ്രത്യേകിച്ചു പോൎത്തുഗീസ് ഭരണാധികാരികൾക്കു്—തോന്നിയില്ല. കേവലനിരോധംകൊണ്ടു ലക്ഷ്യം പൂൎണ്ണമായി സാധിക്കുകയില്ലെന്നു ബുദ്ധിമാന്മാരായ അവർ കരുതിയിരിക്കണം. തന്മൂലം കഥകളിപോലെയുള്ള ഒരു കലാരൂപം നടപ്പാക്കുന്നതിനും, അതിലേക്കു വീരരസപ്രധാനങ്ങളായ ക്രിസ്തീയ ഇതിവൃത്തങ്ങൾ സ്വീകരിക്കുന്നതിനും അവർ നിൎദ്ദേശിച്ചു. ഇങ്ങനെയൊരു കലാരൂപം സജ്ജീകരിക്കുന്നതിൽ പശ്ചിമയൂറോപ്യൻ രാജ്യങ്ങളിൽ നിലവിലിരുന്ന ഓപ്പെരാ (Opera) എന്നു പറയുന്ന നാടകസമ്പ്രദായം അവൎക്കു വളരെ സഹായകമായിരുന്നിരിക്കണം. ചവിട്ടുനാടകത്തിനു കഥകളിയോടുള്ളതിനേക്കാൾ കൂടുതൽ സാധൎമ്മ്യം ഈ യൂറോപ്യൻ നാടകങ്ങളോടു കാണുന്നുണ്ടു്. ചവിട്ടുനാടകങ്ങളിൽ പലതും യൂറോപ്പിലെ ക്രിസ്ത്യൻ യോദ്ധാക്കളുടെ വിജയകരമായ വേദപ്രചാരണത്തെ പരാമൎശിക്കുന്നവയാണെന്നും, ചവിട്ടുനാടകപ്രസ്ഥാനത്തിനു പ്രചാരം ലഭിച്ചതു് പോൎത്തുഗീസുവൈദികമേലദ്ധ്യക്ഷന്മാരുടെ ഭരണത്തിനു വിധേയമായിരുന്ന പ്രദേശങ്ങളിലായിരുന്നുവെന്നുമുള്ള വസ്തുത വിസ്മരിക്കത്തക്കതല്ല.

ചവിട്ടുനാടകത്തിന്റെ ആകസ്മികോല്പത്തിയെപ്പററി ഒരു പുരാവൃത്തമുള്ളതു് ഇങ്ങനെയാണു്. മട്ടാഞ്ചേരിയിലുള്ള കൂനൻകുരിശിനുചുററും പതിനേഴാം നൂററാണ്ടിൽ, ക്രിസ്ത്യാനികൾ ഞായറാഴ്ചദിവസങ്ങളിൽ വൈകുന്നേരം പതിവായി സമ്മേളിച്ചു പാട്ടുപാടിയുംമററും ഭജനനടത്താറുണ്ടായിരുന്നു. മററു് അഭിനയഗാനങ്ങളുടെ അഭാവത്തിൽ ഇവരിൽ ചിലർ കഥകളിപ്പദങ്ങളും ആടിയിരുന്നുവത്രേ. അക്കാലത്തു തെങ്കാശിയിൽനിന്നും കൊച്ചിയിൽ വന്നു താമസിച്ചിരുന്ന ഒരു തമിഴ്പണ്ഡിതകവിയും കത്തോലിക്കനുമായിരുന്ന ചിന്നത്തമ്പിപ്പിള്ളയ്ക്കു് ഈ ഭജനസമ്പ്രദായം, കത്തോലിക്കരെ സംബന്ധിച്ചിടത്തോളം, അനാശാസ്യമായിട്ടാണു തോന്നിയതു്. ഭജനനടത്തിയിരുന്നവരുടെ ഉദ്ദേശ്യം എന്തുതന്നെയായിരുന്നാലും ദ്രഷ്ടാക്കൾക്കു് അതു് അക്രൈസ്തവവും അഭക്തവുമായ ഒരു ചടങ്ങായിരുന്നു. ഇതിനൊരു പരിഹാരമായി, വൈദികരുമായി ആലോചിച്ചുകൊണ്ടു് അദ്ദേഹം പുതിയ ഒരു രീതിയിൽ, ക്രിസ്തീയ ഇതിവൃത്തത്തിൽ ഒരു നാടകം ഉണ്ടാക്കി അവരെ പഠിപ്പിച്ചു. 'ബ്രസീന' എന്ന സുകൃതിനിയുടെ ചരിത്രമായിരുന്നു ചിന്നത്തമ്പി തന്റെ നാടകത്തിനു് ഇതിവൃത്തമായി സ്വീകരിച്ചതു്. ഇതിന്റെ വിജയം ആ പ്രസ്ഥാനത്തിലേക്കു പലരുടേയും ശ്രദ്ധയെ ആകൎഷിച്ചു. ക്രമേണ ചിന്നത്തമ്പിപ്പിള്ളയും, അദ്ദേഹത്തിനുശേഷം വന്ന നെയ്യൂർസ്വദേശിയായ വേദനായകംപിള്ളയും അവരുടെ ശിഷ്യന്മാരും പ്രശസ്തങ്ങളായ പല നാടകങ്ങളും രചിക്കുകയും അരങ്ങേററുകയും ചെയ്തു.

## സ്വരൂപം

ആശയവൈശിഷ്ട്യവും ഗാനമാധുര്യവും അഭിനയചാതുരിയും ഒത്തിണങ്ങുന്ന ഒരു നാട്യകലാവിശേഷമാണ് ചവിട്ടുനാടകം. കഥകളിയിൽ ഹസ്തമുദ്രകൾക്കാണ് പ്രാധാന്യമെങ്കിൽ ചവിട്ടുനാടകത്തിൽ ചവിട്ടിനാണ് മുൻഗണന. താളത്തിനും മേളത്തിനുമനുസരിച്ചു കൈയും മെയ്യും കണ്ണും സന്ദർഭോചിതമായി ചലിപ്പിച്ചു ചോടുചവിട്ടുകയാണ് ചവിട്ടുനാടകത്തിൽ ചെയ്യുന്നതു്. ഇതിലേക്കു പന്ത്രണ്ടുവിധചോടുകൾ തന്നെയുണ്ട്. പാട്ടുപാടുമ്പോഴും കലാശത്തിനും പ്രയാസമേറിയ ചോടുകളാണുള്ളതു്. പാട്ടിനൊത്തു ചോടുവെച്ചുകൊണ്ടുള്ള ആട്ടവും ചാട്ടവും ജീവനായിരിക്കുന്ന ഈ പ്രസ്ഥാനത്തിന് ചവിട്ടുനാടകമെന്ന പേർ അന്വർത്ഥമാണെന്നു് അതു് ഒരിക്കൽ കാണുന്നവർക്കു ബോദ്ധ്യമാകുന്നതാണ്.

അധികം ഘനമില്ലാത്ത പലകകൾ പൊക്കത്തിൽ നിരത്തി തട്ടിട്ട് പത്തിരുപതു വേഷക്കാർ അതിന്മേൽ അണിമുറിയാതെയും താളം കളയാതെയും ചവിട്ടിയാടുകയും അതിനോടൊപ്പം മരവാളടിയുടേയും പടത്തമ്പേറിന്റെയും ശബ്ദം ധ്വനിപ്പിക്കുകയും ചെയ്യുന്ന ഈ പ്രസ്ഥാനത്തിനു 'തട്ടുപൊളിപ്പൻ' എന്നൊരു പരിഹാസപ്പേർതന്നെ ഉണ്ടായിട്ടുണ്ട്. യുദ്ധവീരന്മാരുടെ ആയോധനപാടവപ്രകടനം പ്രധാനാംശമായിരിക്കുന്ന വീരരസപ്രധാനങ്ങളായ കഥകളാണ് ചവിട്ടുനാടകങ്ങളുടെ ഇതിവൃത്തമെന്ന വസ്തുത ആലോചിക്കുമ്പോൾ, ഈ പരിഹാസപ്പേരിൽ പരിഹാസം അയുക്തമാണെന്നു കാണാവുന്നതാണ്.

ചവിട്ടുനാടകം പഠിക്കണമെന്നു് ആഗ്രഹിക്കുന്നവർ ഒരു അണ്ണാവിയെ—ആശാനെ—സമീപിച്ചു് അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം കളരികെട്ടി ആയുധാഭ്യാസം വശമാക്കുന്നു. പാട്ടിലും ആട്ടത്തിലും വിദഗ്ദ്ധനും, ആയുധാഭ്യാസത്തിലും ആയോധനമുറകളിലും നിപുണനും, ആയിരിക്കും അണ്ണാവി. പ്രധാനനടന്മാരെ തിരഞ്ഞെടുത്തു ഗുരുദക്ഷിണ വാങ്ങിയശേഷം അണ്ണാവി അവരെ ആയുധാഭ്യാസം ചെയ്യിക്കുകയും അനന്തരം ഗാനരൂപത്തിലുള്ള കഥ പഠിപ്പിക്കുകയും ചെയ്യുന്നു. ആദ്യകാലങ്ങളിലെ അണ്ണാവിമാരെല്ലാം തമിഴ്പണ്ഡിതന്മാരായിരുന്നതുകൊണ്ടാകാം മിക്ക ചവിട്ടുനാടകങ്ങളിലേയും ഭാഷ തമിഴാണ്. കഥ മുഴുവൻ ഗാനരൂപത്തിലാകുന്നു. വിരുത്തം, കവി, കാപ്പു്, തുയരം, കലിത്തുറ, ഇന്നിശൈ, ചിന്തു, ചൊല്ലു, കൊച്ചകം, വെൺപാ മുതലായ സന്ദർഭോചിതങ്ങളായ വണ്ണമട്ടുകളിലാണു് ഈ ഗാനങ്ങൾ രചിക്കപ്പെട്ടിരിക്കുന്നതു്.

ഓലയിലോ കടലാസിലോ എഴുതി സൂക്ഷിച്ചിരിക്കുന്ന നാടകഗ്രന്ഥങ്ങൾക്കു 'ചുവടി'യെന്നാണു പേരു്. പ്രാഥമികപരിശീലനത്തിനു 'ചൊല്ലിയാട്ട'മെന്നു പേർ. പഠനത്തിന്റെ ഏററവും പ്രയാസമേറിയ ഭാഗം ചവിട്ടാണ്. താളത്തിനും മേളത്തിനുമനുസരിച്ചു കയ്യും മെയ്യും കണ്ണും സന്ദർഭോചിതമായി ചലിപ്പിച്ചുവേണം ചോടുചവിട്ടുവാൻ. ഒന്നുമുതൽ പന്ത്രണ്ടുവരെ ചോടുകൾ പഠിക്കുവാനുണ്ട്. പാട്ടു പാടുമ്പോഴും കലാശത്തിനും പ്രയാസമേറിയ ചോടുകളുണ്ട്. ചിലപ്പോൾ അണ്ണാവി

കവിത്തം പാടി—ഭാഗവതരന്മാർ സ്വരം ചൊല്ലിക്കുന്നതുപോലെ—വേഷക്കാരെക്കൊണ്ടു ചോട്ട ചവിട്ടിക്കാറുണ്ട്. പന്ത്രണ്ടു ചോട്ടം ചവിട്ടുവാനുള്ള ഒരു കവിത്തം താഴെ ഉദ്ധരിക്കുന്നു.*

''കർതിതാം—തൊങ്കത്തരികിട—തൊകതരികിടതക—തിങ്ങനാം തകതിത്തത്തൈ—

തൊകർ തരികിട—തൊകതരികിട—തകിതിങ്ങനാം—തകതിത്തത്തൈ—കർതി തൊങ്കത്തരികിട തൊകതരികിടതകി—തത്തടീം തക—തക തക—തടീം തൊങ്കത്തിലാങ്കത തിങ്കിനത്തോം—''

നാടകം പഠിച്ചുകഴിഞ്ഞാൽ പിന്നെ വേഷവിധാനങ്ങളുടെ കാൎയ്യമായി. പഴയകാലത്തെ പടയുടുപ്പുകളുടെമാതിരി വിവിധവൎണ്ണത്തിലുള്ള ളാത്ത, ളീസു മുതലായ കടലാസുകൾകൊണ്ടും, ചിലപ്പോൾ വളരെ വിലയേറിയ വില്ലൂസു മുതലായ പട്ടുകൾകൊണ്ടും ഉടുപ്പുണ്ടാക്കുന്നു. രാജാപ്പാർട്ടുകാരുടെ തലയിൽ കിരീടവും, യുദ്ധവീരന്മാരുടെ തലയിൽ വെളുത്ത കോഴിത്തൂവലും മററും ചേൎത്തു കമനീയമായി ഉണ്ടാക്കിയിട്ടുള്ള 'കോരി'കളും ധരിക്കേണ്ടതാണ്. പ്രധാനനടന്മാർ ഇരുതലയ്ക്കും മൂർച്ചയുള്ള അസൽ വാളുകൾതന്നെ ധരിക്കുകയും, അതുകൊണ്ടുതന്നെ യുദ്ധം ചെയ്യുകയും ഉണ്ടായിട്ടുണ്ട്. സജ്ജീകരണങ്ങൾ പൂൎത്തിയാകുന്നതോടുകൂടി 'അരങ്ങേററം' നിശ്ചയിക്കുകയും, നാട്ടിൽ കൊള്ളാവുന്നവരെ എഴുത്തുമൂലം 'പൊലിവിന്നു' ക്ഷണിക്കുകയും ചെയ്യുന്നു. കളിക്കു തയ്യാർചെയ്യുന്ന തട്ടിന്ന് ഒന്നരക്കോലിൽ കുറയാത്ത പൊക്കവും, എട്ടുകോലോളം വീതിയും, ഇരുപതു കോലിൽ കുറയാത്ത നീളവും ഉണ്ടായിരിക്കും. മുൻവശത്തു കർട്ടൻ ഉണ്ടായിരിക്കുകയില്ല. മദ്ധ്യത്തിലായി നെടുനീളെ ഒരു വിരി കെട്ടിയിരിക്കും.

''കളിദിവസം സന്ധ്യയാകുന്നതോടുകൂടി തട്ടിൽനിന്നു ചെണ്ടക്കാർ ഒന്നാം 'കേളി പെരുക്കുന്നു'. ഏകദേശം എട്ടുമണിയോടുകൂടി രണ്ടാം കേളിയായി. അപ്പോഴേക്കും പാർട്ടുകാർ 'വേഷമിട്ട'ന്നതിനു തുടങ്ങുന്നു. പത്തുമണിയോടുകൂടി മൂന്നാം കേളി പെരുക്കുകയും, ഏറെത്താമസിയാതെ കളിയാരംഭിക്കുകയും ചെയ്യും. തട്ടിൻെറ മുൻവശത്തു മൂന്നുനാലു 'പതിനാലാം നമ്പർ' വിളക്കു കൊളുത്തിയിരിക്കും. വിരിയുടെ മുൻവശത്തു ഒരു വലിയ നിലവിളക്കും ഉണ്ടായിരിക്കും. സമയമായാലുടനെ അണ്ണാവിയും നാലഞ്ചു പാട്ടുകാരുംകൂടി നിലവിളക്കിൻെറ പിന്നിൽ സ്ഥാനംപിടിച്ചു പാട്ടുതുടങ്ങുന്നു. കാപ്പു, വിരുത്തം മുതലായവ പാടി ഈശ്വരസ്തോത്രവും ഗുരുവന്ദനവും മററു പ്രാരംഭചടങ്ങുകളും നിൎവ്വഹിച്ചു കഴിയുമ്പോഴേക്കും 'കട്ടിയേൻ', 'കോമാളി' അഥവാ വിദൂഷകൻ പ്രവേശിക്കുകയായി. ഇയാളുടെ വികൃതവേഷവും ഫലിതവും സദസ്യരെ ധാരാളം ചിരിപ്പിക്കാറുണ്ട്. കൂടാതെ, ഇടയ്ക്കിടെ കഥ നടന്നുകൊണ്ടിരിക്കുമ്പോൾ, ''അണ്ണാവീ ഈ വന്നതാരാണ്?'' എന്നു ചോദ്യംചെയ്തു്, അണ്ണാവിയെക്കൊണ്ടു സിനിമാകൊട്ടകയിലെ ദ്വിഭാഷിയെപ്പോലെ,

* പരിഷത്ത്രൈമാസികം I, 186.

കഥാസാരം മലയാളത്തിൽ പറയിക്കുന്നതും ഇയാളുടെ ഒട്ടും അപ്രധാനമല്ലാത്ത ചുമതലയാണ്. ഇയാളുടെ വരവിനുശേഷം മുറയ്ക്കു കഥ ആരംഭിക്കുന്നു.

"ഓരോ വേഷക്കാരനും രംഗപ്രവേശം ചെയ്യുന്നതിനുമുമ്പ് അയാളെക്കുറിച്ച് അണ്ണാവിയും മററും 'വരവുപാട്ട്' തുടങ്ങുകയും, ഏററുപാടിക്കൊണ്ടു വേഷക്കാരൻ പ്രവേശിക്കുകയും ചെയ്യുന്നു. സദസ്സിനെ വണങ്ങി, തിരിഞ്ഞു 'ചുവടി'യേയും അണ്ണാവിയേയും നമസ്കരിച്ചശേഷം അയാൾ അഭിനയം തുടരുന്നു. സ്ത്രീവേഷക്കാരുടെ ചോട്ട പുരുഷവേഷക്കാരുടേതിൽനിന്നു വ്യത്യസ്തമാണ്. നല്ല വേഷച്ചന്തവും പാട്ടും ആട്ടവും അഭിനയചാതുര്യവുമുള്ളവരുടെ നടനം വളരെ ആകർഷകംതന്നെയായിരിക്കും. 'തോയാക്കിയൻ' മുതലായ ചില വേഷക്കാർ സദസ്യരുടെ മദ്ധ്യത്തിൽക്കൂടി ഓടിവന്നു തട്ടിലേക്കു ചാടിക്കയറുന്നതും ഏതാനും ചില യുദ്ധവീരന്മാർകൂടി ഭയങ്കരമായ യുദ്ധം ചെയ്ത് അനേകം ശത്രുക്കളെ പരാജിതരാക്കുന്നതും കാണികളെ ഭയവിഹ്വലരും അത്ഭുതപരവശരുമാക്കുമെന്നതിനു സംശയമില്ല. നാടകത്തിനിടയ്ക്കു 'പൊലിവും' ക്ഷണിതാക്കളുടെ സംഭാവനയും നടന്നുകൊണ്ടിരിക്കും. വെളിച്ചമാകുന്നതോടുകൂടി മംഗളംപാടി കളി അവസാനിപ്പിക്കുന്നു."[1]

സംഗീതം, അഭിനയം, നൃത്തം, സംഭാഷണം, താളമേളങ്ങൾ മുതലായവയെല്ലാം ഇതിൽ സമ്യക്കായി മേളിച്ചിരിക്കുന്നുവെന്നു പറയാം. അങ്ങനെ എല്ലാ ലളിതകലാംശങ്ങളും ഒത്തിണങ്ങിയ ഒന്നാണിത്. ഒരു ലേഖകൻ ചൂണ്ടിക്കാണിക്കുന്നതുപോലെ "കഥകളി നൃത്തം തുടങ്ങിയ കലകളിൽ രസാത്മകത്വം വളരെയുണ്ടെങ്കിലും സാധാരണക്കാരെ മുഷിപ്പിക്കുന്ന അംശങ്ങളും വളരെയുണ്ട്. സാധാരണക്കാർക്കു കഥയോ മററംശങ്ങളോ ശരിയായി മനസ്സിലാക്കുവാൻ കഴിയാത്തതായിരിക്കാം കാരണം. എന്നാൽ ചവിട്ടുനാടകത്തിന് ആ കുഴപ്പമില്ല. അതുമുഴുവൻ സംഗീതാത്മകമാണ്. സംസാരംകൂടെ താളമുറയോടുകൂടി സംഗീതമയത്തിലാണ്. ഇരിപ്പും നടപ്പും നിൽപ്പുമെല്ലാം നൃത്തരൂപത്തിലാണ്. താളവും മേളവും ഉടനീളമുണ്ട്. നല്ല അഭിനയക്കാരും സംഗീതക്കാരുമാണെങ്കിൽ കാണികൾ സംഗീതത്തിലും താളമേളങ്ങളിലും സ്വയം ലയിച്ചുപോകും. കഥയും അഭിനയസൂചനകളും സംഗീതാശയങ്ങളുമെല്ലാം ആർക്കും മനസ്സിലാക്കുവാൻ സാധിക്കും...ചെറിയ കൈമണിയോടുകൂടിയ ഒരു നല്ല പാട്ടുകാരനും ചെണ്ടമേളക്കാരനും പിന്നിൽ നിന്നുകൊണ്ടാണ് ഓരോ രാഗവും പ്രകടിപ്പിക്കുന്നത്. അഭിനയക്കാരും പാടുന്നു. പിന്നണിപ്പാട്ടുകാരൻ തുടരെ പാടിക്കൊണ്ടിരിക്കുന്നു. മുഷിപ്പിക്കുന്ന യാതൊന്നുമില്ല. എല്ലാ രംഗങ്ങളും താളമേളങ്ങളോടുകൂടി സജീവമായി പുരോഗമിച്ചുകൊണ്ടിരിക്കും."[2]

---

1 പരിഷത്ത്രൈമാസികം I, 187–189.

2 വനിതാരാമം 1957 നവംബർ.

## കവികളും കൃതികളും

ചവിട്ടുനാടകത്തിന്റെ ഉത്ഭവത്തിനും ആദ്യകാലത്തെ പ്രചാരണത്തിനും കാരണക്കാർ ചിന്നത്തമ്പിപ്പിള്ള, വേദനായകംപിള്ള എന്നീ തമിഴകവികളായിരുന്നുവെന്നു പറഞ്ഞുവല്ലോ. അവരുടെ ശിഷ്യന്മാരും പിൻതുടർച്ചക്കാരുമായി സഞ്ചോൻ അണ്ണാവി, വറീച്ചനണ്ണാവി, ചേറിച്ചനണ്ണാവി, അന്തോനി അണ്ണാവി, അയ്യണ്ണാവി, കൊച്ചുവുസേപ്പ് അണ്ണാവി മുതലായ പല ആശാന്മാരും നാടകങ്ങൾ നിർമ്മിക്കുകയും അഭിനയിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇവരിൽ പ്രമുഖൻ കൊച്ചിക്കാരനായ വറീച്ചനണ്ണാവിയാണെന്നു തോന്നുന്നു. നല്ലൊരു വാസനാകവിയും പണ്ഡിതനും നടനവിദഗ്ദ്ധനുമായ അദ്ദേഹമാണു സുപ്രസിദ്ധമായ കാറൾമാൻചരിത്രം ചവിട്ടുനാടകത്തിന്റെ കർത്താവ്.

കൊച്ചിയിൽ ആദ്യമായി കളിച്ചതു് ബ്രസീനാനാടകമായിരുന്നുവെന്നു പറഞ്ഞുവല്ലോ. അതിനെത്തുടന്നു് യൗസേപ്പുനാടകം, കത്രീനാനാടകം, സന്നിക്ലോസുനാടകം, അല്ലേശുനാടകം, ജനോവനാടകം, ഇസ്താക്കിനാടകം, ജ്ഞാനസുന്ദരിനാടകം തുടങ്ങി, വിശുദ്ധന്മാരുടെ ജീവചരിത്രത്തെയോ ഭക്തിപരമായ കഥകളെയോ അടിസ്ഥാനമാക്കിയുള്ള നാടകങ്ങൾ രചിക്കപ്പെട്ടുകയും അഭിനയിക്കപ്പെട്ടുകയും ചെയ്തു. വൾദീവു്, റെയിലോൻ, ജാനകി ഇത്യാദികല്പിതനാടകങ്ങളും ഇക്കൂട്ടത്തിൽ പ്രചരിച്ചിരുന്നതായി കാണുന്നു. എന്നാൽ 'ഹോളി റോമൻ' ചക്രവത്തിയായിരുന്ന കാറൾമാന്റെ ദിഗ്വിജയത്തേയും ക്രിസ്തുമതപ്രചാരണസംരംഭങ്ങളേയും പററി പ്രതിപാദിക്കുന്ന കാറൾമാൻനാടകം കാവ്യഗുണത്തിലും പ്രചാരത്തിലും ഏററം മുന്നണിയിൽ നിൽക്കുന്നു. 'ചവിട്ടുനാടക'വും കാറൾമാൻനാടകവും അഭിന്നങ്ങളായി കരുതത്തക്കവണ്ണം ഈ കൃതിക്കു് അത്രമാത്രം പ്രചാരവും പ്രസിദ്ധിയും ലഭിച്ചിട്ടുണ്ടു്.

എ. ഡി. എട്ടാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന 'ഹോളി റോമൻ' ചക്രവത്തിയായ കാറൾമാൻ (Charlemagne) എമ്പ്രദോരും, അദ്ദേഹത്തിന്റെ 'പാരിമാർ' (Paladins) ആയ റോൾദോൻ, ഒലിവേരിസ്, മുതലായ പന്ത്രണ്ടു യുദ്ധവീരന്മാരുംകൂടി അൽമിരാന്തു ബിജോൺ, അവുധർമാൻ, ഫേറബ്രാസ്, ശലപ്ര മുതലായ തുക്കികളെ തോല്പിച്ചു ക്രിസ്തുമതാനുയായികളാക്കിയ ചരിത്രകഥയാണു് ഈ നാടകത്തിന്റെ ഇതിവൃത്തം. ഇതു പൂണ്ണമായി കളിച്ചവസാനിപ്പിക്കുന്നതിനു് ഏഴരാത്രികൾ വേണ്ടിയിരിക്കുന്നു. ഇംഗ്ലീഷിൽ ചരിത്രാഖ്യായിക എന്നു പറയുന്ന ഇനത്തിൽപ്പെട്ടുന്ന ഈ നാടകത്തിൽ പല പ്രണയകഥകളും, ഭയങ്കരയുദ്ധങ്ങളും, പാതാളപര്യടനങ്ങളും, അത്ഭുതസംഭവങ്ങളും ധീരകൃത്യങ്ങളും ഇടകലത്തി പ്രതിപാദിച്ചിരിക്കുന്നതിനാൽ ഈ നാടകത്തിൽ രസിക്കാത്തവർ ആരുംതന്നെ ഉണ്ടാകാനിടയില്ല. ഇതിൽ പട്ടാളക്കാരുൾപ്പെടെ പത്തെണ്പതോളം വേഷക്കാരുണ്ടു്. [കാറൾമാൻചരിത്രം ആഖ്യായികാരൂപത്തിൽത്തന്നെ, പോത്തുഗീസുഭാഷയിൽനിന്നു കൊച്ചിക്കാ

രൻ കുരിശുങ്കൽ ജേക്കബ് ക്ലേരി എന്നയാൾ പത്തൊൻപതാം നൂററാണ്ടിൽ മലയാളത്തിലേക്കു തർജ്ജമചെയ്തിട്ടുണ്ട്.]

ഒരുകാലത്തു ചവിട്ടുനാടകത്തിനു വളരെ പ്രചാരമുണ്ടായിരുന്നു. ധനാഢ്യന്മാരും സമുദായപ്രമാണികളുമായ യോഗ്യന്മാർതന്നെ ഇതിൽ അഭിനയിച്ചിരുന്നു. ഭാഷാഭിമാനികളായ ചിലർ തമിഴിനുപകരം മലയാളത്തിൽത്തന്നെ നാടകങ്ങൾ രചിച്ചു. ജനോവ, ജ്ഞാനസൗന്ദരി മുതലായ കഥകൾ മലയാളനാടകങ്ങളായും ഉണ്ട്. പക്ഷേ ക്രമേണ ചവിട്ടുനാടകത്തിലുള്ള ഭ്രമം ജനങ്ങൾക്കു കുറഞ്ഞുവന്നു. സംഗീതനാടകങ്ങളുടെ ആവിർഭാവവും, അവ അഭിനയിച്ചു ഫലിപ്പിക്കുന്നതിനുള്ള എളുപ്പവും ചവിട്ടുനാടകസമ്പ്രദായത്തെ പിന്നണിയിലേക്കു തള്ളി. ഇന്നത്തെപ്പോലെ ടിക്കററുവെച്ചു കളിക്കുന്ന ഒരു സമ്പ്രദായം ചവിട്ടുനാടകത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലാത്തതിനാൽ, ചവിട്ടുനാടകാഭിനയം അതിലേർപ്പെട്ടുന്നവക്കു സാമ്പത്തികമായ ഒരു നഷ്ടംതന്നെയായിരുന്നു. കൊട്ടാരങ്ങളുടേയോ പ്രഭുക്കന്മാരുടേയോ പരിലാളനവും പ്രോത്സാഹനവും അതിനു് ഒരിക്കലും ഉണ്ടായിരുന്നിട്ടില്ല. അതിന്റെ ഉദ്ധാരണത്തിനോ പരിഷ്കരണത്തിനോ ആയി ഒരു കലാമണ്ഡലവും മുന്നോട്ടുവന്നിട്ടുമില്ല.

## സാഹിത്യം

ചവിട്ടുനാടകത്തിലെ സാഹിത്യത്തെപ്പററി മനസ്സിലാക്കുവാൻ കാറൽമാൻനാടകംതന്നെ എടുത്തുനോക്കിയാൽ മതി. ഇതിലെ ഭാഷ കൊടുന്തമിഴാണു്. എന്നാൽ പ്രൗഢഗംഭീരങ്ങളായ ഭാവങ്ങൾ വിവരിക്കുമ്പോൾ സന്ദർഭാനുഗുണമായി കട്ടത്ത സംസ്കൃതപദങ്ങൾ പ്രയോഗിക്കുന്നതിൽ കവി വിമുഖനായിരുന്നിട്ടില്ല. ശബ്ദഭംഗിക്കുവേണ്ടി ഒരേ ശബ്ദത്തിലുള്ള പദങ്ങൾ നിരത്തിവച്ചിരിക്കുന്നതു കാണാം. ഈ നാടകം സാഹിത്യഭംഗിയിലെന്നപോലെ വീരരസത്തിലും ചമൽക്കാരഗുണത്തിലും മറ്റു കൃതികളെ അതിശയിക്കുന്നു. ശൃംഗാരത്തിനും ഈ കൃതിയിൽ ഒരു പ്രധാനസ്ഥാനമുണ്ട്. എന്നാൽ ശൃംഗാരം ഏററം സഭ്യമായി, കറകളഞ്ഞ രീതിയിലാണു് ഇതിൽ പ്രയോഗിച്ചിരിക്കുന്നതു്. അക്കാലത്തെ വൈദികമേലദ്ധ്യക്ഷന്മാരുടെ നിഷ്കൃഷ്ടമായ പരിശോധനയും മേലന്വേഷണവുമായിരിക്കാം കവിയെ ഈ നിയന്ത്രണത്തിനു വിധേയനാക്കിയതു്. ശാന്തം, കരുണം, മുതലായ മററു രസങ്ങളും സന്ദർഭാനുഗുണമായി സന്നിവേശിപ്പിച്ചിട്ടുണ്ട്.

കവിയുടെ പ്രാർത്ഥന(വെൺപാ)യോടുകൂടി നാടകം ആരംഭിക്കുന്നു. ഈശ്വരപ്രാർത്ഥനയെത്തുടർന്നു കവിയുടെയും അദ്ദേഹത്തിന്റെ ഗുരുവിന്റെയും പേരുകൾ പ്രസ്താവിക്കുകയാണു്. അനന്തരം നാടകത്തിന്റെ നിർവ്വിഘ്നമായ വിജയത്തിനുവേണ്ടിയുള്ള ഈശ്വരപ്രാർത്ഥന(തരു)യാണു്. ഈ പ്രാർത്ഥന എട്ടോ പത്തോ അടികൾ പാടിക്കഴിഞ്ഞാൽ കട്ടിയന്റെ (വിദൂഷകന്റെ) പുറപ്പാടായി. നീണ്ടു നരച്ച താടിമീശ, രണ്ടുനിര കവടികൾ മലത്തിവച്ചു കോർത്തുകെട്ടി വായുടെ ഇരുവശത്തുംകൂടെ

ചെവിക്കുററിവരെ എത്തിച്ചു വച്ചുകെട്ടുന്ന പല്ലുകൾ, വളരെ അയഞ്ഞ ചട്ടയുടെ ഉള്ളിൽ ധാരാളം പഴന്തുണിചെലുത്തി അവ താഴെവീണുപോകാതിരിക്കാൻ അരയിൽ കണക്കിനു് ഒരു കെട്ടും കെട്ടി തന്മൂലം ഒന്നര മുഴം പൊന്തിനിൽക്കുന്ന വയറു്, കൈയിൽ ഒരു കവുങ്ങിൻപാള പൊളിച്ചു ചുരുട്ടിക്കെട്ടിയ വടി എന്നീ വേഷവിധാനങ്ങളാണു കട്ടിയക്കാരനുള്ളതു്.

കട്ടിയക്കാരൻ പ്രവേശിച്ചാലുടനെ 'പാട്ടാ'യി.

''കളരികാണാതെ കളിപഠിക്കയും
കൈതൊടാതെ മധു സേവിക്കയും
പഠിച്ച എഴുത്തു് മറക്കും പിള്ളെകൾ
പാക്കിയ ആശാനും തോന്റിനാൻ''

എന്നിത്തരത്തിലുള്ള ഫലിതഗാനങ്ങളും നേരമ്പോക്കുകളുംകൊണ്ടു സദസ്യരെ രസിപ്പിക്കുകയാണു കട്ടിയക്കാരന്റെ ജോലി. ഇതോടുകൂടി പ്രസ്താവന തീരുന്നു. ഇനി മുറയ്ക്കു കഥ തുടങ്ങുകയാണു്. രംഗമദ്ധ്യത്തിൽത്തന്നെ പുറകിലേക്കു നീങ്ങിനിൽക്കുന്ന അണ്ണാവിയും കൂട്ടരും രാജാവിൻെറ പുറപ്പാടിനെ സൂചിപ്പിക്കുന്ന 'വിരുത്തം' പാടുന്നു. കാറൽമാൻനാടകത്തിലെ വിരുത്തമാണു താഴെ ചേർക്കുന്നതു്:

''തങ്കരത്തമകുടമുടി ശിരശിലങ്ക താർവേന്തൻ മനം
മകിഴ ച്ചെങ്കോലോച്ചി—
തുങ്കർ മതകരിപരികൾ ചൂഴ്ന്തുനിക്ക തുലങ്കരിയ ശോ—
പനശങ്കീതം പാട
ഇങ്കിതമായിരുപുറവും കവരിമീശ ഇടിയതിര—
വെടികുമറ നടനമാട—
ചിങ്കനെന്നും കാറൽസ്മാനെമ്പിറതോർ രായൻ ചെൽവ—
ശപൈതന്നിലിതോ വരുകിന്റാരെ''*

വിരുത്തം പാടിത്തീരുമ്പോഴേക്കു്, സൈന്യങ്ങളുടെ മദ്ധ്യസ്ഥിതനായി രാജാവും, അണിയറയിൽനിന്നും രണ്ടണിയായി നിരന്നുനിന്നു ചില ചുവടുകൾ ചവിട്ടി, തങ്ങളുടെ രാജാവിനെ കീർത്തിച്ചു പാടിയാടിക്കൊണ്ടു പരിജനങ്ങളും പ്രവേശിക്കുന്നു. പരിജനങ്ങളുടെ ഈ ചൊല്ലിയാട്ടം (പവനിച്ചിന്തു്) കഴിഞ്ഞാലുടനെ രാജാവുതന്നെ തൻെറ പ്രാഭവത്തെ കീർത്തിക്കുന്ന ഒരു 'കോലുഹൽതരു' പാടുകയായി:

''ചീർപുകഴും പ്രാസൈ നാടാൾ തെന്നവർ തെന്നവരാന
ഏർപുകഴും കാറൾസ്മാനൻ ഏന്തലൻ ശപയിൽ വാരാർ.

* തങ്കം, രത്നം എന്നിവകൊണ്ടുള്ള മകുടം ശിരോലങ്കാരമായി ശോഭിച്ചും, സാമന്തരാജാക്കന്മാർ സന്തുഷ്ടമാനസരാകത്തക്കവിധം ചെങ്കോൽ ഗ്രഹിച്ചും, കാലാറ്റം ആന കുതിര എന്നിവ അകമ്പടികൂടിയും, ശ്രുതിമധുരമായ ശ്രേഷ്ഠ സംഗീതധ്വനി മുഴങ്ങിയും, ഒരേവിധത്തിൽ ഇരുവശങ്ങളിലും വെഞ്ചാമര വീശപ്പെട്ടും മേഘനാദത്തെ ജയിക്കുന്ന ആചാരവെടികറ്റംകൊണ്ടു് അന്തരീക്ഷം പിളർന്നും, സിംഹപരാക്രമിയായ കാറൽസ്മാൻചക്രവർത്തിമഹാരാജാവു് ഇതാ സദസ്സിലേക്കു് എഴുന്നള്ളുന്നു.

നേർപുകഴ്മറ യേകിറുപകാര—നേശമോടക മീതിനിലെ
ഉയർ—ശേർ കവിശ്രയ പാണർകൾ പാടിട—
ചെകമനു അനൈവോർകളും പോററിട
പാർപുകഴ്കാർമാൻ കൊടിയാടിട—പകൈഞർകൾ
കുലംതനൈനിതം അടക്കിട'' (ചീർപുകഴം.)[1]

രാജാവു് ഇങ്ങനെ എട്ടപത്തു് അടികൾ പാട്ടകയും, ഓരോ നിത്തുകൾക്കും പരിജനങ്ങൾ നിരന്നുനിന്നു ചൊട്ടകൾവച്ചു് ആട്ടകയും ചെയ്യുന്നു. അനന്തരം മന്ത്രിയെ വരുത്തി രാജ്യകാര്യാന്വേഷണമായി. രാജ്യസ്ഥിതിയെക്കുറിച്ചു മന്ത്രി രാജാവിനെ ധരിപ്പിക്കുന്നതിനു 'നാട്ടുവളമ' എന്നു പറയുന്നു. രാജ്യവിചാരണ കഴിഞ്ഞാലുടനെ മിക്കവാറും ദിഗ്വിജയത്തിനുള്ള പുറപ്പാടായി. ഇരുഭാഗങ്ങളിലെയും രാജാക്കന്മാർ യുദ്ധരംഗത്തിൽവെച്ചു കണ്ടുമുട്ടുമ്പോൾ പരസ്പരം വീരവാദംനടത്തുക സാധാരണമാണു്. ഈ വീരവാദങ്ങളുടെ ഇടയിൽ സൈന്യങ്ങൾതമ്മിലും ചില ആംഗ്യങ്ങളും അലച്ചകളും സംഘട്ടനങ്ങളും പതിവുണ്ടു്. രാജാക്കന്മാരുടെ ഈ വീരവാദത്തിനു 'കല' എന്നാണു പേർ.

''ചണ്ടെ കൊട്ടവിനൈ വിനൈത കൊണ്ടവനേ
കാർമകുടാ! ചട്ടതിതനിലെനതിടമെതിരിട്ടവനോ—
മൻറി—ലിരു—തുണ്ടമാകെത്തിടമൊടരിന്തിട—
മണ്ഡലാതിപനാന എൻ വീര വിനൈത ചേരണികുടിയെ
വെകുമറുമനത്തുടനേ കവയ്ത്തിട—ഉറുതിപെററുന
യേവതൈത്തിട—വിരുതുറവെ കനപടൈകൾ
പൊരുതിട—വിക്രതമൊട്ട വരുമടർകളനവതി.
വെല്ലിടാൻ പുവി വാഴ്വനോ—വേന്തകൾക്കരശായ്
നാൻ വാഴ്വനോ—എട എട!—മകുടമുററവനോ
കൊററവനോ—വാരു—മെന്നു—ടനേ നീ പെരു—
മൈപുകൾ പെറ—വാതിട ച്ചിരം വീശിട—മതിപോ—
രിടത്തിനിനാനെടോ! എന്തൻ തത്തുവത്തുടനേ രണ—
ത്തൊട്ട ചക്രആയുതവിക്രചൂരരും—ചട്ടതി തനി—
ലെനതുറുതിവരുമ്പടി—നരുണമതി നടനടനമൊ—
ട്ടവരുമെന—താട്ടികനാമിവനൈ ചെയിത്തിടാൽ
നാൻ ചത്തിയമായെന്നാശനത്തിലിരുപ്പതില്ലൈ.''[2]

---

1 ഐശ്വര്യപ്രതാപങ്ങളോടുകൂടിയ ഫ്രാൻസ്‌രാജ്യം ഭരിച്ചുവരുന്ന രാജാധിരാജനും അത്യധികം ശ്രേയസ്സുള്ളവനുമായ കാറംസ്സാൻചക്രവത്തി ഇതാ സദസ്സിലേക്കു് എഴുന്നള്ളുന്നു.

കൃപാകരനായ ദൈവത്തിൻെറ ശ്രേഷ്ഠമായ സത്യമതത്തെക്കുറിച്ചു് ഉള്ളിൽ വളരെ തുഷ്ടിയുള്ളവനായ ഞാൻ, അതിനെ കീത്തിച്ച കവികുഞ്ജരന്മാരാൽ സ്തുതിക്കപ്പെട്ടും ഭൂമിയിലുള്ള സകലജനങ്ങളാലും ശ്ലാഘിക്കപ്പെട്ടുംപോരുന്നു. ശത്രുക്കളുടെ വംശംതന്നെ എൻെറ കൊടിയടയാളം കാണുന്നമാത്രയിൽ അടങ്ങിയൊതുങ്ങിപ്പോകുന്നു.

2 യുദ്ധമാകുന്ന മഹാപാപത്തിൽ ആസക്തനായവനെ, അന്ധകാരമാകുന്ന കിരീടം ധരിച്ചവനെ, അതിവേഗത്തിൽ എന്നോടു യുദ്ധത്തിൽ ഏർപ്പെട്ടു

'കല' കഴിഞ്ഞാലുടനെ യുദ്ധമായി. ഓരോഭാഗങ്ങളിലുമുള്ള സൈന്യാധിപന്മാരോ മന്ത്രിമാരോ ഓരോ നിത്ത്' 'യുദ്ധത്തരു' പാടുകയും, അതിൻെറ താളമനുസരിച്ച് ഇരുഭാഗങ്ങളിലുമുള്ളവർതമ്മിൽ വാൾ, കുന്തം മുതലായവ ഉപയോഗിച്ചു യുദ്ധംനടത്തുകയുംചെയ്യുന്നു. ഒരാൾ ഒരു നിറുത്തു പാടി കുറേനേരം യുദ്ധംചെയ്തുകഴിഞ്ഞാൽ, മറുഭാഗത്തെ ഒരു പ്രമാണി ഒരു നിറുത്തു പാടി അതിനും കുറേനേരം യുദ്ധംചെയ്യുന്നു. ഇങ്ങനെ ഇടയ്ക്കിടെ ഓരോഭാഗത്തുനിന്നും 'യുദ്ധത്തരു' പാടിക്കൊണ്ടാണു യുദ്ധംചെയ്യുന്നത്. ഇങ്ങനെ അന്യരാജ്യങ്ങളിൽപ്പോയി യുദ്ധംചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ, ശത്രുരാജാക്കന്മാരുടെ സൗന്ദര്യവതികളായ പുത്രിമാരിൽ ചില സേനാനികൾക്കോ മന്ത്രിമാർക്കോ അഭിനിവേശംജനിച്ചുപോയെന്നുവരാം. കാറൽമാന്റെ കഥയിൽതന്നെ ചക്രവർത്തിയുടെ മരുമകനും അതുല്യപരാക്രമിയുമായ റോൾദോന് അവദറുമാൻ (അബ്ദ്റഹിമാൻ) രാജാവിൻെറ പുത്രി ആഞ്ചലിക്കായിൽ അനുരാഗം ജനിക്കയും അവർ പരസ്പരം പ്രേമബദ്ധരായിത്തീരുകയുംചെയ്യുന്നു. ആഞ്ചലിക്കായുടെ ഒരു ചിത്രം കണ്ടു പരവശനായ റോൾദോൻ ആ രാജകുമാരിയെ വർണ്ണിക്കുകയാണ്:

''അമ്പരത്തിലുതിത്തിലങ്ങും ചന്ദ്രൻ താനോ
അരിവൈമുകം താമരയൊ വേലോ നേത്രം
പമ്പരമോ കടൈന്തെടുത്ത ചിമിഴോ കൊങ്കെ
പാകവെ കുതർച്ചിലയൊ മുകിലോ കുന്തൽ
ഇമ്പുവിയിലിവൾക്കിണൈ മറെറാരുവരുണ്ടോ
ഏറ്റൻ ചെയ്തേനുംനെക്കാണായിടൈയെപ്പോതോ
തുമ്പിപോൽ പറന്തു നാൻ ഉന്നൈക്കാണ
സുകൃതമെനക്കേകിട്ടവീർ തോകയാരെ.''*

---

കൊള്ളുക. നിന്നെ നിലത്തു രണ്ടുതുണ്ടമായി വെട്ടിയിടുന്നതിലേയ്ക്കു്, ഇതാ ചക്രവർത്തിയായ ഞാൻ എന്റെ വീരസൈന്യങ്ങളോടുകൂടി തയാറായിരിക്കുന്നു. നിന്റെ മനസ്ഥിതി വ്യതിചലിപ്പിച്ചിട്ട് ഇവിടെനിന്നും ഓടിപ്പോകുന്നതു് ഉത്തമം. ഇതാ, നിന്നെ വധിക്കുന്നതിലേയ്ക്കു സമർത്ഥമായ ഒരു കഠിനയുദ്ധം നടത്തുവാൻ ഞാൻ സന്നദ്ധനായിരിക്കുന്നു. നിൻെറ ഈ പീറസൈന്യങ്ങളും എല്ലാം ചേന്നു് എത്രയെങ്കിലും യുദ്ധംചെയ്തുകൊള്ളട്ടെ. അവയെല്ലാം ജയിക്കാതെയുണ്ടോ ഒരു ലോകവാഴ്ച? രാജാക്കന്മാരുടെ രാജാവായി ഞാൻ പിന്നെ ജീവിച്ചിരിക്കുമെന്നു വിചാരിക്കുന്നുവോ? എടാ! എടാ! നീയാണോ കിരീടാധിപതി? നീയാണോ രാജാവു്? വരിക. എന്നോടുകൂടെ പൊരുതുക. നിനക്കു് അതുതന്നെ ഒരു ശ്രേയസ്സായിരിക്കും. വേണമെങ്കിൽ പന്തയംവെച്ചുകൊള്ളുക. നിൻെറ ശിരസ്സ് ഞാൻ ഛേദിക്കുന്നുണ്ടു്. ഈ യുദ്ധരംഗത്തിൽവെച്ചു ഞാൻതന്നെ അതു നടത്തിയേക്കാം. എൻെറ നയം അനുസരിച്ചു സമർത്ഥമായവിധത്തിൽ യുദ്ധംനടത്തുവാൻ പ്രാപ്തന്മാരും വജ്രായുധപാണികളുമായ വിക്രമവീരന്മാരെല്ലാം അണിയായിനില്ക്കുന്നതു് എൻെറ അഭീഷ്ടം സാധിക്കാനാണെന്നു ധരിച്ചുകൊള്ളുക. നിൻെറയോ സൈന്യങ്ങളുടെയോ നാട്യങ്ങളും നിരർത്ഥകങ്ങളാണ്. ധാർഷ്ട്യക്കാരനായ നിന്നെ ജയിക്കാതെ സത്യമായി എൻെറ സിംഹാസനത്തിൽ ഞാൻ ഇരിക്കുന്നതല്ലെന്നു ശപഥംചെയ്യുന്നു.

* ആകാശത്തിൽ ഉദിച്ചു പ്രശോഭിക്കുന്ന ചന്ദ്രൻതന്നെയോ ഇതു്? ഈ

പല ഘോരസമരങ്ങളിലും ഏറ്റപ്പെട്ട ശത്രുസംഹാരംചെയ്തു വിഖ്യാതനായ റോൾദോൻ, ചക്രവത്തിയുടെ സ്യാലനും കുടിലമതിയുമായ ഗളളോൻെറ ചതിപ്രയോഗംമൂലം, നിരായുധനായി ശത്രുവ്യൂഹത്തിൽ കുടുങ്ങുവാനിടയായി. അയാൾ അവിടെ അവണ്ണ്യനീയമായ പല പരാക്രമങ്ങളും പ്രവത്തിച്ചുവെങ്കിലും മരണകരമായ അനവധി മുറിവുകളേററു യുദ്ധരംഗത്തിൽ വീണുപോയി. മരണത്തിനുമുൻപു തൻെറ കാഹളം എടുത്തു് ഊതുവാൻ അയാൾക്കു സാധിച്ചു. അപകടസൂചിയായ കാഹളനാദം കേട്ടു പരിഭ്രാന്തനായി ഓടിയെത്തിയ ചക്രവത്തിക്കു് തൻെറ ദിഗ്വിജയങ്ങൾക്കെല്ലാം ഹേതുഭൂതനായ ആ യുവകേസരിയുടെ മൃതശരീരമേ കാണാൻ തരപ്പെട്ടുള്ളു. ആ മൃതശരീരം വാരിയെടുത്തു മാറോടണച്ചുകൊണ്ടുള്ള സിംഹപരാക്രമിയായ ചക്രവത്തിയുടെ വിലാപം കരുണരസത്തിനു് ഒന്നാംതരം ഉദാഹരണമാണു്. ചക്രവത്തി വിലപിക്കുന്ന ഭാഗം (തുയരത്തരു) ഇങ്ങനെയാണു്:

1. ഇരവനൊളിനികരെനതു കമലമുകശോപനശിങ്കാരാ
ശാറു—ഇടറുവരാതെനൈക്കാക്ക ഏകനെനക്കളിത്ത അലങ്കാരാ.
2. അരുമയുടനെ പെററ അൻപാന ഉനതു തായാരോ—ഇപ്പോ—
തളുതളുതു കണ്ണുനീരാറുപോൽ ചൊരിയുതു കണ്മകനേ.
3. ചത്തിയമതായ് പലമതുററ ശിംശോനു നികരാകെ—ഉന്നൈ—
ചാററി അരശോരേവരും പോററിചെയ്താരെ കണ്മകനേ.
4. മാടമണിമാളികയിൽ മാപെരിയ സേനൈകളൊന്റാകെ—നീയും—
വാഴ്ന്തുവരുവോമെന എന്നകമതിൽ നാൻ നിനൈന്തേനെ.
5. ആടകുമതാനപണി ആടയുടൽ യാവയുമിളൈന്തു—എന്തൻ—
അരശാണ്മയാന നകരന്നിയർകൾ തങ്കളിടമാനേൻ.
6. ഉന്തൻമുകം പാക്കവന്തോം ഉളംമെലിന്തുവാടിമികവാനേൻ—ഇപ്പോ—
തുറിതിപെറുമുന്നുയിർപോച്ചിതുളൈന്തിതെനക്കു കണ്മകനെ.''*

യുവതിയുടെ മുഖം താമരയാണോ? കണ്ണുകൾ വേൽതന്നെയായിരിക്കുമോ? പമ്പരമോ കടഞ്ഞുമിനുസപ്പെടുത്തിയ ചിമിഴോ ആയിരിക്കുമോ കുചങ്ങൾ? ആശ്ചര്യകരമായവിധത്തിൽ പാകപ്പെടുത്തിയ അഞ്ജനക്കല്ലോ കാർമേഘമോ ആയിരിക്കുമോ മുടി? ഈ ഭൂമിയിൽ ഇവളെപ്പോലെ മറ്റാരെയെങ്കിലും കാണാൻ സാധിക്കുമോ? ഞാൻ എന്തുചെയ്യട്ടെ! നിങ്ങളെ കാണുന്നതിനുള്ള സൗകര്യം എനിക്കു എപ്പോഴും ലഭിക്കുമോ? ചിത്രശലഭംപോലെ പറന്നുവന്നെങ്കിലും ഞാൻ നിങ്ങളെ കാണാതിരിക്കയില്ല. ആ വിഷയത്തിൽ നിങ്ങളുടെ സുകൃതംകൂടി എനിക്കു ലഭിക്കുവാൻ ഇടയാകട്ടെ.

1. സൂര്യകിരണങ്ങൾക്കു തുല്യനായും, താമരപ്പൂപോലെ ശോഭിതവദനനായും പരിലസിക്കുന്ന എൻെറ ഹൃദയശൃംഗാരമേ! യാതൊരു കുറവുംകൂടാതെ എന്നെ കാത്തുകൊള്ളുന്നതിനായി ദൈവം എനിക്കായിനൽകിയ വിശിഷ്ടാലങ്കാരമേ,

2. ഓമനയായി നിന്നെ പ്രസവിച്ച നിൻെറ ആ വാത്സല്യമാതാവാകട്ടെ ഇപ്പോൾ കരഞ്ഞുകരഞ്ഞു കണ്ണുനീരുകൊണ്ടു് ഒരാറുതന്നെ നിമ്മിക്കുകയും, അതിലേക്കു പിന്നെയും കണ്ണുനീർ ചൊരിയുകയും ചെയ്യുന്നു.

3. സാക്ഷാൽ മഹാബലവാനായിരുന്ന ആ സാംസനുതുല്യനായി നിന്നെ ജനങ്ങൾ മതിക്കുകയും രാജാക്കന്മാർ നമിക്കുകയും ചെയ്തിരുന്നുവല്ലോ.

രാത്രി പത്തുമണിക്കു് ആരംഭിക്കുന്ന നാടകം കാലത്തു് ആറുമണിക്കാണു സാധാരണ അവസാനിക്കുന്നതു്. നാടകത്തിന്റെ അന്ത്യത്തിൽ എല്ലാ നടന്മാരും ഒന്നിച്ചു രംഗത്തിൽവന്നു മംഗളാശംസാപരമായി ഒരു പാട്ടു് (മംഗളം) പാടി നാടകം അവസാനിപ്പിക്കുന്നു.

ഇങ്ങനെ അപൂർവ്വകലാഭംഗി ഒത്തിണങ്ങിയ ചവിട്ടുനാടകം ഇന്നു് ലുപ്തപ്രചാരമായിരിക്കുകയാണു്. പെട്ടെന്നു് അഭിനയിക്കാവുന്നതും എളുപ്പം കണ്ടുതീർക്കാവുന്നതുമായ ദൃശ്യകലാരൂപങ്ങൾക്കാണു് ഇന്നു പ്രചാരം. അതുകൊണ്ടുകൂടിയായിരിക്കാം ക്ലേശകരമായ ചവിട്ടുനാടകത്തിൽ ആളുകൾ വിമുഖരായിരിക്കുന്നതു്. പക്ഷേ, കാലോചിതമായി പരിഷ്കരിക്കാവുന്നതും, പരിഷ്കരിച്ചാൽ ജനഹൃദയങ്ങളെ ആകർഷിക്കുവാൻ വളരെ കഴിവുള്ളതുമായ ഒരു കലാരൂപമാണു് ചവിട്ടുനാടകമെന്നതു വിസ്മരിച്ചുകൂടാ. പാശ്ചാത്യവും പൗരസ്ത്യവുമായ സംസ്കാരങ്ങളുടെ ഒരു മനോജ്ഞസമ്മേളനമാണു് അതിൽ നാം കാണുന്നതു്. ചരിത്രപരവും ബൈബിൾസംബന്ധിയുമായി നാല്പതിലേറെ 'ചവിട്ടുനാടക'കൃതികളുണ്ടെന്നാണു് അറിയുന്നതു്. പക്ഷേ, ഇവയിൽ ഒന്നുപോലും അച്ചടിപ്പിച്ചിട്ടില്ല. ഇവ മുദ്രണംചെയ്യുന്ന കാര്യത്തിലും ഭാഷാഭിമാനികളുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

---

4. അത്യുന്നതരത്നസൗധത്തിൽ മഹാപരാക്രമശാലികളായ പരിജനങ്ങളാൽ സംസേവിതനായി നീ എന്റെ അനന്തരഗാമിയായിരിക്കുമെന്നാണല്ലോ ഞാൻ കരുതിയിരുന്നതു്.

5. സ്വർണ്ണനിർമ്മിതങ്ങളായ അലങ്കാരവസ്ത്രാഭരണങ്ങൾ സർവ്വവും അലങ്കോലമായി കിടക്കുന്നുവല്ലോ. എന്റെ ഭരണസീമയിൽ ഉൾപ്പെട്ട രാജ്യങ്ങൾ നിന്റെ മരണംമൂലം അന്യാധീനമായിത്തീർന്നുവല്ലോ.

6. അസഹനീയമായ ഹൃദയവ്യഥയോടുകൂടി നിന്റെ മുഖം ഒന്നു കാണാം എന്നു വിചാരിച്ചു് ഇവിടെ എത്തിയ ഞാൻ, ഉത്തേജകമായ ജീവനററ നിന്റെ ഈ മൃതശരീരം കാണുകയാൽ എന്റെ കണ്ണുകൾ ഇരുളുകയും, ലോകംതന്നെ എനിക്കു് അന്ധകാരമയമായിത്തോന്നുകയും ചെയ്യുന്നു.

# രണ്ടാം ഭാഗം

## അദ്ധ്യായം പതിനാലു്

# വിദ്യാഭ്യാസപുരോഗതി

ഏതു ഭാഷയുടെ വളച്ചയ്ക്കും സമത്ഥമായ പ്രയോഗത്തിനം അവശ്യം വേണ്ട ശാസ്ത്രീയോപകരണങ്ങളായ വ്യാകരണം, നിഘണ്ടു മുതലായവ മലയാളത്തിൽ ആദ്യമുണ്ടായതു 17, 18 എന്നീ ശതാബ്ദങ്ങളിലാണെന്നും, പാശ്ചാത്യമിഷ്യനറിമാരാണ് അവ ചമച്ചതെന്നും മുൻ അദ്ധ്യായങ്ങളിൽ കാണിച്ചല്ലോ. ആധുനികരീതിയിലുള്ള ഗദ്യസരണിയും ഇക്കൂട്ടത്തിൽ ഉണ്ടായതാണ്. എന്നാൽ ആ ഉദ്യമങ്ങൾ ആദ്യത്തെ പടിമാത്രമായിരുന്നു. പത്തൊൻപതാം ശതാബ്ദത്തിൽമാത്രമേ ഇവയെല്ലാം ശരിയായ നിലയിൽ വന്നുള്ളു. അതിനു മാർഗ്ഗം തെളിച്ചതു് ഇംഗ്ലീഷ്ഭാഷയുമായുള്ള അടുത്ത സമ്പക്കവും, ഇവിടെ ആ ഭാഷയിലൂടെ ഉണ്ടായ വിദ്യാപ്രചരണവുമാണ്. ഇംഗ്ലണ്ടു്, ജമ്മനി, സ്വിററ്സർലൻഡു മുതലായ പാശ്ചാത്യരാജ്യങ്ങളിൽനിന്നു് പത്തൊൻപതാം ശതാബ്ദത്തിൽ ഇവിടെവന്നു പ്രവത്തിച്ച പ്രോട്ടസ്റ്റന്റമിഷ്യനറിമാരാണ് ഈ പുരോഗമനത്തിനു പ്രധാനമായി വഴിതെളിച്ചതു്.

17, 18 എന്നീ ശതാബ്ദങ്ങളിൽ എന്നപോലെ മിഷ്യൻ പ്രവത്തനംതന്നെയാണ് 19-ാം ശതാബ്ദത്തിലും മേൽകാണിച്ച സാഹിത്യപരിശ്രമങ്ങൾക്കു് ഉത്തേജനം നൽകിയതു്. ഈസ്റ്റിൻഡ്യാക്കമ്പനിയുടെ അധീനത്തിലുണ്ടായിരുന്ന ഇൻഡ്യൻപ്രദേശങ്ങളിൽ വേദപ്രചരണം നടത്തുവാൻ ആദ്യകാലത്തു പല തടസ്സങ്ങളും ഉണ്ടായിരുന്നു. 1813-ൽ കമ്പനിക്കു സിദ്ധിച്ച അധികാരപത്രത്തിൽ (ചാർട്ടറിൽ) മാത്രമാണ് ഈ തടസ്സങ്ങൾ മാറിയതു്. പക്ഷേ അതിനു മുമ്പുതന്നെ 'ലണ്ടൻ മിഷ്യൻ സൊസൈററി' എന്ന സംഘം ദക്ഷിണതിരുവിതാംകൂറിൽ പ്രവത്തനം തുടങ്ങിയിരുന്നു. റിങ്ങിൾടോബെ (Ringletobe) എന്ന പ്രശസ്തനായ ജമ്മൻകാരനായിരുന്നു അതിന്റെ നേതാവു്. 1806-ൽ അദ്ദേഹം ദക്ഷിണതിരുവിതാംകൂറിൽപ്പെട്ട മൈലാടി എന്ന സ്ഥലത്തു പ്രവത്തനം ആരംഭിച്ചു. അന്നത്തെ തിരുവിതാംകൂർ-കൊച്ചി റസിഡണ്ടിന്റെ ഉള്ളഴിഞ്ഞ സഹായം ഇതിലേക്കു് അദ്ദേഹത്തിനു ലഭിക്കുകയും ചെയ്തു. ക്രമേണ കൊല്ലത്തും പ്രവത്തനം തുടങ്ങി. പല സ്കൂളുകളും സ്ഥാപിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനാണ് അവർ പ്രാധാന്യം കൊടുത്തിരുന്നതു്.

ഭാഷാപരമായ സേവനങ്ങളെ സംബന്ധിച്ചിടത്തോളം ചർച്ചുമിഷ്യൻ സൊസൈററിയുടെ പ്രവത്തനമാണ് ഏററവും പ്രധാനമായിത്തീന്നതു്. ഈ സൊസൈററിയുടെ ഒരു പ്രതിനിധി—ഡോക്ടർ

ക്ലോഡിയസ്സ ബുക്കാനൻ—1806-ൽ കേരളത്തിലെത്തി. അന്നു് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ആറാം മാർത്തോമ്മായുമായി സമ്പക്കത്തിലേപ്പെട്ടെങ്കിലും, മിഷൻവേല 18 6-ൽ മാത്രമേ ആരംഭിച്ചുള്ളു. തോമസ് നോർട്ടനായിരുന്നു ആദ്യം വന്ന പ്രവത്തകൻ. പിന്നീട്ടു് ബഞ്ചമിൻ ബെയിലി, ജോസഫ് ഫെൻ, ഹെൻറി ബേക്കർ മുതലായവരും വന്നു. ആദ്യം ആലപ്പുഴയാണു് നോർട്ടൻ വേലചെയ്തതു്. പിന്നീട്ടു് കോട്ടയം ആസ്ഥാനമാക്കി. ദീർഘകാലത്തേക്കു കോട്ടയത്തും പരിസരങ്ങളിലുമായിരുന്ന സൊസൈററിയുടെ പ്രവത്തനങ്ങൾ കേന്ദ്രീകരിച്ചിരുന്നതു്. ഈ മിഷ്യനറിമാരിൽ പലരും നല്ല പാണ്ഡിത്യമുള്ളവരായിരുന്നു. ബാരിസ്റ്ററായി വക്കീൽവേലയിൽ നല്ല ആദായമുണ്ടാക്കിക്കൊണ്ടിരുന്ന ഒരാളായിരുന്നു ഫെൻ. വളരെ ആദായമുള്ള ഒരു കൃഷിഭൂമിയുടെ ഉടമസ്ഥനായിരുന്നു ബേക്കർ. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരായിരുന്നു അവരിൽ അധികം പേരും. വിദ്യാപ്രചരണവിഷയത്തിൽ ഉത്സുകരുമായിരുന്നു. ഈ നില കേരളഭാഷാപ്രവത്തനങ്ങൾക്കു പ്രയോജകീഭവിക്കുകയുണ്ടായി.

കേണൽ ജോൺ മൺറോ ആയിരുന്നു അന്നു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിലെ ബ്രിട്ടീഷ് റസിഡൻ്റ്. പ്രത്യേകസാഹചര്യങ്ങളിൽ ദിവാൻെറ സ്ഥാനവും അദ്ദേഹം വഹിച്ചിരുന്നു. അന്നു തിരുവിതാംകൂർ ഭരിച്ചിരുന്ന ലക്ഷ്മീഭായി, പാവ്വതീഭായി എന്നീ രണ്ടു റാണിമാരുമായി അത്ര അടുത്ത നിലയിലായിരുന്നു അദ്ദേഹം. ഈ നില മിഷ്യൻ സൊസൈററിയുടെ പ്രവത്തനങ്ങൾക്കു വലിയ സഹായമായിത്തീന്നു. വേദപ്രചരണമായിരുന്നു സവ്വപ്രധാനമായി മൺറോയുടെ ഉദ്ദേശ്യം. അതിനു് രണ്ടു മാർഗ്ഗങ്ങളാണു് അദ്ദേഹം സ്വീകരിച്ചതു്. ഒന്നാമതു് ഇംഗ്ലീഷുഭാഷ നാട്ടിൽ നടപ്പാക്കുക; രണ്ടാമതു വേദപുസ്തകം മലയാളഭാഷയിലേക്കു തർജ്ജമചെയ്തു പ്രസിദ്ധീകരിക്കുക. ഉദ്ദേശ്യം എന്തുതന്നെയായിരുന്നാലും മൺറോയുടെ ഈ പ്രവത്തനങ്ങൾ ഇന്നാട്ടിലെ ഭാഷക്കും സാഹിത്യത്തിനും ഒരു പുതിയ ജീവൻ കൊടുക്കാൻമാത്രമല്ല, നാട്ടുകാരുടെ മാനസികവും സാംസ്കാരികവുമായ പുരോഗമനം വരുത്താനും വഴിതെളിച്ചുവെന്നുള്ളതിനു സംശയമില്ല.

ദക്ഷിണകേരളത്തിൽ ലണ്ടൻ മിഷൻ സൊസൈററിയും ചർച്ചു മിഷൻ സൊസൈററിയും ചെയ്ത സേവനങ്ങൾതന്നെയാണു് ഉത്തരകേരളത്തിൽ ബാസൽ മിഷൻ സൊസൈററി നിവ്വഹിച്ചതു്. സ്വിററ്സർലൻഡിൽ ബാസൽ കേന്ദ്രമാക്കി ആരംഭിച്ച ഈ മിഷൻസംഘം 1834 മുതൽ തെക്കൻ കർണ്ണാടകത്തിൽ മതപ്രചരണവേല ആരംഭിച്ചിരുന്നു. 1839-ൽ മാത്രമേ കേരളത്തിലേക്കു് അവരുടെ പ്രവത്തനം വ്യാപിച്ചുള്ളു. ഒരു ജർമ്മൻപണ്ഡിതനായിരുന്ന ഡോക്ടർ ഹെർമൻ ഗുണ്ടർട്ടായിരുന്നു ഇതിൻെറ നേതൃത്വം വഹിച്ചിരുന്നതു്. തലശ്ശേരി ആയിരുന്നു അവരുടെ ആദ്യത്തെ ആസ്ഥാനം. ഡോക്ടർ ഗുണ്ടർട്ട കേരളത്തിൽ താമസിച്ച ഇരുപതുകൊല്ലങ്ങൾക്കിടയിൽ മലയാളഭാഷയിൽ വിപുലമായ പാണ്ഡിത്യം നേടുകയും ആ ഭാഷക്കു് ഒരു വ്യാകരണവും നിഘണ്ടുവും

നല്കിയതിനുപുറമേ പ്രശസ്തങ്ങളായ പല ഗദ്യകൃതികൾ രചിക്കുകയും ചെയ്തു.

## വിദ്യാഭ്യാസപ്രവൎത്തനങ്ങൾ

മിഷ്യനറിമാരുടെ വിദ്യാഭ്യാസപ്രവൎത്തനങ്ങളെപ്പററി മുകളിൽ സൂചിപ്പിച്ചുവല്ലോ. കേരളഭാഷയ്ക്കു മററു് ഇൻഡ്യൻ ഭാഷകളേക്കാൾ പലതരത്തിൽ പുരോഗമനമുണ്ടാകാൻ കാരണമാക്കിയതു് ഈ വിദ്യാഭ്യാസപ്രചരണമാകുന്നു. കേരളത്തിലെ പ്രാചീനവിദ്യാഭ്യാസസമ്പ്രദായം ബഹുജനങ്ങളുടെ അക്ഷരജ്ഞാനത്തെ പ്രോത്സാഹിപ്പിക്കുന്നതരത്തിലുള്ളതായിരുന്നില്ല. നാട്ടെഴുത്താശാന്മാരുടെ കീഴിലായിരുന്നു വിദ്യാഭ്യാസം. സാമ്പത്തികമായും സാമൂഹ്യമായും ഉന്നതനിലയിലുള്ളവർ മാത്രമാണു് ഇങ്ങനെ വിദ്യാഭ്യാസം ചെയ്തിരുന്നതു്. അതുതന്നെയും സംസ്കൃതവിദ്യാഭ്യാസമായിരുന്നു. അക്ഷരമാലയും അല്പംചില കണക്കുകളും പഠിച്ചുകഴിഞ്ഞാലുടനെ അമരകോശം, സിദ്ധരൂപം മുതലായ ഭാഷാശാസ്ത്രങ്ങളും ശ്രീരാമോദന്തം, ശ്രീകൃഷ്ണവിലാസം, മാഘം മുതലായ കാവ്യങ്ങളും സംസ്കൃതഭാഷയിൽ പഠിക്കുകയായി. കാവ്യങ്ങൾ പഠിക്കുകയെന്നല്ലാതെ, മററു ഭൗതികശാസ്ത്രങ്ങൾ അഭ്യസിക്കുക വിദ്യാഭ്യാസത്തിൻെറ ഒരു ഭാഗമായി അന്നാരും കണക്കാക്കിയിരുന്നില്ല. മലയാളഭാഷയിൽ പഠനം നടത്തുന്നതിനുള്ള സൗകൎയ്യങ്ങളോ അഭിനിവേശമോ അന്നാൎക്കും ഉണ്ടായിരുന്നില്ല. മലയാളംപഠനംതന്നെ എന്തോ ഒരു അധഃസ്ഥിതകൃത്യമായിട്ടാണു് അന്നു പരക്കെ അറിയപ്പെട്ടിരുന്നതു്. സംസ്കൃതപ്രേമികളായ ആൎയ്യബ്രാഹ്മണരുടെ സാംസ്കാരികമേധാവിത്വമായിരിക്കാം ഇതിനു കാരണം.

ഈ നിലയ്ക്കു് ഒരു മാററം വന്നതു് പത്തൊൻപതാംനൂററാണ്ടിന്റെ ആരംഭത്തിലാണു്. ബംഗാളിലെ ഈസ്റ്റ്ഇൻഡ്യാകമ്പനിയുടെ ചാപ്ലനും കൽക്കട്ടാ കോളേജ് ലക്ചററുമായിരുന്ന ഡോക്ടർ ക്ലോഡിയസ് ബുക്കാനൻ 1806-ൽ കേരളം സന്ദർശിക്കുകയും ഇവിടത്തെ സ്ഥിതിഗതികളെപ്പററി അധികാരികൾക്കു റിപ്പോർട്ടു സമൎപ്പിക്കുകയും ചെയ്തു. അദ്ദേഹം തൻെറ പൎയ്യടനവേളയിൽ സമ്പൎക്കത്തിലേർപ്പെട്ടതു് ഇവിടത്തെ പുത്തൻകൂർ സുറിയാനിക്കാരുമായിട്ടായിരുന്നു. ഇടവകകൾതോറും പ്രാഥമികവിദ്യാലയങ്ങൾ സ്ഥാപിക്കുകയെന്ന ആശയം അദ്ദേഹം ആവിഷ്കരിക്കുകയും പുത്തൻകൂർ മെത്രാപ്പോലീത്താ ആയിരുന്ന ആറാം മാർത്തോമ്മാ അതിനെ അനുകൂലിക്കുകയും ചെയ്തു. അക്കാലത്തു തിരുവിതാംകൂർ-കൊച്ചി റസിഡൻറായിരുന്ന കേണൽ മൺറോ ഈ ആശയത്തെ പ്രോത്സാഹിപ്പിക്കുകയും ഉദാരമായി സഹായിക്കുകയും ചെയ്തു. പ്രോട്ടസ്റ്റൻറു മിഷ്യനറിമാരാണു് ഈ ആശയം പ്രായോഗികമാക്കിയതു് എന്ന വസ്തുത നാം കൃതജ്ഞതാപൂൎവ്വം സ്മരിക്കേണ്ടിയിരിക്കുന്നു.

ഇംഗ്ലീഷ്‌വിദ്യാഭ്യാസം നാട്ടിൽ പ്രചരിപ്പിക്കണമെന്നുള്ളതായിരുന്നു ഈ നാട്ടിൽ എത്തിയനാൾമുതൽ കേണൽ മൺറോയുടെ ഉന്നം. ആ വഴിക്കു് ആംഗ്ലിക്കൻ രീതിയിലുള്ള ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ

സാധിക്കുമെന്നും, പുത്തൻകൂർ സുറിയാനിക്കാരെമാത്രമല്ല അന്യരേയും ആ മതത്തിലേക്ക് ആകൎഷിക്കാമെന്നും അദ്ദേഹം കരുതിയിരിക്കണം. ഉദ്ദേശ്യം എന്തായിരുന്നാലും ഈ പ്രവൎത്തനംകൊണ്ടു് ഈ നാട്ടിനു പൊതുവേ സാംസ്കാരികമായിമാത്രമല്ല, സാമ്പത്തികമായ നിലയിലും പുരോഗമനത്തിനു വഴിയായി എന്നുള്ളതിനു സംശയമില്ല. ഇക്കഴിഞ്ഞ 150 വൎഷക്കാലം ഇൻഡ്യയിൽ പലതുറകളിലുമുണ്ടായിട്ടുള്ള പുരോഗമനത്തിനു് ഇംഗ്ലീഷ്ഭാഷാപ്രചരണം പ്രചോദനം നല്കിയിട്ടുണ്ടെന്നുള്ളതു തീൎച്ചയാണു്. കേരളത്തിലാണു് ഇതിനു് ആരംഭമിട്ടതെന്നുള്ളതു് നമുക്കു് അഭിമാനകരവുമാകുന്നു.

ദക്ഷിണതിരുവിതാംകൂറിൽ മിഷ്യനറിവേലയിലേൎപ്പെട്ടിരുന്ന റവ. ഡബ്ളിയൂ. ടി. റിങ്ങിൽടോബെ 1813–നുമുൻപു് അവിടെ ആറു സ്കൂളുകൾ സ്ഥാപിച്ചതായി കാണുന്നു. എന്നാൽ ഈ വിദ്യാദാനപ്രസ്ഥാനം ഊൎജ്ജിതമായി ഏറെറടുത്തതു കോട്ടയത്തെ സി. എം. എസ്. മിഷ്യനറിമാരായിരുന്നു. ചർച്ച് മിഷൻ സൊസൈററി കോട്ടയത്തു പ്രവൎത്തനമാരംഭിച്ച 1816-ൽ തന്നെ, പുത്തൻകൂർ സുറിയാനി വൈദികരുടെ വിദ്യാഭ്യാസത്തെ മുഖ്യമായി കരുതിക്കൊണ്ടു കോട്ടയത്തു് ഒരു സെമ്മിനാരി, അഥവാ കോളേജ്, സ്ഥാപിച്ചു. ബഞ്ചമിൻ ബെയിലി ആയിരുന്നു ആദ്യത്തെ പ്രിൻസിപ്പാൾ; പിന്നീടു മി. ഫെൻസായിപ്പും. മലയാളവും സുറിയാനിയും സംസ്കൃതവും കൂടാതെ, ലത്തീൻ, ഹീബ്രു, ഗ്രീക്കു് മുതലായ ഭാഷകളും പ്രധാനമായി ഇംഗ്ലീഷും അവിടെ പഠനവിഷയങ്ങളായിരുന്നു. കണക്കു്, ചരിത്രം, ഭൂമിശാസ്ത്രം ഇവയും പഠിപ്പിച്ചിരുന്നു. സംസ്കൃതമുൻഷിമാർ രണ്ടുപേരുണ്ടായിരുന്നു; ഹീബ്രു പഠിപ്പിക്കാൻ കൊച്ചിക്കാരൻ ഒരു യഹൂദനും. 1820–ൽ 42 വിദ്യാൎത്ഥികൾ ഈ കോളേജിൽ ഉണ്ടായിരുന്നതിൽ 21 പേർ യാക്കോബായ സഭയിലെ കത്തനാർപട്ടത്തിനു പഠിച്ചിരുന്നവരായിരുന്നു.

ഇതു കൂടാതെ, സാധാരണക്കാൎക്കു വിദ്യാദാനംചെയ്യുവാനും അവൎക്കു പ്ലാനുണ്ടായിരുന്നു. ഇടവകതോറും സ്കൂളുകൾ; അവയിൽനിന്നു ജയിക്കുന്ന ബുദ്ധിമാന്മാരായ വിദ്യാൎത്ഥികൾക്കു് ഉപരിപഠനം കൊടുക്കുവാൻ മൂന്നു ഗ്രാമർസ്കൂളുകൾ; അവിടെനിന്നു ജയിക്കുന്നവൎക്കു പഠിക്കാൻ സെമ്മിനാരി; ഇങ്ങനെയായിരുന്നു മിഷ്യനറിമാർ സംവിധാനംചെയ്ത വിദ്യാഭ്യാസപദ്ധതി. ഇടവക സ്കൂളുകൾ അനേകമുണ്ടായി. കോട്ടയത്തുമാത്രമല്ല, ആലപ്പുഴ, മാവേലിക്കര, കൊച്ചി, തൃശ്ശൂർ മുതലായ സ്ഥലങ്ങളിലും അവർ വിദ്യാശാലകൾ ഏൎപ്പെടുത്തി. നോർട്ടൻ, ബെയിലി, ഫെൻ, ബേക്കർ, പീററു് മുതലായ സുപ്രസിദ്ധവിദ്യാഭ്യാസപ്രവൎത്തകന്മാർ ആ മിഷ്യനറിമാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നതു് അവരുടെ വിദ്യാഭ്യാസപ്രവൎത്തനങ്ങൾക്കു് ഉത്തേജനവും ഉന്മേഷവും നൽകി. 1821–ൽ മിഷ്യനറിമാരുടെ മേൽനോട്ടത്തിൽ 35 സ്കൂളുകളുണ്ടായിരുന്നു. ഈ വിദ്യാശാലകളിൽ അക്ഷരമാലയും കാവ്യങ്ങളുംമാത്രമല്ല, പ്രാഥമികവിദ്യാലയങ്ങൾക്കു യോജിച്ചതരത്തിലുള്ള ഇതരവിഷയങ്ങളും പഠിപ്പിച്ചിരുന്നു.

ഇടവകവിദ്യാലയങ്ങളിൽനിന്നു്—പള്ളിയോടു് അനുബന്ധിച്ചു സ്ഥാപിതമായതുകൊണ്ടു് അവയ്ക്കു പള്ളിക്കൂടങ്ങൾ എന്ന പേരു നടപ്പായി—ജയിച്ചുവരുന്ന സമൎത്ഥരായ കുട്ടികൾക്കു് ഉപരിവിദ്യാഭ്യാസം നല്കുന്നതിലേക്കു മിഷ്യനറിമാർ 1821-ൽ കോട്ടയത്തു് ഒരു ഗ്രാമർ സ്കൂൾ സ്ഥാപിച്ചു. ആരംഭത്തിൽ അതിൽ പത്തു കുട്ടികളേ ഉണ്ടായിരുന്നുള്ളുവെങ്കിലും 1826-ൽ അദ്ധ്യേതാക്കളുടെ സംഖ്യ 70 ആയി. ഈ ഗ്രാമർസ്കൂളിൽ ഇംഗ്ലീഷും മലയാളവും സംസ്കൃതവും പഠിപ്പിച്ചിരുന്നു. ഗ്രാമർസ്കൂളിൽനിന്നു പാസാകുന്നവൎക്കു് ഉന്നതവിദ്യാഭ്യാസം നല്കുന്നതിനു കോട്ടയത്തെ സി. എം. എസ്. കോളേജ് ഉപകരിച്ചിരുന്നു. ഏതാണ്ടു് ഇക്കാലത്തുതന്നെയാണു ദക്ഷിണതിരുവിതാംകൂറിൽ സ്കോട്ടു് ക്രിസ്ത്യൻ കോളേജും ആരംഭിച്ചതു്. കോട്ടയത്തു സ്ഥാപിച്ചിരുന്ന ഗ്രാമർ സ്കൂൾ പിന്നീടു നിൎത്തിക്കളയുകയാണു് ഉണ്ടായതു്.

മിഷ്യനറിമാർ നടപ്പിൽവരുത്തിയ മറ്റൊരു പരിഷ്കാരം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി സ്കൂളുകൾ സ്ഥാപിച്ചതാണു്. 1825-നു മുമ്പുതന്നെ കോട്ടയത്തും ആലപ്പുഴയും ഓരോ പെൺപള്ളിക്കൂടങ്ങൾ സ്ഥാപിതങ്ങളായി. കേരളത്തിലെ സ്ത്രീവിദ്യാഭ്യാസത്തെപ്പറ്റി പറയുമ്പോൾ അതിന്റെ പ്രാരംഭപ്രവൎത്തകയും അറുപതു കൊല്ലത്തോളം ആ രംഗത്തിൽ സേവനമനുഷ്ഠിച്ചയാളുമായ മിസ്സസ് ബേക്കറെ നാം കൃതജ്ഞതാപൂൎവ്വം സ്മരിക്കേണ്ടിയിരിക്കുന്നു. അവരുടെ പുത്രിയുടെ നാമത്തെ അനശ്വരമാക്കിത്തീൎത്തിരിക്കുന്ന ഒരു സ്ഥാപനമാണു കോട്ടയത്തെ മിസ് ബേക്കർ മെമ്മോറിയൽ എന്ന പെൺപള്ളിക്കൂടം.

മിഷ്യനറിമാർ നടത്തിയിരുന്ന വിദ്യാലയങ്ങൾ ഒന്നിലും ഫീസു ചുമത്തിയിരുന്നില്ല. ഫീസ് ഉണ്ടായിരുന്നാൽ ആരും കുട്ടികളെ വിദ്യാലയങ്ങളിൽ അയയ്ക്കാത്ത ഒരു കാലമായിരുന്നു അതു്. പെൺകുട്ടികൾക്കായുള്ള ബോർഡിങ്ങു് സ്കൂളുകളിൽ ഭക്ഷണവും, പുസ്തകങ്ങളും വസ്ത്രം തന്നെയും സൗജന്യമായിരുന്നു. എന്നിട്ടും ആദ്യകാലങ്ങളിൽ വളരെ ചുരുക്കം കുട്ടികളേ സ്കൂളിൽ ചേൎന്നിരുന്നുള്ളു. ഈവകയ്ക്കുള്ള ചെലവുകളും അദ്ധ്യാപകന്മാരുടെ ശമ്പളവും മിഷ്യനറിമാർതന്നെയാണു വഹിച്ചിരുന്നതു്. ഇതൊക്കെ ആലോചിച്ചിട്ടായിരിക്കാം തിരുവിതാംകൂർസൎക്കാരിന്റെ ധനസഹായം, വിശേഷിച്ചും സെമിനാരിക്കു്, ഉണ്ടായതു്. കോട്ടയത്തു ചില ഭൂമികൾകൂടാതെ പ്രസിദ്ധമായ മൺറോത്തുരുത്തും പാൎവ്വതീഭായിറാണിയിൽനിന്നും കിട്ടുകയുണ്ടായി.

യാക്കോബായവൈദികരുടെ അഭ്യസനമായിരുന്നു ആദ്യത്തെ പ്രധാനമായ ഉന്നമെങ്കിലും അതു പിന്നീടു നിലച്ചു. യാക്കോബായസഭാധികാരികളുമായി മിഷ്യനറിമാൎക്കു കൂട്ടുപിരിയേണ്ടതായിവന്നു. എന്നാൽ മിഷ്യനറിമാർ സ്ഥാപിച്ച വിദ്യാലയങ്ങളിൽ പഠിച്ചവൎക്കു മുന്തിയ സൎക്കാരുദ്യോഗങ്ങൾ കിട്ടിയിരുന്നതിനാൽ ക്രിസ്ത്യാനികൾമാത്രമല്ല, നായന്മാരും മററും അവിടെ പഠനത്തിനു വന്നു; അങ്ങനെ വിദ്യാൎത്ഥികളുടെ സംഖ്യ പ്രതിവൎഷം വൎദ്ധിക്കുകയും ചെയ്തു. 1882-ൽ കോട്ടയംകോളേജ് സൎവ്വകലാശാലയോടു് അഫിലിയേററു ചെയ്യപ്പെട്ടു.

കോട്ടയത്തു് ആരംഭിച്ച ഈ പുതിയ വിദ്യാഭ്യാസസമ്പ്രദായംമൂലമു ണ്ടായ മേന്മ തിരുവിതാംകൂർ സക്കാർഅധികാരികളുടെ കണ്ണുതുറന്നു. 1834–ൽ, തിരുവനന്തപുരത്തുതന്നെ ഇംഗ്ലീഷുവിദ്യാഭ്യാസത്തിനുവേണ്ടി ഒരു സ്ക്കൂൾ നടത്തുവാൻ സക്കാർ ഏർപ്പാടുചെയ്തു. കോട്ടയത്തു പഠിപ്പിച്ചിരുന്ന ഓക്സ്ഫോർഡു ബിരുദധാരിയായ, ജോസ് റോബർട്ട്സ് ആയിരുന്നു ഈ പുതിയ സ്ക്കൂൾ നടത്തിയതു്. അദ്ദേഹത്തിനു പ്രതിമാസം 100 രൂപാ തിരുവിതാംകൂർ സക്കാർ ഗ്രാന്റായി കൊടുത്തിരുന്നു. 1837–ൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലത്തു് ഈ സ്ക്കൂൾ സക്കാർ ഏറ്റെടുത്തു നേരിട്ടു നടത്തി. റോബർട്ട്സിനു പ്രതിമാസം 300 രൂപാ ശമ്പളം കൊടുത്തു സക്കാർസവ്വീസിൽ നിയമിക്കുകയും ചെയ്തു. സംസ്ഥാനത്തിലെ ഇതരകേന്ദ്രങ്ങളിലും ചില സ്ക്കൂളുകൾ സ്ഥാപിച്ചു. * എന്നാൽ സർ ടി. മാധവരായർ തിരുവിതാംകൂർ ദിവാനായിരുന്ന (1858—1872) കാലത്താണു സക്കാർവിദ്യാലയങ്ങൾ കൂടുതലായി സ്ഥാപിക്കപ്പെട്ടതു്. അതിനുശേഷം വിദ്യാഭ്യാസവിഷയത്തിൽ ഗവമ്മെൻറു കൂടുതൽ ശ്രദ്ധാന്തി കാണിക്കുകയും, മലയാളംപള്ളിക്കൂടങ്ങളും ഇംഗ്ലീഷുപള്ളിക്കൂടങ്ങളും ധാരാളമായി സ്ഥാപിക്കുകയും ചെയ്തു.

പക്ഷേ വളരെക്കാലത്തേക്കു സക്കാർസ്ക്കൂളുകളിൽ അവണ്ണഹിന്ദുക്കൾക്കു പ്രവേശനം അനുവദിച്ചിരുന്നില്ല. ഈ രാജ്യത്തിലെ ബഹുഭൂരിപക്ഷം വരുന്ന ഈഴവർ തുടങ്ങി പിന്നോക്കം നിൽക്കുന്നവരും അധഃകൃതരുമായ ജനവിഭാഗങ്ങൾക്കു വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള യാതൊരു സൗകര്യവും ഗവമ്മെൻറു ചെയ്തുകൊടുത്തിരുന്നില്ല. അവക്കു മിഷ്യനറിമാരും നാട്ടുക്രിസ്ത്യാനികളും നടത്തിക്കൊണ്ടിരുന്ന വിദ്യാലയങ്ങളിൽ മാത്രമേ പ്രവേശം ലഭിച്ചിരുന്നുള്ളു. ഒരു തിരുവിതാംകൂർചരിത്രകാരന്റെ സാക്ഷ്യം ഇവിടെ ഉദ്ധരിക്കുന്നതു് ഈ വസ്തുത ശരിക്കു മനസ്സിലാക്കുന്നതിനു സഹായിക്കുന്നതാണു്.

"മിഷ്യനറിമാരാണു് ആദ്യമായി വിദ്യാലയസ്ഥാപനവും അധഃകൃതസംരക്ഷണവും തിരുവിതാംകൂറിൽ നടപ്പാക്കിയതു്. തിരുവിതാംകൂറിൽ അടിമക്കച്ചവടം നിത്തൽചെയ്തതു മിഷ്യനറിമാരുടെ ശ്രമത്താലാണു്. ഹൈന്ദവസമുദായത്തിന്റെ ദുരാചാരം നിമിത്തം, അവണ്ണരെന്നും അധഃകൃതരെന്നും വിളിച്ചുവന്നിരുന്ന പല ജാതിക്കാക്കും സഞ്ചാരസ്വാതന്ത്ര്യം പോലും തിരുവിതാംകൂറിൽ ഇല്ലായിരുന്നു... ചാന്നാന്മാർ, മുക്കുവർ, പറയർ, പുലയർ തുടങ്ങിയ എല്ലാ അവണ്ണക്കും ഒരുപോലെ പരിഷ്കൃതമായ വിദ്യാഭ്യാസം നൽകി, മററു സമുദായക്കാരോടൊപ്പം അവരെയും മിഷ്യനറിമാർ പരിഷ്കൃതഹൃദയരാക്കിത്തീർത്തു... മിഷ്യനറിമാർ വൈദികസ്ഥാപനങ്ങളോടു അനുബന്ധിച്ചു രാജ്യത്തു നാനാഭാഗത്തും വിദ്യാലയങ്ങളും കോൺവെന്റുകളും സ്ഥാപിച്ചു് ആൺകുട്ടികളേയും പെൺകുട്ടികളേയും ഒരുപോലെ വിദ്യാഭ്യാസം ചെയ്യിച്ചുവന്നു... തിരുവിതാംകൂർ ഇന്നു് അഭിമാനിക്കുന്ന സകലസംസ്കാരങ്ങൾക്കും എന്നും അവർ ഏറെക്കുറെ

* അക്കാലത്തു ബ്രിട്ടീഷ് റസിഡൻറായിരുന്ന പ്രേസറിന്റെ ഉത്സാഹത്തിലും ഉപദേശത്തിലുമായിരുന്നു ഇവയെല്ലാം നടന്നിരുന്നതു്.

മിഷ്യനറിമാരോടു കടപ്പെട്ടവരാണ്.'' (തിരുവിതാംകൂർചരിത്രം—കെ. പങ്കജാക്ഷൻനായർ, ബി. എ., ബി. എൽ. പുറം 132–133)

കേരളത്തിൽ ആദ്യകാലത്തെത്തിയ സി. എം എസ്. മിഷ്യനറിമാർ അവരുടെ വിദ്യാലയങ്ങളിലുംമററും പ്രോട്ടസ്റ്റൻറു രീതിയിലുള്ള ആശയങ്ങൾ പ്രചരിപ്പിക്കുവാൻ ശ്രമിച്ചതുകൊണ്ട് ലത്തീൻകാരും, സുറിയാനിക്കത്തോലിക്കർതന്നെയും ആ പ്രവത്തനങ്ങളിൽനിന്നു മാറിനിൽക്കുകയാണു ചെയ്തതു്. കത്തോലിക്കക്കുട്ടികൾ പ്രോട്ടസ്റ്റൻറുവിദ്യാലയങ്ങളിൽ പോയി പഠിക്കുന്നതിനെ കത്തോലിക്കമേതാദ്ധ്യക്ഷന്മാർ അനുകൂലിക്കാതിരിക്കയും ചെയ്തു. ഇതു കത്തോലിക്കരുടെ ഇടയിൽ നവീനവിദ്യാഭ്യാസപ്രചരണത്തിനു് ആദ്യകാലത്തു് ഒരു പ്രതിബന്ധമായിത്തീന്നു. ആധുനികരീതിയിൽ വിദ്യാപ്രചാരം ചെയ്യാൻ കത്തോലിക്കമിഷ്യനറിമാക്കു് ഇതുമൂലം പ്രചോദനം ഉണ്ടായി എന്നു സമ്മതിക്കാതെ തരമില്ല. ഇംഗ്ലീഷ് സ്കൂളുകളും കോളേജുകൾതന്നെയും സ്ഥാപിക്കാനും സെമ്മിനാരികളിൽത്തന്നെയും ഇംഗ്ലീഷും മററും പഠിപ്പിക്കാനും ഇങ്ങനെ ഇടയാകയും ചെയ്തു.

മുൻശതാബ്ദങ്ങളിൽ നാട്ടുക്രിസ്ത്യാനികളും മിഷ്യനറിമാരും തമ്മിൽ ചില ഭിന്നതകൾ നിലവിലിരുന്നതായി അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ ഭിന്നതകൾ കുറേക്കാലംകൂടി നീണ്ടുനിന്നെങ്കിലും, കർമ്മലീത്താമിഷ്യനറിമാരുടെ നേതൃത്വത്തിൽ അവർതമ്മിൽ ഏതാണ്ടു് ഒരൈക്യമുണ്ടായി. ലത്തീൻ റീത്തുകാരുടെയും സുറിയാനി റീത്തുകാരുടെയും ആദ്ധ്യാത്മികഭരണം കർമ്മലീത്താ വൈദികമേലദ്ധ്യക്ഷന്മാരിലായി. കർമ്മലീത്താ മിഷ്യനറിമാരുടെ ആസ്ഥാനം വരാപ്പുഴ ആയിരുന്നു. അങ്ങനെ അവിടം വിദ്യാപ്രവത്തനങ്ങളുടെ ഒരു കേന്ദ്രമായി ഉയന്നുവന്നു. കർമ്മലീത്താ മിഷ്യനറിമാരിൽ പലരും പ്രശസ്തപണ്ഡിതന്മാരായിരുന്നതിനാൽ സാഹിത്യസംരംഭങ്ങളും കുറവല്ലായിരുന്നു.

വൈദികരുടെ വിദ്യാഭ്യാസരീതിയിൽത്തന്നെ ഈ നൂററാണ്ടിൽ വലിയ മാററമുണ്ടായി. വൈദികശിക്ഷണത്തിനു പഴയ സമ്പ്രദായത്തിലുള്ള മല്പാന്മാരുടെ പഠനഗൃഹങ്ങൾ മതിയാകയില്ലെന്നു ബോദ്ധ്യമായതിനാൽ വരാപ്പുഴ (പുത്തൻപള്ളി) ഒരു കേന്ദ്രസെമ്മിനാരി സ്ഥാപിക്കുകയും, അവിടെ പഠിക്കുന്ന ശെമ്മാശ്ശുകൾക്കു മാത്രമേ പട്ടം കൊടുക്കുകയുള്ളുവെന്നു നിഷ്കഷിക്കുകയും ചെയ്തു. വരാപ്പുഴയിലെ ബർണ്ണദീനോസു മെത്രാപ്പോലീത്തായും പിന്നീടു് അദ്ദേഹത്തിൻെറ സഹായമെത്രാനായിത്തീന്ന ഡോക്ടർ മർസലീനോസ് പാതിരിയുമാണു് ഈ പരിശ്രമങ്ങൾക്കു നേതൃത്വം നൽകിയതു്. ഇററലിസ്വദേശിയായ ഡോക്ടർ മർസലീനോസ് ഒരു അഗാധപണ്ഡിതനും ബഹുഭാഷാജ്ഞാനിയുമായിരുന്നു. ഗദ്യത്തിലും പദ്യത്തിലുമായി അദ്ദേഹം മലയാളത്തിൽ അമ്പതോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നു പറയുമ്പോൾ അദ്ദേഹത്തിൻെറ ഭാഷാസേവനം എത്ര വിപുലമായ തോതിലായിരുന്നുവെന്നു നമുക്കു മനസ്സിലാക്കാം. പുത്തൻപള്ളി സെമ്മിനാരി റെക്ടർസ്ഥാനത്തു് അദ്ദേഹത്തിൻെറ

പിൻഗാമികളായിരുന്നവരും മഹാപണ്ഡിതന്മാരും ഭാഷാസേവനകുതുകികളുമായിരുന്നു. അവരുടെ പരിശ്രമഫലമായി ഒരു 'മലയാണ്മ—ലത്തീൻ—ഇംഗ്ലീഷ് അകാരാദി'യും ഭാഷയ്ക്കു ലഭിച്ചിട്ടുണ്ട്. പ്രശസ്തമായ ഈ പുത്തൻപള്ളി സെമ്മിനാരിയാണു കാൽനൂററാണ്ടിനുമുൻപ് ആലുവായിൽ മംഗലപ്പുഴ എന്ന സ്ഥലത്തേക്കു മാറ്റി സ്ഥാപിച്ചിരിക്കുന്നതു്.

പത്തൊൻപതാം നൂററാണ്ടിൻെറ പൂർവ്വാർദ്ധത്തിൽ കത്തോലിക്കരായ നാട്ടുക്രിസ്ത്യാനികളുടെ ഇടയിൽ സന്യാസജീവിതത്തിനു സിദ്ധിച്ച പ്രോത്സാഹനം ശ്രദ്ധേയമായ ഒരു നവോത്ഥാനമാകുന്നു. കർമ്മലീത്താ മിഷ്യനറിമാരാണു് ഈ പ്രസ്ഥാനത്തിനും പ്രചോദനവും നേതൃത്വവും നൽകിയതു്. അങ്ങനെ പ്രസിദ്ധമായ സുറിയാനി കർമ്മലീത്താ സന്യാസസഭ, മാന്നാനം കേന്ദ്രമായി, 1831—ൽ സമാരബ്ധമായി. ഈ സമൂഹത്തിലെ ആദ്യസന്യാസിമാരിൽ പ്രമുഖൻ കൈനകരി ഇടവകക്കാരനായ ചാവറ കുരിയാക്കോസ് ഏലിയാസ് പട്ടക്കാരനായിരുന്നു. അദ്ദേഹം ഈ പുതിയ സന്യാസസമൂഹത്തിനുവേണ്ട വ്യവസ്ഥകൾ ഉണ്ടാക്കി നടപ്പാക്കുകയും മരണപര്യന്തം അതിൻെറ അദ്ധ്യക്ഷൻ (പ്രിയോർ) ആയിരിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ഭരണകാലത്തു് ഈ സന്യാസസമൂഹത്തിനു പല ശാഖാഭവനങ്ങൾ ഉണ്ടായി. അങ്ങനെ സമുദായസേവനത്തിനു സമയവും സന്നദ്ധതയുമുള്ള ഒരു സമൂഹം ഉണ്ടായിയെന്നതു് ഈ നൂററാണ്ടിലെ ഒരു വലിയ നേട്ടമായിരുന്നു.

കർമ്മലീത്താ സന്യാസസഭയുടെ ആദ്യത്തെ പ്രിയോർ ആയിരുന്ന ചാവറ കുരിയാക്കോസ് ഏലിയാസച്ചൻ കുറേക്കാലത്തേക്കു വരാപ്പുഴ അതിരൂപതാ വികാരിജനറാൾ സ്ഥാനവും വഹിച്ചിരുന്നു. ആ കാലത്തു്, 1865—ൽ, അദ്ദേഹം പള്ളികൾക്കയച്ചിട്ടുള്ള ഒരു സർക്കുലറിൽ ഇടവകകൾതോറും വിദ്യാലയങ്ങൾ ആരംഭിക്കണമെന്നും, അല്ലാത്തപക്ഷം പള്ളിമുടക്കു കല്പിക്കുന്നതാണെന്നും കർശനമായി അനുശാസിച്ചിരുന്നു. ഓരോ കത്തോലിക്കാദേവാലയത്തോടും അനുബന്ധിച്ചു പള്ളിക്കൂടം സ്ഥാപിക്കേണ്ടതു് അങ്ങനെ മതപരമായ ഒരു ചുമതലയായിത്തീർന്നു. നിർബ്ബന്ധവിദ്യാഭ്യാസപരിപാടിയുടെ പ്രഥമപടിയായി ഈ സർക്കുലറിനെ കണക്കാക്കാം. മുൻപേതന്നെ ആരംഭിച്ചിരുന്ന വിദ്യാലയപ്രസ്ഥാനം സാർവ്വത്രികമാകുന്നതിനു് ഇതു കാരണമായി. ചാവറയച്ചൻ തന്നെ മാന്നാനത്തു് ഒരു സംസ്കൃതവിദ്യാലയം ആരംഭിക്കുകയും, അധഃകൃതരുടെ വിദ്യാഭ്യാസാർത്ഥം പ്രത്യേകപള്ളിക്കൂടങ്ങൾ നടത്തുകയും ചെയ്തു. ഇടവകവിദ്യാലയങ്ങളിൽ പഠിച്ചുജയിക്കുന്നവർക്കു് ഉന്നതവിദ്യാഭ്യാസം നൽകുന്നതിലേക്കു കൊച്ചിയിലെ സാൻറക്രൂസ് ഹൈസ്കൂളും, മാന്നാനത്തെ സെൻ്റ് ഇഫ്രേംസ് ഹൈസ്കൂളും സ്ഥാപിതമായി.

പത്തൊൻപതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ പഴയകൂർ സുറിയാനിക്കാരുടെ ഇടയിൽ സ്വയംഭരണം സംബന്ധിച്ചുള്ള വിവാദം വീണ്ടും ഉത്തേജിതമായി. മേല്ലൂസ് എന്ന നെസ്തോറിയൻ മെത്രാൻെറ വരവോടുകൂടി ഈ പ്രസ്ഥാനം ശക്തിപ്രാപിച്ചു. നിധിയിരിക്കൽ

മാണിക്കത്തനാരെപ്പോലെ പ്രാപ്തന്മാരും പണ്ഡിതന്മാരുമായ നേതാക്കന്മാർ സുറിയാനിക്കാരുടെ ഇടയിൽ ഉയർന്നുവന്നു. ഭിന്നത വർദ്ധിച്ചതോടുകൂടി നാട്ടുക്രിസ്ത്യാനികളുടെ വശത്തു് സാഹിത്യവും ഒരു അവശ്യോപകരണമായിത്തീർന്നു. സഭാചരിത്രസംബന്ധമായ ചർച്ചകൾ ഉണ്ടാകാനും ആ വിഷയത്തിൽ വിപുലമായ ഗവേഷണങ്ങൾ നടത്താനും ഇടയായി. നാട്ടുക്രിസ്ത്യാനികളുടെ വാദങ്ങളുടെ ന്യായ്യത റോമയിലെ സഭാമേലധികാരികൾക്കു ബോദ്ധ്യമായതിൻെറ ഫലമായി 1896-ൽ സുറിയാനിക്കാർക്കു സ്വജാതിയിൽപ്പെട്ട മൂന്നു നാട്ടുമെത്രാന്മാർ നിയമിതരായി. ഇതു കത്തോലിക്കരുടെ ഇടയിൽ വിദ്യാഭ്യാസാഭിവൃദ്ധിക്കു വളരെയധികം ഉത്തേജനം നൽകുകയുണ്ടായി.

## അദ്ധ്യായം പതിനഞ്ച്

# വിവർത്തനസംരംഭങ്ങൾ

പത്തൊൻപതാം നൂറ്റാണ്ടിൻെറ പ്രാരംഭഘട്ടത്തിൽ കേരളത്തിൽ പ്രത്യേകിച്ചു തിരുവിതാംകൂറിൽ വന്ന മിഷ്യനറിമാർ മലയാളഭാഷയ്ക്കും സാഹിത്യത്തിനും ചെയ്തിട്ടുള്ള സേവനങ്ങളെപ്പററി പറയുകയിൽ, വിദ്യാശാലകൾ സ്ഥാപിച്ചു വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനു് അവർ ചെയ്ത യത്നങ്ങളെ കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിക്കുകയുണ്ടായല്ലൊ. അതുപോലെതന്നെ പ്രശംസനീയമായ മറെറാരു നടപടിയാണു പ്രമാണ ഗ്രന്ഥങ്ങളുടെ വിവർത്തനം. യേശുക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധരായി ഇവിടെയെത്തിയ മിഷ്യനറിമാരുടെ ശ്രദ്ധ ആദ്യമേതന്നെ വേദപുസ്തകപരിഭാഷയിൽ പതിഞ്ഞതിൽ അത്ഭുതപ്പെടാനില്ല. ആദ്ധ്യാത്മികമായിമാത്രമല്ല, സാഹിത്യമെന്ന നിലയിലും ഇംഗ്ലീഷിലെ ഒരു പ്രമാണഗ്രന്ഥമാണല്ലൊ ബൈബിൾ. സുറിയാനിയിലും ലത്തീനിലും വേദപുസ്തകം ഇവിടെ ധാരാളം പ്രചരിച്ചിരുന്നു. ജനങ്ങൾ അവശ്യം അറിയേണ്ട സംഗതികൾ മലയാളത്തിലും തമിഴിലും തർജ്ജമചെയ്തതും പ്രചരിച്ചിരുന്നു. എന്നാൽ വേദപുസ്തകം മുഴുവൻ തർജ്ജമചെയ്തു എന്ന പ്രശസ്തിക്കു് പൂർണ്ണാവകാശികൾ ഈ മിഷ്യനറിമാർ തന്നെയാകുന്നു.

വേദപുസ്തകപരിഭാഷ മറ്റൊരു പ്രശ്നത്തിലേക്കു മിഷ്യനറിമാരുടെ ശ്രദ്ധയെ ആകർഷിച്ചു. ആശയവിനിമയത്തിനു ഗ്രന്ഥങ്ങൾ വേണം; പക്ഷേ അവ അച്ചടിച്ചെങ്കിൽമാത്രമേ ജനങ്ങൾക്കു് അവമൂലം പ്രയോജനമുണ്ടാകയുള്ളു. മിഷ്യനറിമാർ കേരളത്തിലെത്തുന്നതുവരെ മലയാള ഭാഷയിൽ അച്ചടി നടത്താവുന്ന ഒരു മുദ്രണാലയവും കേരളത്തിൽ ഉണ്ടായിരുന്നില്ല. തന്മൂലം കേരളത്തിൽ മുദ്രാലയം സ്ഥാപിക്കുന്ന കാര്യത്തിലും ഈ മിഷ്യനറിമാർതന്നെ മുൻനിന്നു യത്നിച്ചു. അതിൻെറ വിശദവിവരങ്ങൾ പിന്നാലെ പ്രസ്താവിക്കുന്നതാണു്. കേരളസാഹിത്യത്തിന്റെ വളർച്ചയ്ക്കു് അത്യധികം സഹായകമായിത്തീർന്ന മുദ്രാലയങ്ങളുടെ സ്ഥാപനത്തിനു പ്രചോദനം നൽകിയതു വേദപുസ്തകവിവർത്തനമാണെന്നുള്ള വസ്തുത വിസ്മരിക്കത്തക്കതല്ല.

1806-ൽ കേരളത്തിൽ വന്ന ഡോക്ടർ ക്ലോഡിയസ് ബുക്കാനൻ ബൈബിൾ തർജ്ജമചെയ്യുന്ന കാര്യത്തിൽ ഉററു ശ്രമംചെയ്തു. അന്നത്തെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന ഒന്നാം മാർ ദിവന്നാസ്യോസുമായുണ്ടായ ഒരു കൂടിക്കാഴ്ചയിൽ ഈ വിഷയമാണു ബുക്കാനൻ ഊന്നിപ്പറഞ്ഞതു്. പണ്ടുകാലത്തു ബസ്രായിൽനിന്നോ മറേറാ മലയാളത്തു കൊണ്ടുവന്നു് ഉപയോഗിച്ചിരുന്ന എസ്ത്രേംഗെല സുറിയാനിയി

ലുള്ള ഒരു വേദപുസ്തകം കണ്ടനാട്ടുവെച്ചു മെത്രാപ്പോലീത്താ ബുക്കാനനു സമ്മാനിക്കുകയുണ്ടായി. ബുക്കാനൻ ഇൻഡ്യയിൽനിന്നു് ഇംഗ്ലണ്ടിലേക്കു കൊണ്ടുപോയ പുസ്തകങ്ങളുടെ കൂട്ടത്തിൽ മെത്രാപ്പോലീത്താ അദ്ദേഹത്തിനു സമ്മാനിച്ച സുറിയാനി വേദപുസ്തകകൈയെഴുത്തുപ്രതിയും ഉൾപ്പെട്ടിരുന്നു. ഈ വേദപുസ്തകം ഇപ്പോഴും കേംബ്രിഡ്ജ് സർവ്വകലാശാലയുടെ ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്.

ബുക്കാനൻസായ്പിൻെറ താല്പര്യമനുസരിച്ചു്, മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽതന്നെ, വേദപുസ്തകം തർജ്ജമചെയ്തു തുടങ്ങി. കായംകുളത്തുകാരൻ പീലിപ്പോസ്റമ്പാനാണ് ഇതിൽ പ്രധാനഭാഗം വഹിച്ചതു്. സുറിയാനിയിൽനിന്നു നേരിട്ടു തർജ്ജമചെയ്യുകയും, പിന്നീടു പാണ്ടിയിൽനിന്നു കൊണ്ടുവന്നിരുന്ന തമിഴപരിഭാഷയുമായി ഒത്തുനോക്കുകയും ചെയ്തു. മുൻപു മലയാളത്തിൽ പ്രചരിച്ചിരുന്ന വേദപുസ്തകഭാഗങ്ങളുടെ തർജ്ജമകൾ അതേപടി സ്വീകരിക്കുകയും ബാക്കിഭാഗങ്ങൾ അതിനൊപ്പിച്ചു പരിഭാഷപ്പെടുത്തുകയുമാണു ചെയ്തതു്. തന്മൂലം തർജ്ജമയിലെ ഭാഷാരീതി പോർട്ടുഗീസുകാരുടെ വരവിനോടടുത്ത കാലത്തെ ഭാഷയോടാണു കൂടുതൽ സാമ്യം വഹിച്ചതു്.

വേഗം കാര്യം നടക്കാനായി തിമ്മപ്പൻപിള്ള എന്നൊരു ചെട്ടിയാരെയും ബുക്കാനൻെറ ശമ്പളത്തിൽ പീലിപ്പോസ്റമ്പാൻെറ കൂടെ താമസിപ്പിച്ചിരുന്നു. 1807–ൽ നാലു സുവിശേഷങ്ങളുടെയും പ്രക്സസിൻെറയും തർജ്ജമകൾ തയാറായി. ബുക്കാനൻെറ നിർദ്ദേശപ്രകാരം തിമ്മപ്പൻപിള്ള അതുംകൊണ്ടു ബങ്കാളത്തു പോയി. ബുക്കാനനാകട്ടെ അതു ബോംബയിൽ കൊണ്ടുചെന്നു് അവിടത്തെ കൂറിയർ(Courier)പ്രസ്സിൽ അച്ചടിക്കുവാൻ ഏർപ്പാടുചെയ്തശേഷം ഇംഗ്ലണ്ടിലേക്കു പോയി. കൂറിയർപ്രസ്സിൽ മലയാള അക്ഷരങ്ങൾ കൊത്തി ഉണ്ടാക്കുന്നതിലേക്കു കണ്ടനാട്ടുപള്ളി ഇടവകക്കാരനായ കൊച്ചിട്ടി എന്ന ഒരു നസ്രാണിയെക്കൂടി ഡോക്ടർ ബുക്കാനൻ ബോംബയിലേക്കു കൊണ്ടുപോയതായി ഒരു രേഖയിൽ കാണുന്നു. ബോംബയിലെ വേദപുസ്തകം അച്ചടി 1811–ലെ പൂർത്തിയായുള്ളു. 9½ ഇഞ്ചു നീളവും 8 ഇഞ്ചു വീതിയും 2 ഇഞ്ചു ഘനവും 504 പേജുകളുമുള്ളതായിരുന്നു ഈ ഒന്നാമത്തെ മലയാളവേദപുസ്തകം. ഇതിൻെറ പ്രതികൾ ക്രമേണ മലയാളത്തു കൊണ്ടുവരികയും (1815) പല പള്ളികൾക്കും കൊടുക്കുകയും ചെയ്തു.

ഈ വേദപുസ്തകം സുറിയാനിയിൽനിന്നുള്ള പദാനുപദതർജ്ജമയായിരുന്നു. പലേടത്തും സുറിയാനിപദങ്ങൾ തത്സമങ്ങളായിത്തന്നെ സ്വീകരിച്ചിരിക്കുന്നു. അദ്ധ്യായത്തിനു "കെപ്പാല ഓൻ," എന്നും, വാക്യത്തിനു "പാസോക്കാ" എന്നും, സങ്കീർത്തനത്തിനു "മസ്മൂർ" എന്നും, ജ്ഞാനസ്നാനത്തിനു "മാമൂദീസാ" എന്നും, പഴയ നിയമത്തിനു "ഓറേത്താ" എന്നും മററുമുള്ള സുറിയാനിപദങ്ങൾതന്നെ അതേപടി മലയാളത്തിൽ അച്ചടിച്ചിരിക്കുകയാണു്. ആദ്യത്തെ പേജിൽ (Title Page) ഇപ്രകാരം കാണുന്നു: "The New Testament of our Lord and Saviour Jesus Christ translated into the Malayalim, Part I Containing



കൂറിയർ പ്രസ്സിലടിച്ച മലയാളം ബൈബിളിലെ
ഒരു പേജ് ഫോട്ടോ എടുത്തതു്

the four Gospels—Bombay, printed at the Courier press 1811. പുതിയ സമ്മന്ദത്തിൻെറ നമ്മുടെ കത്താവായി രെക്ഷിക്കു യീശോമിശിഹാ—മലയാളഭാഷയിൽ പെത്തത—ഒന്നാമത—ഇതിൽ യെവൻഗലിഒൻ നാലും—ബൊംബായിൽ കൊറിയർ അച്ചടിച്ചു തീത്തത—

൯൱൮൰൬ (986) ആമത."

ബോംബെയിൽ അച്ചടിച്ച മേൽപറഞ്ഞ നാലു സുവിശേഷങ്ങളുടെ തർജ്ജമ പരിശോധിച്ചതിൽ പലവിധത്തിൽ പിശകുള്ളതായി കണ്ടു. പിന്നീട്ട മററു കത്തങ്ങൾ സുറിയാനിയിൽനിന്നു ചെയ്ത മുഴുവൻ ബൈബിളിൻെറ തർജ്ജമയും കുറെയെല്ലാം തെററുള്ളതായി കാണപ്പെട്ടു. അതിനാൽ രണ്ടാമതൊരു തർജ്ജമ ബെയ്‌ലിസായ്പിൻെറ നേരിട്ടുള്ള മേൽനോട്ടത്തിൽ, ഇംഗ്ലീഷുബൈബിളിൽനിന്നു തുടങ്ങി. ഈ വേല വളരെ ബുദ്ധിമുട്ടുള്ളതായി കാണപ്പെട്ടു. വലിയ കാലതാമസവും വേണ്ടിവന്നു. അതിനാൽ മൺറോയുടെ പുറപ്പാടിനു മുൻപു തർജ്ജമ പൂത്തിയാക്കാൻ സാധിച്ചില്ല. അതു് അദ്ദേഹത്തിനു വളരെ ഇച്ഛാഭംഗം ഉളവാക്കി.

നിസ്തന്ദ്രപരിശ്രമമായിരുന്നു ബെയ്‌ലിയുടേതെങ്കിലും മലയാളം എളുപ്പത്തിൽ പഠിക്കാൻ തക്ക സൗകയ്യമൊന്നും അന്നില്ലാതിരുന്നതിനാൽ ഓരോവിധത്തിൽ പാണ്ഡിത്യമുള്ള പലരുടെയും സഹായം തേടേണ്ടിവന്നു. വേദപുസ്തകത്തിൻെറ മൂലഭാഷയായ ഹീബ്രുവിൽ പാണ്ഡിത്യമുള്ള മോശ ഇവർ ഫാത്തി എന്നൊരു കൊച്ചിക്കാരൻ യഹൂദനെയും ചില സംസ്കൃതമലയാളപണ്ഡിതന്മാരെയും ഈ വേലയ്ക്കു നിയമിക്കയുണ്ടായി. ഒരു വൈദ്യനാഥയ്യരായിരുന്നു സംസ്കൃതമുൻഷി. മലബാറുകാരൻ ക്രിസ്തുമതം സ്വീകരിച്ച ചാത്തുമേനോൻ എന്നയാളെ മലയാളം മുൻഷിമാരിൽ ഒരാളായും നിയമിച്ചു.

അനേകവഷം വേണ്ടിവന്നു ഈ വേല ശരിയായി ചെയ്തുതീക്കുവാൻ. 1829-ൽ പുതിയ നിയമം തർജ്ജമ പൂത്തിയായി. അതു് അച്ചടിക്കാനുള്ള ശ്രമമാണു പിന്നെ ശേഷിച്ചതു്. മലയാളത്തിൽ അച്ചടി കേരളത്തിൽ ആദ്യമായി തുടങ്ങുകയാണു്. ആക്കും ഒരു പരിചയവുമില്ലാത്ത ആ ഭാരം ഒട്ടുമുക്കാലും ബെയ്‌ലി തന്നെ വഹിക്കേണ്ടിവന്നു. മരംകൊണ്ടു് ഒരു അച്ചടിയന്ത്രം അദ്ദേഹം പണിതുണ്ടാക്കി. അക്ഷരങ്ങൾ ഉണ്ടാക്കേണ്ട ഭാരമായിരുന്നു പിന്നെ. മദ്രാസിലെ സക്കാർപ്രസ്സിൽനിന്നും ചില അക്ഷരങ്ങൾ കൊണ്ടുവന്നു. പക്ഷേ അതിലെ അക്ഷരവടിവു വിരൂപമായി തോന്നി. അതിനാൽ ഒരു ആശാരിയുടെയും രണ്ടു തട്ടാന്മാരുടെയും സഹായത്തോട്ടുകൂടി അക്ഷരങ്ങൾ പുതുതായി ഉണ്ടാക്കുകയാണു ചെയ്തതു്. ഇങ്ങനെ ആദ്യത്തെ മലയാളം അച്ചടിയന്ത്രം ഉണ്ടായി. ഏതാണ്ടു കാക്സ്ററൻ യൂറോപ്പിൽ ചെയ്തതുപോലെയുള്ള ഒരു പരിശ്രമമായിരുന്നു അതു്. ആ അച്ചടിയന്ത്രം ഇന്നും കോട്ടയത്തു സൂക്ഷിച്ചുവരുന്നു.

1829-ൽ പുതിയനിയമം അച്ചടിച്ചുതീന്നു. അയ്യായിരം പ്രതികളായിരുന്നു ആദ്യത്തെ പതിപ്പു്. മററു ഭാഗങ്ങൾ 1841-ലെ അടിച്ചുതീ

ന്നുള്ളു. ഇപ്പോഴും ഇവയുടെ പ്രതികൾ മദ്ധ്യതിരുവിതാംകൂറിന്റെ പല ഭാഗങ്ങളിലും കാണാം. പുതിയ നിയമം മലയാളപരിഭാഷാഗ്രന്ഥത്തിന്റെ പേരു് ഇങ്ങനെയായിരുന്നു. "The New Testament of our Lord and Saviour Jesus Christ, Translated into the Malayalam Language Cottayam; Printed at the Church Mission press, for the Madras Auxiliary Bible Society, 1829—നമ്മുടെ കർത്താവും രക്ഷിതാവുമായ യെശുക്രിസ്തുവിന്റെ പുതിയനിയമം മലയാഴ്മയിൽ പരിഭാഷയാക്കപ്പെട്ടത—കൊട്ടയം ചർച്ച് മിശൊൻ അച്ചിൽ ബൈബൽ സൊസെയിട്ടിക്കുവെണ്ടി അടിക്കപ്പെട്ടത—മെശിഹാ സംവത്സരം ൧൮൨൯."

ബോംബെയിലും കോട്ടയത്തും അച്ചടിച്ച വേദപുസ്തകതർജ്ജമകളുടെ വിപുലമായ ഒരു താരതമ്യപഠനത്തിനു് ഇവിടെ തുനിയുന്നില്ല. വേദപുസ്തകത്തിലെ രണ്ടു പ്രധാനഭാഗങ്ങൾ ഈ രണ്ടു തർജ്ജമകളിൽനിന്നും താഴെ കൊടുക്കുന്നു. അച്ചടിയുടെ പ്രത്യേകതകൾ, അക്ഷരത്തിന്റെ സ്വഭാവം, മുതലായവ ഫോട്ടോകളിൽനിന്നു കാണാം.

(1) വിശുദ്ധമത്തായിയുടെ സുവിശേഷം 2-ാം അദ്ധ്യായം 1 മുതൽ 7 വരെ വാക്യങ്ങൾ:

൨ കെപ്പാലെയോൻ

എന്നാൽ ഹെറൊദെസ രാജാവിന്റെ
ദിവസങ്ങളിൽ യൂദായുടെ ബെസലഹെമിൽ
യിശൊ തമ്പുരാൻ താൻ പിറക്കപ്പെട്ടപ്പൊൾ
ഒറശെമിന്ന കിഴക്കിൽനിന്ന മശ്രശെന്മാര അവരു
വന്ന അവരു ചൊല്ലുന്നു
൨ പിറക്കപ്പെട്ടുയെന്ന യൂദന്മാരുടെ രാജാവ
എവിടെയാകുന്നു എന്നാൽ കിഴക്കിൽ അവ
ന്റെ നക്ഷത്രം ഞങ്ങൾ കണ്ടു അവനെ
കുമ്പിടുവാൻ ഞങ്ങൾ വന്നു
൩ എന്നാൽ ഹെറൊദെസ രാജാവ
അവൻ കെട്ട അവനിളക പ്പെട്ട അവ
ന്റെ കൂടെ ഒറശെമൊക്കയും
൪ മെൽപ്പട്ടക്കാരെയും ലൊകരുടെ
ശാസ്ത്രകാരെയും അവർ ഒക്കെ അവൻ
കൂട്ടി മിശിഹാ എവിടെ പിറക്കപ്പെട്ടു

ന്നായെന്ന അവരൊട്ട അവൻ ചൊ
ദിക്കുന്നവായി
൫ എന്നാൽ യൂദായുടെ ബെസലെ
ഹെമിൽ എന്ന അവരു ചൊല്ലി
൬ എന്നാൽ യൂദായുടെ ബെസലെ
ഹെമെ നി യൂദായുടെ രാജ്ജാക്കളിൽ
കുറയപ്പെട്ടതു നിയായില്ലൊ എന്നാൽ നി
ന്നിൽനിന്ന രാജ്ജാവ അവൻ പ്രപ്പെട്ടു
യിസറായെലായ എന്റെ ലൊകരെ
ഇവൻ അതിനെയവൻ മെയുമെന്ന
യീവണ്ണം നിവ്വ്യായിൽ എഴുത്തു പെ
ട്ടതാകുന്നു
൭ അപ്പോൾ ഹെറൊദെസ ഒളിവാലെ
മശ്രമെമ്മാരെ അവൻ വിളിച്ചു അതുകാ
ലത്തിൽ നക്ഷത്രം അവക്കു കാണപ്പെട്ടു
വെന്ന അവരിൽ നിന്ന അവൻ ചൊദി
ച്ചറിഞ്ഞു.

## ൨ അദ്ധ്യായം

൧ വിദ്വാന്മാർ ക്രിസ്തുവിൻെറ അടുക്കൽ വരുന്നത—൧൧ അവർ
അവനെ വന്ദിക്കുന്നത—൧൩. യൌസേഫ് എജിപ്തിലേക്കു ഓടി
പോകുന്നത. പിന്നെ എറൊദെസ രാജാവിൻെറ നാളുകളിൽ
യെഹൂദിയായിലെ ബെതലഹെമിൽ യെശു അവതരിച്ചതിന്റെ
ശെഷം കണ്ടാലു വിദ്വാന്മാർ കിഴക്കുനിന്ന യെറുശലെമിലെക്കു
൨ വന്ന * പറഞ്ഞു. യെഹൂദന്മാരുടെ രാജാവായി അവതരിച്ചിരി
ക്കുന്നവൻ എവിടെ ആകുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങൾ
അവൻെറ നക്ഷത്രത്തെ കിഴക്കു കണ്ടു അവനെ വന്ദിപ്പാൻ വന്നി
രിക്കുന്നു.
൩ എറൊദെസ രാജാവ ഇതിനെ കെട്ടാറെ അവനും അവനൊടു
൪ കൂടെ യെറുശലെമൊക്കെയും ചഞ്ചലപ്പെട്ടിരുന്നു * പിന്നെ
അവൻ പ്രധാനാചാര്യന്മാരെയും ജനത്തിൻെറ ഉപാദ്ധ്യായന്മാ
രെയും എല്ലാംകൂടി വരുത്തി ക്രിസ്തു എവിടെ ജനിക്കും എന്ന അ
൫ വരൊടു ചൊദിച്ചു * എന്നാറെ അവർ അവനൊട പറഞ്ഞു യെഹൂ
ദായിലെ ബെതലെഹെമിലാകുന്നു. എന്തുകൊണ്ടെന്നാൽ ഇപ്ര
൬ കാരം ദീർഘദർശിയാൽ എഴുതപ്പെട്ടിരിക്കുന്നു * യെഹൂദാ ദെശ
ത്തിലുള്ള ബെതലെഹെമെ നീയും യെഹൂദായിലെ പ്രഭുക്കളിൽ
ഒട്ടും ചെറുതല്ല എന്തുകൊണ്ടെന്നാൽ എൻെറ ജനമാകുന്ന ഇസ്ര
എാലിനെ ഭരിക്കുമവനായൊരു പ്രഭു നിങ്കൽ നിന്ന വരും.
൭ അപ്പൊൾ എറൊദെസ വിദ്വാന്മാരെ രഹസ്യമായി വിളിച്ചിട്ടു
നക്ഷത്രം എതു സമയത്ത കാണപ്പെട്ടു എന്ന അവരൊട താല്പര്യ
മായിട്ടു ചൊദിച്ചറിഞ്ഞു. *

(2) വിശുദ്ധമത്തായിയുടെ സുവിശേഷം 5–ാം അദ്ധ്യായം 1 മുതൽ 12 വരെ വാക്യങ്ങൾ:





൫ അദ്ധ്യായം

൧ ഇന്നവർ ഭാഗ്യവാന്മാരാകുന്നു.—൧൩. അപ്പൊസ്തലന്മാർ
ഭൂലൊകത്തിന്റെ പ്രകാശമാകുന്നു—൨൧. വെദപ്രമാണം വ്യാ
ഖ്യാനപ്പെട്ടത. എന്നാറെ അവൻ പുരുഷാരങ്ങളെ കാണുകകൊ
ണ്ട ഒരു പൎവ്വതത്തിലെക്ക കരെറി പൊയി അവൻ ഇരുന്നപ്പോൾ
അവന്റെ ശിഷ്യന്മാർ അവന്റെ അടുക്കൽ വന്നു * പിന്നെ അ ൨
വൻ തന്റെ വായിനെ തുറന്ന അവൎക്ക ഉപദെശിച്ച പറഞ്ഞു. *
ആത്മാവിങ്കൽ സാധുക്കളായുള്ളവർ ഭാഗ്യവാന്മാർ അതെന്തുകൊ ൩
ണ്ടെന്നാൽ സ്വൎഗ്ഗരാജ്യം അവരുടെ ആകുന്നു * ദുഃഖിക്കുന്നവർ ൪
ഭാഗ്യവാന്മാർ അതെന്തുകൊണ്ടെന്നാൽ അവർ ആശ്വസിക്ക
പ്പെടും * സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അതെന്തുകൊണ്ടെന്നാൽ ൫
അവർ ഭൂമിയെ അവകാശമായനുഭവിക്കു * നീതിക്കായിട്ട വി ൬
ശന്ന ദാഹിക്കുന്നവർ ഭാഗ്യവാന്മാർ അതെന്തുകൊണ്ടെന്നാൽ അ
വർ തൃപ്തന്മാരാകും * കരുണയുള്ളവർ ഭാഗ്യവാന്മാർ അതെന്തു ൭
കൊണ്ടെന്നാൽ അവൎക്ക കരുണയെ ലഭിക്കും * ഹൃദയശുദ്ധിയു ൮
ള്ളവർ ഭാഗ്യവാന്മാർ അതെന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ
കാണും * സമാധാനത്തെ നടത്തുന്നവർ ഭാഗ്യവാന്മാർ അതെന്തു ൯
കൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാരെന്ന വിളിക്ക
പ്പെട്ടവരാകും * നീതി നിമിത്തമായിട്ട പീഡിക്കപ്പെടുന്നവർ ൧൦
ഭാഗ്യവാന്മാർ അതെന്തുകൊണ്ടെന്നാൽ സ്വൎഗ്ഗരാജ്യം അവരുടെ
ആകുന്നു * ഞാൻ നിമിത്തമായിട്ട അവർ നിങ്ങളെ ധിക്കരിക്ക ൧൧
യും പീഡിപ്പിക്കയും സകലവിധമായുള്ള ദുൎവ്വചനത്തെ നിങ്ങളു
ടെ നെരെ വ്യാജമായിട്ട പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യ
വാന്മാരാകുന്നു * നിങ്ങളുടെ പ്രതിഫലം സ്വൎഗ്ഗത്തിങ്കൽ വളരെ ൧൨
ആകകൊണ്ട സന്തോഷിക്കയും ആനന്ദിക്കയും ചെയ്വിൻ എന്തു
കൊണ്ടെന്നാൽ നിങ്ങൾക്ക മുമ്പെ ഉള്ള ദീൎഘദൎശിമാരെ അവർ
ഇപ്രകാരം പീഡിപ്പിച്ചു. *

ബോംബെയിൽ അച്ചടിച്ച വേദപുസ്തകത്തിലെ അക്ഷരങ്ങൾ ചതുരവടിവിലാണല്ലോ. 1772-ൽ റോമയിൽ അച്ചടിച്ച "കുമ്പേന്തി"ലെ അക്ഷരവടിവാണ് ഇതിലും കാണുന്നതു്. കൂറിയർപ്രസ്സിൽത്തന്നെ 1799-ൽ അടിച്ച ഡ്രമ്മണ്ടുധ്വരയുടെ വ്യാകരണത്തിൽ കൊടുത്തിട്ടുള്ള മലയാള അക്ഷരങ്ങൾ അധികവും കുമ്പേന്തിയിൽനിന്നായിരുന്നുവെന്നു മുൻ ഒരദ്ധ്യായത്തിൽ കാണിച്ചിട്ടുണ്ടല്ലോ. ബോംബെബൈബിളിലെ ഭാഷ സാമാന്യേന തമിഴ്മയമാണ്. അന്നത്തെ ആധാരങ്ങളിൽ കാണുന്ന ഭാഷതന്നെയാണിതു്. തിരുവിതാംകൂർ സ്റ്റേറ്റു മാനുവലിൽ

(1930) കൊടുത്തിട്ടുള്ള അക്കാലത്തെ രേഖകൾ നോക്കുക. അന്നത്തെ നസ്രാണിക്കത്തനാരന്മാർ പള്ളിയിൽ പാഠത്തേസ്സു് ഉപയോഗിച്ചിരുന്ന ഭാഷതന്നെയായിരുന്നു അതു്. പിന്നീട്ടും കുറേക്കാലത്തേക്കു് ഈ രീതി നിലവിലുണ്ടായിരുന്നു.

കോട്ടയത്തു് അച്ചടിച്ച വേദപുസ്തകത്തിലെ ഭാഷ സംസ്കൃതത്തോടു കുറേക്കൂടെ അടുത്തുനില്ക്കുന്നു. തമിഴ്പദങ്ങൾ കുറവാണു്. പദങ്ങളുടെ കാര്യത്തിൽ സംസ്കൃതത്തെയെന്നവണ്ണം വാചകരചനയുടെകാര്യത്തിൽ ഇംഗ്ലീഷിനെയാണു് അതു് അംഗീകരിച്ചിരിക്കുന്നതു്. ഈ ഇംഗ്ലീഷ് അനുകരണമാണു് പിന്നീടു മലയാളഗദ്യത്തിനു് ഒരു പുതിയ ജീവൻ കൊടുത്തതു്. ഒരു ഇംഗ്ലീഷ്ഭാഷാപണ്ഡിതൻെറ മേൽനോട്ടത്തിലും സംസ്കൃതപരിജ്ഞാനമുള്ള മലയാളികളുടെ സഹകരണത്തിലും നടന്ന ഈ തർജ്ജമ ഗദ്യവിഷയത്തിൽ ഒരു പുതിയ വഴികാട്ടിയായിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ലതന്നെ.

ബെയ്ലി അച്ചടിപ്പിച്ച വേദപുസ്തകത്തിലെ ഭാഷയെപ്പററിയും പല വിമർശനങ്ങൾ അടുത്തുതന്നെ ഉണ്ടായി. അതു സംസ്കൃതപദബഹുല മാണെന്നും, തന്മൂലം സാധാരണജനങ്ങൾക്കു ദുർഗ്രഹമാണെന്നും ആയിരുന്നു പ്രധാനമായി ഉണ്ടായ ആക്ഷേപം. തന്മൂലം അതു വായിച്ചു വ്യാഖ്യാനിക്കുവാൻ പ്രത്യേകപാണ്ഡിത്യമുള്ളവരെ ഏല്പിക്കേണ്ടിവന്നിരുന്നെന്നു പറയുന്നുണ്ടു്.*

മേൽക്കാണിച്ച വിമർശനത്തിനു കാരണമില്ലാതില്ല. ബൈബിളിലെ ഓരോ വാക്യവും അതേപടി തർജ്ജമചെയ്യണമെന്നും, സ്വതന്ത്ര തർജ്ജമ പാടില്ലെന്നും അന്നു സഭാമേലധികാരികളിൽനിന്നും നിഷ്കർഷയുണ്ടായിരുന്നു. അതിനാൽ ഏതാണ്ടു് ഒരു അനുപദതർജ്ജമയാണു് അവർ നടത്തിയതു്. ഏവർക്കും മനസ്സിലാകുന്ന ഭാഷയിൽ വേണം തർജ്ജമയെന്നും നിഷ്കർഷയുണ്ടായിരുന്നു. എന്നാൽ അങ്ങനെ പൊതുവായ ഒരു ഗദ്യസരണി അന്നുണ്ടായിരുന്നില്ല. അതിനാൽ മുൻപു ക്ലമെൻറുപാതിരിക്കും പാറേമാക്കൽ തോമ്മാക്കത്തനാക്കും ഉണ്ടായിരുന്ന സ്വാതന്ത്ര്യം ഈ തർജ്ജമക്കാർക്കുണ്ടായിരുന്നില്ല. ഇങ്ങനെയൊക്കെയാണെങ്കിലും അന്നു നടത്തിയ ബൈബിൾതർജ്ജമ എത്രയും സ്തുത്യർഹമായ ഒരു വേലയായിരുന്നു. ആ മലയാളവേദപുസ്തകം വേദസംബന്ധമായിമാത്രമല്ല, ഭാഷാസംബന്ധമായും വലിയ ഒരു നേട്ടം ആയിരുന്നു. ക്രിസ്തുവേദസംബന്ധമായി പ്രസംഗിക്കാൻ കഴിവുള്ള ഒരു ക്രിസ്തീയജനത ഇങ്ങനെ ഇൻഡ്യയിൽ (എന്നല്ല ഏഷ്യയിൽ) ആദ്യമായി ഈ നാട്ടിൽ ഉണ്ടായി.

## ബാസൽമിഷൻ തർജ്ജമ

പിന്നീടു വടക്കേ മലയാളത്തിൽ വേലചെയ്തിരുന്ന ബാസൽമിഷൻ കാരുടെ ചുമതലയിൽ പുതിയനിയമം മുഴുവനും പഴയനിയമത്തിൻെറ ചില ഭാഗങ്ങളും തർജ്ജമചെയ്യപ്പെട്ടു. പ്രസിദ്ധപണ്ഡിതനായ ഡോക്ടർ

* See Madras C. M. S. Record, 1884, P. 161.

ഹെർമൻ ഗുണ്ടർട്ടാണ് ഈ തർജ്ജമ നടത്തിയതു്. ബെയ്‌ലിയുടെ വേദപുസ്തകപരിഭാഷയിലെ തെറ്റുകൾ തിരുത്തി ശരിപ്പെടുത്തുവാൻ മദ്രാസിലെ ബൈബിൾസൊസൈററിക്കാർ ഒരു കമ്മിററിയെ ഏർപ്പെടുത്തി. ഡോക്ടർ ഗുണ്ടർട്ടായിരുന്നു അതിന്റെ അദ്ധ്യക്ഷൻ. പക്ഷേ കമ്മിററിയിൽ ഉണ്ടായിരുന്ന തെക്കൻകേരളത്തിലെ അംഗങ്ങളുമായി അദ്ധ്യക്ഷൻ വിയോജിക്കേണ്ടിവരികയാൽ ഒന്നുംചെയ്യാതെ ആ കമ്മിററി പിരിഞ്ഞു. ഇതേത്തുടർന്നാണ് ഡോക്ടർ ഗുണ്ടർട്ട് സ്വന്തമായി ഒരു പരിഭാഷ ഉണ്ടാക്കിയതു്. ബാസൽമിഷൻകാർ അവരുടെ ചെലവിൽ ഇതു് അച്ചടിപ്പിക്കുകയുംചെയ്തു.

കാലക്രമത്തിൽ ഈ ബൈബിൾതർജ്ജമകളും പുനഃപരിശോധന ചെയ്യേണ്ടതു് ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടു. മലയാളഭാഷയ്ക്കു് ഇക്കാലയളവിൽ പലവിധത്തിലുള്ള പുരോഗതി ഉണ്ടായതിനാൽ അതനുസരിച്ചു വേദപുസ്തകതർജ്ജമയിലും മാററങ്ങൾ വേണ്ടിവന്നു. വേണ്ട പരിഷ്കാരങ്ങൾ വരുത്തുവാൻ 1880–ൽ രണ്ടു മിഷൻകാരുംകൂടി യോജിച്ചു് ഒരു കമ്മിററിയെ അധികാരപ്പെടുത്തി. ബൈബിളിലെ പഴയപുതിയനിയമങ്ങളുടെ ഒരു പരിഷ്കരിച്ച തർജ്ജമ 1910–ൽ ഉണ്ടാക്കി മംഗലാപുരംപ്രസ്സിൽ അച്ചടിക്കയുണ്ടായി. അതാണ് കത്തോലിക്കരൊഴികെയുള്ള ക്രിസ്ത്യാനികളുടെ ഇടയിൽ ഇന്നു പ്രചാരത്തിലിരിക്കുന്ന വേദപുസ്തകഗ്രന്ഥം.

## മഞ്ഞുമ്മൽ പരിഭാഷ

വേദപുസ്തകം മലയാളത്തിൽ തർജ്ജമചെയ്യുവാൻ പ്രോട്ടസ്റ്റൻറ് മിഷ്യനറിമാർ 1806–ൽത്തന്നെ തുടങ്ങിയെങ്കിലും, ഒരു നൂറുകൊല്ലം കഴിഞ്ഞതിനുശേഷമേ കത്തോലിക്കർക്കു് ഒരു വേദപുസ്തകപരിഭാഷ ഉണ്ടായുള്ളു. വേദപുസ്തകം പ്രമാദരഹിതമായിരിക്കണമെന്നു കത്തോലിക്കർക്കു വളരെ നിഷ്കർഷയുള്ളതിനാലും, വൈദികാനുമതികൂടാതെ പ്രസിദ്ധപ്പെടുത്തുവാൻ അനുവാദമില്ലാത്തതിനാലും ആയിരിക്കണം ആദ്യകാലങ്ങളിൽ ആരും അതിനു മുതിരാതിരുന്നതു്. കത്തോലിക്കവേദപുസ്തകം മലയാളത്തിൽ തർജ്ജമചെയ്യുവാൻ ആദ്യമായി മുതിർന്നതു് മഞ്ഞുമ്മൽ ആശ്രമവാസികളായിരുന്ന ഫാദർ അലോഷ്യസ് ആ സാന്തമറിയ, ഫാദർ മൈക്കൾ ആ സാന്ത ഫമീല്യ, ഫാദർ പോലിക്കാർപ്പ ആ സാന്ത അന്ന എന്നീ വൈദികരായിരുന്നു.

ഒരു പ്രസിദ്ധസാഹിത്യകാരനും പല നല്ല ഗ്രന്ഥങ്ങളുടെയും കർത്താവും, സത്യനാദം, തിരുഹൃദയദൂതൻ എന്നീ പ്രസിദ്ധീകരണങ്ങളുടെ ജനയിതാവും പത്രാധിപരുമായിരുന്ന ഫാദർ അലോഷ്യസ് ഓച്ചൻതുരുത്തു പള്ളി ഇടവകയിൽപെട്ട വൈപ്പിശ്ശേരി എന്ന പുരാതനകുടുംബത്തിലെ അംഗമായിരുന്നു. ചെറുപ്പത്തിലെ സന്യാസസഭയിൽ പ്രവേശിച്ച അദ്ദേഹം 1874–ൽ വൈദികപട്ടം സ്വീകരിക്കുകയും, ദീർഘകാലം സാഹിതീസേവനം നടത്തുകയുംചെയ്തു. ഫാദർ മൈക്കൾ കൊച്ചി നസ്രത്തു പള്ളി ഇടവകയിൽപെട്ട പുത്തൻപാമ്പുകുടുംബത്തിലെ അംഗമായി

രുന്നു. മഞ്ഞുമ്മൽ സന്യാസാശ്രമത്തിൽ പല ഉയന്ന സ്ഥാനങ്ങളും വഹിച്ചിരുന്ന ഇദ്ദേഹം സാഹിത്യപരിശ്രമങ്ങളിലും വ്യാപൃതനായിരുന്നു. മാനാശേരി ഇടവകയിൽപെട്ട കടവിൽപറമ്പിൽ കുടുംബത്തിലെ അംഗമായിരുന്ന ഫാദർ പൊലിക്കാർപ്പ് മഞ്ഞുമ്മൽ ആശ്രമത്തിലെ പ്രിയോരുമായിരുന്നു.

ഇവർ മൂവരുംകൂടി 1893–ലാണു വേദപുസ്തകപരിഭാഷ ആരംഭിച്ചതു്. അന്നു വരാപ്പുഴ മെത്രാപ്പോലീത്തായായിരുന്ന ലെയൊനാർദ്ദ മെല്ലാനോ തിരുമനസ്സിലെ അനുവാദത്തോടും ആശീർവാദത്തോടും വികാരി ജനറാളായിരുന്ന ഫാദർ കാന്തിദൂസിന്റെ പ്രോത്സാഹനത്തോടുംകൂടിയാണു് ഈ ശ്രമം ആരംഭിച്ചതു്. 1894–ൽതന്നെ പുതിയനിയമപരിഭാഷ പൂർത്തിയാക്കി. അന്നു വരാപ്പുഴയായിരുന്ന ഐ. എസ്. പ്രസിൽ, 1896–ൽതന്നെ, സുവിശേഷങ്ങൾ നാലും അച്ചടിച്ചു. പക്ഷേ ചില കാരണങ്ങളാൽ അതു് ആയിടെ പ്രസിദ്ധപ്പെടുത്തുക ഉണ്ടായില്ല. ഒടുവിൽ അപ്പോസ്തോലനടപടികളുംകൂടെച്ചേർത്തു് 1905-ൽ എറണാകുളത്തുനിന്നു പ്രസിദ്ധീകരിച്ചു.

ഈ പരിഭാഷയുടെ ടൈററിൽപേജ് ഇങ്ങനെയാണു്: "നമ്മുടെ കർത്താവും രക്ഷിതാവുമായ യേസുക്രീസ്തുവിൻ പുതിയനിയമം—ഇതു വുൾഗാത്ത എന്ന ലത്തീൻ പ്രതിയിൽനിന്നു ക. ദി. മൂ. സ. മഞ്ഞുമ്മേൽ അമലോത്ഭവ ദൈവജനനിയിൻ ആശ്രമഗുരുക്കളാൽ വ്യാഖ്യാനസമേതം മലയാഴ്മയിൽ പരിഭാഷയാക്കപ്പെട്ട—ഒന്നാം പുസ്തകം—ഇതിൽ സുവിശേഷം നാലും അപ്പോസ്തോലന്മാരുടെ നടപടികളും അടങ്ങിയിരിക്കുന്നു—എറണാകുളത്തു കരകൗശലശാല അച്ചുക്കൂടത്തിൽ അച്ചടിക്കപ്പെട്ട—(ഈ പുസ്തകം സംബന്ധമായ സമസ്ത അവകാശവും ഉടമസ്ഥർക്കു സ്വായത്തം)—1905." ഇതിന്റെതന്നെ ഒരു ലത്തീൻ പരിഭാഷയും ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ടു്. പക്ഷേ അതിൽ പരിഭാഷകന്മാരെപ്പററി ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്: ("Aloisio A S. Maria, Michaele A S. Familia et Polycarpo A S. Anna, Tertiariis O. C. D. Conventus Magnumel.")

മാതൃകയ്ക്കായി വിശുദ്ധ മത്തായിയുടെ (പരിഭാഷകരുടെ ഭാഷയിൽ വിശുദ്ധ മത്തേവൂസിന്റെ) സുവിശേഷം രണ്ടാമദ്ധ്യായം 1 മുതൽ 7 വരെ വാക്യങ്ങളും, അഞ്ചാമദ്ധ്യായം 1 മുതൽ 12 വരെ വാക്യങ്ങളും ഇവിടെ ഉദ്ധരിക്കുന്നു.

വിശുദ്ധമത്തേവൂസ് എഴുതിയ

യേസുക്രീസ്തുവിൻ

സുവിശേഷം

൨–ാം അദ്ധ്യായം

൧ പിന്നെ ഹെറോദേസ്‌രാജാവിന്റെ നാളുകളിൽ, യൂദായുടെ ബത്‌ലഹേമിൽ യേസു പിറന്നതിന്റെശേഷം, ഇതാ ജോതിഷവിദ്വാന്മാർ കിഴക്കുനിന്നും യെരുസലേമിലേയ്ക്കു് വന്നു: ലൂക്ക. ൨–൭.

൨ യൂദന്മാരുടെ രാജാവായി അവതരിച്ചിരിക്കുന്നവൻ എവിടെ ആകുന്നു? എന്തുകൊണ്ടെന്നാൽ ഞങ്ങൾ അങ്ങേ നക്ഷത്രം കിഴക്ക കണ്ടു് അങ്ങേ ആരാധിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.

൩ (ഇതു) കേട്ടാറെ ഹെറോദേസ്‌രാജാവും, അവനോടുകൂടെ യെരുസലേം മുഴുവനും കലങ്ങി.

൪ ആകയാൽ അവൻ സകല ആചാര്യന്മാരെയും, ജനത്തിന്റെ ഉപാദ്ധ്യായന്മാരെയും കൂട്ടി, ക്രീസ്തു എവിടെ ജനിക്കും എന്നു അവരോടു ചോദിച്ചു.

൫ എന്നാറെ അവർ അവനോടു പറഞ്ഞതായതു: യൂദായുടെ ബേത്‌ലഹേമിൽ തന്നെ. എന്തുകൊണ്ടെന്നാൽ ഇപ്രകാരം ദീർഘദർശിയാൽ എഴുതപ്പെട്ടിരിക്കുന്നു.

൬ യൂദായുടെ ബേത്‌ലഹേമേ, നീ യൂദായുടെ പ്രഭുക്കളിൽ ഒട്ടും ചെറുതല്ല. എന്തുകൊണ്ടെന്നാൽ എന്റെ ജനമാകുന്ന ഇസ്രായേലിനെ ഭരിപ്പാനുള്ള നായകൻ നിങ്കൽനിന്നു വരും. മിഖേ. ൫-൨. യോഹ. ൭-൪൨.

൭ അപ്പോൾ ഹെറോദേസ് ജോതിഷവിദ്വാന്മാരെ രഹസ്യമായി വിളിച്ചിട്ടു, നക്ഷത്രം കാണപ്പെട്ട സമയം അവരോടു താല്പര്യമായി ചോദിച്ചറിഞ്ഞു.

## ൫-ാം അദ്ധ്യായം

൧ എന്നാറെ യേസു പുരുഷാരങ്ങളെ കണ്ടു ഒരു മലയിൽ കയറി ഇരുന്നപ്പോൾ, തന്റെ ശിഷ്യന്മാർ അങ്ങേ അടുക്കൽ വന്നു.

൨ അപ്പോൾ അങ്ങുന്നു തന്റെ വായ് തുറന്നു അവരോടു അരുളിചെയ്തതായതു്;

൩ മനോദരിദ്രരായവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വൎഗ്ഗരാജ്യം അവക്കുള്ളതാകുന്നു. ലൂക്ക. ൬-൨൦.

൪ സാധുശീലർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും. സങ്കീ. ൩൬-൧൧.

൫ കരയുന്നവർ ഭാഗ്യവാന്മാർ, അവർ ആശ്വസിപ്പിക്കപ്പെടും. ഇസ. ൬൧-൨.

൬ നീതിയെക്കുറിച്ചു വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.

൭ കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവക്കു കരുണ ലഭിക്കും.

൮ ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെക്കാണും.

൯ സമാധാനശീലർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിൻപുത്രരെന്നു വിളിക്കപ്പെടും.

൧൦ നീതിനിമിത്തമായി പീഡിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വൎഗ്ഗരാജ്യം അവരുടേതാകുന്നു. ൧ പത്രോ. ൨, ൨൦-൩, ൧൪-൪, ൧൪.

൧൧ എന്റെ നിമിത്തമായിട്ടു മനുഷ്യർ നിങ്ങളെ ശപിക്കുകയും പീഡിപ്പിക്കയും, നിങ്ങൾക്കു വിരോധമായി സകല തിന്മകളും വ്യാജമായിട്ടു പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു.

൧൨ പരലോകത്തിൽ നിങ്ങളുടെ പ്രതിഫലം വളരെയാകകൊണ്ടു്, സന്തോഷിച്ചു ആനന്ദിപ്പിൻ; എന്തുകൊണ്ടെന്നാൽ നിങ്ങൾക്കു മുമ്പേ ഉണ്ടായ ദീർഘദശികളെ അവർ ഇപ്രകാരം പീഡിപ്പിച്ചു.

**"ആരാധനക്രമം."**

വേദപുസ്തകതർജ്ജമ കഴിഞ്ഞ ഉടനെ, ആംഗ്ലിക്കൻസഭാരീതിയിലുള്ള ആരാധനക്രമം (Book of Common Prayer) തർജ്ജമ ചെയ്യുന്നതിലാണു പിന്നീടു മിഷ്യനറിമാർ ഉത്സാഹിച്ചതു്. ഇതും മൺറോയുടെ ഒരു നിർദ്ദേശമായിരുന്നു. ആലപ്പുഴെ താമസിച്ചിരുന്ന നോർട്ടൻധ്വര ഇക്കാര്യത്തിൽ ബദ്ധശ്രദ്ധനായി. ആദ്യം ഇതു ഓലയിൽ എഴുതപ്പെട്ടു. 1829-ൽ അച്ചടിയിലും ആയി. ആയിരം കോപ്പിയാണ് അന്ന് അച്ചടിച്ചതു്.

എന്നാൽ ഈ ആരാധനക്രമം, മിഷ്യനറിമാരോടു് അന്നു സഹകരിച്ചിരുന്ന പുത്തൻകൂർനസ്രാണികളുടെ ഇടയിൽ പ്രചരിപ്പിക്കുവാനുള്ള ശ്രമം വിജയകരമായില്ല. യാഥാസ്ഥിതികരായ മെത്രാപ്പോലീത്തായും കത്തനാരുകളും അതിനു വഴിപ്പെട്ടില്ല. അവരുടെ പൂർവ്വികമായ ആരാധനക്രമം തുടരുന്നതിൽ അവർ ബദ്ധകങ്കണരായിരുന്നു. ഏതായാലും ദീർഘകാലം സുറിയാനിയിൽമാത്രമായിരുന്ന അവരുടെ ആരാധനക്രമം മലയാളത്തിലാക്കാൻ ഇതു പ്രചോദനം നൽകിയെന്നുള്ളതിനു സംശയമില്ല. അടുത്തകാലത്തുതന്നെ ശരിയായ ഒരു തർജ്ജമ ഉണ്ടാകയും അതു പ്രയോഗത്തിലാകുകയും ചെയ്തു.

## അദ്ധ്യായം പതിനാറ്
# ഭാഷാവിജ്ഞാനീയം

### വ്യാകരണങ്ങൾ

മലയാളഭാഷയുടെ ആദ്യകാലവ്യാകരണങ്ങളെപ്പററി 8–ാമദ്ധ്യായത്തിൽ പരാമർശിച്ചിട്ടുണ്ടല്ലോ. പരദേശികൾക്കു മലയാളഭാഷ പഠിക്കുന്നതിലേക്കു മിഷ്യനറിമാർ രചിച്ചിട്ടുള്ള ആ വ്യാകരണങ്ങളെല്ലാം തന്നെ ലത്തീനിലോ പോർത്തുഗീസിലോ ആയിരുന്നു എഴുതപ്പെട്ടിരുന്നതു്. ഏതദ്ദേശീയമായി ഉണ്ടായ ഏകവ്യാകരണം—ലീലാതിലകം—സംസ്കൃതഭാഷയിലും ആയിരുന്നു. പിന്നീടു വന്ന ആംഗ്ലേയമിഷ്യനറിമാർ ആദ്യകാലമിഷ്യനറിമാരുടെ മാതൃകയെ അനുകരിച്ചാണു തങ്ങളുടെ വ്യാകരണങ്ങൾ നിബന്ധിച്ചതു്. ആംഗ്ലേയനായ റോബർട്ടു് ഡ്രമ്മണ്ടു് 1799–ലും, എഫ്. സ്പ്രിംഗ് 1839–ലും ഓരോ വ്യാകരണങ്ങൾ നിർമ്മിക്കുകയുണ്ടായി. ഈസ്റ്റ്ഇൻഡ്യാ കമ്പനിയിലെ ഉദ്യോഗസ്ഥന്മാരുടെ ഉപയോഗത്തെ ലക്ഷ്യമാക്കി രചിച്ചിട്ടുള്ള ആ വ്യാകരണങ്ങൾ ഇംഗ്ലീഷ്ഭാഷയിലും ഇംഗ്ലീഷുകാർക്കു മനസ്സിലാകുന്നരീതിയിലും ആണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇവയെ അപേക്ഷിച്ചു മെച്ചമായ ഒരു കൃതിയാണു പീററിൻെറ വ്യാകരണം. മിഷ്യനറിപ്രവർത്തനങ്ങൾക്കായി 1833–ൽ കേരളത്തിലെത്തിയ ഒരു ചർച്ചു മിഷൻ സൊസൈററി അംഗമായിരുന്നു റവ. ജോസഫ് പീററു്. കുറേക്കാലത്തേക്കു കോട്ടയം കോളെജ് പ്രിൻസിപ്പാളായി ജോലിനോക്കിയശേഷം 1838 മുതൽ മാവേലിക്കര മിഷ്യനറിയായി ജോലി സ്വീകരിച്ചു. രക്തസമ്മർദ്ദം നിമിത്തം 1865–ൽ നിര്യാതനാകുന്നതുവരെ അദ്ദേഹം അവിടെത്തന്നെ ജോലിയിലായിരുന്നു. 1841–ലാണു് അദ്ദേഹം വ്യാകരണം പ്രസിദ്ധപ്പെടുത്തിയതു്. 1845–ൽ അതിൻെറ ഒരു രണ്ടാം പതിപ്പും പ്രസിദ്ധീകൃതമായി. ഡ്രമ്മണ്ടിൻെറയും സ്പ്രിംഗിൻെറയും വ്യാകരണങ്ങളെ മാതൃകയാക്കിയാണു പീററു തന്റെ വ്യാകരണം സംവിധാനംചെയ്തതു്. 1789 മുതലുള്ള പഴയ മലയാളം എഴുത്തുകുത്തുകൾ അതിൽ ഉദ്ധരിച്ചിട്ടുണ്ടെന്നുള്ളതാണു് അതിൻെറ ഒരു പ്രത്യേകത.

ഏതാണ്ടു് ഇക്കാലഘട്ടത്തിൽത്തന്നെ ഉത്തരകേരളത്തിൽ മിഷ്യനറിപ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഡോക്ടർ ഹെർമൻ ഗുണ്ടർട്ടു് മലയാളഭാഷയ്ക്കു ലക്ഷണയുക്തവും പ്രയോജനപ്രദവുമായ ഒരു വ്യാകരണം പ്രദാനംചെയ്തു. ഗുണ്ടർട്ടിനു മുൻപുണ്ടായ വ്യാകരണങ്ങൾ പരദേശികൾക്കു മലയാളഭാഷ പഠിക്കുവാനുള്ള ഉപകരണങ്ങളായിരുന്നുവെന്നു പറഞ്ഞുവല്ലോ. ലീലാതിലകമാകട്ടെ പ്രായേണ മണിപ്രവാളശ്ലോക

ങ്ങളുടെ മാൎഗ്ഗദർശകമായ ഒരു വ്യാകരണമെന്നല്ലാതെ, ഗദ്യഭാഷയെ കാൎയ്യമായി സ്പർശിക്കുന്ന ഒന്നായിരുന്നില്ല. (ഈ അടുത്തകാലത്തുമാത്രമാണ് അതു കണ്ടുകിട്ടിയതും മുദ്രണം ചെയ്തതും.) ആ നിലയിൽനിന്നു നോക്കുമ്പോൾ മലയാളഭാഷയ്ക്കു പ്രയോജനകരമായ ആദ്യത്തെ വ്യാകരണം ഗുണ്ടർട്ടിന്റേതാണെന്നു പറയേണ്ടിയിരിക്കുന്നു.

ജൎമ്മനിയിൽ സ്റ്റുട്ട്ഗർട്ട് എന്ന സ്ഥലത്തു 1814–ാമാണ്ടു ഭൂജാതനായ ഹെർമൻ ഗുണ്ടട്ട് ബാസൽമിഷനിലെ ഒരു അംഗമായി 1839–ൽ ഉത്തരകേരളത്തിലെത്തി മിഷൻപ്രവൎത്തനങ്ങളിൽ ഏർപ്പെട്ടു. ജൎമ്മൻ, ലത്തീൻ, ഇംഗ്ലീഷ്, ബംഗാളി, തെലുങ്കു, ഹിന്ദുസ്ഥാനി, തമിഴ്, സംസ്കൃതം, മലയാളം തുടങ്ങി 18 ഭാഷകൾ അദ്ദേഹത്തിന്ന് അറിയാമായിരുന്നുവത്രെ. കേരളത്തിൽ താമസിച്ച 20 വൎഷക്കാലത്തിനിടയിൽ മലയാളഭാഷയിൽ അദ്ദേഹം അഗാധമായ പാണ്ഡിത്യം നേടുകയും, ആ ഭാഷയിൽ 24–ഓളം ഒന്നാംതരം ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. രോഗഗ്രസ്തനാകയാൽ 1859–ൽ നാട്ടിലേക്കു തിരിച്ചുപോയ അദ്ദേഹം അവിടെ പല ഉന്നതോദ്യോഗങ്ങളും വഹിക്കുകയും ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തശേഷം 80-ാമത്തെ വയസ്സിൽ 1893–ാമാണ്ടിൽ മഹോദരരോഗബാധിതനായി ഇഹലോകവാസം വെടിഞ്ഞു.

ഗുണ്ടർട്ടിന്റെ മലയാളവ്യാകരണത്തിന്റെ ആദ്യത്തെ 552 വകുപ്പുകൾ 1851–ലാണു പ്രസിദ്ധീകൃതമായതു്. വിദ്യാലയങ്ങളുടെ ആവശ്യത്തെ പുരസ്കരിച്ചു് മലയാളവ്യാകരണം (ചോദ്യോത്തരം) 1860–ൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അതിന്റെ ഒരു പുതിയ പതിപ്പ്, അദ്ദേഹം യൂറോപ്പിലേക്കു പോയശേഷം, മലബാർ സ്ക്കൂൾ ഇൻസ്പെക്ടരായിരുന്ന എൽ. ഗാൎത്തുവെയിററിന്റെ സഹായത്തോടുകൂടി അച്ചടിപ്പിക്കുകയുണ്ടായി. മലയാളഭാഷാവ്യാകരണം 569 വകുപ്പുകൾവരെമാത്രമേ ഗുണ്ടർട്ട് എഴുതിയിരുന്നുള്ളു. അതേത്തുടൎന്നുള്ള അവസാനത്തെ 309 വകുപ്പുകൾ എൽ. ഗാൎത്തുവെയിററു് എഴുതിച്ചേൎത്തതാണ്. അക്ഷരകാണ്ഡം, പദകാണ്ഡം, വാചകകാണ്ഡം എന്നു മൂന്നു വിഭാഗങ്ങളായിട്ടാണു ഗ്രന്ഥം സംവിധാനംചെയ്തിരിക്കുന്നതു്. 837–ാം വകുപ്പുമുതൽ അലങ്കാരങ്ങളെപ്പററി പ്രതിപാദിക്കുന്നു.

പ്രസ്തുതവ്യാകരണത്തിന്റെ അവതാരികയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: “മലയാളഭാഷ ദ്രമിളം എന്നുള്ള തമിഴിന്റെ ഒരു ശാഖയാകുന്നു. അതു തെലുങ്കു, കൎണ്ണാടകം, തുളു, കുടകു്, മുതലായ ശാഖകളേക്കാൾ അധികം തമിഴരുടെ സൂത്രങ്ങളോടു് ഒത്തുവരികയാൽ ഉപഭാഷയത്രേ. എങ്കിലും ബ്രാഹ്മണർ ഈ കേരളത്തെ അടക്കിവാണു്, അനാചാരങ്ങൾ നടപ്പാക്കി, നാട്ടിലെ ശൂദ്രരുമായി ചേൎന്നുപോയതിനാൽ സംസ്കൃതശബ്ദങ്ങളും വാചകങ്ങളും വളരെ നുഴഞ്ഞു വന്നു ഭാഷയുടെ മൂലരൂപത്തെ പലവിധത്തിലും മാററിയിരിക്കുന്നു. ഇങ്ങനെ കാലക്രമത്തിലുണ്ടായ കേരളഭാഷയുടെ വ്യാകരണം ചമപ്പാൻ സംസ്കൃതവ്യാകരണവും തമിഴ നന്നൂലും നോക്കിയിട്ടുവേണം. എങ്കിലും ഭാഷയിൽ ആക്കിയ മഹാഭാരതം, രാമായണം, പഞ്ചതന്ത്രം, വേതാളചരിത്രം,

ചാണക്യസൂത്രം മുതലായതിൻെറ പദ്യവും, കേരളോല്പത്തി, കണക്കു സാരം, വൈദ്യശാസ്ത്രം തുടങ്ങിയുള്ളതിൻെറ ഗദ്യവും അനുഭവത്തിനും ഉദാഹരണത്തിനും പ്രമാണം എന്നു തോന്നിയിരിക്കുന്നു.''

മലയാളഭാഷയിലെ ആദ്യത്തെ പ്രമാണഭൂതമായ വ്യാകരണം ഗുണ്ടർട്ടിൻെറതന്നെയാണെന്നാണു പണ്ഡിതമതം. പിന്നീട്ടുണ്ടായ പല വ്യാകരണങ്ങൾക്കും അതു് ആശ്രയമായിത്തീൎന്നു. കോവുണ്ണി നെടുങ്ങാടിക്കു 'കേരളകൗമുദി' രചിക്കുന്നതിനു ഗുണ്ടർട്ടിന്റെ വ്യാകരണം വളരെ സഹായകമായിരുന്നതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. കേരള പാണിനീയരചനയ്ക്കുമുമ്പു് ഗുണ്ടർട്ടിൻെറ വ്യാകരണം താൻ പരിശോധിച്ചിട്ടുള്ളതായി തൽകർത്താവും പ്രസ്താവിക്കുന്നു. വളരെ കാലത്തേക്കു് അദ്ധ്യേതാക്കൾക്കു് ആലംബം ഗുണ്ടർട്ടിൻെറ വ്യാകരണംതന്നെയായിരുന്നു. ''ഗദ്യകൃതികളുടെ വൈരള്യംകൊണ്ടു ഗുണ്ടർട്ടിൻെറ വ്യാകരണത്തെപ്പോലും വിദ്യാൎത്ഥികൾക്കു് ഒരുകാലം ഗദ്യഗ്രന്ഥമായി നിർദ്ദേശിച്ചിരുന്നു''വെന്നു കേരളവൎമ്മ വലിയകോയിത്തമ്പുരാൻെറ ഒരു പ്രസ്താവനയിൽനിന്നു മനസ്സിലാക്കാം.

എന്നാൽ മലയാളത്തിനു് അധുനാതനരീതിയിലുള്ള ഒരു വ്യാകരണം പ്രദാനം ചെയ്തതു് റവ. മാത്തൻ ഗീവറുഗീസ് പാതിരിയാകുന്നു. മാത്തൻ ഗീവറുഗീസ് ചെങ്ങന്നൂരിനടുത്തുള്ള പുത്തൻകാവു് എന്ന സ്ഥലത്തു് 1819 സെപ്തംബർ 25-ാംതീയതി ഭൂജാതനായി. കോട്ടയത്തു പഴയസെമ്മിനാരിയിലെ പഠനത്തിനുശേഷം മദ്രാസിലെ ബിഷപ്പു് കോറിസ് ഗ്രാമർ സ്കൂളിൽ ചേൎന്നു പഠിച്ചു് അക്കാലത്തെ പ്രശസ്തനായ ഒരു പണ്ഡിതനായിത്തീൎന്നു. ഇതിനിടയ്ക്കു് ഇംഗ്ലീഷ്, ഗ്രീക്ക്, തമിഴ്, തെലുങ്കു, ഹിന്തുസ്ഥാനി എന്നീ ഭാഷകൾ വശമാക്കി. മദ്രാസിൽവച്ചു് അദ്ദേഹം സി. എം. എസ്. സഭാവിഭാഗത്തിൽ ചേരുകയും, ആ സഭയിലെ ഒരു മിഷ്യനറിയായി ജീവിതശിഷ്ടം നയിക്കുകയും ചെയ്തു. മല്ലപ്പള്ളി, തോലശേരി, തലവടി എന്നിവയായിരുന്നു അദ്ദേഹത്തിൻെറ പ്രധാനപ്രവൎത്തനരംഗങ്ങൾ. 1870-ാമാണ്ടു പ്രമേഹരോഗത്താൽ അദ്ദേഹം നിൎയ്യാതനായി. ദേശാഭിമാനം, ഭാഷാഭിമാനം, ദീനാനുകമ്പ മുതലായ പല വിശിഷ്ടഗുണങ്ങൾക്കും അദ്ദേഹം വിളനിലമായിരുന്നു.

1863-ലാണു് റവ. മാത്തൻ ഗീവറുഗീസ് തൻെറ 'മലയാഴ്മയുടെ വ്യാകരണം' പ്രസിദ്ധംചെയ്തതു്. എന്നാൽ അതു് അതിനു വളരെ മുമ്പു തന്നെ എഴുതിക്കഴിഞ്ഞിരുന്നുവെന്നു്, ഗ്രന്ഥകാരൻെറ മുഖവുരയിൽനിന്നും ഹെൻറി ബേക്കർ, ഇ. ജോൺസൺ എന്നീ മിഷ്യനറിപ്രമുഖന്മാരുടെ കത്തുകളിൽനിന്നും മനസ്സിലാക്കാം. ഗുണ്ടർട്ടിൻെറ വ്യാകരണത്തിൻെറ ആദ്യഭാഗം 1851-ലാണല്ലോ പ്രസിദ്ധംചെയ്തതു്. 1852 ഏപ്രിൽ 28-ാംതീയതി ഹെൻറി ബേക്കർ എഴുതിയിട്ടുള്ള ഒരു അഭിപ്രായത്തിൽ താൻ ആ വ്യാകരണത്തിൻെറ കൈയെഴുത്തുപ്രതി വായിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടു്. പാതിരിയുടെ മുഖവുരയിലാകട്ടെ, ഗുണ്ടർട്ടിന്റെ വ്യാകരണം പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പുതന്നെ തന്റെ വ്യാകരണത്തിൻെറ പ്രധാനഭാഗം എഴുതി അച്ചടിപ്പിക്കാൻ ഏല്പിച്ചിരുന്നതാ

ണെന്നും എന്നാൽ സാമ്പത്തികമായ പരാധീനതകളാൽ ഇതേവരെ പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കാതെവന്നതാണെന്നും പ്രസ്താവിച്ചിരിക്കുന്നു. എന്നുതന്നെയല്ല, തൻെറ വ്യാകരണം എഴുതി പ്രസ്സിൽ ഏല്പിച്ചതിനുശേഷമേ ഗുണ്ടർട്ടിൻെറ വ്യാകരണം താൻ കണ്ടിട്ടുള്ളുവെന്നും അദ്ദേഹം പറയുന്നു.

താൻ എന്തിനു് ഈ സംരംഭത്തിനു് ഉദ്യുക്തനായി എന്നു ഗ്രന്ഥകാരൻ മുഖവുരയിൽ പ്രതിപാദിക്കുന്നുണ്ടു്: "മലയാളത്തിൽ, ആ ഭാഷയിൽത്തന്നെയുള്ള ഒരു വ്യാകരണത്തിൻെറ അഭാവമാണു് ഈ വിഷയത്തെപ്പറ്റി എഴുതുവാൻ ഗ്രന്ഥകാരനെ പ്രേരിപ്പിച്ച ഹേതു. ഇന്നാട്ടിലെ പ്രാചീനപണ്ഡിതന്മാരായിരുന്ന ബ്രാഹ്മണക്ക സംസ്കൃതത്തെപ്പററി ജ്ഞാനം സമ്പാദിക്കുവാനേ ഉൽകണ്ഠ ഉണ്ടായിരുന്നുള്ളു. നാട്ടുഭാഷയ്ക്കു തങ്ങളുടെ ശ്രദ്ധ അർഹിക്കത്തക്ക യോഗ്യതയുള്ളതായി അവർ കണക്കാക്കിയില്ല. നാട്ടുകാരുടെതന്നെ കൃതികളായ മറെറാരു വ്യാകരണവും ഇല്ലാത്തതിൻെറ കാരണം അതാകുന്നു. ഈ ഭാഷയെ ദരിദ്രവും വ്യാകരണവിധികൾക്കു പററാത്തതുമായ ഒരു നാടോടിഭാഷയായി വിദേശികൾ കണക്കാക്കിപ്പോന്നതിൻെറ പ്രധാനകാരണവും അതുതന്നെ. എന്നാൽ ഈ ഭാഷയുടെ സ്വാഭാവികമായ കഴിവുകൾ ദക്ഷിണേന്ത്യയിലെ മറ്റേതൊരു ഭാഷയോടൊപ്പംതന്നെ വലുതാകുന്നു. അതിന്റെ സമ്പത്തും സൗന്ദര്യവും വർദ്ധിപ്പിക്കുവാൻ യത്നം മാത്രം മതിയായിരിക്കുന്നു. വ്യുത്പന്നഭാഷകളുമായും ചില സഗോത്രഭാഷകളുമായും എനിക്കുള്ള പരിചയവും, മലയാളത്തിൽതന്നെ പരിഭാഷയിലും, പരിഷ്കരണത്തിലും സ്വതന്ത്രകൃതിപ്രണയനത്തിലും എനിക്കുള്ള അനുഭവജ്ഞാനവും ഒരു അനുപേക്ഷണീയാവശ്യമായി ഗണിക്കപ്പെട്ടിരുന്ന ഈ ജോലി ഏറെറടുക്കുന്നതിനു് എന്നെ പ്രേരിപ്പിച്ചു."

വ്യാകരണത്തിൻെറ ആവശ്യകതയെപ്പറ്റിയും അദ്ദേഹം പ്രതിപാദിക്കുന്നുണ്ടു്: "വ്യാകരണം ഒരു ശാസ്ത്രമായിട്ടും, ഒരു സൂത്രമായിട്ടും ഇങ്ങനെ രണ്ടു ഭാവത്തിൽ വിചാരിക്കപ്പെടുന്നു. ഒരു ഭാഷയെ അറിഞ്ഞിട്ടില്ലാത്തവക്കു അതിനെ എളുപ്പത്തിൽ പഠിച്ചുകൊള്ളുന്നതിനു ചില പ്രമാണങ്ങളെ കല്പിക്കുന്നതായാൽ അതു ഒരു സൂത്രമാകുന്നു. ഇങ്ങനെ സംസ്കൃതത്തിൻെറ വ്യാകരണം പഠിച്ചാൽ ആ ഭാഷ പഠിക്കുന്നതിന്നു മലയാളികൾക്കും മലയാഴ്മയുടെ വ്യാകരണംകൊണ്ടു അതു വശമാകുന്നതിന്നു ഇംഗ്ലീഷുകാർക്കും എളുപ്പം ഉണ്ടാകുന്നു. എന്നാൽ മലയാളികൾ പരിചയംകൊണ്ടു മലയാഴ്മ അറിഞ്ഞിരിക്കുന്നവരാകയാൽ അവർക്കു ആ ഭാഷയുടെ വ്യാകരണംകൊണ്ടു എന്തുപകാരം എന്നു ചോദിച്ചാൽ, ഒരു ഭാഷയെ സാമാന്യമായിട്ടു പറയുന്നതിന്നും എഴുതുന്നതിന്നും പരിചയംകൊണ്ടു മനുഷ്യക്കു വശമാകാമെങ്കിലും വ്യാകരണം പഠിക്കാതെ ആ ഭാഷയുടെ ലക്ഷണങ്ങളെയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളെയും അറിയുന്നതിന്നു കഴിയുന്നതല്ല. എന്നാൽ വ്യാകരണം ഭാഷയുടെ പ്രമാണങ്ങളെയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളെയും കാണിക്കുന്നതാകയാൽ അതു ഒരു ശാസ്ത്രമാകുന്നു. ചാത്തുപടികൊണ്ടും പരി

ജ്ഞാനംകൊണ്ടും ഇന്ന രോഗത്തിനു ഇന്ന മരുന്നു കൊള്ളുമെന്നു മനുഷ്യർക്കു അറിവാൻ കഴിയുന്നതാകുന്നു; എങ്കിലും നിദാനം മുതലായതു നോക്കി രോഗങ്ങൾ ഉത്ഭവിക്കുന്നതിനുള്ള കാരണങ്ങളും ഗുണപാഠത്തിൽനിന്നും മററും ഔഷധങ്ങളുടെ വീൎയ്യവും അറിയാത്തവൎക്കു നല്ല ചികിത്സക്കാരാകുവാൻ കഴിയുകയില്ല. എന്തെന്നാൽ തങ്ങൾ കണ്ടിട്ടില്ലാത്ത ഒരു പട്ടതിയിൽ രോഗം മാറിക്കാണുമ്പോൾ കാരണംനോക്കി രോഗം നിശ്ചയിപ്പാൻ അവൎക്കു കഴിയാത്തതുതന്നെയല്ല, തങ്ങൾ കൊള്ളുമെന്നു കണ്ടു അറിഞ്ഞിരിക്കുന്ന മരുന്നല്ലാതെ അതിന്നു പകരം മറ്റൊന്നു കൊള്ളിക്കുന്നതിന്നും അവൎക്കു വിവരമില്ല. അപ്രകാരംതന്നെ വ്യാകരണവിദ്യയില്ലാത്തവരും നടപ്പായുള്ള കാൎയ്യങ്ങളെക്കുറിച്ചു തെററുകൂടാതെ ഒരുവേള പറകയും എഴുതുകയും ചെയ്യുമായിരിക്കും; എങ്കിലും യുക്തികളും വിസ്താരങ്ങളും അടങ്ങിയിരിക്കുന്ന സംഗതികളെക്കുറിച്ചു അവൎക്കു മുറപോലെയും തെളിവായിട്ടും പറകയൊ എഴുതുകയൊ ചെയ്യുന്നതിന്നു കഴികയില്ല. ആകയാൽ അത്രേ മലയാഴ്മയിൽ നല്ല വാചകങ്ങൾ ചുരുക്കമായിരിക്കുന്നതു.''

214 പേജുകളുള്ള 'മലയാഴ്മയുടെ വ്യാകരണം' 475 വകുപ്പുകളായി വിഭജിച്ചിരിക്കുന്നു. അക്ഷരലക്ഷണം, പദലക്ഷണം, വാചകലക്ഷണം, കാവ്യലക്ഷണം, എന്ന വ്യാകരണത്തിൻെറ 'നാലു കാണ്ഡ'ങ്ങളിൽ ആദ്യത്തെ രണ്ടിനെപ്പററി മാത്രമേ ഈ ഗ്രന്ഥത്തിൽ അദ്ദേഹം ചർച്ചചെയ്യുന്നുള്ളൂ. അക്ഷരലക്ഷണമെന്ന ഒന്നാം കാണ്ഡത്തിൽ സംജ്ഞ, സന്ധി എന്നു രണ്ടദ്ധ്യായങ്ങളും 8 'സൎഗ്ഗ'ങ്ങളും, പദലക്ഷണം എന്ന രണ്ടാം കാണ്ഡത്തിൽ നാമം, വചനം, അവ്യയം എന്ന മൂന്നു അദ്ധ്യായങ്ങളും 13 സൎഗ്ഗങ്ങളും ഒടുവിൽ വ്യാകരണപദങ്ങളുടെ ഒരു അകാരാദിയും ഉൾപ്പെടുന്നു. അ, എ, ഇ, ഒ, ഉ, എന്ന് അഞ്ചു ഹ്രസ്വാക്ഷരങ്ങളും ആ, ഏ, ഈ, ഓ, ഊ, എന്ന് അഞ്ചു ദീർഘാക്ഷരങ്ങളും ഉൾപ്പടെ പത്തു സ്വരാക്ഷരങ്ങളെ മലയാളഭാഷയ്ക്കു് ഉള്ളുവെന്നാണു പാതിരിയുടെ അഭിപ്രായം. ഐ, ഔ എന്നിവ ദ്വിതസ്വരങ്ങൾ ആണെന്നും, ഋ, ൠ, ഌ, ൡ, എന്നിവ ര, ല, എന്നിവയുടെ വികാരങ്ങളാണെന്നും, അവസാനത്തെ മൂന്നും മലയാളഭാഷയിൽ തീരെ വരുന്നില്ലെന്നും, അം അഃ എന്നിവ അകാരത്തോടു മകാരവും ഹകാരവും ചേൎന്നുണ്ടാകുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. നിരുപയോഗങ്ങളായ ൠ, ഌ, ൡ മുതലായ അക്ഷരങ്ങൾ മലയാളസ്വരങ്ങളായി നാം ഇന്നും പഠിക്കുന്നുണ്ടെങ്കിലും ഒരു നൂറുകൊല്ലം മുൻപ് റവ. ജോർജ് മാത്തൻ അതു ചൂണ്ടിക്കാണിച്ചുതന്ന വസ്തുത നമുക്കു മറക്കാവതല്ല.

''ജോർജ് മാത്തൻെറ മലയാഴ്മയുടെ വ്യാകരണമാണു അന്നേവരെ ഉണ്ടായിട്ടുള്ള വ്യാകരണങ്ങളിൽവെച്ചു ഉത്തമമായിട്ടുള്ളതു്...മലയാളവ്യാകരണങ്ങളിൽ ചിഹ്നങ്ങളെപ്പററിയുള്ള ആദ്യപ്രസ്താവം ആ ഗ്രന്ഥത്തിലാണു കാണുന്നതു്'' എന്നുള്ള 'ഭാഷാഗദ്യസാഹിത്യചരിത്ര' കാരന്റെ പ്രസ്താവവും ''ഈ പുസ്തകം കഥാപുരുഷന്റെ ഭാഷാഗവേഷണകുശലതയ്ക്കു പര്യാപ്തമായ നിദർശനമാണു്'' എന്നുള്ള 'കേരളസാഹി

ത്യചരിത്ര'കാരൻെറ അഭിനന്ദനവും സ്വത്തവുമാണ്. മലയാളഭാഷയിൽ ഉത്തമങ്ങളായ പല വ്യാകരണഗ്രന്ഥങ്ങളും പിന്നീടുണ്ടായിട്ടുണ്ടെങ്കിലും അവയുടെ എല്ലാംതന്നെ അസ്തിവാരം മാത്തൻ ഗീവറുഗീസിന്റെ വ്യാകരണമായിരിക്കുന്നുവെന്ന വസ്തുതയും മറക്കത്തക്കതല്ല. സാമ്പത്തികമായ കഴിവുകേടിനാൽ ഒരു വ്യാഴവട്ടക്കാലത്തോളം തൻെറ വ്യാകരണം അച്ചടിക്കുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ലെങ്കിലും, അച്ചടിച്ചപ്പോൾ അതിൻെറ 100 പ്രതികൾ അന്നത്തെ തിരുവിതാംകൂർ ദിവാൻ സർ ടി. മാധവരായർ സൎക്കാരിലേക്കു വിലയ്ക്കെടുത്തു് അദ്ദേഹത്തെ സഹായിക്കുകയുണ്ടായി. മലയാളം തമിഴ മുതലായ ദ്രാവിഡഭാഷകളുടെ വ്യാകരണങ്ങൾ ചമയ്ക്കുകമാത്രമല്ല മിഷ്യനറിമാർ ചെയ്തതു്. ഈ ദ്രാവിഡഭാഷകളുടെ പൊതുവായ വ്യാകരണവും നിൎമ്മിക്കുകയുണ്ടായി. അയർലൻഡിൽ ജനിച്ചു്, സ്കോട്ടലൻഡിൽ പഠിച്ചു്, മദ്രാസിൽ വന്നു മിഷൻവേലയിൽ ദീർഘകാലം പരിശ്രമിച്ച റോബർട്ടു് കാൽഡ്വൽ എഴുതിയിട്ടുള്ള A Comparative Grammar of Dravidian Languages ഈ വിഷയത്തിൽ ഒരു പ്രമാണകൃതിയാകുന്നു.

"പദങ്ങളുടെ പ്രയോഗസ്വഭാവം, ധാതു, അൎത്ഥം, മുതലായവയ്ക്കു് ഒരു വ്യവസ്ഥയും സ്ഥിരതയും ഉണ്ടാക്കിത്തീൎക്കുവാൻ" പ്രയോജനപ്പെടുന്ന നിഘണ്ടുക്കൾ ഭാഷയ്ക്കു് എത്രമാത്രം അത്യന്താപേക്ഷിതമാണെന്നു പറയേണ്ടതില്ലല്ലോ. ഒരു രണ്ടു നൂററാണ്ടിനു മുൻപുവരെ കേരളത്തിലെ പണ്ഡിതന്മാരെല്ലാം സംസ്കൃതപ്രേമികളായിരുന്നതിനാലും ശാസ്ത്രീയസമ്പ്രദായത്തിലുള്ള നിഘണ്ടുനിൎമ്മാണം സംസ്കൃതഭാഷയ്ക്കു് അജ്ഞാതമായിരുന്നതിനാലും മലയാളത്തിലും നിഘണ്ടുക്കൾ ഉണ്ടായിരുന്നില്ല. മലയാളത്തെസംബന്ധിച്ച ആദ്യത്തെ നിഘണ്ടു ഒരു വിദേശമിഷ്യനറിയായ അൎണ്ണോസുപാതിരിയുടേതായിരുന്നുവെന്നു് ഈ പുസ്തകത്തിൽ അന്യത്ര പ്രസ്താവിച്ചിട്ടുണ്ടു്. അദ്ദേഹത്തെത്തുടൎന്നു സ്റ്റീഫൻപാതിരി, ക്ലമെന്റുപാതിരി, ഫാറോസ്‌മൂപ്പൻപാതിരി, ബിഷപ്പു് ഇൽദഫോൻസ്, ബിഷപ്പു പിമെന്റൽ മുതലായ മിഷ്യനറിമാർ നിഘണ്ടുനിൎമ്മാണത്തിൽ ഏൎപ്പെട്ടുകയുണ്ടായി. പക്ഷേ അവരുടെ നിഘണ്ടുക്കൾ അപൂൎണ്ണങ്ങളും, മലയാളം പഠിക്കുന്ന വിദേശികളെ പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതുമായിരുന്നു.

പൂൎണ്ണങ്ങളും പ്രയോജനപ്രദങ്ങളുമായ നിഘണ്ടുക്കൾ ഭാഷയിലുണ്ടായതു പത്തൊൻപതാം നൂററാണ്ടിലാണു്. ഇവയിൽ ആദ്യത്തേതു് ഡോക്ടർ ബഞ്ചമിൻ ബെയ്‌ലിയുടേതാണു്. ചർച്ചു മിഷൻ സൊസൈററിയിലെ ഒരു അംഗമായ ഡോക്ടർ ബെയ്‌ലി 1816-ൽ കേരളത്തിലെത്തി. രണ്ടുകൊല്ലംകൊണ്ടു് അദ്ദേഹം മലയാളം, സംസ്കൃതം, സുറിയാനി മുതലായ ഭാഷകൾ വശമാക്കി. 34 വർഷത്തോളം അദ്ദേഹം കേരളക്കരയിൽ താമസിച്ചു മതപരവും ഭാഷാപരവുമായ രംഗങ്ങളിൽ സേവനമനുഷ്ഠിച്ചു. 1850-ൽ സ്വദേശത്തേക്കു തിരിച്ചുപോയ അദ്ദേഹം 1871-ൽ 80-ാമത്തെ വയസ്സിൽ നിൎയ്യാതനായി. ബെയ്‌ലി മലയാളഭാഷയ്ക്കു ചെയ്തു മഹനീയങ്ങളായ രണ്ടു സേവനങ്ങളെപ്പററി—വേദപുസ്തകതൎജ്ജമ

യേയും സി. എം. എസ്. പ്രസ്സ്സ്ഥാപനത്തേയുംപററി—കഴിഞ്ഞ അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. ഈ പ്രസ്ഥാനങ്ങൾ രണ്ടും മലയാളഭാഷയുടെയും സാഹിത്യത്തിൻെറയും വികസനത്തിനും പുരോഗതിക്കും വളരെയധികം സഹായകമായിത്തീൎന്നിട്ടുണ്ടു്. മലയാളഅക്ഷരത്തിൽ അച്ചടിക്കത്തക്കവണ്ണം കേരളത്തിൽ സ്ഥാപിതമായ ഒന്നാമത്തെ മുദ്രാലയമാണു സി. എം. എസ്. പ്രസ്സ്.

ഭാഷാസേവനപരമായുള്ള ബെയ്ലിയുടെ യത്നങ്ങളിൽ സൎവ്വപ്രധാനമായതു്, 1846-ൽ പ്രസിദ്ധീകൃതമായ, അദ്ദേഹത്തിൻെറ മലയാളം—ഇംഗ്ലീഷ് നിഘണ്ടുവാകുന്നു. 1832-ൽ പ്രസിദ്ധീകൃതമായ എച്ച്. എച്ച്. വിൽസൻെറ സംസ്കൃത—ഇംഗ്ലീഷ് നിഘണ്ടുവിന്റെ മാതൃകയിലാണു് ബെയ്ലി തൻെറ ശബ്ദകോശം തയാറാക്കിയിരിക്കുന്നതു്. ബെയ്ലിയുടെ വേദപുസ്തകതൎജ്ജമ സംസ്കൃതപദജടിലമാണെന്നു് ആക്ഷേപമുള്ളതായി പറഞ്ഞുവല്ലോ. ഈ നിഘണ്ടുവിലും സംസ്കൃതപദങ്ങൾ അധികം കടന്നുകൂടിയിരിക്കുന്നുവെന്ന ഒരു ആക്ഷേപം ഇല്ലാതില്ല. ഒരു പണ്ഡിതനും വിദ്യാഭ്യാസപ്രവൎത്തകനുമായിരുന്ന സായ്പു് അന്നത്തെ അഭ്യസ്തവിദ്യരുടെ ഭാഷയായിരുന്ന സംസ്കൃതത്തോട്ടു് അല്പം പക്ഷപാതിയായിരുന്നില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. വേദപുസ്തകതൎജ്ജമ കഴിഞ്ഞ ഉടനെ നിഘണ്ടുനിൎമ്മാണം ആരംഭിച്ചുവെങ്കിലും 20 കൊല്ലത്തിനുശേഷമേ അതു പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചുള്ളു. പണ്ഡിതചക്രവൎത്തിയായിരുന്ന സ്വാതിതിരുനാൾ രാമവൎമ്മമഹാരാജാവിനു് അതു സമൎപ്പിക്കപ്പെട്ടിരിക്കുന്നു.

മലയാള—ഇംഗ്ലീഷ് നിഘണ്ടുവിനോടൊപ്പംതന്നെ, ഒരു ഇംഗ്ലീഷ്—മലയാളനിഘണ്ടുവിൻെറ നിൎമ്മാണത്തിലും ബെയ്ലി വ്യാപൃതനായിരുന്നു. ഇതു് 1848-ൽ പ്രസിദ്ധീകൃതമായി. ആംഗ്ലേയഭാഷാഭ്യസനത്തിൽ ഏൎപ്പെട്ടിരുന്നവൎക്കും ഇംഗ്ലീഷ്ഭാഷയിലൂടെ ആശയവിനിമയം ചെയ്യുവാൻ ആഗ്രഹിച്ചിരുന്നവൎക്കും വളരെക്കാലത്തേക്കു് ഈ നിഘണ്ടുക്കൾ പ്രയോജനകരങ്ങളായിരുന്നു.

ബെയ്ലിക്കുശേഷം നിഘണ്ടുനിൎമ്മാണത്തിൽ വ്യാപൃതനായ മറെറാരു പണ്ഡിതൻ റവ. റിച്ചാർഡ് കൊള്ളിൻസാണു്. കേംബ്രിഡ്ജ് സൎവ്വകലാശാലയിലെ ഒരു പണ്ഡിതനായിരുന്ന അദ്ദേഹം 1855-ൽ കോട്ടയത്തെത്തുകയും 1867 വരെ കോട്ടയം കോളേജ് പ്രിൻസിപ്പാളായി ജോലിനോക്കുകയും ചെയ്തു. അനന്തരം സിലോണിലെ സി. എം. എസ്. കോളേജ് പ്രിൻസിപ്പാളായി സ്ഥലംമാറിപ്പോയി. 1900-ാമാണ്ടു് സ്വദേശമായ ഇംഗ്ലണ്ടിൽവെച്ച് അദ്ദേഹം നിൎയ്യാതനായി. കൊള്ളിൻസ് മലയാളഭാഷയ്ക്കു നൽകിയ ഏറ്റവും വലിയ സംഭാവനയാണു് ഈ നിഘണ്ടു. മലയാളപദങ്ങൾക്കു മലയാളത്തിൽ അൎത്ഥവിവരണം നൽകുന്ന ആദ്യത്തെ നിഘണ്ടു ഇതാണെന്നു തോന്നുന്നു. സ്വന്തം മുൻഷിയായ രാമവാൎയ്യർ, കോളേജ്മുൻഷിയായ ചെവള്ളിക്കൽ സുബ്രഹ്മണ്യൻപോററി മുതലായ പണ്ഡിതന്മാരുടെ സഹായം നിഘണ്ടുനിൎമ്മാണത്തിൽ അദ്ദേഹത്തിനു ലഭിച്ചിരുന്നു. 1865-ൽ പ്രസിദ്ധീകൃതമായ

ഈ നിഘണ്ടുവിന്റെ ഒരു പരിഷ്കരിച്ച പതിപ്പ് 1905–ലും മറ്റൊന്ന് 1918–ലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

ബെയ്‌ലിയുടെ മലയാളം—ഇംഗ്ലീഷ് നിഘണ്ടുവിൽ ഉള്ളതിനേക്കാൾ കൂടുതൽ പദങ്ങൾ കൊള്ളിൻസിന്റെ നിഘണ്ടുവിലുണ്ട്. ബെയ്‌ലിയെപ്പോലെതന്നെ ഭാഷാപദങ്ങളെക്കാൾ സംസ്കൃതപദങ്ങൾക്കാണ പ്രാധാന്യം നൽകിയിരിക്കുന്നത്. അന്ന സാഹിത്യകാരന്മാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന മണിപ്രവാളശൈലി സാമാന്യജനങ്ങൾക്കു മനസ്സിലാക്കുകയെന്നതായിരുന്നു കൊള്ളിൻസിന്റെ മുഖ്യലക്ഷ്യമെന്നു തോന്നുന്നു. പല അപ്രസിദ്ധസംസ്കൃതപദങ്ങൾക്കും നിഘണ്ടുവിൽ സ്ഥാനമനുവദിച്ചിട്ടുണ്ട്. പീററിന്റെ വ്യാകരണത്തിൽ സംവൃതോകാരം അകാരമായി ഉപന്യസിച്ചിരിക്കുന്നതു ശരിയല്ലെന്നും, അതു് അരയുകാരമാണെന്നും കൊള്ളിൻസു ചൂണ്ടിക്കാണിച്ചിരിക്കുന്നു. പ്രധാനസംസ്കൃതധാതുക്കൾക്കു് ഇംഗ്ലീഷിൽ അർത്ഥം വിവരിക്കുന്ന ധാതുമഞ്ജരി എന്ന ഒരു അനുബന്ധം നിഘണ്ടുവിന്റെ ഒടുവിൽ ചേർത്തിട്ടുണ്ട്. ഈ നിഘണ്ടുവിനു് എന്തെല്ലാം ന്യൂനതകളുണ്ടായിരുന്നാലും അതു് ഇന്നും വളരെ ഉപയോഗമുള്ള ഒരു പ്രസിദ്ധീകരണമായിരിക്കുന്നു.

എന്നാൽ മലയാളഭാഷയിൽ ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ചിട്ടുള്ള ഒന്നാമത്തെ നിഘണ്ടു ഡോക്ടർ ഹെർമൻ ഗുണ്ടർട്ടിന്റേതാണ്. മലയാളഭാഷയേയും മലയാളജനതയേയും ഒന്നുപോലെ സ്നേഹിക്കുകയും, അവയുടെ ഉന്നമനത്തിനായി സർവ്വാത്മനാ പ്രയത്നിക്കുകയും ചെയ്ത ആ മഹാനുഭാവൻ ഒരു മിഷ്യനറിയായി, ഉത്തരകേരളത്തിൽ ചിറക്കല്ലിൽ എന്ന സ്ഥലത്തു താമസിച്ചിരുന്ന കാലത്താണ നിഘണ്ടുനിർമ്മാണത്തിനു വേണ്ട ഒരുക്കങ്ങൾ ആരംഭിച്ചതു്. 25 കൊല്ലത്തെ നിസ്തന്ദ്രപരിശ്രമത്തിന്റെ ഫലമായിട്ടേ അതു് എഴുതിത്തീർക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. അദ്ദേഹത്തിന്റെ ഒരു ജീവചരിത്രകാരൻ എഴുതുന്നു:

"പലതരത്തിലും പദവിയിലുമുള്ള നാനാജാതിമതസ്ഥരായ ആളുകളുമായുള്ള സംഭാഷണത്തിൽനിന്നും മലബാറിലെ എല്ലാ ജില്ലകളിലുമുള്ള സർക്കാർറിക്കാർഡുകളിൽനിന്നും പലരുടെയും കത്തുകളിൽനിന്നും അക്കാലത്തുണ്ടായിരുന്ന ഗദ്യപദ്യഗ്രന്ഥങ്ങളിൽനിന്നും അപ്പഴപ്പോൾ ഈ നിഘണ്ടുവിലേക്കു പദങ്ങൾ കുറിച്ചെടുക്കാറുണ്ടായിരുന്നു. ഡോക്ടർ ഗുണ്ടർട്ട് വൈകുന്നേരം ഉലാവാൻ പോകുന്ന അവസരത്തിൽ വല്ല ചെടിയോ ഇലയോ പുല്ലോ കൈയിൽ പിടിച്ചുകൊണ്ടിരിക്കുകയും, വഴിയിൽ കാണുന്നവരോട് അവയുടെ പേർ ചോദിച്ചു മനസ്സിലാക്കുകയും ചെയ്തിരുന്നതായി അറിയുന്നു. തട്ടാൻ, ആശാരി, മൂശാരി, കൊല്ലൻ മുതലായവരുടെ പണിസ്ഥലങ്ങളിൽ പോയി അവരുടെ ആയുധങ്ങളുടെ പേർ ചോദിച്ചു മനസ്സിലാക്കിയിരുന്നു."

കൊള്ളിൻസിനെപ്പോലെ വാക്കുകൾക്കു കേവലം അർത്ഥം പറഞ്ഞു പോകുകയല്ലാ അദ്ദേഹം ചെയ്തിട്ടുള്ളതു്. പദങ്ങളുടെ ആഗമങ്ങൾ മനസ്സിലാക്കി, നിഘണ്ടുവിൽ രേഖപ്പെടുത്തുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അറബി, പേഷ്യൻ, ഹിന്തുസ്ഥാനി, പോർത്തുഗീസ്, ഇംഗ്ലീഷ്

മുതലായ വൈദേശികഭാഷകളിൽനിന്നു മലയാളത്തിൽ കടന്നുകൂടിയിട്ടുള്ള പദങ്ങൾക്കും, ദ്രാവിഡപദങ്ങൾക്ക് ഓരോ ദ്രാവിഡഭാഷയിലുമുള്ള പ്രത്യേകരൂപങ്ങൾക്കും അദ്ദേഹം നിഘണ്ടുവിൽ സ്ഥാനം നൽകി. പദങ്ങൾക്ക് ആദ്യമുണ്ടായിരുന്ന അർത്ഥവും, ഉപയോഗംകൊണ്ടു പിന്നീടു മാറിവന്ന അർത്ഥവും, അലങ്കാരപ്രയോഗങ്ങളിൽ പ്രകടമാകുന്ന പ്രത്യേകാർത്ഥവും ചേർത്തിട്ടുള്ളതിനുപുറമേ, ഓരോ പ്രധാനപദവും ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതിൻെറ ഉദാഹരണങ്ങൾ ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. ചില പദങ്ങൾ പഴഞ്ചൊല്ലുകളിൽ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആവക പഴഞ്ചൊല്ലുകളും, തൽഭവങ്ങളാണെങ്കിൽ അവയുടെ തത്സമങ്ങളും നിഘണ്ടുവിൽ ചേർത്തിട്ടുണ്ട്.

മഹാകവി ഉള്ളൂരിൻെറ വാക്കുകൾ ഇവിടെ അനുസ്മർത്തവ്യമാണ്: "25 കൊല്ലത്തെ നിരന്തരമായ ഭാഷാപഠനത്തിൻെറയും നിഷ്കൃഷ്ടമായ ശബ്ദാഗമഗവേഷണത്തിൻെറയും ഫലമായി അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ച മലയാളം—ഇംഗ്ലീഷ് നിഘണ്ടു ഭാഷയ്ക്കു് ഒരനർഘനിധിയാകുന്നു. ഭാഷാശബ്ദങ്ങൾക്കു സംസ്കൃതശബ്ദങ്ങളെക്കാൾ പ്രാധാന്യംനല്കി, ഭാഷയിൽ പ്രചുരപ്രചാരങ്ങളായ സംസ്കൃതശബ്ദങ്ങളെ മാത്രം ഉൾപ്പെടുത്തി, പ്രാചീനകാലത്തെയും മദ്ധ്യകാലത്തെയും ഭാഷാകൃതികളിൽനിന്ന് അന്നു നടപ്പിലിരുന്നവയും ഇന്നു പ്രചാരലുപ്തങ്ങളുമായ ശബ്ദങ്ങൾ കഴിയുന്നേടത്തോളം തിരഞ്ഞെടുത്തു്, നാടോടിശബ്ദങ്ങൾക്കും വിദേശീയഭാഷകളിൽനിന്നു കടന്നുകൂടിയിട്ടുള്ള ശബ്ദങ്ങൾക്കും പ്രവേശനം അനുവദിച്ച് ഓരോ ശബ്ദത്തിൻെറയും ആഗമം നിർദ്ദേശിച്ചു വിവിധഗ്രന്ഥങ്ങളിൽനിന്നും മററും അവയുടെ അർത്ഥാവബോധത്തിനുതകുന്ന ഉദാഹരണങ്ങളുദ്ധരിച്ച് അദ്ദേഹം രചിച്ചിട്ടുള്ള പ്രസ്തുതനിഘണ്ടുവിൻെറ ഗുണവിശേഷങ്ങൾ വാചാമഗോചരങ്ങളാണ്."

1116 പേജുകളുള്ള ഒരു ബൃഹൽകൃതിയായ ഈ നിഘണ്ടുവിൽ ചില തെററുകൾ കടന്നുകൂടിയിട്ടുണ്ടെന്നു ദോഷൈകദൃക്കുകളായ ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ ആ തെററുകൾ തീർത്തു് ഇതൊന്നു പരിഷ്കരിക്കുന്നതിനോ, തെററില്ലാത്ത പുതുതായ ഒന്നു നിർമ്മിക്കുന്നതിനോ ഇതേവരെ ആർക്കും കഴിഞ്ഞിട്ടില്ല. ഗുണ്ടർട്ടിനുശേഷം വിപുലങ്ങളായ മൂന്നു നിഘണ്ടുക്കൾ മലയാളത്തിലുണ്ടായിട്ടുണ്ടെങ്കിലും, മേന്മയിൽ ഗുണ്ടർട്ടിൻെറ നിഘണ്ടുവിനോടു് ഒപ്പമെത്തുവാൻ അവയ്ക്കു സാധിച്ചിട്ടില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണ്. "ഗുണ്ടർട്ട മുതലായ പണ്ഡിതന്മാരുടെ കാലടിപ്പാടുകളെ പിന്തുടരുവാൻ കഴിയാതിരുന്നുവെങ്കിൽ ശബ്ദതാരാവലി തുടങ്ങി അല്പം ഭേദമെന്നു തോന്നുന്ന ചില പുതിയ പ്രസിദ്ധീകരണങ്ങൾ, അവയുടെ പ്രണേതാക്കൾക്ക് ഈ അടുത്തകാലത്തെങ്ങും പുറപ്പെടുവിക്കുവാൻ സാധിക്കുമായിരുന്നോ എന്നതു സംശയമാണ്...തനി മലയാളശബ്ദങ്ങളുടെ വ്യുൽപത്തിയും അർത്ഥപ്രയോഗവും തിരിച്ചറിയുവാൻ ഈ നിഘണ്ടുവിൽ കവിഞ്ഞ ഒരു പ്രമാണഗ്രന്ഥം ഇന്നു വേറൊന്നില്ല" എന്നുള്ള ശ്രീ ടി. എം. ചുമ്മാരുടെ അഭിപ്രായം ശ്രദ്ധേയമാണു്.

ഡോക്ടർ ഗുണ്ടർട്ട് കേരളത്തിൽനിന്നു മടങ്ങിപ്പോയി ജർമ്മനിയിൽ താമസിക്കുന്ന കാലത്തു്, 1859–ൽ, ആണു് ഈ നിഘണ്ടു എഴുതിത്തീർത്തതു്. 1872–ൽ മംഗലാപുരം ബാസൽമിഷൻ പ്രസ്സിൽനിന്നു് അതു് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

## മലയാണ്മ—ലത്തീൻ—ഇംഗ്ലീഷ് അകാരാദി

"വരാപ്പുഴ രൂപതയിലെ ഒരു മിഷ്യനറി അപ്പസ്തോലിക്കും കർമ്മലീത്താ നിഷ്പാദുകസന്യാസി"യുമായ പണ്ഡിതൻ 1891–ൽ അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുള്ളതാണു് റോയൽ സൈസിൽ 1220 പേജുകൾ വരുന്ന ഈ മലയാണ്മ—ലത്തീൻ—ഇംഗ്ലീഷ് അകാരാദി പേരിൽനിന്നു വ്യക്തമാകുന്നതുപോലെ മലയാളഭാഷയിൽ പ്രയോഗത്തിലിരിക്കുന്ന മലയാളസംസ്കൃതശബ്ദങ്ങൾക്കു ലത്തീനിലും ഇംഗ്ലീഷിലും അർത്ഥം വിവരിക്കുന്ന ഒരു ബൃഹത് ശബ്ദകോശമാണിതു്. ഇങ്ങനെയൊരു നിഘണ്ടു നിർമ്മിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച കാരണങ്ങളും അതുകൊണ്ടു പ്രതീക്ഷിക്കുന്ന പ്രയോജനങ്ങളും എന്തൊക്കെയാണെന്നു ഗ്രന്ഥത്തിന്റെ അവതാരികയിൽ സമ്പാദകൻ ക്രോഡീകരിച്ചിരിക്കുന്നു.

"ഒരു മലയാള—ലത്തീൻ—ഇംഗ്ലീഷു നിഘണ്ടു, മിഷ്യനറിമാർക്കു പ്രത്യേകിച്ചും, ഒഴിച്ചുകൂടാത്ത ആവശ്യമായിത്തീർന്നിട്ടു് ഏറെനാളുകളായി. ഈ രാജ്യത്തിൽ വന്നുചേരുന്ന മിഷ്യനറിമാർ തങ്ങളുടെ പാവനോദ്യോഗം നിർവ്വഹിക്കേണ്ട ഏതദ്ദേശീയഭാഷ പഠിക്കുന്നതിൽ വളരെയധികം ക്ലേശിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അവരുടെ ന്യായമായ ആഗ്രഹങ്ങൾ സാധിക്കുന്നതിനു് ഈ കൃതി കുറെയൊക്കെ സഹായിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ലത്തീൻ സുറിയാനി റീത്തുകളിൽപെട്ട ചില സെമ്മിനാരികളുടെ റെക്ടറായി കുറേക്കാലം ജോലിനോക്കിയിരുന്നതിൽനിന്നു്, ലത്തീൻ ഭാഷയിൽ സാമാന്യമായ ജ്ഞാനം സമ്പാദിക്കുന്നതിനു നമ്മുടെ പല വിദ്യാർത്ഥികൾക്കുമുള്ള വിഷമമെത്രയെന്നു മനസ്സിലാക്കുവാൻ എനിക്കു സന്ദർഭം ഉണ്ടായി. ഓരോ ലത്തീൻവാക്കിനും ഏതദ്ദേശീയശൈലിയിലുള്ള വിവിധാർത്ഥങ്ങളെന്തെന്നു കാണിക്കുന്ന പൂർണ്ണമായ ഒരു നിഘണ്ടുവിന്റെ അഭാവമാണു് ഈ വൈഷമ്യത്തിനു പ്രധാനകാരണം. അവരുടെ ആവശ്യങ്ങൾ സാധിക്കുന്നതിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു് ഈ കൃതി.

"ഗവർമെന്റു സ്കൂളുകളിൽ മട്രിക്കുലേഷൻപരീക്ഷയ്ക്കോ മററു് ഉയർന്ന പരീക്ഷകൾക്കോ തയാറായിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും ഈ മലയാണ്മ—ലത്തീൻ—ഇംഗ്ലീഷ് അകാരാദി ഉപയോഗപ്രദമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ കൃതി പരിപൂർണ്ണമായ ഒന്നാണെന്നു ഞാൻ അവകാശപ്പെടുന്നില്ല...." ഗ്രന്ഥകാരന്റെ പ്രതീക്ഷ സഫലമായിട്ടുണ്ടെന്നും ഈ കൃതിപ്രണയനംമൂലം വലിയ ഒരു സേവനമാണു് അദ്ദേഹം നിർവ്വഹിച്ചിരിക്കുന്നതെന്നും ഈ ശബ്ദകോശം പരിശോധിക്കുന്ന നിഷ്പക്ഷമതികൾക്കു ബോദ്ധ്യമാകുന്നതാണു്.

## അലങ്കാരശാസ്ത്രം

ഭാഷാവിജ്ഞാനീയത്തിലെ മറെറാരു പ്രധാനശാഖയാണല്ലോ അലങ്കാരശാസ്ത്രം. ഈ വിഷയത്തിൽ അടുത്തകാലംവരെ മലയാളത്തിൽ ഗ്രന്ഥങ്ങളൊന്നുമുണ്ടായിരുന്നില്ല. സംസ്കൃതത്തിൽ വിരചിതമായ ലീലാതിലകത്തിലും, 15-ാംനൂററാണ്ടിലേതെന്ന് ഊഹിക്കപ്പെട്ടുന്ന 'അലങ്കാരസംക്ഷേപ'ത്തിലും കോവുണ്ണി നെടുങ്ങാടിയുടെ 'കേരളകൗമുദി'യിലും (1873) അലങ്കാരങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ടെങ്കിലും അതു പദ്യത്തിൽ പ്രയോഗിക്കുന്ന ഉക്തിവൈചിത്ര്യങ്ങളെമാത്രം ഉദ്ദേശിച്ചുള്ളവയാകുന്നു. ഗദ്യസാഹിത്യത്തിനുകൂടി പ്രയോജനകരമാകത്തക്കവണ്ണം ഭാഷയിലുണ്ടായ ആദ്യത്തെ ആലങ്കാരികഗ്രന്ഥം, കർമ്മലീത്താ നിഷ്പാദുകസഭയിലെ അംഗവും എൽത്തുരുത്തുകൊവേന്തയുടെ പ്രിയോരും, ആയിരുന്ന ഫാദർ ജരാർദ്ദ് എന്ന സുറിയാനികത്തോലിക്കവൈദികൻ 1881-ൽ പ്രസിദ്ധപ്പെടുത്തിയ 'അലങ്കാരശാസ്ത്രം' എന്ന കൃതിയാകുന്നു. ലത്തീൻ, ഗ്രീക്കു്, സംസ്കൃതം, മലയാളം മുതലായ ഭാഷകളിൽ പാണ്ഡിത്യവും ഗദ്യരചനയിൽ അസുലഭമായ വൈദഗ്ദ്ധ്യവും ഉണ്ടായിരുന്ന ഒരു ഭാഷാഭിമാനിയായിരുന്നു ഫാദർ ജെരാർദ്ദ്. പ്രഭാഷണകലയെ പരാമർശിച്ച് മലയാളത്തിലുണ്ടായിട്ടുള്ള ആദ്യത്തെ പ്രമാണഗ്രന്ഥവും ഇതുതന്നെ.

അലങ്കാരശാസ്ത്രപരമായ അനേകം വൈദേശികഗ്രന്ഥങ്ങൾ ഈ ഗ്രന്ഥരചനയിൽ അദ്ദേഹത്തിനു സഹായകമായിരുന്നുവെന്നു മുഖവുരയിൽനിന്നു മനസ്സിലാക്കാം: ''ഈ പുസ്തകം എഴുതി ഉണ്ടാക്കുന്നതിനു യൂറോപ്യൻഭാഷകളിൽ എഴുതപ്പെട്ട മൂന്നുനാലു് അലങ്കാരശാസ്ത്രവ്യാഖ്യാനങ്ങൾ ഞങ്ങൾക്കു സഹായമായിരുന്നാലും, ഡി കൊളോന്യ ദൊമിനിക്കൻ (Dominico de Colonia) എന്ന വിദ്വാൻ അരിസ്റ്റോത്തലൻ, ശിശെരൻ, കുയിന്തല്യൻ, ദെമെത്ര്യൻ മുതലായ യൗനായ ലത്തീൻ എന്ന ഇരുഭാഷകളിൽനിന്ന് അലങ്കാരപ്രമാണങ്ങളെ എടുത്തു ലത്തീൻഭാഷയിൽ എഴുതി ഉണ്ടാക്കിയ ഒരു അലങ്കാരശാസ്ത്രവ്യാഖ്യാനം പ്രത്യേകം ഞങ്ങൾക്കു വളരെ പ്രയോജനമുള്ളതായി. അതിൽ മേൽപ്പറഞ്ഞ വിദ്വാൻ അനുകരിച്ച ക്രമവും രീതിയും ഇതിലും ഞങ്ങൾ അനുകരിച്ചതല്ലാതെ, മലയാളഭാഷയ്ക്കു് ഒക്കുന്നതായി തോന്നിയ അലങ്കാരപ്രമാണങ്ങളെയും അതിൽനിന്നുതന്നെ എടുക്കുകയും ചെയ്തു.''

തൻെറ ഗ്രന്ഥത്തിൻെറ പ്രയോജനത്തെപ്പററി ഫാദർ ജരാർദ്ദ് മുഖവുരയിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: ''കിരീടത്തിനു രത്നമണിപോലെയും, ശരീരത്തിനു വസ്ത്രാഭരണങ്ങൾപോലെയും, സ്വരൂപത്തിനു സുവർണ്ണങ്ങൾപോലെയും അക്ഷരവിദ്യയ്ക്കു് അലങ്കാരശാസ്ത്രം തേജസ്സും ശോഭയുമായിരിക്കുന്നുവെന്നതു സർവ്വസമ്മതമാകുന്നു. എന്നുമാത്രമല്ല, ഈ ഉത്തമശാസ്ത്രം വ്യക്തമായും ഗൗരവമായും പ്രസംഗിക്കുന്നതിനും കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെ കേഴ്വിക്കാരെ വചനമാധുര്യത്താൽ പറഞ്ഞിണക്കി വശീകരിക്കുന്നതിനും, പ്രതിവാദങ്ങളെയും ആക്ഷേപങ്ങളെയും വിരോധിച്ചു ഖണ്ഡിക്കുന്നതിനുതക്ക മുറയും ക്രമവും

പഠിപ്പിക്കുന്നതിനാൽ ഇതിനെ അഭ്യസിക്കുന്നതു തങ്ങളുടെ ഉത്തമ പ്രസംഗത്താൽ, സുവിശേഷസത്യങ്ങളെ, അജ്ഞാനയിരുളിൽ സൂര്യോദയംപോലെ പ്രകാശിപ്പിക്കുന്നതിനും. സത്യവേദത്തിന്മേൽ വേദവിരോധികളാൽ ആരോപിക്കപ്പെടുന്ന ദൂഷണങ്ങളെ ആക്ഷേപിച്ചു ഖണ്ഡിക്കുന്നതിനും, പാപാന്ധകാരത്താൽ കുരുടരായവൎക്കു ജ്ഞാനദീപമായി മോക്ഷമാൎഗ്ഗത്തെ കാട്ടിക്കൊടുക്കുന്നതിനും ഉദ്യോഗപ്പെട്ടിരിക്കുന്ന വൈദിക പ്രസംഗികൾക്കു മാത്രമല്ല, വക്കീലന്മാർ തുടങ്ങിയ ലൗകികപാഠകന്മാൎക്കും അതിപ്രയോജനകരവും ആവശ്യവുമാണ്."

ഇംഗ്ലീഷിൽ റെറ്റൊറിക്ക് എന്ന പേരിൽ അറിയപ്പെടുന്ന പുസ്തകങ്ങളിൽ അടങ്ങുന്ന വിഷയങ്ങളെല്ലാം ഈ അലങ്കാരശാസ്ത്രത്തിലും പ്രതിപാദിതമായിരിക്കുന്നു. ചോദ്യോത്തരരൂപത്തിലാണ് ഈ ഗ്രന്ഥത്തിന്റെ രചന. 1. അലങ്കാരശാസ്ത്രം എന്തെന്നും അതുകൊണ്ടുള്ള സാദ്ധ്യം ഇന്നതെന്നും, 2. അലങ്കാരവിദ്യയുടെ വിഷയം അഥവാ അതിൽ വിവരിക്കപ്പെടുന്ന സംഗതികൾ എന്തെല്ലാമെന്നും, 3. അതിന്റെ ഭാഗങ്ങൾ എത്രയെന്നും ഏതെല്ലാമെന്നും, 4. അതിന്റെ വിശേഷതയും ഉപകാരങ്ങളും ഇന്നതെന്നും, 5. അലങ്കാരശാസ്ത്രത്തിന്റെ പൂൎണ്ണജ്ഞാനം സമ്പാദിക്കുന്നതിനുള്ള ഉപകരണങ്ങളും പോംവഴികളും ഏതെല്ലാമെന്നും അദ്ദേഹം വിവരിക്കുന്നു. സങ്കല്പന, അനുക്രമണം, അലങ്കരണം, ഉച്ചാരണം എന്നിങ്ങനെ നാലു കാണ്ഡങ്ങൾ ഈ ഗ്രന്ഥത്തിൽ അടങ്ങിയിട്ടുണ്ട്. ഓരോ കാണ്ഡത്തെയും ഭാഗങ്ങളായും, ഓരോ ഭാഗത്തെയും അദ്ധ്യായങ്ങളായും വീണ്ടും വിഭജിച്ചിരിക്കുന്നു.

ഈ ഗ്രന്ഥം ശരിയായി പഠിക്കുന്ന ഒരാൾക്ക് ഏതു സദസ്സിലും നല്ല ഒരു പ്രാസംഗികനായി ശോഭിക്കുവാൻ സാധിക്കുന്നതാണ്. ഗ്രീസിലെ സുപ്രസിദ്ധവാഗ്മിയായിരുന്ന ഡെമൊസ്തനീസിനെയാണു ഗ്രന്ഥകാരൻ ദൃഷ്ടാന്തമായി കാണിച്ചുതരുന്നതു്. "ഈ വിദ്വാൻ ആദ്യത്തിൽ നാലു വാക്യങ്ങളെ കൂട്ടിപ്പറയുന്നതിൽ വശഹീനനായിരുന്നു എങ്കിലും, പിന്നീട് അഭ്യസനംകൊണ്ടും താല്പൎയ്യംകൊണ്ടും അതിവാചാലതയോടെ പറവാൻതക്ക ഉത്തമപ്രസങ്ഗിയായി ചമഞ്ഞു. അയാൾക്കുണ്ടായിരുന്ന കൊഞ്ഞ ചരൽ വായിലിട്ട് ഉച്ചരിച്ചുകൊണ്ടു തീൎത്തു. കടലോരത്തു ചെന്നുനിന്ന് കടലിന്റെ സ്വരത്തേക്കാൾ സ്വരമുയൎത്തിപ്പറയുന്നതിനും നിലവിളിക്കുന്നതിനും അഭ്യസിച്ചുകൊണ്ട് അയാളുടെ പതിഞ്ഞ സ്വരം ഉച്ചസ്വരമാക്കി മഹാഗൗരവത്തോടെ പ്രസങ്ഗിക്കുന്നതിനു പ്രാപ്തനാകുകയും ചെയ്തു."

ഫാദർ ജരാർദ്ദ് തന്റെ ഗ്രന്ഥത്തിൽ, പഞ്ചതന്ത്രം, ചാണക്യസൂത്രം, ഭാഗവതം കിളിപ്പാട്ട്, രാമായണം ഇരുപത്തിനാലുവൃത്തം, അജ്ഞാനകുഠാരം, മരണപൎവ്വം നരകപൎവ്വം, ഉമ്മാപൎവ്വം മുതലായ മലയാളകൃതികളിൽനിന്നും ധാരാളം ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നുണ്ട്. ഒവീദ്യൻ (Ovid), വൃജീല്യൻ (Virgil), ഒരാഡ്യൻ (Horace) മുതലായ പാശ്ചാത്യകവികളുടെ കൃതികളിൽനിന്നും പല ഭാഗങ്ങൾ സ്വന്തമായി തൎജ്ജമ

ചെയ്തു ചേർക്കുകയും ചെയ്തിരിക്കുന്നു. ഗദ്യത്തിൽ ഉദ്ധരിക്കേണ്ട ഭാഗങ്ങൾ തന്നെത്താൻ വിവർത്തനം ചെയ്യുകയാണു ചെയ്തിരിക്കുന്നതു്.

സാങ്കേതികശബ്ദങ്ങളുടെ വിവർത്തനത്തിൽ ചില പ്രമാദങ്ങളും, വിശേഷ്യങ്ങൾക്കുപകരം വിശേഷണങ്ങൾ ഉപയോഗിക്കുന്നവിലക്ഷണതയും ഗ്രന്ഥത്തിൽ അങ്ങിങ്ങു കാണാമെങ്കിലും, ഭാഷയ്ക്കു് അമൂല്യമായ ഒരു നിധി തന്നെയാണു് ഈ അലങ്കാരശാസ്ത്രം. ഇത്രമാത്രം സർവ്വവ്യാപകമായ ഒരു സാഹിത്യശാസ്ത്രഗ്രന്ഥം നമ്മുടെ ഭാഷയിൽ വേറെ ഉണ്ടായിട്ടില്ല. പിന്നീടുണ്ടായ കേരളപാണിനിയുടെ സാഹിത്യസാഹ്യത്തിൽ പോലും ഇത്രയധികം വിഷയങ്ങൾ അടങ്ങിയിട്ടില്ല. ഫാദർ ജരാർദിനു പ്രതിപാദനത്തിനു യോജിച്ച സരളമായ ഒരു ഗദ്യശൈലി സ്വായത്തമായിരുന്നു.

"പണ്ടു നമ്മുടെ ശരീരത്തിലുള്ള അവയവങ്ങൾ ഇപ്പോഴുള്ളതുപോലെയല്ല, ഓരോന്നിനു തനതു ആലോചനകളും അഭിപ്രായങ്ങളും ഉണ്ടായിരുന്നു. ഒരിക്കൽ ശേഷം അവയവങ്ങളെല്ലാം ഒന്നിച്ചുകൂടി നാം ചെയ്യുന്ന അനിഷ്ടത്തിൻെറയും വേലയുടെയും ബുദ്ധിമുട്ടിൻെറയും ഫലങ്ങളെല്ലാം വയറത്രേ അനുഭവിക്കുന്നതു്. അവൻ യാതൊരു വേലയും ചെയ്യാതെ നമ്മിൽ നമ്മുടെ പ്രയത്നത്തിൻെറ ഫലങ്ങളെല്ലാം അനുഭവിച്ചു് ആനന്ദമത്തനായി സ്വൈരം കിടക്കുന്നു. ഇവനെ ഒന്നു പാഠിപ്പിക്കണം എന്നു് ആലോചിച്ചു്, ഇനി കൈ യാതൊന്നും വായിൽ വെയ്ക്കയില്ലെന്നും, വെച്ചാൽ വാ കൈക്കൊള്ളുകയില്ലെന്നും നാവു് രസിപ്പിക്കുകയില്ലെന്നും, പല്ലു ചവയ്ക്കയില്ലെന്നും, ഇങ്ങനെ ഉപവാസമിട്ടു് ഉദരത്തെ ക്ഷയിപ്പിക്കണമെന്നും നിശ്ചയിച്ചു. കുറേദിവസം കഴിഞ്ഞപ്പോൾ കരങ്ങൾ ക്ഷീണിച്ചു; നാവു ഇളക്കാൻ മേലാതായി; വാ തുറക്കാൻ മേലാതായി; ശരീരം മുഴവനും നശിക്കാറായി; അപ്പോൾ വയറിന്റെ സഹായം തങ്ങൾക്കു് ആവശ്യമാണെന്നും തങ്ങൾ ഉദരത്തെ പോഷിപ്പിക്കുന്നതുപോലെ തങ്ങൾക്കു ജീവനും ശക്തിയും വയറു തരികയാണെന്നും, തന്റെ സദാപ്രവൃത്തികൊണ്ടും യത്നംകൊണ്ടും എല്ലാ അവയവങ്ങൾക്കും രക്തത്തെ ഞരമ്പൂടെ വയറു നൽകുന്നുവെന്നും ഗ്രഹിച്ചു് ആ നാശകരമായ കലഹം അമരുകയും ചെയ്തു."

## അദ്ധ്യായം പതിനേഴ്

# ഗദ്യസാഹിത്യവികാസം—1

### വ്യവഹാരഭാഷ

ആധുനികഭാഷാഗദ്യകാരന്മാരുടെ പുരോഗാമികൾ എന്ന സ്ഥാനം സർവ്വോപരി അർഹിക്കുന്നതു കരിയാട്ടിൽ യൗസേപ്പുമല്പാനും പാറേമ്മാക്കൽ തോമ്മാകത്തനാരുമാണെന്ന പത്താം അദ്ധ്യായത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ പദ്യരീതി ആദ്യം സംസ്കൃതത്തെയും പ്രായേണ തമിഴിനെയും ആശ്രയിച്ചുണ്ടായെങ്കിൽ, ഗദ്യം യൂറോപ്യൻഭാഷകളെയാണു ബഹുധാ അനുകരിച്ചിട്ടുള്ളതെന്നും, നാട്ടുകാരിൽ ആദ്യമായി യൂറോപ്യൻഭാഷകൾ പഠിച്ചു ഗ്രന്ഥരചനയ്ക്കു തുനിഞ്ഞവർ മേല്പറഞ്ഞ പുണ്യശ്ലോകന്മാരായിരുന്നുവെന്നും അവിടെ വിശദമാക്കിയിരുന്നു. മാത്രമല്ല, ഇദാനീന്തനഭാഷയോടു തുലനംചെയ്യുന്നപക്ഷം നമുക്ക് അസുന്ദരമായും അബദ്ധമായും തോന്നാവുന്ന പല പദങ്ങളും പ്രയോഗങ്ങളും മേല്പറഞ്ഞ കൃതികളിൽ കണ്ടേക്കാമെന്നും അതൊന്നും ആ പ്രാചീനകൃതികൾക്കു കളങ്കകാരണങ്ങളല്ലെന്നും പ്രസ്താവിച്ചിരുന്നു.

"ക്രിസ്ത്യാനികൾ വർത്തമാനപ്പുസ്തകംമുതലായി ഏതാനും ചില ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയിലെ ശബ്ദകോശവും വാക്യശൈലിയും അസംസ്കൃതമായ വ്യാവഹാരികഭാഷയിൽ പെടുന്നതാകയാൽ സാഹിത്യദൃഷ്ട്യാ ഉത്തമകോടിയിൽ പരിഗണിക്കുന്നതിന് അർഹങ്ങളല്ല" (കേരളസാഹിത്യചരിത്രം IV പു. 135) എന്നുള്ള മഹാകവി ഉള്ളൂരിന്റെ അഭിപ്രായം, വ്യാവഹാരികഭാഷയ്ക്കു സാഹിത്യത്തിൽ കൂടുതൽകൂടുതൽ സ്ഥാനം അനുവദിച്ചുവരുന്ന ഇക്കാലത്തു പ്രത്യേകിച്ചും, സ്വീകാര്യമാണെന്നു തോന്നുന്നില്ല. അദ്ദേഹംതന്നെ അന്യത്ര പ്രസ്താവിച്ചിട്ടുള്ളതുപോലെ "തോമ്മാകത്തനാരുടെ പ്രസ്തുതകൃതി ഏതുനിലയ്ക്കു നോക്കിയാലും കൈരളിക്ക് ഒരു കനകാഭരണമാണെന്നുതന്നെ പറയേണ്ടതാണ്... സംസ്കൃതപ്രധാനമായ ഒരു ശൈലിയല്ല അദ്ദേഹത്തിനുള്ളത്; പ്രത്യുത അന്നത്തെ സക്കാരെഴുത്തുകുത്തുകളിലുംമററും പ്രചുരപ്രചാരമായിരുന്ന ഒരുതരം ഭാഷാരീതിയാണ്. യാത്രാവിവരണത്തിന് ഏററവും യോജിച്ച ഒരു രീതിതന്നെയാണ് അതു് എന്നുള്ളതിനു സംശയമില്ല... ആകെക്കൂടി ഭാഷയിലെ ആകർഷകമായ ഒരു ഗദ്യഗ്രന്ഥം എന്നതിനുപുറമേ, അക്കാലത്തെ ദേശചരിത്രം, സമുദായചരിത്രം തുടങ്ങിയ വിവിധവിഷയങ്ങളെപ്പററി അന്യത്ര അസുലഭമായ വിജ്ഞാനത്തിന്റെ ഭണ്ഡാഗാരം എന്നനിലയിലും വർത്തമാനപ്പുസ്തകം നമ്മുടെ സമഗ്രമായ ശ്ലാഘയെ അർഹിക്കുന്നു." (കേരളസാഹിത്യചരിത്രം III, പു. 634.)

മലയാളഭാഷ ആശ്രയിച്ചുപോന്ന സംസ്കൃതഭാഷയ്ക്കു വ്യവസ്ഥിത

മായ ഒരു ഗദ്യരീതി ഇല്ലാതിരുന്നതിനാൽ ആദ്യകാലത്തു് മലയാളത്തിനും ശരിയായ ഒരു ഗദ്യരീതി ഉണ്ടായിരുന്നില്ല. കേരളത്തിൽ പാശ്ചാത്യഭാഷകൾ, പ്രത്യേകിച്ച് ഇംഗ്ലീഷ്, പ്രചരിച്ചുതുടങ്ങിയതിനുശേഷമാണു മലയാളത്തിലെ ഗദ്യശാഖ വികസിച്ചിട്ടുള്ളതു്. പാശ്ചാത്യഭാഷകളിൽ പാണ്ഡിത്യംനേടിയ ഭാഷാഭിമാനികളാണു് ആദ്യത്തെ മലയാളഗദ്യകാരന്മാർ. ഇവക്കു പ്രകടമായ ഒരു പ്രതിബന്ധം സാഹിത്യവ്യവസായത്തിൽ ഉണ്ടായിരുന്നുവെന്നുള്ളതു വിസ്മരിക്കത്തക്കതല്ല. സാമാന്യജനങ്ങൾക്കുവേണ്ടിയായിരുന്നു അവർ ഗ്രന്ഥനിർമ്മാണം ചെയ്തിരുന്നതു്. ആ സാമാന്യജനങ്ങൾ സംസ്കൃതപണ്ഡിതന്മാരോ, തങ്ങളെപ്പോലെ പാശ്ചാത്യഭാഷകൾ അറിയാവുന്നവരോ ആയിരുന്നില്ല. ആകയാൽ ആ സാമാന്യജനങ്ങൾ വായിച്ചുമനസ്സിലാക്കണമെങ്കിൽ അവക്കറിയാവുന്ന ഭാഷയിൽതന്നെ രചനനടത്തേണ്ടതു് ഒഴിച്ചുകൂടാത്ത ഒരു ആവശ്യമായിത്തീന്നു. അങ്ങനെയാണു് ആദ്യകാലങ്ങളിലെ ഗദ്യസാഹിത്യകാരന്മാർ വ്യാവഹാരികഭാഷയിൽതന്നെ ഗ്രന്ഥങ്ങൾ രചിക്കുവാൻ നിർബന്ധിതരായതു്.

ഇനി അന്നത്തെ വ്യാവഹാരികഭാഷ ഏതുതരത്തിലുള്ളതായിരുന്നു എന്നു നോക്കാം. 993(1818) കുംഭം 29-ാം തീയതിയിലെ ഒരു രാജകീയ 'നീട്ട്' ആണു താഴെ ചേത്തിരിക്കുന്നതു്: "കുംപിനി ഭെഷ്ഷ്യ വകയിലും കടൻവകയിലും പണ്ടാരവകയിൽനിന്നും കുംപിനി ഖജനാവകക്കു ഒട്ടക്കിയ രൂപായിൽ 21200 രൂപാക്കു വ്യത്യാസമായിട്ടു കാണുന്നുവെന്നും അതിൻവണ്ണം വ്യത്യാസംവന്നതു ഇന്ന സങ്ങതിയാൽ എന്നു നേരായിട്ടു തിട്ടം വന്നില്ലെന്നും എംകിലും ഈവക രൂപാ പണ്ടാരവകക്കു വരുവാനൊള്ളതായിട്ടിരുന്നുവെങ്കിൽ പണ്ടാരവകക്കു ഒട്ടക്കണമെന്നു കണ്ണെലിനു അപെക്ഷയായിരിക്കുന്ന അവസ്ഥകൊണ്ടും ശെഷം വത്തമാനങ്ങൾക്കും കണ്ണെലിൻെറ കട്ടദാസു എഴുതിവരികകൊണ്ടും അതിൻവെണ്ണം കുംപിനി ഖജനാവിൽ ഒട്ടക്കിയവകയിൽ പണ്ടാരവകക്കു വരുവാനൊള്ള രൂപാ 21200-ം കൊട്ടയത്തു സിമ്മനാരിൽ ചിലവുവകക്കു ഇനാമായിട്ടു കൊട്ടപ്പിക്കണമെന്നു നമുക്കു മനസ്സായിരിക്കകൊണ്ടും അപ്രകാരം ഈവക രൂപാ കൊട്ടപ്പിച്ചുകൊള്ളത്തക്കവണ്ണം നിദാനംവരുത്തേണ്ടതിനു കണ്ണെലിൻെറപേക്കു നമ്മുടെ എഴുത്തു കൊട്ടത്തയച്ചിരിക്കുന്നു."

പത്തൊൻപതാം നൂററാണ്ടിൻെറ ആദ്യപാദത്തിൽ മലയാളത്തിലുണ്ടായ പ്രധാനഗദ്യകൃതി ക്രൈസ്തവവേദപുസ്തകത്തിൻെറ പരിഭാഷയായിരുന്നു. അതു് എപ്രകാരം സാമാന്യജനങ്ങൾക്കു മനസ്സിലാകത്തക്ക നാടോടിഭാഷയിൽ വിരചിതമായി എന്നു കഴിഞ്ഞ ഒരു അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ടു്. അതിനുശേഷം മലയാളഗദ്യം വളരെ പുരോഗമിച്ചു. ആ പുരോഗതി രണ്ടു മാർഗ്ഗങ്ങളിലൂടെയാണു കുറേക്കാലത്തേക്കുണ്ടായതു്. ഇംഗ്ലീഷ്ഭാഷയിൽ പാണ്ഡിത്യം നേടാതിരുന്ന ചാവറക്കുറിയാക്കോസച്ചൻ, ഡോക്ടർ മാർസലീനോസുമെത്രാൻ മുതലായവർ വ്യാവഹാരികഭാഷയിൽത്തന്നെ ഗ്രന്ഥനിർമ്മാണം ചെയ്തപ്പോൾ, ഇംഗ്ലീഷ്ഭാഷാപാണ്ഡിത്യം നേടുന്നതിനു സാധിച്ച ഡോക്ടർ ഗുണ്ടർട്ട്, റവ.

ജോർജ് മാത്തൻ, ആർച്ചുഡീക്കൻ കോശി, കണ്ടത്തിൽ വറുഗീസുമാപ്പിള മുതലായവർ ആ വ്യാവഹാരികഭാഷയെത്തന്നെ സംസ്കരിച്ചു നവ്യമായ ഒരു ഗദ്യസരണി വെട്ടിത്തുറന്നു് അതിലൂടെ ഗ്രന്ഥനിർമ്മാണം ചെയ്തിരുന്നു. അങ്ങനെ പത്തൊൻപതാം നൂററാണ്ടു് അവസാനിക്കാറായപ്പോഴേക്കു് ഇന്നു നിലവിലിരിക്കുന്ന ഗദ്യസമ്പ്രദായത്തിനു രൂപം കൊടുക്കുന്നതിനു് അവർക്കു സാധിച്ചു.

## ചാവറ കുര്യാക്കോസച്ചൻ

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1805 ഫെബ്രുവരി 8-ാം തീയതി കൈനകരിയിൽ പടിഞ്ഞാറെ ചാവറ കുടുംബത്തിൽ ജാതനായി. പള്ളിപ്പുറം സെമ്മിനാരിയിൽ പഠനം പൂർത്തിയാക്കി 1829-ൽ വൈദികവൃത്തി സ്വീകരിച്ചു. മലയാളം, സംസ്കൃതം, തമിഴ്, സുറിയാനി, ലത്തീൻ, പോർത്തുഗീസ് എന്നീ ഭാഷകളിൽ പാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹം അക്കാലത്തെ ഒരു പേരുകേട്ട വാഗ്മികൂടി ആയിരുന്നു. കേരളത്തിലെ കർമ്മലീത്താനിഷ്പാദുക മൂന്നാംസഭയുടെ പ്രാരംഭകന്മാരിൽ ഒരാളായ അദ്ദേഹം 1855-ൽ അതിൻെറ ഒന്നാമത്തെ പ്രിയോരായി. കുറേക്കാലങ്ങൾക്കുശേഷം വരാപ്പുഴ രൂപതയിൽ സുറിയാനിക്കാരുടെ വികാരിജനറാളായി. അക്കാലത്താണു് ഇടവകതോറും വിദ്യാലയങ്ങൾ സ്ഥാപിച്ചുകൊള്ളണമെന്നു കാണിച്ചു് അദ്ദേഹം ഒരു സർക്കുലർ പുറപ്പെടുവിച്ചതു്. താനുൾപ്പെട്ട സുറിയാനിസമുദായത്തിന്റെ ആദ്ധ്യാത്മികവും സാമൂഹ്യവുമായ പുരോഗതിക്കുവേണ്ടി തീക്ഷ്ണതാപൂർവ്വം പ്രയത്നിച്ചിരുന്ന ഈ മഹാശയൻ 1871 ജനുവരി 3-ാംതീയതി 66-ാമത്തെ വയസ്സിൽ നിര്യാതനായി.

സഭാസംബന്ധവും സാമുദായികവുമായുണ്ടായിരുന്ന വിശ്രമരഹിതമായ കൃത്യശതങ്ങൾക്കിടയിൽ മാതൃഭാഷാപോഷണം അദ്ദേഹം വിസ്മരിച്ചിരുന്നില്ല. അദ്ദേഹത്തിൻേറതായി (1) ആത്മാനുതാപം (പദ്യകൃതി), (2) നാളാഗമം ഒന്നും രണ്ടും ഭാഗങ്ങൾ, (3) റോക്കോസു ശീശ്മയുടെ ചരിത്രം, (4) കർമ്മലീത്താസഭയുടെ സ്ഥാപകരായിരുന്ന പാലയ്ക്കൽ തോമ്മാ മല്പാൻെറയും പോരുക്കര തോമ്മാ മല്പാൻെറയും ചരിത്രങ്ങൾ, (5) നല്ല അപ്പൻെറ ചാവരുൾ, (6) ധ്യാനസല്ലാപങ്ങൾ, (7) സ്നേഹസല്ലാപങ്ങൾ, (8) മരണപർവ്വം തുടങ്ങിയ ചില പർവ്വങ്ങൾ, (9) ഭക്തിരസപ്രധാനങ്ങളായ ചില പ്രഹസനങ്ങൾ എന്നീ കൃതികൾ മലയാളത്തിനു ലഭിച്ചിട്ടുണ്ടു്.

നാളാഗമം ഒരു ആത്മകഥയെന്നതുപോലെതന്നെ മലങ്കരസഭയുടെ വിസ്തൃതമായ ഒരു സമകാലികചരിത്രവുമാകുന്നു. 1829 മുതൽ 1855 വരെയുള്ള ചരിത്രം ഒന്നാം ഭാഗത്തിലും 1855 മുതൽ 1870 വരെയുള്ള ചരിത്രം രണ്ടാം ഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. ചരിത്രരേഖകൾ സൂക്ഷിക്കുന്നതിൽ കേരളീയർ എത്ര പിന്നോക്കമാണെന്നുള്ള വസ്തുത ആലോചിക്കുമ്പോൾ, ഒരു നൂററാണ്ടിനു മുൻപുള്ള ചാവറയച്ചൻ്റെ ഈ സേവനം എത്ര മഹത്തരമാണെന്നു മനസ്സിലാക്കാവുന്നതാണു്. സംഭവ

ങ്ങളുടെ സൂക്ഷ്മാംശങ്ങളെ പാരുഷ്യം കലരാത്ത നിഷ്പക്ഷബുദ്ധിയോടുകൂടി ഈ ഗ്രന്ഥത്തിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന് ഇടപെടേണ്ടിവന്നിട്ടുള്ള വ്യക്തികളുടെ ആകൃതിയും പ്രകൃതിയും ഭാവങ്ങളും അനുകമ്പാനിർഭരമായ വിമർശനപാടവത്തോടും, വേണ്ടയിടങ്ങളിൽ ആസ്വാദ്യമായ ഫലിതരസത്തോടുംകൂടി നാളാഗമത്തിൽ ചിത്രീകരിച്ചിരിക്കുന്നു. ലളിതപദങ്ങൾകൊണ്ടും കൊച്ചുകൊച്ചു വാചകങ്ങൾകൊണ്ടും യാഥാർത്ഥ്യബോധം ജനിപ്പിക്കത്തക്ക തൂലികാചിത്രങ്ങൾ രചിക്കുന്നതിലും അദ്ദേഹം സമർത്ഥനായിരുന്നു.

1833-ൽ മാന്നാനം കുന്നിൽ ഒരു കുരിശു സ്ഥാപിച്ച കാര്യം അദ്ദേഹം വിവരിക്കുകയാണ്: "കളപ്പുരയിൽവച്ച് പോരുക്കരയച്ചൻ കുരിശു റൂശ്മാ ചെയ്തു കൊട്ടും ഘോഷത്തോടെ കൊണ്ടുചെന്നു മേടമാസം 28-ാം തീയതി രാത്രിയിൽ കുരിശും നാട്ടി. പുണ്യവാളന്മാരുടെ ലുത്തനിയാ ചൊല്ലി തീർന്നപ്പോൾ അവിടെ കൂടിയവരിൽ പാലായിൽ ഉള്ളാട്ടുതറെ എന്നു വിളിക്കപ്പെട്ട ഒരു ചെമ്മാച്ചനുമുണ്ടായിരുന്നു. ഈയാളുടെ അനുജൻ ഒരു പൈതലും ഈ ഘോഷത്തിനു കൂടി. ലുത്തനിയാ കഴിഞ്ഞയുടൻ എന്റെ കാലുമ്മേൽ ഏതാണ്ടു കടിച്ചുയെന്നു പറഞ്ഞു അപ്പോൾത്തന്നെ ഒരു ഉഷ്ണവും വന്നു. ഏതെങ്കിലും താഴെ പോകാമെന്നുപറഞ്ഞ് ഇറങ്ങിയാറെ നാലാറു ചുവടു നടന്നപ്പോൾ നടപ്പാൻ പാടില്ലാഞ്ഞു. ഒരു പ്രകാരമായി നടത്തി താഴത്തു ചെന്നാറെ പോരുക്കര അച്ചൻ ചെന്നു ഹന്നാൻ വെള്ളം തളിച്ചു നമസ്കരിപ്പാൻ എല്ലാവരോടും പറഞ്ഞു. യാതൊരു വിഷവൈദ്യക്കാരരെക്കൊണ്ടും ഒന്നും ചെയ്യിക്കണ്ടാ എന്നും പറഞ്ഞതിൻവണ്ണംതന്നെ യാതൊന്നും ചെയ്തുമില്ല. വെളുത്തപ്പോൾ സൗഖ്യമാകുകയും ചെയ്തു."

ചാവറയച്ചന്റെ മറ്റൊരു ഗദ്യകൃതിയാണ് "റോക്കോസുശീശ്മയുടെ ചരിത്രം." 1861-ൽ, കേരളത്തിൽ അനധികൃതമായി വന്നെത്തി ഇവിടെ ചില കുഴപ്പങ്ങളുണ്ടാക്കിയ ഒരു സുറിയാനിമെത്രാനാണ് മാർ തോമ്മാ റോക്കോസ്. അദ്ദേഹത്തിന്റെ ആഗമനവും, അതോടുകൂടി കേരളസുറിയാനിക്കാരുടെ ഇടയിലുണ്ടായ കുഴപ്പങ്ങളും, അദ്ദേഹംനിമിത്തമുണ്ടായ ശീശ്മ ഇല്ലാതാക്കുന്നതിനു ചാവറയച്ചൻ ചെയ്ത യത്നങ്ങളും, ശീശ്മയുടെ അവസാനവും സമഗ്രമായി വിവരിക്കുന്ന ഒരു ചരിത്രമാണ് 200-ൽപരം പുറങ്ങൾ വരുന്ന ഈ ഗ്രന്ഥം. റോക്കോസ്മെത്രാൻ കൊച്ചിയിൽനിന്നു കപ്പൽകയറിപ്പോയശേഷമുള്ള സ്ഥിതി ഗ്രന്ഥകാരൻ വിവരിക്കുന്നു: "എന്നാൽ മെത്രാനോടുകൂടെ തൊണ്ടനാട്ടു അന്തോനി കത്തനാരച്ചനും രണ്ടു ശെമ്മാശന്മാരും പോകയും ചെയ്തു. തീക്കപ്പൽ നീക്കി പുക കാണ്മാൻ മേലാതെ ആകുന്നവരെയും ആ ഭാഗക്കാരു കടപ്പുറത്തുനിന്നു നോക്കുകയും ചിലരു കണ്ണുനീരു ചൊരിഞ്ഞു കരഞ്ഞു ദുഃഖം കാണിക്കുകയും ചെയ്തു. ഇതിന്റെശേഷം എല്ലാവരും അവിടെനിന്നും പോന്നു ഞാറയ്ക്കൽ വന്നു എല്ലാവരുംകൂടെ നിശ്ചയിച്ചതായത്. ഇനി റോക്കോസുമെത്രാന്റെ ഭാഗത്തു നിന്നിരുന്ന പള്ളിക്കാരു ഒരുത്തരും അഞ്ചെട്ടുമാസത്തിനകം നമുക്കു മെത്രാൻ ഇല്ലായെന്നുവെച്ചു വരാപ്പുഴ

ചെന്നുചേരരുതെന്നു എല്ലാവരുംകൂടി ഒരുടമ്പടി പറഞ്ഞു നിശ്ചയിച്ചും വെച്ചു ദുഃഖത്തോടെ പിരിഞ്ഞുപോവുകയും ചെയ്തു. കുറേനാൾ കഴിഞ്ഞപ്പോൾ ചിലൎക്ക ഒരു യജമാനന്റെ കീഴല്ലാതെ നിൽക്കുന്നതു ശരി അല്ലന്നുവച്ചു ചില പള്ളിക്കാരു തെക്കും വടക്കുമുള്ള വരാപ്പുഴഭാഗത്തിൽ കൂടി തുടങ്ങി.''

ചാവറ കുര്യാക്കോസ് ഏലിയാ അച്ചൻ അദ്ദേഹത്തിന്റെകാലത്തെ മഹാപുരുഷന്മാരിൽ ഒരാളായിരുന്നു. കേരളത്തിലെ മൂന്നാമത്തെ അച്ചടിശാലയായ മാന്നാനംപ്രസ്സ് അദ്ദേഹമാണു സ്ഥാപിച്ചതു്. സുറിയാനി ഭാഷയിൽ മഹാപണ്ഡിതനായിരുന്ന അദ്ദേഹം സംവിധാനം ചെയ്തതാണു് ഇന്നു കേരളീയസുറിയാനിക്കാരുടെ ഇടയിൽ നടപ്പിലിരിക്കുന്ന ഏകീകൃതമായ ആരാധനക്രമം, തുക്കാസാ, ദുഃഖശനിയാഴ്ചക്രമം,വൈദികരുടെ കാനോനാനമസ്കാരം മുതലായവ.

## അയ്മനം പി. ജോൺ

കോട്ടയത്തു ചർച്ചുമിഷൻ സൊസൈററിക്കാർ ആരംഭിച്ച ഇംഗ്ലീഷ്‌വിദ്യാലയത്തിൽ ചേൎന്നു പഠിക്കുകയും പാണ്ഡിത്യം സമ്പാദിക്കുകയും ചെയ്ത കേരളീയരിൽ ചിലർ വലിയ ഭാഷാപണ്ഡിതന്മാരും, മലയാളഭാഷയ്ക്കും സാഹിത്യത്തിനും മഹത്തായ സംഭാവനകൾ നൽകിയിട്ടുള്ളവരുമാണു്. അവരിൽ ഒരാളായ അയ്മനം പി. ജോൺ 1825 ആഗസ്റ്റ് 7–ാംതീയതി കോട്ടയത്തിനു സമീപമുള്ള അയ്മനം എന്ന സ്ഥലത്തു ജാതനായി. ആ സ്ഥലത്തുനിന്നും ഉന്നതവിദ്യാഭ്യാസത്തിനായി മിഷ്യനറിമാർ തിരഞ്ഞെടുത്ത നാലുപേരിൽ ഒരാളായിരുന്നു അദ്ദേഹം. വിദ്യാഭ്യാസാനന്തരം കോഴിക്കോട്ട ഗവമ്മെൻറുസ്കൂളിൽ മുൻഷിയായും തുടൎന്നു തലശ്ശേരി സബ്കോടതിയിൽ ശിരസ്തദാരായും ജോലിനോക്കി. 1880–ൽ ജോലിയിൽനിന്നു പിരിഞ്ഞ അദ്ദേഹം 1893 ഡിസംബർ 3–ാംതീയതി നിര്യാതനായി.

ജോണിന്റെ ഭാഷാകൃതികളിൽ സവ്വപ്രധാനം ''ഇൻഡ്യാചരിത്ര''മാണു്. ഇതു് 1860–ൽ സി. എം. എസ്. പ്രസ്സിൽനിന്നു പ്രസിദ്ധപ്പെടുത്തി. ''എല്ലാവക പള്ളിക്കൂടങ്ങളുടെയും'' ഉപയോഗത്തിനുവേണ്ടിയാണു് അദ്ദേഹം ഇതു രചിച്ചതു്. മലയാളത്തിലെ ആദ്യത്തെ ചരിത്രപുസ്തകമെന്ന അപൂവ്വബഹുമതിക്കു് അതു് അർഹമായിരിക്കുന്നു. മോറിസ് എന്ന ആംഗ്ലേയപണ്ഡിതൻ രചിച്ചിട്ടുള്ള ഇൻഡ്യാചരിത്രത്തിന്റെ ഒരു പരിഭാഷയാണിതു്. എന്നാൽ മോറിസിന്റെ പുസ്തകത്തിൽ ഇല്ലാത്ത പല പ്രധാനസംഗതികളും, വിൽസൺ, ഗാറെറ്റ മുതലായവരുടെ ഗ്രന്ഥങ്ങളിൽനിന്നും എടുത്തുചേൎക്കുവാൻ അദ്ദേഹം മറന്നില്ല. കേവലം ഇൻഡ്യയുടെ ചരിത്രം പ്രതിപാദിക്കുക എന്നതിലധികമായി ഭാഷ പഠിക്കുവാൻ ഉപകരിക്കുന്ന ഒരു ഗദ്യകൃതിയായിക്കൂടി അദ്ദേഹം ഇതിനെ പരിഗണിച്ചിരുന്നു. ''മലയാളഭാഷ പഠിക്കുന്നതിനു ആഗ്രഹമുള്ള ബിലാത്തിക്കാൎക്കും ഈ പുസ്തകം ഉപയോഗമായി വരുന്നതിനുവേണ്ടി വാചകമൊക്കെയും കഴിയുന്നേടത്തോളം സ്പഷ്ടമായും മലയാളഭാഷയുടെ രീതി

പ്രകാരവും ഉണ്ടാക്കിയിരിക്കുന്നു'' എന്നു ഗ്രന്ഥകാരൻതന്നെ പ്രസ്താവിച്ചിട്ടുണ്ട്. തൻെറ ഉദ്യമത്തിൽ താൻ പൂർണ്ണമായും വിജയിച്ചിരിക്കുന്നുവെന്ന് അദ്ദേഹത്തിനു് അഭിമാനിക്കാം.

ടിപ്പുവിൻെറ പടയോട്ടത്തെപ്പററി, പ്രസ്തുതചരിത്രഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നതിൽ ഒരുഭാഗം, ഭാഷാരീതിയുടെ മാതൃക കാണുന്നതിനായി ഇവിടെ ഉദ്ധരിക്കാം: ''1789-ാം കൊല്ലത്തിൻെറ ഒടുക്കം ഡിപ്പു തിരുവിതാംകൂറുരാജ്യം വളഞ്ഞു. അവൻ അതിനെ അതിക്രമത്താൽ പിടിക്കുന്നതിനു ശ്രമിച്ചു. എങ്കിലും അതു സാദ്ധ്യമാകായ്കകൊണ്ടു അവൻ പാളയമടിച്ചിരുന്ന സ്ഥലത്തിനു അല്പം ദൂരെ കണ്ട ഒരു ഗൂഢവഴിയിലൂടെ കോട്ടയ്ക്കകത്തു കടക്കേണ്ടതിനു ശ്രമിച്ചു. കോട്ടയെ രക്ഷിക്കേണ്ടതിനു ആദ്യം ചെയ്ത തടസ്ഥങ്ങൾ ഒക്കെയും ജയിച്ചു അവന്റെ സൈന്യങ്ങൾ എളുപ്പത്തിൽ അകത്തു പ്രവേശിക്കുന്നതിനുവേണ്ടി കോട്ടയുടെ ഒരു ഭാഗം ഇടിച്ചുകളയുന്നതിനു പടയാളികൾക്കു കല്പന കൊടുത്തുവെച്ചു തന്റെ സൈന്യങ്ങളിൽ വലിയഭാഗം കിടന്നിരുന്ന സ്ഥലത്തേക്കു കോട്ടയുടെ മുന്നിൽകൂടെ അവൻ ചെന്നു. അപ്പോൾ ഹിന്തുക്കളിൽ ഏതാനുംപേർ വെച്ച വെടികൊണ്ടു പിന്നോക്കം ഓടി. പിന്നാലെ ഓടിയവർ കോട്ടയുടെ ഒരു ഭാഗം പൊളിച്ച വിവരം ഓക്കാതെ മുൻപോട്ടു തള്ളുകയാൽ മുന്നണിയിൽ നിന്നവരിൽ വളരെപ്പേർ കോട്ടയുടെ വിള്ളലിൽകൂടെ ഉരുണ്ടുവീണു. അവരിൽ ഏററിയപേക്കും അപജയം വന്നുപോയി. സുൽത്താൻതന്നെയും വളരെ പ്രയാസത്തോടെ രക്ഷപ്പെട്ടു. ഇതിനാൽ അവൻെറ കോപം ജ്വലിച്ചു. ശ്രീരംഗപട്ടണത്തിൽനിന്നും ഏതാനും വലിയ തോക്കുകൾ വരുത്തി കോട്ടയെ നശിപ്പിച്ചു. രാജാവിൻെറ രാജ്യത്തു കടന്നു വളരെ ക്രൂരതകളും അഴിമതികളും ചെയ്തു.''

നിയമസംബന്ധമായും മററും വേറെയും ചില കൃതികൾ ജോൺ മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്.

## ഉമ്മൻ പീലിപ്പോസ്

തിരുവല്ലാ താലൂക്കിൽപ്പെട്ട കല്ലൂപ്പാറ പകുതിയിൽ കലയൂർ എന്ന കുടുംബത്തിലാണു് 1838-ൽ ഉമ്മൻ പീലിപ്പോസ് ജനിച്ചതു്. ബാല്യത്തിലെതന്നെ മാതാപിതാക്കന്മാർ മരിച്ചുപോകുകയാൽ, മാതൃസഹോദരനായ ജോർജ്ജ് കുരിയൻപാതിരിയുടെ സംരക്ഷണയിലാണു പീലിപ്പോസ് വളർന്നുവന്നതു്. കൊച്ചി, കോട്ടയം എന്നീ സ്ഥലങ്ങളിൽ വിദ്യാഭ്യാസം ചെയ്തശേഷം, കൊച്ചിയിൽ ഒരു ഗ്രാൻറുവിദ്യാലയത്തിൽ അദ്ധ്യാപകനായി ജോലി സ്വീകരിച്ചു. അക്കാലത്തു വാൾക്കർ എന്ന യൂറോപ്യൻ കൊച്ചിയിൽനിന്നു 'വെസ്റ്റേൺ സ്റ്റാർ' എന്ന പേരിൽ ഒരു ഇംഗ്ലീഷ്പത്രം പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. അതിനോടു് അനുബന്ധിച്ചു 'പശ്ചിമതാരക' എന്ന പേരിൽ ഒരു മലയാളപത്രം ആരംഭിച്ചപ്പോൾ പീലിപ്പോസ് അദ്ധ്യാപകവൃത്തി രാജിവെച്ചു് പത്രാധിപത്യം സ്വീകരിച്ചു. 1880 ജൂലൈ 20-ാംതീയതി നിര്യാതനാകുന്നതുവരെ

അദ്ദേഹംതന്നെയാണു പശ്ചിമതാരക നടത്തിക്കൊണ്ടിരുന്നതു്. ഒരു നല്ല പത്രാധിപർ എന്ന പ്രശസ്തി അദ്ദേഹം സമാർജ്ജിച്ചിരുന്നു.

ആൾമാറാട്ടം, അമരകോശപ്രദീപിക എന്ന രണ്ടു ഗ്രന്ഥങ്ങളാണു പീലിപ്പോസിൻെറ തൂലികയിൽനിന്നു മലയാളസാഹിത്യത്തിനു ലഭിച്ചിട്ടുള്ളതു്. കൊച്ചിയിൽ അദ്ധ്യാപകനായിരിക്കുന്ന കാലത്താണു് ആൾമാറാട്ടം രചിച്ചതു്. 1866 നവംബർമാസത്തിൽ അതു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മലയാളഭാഷയിലെ ഒന്നാമത്തെ നോവൽ ആയ ഈ 'ആൾമാറാട്ടം, അഥവാ ഒരു നല്ല കേളിസല്ലാപം' ഷേക്സ്പിയർ മഹാകവിയുടെ കോമഡി ഓഫ് എറേഴ്സ് (Comedy of Errors) എന്ന നാടകത്തിൻെറ ഒരു സ്വതന്ത്രവിവർത്തനമാണു്. "ഇംഗ്ലീഷ് കവിശ്രേഷ്ഠൻ വില്യം ഷെക്സ്പിയർ എന്ന ജഗൽപ്രസിദ്ധൻ വകഞ്ഞുണ്ടാക്കിയിരിക്കുന്ന നാടകങ്ങളിൽ" ഒന്നാണു തൻെറ കഥയ്ക്കു് ആധാരമെന്നു ഗ്രന്ഥകാരൻതന്നെ വ്യക്തമാക്കിയിട്ടുണ്ടു്.

"ഈ പുതുമ പരസമ്മതമാണെന്നും ഇങ്ങനെയുള്ള പ്രബന്ധങ്ങളിൽ വായനക്കാർക്കു് ഇമ്പവും താല്പര്യവും ഉണ്ടെന്നും കണ്ടാൽ ഇതിനെക്കാൾ വലിപ്പവും വിശേഷവും കൂടിയ കൃതികൾ പലതും കുററം തീർത്തു വെച്ചിട്ടുള്ളതും താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതുമാകുന്നു" എന്നു് അവതാരികയിൽ ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. പക്ഷെ 'വലിപ്പവും വിശേഷവും കൂടിയ' ആ പല കൃതികളും മലയാളസാഹിത്യത്തിനു നഷ്ടപ്പെട്ടിരിക്കുകയാണു്.

## ഡോക്ടർ മർസലീനോസ് മെത്രാൻ

ഡോക്ടർ മർസലീനോസ് ഇറ്റലിസ്വദേശീയനായ ഒരു ബഹുഭാഷാപണ്ഡിതനും താർക്കികനും ഗ്രന്ഥകാരനുമായിരുന്നു. വരാപ്പുഴക്കീഴിൽ ഒരു മിഷ്യനറിയായി കേരളത്തിലെത്തിയ അദ്ദേഹം പുത്തൻപള്ളി സെമ്മിനാരിയുടെ ഒന്നാമത്തെ റെക്ടറായി. 1866 മുതൽ 1877 വരെ അദ്ദേഹം ഈ ജോലി തുടൎന്നു. 1877–ൽ കേരളീയസുറിയാനിക്കാരുടെ മേൽമാത്രം ഭരണാധികാരത്തോടുകൂടി, വരാപ്പുഴ മെത്രാപ്പോലീത്തായുടെ കോദ്യുത്തോരായി നിയമിക്കപ്പെട്ടു. അക്കൊല്ലം ഒക്ടോബർ 21–ാം തീയതി മെത്രാനായി അഭിഷേകം സ്വീകരിച്ചു. 1887–ൽ സുറിയാനിക്കാർക്കു പ്രത്യേകവികാരി അപ്പസ്തോലിക്കമാർ നിയമിക്കപ്പെട്ടപ്പോൾ ഡോക്ടർ മർസലീനോസ് അവരുടെമേലുള്ള ഭരണം ഒഴിയുകയും, വരാപ്പുഴ മെത്രാപ്പോലീത്തായുടെ സഹായിയായി തുടരുകയുംചെയ്തു. 1892 മാർച്ച് 21–ാം തീയതി അദ്ദേഹം നിര്യാതനായി.

ഡോക്ടർ മർസലീനോസ് കേരളകത്തോലിക്കസഭയ്ക്കു് അവിസ്മരണീയങ്ങളായ പല സേവനങ്ങളും ചെയ്തിട്ടുണ്ടു്. കേരളീയ കർമ്മലീത്താസന്യാസസഭയുടെ സ്ഥാപനത്തിലും പുരോഗതിയിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഇന്നും നിലവിലിരിക്കുന്ന, കേരളത്തിലെ ആദ്യത്തെ രണ്ടു വർത്തമാനപത്രങ്ങളായ സത്യനാദ(കാഹള)ത്തിൻെറയും (നസ്രാണി) ദീപികയുടെയും പ്രാദുർഭാവത്തിനു് അദ്ദേഹവും ഒരു കാരണക്കാരനായി

രുന്നു. കത്തോലിക്കർക്കു സി. എം. എസ്. സ്കൂളിൽ ഇംഗ്ലീഷ്‌വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന അക്കാലത്തു്, കത്തോലിക്കകുട്ടികൾക്കുവേണ്ടി കൊച്ചിയിൽ സാൻറക്രൂസ് എന്ന ഇംഗ്ലീഷ്‌വിദ്യാലയം സ്ഥാപിച്ചു. അതിന്റെ ചുമതല അയിറിഷ്‌കാരായ കർമ്മലീത്താക്കാരെയാണു് ഏല്പിച്ചതു്. മാത്രമല്ല, സെമ്മിനാരികളിലും ഇംഗ്ലീഷ് പാഠ്യവിഷയമാക്കി. പുത്തൻപള്ളിസെമ്മിനാരി വലുതാക്കുകയും, ഇംഗ്ലീഷ് സുറിയാനിപരീക്ഷകളിൽ ജയിക്കുന്നവർക്കേ പട്ടം കൊടുക്കുകയുള്ളുവെന്നു തീരുമാനിക്കുകയുംചെയ്തു. അദ്ദേഹത്തിൻെറ ഭരണകാലത്തുതന്നെയാണു കേരളകത്തോലിക്കരുടെ രണ്ടാമത്തെ ഇംഗ്ലീഷ്‌സ്കൂളായ മാന്നാനത്തെ സെൻറു് എഫ്രെയിംസ് സ്ഥാപിച്ചതു്.

ഡോക്ടർ മർസലീനോസ് മലയാളത്തിനു സംഭാവനചെയ്തിട്ടുള്ളതാണു താഴെപ്പറയുന്ന കൃതികൾ: 1. മലയാളത്തിൻെറ ജ്ഞാനദീപം, 2. കേരളത്തിലെ സത്യവേദചരിത്രം, 3. യോഗസാരാംശം(വിശുദ്ധ ഇഗ്നേഷ്യസിൻെറ ആദ്ധ്യാത്മികധ്യാനങ്ങൾ), 4. വിശുദ്ധ ത്രേസ്യാഅമ്മയുടെ ജീവചരിത്രം—2 ഭാഗങ്ങൾ, 5. സന്മാർഗ്ഗശാസ്ത്രം—2 വാല്യങ്ങൾ, 6. ആത്മീയവഴികാട്ടി(വിശുദ്ധ ഫ്രാൻസിസ് സാലേസിൻെറ കൃതിയുടെ തർജ്ജമ), 7. മരണം, വിധി മുതലായ നിത്യസത്യങ്ങളെപ്പറ്റിയുള്ള രണ്ടു ധ്യാനഗ്രന്ഥങ്ങൾ, 8. വിശുദ്ധ യൗസേപ്പുപിതാവിന്റെ വണക്കമാസപുസ്തകം, 9. പരിശുദ്ധ ദേവമാതാവിൻെറ വണക്കമാസപുസ്തകം, 10. മാലാഖാസ്തുത്യ പുണ്യം, 11. വിസീത്തപ്പുസ്തകം, 12. ഈശോമിശിഹാ പട്ടക്കാരൻെറ ഹൃദയത്തോടുചെയ്യുന്ന സംഭാഷണം, 13. തിരുഹൃദയഭക്തിയെയും പ്രാർത്ഥനയുടെ അപ്പസ്തോലത്വത്തെയുംപറ്റി ചില ചെറുഗ്രന്ഥങ്ങൾ, 14. ലത്തീൻ പഠിക്കുന്നവർക്കുവേണ്ടിയുള്ള ഗ്രാമർ.

കൊച്ചിയിൽനിന്നു സി. എം. എസ്സുകാരുടെ ചുമതലയിൽ 'പശ്ചിമതാരക' പുറപ്പെട്ടപ്പോൾ, അതിൽ തുടരെ കത്തോലിക്കമതത്തെയും കേരളകത്തോലിക്കരെയും ആക്ഷേപിച്ചുകൊണ്ടുള്ള ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. ബല്ലാർഡു വിരുതു പ്രകരണം(Ballard Prize Essays) പ്രബന്ധങ്ങളെഴുതിയ റവ. ഇട്ട്യേരാ ഈപ്പൻ(1871), റവ. ജോർജ് കുര്യൻ(1872), റവ. കെ. കുരുവിള(1872), (ഇവരെല്ലാം യാക്കോബായസഭയിൽനിന്നു സി. എം. എസ്സിൽ ചേർന്നവരാണു്) എന്നിവർ കേരളത്തിലെ സുറിയാനിസഭയെപ്പററിയും കത്തോലിക്കവിശ്വാസത്തെപ്പററിയും തെററായ പല അഭിപ്രായങ്ങളും പ്രചരിപ്പിച്ചു. ഇവയെ ഖണ്ഡിച്ചും, ഇവയിലെ അബദ്ധങ്ങൾ ചൂണ്ടിക്കാണിച്ചുംകൊണ്ടു ഡോക്ടർ മർസലീനോസ് കൂനമ്മാവു് അമലോത്ഭവമാതാവിൻെറ മുദ്രാലയത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ കൃതികളാണു ജ്ഞാനദീപവും സത്യവേദചരിത്രവും.

താഴെ ഉദ്ധരിക്കുന്നതു സത്യവേദചരിത്രത്തിൽ ടിപ്പുവിൻെറ പടയോട്ടത്തെപ്പററിയുള്ള ഭാഗത്തിൽനിന്നു് എടുത്ത ഒരു ഖണ്ഡികയാണു്: "ഈ തോലി ഹേതുവായിട്ടു സുൽത്താൻ കോപിച്ചു, തിരുവിതാംകൂർ

രാജ്യം സംഹരിക്കണമെന്നു സത്യംചെയ്തു ഒരു സ്ഥലത്തു പാളയം ഇറക്കി ആവശ്യമായിരുന്ന പീരങ്കി മുതലായ യുദ്ധക്കോപ്പുകളെ വരുത്തുന്നതിനു ചട്ടംകെട്ടി മൈസൂരിലേക്കു ആളെ അയക്കയുംചെയ്തു. ഏറക്കുറെ മൂന്നരമാസം കഴിഞ്ഞപ്പോൾ ആഗ്രഹിച്ചിരുന്ന യുദ്ധക്കോപ്പുകൾ ഡീപ്പുസുൽത്താൻ പാളയമിറക്കിയിരുന്നിടത്തു വന്നുചേരുകയിൽ 1790-ാം ആണ്ടു മേടമാസം 15-ാം തിയ്യതി ലലെ എന്ന പ്രാൻസക്കാരൻ കപ്പിത്താനായിട്ടു വീണ്ടും യുദ്ധത്തിന്നു പുറപ്പെട്ടു കൊത്തളം കേറി പിടിച്ചു തിരുവിതാങ്കൂർപട്ടാളത്തെ ചിതറിക്കയുംചെയ്തു. തിരുവിതാങ്കൂർസംസ്ഥാനത്തിലെ ദിവാനജി അമ്പതിനായിരം പടയാളികളോട്ടുകൂടെ സുൽത്താൻെറ ഓട്ടം നിറുത്തുവാൻ വശമാകാതെ ഇരുന്നതിനെയും, സുൽത്താന്റെ പടയാളികളിൽ അമ്പതുപേരുമാത്രം യുദ്ധത്തിൽ വീണതിനെയും ഓക്കുമ്പോൾ ദിവാനജിയുടെ സേന യുദ്ധംചെയ്യാതെ പുറകോട്ടുതിരിഞ്ഞോടി എന്നു വിചാരിപ്പാൻ ഇടയായിരിക്കുന്നു. ഈവണ്ണം ആററിൻെറ ഒഴുക്കിനെ നിത്തുന്ന ചിറ പൊളിഞ്ഞുപോയി എന്നുവന്നാൽ കെട്ടിക്കിടന്നിരുന്ന വെള്ളങ്ങൾ വേഗത്തിൽ ഒഴുകി പരന്നുപോകുന്നതുപോലെ ഡീപ്പുസുൽത്താൻെറ പട്ടാളം വിഘ്നം ഒന്നുംകൂടാതെ കാണുന്നതെല്ലാം നിർമ്മൂലമാക്കിക്കൊണ്ടു ഓരോരുസ്ഥലങ്ങളിൽ കേറി പിടിച്ചു."

362 പുറങ്ങളുള്ള സത്യവേദചരിത്രം 1872 ലാണു പ്രസിദ്ധീകൃതമായതു്. ഏ, ഓ എന്നീ ദീർഘസ്വരങ്ങൾ എ, ഒ എന്നിങ്ങനെ ഹ്രസ്വമായും പദാന്ത്യത്തിൽവരുന്ന സംവൃതോകാരം അകാരമായുമാണു് ഈ പുസ്തകത്തിൽ അച്ചടിച്ചിരിക്കുന്നതു്. ഉ, ഊ എന്നീ സ്വരങ്ങൾക്കു വ്യഞ്ജനങ്ങളുടെ വലത്തുവശത്തു് ു, ൂ, എന്നീ ചിഹ്നങ്ങളാണു ചേത്തിരിക്കുന്നതു്.

## ആർച്ചുഡീക്കൻ ഉമ്മൻ

മാവേലിക്കരെ ആല്യംമൂട്ടിൽ എന്ന കുടുംബത്തിൽ, 1830 മാർച്ച് 23-ാം തീയതി ആർച്ചുഡീക്കൻ ഉമ്മൻ ഭൂജാതനായി. മകൻ പിറന്നു 22-ാം ദിവസം പിതാവായ മാമ്മൻ നിര്യാതനായി. 1841-ൽ മാതാവു പുനർവിവാഹം ചെയ്കയിൽ ആ ബാലൻ തീത്തും ഒരു അനാഥനായി ഭവിച്ചു. മാവേലിക്കര മിഷ്യനറിയായിരുന്ന ഹോക്സ്‌വത്തിനു് ഈ ബാലനിൽ താല്പര്യം ജനിക്കുകയും അവനെ കോട്ടയം സെമ്മിനാരിയിൽ ചേത്തു പഠിപ്പിക്കുകയും ചെയ്തു. വിദ്യാഭ്യാസശേഷം ഒരു മിഷ്യനറിയായി തിരുവല്ല, ആലപ്പുഴ, തൃശ്ശൂർ, മല്ലപ്പള്ളി, ഇലന്തൂർ, ചങ്ങനാശേരി, ഒളശ, മാവേലിക്കര മുതലായ സ്ഥലങ്ങളിൽ ജോലിചെയ്തു. 1900-ാമാണ്ടു് ആർച്ചുഡീക്കനായി. 1904 ആഗസ്റ്റ് 23-ാംതീയതി നിര്യാതനായി.

ശലോമോൻെറ സുഭാഷിതങ്ങൾ, ബാലപ്രിയൻ, സുകൃതമുള്ള സ്ത്രീ എന്നിവയാണു് അദ്ദേഹത്തിൻെറ പ്രധാനകൃതികൾ. ഒടുവിലത്തേതു് രണ്ടും ഓരോ ചെറുകഥകളാണു്. ചങ്ങനാശേരിയിൽ ജോലിയായിരുന്ന കാലത്താണു് ശലോമോൻെറ സുഭാഷിതങ്ങൾ മലയാളത്തിലേക്കു

തർജ്ജമചെയ്തതു്. 1882 ജനുവരി 17-ാം തീയതി അതു പ്രസിദ്ധീകരിച്ചു. സാമാന്യം നല്ല ഒരു ഗദ്യഗ്രന്ഥമാണു് ശലോമോൻെറ സുഭാഷിതങ്ങൾ. അതിൻെറ മുഖവുരയിൽനിന്നു താഴെ ഉദ്ധരിക്കുന്ന ഭാഗം, ഗ്രന്ഥരചനയ്ക്കു് അദ്ദേഹത്തെ പ്രേരിപ്പിച്ച കാരണങ്ങളെന്നതുപോലെതന്നെ അദ്ദേഹത്തിൻെറ ഗദ്യശൈലിയും മനസ്സിലാക്കുന്നതിനു സഹായിക്കുന്നതാണു്.

"ഈ പുസ്തകം വായനക്കാക്കു് ഒരു മുഖക്കണ്ണാടിപോലാകുന്നു. കണ്ണാടിയിൽ നോക്കി മുഖത്തുള്ള കുററങ്ങൾ അറിവാൻ ആഗ്രഹിക്കുന്നവർ ഇതിനെ ക്ഷമയോടു വായിക്കട്ടെ. വെള്ളത്തിൽ നോക്കി മുഖം കാണണമെങ്കിൽ വെള്ളം കലങ്ങാതെയിരിക്കണം. അപ്രകാരം ഈ പുസ്തകത്താൽ പ്രയോജനം വരണമെങ്കിൽ ഭക്തിയോടും ധൃതികൂടാതെയും ഒത്തു വാക്യങ്ങൾ വിട്ടുകളയാതെ വായിക്കണം. ഹൃദയം വഞ്ചനയുള്ളതാകയാൻ സ്വന്തം കുററം അറിവാൻ അഹംഭാവം സമ്മതിക്കയില്ല. ഇതിനെ വായിക്കുന്നവക്കുവേണ്ടിയ വിശേഷലക്ഷണം വിനയമാകുന്നു. ദൈവശിക്ഷയാൽ ഹൃദയം താഴാത്തവന്നു ഈ പുസ്തകത്തിൽനിന്നു പ്രയോജനം വരുവാൻ പ്രയാസമെന്നു ഞാൻ ദുഃഖത്തോടു് അറിയിക്കുന്നു."

## ആർച്ച്ഡീക്കൻ കോശി

ആർച്ച്ഡീക്കൻ കോശി, തിരുവല്ലാത്താലൂക്കിൽ തോട്ടപ്പുഴശേരി എന്ന സ്ഥലത്തു് മുല്ലമംഗലത്തുവീട്ടിൽ 1825-ൽ ഭൂജാതനായി. 1835-ൽ കോട്ടയം സെമ്മിനാരിയിൽ ചേന്നു് 1844 വരെ അവിടെ പഠിച്ചു. ഇക്കാലത്തിനിടയിൽ സംസ്കൃതം, ഇംഗ്ലീഷ്, ലത്തീൻ തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യം നേടി. വിദ്യാഭ്യാസശേഷം മാവേലിക്കര മിഷ്യനറിയായിരുന്ന റവ. ജോസഫ് പീററിൻെറ റൈട്ടറായി ജോലി സ്വീകരിച്ചു. മാവേലിക്കര, തുകലശ്ശേരി, തലവടി, ഒളശ, ഇലന്തൂർ, കോട്ടയം മുതലായ സ്ഥലങ്ങളിൽ മിഷ്യനറിയായി ജോലിചെയ്തു. 1872 മുതൽ 1898 വരെ ബൈബിൾപരിഷ്കരണം സംബന്ധിച്ച ജോലിയിൽ അദ്ദേഹം വ്യാപൃതനായിരുന്നു. ഈ വിഷയത്തിൽ ചെയ്തിട്ടുള്ള സേവനങ്ങളെ അഭിനന്ദിച്ചു് കാൻറർബറി ആർച്ച്ബിഷപ്പു് 1885-ൽ അദ്ദേഹത്തിനു് ആർച്ച്ഡീക്കൻ സ്ഥാനവും, ഡോക്ടർ ഓഫ് ഡിവിനിററി എന്ന ബഹുമതിയും നല്കി. 1900-ാമാണ്ടു് അതിസാരരോഗബാധിതനായി അദ്ദേഹം മരണം പ്രാപിച്ചു.

ആർച്ച്ഡീക്കൻ കോശിയുടെ വിദഗ്ദ്ധമായ തൂലികയിൽനിന്നു പല നല്ല കൃതികളും മലയാളസാഹിത്യത്തിനു ലഭിച്ചിട്ടുണ്ടു്. 1. പരദേശിയുടെ മോക്ഷയാത്ര, 2. ആയയും മകനും, 3. പത്തു വയസ്സുള്ള ഒരു പെൺപൈതൽ, 4. തിരുപ്പോരാട്ടം, 5. തിരുവവതാരമാഹാത്മ്യം, 6. സത്യം, 7. വസ്ത്രധാരണം, 8. കന്നീററുപദേശം, 9. ഭസ്മക്കുറി, 10. പുല്ലേലിക്കുഞ്ചു, 11. മലയാളഭാഷാവിഷയകമായ പ്രസംഗങ്ങൾ മുതലായവ അവയിൽ പ്രധാനങ്ങളാകുന്നു.

ചർച്ചു മിഷൻ സൊസൈററി കോട്ടയത്തുനിന്നും "ജ്ഞാനനിക്ഷേപം" എന്ന പേരിൽ 1848 മുതൽ 1867 വരെ ഒരു പത്രിക പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. കേരളത്തിലെ രണ്ടാമത്തെ വർത്തമാനപത്രം അതായിരുന്നു. വളരെക്കാലത്തേക്ക് അതിന്റെ പ്രസാധകൻ ആർച്ചുഡീക്കൻ കോശി തന്നെയായിരുന്നു. ഹിന്ദുമതത്തിലെ അനാചാരങ്ങളെ നിരൂപണം ചെയ്തുകൊണ്ടു് ഒരു ലേഖനപരമ്പര അദ്ദേഹം അതിൽ പ്രസിദ്ധീകരിച്ചു. ഇതു പിന്നീടു പരിഷ്കരിച്ചു് 1882–ൽ, "പുല്ലേലിക്കുഞ്ചു" എന്ന പേരിൽ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചു. ഒരു നോവൽപോലെ നിബദ്ധവും ശ്രേഷ്ഠവുമായ ഈ കൃതിയെ മലയാളത്തിലെ രണ്ടാമത്തെ നോവലായി പരിഗണിക്കാം. ക്രിസ്ത്യാനിയായ ഒരു മുതൽപിടിക്കാരൻ, ഒരു കട്ടുത്ത യാഥാസ്ഥിതികനായ കൈതപ്പള്ളി രാമപ്പണിക്കർ, ഒരു തികഞ്ഞ ഉല്പതിഷ്ണുവായ പുല്ലേലിക്കുഞ്ചുപിള്ള, നെട്ടങ്ങാട്ടു മഠത്തിൽ ശാമുഅണ്ണാവി, നെട്ടവേലി മനയ്ക്കൽ മൂത്തനമ്പൂതിരി, കൈതപ്പള്ളി മാധവൻകുട്ടി എന്നിവരാണു് ഇതിലെ കഥാപാത്രങ്ങൾ.

കുഞ്ചുവിനെ അവതരിപ്പിച്ചിരിക്കുന്നതിങ്ങനെയാണു്: "അയാൾക്കു ഏകദേശം ഇരുപത്തഞ്ചുവയസ്സു പ്രായം തോന്നും. ഒരു അമ്പാസമുദ്രം മുണ്ടു ഉടുത്തിരുന്നതും കൈയിൽ ഒരു പഴേ കാടൻലേസുമല്ലാതെ വസ്ത്രമോടി ഒന്നും ഇല്ല. എങ്കിലും കാഴ്ചയ്ക്കു ശ്രീമാനും അസാമാന്യം പ്രസാദമുഖമുള്ളവനും ആയിരുന്നു. എങ്കിലും അയാളെ കണ്ട ഉടനെ പണിക്കരു സംസാരം നിറുത്തി, മുഖത്തു വല്ലാതെയൊരു ഭാവപ്പകർച്ചയുണ്ടായി. അതിൻെറ കാരണം എന്തെന്നു ഞാൻ അങ്ങനെ വിചാരിച്ചിരിക്കുമ്പോൾ 'എടാ കുഞ്ചു, നിനക്കു് ഇപ്പോൾ നാമം ജപിക്ക, ഭസ്മം തൊടുക ഈ വകയൊന്നും ഇല്ലെന്നു നിൻെറ അച്ഛൻ പറഞ്ഞു. എന്താണു നീ ഈ വിധത്തിൽ തുടങ്ങിയിരിക്കുന്നതു്" എന്നു പണിക്കരു കലമ്പലോടെ ചോദിച്ചു."

തീണ്ടൽ ആചാരത്തെ ഗ്രന്ഥകാരൻ പരിഹസിക്കുന്നതു നോക്കുക: "ആവതുപോൽ ആചാരം എന്നു കുഞ്ചുപിള്ള പറഞ്ഞതു സൂക്ഷ്മംതന്നെയാണു്. അതെന്തു്? വെളുത്തേടത്തിനെ തൊട്ടാൽ കുളിക്കേണ്ടുന്ന നമ്പൂതിരി, വെളുത്തേടത്തിൻെറ കലത്തിൽവച്ചു പുഴങ്ങി അലക്കി അവന്റെ കഞ്ഞി ഇട്ടു ഉണങ്ങുന്ന വസ്ത്രം ഉടുക്കുന്നു; ബിംബത്തിനു ഉടയാടയും ചാത്തുന്നു. വേലിക്കടമ്പ കടക്കുമ്പോൾ ഹീനജാതിക്കാർ തൊട്ടനില്ലുണ്ടോയെന്നു വേലിനീളവേ നടന്നു നോക്കി നിശ്ചയപ്പെടുത്തുവാൻ പ്രയാസമാകകൊണ്ടു പിടിച്ചു കുലുക്കിയാൽ കുലുങ്ങുന്നതിനപ്പുറം അശുദ്ധാനുബന്ധം ഇല്ലെന്നുവരികിൽ കടന്നുപോകാം എന്നു വെച്ചിരിക്കുന്നു. കീഴ്ജാതിയിലുള്ള വൈദ്യൻ തൊട്ടു ചികിത്സിക്കുമ്പോൾ രോഗിക്കു വന്നുകൂടുന്ന തീണ്ടൽ രോഗിയുടെമീതെ കുട പിടിച്ചു കുടപ്പുറത്തു വെള്ളം ഒഴിക്കയാൽ തീർന്നുപോകും എന്നു പറയുന്നു. എണ്ണകൾ തീണ്ടിപ്പോയാൽ നസ്രാണികളെക്കൊണ്ടു നിങ്ങൾ തൊടീച്ചു ശുദ്ധിയാക്കിയെടുക്കുന്നു. ഞങ്ങൾ ഉണ്ടാക്കുന്ന പലഹാരങ്ങൾ മിക്കതും തിന്നുകയും ചെയ്യുന്നു."

ജാതിനിയമത്തെപ്പറ്റി കുഞ്ചുപിള്ള രാമപ്പണിക്കരോടു പറയുന്നതു

നോക്കുക: "ഈ ചട്ടംനിമിത്തം സംഭവിച്ചിട്ടുള്ള വേറൊരു മഹാദോഷം വിചാരിക്കുമ്പോൾ, ഞാൻ ഇതുവരെ പറഞ്ഞതൊക്കെയും ഏതുമില്ലാത്തപ്രകാരം ഇരിക്കുന്നു. സകല മനുഷ്യർക്കും അന്യോന്യം വേണ്ടുന്ന സ്നേഹം എന്ന മഹാസുകൃതം എവിടെ എന്റെ പങ്ങിക്കാരെ. അമ്പോ സ്നേഹം! ഭഗവാന്റെ കണ്ണിനു അത്യന്തം ഓമനയായുള്ള സ്നേഹം, ഉത്തമസൃഷ്ടികളെ പരമാനന്ദപ്പെടുത്തുന്ന സ്നേഹം. ഇതു് എവിടെ പോയ്മറഞ്ഞു? നാടെല്ലാം തണക്കുമാറും നാനാഗുണങ്ങൾ തഴയ്ക്കുമാറും നാലുദിക്കിലുംനിന്നൊഴുകേണ്ട ഈ ആകാശഗംഗയെ ജാതിഭേദം എന്ന നരകാസുരൻ വന്നു ചിറയിട്ടു തടുത്തുകളഞ്ഞില്ലയോ? അതിനാൽ സ്നേഹം എന്ന കനകജലം അവിടവിടെ കെട്ടിനിന്നിട്ടു കൊഴുത്തു കുറുകി വറ്റിവററിപ്പോകുന്നുവല്ലൊ. മനുഷ്യകുലം എന്ന ഏകശരീരത്തെ ഈ പാതാളക്കോടാലി വന്നു തുണ്ടം തുണ്ടമായി വെട്ടിമുറിച്ചു അതാതല വേറെ, ഉടൽ വേറെ, കൈ വേറെ, കാൽ വേറെ, ആക്കിയിട്ടിരിക്കുന്നു. ഈ ഛിന്നഭിന്നമായിപ്പോയ ശരീരം ഇനി ഏതൊരുകാലത്തു ഒരുമ്പെട്ടുകാണ്മാൻ സംഗതിവരുമെന്റീശ്വരാ."

ചുരുക്കത്തിൽ നിർജ്ജീവമായ വസ്തുതകൾപോലും രസപുഷ്ടലമാക്കിത്തീർക്കുന്നതിൽ ഗ്രന്ഥകാരൻ അസാമാന്യസാമർത്ഥ്യം പ്രകടിപ്പിച്ചിരിക്കുന്നു. ഒരിടത്തും ശുഷ്കത അനുഭവപ്പെടുന്നില്ല. ഗ്രന്ഥകാരന്റെ ഹാസ്യകുശലതയ്ക്കും പാത്രസൃഷ്ടിയിലുള്ള നൈപുണിക്കും ഈ ഗ്രന്ഥം ഒരു മാതൃകയാണു്. ഹിന്ദുക്കളുടെ സാമൂഹ്യജീവിതത്തെ താറുമാറാക്കിയിരുന്ന അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും നേർക്കു സന്ധിയില്ലാത്ത സമരംചെയ്യുന്ന ഒരു ആദർശവാനാണു പുല്ലേലി കുഞ്ചുപിള്ള. സാമൂഹ്യമായ പോരായ്മകളെ ചൂണ്ടിക്കാണിച്ചു സാമൂഹ്യപരിഷ്കരണത്തിനു് ഉത്തേജനംനൽകിയ മലയാളകൃതികളിൽ ആദ്യത്തേതാണു പുല്ലേലിക്കുഞ്ചു. മലയാളത്തിലെ ജനകീയസാഹിത്യപരമ്പരയിലെ ഒന്നാം സമ്പുടമായി അതിനെ കണക്കാക്കാം. ഇതിവൃത്തം, പാത്രസൃഷ്ടി, സ്വഭാവനിരൂപണം, ഭാഷാശൈലി മുതലായ ഏതു മാനദണ്ഡംകൊണ്ടളന്നാലും 'പുല്ലേലിക്കുഞ്ചു'വിനു ഭാഷാസാഹിത്യത്തിൽ അദ്വിതീയമായ ഒരു സ്ഥാനമുണ്ടെന്നു കാണാം.

ഇംഗ്ലീഷ്സാഹിത്യത്തിൽ വളരെ പ്രസിദ്ധിയാർജ്ജിച്ച ബണിയന്റെ 'Pilgrim's Progress' എന്ന പ്രശസ്തകൃതിയുടെ തർജ്ജമയാണു 'പരദേശിയുടെ മോക്ഷയാത്ര.' ബണിയന്റെതന്നെ മറെറാരു കൃതിയായ 'Holy War'ന്റെ തർജ്ജമയാണു 'തിരുപ്പോരാട്ടം.' ഭൂലോകത്തിന്റെ തലസ്ഥാനമായ നരാത്മപുരി(മനുഷ്യാത്മാവു്) ആകൽക്കറുതാ (സാത്താൻ) കീഴടക്കിയതിനെ തിരിച്ചെടുക്കുന്നതിനായി എമ്മാനുവൽ (ക്രിസ്തു)രാജാവു നടത്തിയ യുദ്ധത്തെ വിവരിക്കുന്ന ഈ കൃതി മലയാളത്തിലെ ആദ്യത്തെ മിസ്റ്റിക്ക്കൃതിയായി കണക്കാക്കാം. യുസ്തുസ് ജോസഫ് (വിദ്വാൻകുട്ടി) ആംഗ്ലിക്കൻസഭയിൽനിന്നു ഭിന്നിച്ചു 1875-ൽ യുയോമതം എന്ന പേരിൽ ഒരു പുതിയ സഭ സ്ഥാപിച്ചു. കരുനാഗപ്പള്ളി താലൂക്കിലെ കന്നീററു എന്ന സ്ഥലമായിരുന്നു അവരുടെ കേന്ദ്രം. യുയോമത

ത്തിൻെറ ഉപദേശങ്ങളെ പാടേ ഖണ്ഡിച്ചുകൊണ്ടു് രണ്ടു ഭാഗങ്ങളായി രചിച്ചിട്ടുള്ള ഒരു കൃതിയത്രേ 'കന്നീററുപദേശം.'

തിരുവനന്തപുരം ഗവമ്മെൻറു കോളെജിൽ മലയാളഭാഷയെപ്പററി ചെയ്ത പ്രസംഗം, അദ്ദേഹത്തിൻെറ പ്രസംഗങ്ങളിൽ മികച്ചുനില്ക്കുന്നു. ഭാഷ കൈകാര്യംചെയ്യുന്നവർ അവശ്യം അറിഞ്ഞിരിക്കേണ്ട പല പ്രധാനസംഗതികളും ഈ പ്രഭാഷണത്തിൽ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അന്യഭാഷകളിൽനിന്നു മലയാളത്തിലേക്കു പദങ്ങൾ സ്വീകരിക്കേണ്ടതെങ്ങനെയെന്നു് അദ്ദേഹം വിശദീകരിക്കുന്നു: "എന്നാൽ വാക്കുകൾ എടുക്കയേയാവൂ. വിഭക്തികൾ മലയാണ്മയ്ക്കു സ്വന്തമുള്ളതുതന്നെയായിരിക്കണം. 'ചേതസ്സുകൊണ്ടു വരിച്ചു' എന്നല്ലാതെ, 'ചേതസാ വരിച്ചു' എന്നു പറയരുതു്. എഴുത്തച്ഛൻ മുതലായ മഹാന്മാരുടെ കൃതികളിൽ സംസ്കൃതത്തിലെ വിഭക്തിരൂപങ്ങൾ പലതും പ്രയോഗിച്ചിട്ടുണ്ടു്. ശരിതന്നെ. പദ്യബന്ധങ്ങളുടെ ആവശ്യംനിമിത്തം അവർ അങ്ങനെ ചെയ്തതായിരിക്കും. എങ്കിലും അതു ന്യായരഹിതമാകുന്നു. എത്ര വലിയവനും അന്യൻെറ വീട്ടിൽചെന്നാൽ ആ വീട്ടിലെ ദിനചര്യാക്രമങ്ങൾ താനും അനുസരിച്ചു പാക്കുന്നതല്ലാതെ, അതു സ്വന്തഭവനം എന്നപോലെ വിചാരിക്കുകയൊ തൻെറ ഗൃഹത്തിലെ ചട്ടങ്ങൾ അവിടെ നടത്തുവാൻ ഭാവിക്കുകയൊ ചെയ്താൽ അങ്ങനെ ആ വീട്ടുകാക്കു ശമ്മലയുണ്ടാക്കരുതു്. സംസ്കൃതത്തിലെ വിഭക്തിരൂപങ്ങൾ മലയാണ്മയിൽ നടപ്പാക്കുവാൻ വിചാരിച്ചാൽ അതു് ഒരുത്തൻ അന്യൻെറ ഭവനത്തിൽ അധികാരംചെലുത്തുന്നതുപോലെയായിരിക്കും."

'ഭസ്മക്കുറി'യും ഹൈന്ദവാചാരങ്ങളെ വിമർശിച്ചുകൊണ്ടുള്ള ഒരു കൃതിയാണു്. 'സത്യത്തെ കുറിച്ചു് ഒരു പാഠകം' 1881—ൽ ചെയ്ത ഒരു പ്രസംഗം പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെട്ടുത്തിയിട്ടുള്ളതാകുന്നു. ഇതിൽ ചേത്തിരിക്കുന്ന ഉദാഹരണങ്ങളധികവും ഹൈന്ദവസാഹിത്യത്തിൽനിന്നു തിരഞ്ഞെടുത്തിട്ടുള്ളവയാണു്. 'ആയയും മകനും', 'പത്തുവയസ്സുള്ള ഒരു പെൺപൈതൽ' എന്നീ ചെറുകൃതികൾ രണ്ടും ഇംഗ്ലീഷിൽനിന്നു തജ്ജമചെയ്തിട്ടുള്ളവയാകുന്നു. മലയാളസാഹിത്യത്തിൽ, പ്രത്യേകിച്ചു് അതിൻെറ ഗദ്യശാഖയിൽ, മുൻപന്തിയിൽ നിൽക്കുന്ന പത്തൊൻപതാം നൂററാണ്ടിലെ നാലോ അഞ്ചോ പേരിൽ ഒരാളാണു ഡോക്ടർ കോശി എന്നുള്ളതു നിഷേധിക്കത്തക്കതല്ല. കൃത്യാന്തരങ്ങൾക്കിടയിൽ, യാതൊരു പ്രോത്സാഹനവുമില്ലാതിരുന്ന ഒരു ചുററുപാടിൽ, ഇത്രയധികം ഭാഷാസ്നേഹം പ്രകടിപ്പിച്ച അദ്ദേഹം ഓരോ കേരളീയൻെറയും കൃതജ്ഞത അർഹിക്കുന്നു.

## അദ്ധ്യായം പതിനെട്ട്
# ഗദ്യസാഹിത്യവികാസം—2

തമിഴും സംസ്കൃതവുമായിമാത്രം ബന്ധം പുലർത്തിയിരുന്ന മലയാള ഭാഷയ്ക്കു ശരിയായ ഒരു ഗദ്യസാഹിത്യസരണി ഉണ്ടായതു പാശ്ചാത്യ ഭാഷകളുമായി, പ്രത്യേകിച്ച് ഇംഗ്ലീഷുമായി സമ്പർക്കം ഉണ്ടായതിനുശേഷമാണെന്നും ഇതു പൂർണ്ണതയിലെത്തിയതു പത്തൊൻപതാം നൂററാണ്ടിലാണെന്നും പറഞ്ഞുവല്ലോ. അങ്ങനെ ഇന്നത്തെ രൂപത്തിലുള്ള മലയാളഗദ്യസാഹിത്യത്തിൻെറ ആദ്യവിധാതാക്കളായിരുന്ന ചില പ്രശസ്തന്മാരുടെ കാര്യം പറയുകയും ചെയ്തു. അവരെ തുടന്നു പത്തൊൻപതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഭാഷാസേവനം നടത്തിയ മററുചില പണ്ഡിതന്മാരെപ്പററി ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കാം. അവരിൽ കനിഷ്ഠികാധിഷ്ഠിതരാണു ഡോക്ടർ ഗുണ്ടർട്ടും റവ. മാത്തൻ ഗീവറുഗീസും.

### ഡോക്ടർ ഗുണ്ടർട്ട്

ഉത്തരകേരളത്തിൽ മിഷൻപ്രവർത്തനം നടത്തിയിരുന്ന ബാസൽ മിഷനിലെ ഒരു അംഗമായിരുന്ന ഡോക്ടർ ഹെർമൻ ഗുണ്ടർട്ടിന്റെ വേദപുസ്തകപരിഭാഷയെപ്പററിയും, വ്യാകരണം നിഘണ്ടു എന്നീ ഭാഷാവിജ്ഞാനീയങ്ങളെപ്പററിയും കഴിഞ്ഞ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. അവ കൂടാതെ ആ ജർമ്മൻപണ്ഡിതൻ താഴെപ്പറയുന്ന ഗ്രന്ഥങ്ങളും രചിച്ചിട്ടുള്ളതായി അറിയുന്നു. 1. സ്ഥിരീകരണത്തിനുള്ള ഉപദേശങ്ങൾ, 2. മനുഷ്യചോദ്യങ്ങൾക്കു ദൈവം കല്പിച്ചിട്ടുള്ള ഉത്തരം, 3. വേദചരിത്രസാരം, 4. സത്യവേദ ഇതിഹാസം, 5. ക്രിസ്തുസഭാചരിത്രം, 6. ശമ്മാന, 7. സന്മരണവിദ്യ, 8. മനുഷ്യഹൃദയം, 9. മതവിചാരണ, 10. ദേവവിചാരണ, 11. സഞ്ചാരിയുടെ പ്രയാണം, 12. കേരളോല്പത്തി, 13. വജ്രസൂചി, 14. മഹമ്മദ്ദചരിത്രം, 15. നളചരിതസാരശോധന, 16. പാഠമാല, 17. കേരളപ്പഴമ, 18. മലയാളരാജ്യം, 19. പഴഞ്ചൊൽമാല. ഇവയ്ക്കുപുറമേ "മദ്രാസ് ജർണ്ണൽ ഓഫ് ലിററേച്ചർ ആന്റ് സയൻസ്", ഇന്ത്യൻ ആൻറിക്വിററി, മുതലായ പ്രസിദ്ധീകരണങ്ങളിൽ മലയാളഭാഷയെപ്പററിയും മററും പണ്ഡിതോചിതങ്ങളായ അനേകം പ്രബന്ധങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡോക്ടർ ഗുണ്ടർട്ടിന്റെ കൃതികളിൽ പ്രധാനമായ ഒന്ന് പഴഞ്ചൊൽ മാലയാണ്. ഇതു് 1845-ൽ മംഗലാപുരത്തുനിന്നു കല്ലച്ചിൽ പ്രസിദ്ധീകരിച്ചു. പഴഞ്ചൊല്ലുകൾ ആണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം. "ഒരാശയത്തെ വെളിപ്പെടുത്താൻ ഉപകരിക്കുന്ന പഴഞ്ചൊല്ലുകൾ ഒന്നിച്ചു

ക്രമത്തിൽ അടുക്കിപ്പറഞ്ഞിരിക്കുന്നു. തുടന്നു് ആ ആശയത്തിൻെറ വ്യാഖ്യാനം ഗദ്യത്തിൽ നൽകുകയും ചെയ്തിരിക്കുന്നു. പക്ഷേ ഒരു കാര്യം. ഈ വ്യാഖ്യാനം എപ്പോഴും ചെന്നു മുട്ടുന്നതു ക്രിസ്തുവിൻെറ മഹത്വത്തിലും മനുഷ്യരക്ഷയ്ക്കു ക്രിസ്തുവല്ലാതെ മററു പോംവഴിയില്ലെന്നുള്ള സമത്ഥനത്തിലുമാകുന്നു...നിത്യോപയോഗത്തിൽ ഇപ്പോൾ കണ്ടുവരാറില്ലാത്ത അനേകം പഴഞ്ചൊല്ലുകൾ ഈ കൃതിയിലുണ്ടു്. വ്യാഖ്യാനത്തിനു് ഉപയോഗിച്ചിരിക്കുന്ന ഗദ്യം സുന്ദരവും അധുനാതനവുമായിരിക്കുന്നു. ഋജുവും ഹ്രസ്വവുമാണു വാക്യങ്ങൾ. അത്ഥപൂണ്ണങ്ങളും.'' (മാതൃഭൂമി)

''മോഹവും ഭയവും'' എന്ന തലക്കെട്ടിൽ അവയെ ഉദാഹരിക്കുന്ന ഇരുപതോളം പഴഞ്ചൊല്ലുകൾ നൽകിയശേഷം ഗ്രന്ഥകാരൻ എഴുതുന്നു: ''ഭയം അറിയാത്ത പാപി ഇല്ല. തികഞ്ഞ സ്നേഹത്തിലത്രേ ഭയത്തിനിടമില്ല. ഒരുത്തൻ ദോഷം ചെയ്വാൻപോകുമ്പോൾ പിശാചു് അതേ അതേ നല്ലതു എന്നു പറഞ്ഞു മോഹിപ്പിക്കും. ഗുണം ചെയ്യുവാൻ നോക്കുംതോറും അതു് അരുതേ നീ ദുഃഖിയായിപ്പോകും എന്നു മന്ത്രിച്ചു പേടിപ്പിക്കും. ഇങ്ങനെ മനുഷ്യൻ എല്ലാവരും യേശു എന്ന രക്ഷിതാവു അവരെ കെട്ടഴിച്ചുദ്ധരിക്കുമ്പോൾ വരെയും, മോഹത്തിനും ഭയത്തിനും ദാസരായി വലഞ്ഞുകിടക്കുന്നു. യേശുവിൻെറ സ്നേഹവും ശുദ്ധിയും അറിഞ്ഞാലോ ഇവനത്രേ എൻെറ രക്ഷയ്ക്കു യോഗ്യൻ എന്നും ഇവനെയല്ലാതെ ആരെയും ഭയപ്പെടുക ഇല്ലയെന്നും നിണ്ണയിച്ചുതുടങ്ങും. ദ്രോഹികളാകുന്ന എല്ലാ മനുഷ്യക്കുംവേണ്ടി പ്രാണങ്ങളെ ഉപേക്ഷിച്ച സ്നേഹിതൻ അവനത്രേ. അതിനാൽ മനുഷ്യമോഹത്തിനു പാത്രം പാപവ്യാഘ്രം. കൊല്ലാക്കൊല ചെയ്തുവിടുന്നവരെ ജീവിപ്പിപ്പാനും ശത്രുക്കളിൽ നിത്യമരണം വിധിച്ചു നടത്തുവാനും അവന്നുമാത്രം അധികാരമുണ്ടാകകൊണ്ടു അവനല്ലാതെ ഭയങ്കരൻ ആരുമില്ല.''

1860–ൽ പ്രസിദ്ധീകൃതമായ ഒരു ഗദ്യപദ്യസമാഹാരമാണു പാഠമാല. മലയാളത്തിൽ ഇത്തരത്തിലുള്ള ആദ്യത്തെ പ്രസിദ്ധീകരണമാണിതു്. വിദ്യാത്ഥികൾക്കു പ്രയോജകീഭവിക്കത്തക്കവിധത്തിൽ, അക്കാലത്തു പ്രചാരത്തിലിരുന്ന വിവിധകൃതികളിൽനിന്നു രസകരങ്ങളായ ഭാഗങ്ങൾ തിരഞ്ഞെടുത്തു ഗ്രഥിച്ചിട്ടുള്ളതാണു് ഈ മാല. ഗദ്യകൃതികൾ അക്കാലത്തു സുലഭങ്ങളല്ലാതിരുന്നതിനാൽ ഗദ്യപാഠങ്ങൾ പ്രായേണ ഗുണ്ടർട്ടുതന്നെ എഴുതിച്ചേർക്കുകയാണു ചെയ്തിട്ടുള്ളതു്. മദ്രാസ് ഗവർമെൻറിൻെറ കീഴിൽ സ്കൂൾ ഇൻസ്പെക്ടറായിരുന്ന കാലത്തു്, വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിനുവേണ്ടി തയാറാക്കിയിട്ടുള്ളതാണു് ഈ പാഠമാല. അക്കാലത്തു പ്രചാരത്തിലിരുന്നിരുന്ന പഞ്ചതന്ത്രം, വേതാളചരിതം, നളചരിതം, ഭാരതം, മുദ്രാരാക്ഷസം, ചാണക്യസൂത്രം, ജ്ഞാനപ്പാന, കേരളവമ്മരാമായണം, ഉത്തരരാമായണം, ബ്രഹ്മാണ്ഡപുരാണം, ഭാഗവതം, ശീലാവതി, വൈരാഗ്യചന്ദ്രോദയം, ശ്രീകൃഷ്ണചരിതം മുതലായ കാവ്യങ്ങളിൽനിന്നും ചില അപ്രസിദ്ധകൃതികളിൽനിന്നുകൂടിയും ഡോക്ടർ ഗുണ്ടർട്ട് പദ്യഭാഗങ്ങൾ തൻെറ പാഠമാലയിൽ ഉദ്ധരിച്ചിട്ടുണ്ടു്.

അദ്ദേഹത്തിൻെറ മറെറാരു പ്രധാനകൃതിയാണ 'കേരളപ്പഴമ'. ഒരു ഗദ്യകൃതി എന്ന നിലയിൽമാത്രമല്ല, ചരിത്രപരമായും അതിനു വളരെ പ്രാധാന്യമുണ്ട്. 1498 മുതൽ 1631 വരെയുള്ള കേരളചരിത്രത്തെ—പ്രത്യേകിച്ചു പോത്തുഗീസു പ്രാഭവകാലത്തെ—പരാമർശിക്കുന്ന വിശിഷ്ടമായ ഒരു ചരിത്രകൃതിയാണിതു്. 1868-ൽ മംഗലാപുരം ബാസൽ മിഷൻ പ്രസ്സിൽനിന്നും അതു പ്രസിദ്ധംചെയ്തു. അതിനു വളരെ മുൻപുതന്നെ അദ്ദേഹം ഇതു രചിച്ചിരിക്കണം. ഏതായാലും ഇതു് അച്ചടിക്കുന്ന കാലത്തു് അദ്ദേഹം ജർമ്മനിയിലായിരുന്നു. കേവലം ചരിത്രമാണെങ്കിലും ഒരു നോവൽപോലെ രസാവഹമാണു് ഇതിലെ പ്രതിപാദനരീതി. ചിഹ്നങ്ങൾ ലോപമില്ലാതെ ഉപയോഗിച്ചിരിക്കുന്നു. ഖണ്ഡികവിഭജനവും തരക്കേടില്ല. സംഭാഷണങ്ങൾക്കെല്ലാം ഉദ്ധരണചിഹ്നങ്ങൾ കൊടുത്തിട്ടുണ്ടു്. ഭാഷാരീതി മനസ്സിലാക്കുന്നതിനു രണ്ടു ചെറിയ ഖണ്ഡികകൾ ഉദ്ധരിക്കാം:

"നസ്രാണികൾ കൊടുങ്ങല്ലൂരിൽനിന്നും കോഴികളും പഴങ്ങളും കൊണ്ടുവന്നു സമ്മാനം വെച്ചു. "ഞങ്ങൾ എല്ലാവരും നിങ്ങളുടെ വരവുകൊണ്ടു വളരെ സന്തോഷിച്ചിരിക്കുന്നു. പണ്ടു് ഒരു രാജ്യത്തു ഞങ്ങളുടെ വംശത്തിൽ ഒരു തമ്പുരാൻ ഉണ്ടായിരുന്നു. അവന്നു പുരാണപെരുമാക്കന്മാർ കൊടുത്ത ചെങ്കോലും രാജ്യപത്രികയും ഇതാ! നിങ്ങൾക്കു തരുന്നു, ൩൦൦൦൦ പേരോളം ഞങ്ങൾ എല്ലാവരും ഒത്തിരിക്കുന്നു, ഇനി പോത്തുഗൽ രാജാവിന്നു ഞങ്ങളിൽ മേല്ക്കോയ്മ ഉണ്ടായിരിക്കെ, അവൻെറ നാമം ചൊല്ലി അല്ലാതെ ഇനി യാതൊരു കുററക്കാരനെയും ഞങ്ങൾ വിധിക്കയില്ല" എന്നു പറഞ്ഞു ആധാരവും ആ ദണ്ഡും കൊടുത്തു. അതു ചുമന്നും 2 വെള്ളിവളകളും ഒരു വളയിൽ 3 വെള്ളിമണികളും ഉള്ളതും ആകുന്നു. തോമശ്ലീഹാ സിംഹളദ്വീപ മുതലായ യാത്രാസ്ഥലങ്ങളെ കുറിച്ചു അവർ വളരെ വിശേഷങ്ങൾ അറിയിച്ചു." (പു. 33).

"അനന്തരം പറങ്കികൾ കൊച്ചിയിൽനിന്നു ചില പട്ടന്മാരെ അയച്ചു താമൂതിരിയുടെ ഒററു് അറിഞ്ഞു ചങ്ങാതിയായ കോയപ്പക്കിയെ കോഴിക്കോട്ടുനിന്നു വരുത്തിയശേഷം, നായന്മാർ മിക്കവാറും താമൂതിരി താനും ചേററുവായരികിലും ചുരത്തിനടിയിലും പടക്കു പോയി എന്നു കേട്ടാറെ, കുതിഞ്ഞോ 30 കപ്പലുകളിൽ 200 പറങ്കികളെയും 600 നായന്മാരെയും കരേററി കണ്ണനൂർ കോട്ടയുടെ മൂപ്പനായ ബെല്ല്യവെയും പുറക്കാട്ടടികളെയും തുണെപ്പാൻ വിളിച്ചു. ഇങ്ങനെ എണ്ണം ഏറിയ ബലങ്ങളോടുംകൂടെ പുറപ്പെട്ടു ഓടി കോഴിക്കോട്ടിൻ തുക്കിൽ നങ്കൂരം ഇടുകയും ചെയ്തു. (1510 ജന. 4-ാംനു) കുതിഞ്ഞോ കരക്കിറങ്ങി പടതുടങ്ങിയപ്പോൾ അൽബുക്കെൎക്ക ഇടത്തെ അണിയിൽ പോരാടി. സ്ഥലവിശേഷങ്ങളെ അറിഞ്ഞവനാകയാൽ അതിവേഗത്തിൽ തുറമുഖക്കോട്ടയെ വളഞ്ഞു കോണിയിട്ടു മതിലിന്മേൽ കയറുകയും ചെയ്തു." (പു. 107—108)

പേരു വ്യക്തമാക്കുന്നതുപോലെ മലബാറിൻെറ ചരിത്രവും ഭൂമിശാസ്ത്രവും സംയോജിപ്പിച്ചു തയാറാക്കിയിട്ടുള്ള ഒരു കൃതിയാണു് "മലയാളരാജ്യം, ചരിത്രത്തോടുകൂടിയ ഭൂമിശാസ്ത്രം." മലയാളരാജ്യത്തിൻെറ

ഭൂമിശാസ്ത്രത്തെ സംബന്ധിച്ചിടത്തോളമുള്ള ആദ്യത്തെ കൃതിയാണിതെന്നു തോന്നുന്നു. 1870–ലാണ് ഇതു പ്രസിദ്ധീകൃതമായതു്. മാതൃകയ്ക്കുവേണ്ടി 'കോഴിക്കോടി'നെപ്പററിയുള്ള വിവരണത്തിൽ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം:

"ഈ താലൂക്ക കോരപ്പുഴയുടെ അല്പം വടക്ക തുടങ്ങി ബേപ്പൂർ പുഴവരെ ചെല്ലുന്നു. അതിരുകൾ വടക്ക കുറുമ്പ്രനാട്ടും കിഴക്ക വയനാട്ടും ഏറനാട്ടും തെക്ക ഏറനാട്ടും പടിഞ്ഞാറു കടലുംതന്നെ. ദേശവിസ്താരം 360 ചതുരശ്രമൈത്സ്. നിവാസികൾ 189700. അംശങ്ങൾ 40.

"ഇതു (കോഴിക്കോട്ട) മലയാളജില്ലയുടെ തലസ്ഥാനവും വലിയ കച്ചവടപട്ടണവും തുറമുഖവുമാകുന്നു. അവിടെ ജില്ല പ്രിൻസിവൽ, സദ്രാമിൻ, മുൻസിഫ്കോടതികളും കലക്ടർ മുതലായ കച്ചേരികളും പോലീസു, ടപ്പാൽ, കമ്പി മുതലായ ആപ്പീസുകളും വലിയ ജേലും ഹാസ്പത്രികളും ജില്ലാ ഇത്യാദി സ്കൂളുകളും ഇംഗ്ലീഷ് ജമ്മൻ മിശ്യൻ റോമപ്പള്ളികളും മാപ്പിളമാരുടെ പള്ളികളും താമൂതിരിയുടെ കോവിലകവും ക്ഷേത്രങ്ങളും (Light-house എന്ന) കൊടിമര ഗോപുരവും പാണ്ടികശാലകളും കപ്പി ചേറുന്ന സ്ഥലങ്ങളും മാനാഞ്ചിറ മുതലായ കുളങ്ങളും പെരുത്തു വലിയ അങ്ങാടികളും ബങ്കളാവുകളും മലമേൽ പാക്കുന്ന വെള്ളക്കാരുടെ ചെറിയ പട്ടാളവും മററുമുണ്ടു്. ജമ്മൻ മിശ്യന്ന് ഇവിടെ വലിയ ഓട്ട, നെയിത്തു, ആശാരിശാലകൾ ഉണ്ടു്. മദ്രാസ് ഇരുമ്പുപാതയുടെ പടിഞ്ഞാറെ അവസാന സ്ടേശൻ ഇവിടെ ആകുന്നു. വടക്കേ അംശത്തിനു കച്ചേരിയംശമെന്നും തെക്കേതിന്നു കസവംശം എന്നും പേർ. മുഖ്യമായ വകുപ്പുകൾ വിലാത്തികുളങ്ങര, വെള്ളൽ, മൂന്നാലിങ്ങൽ, പരന്ത്രീസ്സറ, വലിയങ്ങാടി, പാളയം, തളി, കൊക്കോഴിക്കോട്ട, കല്ലായി, കുണ്ടുങ്ങൽ മുതലായവതന്നെ."

മുകളിൽ എടുത്തു ചേർത്തിട്ടുള്ള ഉദ്ധരണങ്ങളിൽനിന്നു് ഗുണ്ടർട്ടിൻെറ ഗദ്യശൈലിയും ആധുനികഗദ്യശൈലിയും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ലെന്നു ഭാവുകന്മാൎക്ക ബോദ്ധ്യമാകുന്നതാണു്. ദരിദ്രയായ കൈരളിക്കു് എന്തൊരു മഹാനിധിയാണു ആ യൂറോപ്യൻ പണ്ഡിതൻ നേടിവെച്ചിരിക്കുന്നതെന്നു നോക്കുക. എഴുത്തച്ഛൻെറയും കുഞ്ചൻനമ്പ്യാരുടെയും കാലശേഷം നിരുന്മേഷയായി സുഷുപ്തിയിലാണ്ടിരുന്ന മലയാളഭാഷയിലേക്കു് അഭിനവമായ അഭിമാനബോധത്തോട്ടും പ്രതീക്ഷയോട്ടുംകൂടി പിന്തിരിഞ്ഞു വരുവാൻ കേരളത്തിലെ ജനങ്ങൾക്കു് ഗുണ്ടർട്ടിൻെറ കൃതികൾ മഹത്തായ ഒരു പ്രചോദനം നൽകിയിരിക്കുന്നുവെന്ന വസ്തുത നമുക്ക വിസ്മരിക്കത്തക്കതല്ല.

## റവ. ജോർജ്ജ് മാത്തൻ

പാറേമ്മാക്കൽ തോമ്മാക്കത്തനാർ മുതലും ഡോക്ടർ ഗുണ്ടർട്ടുമുതൽപേർ നനച്ചതുമായ ആധുനികമലയാളഗദ്യശൈലി വളൎന്നു പരിപുഷ്ടി പ്രാപിച്ചതു് റവ. ജോർജ്ജ് മാത്തൻ പാതിരിയുടെ കരലാളനങ്ങളാലാണു്. ദേശാഭിമാനം, ഭാഷാഭിമാനം, ദീനാനുകമ്പ മുതലായ പല വിശി

ഷ്ടഗുണങ്ങൾക്ക് ആകരമായിരുന്ന അദ്ദേഹം മലയാളസാഹിത്യത്തിൽ മായാത്ത പദമുദ്രകൾ പതിച്ചിട്ടുണ്ട്. പാശ്ചാത്യസമ്പ്രദായത്തിലുള്ള ഒരു ഗദ്യപദ്ധതി ഭാഷയിൽ രൂഢമൂലമാകത്തക്കവണ്ണം വിവിധവിഷയങ്ങളെ അധികരിച്ചു പുസ്തകങ്ങളും ഉപന്യാസങ്ങളും രചിച്ചു പ്രശസ്തനായ ഒന്നാമത്തെ കേരളീയൻ അദ്ദേഹമാണ്. മലയാളഭാഷാപോഷണാത്ഥമുള്ള യത്നങ്ങളിൽ ദിവാൻ സർ ടി. മാധവരായക്ക് അവസരോചിതമായ ഉത്തേജനം നല്കിയിരുന്നത് ഈ പണ്ഡിതനാണ്. പല ഉദ്യോഗങ്ങൾ സ്വീകരിക്കുന്നതിനു് മാധവരായർ റവ. ജോർജ്ജ് മാത്തനെ പലതവണ നിർബന്ധിച്ചുവെങ്കിലും ഒരു മിഷ്യനറിയായിത്തന്നെ കഴിഞ്ഞുകൂടുവാനാണ് അദ്ദേഹം ആഗ്രഹിച്ചതു്.

മലയാളഭാഷയുടെ കഴിവുകളെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന ശുഭപ്രതീക്ഷ താഴെ ഉദ്ധരിക്കുന്ന അദ്ദേഹത്തിൻെറ ഒരു പ്രസ്താവനയിൽനിന്നു വ്യക്തമാകുന്നതാണ്: "മലയാണ്മയുടെ ജാത്യം വിചാരിക്കുമ്പോൾ അതു ഭംഗിക്കും ശക്തിക്കും ഏതു ഭാഷയോടും നേരിടത്തക്കതായിരിക്കുന്നു. അതിൽ വാക്കുകൾക്കുള്ള മാററങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതും, വാചകങ്ങളെ കുഴച്ചിൽവരാതെ കൂട്ടിക്കെട്ടാവുന്നതും, കൂടാതെ സ്വരഭേദങ്ങൾകൊണ്ടു് ഓരോ മനോവികാരങ്ങളെ വെളിപ്പെടുത്തുവാൻ നല്ല പാങ്ങുള്ളതുമാകുന്നു. വന്നു, വന്നേ എന്നുള്ള ഭാവഭേദങ്ങൾ ഇംഗ്ലീഷിൽ വരുത്താൻ ശ്രമിച്ചാൽ സാധിക്കുകയില്ല. എഴുതിയേച്ചു്, എഴുതിപ്പോയി എന്നിങ്ങനെയുള്ള ഭാവനകളെ ആ ഭാഷയിൽ എഴുതണമെങ്കിൽ ബഹു ചുററിക്കെട്ട വേണ്ടിയിരിക്കുന്നു. ഇതു ഫലിതവാചകത്തിനു മട്ടക്കുന്നില്ല എന്നു 'ആൾമാറാട്ടം' എന്ന ഭാഷാന്തരംകൊണ്ടും, അനുകാരവാക്കിനു മുന്തുന്നു എന്നു 'ജ്ഞാനനിക്ഷേപ'ത്തിലെ സംഭാഷണങ്ങൾകൊണ്ടും, വർണ്ണനാശക്തിക്കു യോഗ്യം എന്നു 'ഫുൽമോറി' എന്ന കഥകൊണ്ടും തെളിവായിരിക്കുന്നു. അഗാധജ്ഞാനത്തേയും സൂക്ഷ്മവ്യവഹാരങ്ങളേയും വിവരിക്കുന്നതിനു ഇംഗ്ലീഷിനെക്കാൾ ഇതു പുറകെയല്ലെന്നു 'സംയുക്തി' എന്ന പരിഭാഷ മൂലത്തോട്ട് ഒത്തുനോക്കി വായിക്കുന്നവക്കു ഒക്കെയും ബോദ്ധ്യമാകും."

റവ. ജോർജ്ജ് മാത്തൻെറ ഏറ്റം പ്രശസ്തകൃതിയായ മലയാണ്മയുടെ വ്യാകരണത്തെപ്പറ്റി മുന്നൊരു അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതുകൂടാതെ 2. സത്യവാദഖേടം, 3. വേദസംയുക്തി, 4. കാശിയിൽ ഗുരുദാസപണ്ഡിതരും ഒരു ഇംഗ്ലീഷ് ജസ്റ്റിയുമായുണ്ടായ സംവാദം, 5. ബാലാഭ്യസനം എന്നീ കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. 1. ഭൂമി ഉരുണ്ടതാകുന്നു, 2. മരുമക്കത്തായത്താലുള്ള ദോഷങ്ങൾ, 3. അദ്വൈതം, 4. ആകാശത്തുള്ള ഗോളങ്ങൾ, 5. അന്തരീക്ഷം, 6. മറുജന്മം, 7. സ്ത്രീകളുടെ യോഗ്യമായ സാമൂഹ്യസ്ഥിതി, 8. സാധാരണചികിത്സാശാല, 9. കൊഴമുതലാണ്ട മുതലായ വിഷയങ്ങളെപ്പററിയുള്ള പ്രബന്ധങ്ങളും അദ്ദേഹത്തിൻെറ വകയായി മലയാളസാഹിത്യത്തിനു ലഭിച്ചിട്ടുണ്ട്. 1860 മുതൽ 1870 വരെയുള്ള കാലയളവിലാണ് ഇവ അദ്ദേഹം നിർമ്മിച്ചതു്.

മാധവരായർ ദിവാൻജിയുടെ കാലത്തു് തിരുവിതാംകൂർഗവർമെന്റ് ഏർപ്പെടുത്തിയ ഒരു മത്സരത്തിൽ പ്രഥമസമ്മാനാർഹമായ കൃതിയാണു് 'സത്യവാദഖേടം.' 1861–ൽ എഴുതിയ ഈ കൃതി 1863–ൽ ഗ്രന്ഥകാരൻ സ്വന്തചെലവിൽ അച്ചടിപ്പിച്ചു. ഗ്രന്ഥത്തിൽ ഹിന്ദുശാസ്ത്രത്തിൽനിന്നും ക്രിസ്ത്യാനിവേദത്തിൽനിന്നും എടുത്തുചേർത്തിരിക്കുന്ന ഉദാഹരണങ്ങളും സാക്ഷ്യങ്ങളും നീക്കംചെയ്യല്ലാതെ സർക്കാരിൽനിന്നു് അച്ചടിപ്പിക്കുകയില്ലായെന്നു ശാഠ്യം പിടിച്ചതുകൊണ്ടാണു് ഗ്രന്ഥകാരൻ നേരിട്ടു് അച്ചടിപ്പിക്കേണ്ടിവന്നതു്. കള്ളംപറച്ചിലിന്റെ നികൃഷ്ടതയെയും സത്യവാദത്തിന്റെ ആവശ്യകതയെയും ഊന്നിപ്പറയുകയാണു് ഈ ഗ്രന്ഥനിർമ്മാണംകൊണ്ടു് അദ്ദേഹം സാധിച്ചിരിക്കുന്നതു്. 93 പേജുകൾ വരുന്ന ഈ ഗ്രന്ഥത്തിൽ വിഷയങ്ങളുടെ അടുക്കും ക്രമപ്പെടുത്തലും പ്രശംസാർഹമായിരിക്കുന്നു. ഭാഷാരീതി മനസ്സിലാക്കുവാൻ ഒരു ഖണ്ഡിക ഇവിടെ ഉദ്ധരിക്കാം:

"സത്യവാദത്തിനു വാക്കുമാത്രം ഒത്താൽ പോരാ, ആന്തരവുംകൂടെ ഒത്തിരിക്കണം. എന്തെന്നാൽ വാക്കിൽ സത്യമുണ്ടായും ആന്തരത്തിൽ സത്യമില്ലാതെയും വരാം. തഴവാ എന്നു പേരായ ദിക്കിൽ വന്നു പാക്കുന്ന ഒരു മനുഷ്യന്റെപേരിൽ മോഷണം ചുമത്തപ്പെട്ടാറെ, അവൻ ഒരു തഴ എടുത്തു വായിൽ ഇട്ടുംകൊണ്ടു ഞാൻ ഇത്തഴ വായിൽ വന്നതിൽ പിന്നെ മോഷ്ടിച്ചിട്ടില്ലെന്നു സത്യം ചെയ്തു എന്നു ഒരു കേൾവി ഉണ്ടല്ലോ. ആയവൻ വാക്കിൽ കള്ളയാണ ഇട്ടിട്ടില്ല എന്നുവരികിലും മനസ്സുകൊണ്ടു ആ ഭയങ്കരമായ പാപത്തിൽ ഏറ്റപ്പെട്ടുപോയി, സംശയമില്ല. ഗോത്രപിതാവായ എബ്രഹാം തന്റെ ഭാര്യയായ സാറായെ സഹോദരി എന്നു പറഞ്ഞപ്പോൾ അവളെ അവന്റെ തള്ള പെററില്ലെങ്കിലും അവൾ അവന്റെ തന്തയ്ക്കു ജനിച്ചിരുന്നതുകൊണ്ടു അവൻ വാക്കിൽ സത്യഭംഗം ചെയ്തില്ലെന്നുവരികിലും, അവൾ അവന്റെ ഭാര്യയല്ലെന്നുള്ള വ്യാജം രാജാവിന്റെ മനസ്സിൽ കേറണം എന്നു വിചാരിച്ചുകൊണ്ടു അങ്ങനെ പറഞ്ഞതാകയാൽ, അവൻ അക്കാര്യത്തിൽ പറഞ്ഞതു കുരള എന്നുതന്നെ എണ്ണുവാനുള്ളതാകുന്നു. എന്നാൽ മറിച്ചു വാക്കിൽ സത്യം പിഴച്ചും ആന്തരത്തിൽ നേരുണ്ടായിരിക്കാം. ഒരു കീഴ്ജീവനക്കാരനോടു അവൻ നൂറു ചക്രം കൊടുത്തു വാങ്ങിച്ച പശുവിന്നു നിനക്കു എന്തു വിലയ്ക്കു കിട്ടി എന്നൊരു ബ്രാഹ്മണൻ ചോദിക്കെ, അതിന്നു അടിയൻ നൂറു ചെമ്പുകാശു കൊടുത്തു എന്നു ഉത്തരം പറഞ്ഞാൽ അവൻ അസത്യവാദിയാകത്തില്ല. എന്തെന്നാൽ അവൻ ആചാരവാക്കിൽ ചക്രം എന്നുള്ള അർത്ഥത്തിൽ ചെമ്പുകാശു എന്നു പറഞ്ഞതല്ലാതെ വഞ്ചിയ്ക്കണം എന്നു ഭാവിച്ചുകൊണ്ടു അങ്ങനെ പറഞ്ഞതല്ല..."

ഇംഗ്ലീഷിൽ പ്രസിദ്ധമായ ജോസഫ് ബട്ട്ലരുടെ 'അനോളോജി ഓഫ് റിലിജൺ' എന്ന ഗ്രന്ഥം ഒന്നാംഭാഗത്തിന്റെ തർജ്ജമയാണു 'വേദസംയുക്തി'. അത്യന്തം കഠിനമായ മൂലഗ്രന്ഥത്തെ, അർത്ഥത്തിനു ലോപംവരാതെ, സുന്ദരമായ ശൈലിയിൽ, മലയാളത്തിലാക്കുന്നതിനു പാതിരിക്കു സാധിച്ചിരിക്കുന്നു. 1866–ലാണു് എട്ടു് അദ്ധ്യായങ്ങളട

ങ്ങിയ പ്രഥമഭാഗം മുദ്രിതമായതു്. രണ്ടാംഭാഗത്തിൻെറ തജ്ജമ പൂത്തി യാക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഭാഷാരീതിയുടെ മാതൃക കാണു വാൻ ഒരു ഭാഗം ഉദ്ധരിക്കുന്നു:

"മനുഷ്യക്കു പരലോകത്തിൽ ഒരു ജീവിതമുണ്ടു്. എല്ലാവക്കും ശിക്ഷാരക്ഷകളുണ്ടാകും. ആ ശിക്ഷാരക്ഷകൾ മനുഷ്യരുടെ സുകൃതദുഷ്കൃതങ്ങളെ ആശ്രയിച്ചിരിക്കും. പരലോകത്തിലേക്കു നമ്മെ പ്രാപ്തന്മാരാക്കുന്നതിനുള്ള അഭ്യസനവും പരിശോധനയുമാണു് ഈ ലോകത്തിലെ ജീവിതത്തിനിടയിൽ നടക്കുന്നതു്. അവനവൻെറ ആവശ്യത്തിനുവേണ്ടിയുള്ള വാദം ദേഹത്തിൻെറ ധമ്മാധിപത്യത്തിനു വിരോധമായി ഭവിക്കുന്ന ഒരാക്ഷേപമാകയില്ല. ഈ ലോകം വീഴ്ചയിലും ദുഷ്ടതയിലും നാശത്തിലും സ്ഥിതിചെയ്യുന്നതുകൊണ്ടു നമ്മുടെ അജ്ഞാനം ദൈവത്തിൻെറ ജ്ഞാനത്തിനും നന്മയ്ക്കും പ്രതിബന്ധമായിരിക്കും. മനുഷ്യക്കു തങ്ങളെക്കുറിച്ചും തങ്ങളുടെ ധമ്മത്തെക്കുറിച്ചുമുള്ള അജ്ഞത വദ്ധിക്കുമ്പോൾ അവരുടെ ഇടയിൽ ഒരു പ്രത്യേക വേദമാഗ്ഗമുണ്ടാകയെന്നുള്ളതു് ഒട്ടും അപ്രധാനമല്ലാത്ത ഒരു കാര്യമാണു്. പ്രസ്തുത വേദമാഗ്ഗത്തിൽ അദൃഷ്ടപൂവ്വമായും വിചാരാതീതമായുമുള്ള പല കാര്യങ്ങൾ അടങ്ങിയിരിക്കുന്നു."

റവ. ജോർജ്ജ് മാത്തൻെറ ഇതരകൃതികളിൽ 'ബാലാഭ്യസനം', 1867-ൽ കൊല്ലം ഡിവിഷൻകച്ചേരിയിൽ, ഗവമ്മെൻറിൻെറ ആഭിമുഖ്യത്തിൽ കൂടിയ ഒരു യോഗത്തിൽ ചെയ്ത പ്രസംഗമാണു്. 33 പേജുകൾമാത്രമുള്ള ആ പ്രസംഗത്തിൽപ്പെട്ടതാണു് മുകളിൽ ഒരിടത്തു് ഉദ്ധരിച്ചിട്ടുള്ള 'മലയാണ്മയുടെ ജാത്യം' എന്നാരംഭിക്കുന്ന ഖണ്ഡിക. ബാക്കിയുള്ളവ ചർച്ചു മിഷൻ സൊസൈററി വകയായ വിദ്യാസംഗ്രഹം, ജ്ഞാനനിക്ഷേപം എന്നീ പത്രികകളിൽ ഓരോ അവസരങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവയാണു്. റവ. ജോർജ്ജ്മാത്തൻെറ വിദഗ്ദ്ധവും വാത്സല്യപൂണ്ണവുമായ പരിലാളനയിൽ ഭാഷാഗദ്യം എത്രമാത്രം വളർന്നുവെന്നു് ഈ കൃതികൾ തെളിയിക്കുന്നു. "ആകെക്കൂടി ആധുനികഗദ്യസാഹിത്യത്തിനു ജോർജ്ജ്മാത്തൻ സുസ്ഥിരമായ ഒരസ്തിവാരം പണിതു സകലകേരളീയരെയും തനിക്കു അധമണ്ണരാക്കിത്തീത്തു എന്നുള്ള വിഷയത്തിൻ പക്ഷാന്തരത്തിനു അവകാശലേശമില്ലാ" എന്നുള്ള മഹാകവി ഉള്ളൂരിൻെറ അഭിപ്രായത്തോടു യോജിക്കാത്ത ഭാഷാസ്നേഹികൾ കാണുകയില്ല.

## നിധീരിക്കൽ മാണിക്കത്തനാർ

കുറേക്കാലങ്ങൾക്കു മുൻപു് ഭാഷാപോഷിണി മാസിക, പ്രശസ്തരായ മലയാളിമഹാന്മാരെപ്പററി നടത്തിയ ഒരു ഗാലപ്പുപോളിൽ ഇരുപതുപേരിൽ ഒരാളായി അംഗീകരിക്കപ്പെട്ട ഒരു മഹാപുരുഷനത്രേ നിധീരിക്കൽ മാണിക്കത്തനാർ. കുറവിലങ്ങാട്ടു നിധീരിക്കൽ ഇട്ടിയവിരായുടേയും റോസയുടെയും തൃതീയപുത്രനായി 1842 മെയ് 27-ാംതീയതി അദ്ദേഹം ഭൂജാതനായി. വൈദികവിദ്യാഭ്യാസത്തിനുശേഷം 1876-ൽ വൈദികപട്ടം സ്വീകരിക്കുകയും, തുടന്നു പല ഔദ്യോഗികസ്ഥാനങ്ങൾ

വഹിക്കുകയും ചെയ്തു. കുറേക്കാലം അദ്ദേഹം കോട്ടയം വികാരി അപ്പസ്തോലിക്കാ ഡോക്ടർ കാർളോസു ലവീഞ്ഞു് അവർകളുടെ വികാരി ജനറൽ ആയി ജോലിനോക്കി. 1904 ജൂൺ 20-ാംതീയതി ഏദ്ദേഹം നിര്യാതനായി. കേരളത്തിലെ ക്രൈസ്തവസമുദായത്തിൻെറ ബഹുമുഖമായ പുരോഗതിക്കായി അക്ഷീണയത്നം ചെയ്ത ഒരു മഹാശയനായിരുന്ന അദ്ദേഹം. സ്വസമുദായത്തിൽ തലപൊക്കിയ ഛിദ്രങ്ങളെ ഉന്മൂലനം ചെയ്യുന്നതിനും, അവരുടെയിടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനും വളരെയധികം യത്നിച്ചിട്ടുള്ള ഒരാളാണദ്ദേഹം.

ഇംഗ്ലീഷ്, പോർത്തുഗീസ്, സ്പാനിഷ്, ഇററാല്യൻ, ഫ്രഞ്ച്, ലത്തീൻ എന്നീ യൂറോപ്യൻഭാഷകളും, സുറിയാനി, സംസ്കൃതം, ഹിന്ദുസ്ഥാനി, തമിഴ്, തെലുങ്ക് എന്നീ ഏഷ്യൻഭാഷകളും മാതൃഭാഷയായ മലയാളത്തിനു പുറമേ വശമാക്കിയിരുന്ന ഒരു ബഹുഭാഷാപണ്ഡിതനായിരുന്ന അദ്ദേഹം. മുഴവൻ സമയവും സമുദായകാര്യങ്ങൾക്കു ചെലവഴിക്കുവാൻ നിർബദ്ധനായിത്തീർന്നിരുന്ന അദ്ദേഹത്തിനു ഭാഷാവിഷയകമായി പ്രവർത്തിക്കുവാൻ വേണ്ടത്ര സമയം ലഭിച്ചിരുന്നില്ല. എന്നിരുന്നാലും ഏതാനും ഖണ്ഡകാവ്യങ്ങൾക്കു പുറമേ, 1. ശോഭരാജവിജയം, 2. കൃപാവതി എന്നീ നാടകങ്ങളും, 3. ഒർശ്ലേം തിരുയാത്രാവിവരണം എന്ന കൃതിയും അനേകം പ്രഭാഷണങ്ങളും അദ്ദേഹത്തിൻെറ വകയായി മലയാളസാഹിത്യത്തിനു ലഭിച്ചിട്ടുണ്ടു്.

ആറും ഏഴും കുരിശുയുദ്ധങ്ങളിൽ പങ്കെടുക്കുകയും, നാല്പവർഷക്കാലം മുഹമ്മദീയരുടെ തടവുകാരനായിക്കഴിയുകയും ചെയ്ത ഫ്രാൻസിലെ ലൂയീസുരാജാവിൻെറ ചരിത്രമാണു ശോഭരാജവിജയത്തിൻെറ ഉള്ളടക്കം ഇതിൽ കാണുന്ന അദ്ദേഹത്തിൻെറ ഗദ്യശൈലി ഓജസ്സും ഒഴുക്കുമുള്ളതാണു്. മാതൃകയ്ക്കായി ഒരു ഭാഗം ഉദ്ധരിക്കാം: "മകനെ, ആ അനുജൻെറ സ്നേഹവും സഹോദരഭക്തിയും എനിക്കു് ആശ്ചര്യം തോന്നിക്കുന്നു. എങ്കിലും അവൻ അവിശ്വാസിയുടെ വസ്ത്രം ധരിക്കുകയും, ക്രിസ്ത്യാനിയെന്നുള്ള വേദപ്പേരിനെയും ആ വിശ്വാസത്തെയും മറച്ചുവെക്കുകയും ചെയ്തതു് വലിയ കുററമാണു്. ഒരു ക്രിസ്ത്യൻ മരണത്തിൻെറ ആപത്തിൽപ്പോലും, സമാധാനത്തിലും സമ്പത്തിലും എന്നപോലെ, ഈശോമിശിഹായുടെ തിരുനാമത്തെ അനുസരിച്ചു പറയുകയും അവൻെറ ബാഹ്യാവസ്ഥ മനോവിചാരത്തിനും വിശ്വാസത്തിനും ഒത്തിരിക്കുവാൻ സൂക്ഷിക്കുകയും ചെയ്യേണ്ടതാണു്."

മറെറാരു ഭാഗം: "അവൻെറ ഹൃദയത്തിനുള്ള ആർദ്രതയും ആത്മാവിൻെറ ധാരാളതയും മഹത്വവും അവിടുന്നു അറിഞ്ഞിരുന്നുവെങ്കിൽ സഹോദരസ്നേഹത്തിനു ബലിയായിത്തീർന്നിരിക്കുന്ന അവൻെറ നേരേ കരുണതോന്നാതിരിക്കുകയില്ല. ദുഷ്ടതയുടെ മദ്ധ്യത്തിൽ, അവൻ ഒരു ഭക്തിയുള്ള ക്രിസ്ത്യനും, ധൈര്യമുള്ള യോദ്ധാവും ആയിട്ടുതന്നെ ജീവിച്ചുവരുന്നു അവൻ അപ്പൻെറ കാൽക്കൽവീണു അങ്ങേ സൈന്യത്തിൽ ചേർക്കപ്പെട്ടുവാനും അങ്ങേ വിശ്വസ്തദാസനും കുരിശിൻെറ പടയാളിയു

മായി സ്വീകരിക്കപ്പെട്ടുവാനും ആഗ്രഹിക്കുകയും ചെയ്യുന്നു. ഈ കാര്യം ഞാൻ ആദ്യം പറവാൻ ഓർമ്മിച്ചില്ലാ.''

സ്ത്രീവിദ്യാഭ്യാസം, സാമൂഹ്യസേവനം മുതലായ ആവശ്യങ്ങളിലേക്കു സ്വസമുദായത്തിൻെറ ശ്രദ്ധയെ തിരിച്ചുവിടുന്നതിലേക്കായി മാണിക്കത്തനാർ രചിച്ചിട്ടുള്ള ഒരു കല്പിതനാടകമാണു കൃപാവതി. നായികയായ കൃപാവതി വഴിയിൽ കണ്ട ഒരു ഭിക്ഷുവിനെ രക്ഷിക്കുന്നതും ആ ഭിക്ഷു പ്രച്ഛന്നവേഷനായ ഒരു മെത്രാനാണെന്ന് ഒടുവിൽ തെളിയുന്നതുമാണ് ഇതിലെ ഇതിവൃത്തം. സ്ത്രീവിദ്യാഭ്യാസത്തിൻെറ ആവശ്യകതയെ നായിക ചൂണ്ടിക്കാണിക്കുന്നതു നോക്കുക: ''കഷ്ടം! ഈ മൂഢതങ്ങളെ പറഞ്ഞു ധരിപ്പിച്ച നിങ്ങളുടെ അമ്മമാർ എത്രയോ അനുശോചനാർഹർ. ഇതെല്ലാം കെട്ടുകഥകളാണ്. അമ്മമാൎക്ക് അറിവില്ലായ്കയാലാണ് അവർ ഈവകയൊക്കെ വിശ്വസിക്കുകയും നിങ്ങളെ വിശ്വസിപ്പിക്കുകയും ചെയ്യുന്നതു്. അഹോ, സ്ത്രീവിദ്യാഭ്യാസത്തിൻെറ ന്യൂനത ഓരോ ദേശങ്ങളിൽ എത്രയൊ മൗഢ്യങ്ങളെ നട്ടുവളൎത്തിവരുന്നു. കുഞ്ഞുങ്ങളെ പിശാചിനു ദേഹമില്ലാത്തതിനാൽ ഭക്ഷണത്തിനാവശ്യമില്ല. ഈ പരമാൎത്ഥം ധരിക്കാതെ, തങ്ങളുടെ അരുമസന്താനങ്ങളെ മിഥ്യാബോധങ്ങളിൽ വളൎത്തുന്ന മാതാപിതാക്കന്മാരുടെ സ്ഥിതി എത്രയോ ദയനീയം.''

പോൎത്തുഗീസുകാരനായ ഒരു സന്യാസി ഓർശ്ലേം മുതലായ പുണ്യസ്ഥലങ്ങൾ സന്ദൎശിച്ചശേഷം അവിടെ കണ്ട വിശേഷങ്ങൾ വിവരിച്ചുകൊണ്ടു പോൎത്തുഗീസുഭാഷയിൽ എഴുതിയിട്ടുള്ള ഒരു ഗ്രന്ഥത്തിൻെറ പരിഭാഷയാണ് 'ഓർശ്ലേം തിരുയാത്രാവിവരണം.' ഇതു് 1880-ൽ കൂനമ്മാവിൽ അച്ചടിക്കപ്പെട്ടു. ഇതിലെ ഭാഷാരീതി മനസ്സിലാക്കുന്നതിനു ഒരു ഭാഗം ഉദ്ധരിക്കാം: ''കുറേക്കൂടെ മുന്നോട്ടുചെന്നപ്പോൾ ഉയൎന്ന സ്ഥലത്തു് ഒരു പന്നിയുടെ ജീൎണ്ണശേഷം കണ്ടെത്തി. ഇവിടെവെച്ചത്രെ, ദാനിയേലിന്റെ പുസ്തകം 14-ാം അദ്ധ്യായത്തിൽ കാണുന്ന പ്രകാരം ഹാവുക്കൊക്ക നിവ്യാ കൊയിത്തുകാൎക്കു ഭക്ഷണസാധനങ്ങളുംകൊണ്ടു പോകുമ്പോൾ മാലാഖ തലമുടിക്കുപിടിച്ചു ബാബേലിൽ സിംഹക്കുഴിയിൽ കിടന്ന ദാനിയേലിനു ഭക്ഷണം കൊടുപ്പാനായിട്ടു അവിടേക്കു കൊണ്ടുപോയതെന്നു പറയുന്നു. ഇവിടെനിന്നു കുറേക്കൂടെ നടന്നപ്പോൾ ഇടത്തുഭാഗത്തു ഉയൎന്ന സ്ഥലത്തു മാർ ഏലിയായുടെ എന്നു പേർപെട്ട ഒരു കൊവേന്തയുണ്ടു്. അവിടെനിന്നു നോക്കിയാൽ ബെത്സ്ലേഹം, ഓർശ്ലേം ഈ രണ്ടു നഗരികളെയും കാണാം. ഈ വഴിയിൽത്തന്നെ ഒരു കല്ലു കാണ്മാനുണ്ടു്. ഇതിന്മേൽ ഏലിയാനിവ്യാ കിടന്നുറങ്ങിയതാകുന്നുവെന്നു പറയുന്നു. ഉരുക്കിയ മെഴുകിൽ എന്നപോലെ ഈ കല്ലിന്മേൽ നിവ്യായുടെ രൂപം പതിഞ്ഞിരിക്കുന്നു.''

മാണിക്കത്തനാരുടെ മറ്റൊരു ഭാഷാന്തരകൃതിയാണു 'മാതാവിന്റെ വണക്കമാസം.' മഞ്ഞുമ്മൽകൎമ്മലീത്താസന്യാസികളുടെ വകയായുണ്ടായിരുന്ന മുദ്രാലയത്തിൽനിന്നാണ് ഇതു് ആദ്യമായി അച്ചടിച്ചുപ്രസിദ്ധംചെയ്തതു്. പോൎത്തുഗീസ്, ഇംഗ്ലീഷ് മുതലായ ഭാഷകളിൽനിന്നു

പല പ്രസംഗപരമ്പരകളും ധ്യാനമുറകളും അദ്ദേഹം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. "ഭാഷാന്തരകത്താവെന്നനിലയിൽ മാണിക്കത്തനാർ കൈരളിക്കു് അസംഖ്യം പൂമാലകൾ ചാത്തിയിട്ടുണ്ടു്. വിസിറ്റർ അപ്പസ്തോലിക്ക മൂറിൻ മെത്രാൻെറയും, പദ്രൊവാദൗ ഗോവണ്ണദോരന്മാരുടെയും പ്രധാനസഹായി എന്ന നിലയിൽ ഇംഗ്ലീഷ്, പോത്തുഗീസ് എന്നീ യൂറോപ്യൻഭാഷകളിൽനിന്നു അനേകം ഉപന്യാസങ്ങളും പ്രസംഗങ്ങളും അദ്ദേഹം മലയാളത്തിലേക്കു വിവത്തനം ചെയ്തിട്ടുണ്ടു്. ഭരണീയജനങ്ങളോടു സംസാരിക്കുന്നതിൽ പ്രസ്തുതമതാദ്ധ്യക്ഷന്മാർ ഉപയോഗിച്ച സുപ്രധാനജിഹ്വ നിധിയിരി മാണി ശമ്മാശായിരുന്നു വെന്നുതന്നെ പറയാം. മോൺ: അയൂത്തി ദലഗാദപ്പസ്തോലിക്ക ആയിരുന്നപ്പോഴും മാപ്പാപ്പായുടെ തിരുവെഴുത്തു് ആദിയായ പല രേഖകളും മലയാളത്തിലേക്കു തജ്ജമചെയ്യുന്നതിനു കത്തനാരുടെ സഹായം അദ്ദേഹം ആഗ്രഹിക്കുകയും സമ്പാദിക്കുകയും ചെയ്തിട്ടുണ്ടു്." (കേരളം)

മാണിക്കത്തനാർ അനേകം പ്രസംഗങ്ങളും പ്രബന്ധങ്ങളും രചിച്ചിട്ടുണ്ടു്. 'പരോപകാര'ത്തെപ്പററിയുള്ള ഒരു ഉപന്യാസത്തിൻെറ മുഖവുരയിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം: "മനുഷ്യൻ അബലൻ ആകുന്നുവെന്നു പറയുന്നതു ശരിതന്നെ. അവൻെറചുററും ആപത്തു നിറഞ്ഞിരിക്കുന്നുവെന്നുള്ളതും വാസ്തവമാണു്. എങ്കിലും ഈ വിസ്താരമേറിയ ഭൂലോകത്തിൻെറ നായകസ്ഥാനം വഹിക്കുന്നതു അവനാകുന്നുവെന്നു അവൻെറയും മററു ജന്തുക്കളുടെയും ആകൃതിയും സഞ്ചാരസ്വഭാവവും കാണിക്കുന്നു. ശേഷം സകല പ്രാണികളെയും കല്പിച്ചു നടത്തുവാൻ സ്രഷ്ടാവിനാൽ ഉയത്തപ്പെട്ട അധികാരധ്വജമാണോ അവൻ എന്നു തോന്നത്തക്കവണ്ണം മനുഷ്യൻ തൻെറ പാദങ്ങളിന്മേൽ ഉയന്നുനടക്കുന്നു. മൃഗേന്ദ്രനെന്നു വിളിക്കപ്പെടുന്ന സിംഹമുൾപ്പെടെ മററു ജന്തുക്കളോയെന്നാൽ മനുഷ്യൻെറ ആജ്ഞയ്ക്കു കീഴ്പ്പെട്ടവാനെന്നപോലെ തിരശ്ചീതഗാമികൾ—കുറുക്കെ സഞ്ചരിക്കുന്നവർ—ആയിരിക്കുന്നു. തങ്ങൾക്കു ഭൂവാസമല്ലാതെ അപരഗതിയില്ലെന്നു കാണിപ്പാൻവേണ്ടിയായിരിക്കാം അവ പ്രകൃത്യാ തങ്ങളുടെ ദൃഷ്ടിയെ ഭൂമിയിലേക്കു പതിച്ചുകൊണ്ടിരിക്കുന്നു. മനഃസ്വാതന്ത്ര്യത്തെ കാണിപ്പാൻ സൃഷ്ടിക്കപ്പെട്ടവനെന്നു തോന്നുമാറു മനുഷ്യൻെറ കണ്ണുകൾ മനസ്സിൻെറ ഗതിയനുസരിച്ചു സ്വഗ്ഗത്തിലേക്കോ ഭൂമിയിലേക്കോ തിരിക്കപ്പെട്ടവാൻ തക്കവയായിരിക്കുന്നു..."

ഒരു വായനശാലയെ ചിത്രീകരിച്ചുകൊണ്ടു് അദ്ദേഹം രചിച്ച വിവരണപ്രധാനമായ ഒരു പ്രബന്ധത്തിലേതാണു് താഴെ ഉദ്ധരിച്ചിരിക്കുന്ന ഭാഗം: "കിഴക്കുവശമുള്ള കുന്നിൽ ചെന്നപ്പോൾ അവിടെ മലയാചലസ്പൾിതമായ മന്ദമാരുതൻ മനോഹരമായി ഊതിക്കൊണ്ടിരുന്നു. ആ സ്ഥലത്തു സ്വല്പസമയം വിശ്രമിച്ചപ്പോൾ വായനശാലാമന്ദിരത്തിനു ചുററുമുള്ള ഉദ്യാനത്തിലെ വൃക്ഷങ്ങളിലും ചെടികളിലും ലതകളിലും വികസിച്ചുനിൽക്കുന്ന പുഷ്പങ്ങൾ അവയുടെ പൂണ്ണവണ്ണഭേദഭംഗിയോടുകൂടിയല്ലെങ്കിലും ഞങ്ങളെ അങ്ങോട്ടാകഷിക്കുന്നതായി അനുഭവപ്പെട്ടു. ആ പുഷ്പവാടിയുടെ ചുററും അരയോളം ഉയരത്തിൽ അതിഭംഗിയോടെ

കെട്ടിയിട്ടുള്ള കൽമതിലും അതിൻെറമേൽ വിചിത്രാകൃതിയിൽ വാർത്തു വെച്ചിട്ടുള്ള ലോഹവേലകളും പ്രവേശനത്തിനുള്ള ഗോപുരദ്വാരത്തിങ്കലേക്കു ഞങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചു. ഗോപുരത്തിൻെറ വർത്തുളാഗ്രത്തിൻമീതെ വളരെദൂരം നിൽക്കുന്നവർക്കുപോലും കാണാവുന്നപ്രകാരം വിജ്ഞാനസന്താനം എന്നു വിചിത്രാക്ഷരങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.''

## കണ്ടത്തിൽ വറുഗീസുമാപ്പിള

പത്തൊൻപതാംനൂററാണ്ടിൽ മലയാളഭാഷാപരിപോഷണാർത്ഥം നിസ്തന്ദ്രയത്നംചെയ്തിട്ടുള്ള ഭാഷാഭിമാനികളിൽ കനിഷ്ഠികാധിഷ്ഠിതമായ സ്ഥാനത്തിനു അർഹൻ എല്ലാംകൊണ്ടും കണ്ടത്തിൽ വറുഗീസുമാപ്പിളയാണെന്നുള്ളതിനു തർക്കമില്ല. മഹാകവി ഉള്ളൂർ പ്രസ്താവിച്ചിരിക്കുന്നതുപോലെ ''അദ്ദേഹത്തിൽനിന്നു ഭാഷാസാഹിത്യത്തിനു ലഭിച്ചിട്ടുള്ള സാഹായ്യം അനന്തവും അപരിമേയവുമാകുന്നു. 14 വർഷത്തെ പ്രയത്നംകൊണ്ടു അദ്ദേഹം മലയാളത്തിനു ഭാരതീയഭാഷകളുടെ ഇടയിൽ മഹനീയമായ ഒരു നില കൈവരുത്തി. മററൊരാളെക്കൊണ്ടു സാധിക്കാവുന്നതല്ല അത്ഭുതാവഹമായ ആ കാര്യം.''

കണ്ടത്തിൽകുടുംബത്തിൻെറ കരുത്തനല്ലൂർശാഖയിൽ ഈപ്പൻ, സാറാമ്മ ഈ ദമ്പതിമാരുടെ കനിഷ്ഠപുത്രനായി 1858-ാമാണ്ടു വറുഗീസുമാപ്പിള ഭൂജാതനായി. അടുത്തുള്ള ഒരു നാട്ടാശാൻെറ കീഴിൽ മലയാളത്തിൽ പ്രാഥമികപാഠങ്ങൾ പഠിച്ചശേഷം കോട്ടയം സി. എം. എസ്. ഹൈസ്കൂളിലും അനന്തരം തിരുവനന്തപുരം മഹാരാജാസ്കോളേജിലും ചേർന്നു പഠിച്ചു. പക്ഷെ എഫ്. എ. പരീക്ഷ ജയിക്കാതെ വീട്ടിലേക്കു മടങ്ങുകയാണു ചെയ്തതു്. 188[illegible]-ൽ കൊച്ചിയിൽ ദേവജി ഭീമജിയെക്കൊണ്ടു 'കേരളമിത്രം' എന്ന പേരിൽ ഒരു വാരിക തുടങ്ങിപ്പിക്കുകയും അതിൻെറ അധിപരായി ജോലി സ്വീകരിക്കുകയും ചെയ്തു. 1885 മുതൽ കുറച്ചുകാലത്തേക്കു ചെങ്ങന്നൂർതാലൂക്കു മുതൽപ്പിടിയായി ജോലി നോക്കി. പക്ഷെ അധികം കഴിയുന്നതിനുമുൻപു് ആ പണി രാജിവെച്ചു സി. എം. എസ്. കോളേജിൽ മലയാളം മുൻഷിപ്പണി സ്വീകരിച്ചു. അങ്ങനെ കോട്ടയത്തു താമസിക്കുമ്പോഴാണു് 1890-ൽ മലയാളമനോരമ പത്രം അദ്ദേഹം ആരംഭിച്ചതു്. മലയാളഭാഷയുടെ പരിപോഷണാർത്ഥം മലയാളമനോരമ നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ വാചാമഗോചരങ്ങളാണു്.

മലയാളമനോരമ, ഭാഷാപോഷിണി എന്നീ പത്രികകൾ മലയാളത്തിലെ കവികളെയും സാഹിത്യകാരന്മാരെയും തേടിപ്പിടിച്ചു് അണിനിരത്തി അവരെക്കൊണ്ടു് ഉത്തമസാഹിത്യകൃതികൾ എഴുതിക്കുന്നതിനു ചെയ്തിട്ടുള്ള യത്നങ്ങൾ വിസ്മരിക്കത്തക്കതല്ല. ഭാഷാപോഷിണിവഴിയും മനോരമ കമ്പനിവഴിയും പല നല്ല പുസ്തകങ്ങളും പ്രസിദ്ധീകൃതമായിട്ടുണ്ടു്. ചെങ്ങന്നൂർ ഹൈസ്കൂൾ, കോട്ടയത്തെ എം. ഡി. സെമ്മിനാരി, തിരുവല്ലാ എം. ഡി. ഹൈസ്കൂൾ, തിരുമൂലപുരം ബാലികാ

മഠം മുതലായവയുടെ സ്ഥാപനത്തിൽ വറുഗീസുമാപ്പിള മുൻകൈയെടുത്തു പ്രവർത്തിച്ചിരുന്നു. മദ്രാസുസർവ്വകലാശാലയിൽനിന്നു ബി. എ. ക്കു മലയാളത്തിൽ ഒന്നാംസ്ഥാനത്തു ജയിക്കുന്നവർക്കു കേരളവർമ്മമെഡൽ എന്ന പേരിൽ ഒരു കീർത്തിമുദ്ര പ്രതിവർഷം സമ്മാനിക്കുന്നതിനു ആവശ്യമായ മൂലധനം ശേഖരിച്ചു് സർവ്വകലാശാലയെ ഏല്പിച്ചതും അദ്ദേഹമാണു്. മലയാളഭാഷയുടെ അഭിവൃദ്ധിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന അഭിനിവേശത്തിനു് ഒരു തെളിവായി ഈ മെഡൽ നിലകൊള്ളുന്നു. ഇങ്ങനെ സ്വഭാഷയ്ക്കും സ്വസമുദായത്തിനുംവേണ്ടി അക്ഷീണപരിശ്രമം ചെയ്തുകൊണ്ടിരുന്ന ഈ മഹാശയൻ 46–ാമത്തെ വയസ്സിൽ 1904–ാമാണ്ടു് അകാലചരമം പ്രാപിച്ചു.

മഹാകവി ഉള്ളൂർ സമർത്ഥിച്ചിരിക്കുന്നതുപോലെ "വറുഗീസുമാപ്പിള ഒരു വിശിഷ്ടനായ ഗദ്യകാരനായിരുന്നു. സരളവും എന്നാൽ അതേസമയംതന്നെ ശക്തിമത്തുമായ ഒരു ശൈലിയാണു് അദ്ദേഹം സ്വാധീനമാക്കിയിരുന്നതു്. അദ്ദേഹത്തിന്റെ മുഖലേഖനങ്ങൾ ആരെയും ആകർഷിക്കത്തക്കവയായിരുന്നു." അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതികൾ എബ്രായക്കുട്ടിനാടകം, കലഹിനീദമനകംനാടകം, ഉത്താലൻ എന്നിവയാകുന്നു. ഇതിൽ ഷേക്സ്പീയരുടെ ഒഥല്ലോനാടകത്തിന്റെ പരിഭാഷയായ ഉത്താലൻ രണ്ടങ്കത്തോളമേ പൂർത്തിയായിട്ടുള്ളൂ. പൂർത്തിയായേടത്തോളം ഭാഗം ഭാഷാപോഷിണിയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

ഷേക്സ്പീയരുടെതന്നെ Taming of the Shrew എന്ന നാടകത്തിന്റെ ഒരു സ്വതന്ത്രാനുവാദമാണു 'കലഹിനീദമനകം' നാടകം. പ്രസ്താവനയിലെയും ഭരതവാക്യത്തിലെയും രണ്ടുമൂന്നു ശ്ലോകങ്ങൾ ഒഴിച്ചാൽ വിവർത്തനം ആദ്യന്തം ഗദ്യരൂപത്തിലാണു്. ഭാഷയിലെ രണ്ടാമത്തെ ഗദ്യനാടകമായ ഈ കൃതിതന്നെയാണു വറുഗീസുമാപ്പിളയുടെ കൃതികളിൽ ഏററം പ്രശസ്തമെന്നു തോന്നുന്നു. കലഹിനീദമനകത്തിലെ ഭാഷാശൈലി, താഴെ ഉദ്ധരിക്കുന്ന ഭാഗത്തുനിന്നു മനസ്സിലാക്കാവുന്നതാണു്:

"നിന്റെ ഭർത്താവായ കർത്താവിനെ വ്യസനിപ്പിക്കുന്നവണ്ണം ആ കണ്ണുകൾകൊണ്ടിങ്ങനെ ഹാസ്യമായി നോക്കുകയും ഒരിക്കലും നീ ചെയ്തുകൂടാ. ഇതു് ഇടിയേററ വൃക്ഷംപോലെ നിന്റെ സൗന്ദര്യത്തെ ഉണക്കുകയും, ചുഴലിക്കാററു നല്ല പൂമൊട്ടുകളെ വല്ലാതെയാക്കുന്നതുപോലെ നിന്റെ യശസ്സിനെ നശിപ്പിക്കുകയും ചെയ്യുന്നു. കോപിച്ച സ്ത്രീയും കുത്തിക്കലക്കിയ കുളവും ഒന്നുപോലെയാണു്. ചേറുനിറഞ്ഞിരിക്കും; കണ്ടാൽ അററയ്ക്കും. സൗന്ദര്യം വേർപെട്ടിരിക്കും. ആ സ്ഥിതിയിൽ ദാഹംകൊണ്ടു മരിക്കാറായവനും അതിൽനിന്നു് ഒരു തുള്ളികൊണ്ടു തന്റെ നാവിനെ നനയ്ക്കുവാൻ തുനിയുകയില്ല. നിന്റെ ഭർത്താവു നിന്റെ കർത്താവാണു്. നിന്റെ ജീവനും നിന്റെ ഇടയനും നിന്റെ തലയും നിന്റെ രാജാവും തന്നെ. നിനക്കും നിന്റെ ഉപജീവനത്തിനുംവേണ്ടി ക്ലേശങ്ങൾ അനുഭവിക്കുന്ന ഒരാളാണു്; കരയ്ക്കും വെള്ളത്തിലും പകലും രാത്രിയും അദ്ദേഹം

തന്റെ ശരീരംകൊണ്ടു കഠിനമായി അദ്ധ്വാനിക്കുന്നു; ആ സമയം ഒക്കെയും നീ സുഖമായും അപകടഭയംകൂടാതെയും വീട്ടിൽ സ്വസ്ഥമായിരിക്കുകയും ചെയ്യുന്നു.''

പഴയനിയമം സൃഷ്ടിയുടെ പുസ്തകത്തിൽ 37 മുതൽ 45 വരെയുള്ള അദ്ധ്യായങ്ങളിൽ അടങ്ങിയിരിക്കുന്ന പൂർവ്വയൗസേപ്പിന്റെ ചരിത്രമാണ് എബ്രായക്കുട്ടിനാടകത്തിലെ ഇതിവൃത്തം. അഞ്ചു് അങ്കങ്ങളും 25 'അരങ്ങു'(രംഗം)കളും 51 പദ്യങ്ങളുമടങ്ങിയതാണു് ഈ നാടകം. 1893 ലാണു് ഇതു് ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടതു്. 'എബ്രായക്കുട്ടി' യിലെ ഗദ്യശൈലി മനസ്സിലാക്കുന്നതിനു താഴെ ഉദ്ധരിക്കുന്ന ഭാഗം മതിയാകും.

യൗസേപ്പിന്റെ ഭാര്യ അസേനാത്തു യൗസേപ്പിനോടു്: ''ഇതു കേൾക്കണമെന്നേ എനിക്കാഗ്രഹമുണ്ടായിരുന്നുള്ളു. ഓനിലെ ആചാര്യനായ എന്റെ പിതാവിന്റെ ഭവനത്തിൽ ഒരുവക സന്തോഷത്തിനും കുറവുകൂടാതെ ഇരുന്ന ഞാൻ അതെല്ലാം വെടിഞ്ഞു് ഇവിടുത്തെക്കൂടെ പോന്നതു മിസ്രയിമിലെ മഹാരാജാവിനെ ഭയപ്പെട്ടിട്ടോ ഇവിടുത്തെ ഉന്നതി ഓർത്തിട്ടോ അല്ലല്ലോ. അന്നുമുതൽ ഈ അടുത്തകാലംവരെ എന്നെ അറിയിച്ചുകൂടാത്തതായ ഒരു സ്വകാര്യവും ഉണ്ടായിരുന്നില്ല. ഇപ്പോൾ ഈ ഭേദം കണ്ടതാണു് എനിക്കു സഹിച്ചുകൂടാത്തതു്. കുററക്കാരോ തെററുകാരോ ഉണ്ടായിരുന്നാൽ അവരെ മുറപ്പു ശിക്ഷിക്കുകയൊ വിട്ടയയ്ക്കുകയൊ ചെയ്യണമെന്നല്ലാതെയുണ്ടോ? തങ്ങൾക്കുള്ളവരോടൊരിക്കലും നേരേ ഉരിയാടാതിരുന്നിട്ടു നടത്തേണ്ട രാജ്യകാര്യങ്ങൾ എന്താണുള്ളതു്? അല്ലെങ്കിൽ ഇതേവരെ അതു കണ്ടില്ലല്ലോ. ഇവിടുന്നിപ്പോൾ എത്രദിവസമായി നേരത്തിനും കാലത്തിനും ഉണ്ണാതെയും ഉറങ്ങാതെയുമായിട്ടു്. എന്നെ കണ്ടാലൊരിക്കലും ഒരു നല്ല മുഖമില്ല. രണ്ടു കുട്ടികളുള്ളവരോടും ഈവിധത്തിൽതന്നെയിരിക്കുന്നതാണു കഠിനം. അവക്കിതു സഹിപ്പാൻ ശക്തിയില്ല. ആകപ്പാടെ ഓർത്തുനോക്കിയിട്ടു് ഇവിടുത്തേക്കു തക്കതായ കാരണം കൂടാതെ ഇങ്ങനെ ഒരു സ്വഭാവഭേദം ഉണ്ടാകുമെന്നെനിക്കു് അശേഷം വിശ്വസിക്കുവാൻ പാടില്ല. അതുകൊണ്ടു് ഒന്നുകിൽ എന്തോ ഒരു സുഖക്കേടിന്റെ ആരംഭം. അല്ലെങ്കിൽ എന്റെപേരിലുള്ള എന്തെങ്കിലും വീഴ്ച. ഞാൻ മനസ്സറിയാതെ ചെയ്തുപോയിട്ടുള്ള വല്ല തെററുമായിരുന്നാൽ അതു കൃപയുണ്ടായി എന്നോടു ക്ഷമിക്കണം.''

## സ്തനിസ്ലാവോസ് കത്തനാർ

വറുഗീസുമാപ്പിളയുടെ സമകാലീനനായ മറെറാരു ഭാഷാപണ്ഡിതനായിരുന്നു വെട്ടിക്കാട്ടു സ്തനിസ്ലാവോസുകത്തനാർ. ചിറക്കടവിൽ വെട്ടിക്കാട്ട് എന്ന കുടുംബത്തിൽ 1836-ൽ ദുമ്മിനിക്കോസ് മറിയം എന്ന ദമ്പതിമാരുടെ ഏഴ പുത്രന്മാരിൽ അഞ്ചാമനായി ജനിച്ചു. 12-ാമത്തെ വയസ്സിൽ സെമ്മിനാരിയിൽ ചേർന്നു. അലങ്കാരശാസ്ത്രത്തിലും തത്ത്വശാസ്ത്രത്തിലും പ്രത്യേകപ്രാവീണ്യം നേടി. 1860-ൽ വൈദികനായിത്തീർന്നു. അതിനുശേഷം അർത്തുങ്കൽ, വല്ലാർപാടം, തുരുത്തി, ആല

പ്പുഴ, അതിരമ്പുഴ, കുടമാളൂർ, പൂവരണി എന്നീ പള്ളികളിൽ വികാരിയായി ജോലിനോക്കി. പൂവരണിയിൽ വികാരിയായിരിക്കവെ 1909 നവംബർമാസത്തിൽ അദ്ദേഹം നിര്യാതനായി.

സ്തനിസ്ലാവോസുകത്തനാർ അദ്ദേഹത്തിൻെറ കാലത്തെ ഏററവും വലിയ വാഗ്മിയായിരുന്നു. "മലയാളത്തിലെ കത്തോലിക്ക സുറിയാനിക്കാരുടെ വൈദികഗണത്തിൽ പ്രസംഗിയെന്ന പദത്തിന് അർഹനും സുപ്രസിദ്ധനും" എന്നാണ് 1909–ലെ നസ്രാണിദീപികയിൽ അദ്ദേഹത്തെപ്പററിയുള്ള ചരമക്കുറിപ്പ് ആരംഭിക്കുന്നത്. കോട്ടയം വികാരി അപ്പസ്തോലിക്കയായിരുന്ന ഡോക്ടർ ചാറത്സ് ലവീഞ്ഞിന്, 1888–ാമാണ്ടു നൽകപ്പെട്ട സ്വീകരണത്തെപ്പററി ബോംബയിലെ കാത്തലിക് എക്സാമിനർ പത്രറിപ്പോർട്ടു ചെയ്യുകയിൽ "ആലപ്പുഴ വികാരിയും സുറിയാനിക്കാരനുമായ ഒരു യുവവൈദികൻ ലത്തീൻഭാഷയിൽ പ്രശസ്തതമമായ ഒരു പ്രസംഗം ചെയ്തു" എന്നു പറഞ്ഞിരിക്കുന്നത് സ്തനിസ്ലാവോസച്ചനെപ്പററിയാണ്. ഇദ്ദേഹത്തിൻെറ സാഹിത്യസംരംഭങ്ങളെപ്പററി 1909–ലെ നസ്രാണിദീപിക ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: "കേരളപ്രസംഗി, കുരുളവേദഛേദിനി മുതലായ വിശിഷ്ട പുസ്തകങ്ങൾ ഈ ദേഹത്താൽ ചമയ്ക്കപ്പെട്ടവയാകുന്നു. ഇനിയും അച്ചടിക്കപ്പെടുന്നതിനായി അനേകം പ്രസംഗങ്ങൾ മുതലായവ ഈ മഹാൻ തയ്യാറാക്കിവെച്ചിട്ടുള്ളതു കൂടാതെ, മലയാളഭാഷയിൽ ഇതേവരെ ഉണ്ടായിട്ടില്ലാത്ത തത്വശാസ്ത്രപ്രബന്ധത്തെയും മററും പൂർത്തിയാക്കുന്നതിലേക്കുവേണ്ടി വികാരിത്വസംബന്ധമായ ചുമതലകൾക്കു പുറമേ രാപകൽ ഇളവില്ലാതെ ബോധത്തെയും ദേഹത്തെയും ഒന്നുപോലെ പ്രയത്നിപ്പിച്ചതിൽവെച്ചാകുന്നു മരണഹേതുവായ വായുകോപം ആരംഭിച്ചതു്."

പത്തൊൻപതാംനൂററാണ്ടിൻെറ അന്ത്യത്തിൽ ചേന്നൻകരിയിൽ നൂതനമായി ഉൽഭൂതമായ മതദുർബോധനകളെ ഖണ്ഡിച്ചുകൊണ്ടു സ്തനിസ്ലാവോസുകത്തനാർ രചിച്ചിട്ടുള്ള ഒരു കൃതിയാണ് 'കുരളവേദഛേദിനി'. കുടമാളൂർ പള്ളി വികാരിയായിരിക്കുമ്പോഴാണ് അദ്ദേഹം ഇതു രചിച്ചതു്. 1896–ൽതന്നെ മാന്നാനത്തു് അച്ചടിക്കുകയും ചെയ്തു. "ഈ പ്രബന്ധം ആകൃതിയിൽ ചെറുതരമായി കാണപ്പെട്ടാലും സംഗതി മാഹാത്മ്യത്താൽ മഹൽഗ്രന്ഥശേഖരത്തിൽ ഗണിക്കപ്പെട്ടുവാനുള്ള സർവ്വയോഗ്യതാംശങ്ങളും ഇതിനുണ്ടെന്നു ഞാൻ വിചാരിക്കുന്നു" എന്നാണ് അന്നു വികാരിജനറാളായിരുന്ന തയ്യിൽ യൗസേപ്പുകത്തനാർ ഈ കൃതിയെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നതു്. കത്തനാരുടെ ഭാഷാശൈലി മനസ്സിലാക്കുന്നതിനു ഗ്രന്ഥത്തിലെ പ്രഥമഖണ്ഡികതന്നെ ഇവിടെ ഉദ്ധരിക്കാം:

"അജ്ഞാനാന്ധതയിലും വിഗ്രഹാരാധനയിലും ദുർമ്മാർഗ്ഗവ്യാപാരങ്ങളിലും മുങ്ങിത്താണു നാശകരസ്ഥിതിയിൽ കിടന്നിരുന്ന ഈ മലയാളരാജ്യത്തെ സത്യവേദത്തിൻെറ ജ്യോതിസ്സാൽ ശോഭിപ്പിക്കുന്നതിനുവേണ്ടി, ദൈവത്താൽ യാത്രയാക്കപ്പെട്ട മാർത്തോമ്മാശ്ലീഹാ ഇവിടങ്ങളിൽ വന്നു സ്വർഗ്ഗരാജ്യത്തിലേക്കുള്ള പന്ഥാവിനെ തെളിച്ചുകാണിച്ചു,

സത്യമാർഗ്ഗത്തിൽ നമ്മുടെ പൂർവ്വന്മാരെ ചേർത്ത നാൾ തുടങ്ങി, മാർതോമാ നസ്രാണികളെന്ന നാമധാരികളായ നമ്മുടെ സഭയിൽ അനേകം വേദകലഹങ്ങളും വിപരീതാഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ട്. എന്നുവരികിലും, മൂക്കുതയോടെ ആയഭിപ്രായങ്ങളെ പരത്തുന്നതിനോ, നിലനിർത്തുന്നതിനോ യത്നിക്കയും, നൂതനങ്ങളായ ഇടത്തൂട്ടുകളെ ഉണ്ടാക്കുകയും ചെയ്തിട്ടുള്ള യാതൊരു ഇടത്തൂട്ടുതലവനും ഇതിന്നു മുൻപായി ഉണ്ടായിട്ടില്ലാത്തതും, ഏതേതു കാലങ്ങളിലും മാർത്തോമ്മാശ്ലീഹായാൽ നട്ടുണ്ടാക്കപ്പെട്ട സത്യവേദോപദേശങ്ങളെ ഭംഗമെന്ന്യേ ആദരിച്ചുകൊണ്ടു പോന്നിരുന്ന അസംഖ്യം ഗുരുക്കളും ജനങ്ങളുമുണ്ടായിരുന്നതും ഓർത്തുനോക്കുമ്പോൾ, ഈ സംഗതി നമ്മുടെ സഭയുടെ മഹത്വത്തെ പ്രത്യക്ഷീകരിക്കുന്ന ഒരു സാക്ഷ്യവും, ഈ മഹാകുടുംബത്തിൻെറ ശിരസ്സിൽ മങ്ങലെന്നിയെ ശോഭിക്കുന്ന ഒരു അമൂല്യരത്നവുമാണ്.''

സ്റ്റനിസ്ലാവോസ് കത്തനാർ തൻെറകാലത്തെ അതിപ്രസിദ്ധനായ വാഗ്മിയായിരുന്നെന്നു പറഞ്ഞുവല്ലോ. ആണ്ടുവട്ടത്തിലുള്ള ഞായറാഴ്ചകളിലും പെരുനാളുകളിലും ദേവാലയങ്ങളിൽ പ്രസംഗിക്കുന്നതിന് അദ്ദേഹം ക്ഷണിക്കപ്പെട്ടിരുന്നു. അക്കാലത്തു മലയാളത്തിൽ, ഇത്തരം പ്രസംഗത്തിനു സഹായിക്കുന്ന ഗ്രന്ഥങ്ങളൊന്നും ഉണ്ടായിരുന്നില്ല. അതിനാൽ പലരുടെയും നിർബന്ധപ്രകാരം, പ്രസംഗിക്കുവാൻ ആഗ്രഹിക്കുന്ന യുവവൈദികൎക്ക സഹായകമാകത്തക്കവണ്ണം, സ്റ്റനിസ്ലാവോസച്ചൻ, ഈ നാട്ടിൽ നടപ്പുള്ള എല്ലാ തിരുനാളുകളെ സംബന്ധിച്ചുമുള്ള പ്രസംഗങ്ങൾ ''ഏഴ പുസ്തകങ്ങളായി നിശ്ചയിച്ച് എഴുതിത്തീർത്തു.'' അതിൽ ഒന്നാമത്തെ പുസ്തകം (ഡെമ്മി സൈസിൽ 353 പുറങ്ങൾ) 1893-ൽ 'കേരളപ്രസംഗി' ൧-ാം പുസ്തകം എന്ന പേരിൽ മാന്നാനം പ്രസ്സിൽ അച്ചടിപ്പിച്ചു. 21 പ്രസംഗങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. സ്റ്റനിസ്ലാവോസച്ചൻെറ ഭാഷ പ്രൗഢവും സംസ്കൃതപദബഹുലവുമാണ്. അതു കരുതിയായിരിക്കണം പുസ്തകത്തിന്റെ അവസാനത്തിൽ ഒരു അകാരാദികൂടി ചേർത്തിട്ടുള്ളത്. കത്തനാരുടെ ഗദ്യശൈലി മനസ്സിലാക്കുന്നതിനു രണ്ടു ചെറിയ ഖണ്ഡികകൾ ഇവിടെ പകർത്താം:

''നവഗ്രഹങ്ങളിൽവെച്ചു ചന്ദ്രൻ എല്ലാ സൃഷ്ടികൾക്കും അത്യന്തസന്തോഷമുളവാക്കുന്ന ഒരു ഗ്രഹമാകുന്നുവെന്നതു നിർവിവാദമത്രേ ആകുന്നു. എന്തുകൊണ്ടെന്നാൽ ഈ ഗ്രഹമില്ലാതായി എന്നുവന്നാൽ ജീവനുള്ള സൃഷ്ടികൾക്കുതന്നെയല്ല, നിർജ്ജീവികൾക്കുകൂടെയും അത്യന്തസന്താപത്തിനും നാശത്തിനും ഇടവരുമായിരുന്നു. എന്തെന്നാൽ സൂൎയ്യോഷ്ണംകൊണ്ടു നന്നാ തളന്നു നാശകരസ്ഥിതിയിൽ എന്നപോലെ കിടക്കുന്ന സകലവും, ചന്ദ്രൻ അതിൻെറ കോമളകതിരുകളെ വീശുവാൻതുടങ്ങുന്നതിനോടെ, പച്ചപിടിച്ചും ആലസ്യം തീൎന്നും സുഖകരസ്ഥിതിയിൽ വന്നു വശാകുന്നു. ഇതിനാൽ പ്ലീനിയോ എന്ന ഗ്രന്ഥകർത്താവു ചന്ദ്രനെ എല്ലാ സൃഷ്ടികൾക്കും ആയുസ്സുനൽകുന്ന ജീവാത്മാവ് എന്നു വിളിക്കുന്നതിനു സംശയിച്ചില്ല. എന്തെന്നാൽ ചന്ദ്രോദയത്തിനു ഏകദേശം എല്ലാ സൃഷ്ടികളും തെളിഞ്ഞാനന്ദിക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ചന്ദ്രോ

ദയത്തിനു ലിക്കീനോസ്സ എന്നു പറയപ്പെടുന്ന പാറകളിൽനിന്നു ഗീതവാദ്യങ്ങൾക്കുതുല്യമായ ഒരുവിധ രാഗം പുറപ്പെടുന്നു. കടലിലുള്ള ഒരുവിധ മത്സ്യങ്ങൾ നിലാവു കൂടിവരുന്തോറും ധാവള്യമാകയും, നിലാവു കുറഞ്ഞുവരുന്തോറും വെണ്മയും കുറഞ്ഞു കടശി കറുത്തുപോകയുംചെയ്യുന്നു.'' (പുറം 111.)

''അത്യുന്നതങ്ങളിൽ സ്ഥിതിചെയ്തുംകൊണ്ടു മേൽ ആകാശത്തിലും, കീഴ് ഭൂമിയിലും അതിനിസ്സാരങ്ങളായുള്ളവയെക്കൂടെയും തൃക്കൺപാത്തു, ദരിദ്രരെ അവരുടെ ഹീനാവസ്ഥയിൽനിന്നുയർത്തി, തന്റെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടി സ്ഥാപിക്കുന്ന മഹാദൈവത്തിനു സദൃശനാർ? തന്റെ അപരിമേയബോധജ്ഞാനത്തിന്റെ അഗാധങ്ങളെ അളന്നു പരിച്ഛേദിച്ചവൻ ആർ? ഒരുത്തരുമില്ല. സൃഷ്ടിക്കപ്പെട്ട ബുദ്ധി അത്യല്പംമാത്രം. കർത്താവോ എന്നാൽ ഊനമില്ലാത്തവനും അറുതിയില്ലാത്തവനും. തന്റെ ദിവ്യാലോചനയുടെ വഴികളൊരുത്തനും കണ്ടുപിടിക്കത്തക്കതുമല്ല. അതതിന്റെ കുറിമാനങ്ങളിൽനിന്നു തെററിപോകുവാനും വഹിയാ. തന്റെ തിരഞ്ഞെടുപ്പുകളിൽ വഞ്ചിക്കപ്പെടുന്നതുമില്ല. എന്തെന്നാൽ തന്റെ അളവറ്റ ബോധജ്ഞാനം ഭൂതം വർത്തമാനം ഭാവി എന്നീ ത്രികാലങ്ങളെയും ഏകദാ അടക്കിക്കൊള്ളുന്നു. ഈ മൂന്നു കാലങ്ങളും തന്റെമുൻപാകെ ഒന്നുതന്നെ. ഒന്നു ഒന്നിൽനിന്നു വ്യത്യാസപ്പെടുന്നില്ല. സകലത്തെയും താൻ സദാകാലവും യഥാസ്ഥിതിയിൽ തൃക്കൺപാത്തുകൊണ്ടിരിക്കുന്നു.'' (പുറം 169.)

സ്തനിസ്ലാവോസ് കത്തനാരുടെ സർവ്വപ്രധാനമായ കൃതി 'തത്വശാസ്ത്ര'മാണെന്നു തോന്നുന്നു. ''മലയാളഭാഷയിൽ ഇതേവരെ ഉണ്ടായിട്ടില്ലാത്ത തത്വശാസ്ത്രപ്രബന്ധം'' എന്നു 1909-ൽ നസ്രാണിദീപിക രേഖപ്പെടുത്തിയിരിക്കുന്നതു് 50 കൊല്ലങ്ങൾക്കുശേഷം ഇന്നും ഏതാണ്ടു് ഒരു വസ്തുതയായി നിലകൊള്ളുകയാണു്. രണ്ടു ഭാഗങ്ങളായിട്ടാണു് അദ്ദേഹം ഇതു നിബന്ധിച്ചിരിക്കുന്നതു്. കൈയെഴുത്തുപ്രതി ഫുൾസ്കാപ്പുസൈസിൽ 900-ൽപരം പുറങ്ങൾവരുന്ന ഈ കൃതി ഇതേവരെ അച്ചടിപ്പിച്ചിട്ടില്ല. തത്വശാസ്ത്രത്തെപ്പററി സമഗ്രമായി പ്രതിപാദിക്കുന്ന ഈ അമൂല്യകൃതി മുദ്രണംചെയ്യുവാൻ ആരും മുതിരാതിരുന്നതു് ഒരു നിർഭാഗ്യമെന്നേ പറയുവാനുള്ളു. പ്രസ്തുതഗ്രന്ഥത്തിൽനിന്നു് ഒരു ഖണ്ഡികയാണു താഴെ ഉദ്ധരിക്കുന്നതു്.

''കല്പനാശക്തിയെന്നും ഭാവനാശക്തിയെന്നും പറയുന്നതു്, മാർ തോമ്മാമല്പാൻ നിർണ്ണയിച്ചിരിക്കുന്നപ്രകാരം, ''വസ്തുക്കളുടെ രൂപങ്ങളെ നിർമ്മദ്ധ്യസ്ഥമായും സ്വതന്ത്രവിഷയമായും ഉണ്ടാക്കുന്നതായ ഒരു ശക്തിയാകുന്നു.'' പഞ്ചേന്ദ്രിയങ്ങളുടെമുൻപാകെയുള്ള ശരീരങ്ങളെ മാത്രമല്ല, പിന്നെയൊ, അവ മുൻപാകെ ഇല്ലാതിരുന്നാലും അവയുടെ പ്രതിബിംബങ്ങളെ അഥവാ രൂപങ്ങളെ നമ്മുടെ ബോധത്തിൽ വരുത്തുകയും ധ്യാനിക്കുകയും ചെയ്യുന്നുണ്ടു്. അത്രമാത്രമല്ല ഇന്ദ്രിയങ്ങളുടെ വെവേറെയുള്ള നിരൂപണങ്ങളെ നാം കൂട്ടിച്ചേർത്തു പ്രകൃതിയിലില്ലാത്ത ചില കൂട്ടങ്ങളെ നാം ഊഹിച്ചുണ്ടാക്കുന്നുമുണ്ടു്. ദൃഷ്ടാന്തം: നാം സ്വർണ്ണത്തെയും

പർവതത്തെയും അറിഞ്ഞശേഷം, ഈ രണ്ടു നിരൂപണങ്ങളെ ഒന്നായി യോജിപ്പിച്ചു ഒരു സ്വൎണ്ണപർവതത്തെ നമ്മുടെ ബോധത്തിലുണ്ടാക്കുന്നു. ഇവയിൽവെച്ചു മുൻദൎശിച്ചിട്ടുള്ള കാൎയ്യങ്ങളെ പിന്നെയും നമ്മുടെ ബോധത്തിൽ പ്രതിബിംബിപ്പിക്കുന്ന നിരൂപണത്തെ 'പരികല്പികാ'നിരൂപണമെന്നും ആ നിരൂപണങ്ങളിൽനിന്നു മൂന്നാമത്തെ ഒരു നിരൂപണത്തെ ഊഹിച്ചുണ്ടാക്കുന്നതിനെ 'നിൎമ്മിതാ'നിരൂപണമെന്നും നവീനതത്വജ്ഞന്മാർ വിളിക്കുന്നു.'' (പുറം 678.)

മറെറാരു ഖണ്ഡിക: ''പ്രവൎത്തിക്കേണ്ടവയെപ്പററി നിൎണ്ണയിക്കുന്ന ബോധനിൎണ്ണയത്തെ ചിത്തം അനുകരിക്കുന്നു. എന്നാൽ ബോധം ആവശ്യമായി നിൎണ്ണയിക്കുന്നു. ആകയാൽ തെരഞ്ഞെടുപ്പുമാവശ്യമായുണ്ടാകുന്നു. ആകയാൽ ചിത്തം അതിൻെറ നിശ്ചയത്തിൽ സ്വാതന്ത്ര്യമുള്ളതല്ല. ഉത്തരം. മാർതോമ്മാമല്പാനോടുകൂടെ ഉത്തരിക്കുന്നതു ''പ്രവൎത്തിക്കേണ്ട കാൎയ്യങ്ങളെപ്പററി നാം ചെയ്യുന്ന ബോധനിൎണ്ണയം അഥവാ അഭിപ്രായം ആഗന്തുകകാൎയ്യങ്ങളെക്കുറിച്ചുള്ളതാകുന്നു. ആകയാൽ ഇവയിൽനിന്നു ജനിക്കുന്ന നിഗമനങ്ങൾ ആവശ്യകമൂലങ്ങളിൽ അസംബന്ധമാവശ്യത്താൽ ജനിക്കുന്നില്ല. പിന്നെയോ ചട്ടംകൊണ്ടുള്ള ആവശ്യകമൂലങ്ങളിൽനിന്നു ജനിക്കുന്നു. എന്തെന്നാൽ പ്രവൎത്തിപ്പാനുള്ള പ്രത്യേകകാൎയ്യങ്ങൾ എല്ലാപ്പോഴും ആഗന്തുകങ്ങളാകുന്നു. ആകയാൽ ഇങ്ങനെയുള്ള സംഗതികളിൽ ബോധനിൎണ്ണയം ഒരു കാൎയ്യത്തിൽത്തന്നെ നിൎദ്ദിഷ്ടമായി നില്ക്കാതെ വ്യത്യാസമുള്ള കാൎയ്യങ്ങളിലേക്കു ചെല്ലുന്നു. തന്നിമിത്തം ചിത്തത്തിൻെറ തെരഞ്ഞെടുപ്പും നിശ്ചയവും സ്വാതന്ത്ര്യമുള്ളതായിരിക്കുന്നു.'' (പുറം 789—790)

## അദ്ധ്യായം പത്തൊൻപത്

# കവിതാസംരംഭങ്ങൾ—1

പത്തൊൻപതാം ശതാബ്ദത്തിൽ കേരളത്തിലെ ക്രിസ്ത്യൻസമുദായം ഭാഷാവിഷയകമായി അവരുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതു പ്രധാനമായും ഗദ്യശാഖയിലാണ്. മതപ്രചരണത്തിനും, അവർ സ്ഥാപിച്ചുകൊണ്ടിരുന്ന വിദ്യാലയങ്ങളുടെ ആവശ്യത്തിനും പ്രധാനമായി വേണ്ടിയിരുന്നതു ഗദ്യഗ്രന്ഥങ്ങളായിരുന്നു. മതപരമായ മാത്സര്യങ്ങളിലും സ്വാതന്ത്ര്യവാദങ്ങളിലും എപ്പെട്ടിരുന്ന അവക്കു സുകുമാരകലകളിൽ ശ്രദ്ധ ചെലുത്തുന്നതിനു വേണ്ടത്ര സമയമോ സന്ദർഭമോ ഉണ്ടായിരുന്നില്ലതാനും. എങ്കിലും, ആ നൂററാണ്ടിലും മററുള്ളവരോടൊപ്പം തലയെടുത്തു നില്ക്കുവാൻ പ്രഗത്ഭരായ ചില കവികൾ അവരുടെ ഇടയിൽ ഉണ്ടായിട്ടുണ്ട്. സവർണ്ണസമുദായങ്ങളിലെ അവരുടെ സുഹൃത്തുക്കൾക്കു ലഭിച്ചിരുന്നതുപോലെയുള്ള രാജകീയസഹായങ്ങളോ പ്രോത്സാഹനങ്ങളോ ക്രിസ്ത്യൻകവികൾക്കു ലഭിച്ചിരുന്നില്ല. സ്വന്തസമുദായത്തിൽപ്പോലും കവികളെ പ്രോത്സാഹിപ്പിക്കത്തക്ക ഒരു അന്തരീക്ഷം അന്നുണ്ടായിരുന്നില്ല. മനംമടുപ്പിക്കുന്ന ഇത്തരം പരിതസ്ഥിതികൾ ഉണ്ടായിരുന്നിട്ടും അവരിൽ ചിലർ ദൈവദത്തമായ തങ്ങളുടെ കഴിവുകളെ കവിതാദേവീസപര്യയ്ക്കായി സമപ്പിക്കയുണ്ടായി.

### ജോസഫ് ഫെൻ

വടക്കേമലബാറിൽ കുലീനമായ ഒരു നായർകുടുംബത്തിൽ, 1785-ാമാണ്ടിടക്കു ജനിച്ച വശ്യവാക്കായ ഒരു കവിയാണു ചെറുശ്ശേരി ചാത്തുനായർ അഥവാ ജോസഫ് ഫെൻ. ഗുരുമുഖത്തിൽനിന്നു മലയാളവും സംസ്കൃതവും, സ്വന്തപ്രയത്നംകൊണ്ടു കുറച്ചു് ഇംഗ്ലീഷും പഠിച്ചശേഷം സ്വദേശം വിട്ടു തിരുവനന്തപുരത്തേക്കു പോയി. അവിടെ ഒരു ചെറിയ സക്കാരുദ്യോഗം ലഭിച്ചു. കുറേക്കാലത്തിനുശേഷം അധികാരികൾ അദ്ദേഹത്തെ കോട്ടയം കാര്യക്കാരായി നിയമിച്ചു.

കോട്ടയത്തു ജോലിയിലിരിക്കുന്ന കാലത്താണു റവ. ബെയ്‌ലി, റവ. ജോസഫ് ഫെൻ എന്നീ മിഷ്യനറിമാരുമായി ചാത്തുനായർ പരിചയത്തിലേപ്പെട്ടതു്. റവ. ജോസഫ് ഫെന്നിനെ ചാത്തുനായർ ഒരു ആചാര്യനെപ്പോലെ കരുതിപ്പോന്നു. ബെയ്‌ലി വേദപുസ്തകപരിഭാഷയുടെ പരിഷ്കരണത്തിൽ വ്യാപൃതനായിരുന്നപ്പോൾ സഹായത്തിനു തിരഞ്ഞെടുത്ത ഹൈന്ദവപണ്ഡിതന്മാരിൽ ഒരാൾ ചാത്തുനായരായിരുന്നുവെന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ.

മിഷ്യനറിമാരുമായുള്ള പരിചയവും വേദപുസ്തകപരിഭാഷയി

ലുള്ള ഭാഗഭാഗിത്വവും ചാത്തുനായരെ ഒരു ക്രിസ്തുമതാരാധകനാക്കിത്തീർത്തു. തൽഫലമായി അദ്ദേഹം സർക്കാർജോലി രാജിവച്ചു കോഴിക്കോട്ടേക്കു പോകുകയും, അവിടെവച്ചു ജ്ഞാനസ്നാനം സ്വീകരിച്ച് ഒരു ക്രിസ്ത്യാനിയായിത്തീരുകയും ചെയ്തു. ജോസഫ് ഫെൻ എന്ന നാമം തന്നെ അദ്ദേഹം സ്വീകരിച്ചു. മതപരിവർത്തനാനന്തരം ബ്രിട്ടീഷിൻഡ്യയിൽ അദ്ദേഹത്തിന്ന് ഒരു മുനിസിപ്പിന്റെ ജോലി കിട്ടി. ആ ഉദ്യോഗത്തിലിരിക്കെ, കൊച്ചിയിൽവച്ച്, 1835–ാമാണ്ട് അദ്ദേഹം നിര്യാതനായി.

ജോസഫ് ഫെന്നിന്റെ പ്രധാനകൃതി ''അജ്ഞാനകുഠാരം'' എന്ന ഭാഷാഗാനമാണ്. ഹിന്ദുമതത്തിലെ പല ആചാരങ്ങളേയും അനുഷ്ഠാനങ്ങളേയും വളരെ കർക്കശമായ രീതിയിൽ കവി ഈ കൃതിയിൽ നിരൂപണം ചെയ്തിരിക്കുന്നു. സാമാന്യം ദീർഘമായ ഈ കാവ്യത്തിൽ ഒന്നിലധികം വൃത്തങ്ങൾ കവി സ്വീകരിച്ചിരിക്കുന്നു. എഴുത്തച്ഛനേയും കുഞ്ചൻ നമ്പ്യാരേയുംപോലെ ദ്രാവിഡവൃത്തങ്ങളിലാണു ഫെൻ ഗാനംചെയ്തിരിക്കുന്നതു്. കുട്ടികൾക്കുപോലും മനസ്സിലാകത്തക്ക ഒരു ലളിതശൈലിയാണു താൻ സ്വീകരിച്ചിരിക്കുന്നതെന്ന് അദ്ദേഹം ആദ്യമേ പറയുന്നുണ്ട്.

''ബാലകർപോലും കേട്ടറിവതിനായ്
കാലവിളംബനമെന്നിയെയൊരല്പം
പോലും കഠിനപദങ്ങൾ വരാതെ
ചേലൊട്ടു വെള്ളയിലുരചെയ്യുന്നേൻ.''

ഹിന്ദുമതത്തിലെ ചില ആചാരങ്ങളെ കവി അപലപിക്കുന്നു:

''മൂശാരി തീർത്ത തിടമ്പമ്പലംതന്നിൽ
ഘോഷിച്ചുവെച്ചു പൂജിക്കുന്നതുനേരം
ദോഷമുണ്ടാം വിപ്രനെന്നിയെ തൊട്ടീടിൽ
ദോഷമില്ലായതുടഞ്ഞിതെന്നാകിലോ
മൂശാരി തൊട്ടു കുറകൾ തീർത്തീടുന്നു
മൂശസ്സകത്തിട്ടു വാർപ്പുതവനല്ലോ.''

* * *

''പെൺകെട്ടുകല്യാണമുണ്ടു കോലാഹലം
പെൺകൊടിമാർക്കുപകാരം വരുന്നീല
താലി കെട്ടുന്നൊരു കാന്തനഞ്ചാംദിനം
കൂലിവാങ്ങിക്കൊണ്ടുപേക്ഷിച്ചുപോകുന്നു.''

* * *

''തോലിട്ട വാദ്യങ്ങൾ നാലമ്പലംതന്നിൽ
വേലസ്സലങ്കാരമായുള്ളതാകുന്നു
തോൽച്ചെരിപ്പമ്പലത്തിൽ കണ്ടിതെന്നാകി–
ലപ്പഴേ ശുദ്ധികലശമാവശ്യമാം.
തൊട്ടുകൂളികളും തീണ്ടിക്കുളികളും
നാട്ടമര്യാദപോലെ വിവിധങ്ങൾതാൻ.''

നാമമാത്രക്രിസ്ത്യാനികളെയും അദ്ദേഹം കണക്കിനു പരിഹസിക്കാതെ വിട്ടുന്നില്ല.

"ക്രിസ്ത്യാനിയെന്നുള്ള നാമധേയംപൂണ്ടു
ക്രിസ്തുവാരെന്നുമെന്തെന്നുമറിയാതെ
സത്യവേദത്തെയുമോതിപ്പഠിക്കാതെ
നിത്യജീവാപ്തിക്കു മാനസം ചെല്ലാതെ
ചിത്തത്തിനൊത്തവണ്ണം നടന്നങ്ങനെ
സാത്താൻെറ ഭക്തരായാലനത്ഥം ഫലം."

ഇടയ്ക്കിടെ ഉചിതമായ തത്ത്വോപദേശം നല്കുന്നതിനും കവി വ്യാപൃതനായിരിക്കുന്നു:

"മർത്ത്യനു ബുദ്ധിയെന്നുള്ളൊരു സാധനം
തത്വം ഗ്രഹിപ്പതിനല്ലയോ തന്നതും?
നേരേതു നേരുകേടേതെന്നു തേറുവാൻ
നേരേ വിചാരമെന്നുള്ളിലൊന്നില്ലയോ?
ചിത്തമേകാഗ്രമായ് നിന്നിതെന്നാകിലോ
സത്വരം ജ്ഞാനാഗ്നിതന്നിൽ ദുരിതങ്ങൾ
കത്തിയെരിഞ്ഞുപോം കൈത്തിരികൊണ്ടൊരു
പത്തനമെല്ലാം ദഹിക്കുന്നതുപോലെ."

ജോസഫ് ഫെന്നിൻെറ ഈ കവിതയ്ക്കു നല്ല ഒഴുക്കും ഫലിതവുമുണ്ട്. ആദ്യകാലങ്ങളിൽ ഇതിനു നല്ല പ്രചാരം ലഭിച്ചിരുന്നു. 1840-ൽ റവ. ഹെൻറി ബേക്കർ എഴുതിയിട്ടുള്ള ഒരു കത്തിൽ ഈ കൃതിയെപ്പറ്റി ഇങ്ങനെ പ്രസ്താവിച്ചുകാണുന്നു: "The Greatest demand has been for a poem written by a native formerly belonging to this mission... It is an exposure of the absurdities of the Hindu religion and of the insufficiency of the Jewish and Muhammadan religions for salvation and shows the suitableness of that of Christ for the wants of man." (The Anglican Church in Travancore and Cochin Part I P. 181.)

ഒരുപക്ഷേ മലയാളത്തിലെ ഒന്നാമത്തെ പുരോഗമനസാഹിത്യകൃതി 'അജ്ഞാനകുഠാര'മായിരിക്കണം. ഹിന്ദുമതത്തിലെ അനാചാരങ്ങളോടു വെറുപ്പും, അവയെ നീക്കംചെയ്യുന്നതിന് ആവേശവും ഉണ്ടാക്കിത്തീർക്കുന്ന കാര്യത്തിൽ ഈ കൃതി വളരെയധികം സഹായിച്ചിട്ടുണ്ട്. ആ നിലയിൽ കുമാരനാശാൻെറ ദുരവസ്ഥയുടെയും ചണ്ഡാലഭിക്ഷുകിയുടെയും മുന്നോടിയായി ഈ കൃതിയെ കണക്കാക്കുന്നതിൽ തെററില്ല.

## ചാവറ കുര്യാക്കോസച്ചൻ

കേരള കർമ്മലീത്താ സന്ന്യാസസഭയുടെ സ്ഥാപകന്മാരിൽ ഒരാളും ഒന്നാമത്തെ പ്രിയോരുമായിരുന്ന ചാവറ കുര്യാക്കോസ് അച്ചൻെറ (1805—1871) സാഹിത്യസംരംഭങ്ങളെപ്പററിയും ഗദ്യകൃതികളെപ്പറ്റിയും മുൻ ഒരു അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. 19-ാം നൂററാണ്ടിലെ

കേരളപുത്രന്മാരിൽ പ്രശസ്തനായ ഒരു പണ്ഡിതനും വാഗ്മിയുമായിരുന്ന അദ്ദേഹം സന്യാസസഭാസ്ഥാപനത്തിനും, റോക്കോസ് ശിദ്മത്തോടുള്ള സമരത്തിനും, സ്വസമുദായത്തിന്റെ ആദ്ധ്യാത്മികമായ ഉന്നമനത്തിനുംവേണ്ടി ജീവിതത്തിന്റെ പ്രധാനഭാഗവും ചെലവഴിക്കുകയാണു ചെയ്തതു്. വിശ്രമരഹിതമായ ഈ കൃത്യനിർവ്വഹണങ്ങൾക്കിടയിൽ ഭാഷാപരവും സാഹിത്യപരവുമായ സംരംഭങ്ങൾക്കു സമയമോ പ്രചോദനമോ ലഭിച്ചിരുന്നില്ല.

ചാവറയച്ചന്റെ കവിതാകൃതികളിൽ സർവ്വപ്രധാനം ആത്മാനുതാപമാണു്. പദ്യരൂപത്തിലുള്ള ഒരു ആത്മകഥാകഥനംതന്നെയാണിതു്. "ഇതിന്റെ കർത്താവു പദ്യങ്ങൾ രചിക്കുന്നതിൽ ലാഘവമുള്ള ആളാണെന്നു വേണ്ടുവോളം തെളിയുന്നുണ്ടു്," എന്നാണു സുപ്രസിദ്ധ സാഹിത്യവിമർശകനായ ശ്രീ സി. അന്തപ്പായി ആത്മാനുതാപത്തെപ്പറ്റി അഭിപ്രായപ്പെട്ടിട്ടുള്ളതു്. "ബലാദാകൃഷ്ടമായ ഒരു വരിയെങ്കിലും ഈ പുസ്തകത്തിൽ കാണുന്നില്ല. ആദ്ധ്യാത്മികങ്ങളായ വിചാരങ്ങൾ എല്ലാ പാദങ്ങളിലുമുണ്ടു്. അവ അതീവ ഭക്തിജനകങ്ങളും യഥാർത്ഥമായി മനസ്സിൽ തോന്നിയതിനെ മാത്രം പറയുന്ന ഒരാളാണു് ഈ ഗ്രന്ഥകർത്താവെന്നു വായനക്കാരെ വിശ്വസിപ്പിക്കത്തക്കവയുമാകുന്നു" എന്നദ്ദേഹം തുടർന്നു പറഞ്ഞിരിക്കുന്നു.

സ്വന്തം പാണ്ഡിത്യം പ്രകടിപ്പിക്കുകയെന്നതിനേക്കാൾ, വായനക്കാരുടെ ഹൃദയത്തിൽ ഭക്തിയും അനുതാപവും സംജാതമാക്കുകയെന്നതായിരുന്നു ഈ കൃതിപ്രണയനത്തിൽ ചാവറയച്ചന്റെ ഉദ്ദേശ്യം. പദങ്ങളുടെ ലാളിത്യവും സ്വച്ഛന്ദമായ ഒഴുക്കും ഈ കൃതിയുടെ ഒരു പ്രത്യേകതയാകുന്നു. ലെയോപ്പോൾദ്ദു മിഷ്യനറിയുടെ മുഖവുരയോടുകൂടി ഈ കാവ്യം 1871-ൽ കൂനമ്മാവിങ്കൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തു. ആത്മാനുതാപത്തിലെ കവിതയുടെ ഭംഗിയും ലാളിത്യവും ഭക്തിരസാത്മകത്വവും വിശദമാക്കുവാൻ താഴെ ഉദ്ധരിക്കുന്ന വരികൾ മതിയാകും. പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥത്തെ കവി വർണ്ണിക്കുന്നതിങ്ങനെയാണു്:

"കന്യകാ മമ മാതൃ അമ്മയെ ശരണം നീ
അന്യഭവനം ചരിച്ചയ്യയ്യോ മമ കുററം
എങ്കിലുമമ്മേ നീയേ മറന്നീടരുതയ്യോ
ശങ്കതിൽ നിന്റെറ ഓമ്മ എപ്പോഴുമുണ്ടുതാനും.
എങ്കിലും മറന്നയ്യോ നിന്നെ ഞാൻ നന്ദിഹീനാൽ
മങ്കയാം മനോഹരേ എന്നെ നീ മറക്കുമോ?
മുന്നമെ എന്നെ ചേർത്തു നിന്നുടെ ദാസനാക്കി
അന്നുനാൾമുതൽ നീയും പാലിച്ചു രക്ഷിച്ചയ്യോ
എത്രയോ ഊഴം ദൈവനീതിക്കു യോഗ്യനായി
അത്രയുമൂഴം നിൻ മദ്ധ്യസ്ഥത്താൽ കാത്തല്ലൊ നീ
ദൈവത്തിൻ തിരുക്കരം ശിക്ഷിപ്പാൻ ഓങ്ങുന്നേരം
ദൈവമാതാവേ നിന്റെ ദയയാൽ തടുത്തല്ലോ.

എന്നുടെ പാപത്താലെ നിന്നുടെ തിരുപുത്രൻ
തന്നുടെ കോപാഗ്നിയെ കത്തിജ്ഞാനെരിയിച്ചു
അപ്പാപം നിമിത്തമായ് ശിക്ഷിപ്പാൻ തുടങ്ങുമ്പോൾ
ഇപ്പാരിൽ തനിക്കു നീ ചെയ്ത ശുശ്രൂഷകളും
കാട്ടി വീണപേക്ഷിച്ചു നീക്കുവാൻ ശ്രമിക്കും നീ
കാട്ടിയെൻകുററം പാപി ആയതുമോർത്തിടാതെ
വീണു താണീട്ടും വീണ്ടും പാപത്തിൽ കൂടെക്കൂടെ
താണുപോകുന്നനേരം നിൻ കൈയാൽ പിടിച്ചെന്നെ
നിറുത്തിക്കൊണ്ടു തൻെറ കോപത്തെ അമർത്തുവാൻ
വെറുത്തിടാതെകണ്ടു പ്രാർത്ഥിക്കും വീണ്ടും വീണ്ടും.''

ലൗകികമായ വിത്തപ്രതാപങ്ങളുടെ ക്ഷണഭംഗുരതയെ കവി ചൂണ്ടിക്കാണിക്കുന്നു:

''ഭൂമിയുമതിൻമീതെ കാണുന്ന സമസ്തവും
ഭേദംകൂടാതെ മാറി നീങ്ങുന്നു ക്ഷണേ ക്ഷണേ.
ഇന്നു കാണുന്ന പച്ചപ്പുല്ലതു നാളെത്തന്നെ
മന്ദിച്ചു വരളുന്നു വാട്ടുന്നു സൂര്യോഷ്ണത്താൽ
മെച്ചമായ് കണ്ടീടുന്ന വൃക്ഷങ്ങൾ ബഹുവിധം
ഇച്ഛയായതിനുള്ള ശോഭയും സുഗന്ധവും
എത്രയും ക്ഷണംകൊണ്ടു മാറിപ്പോയ് വീണീടുന്നു
ചിത്രമായതിനുള്ള അഴകുമൊക്കെപ്പോകും.
ഇങ്ങിപ്പോൾ ഗൃഹസ്ഥനായ് കാണുന്ന ദ്രവ്യസ്ഥനെ
മന്ദഹാസത്താൽ പലർ സ്നേഹിച്ചു സേവിക്കുന്നു.
ബുദ്ധിമാനിവൻ ബഹുശക്തിമാൻ സമർത്ഥനും
അബ്ധിയിൽ മണലുപോൽ വിത്തസമ്പത്തുമുണ്ടീ
വാക്കുകൾ പറയുമ്പോൾ ചേച്ചയായ് തോന്നീടുന്നു
പാക്കുവെററിലകളാൽ ചുമക്കും ചുണ്ടുകളും
സുന്ദരനിവൻ മഹാശോഭിതൻ കാണുന്നോക്കു
സുന്ദരന്മാരായിട്ടു പുത്രന്മാർ പുത്രികളും
ഇങ്ങനെയുള്ള ബഹുഭംഗികൾ പലതരം
അങ്ങനെ ചില നാളുകഴിഞ്ഞൊരനന്തരം
ഒരു നാളിവൻതന്നെ വടിയും കൈയിലേന്തി
വരുമാറതുംകണ്ടു സൂക്ഷിക്കും ബഹുജനം
ഓഹോ ഈ ദേഹമേതു സംശയം തോന്നുന്നല്ലോ
അഹഹാ സർവ്വേശ്വരാ ഇയാൾക്കിതെന്തുവന്നു?
വന്നതുമൊന്നുമില്ലാ പോയതുമൊന്നുമില്ലാ
വന്നതുപോലെയുള്ളതൊക്കെയുമിപ്പോളുണ്ടു
എന്നതുപരമാർത്ഥമെങ്കിലും മുന്നമിവൻ
മന്ദഹാസത്താൽ ജീവിച്ചെന്നതു കണ്ടോരുണ്ടോ?
അന്നിവനുടെ ബുദ്ധിശക്തിയുമെത്രചിത്രം
ഇന്നതൊക്കെയുമോർത്താൽ എന്തൊരു വിസ്മയമേ!''

മറെറാരു ഭാഗം ഇങ്ങനെയാണ്:

"നിന്നുടെ തിരുമേനി സുന്ദരതിരുമുഖം
മിന്നുന്ന നയനങ്ങൾ ശോഭിതതിരുനാസി
ചുവന്നൊരധരങ്ങൾ ശംഖുവൽ ദന്തങ്ങളും
ചുണ്ടിൽനിന്നൊഴുകുന്ന തേൻതുള്ളിസ്വരങ്ങളും
പാക്കുവാൻ കൊതിക്കുന്നു, കേൾക്കുവാനാശിക്കുന്നു
പാത്തുസൂക്ഷിപ്പാൻ നേത്രം യോഗ്യമല്ലയോ നാഥാ."

ആത്മാനുതാപത്തിനുപുറമേ, മരണപവ്വം ആദിയായി ചില പവ്വങ്ങളും, ക്രിസ്തുമസ്കാലത്തെ ഉദ്ദേശിച്ചു 'എക്ലോക്കുകൾ' എന്ന പേരിൽ ഗദ്യപദ്യമയമായി രചിച്ചിട്ടുള്ള ചില പ്രഹസനങ്ങളും ചാവറയച്ചൻ മലയാളസാഹിത്യത്തിനു് അടിയറവെച്ചിട്ടുണ്ടു്. ഇവ ഭക്തിരസം കവിഞ്ഞൊഴുകുന്ന കൃതിതല്ലജങ്ങളാകുന്നു.

## തകടിയേൽ മാത്തൻ ഇട്ടിയവിരാ

കോട്ടയം പട്ടണത്തിൽ പഴയസെമ്മിനാരിക്കുട്ടത്തു് ആറിന്റെ തെക്കേ തീരത്തു 1815 മേ 15 മുതൽ 1879 മേ 27 വരെ ജീവിച്ചിരുന്ന ഒരു അനുഗൃഹീതവാസനാകവിയാണു തകടിയേൽ മാത്തൻ ഇട്ടിയവിരാ. അക്കാലത്തു വിദ്യാഭ്യാസത്തിലും സാമ്പത്തികവിഷയത്തിലും കോട്ടയത്തു മുന്നണിയിൽ നിന്നിരുന്ന കുടുംബങ്ങളിൽ ഒന്നായിരുന്നു തകടിയേലേതു്. ഇട്ടിയവിരായുടെ പിതൃസോദരനായ പുത്തൻപുരയ്ക്കൽ തൊമ്മൻ കൊച്ചി അപ്പീൽ കോടതിയിൽ ജഡ്ജിയായിരുന്നതായി കാണുന്നു. മലയാളത്തിനും സംസ്കൃതത്തിനും പുറമേ സുറിയാനിയിലും അദ്ദേഹത്തിന്നു് അവഗാഹമുണ്ടായിരുന്നുവത്രേ. പ്രസ്തുത തൊമ്മന്റെ സഹോദരനായ മാത്തന്റെ ഏകപുത്രനായിരുന്നു ഇട്ടിയവിരാ. തൊമ്മന്റെ അടുക്കൽനിന്നുതന്നെയാണ് ഇട്ടിയവിരാ സംസ്കൃതത്തിൽ ഉപരിജ്ഞാനം നേടിയതു്. ഇട്ടിയവിരാ ആത്മസംതൃപ്തിക്കുവേണ്ടിയാണു കവിതാവ്യവസായത്തിൽ ഏപ്പെട്ടതു്. സ്വസമുദായാംഗങ്ങൾക്കു ഗാനാലാപം ചെയ്യുന്നതിനു അതു് ഉപകരിക്കുകയും ചെയ്തു.

മഹാകവി ഉള്ളൂർ പ്രസ്താവിക്കുന്നതുപോലെ "സാമാന്യം നല്ല വാസനയുള്ള ഒരു കവിയായിരുന്നു ഇട്ടിയവിരാ." അദ്ദേഹം പ്രധാനമായും ബൈബിളിലെ കഥകൾമാത്രമേ പ്രതിപാദനത്തിനു തിരഞ്ഞെടുത്തിരുന്നുള്ളു. മീനച്ചിൽ ആറിനെ വണ്ണിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രഥമകൃതി ഇതിൽനിന്നു വ്യത്യസ്തമാണു്. ഇട്ടിയവിരായുടെ കൃതികളിൽ 1. വിസ്മയസ്വയംബരം, 2. സ്കറിയാസുതോദന്തം ഓടനൃത്തം, 3. പാസനൃത്തം, 4. ഉദയകീത്തനം, 5. തിരുനാമകീത്തനം, 6. സ്തുതിപ്പുകൾ, 7. മസുമോറകൾ, 8. ശയനസംസ്കാരം, 9. മറിയ നിവിസായുടെ സ്തുതിപ്പു്, 10. പുന്നത്തുറപ്പള്ളിയുടെ പാട്ടു്, 11. കൈപ്പുഴപ്പള്ളിയുടെ പാട്ടു്, 12. പിറവത്തു പുത്തൻപള്ളിയുടെ പാട്ടു്, 13. കോട്ടയത്തു ഇടയ്ക്കാട്ടു പള്ളിയുടെ പാട്ടു്, 14. കോട്ടയത്തു ഇടയ്ക്കാട്ടുപള്ളിയുടെ ചിന്തു്, 15. കണ്ണങ്കരപ്പള്ളിയുടെ ചിന്തു്, 16. ഏതാനും സ്തുതിപ്പുകൾ എന്നിവ പ്രസി

ദ്ധീകൃതങ്ങളായിട്ടുണ്ട്. ആദ്യത്തെ എട്ട് 'ജ്ഞാനകീർത്തനങ്ങൾ' എന്ന കവിതാശേഖരത്തിലും അവസാനത്തെ എട്ട് 'പുരാതന പാട്ടുകൾ' എന്ന കവിതാശേഖരത്തിലും.

*വിസ്മയസ്വയംബരം*

574 ഈരടികളുള്ള സാമാന്യം ദീർഘമായ ഈ കൃതിയിൽ "പരിശുദ്ധദൈവജനനിയുടെ വിഹാരവാസം, പുണ്യസാംഗോപാംഗം, വിവാഹം, ദൈവദൂതന്റെ മംഗലവാർത്ത, ശുദ്ധ ഏലീശാ ഉമ്മായെ സന്ദർശിപ്പാനുള്ള യാത്രയിൽ പാന്ഥസല്ലാപശ്രുതമായി ശമുയേലിന്റെയും ശിശോന്റെയും സംക്ഷേപചരിത്രം, നിവ്യോപദേശങ്ങൾ, കർത്താവിന്റെ അവതാരം, ശുദ്ധകന്യാസ്ത്രീയുടേയും ശുദ്ധ മാർ യൗസേപ്പിന്റേയും ഇടയന്മാരുടേയും സ്തോത്രങ്ങൾ" മുതലായവ തുള്ളൽപ്പാട്ടുരീതിയിൽ വർണ്ണിച്ചിരിക്കുന്നു.

ഇഷ്ടദേവതാവന്ദനം ഇങ്ങനെയാണ്:

"കർമ്മേലഗിരിയുടെ മുകളിൽ കണ്ടൊരു
കാർമേഘത്തിലുദിച്ച സ്വരൂപി
കർമ്മേലമാതാവാകിയ നിന്തിരു-
നിർമ്മല ഭർത്താവിളകൊണ്ടിങ്ങു
തിരുമാന്നാനം ദയറാപാലൻ
മാർയൗസേപ്പിനെ വന്ദനചെയ്യുന്നേൻ...
ഇണ്ടൽഭവിച്ചതു സാത്താൻ മൂലം
മിണ്ടാതങ്ങു വസിച്ചൊരു നരനു
ജിഹ്വകൊട്ടുത്തുരചെയ്യിച്ചവനെ,
ബഹുകൃപയാൽ തുണചെയ്യണമീശോ.
ബിലയാം തന്നുടെ ഗർദ്ദഭിയെത്താൻ
ബലമൊട്ടു സംസാരിപ്പിച്ചവനെ,
ഭാഷിതമവരു വിരോധം ചെയ്താൽ
പാഷാണങ്ങൾ പാട്ടമതെന്നും
കല്പിച്ചരുളിയ തിരുവടിയെന്നുടെ
കിൽബിഷമൊക്കെയകററീടണമെ."

*സ്നാപകയോഹന്നാൻ വൃത്താന്തം*

320 ഈരടികളടങ്ങിയ ഈ കൃതിയിൽ സ്നാപകയോഹന്നാന്റെ ജനനം, വനവാസം, പ്രസംഗം, ഹേറോദേശു നടത്തിയ ശിശുവധം, ഹേറോദിയായുടെ നൃത്തം, സ്നാപകന്റെ മരണം, മിശിഹായുടെ പ്രസംഗം, ഓർശ്ലേമിലേക്കുള്ള യാത്ര, ഗെത്സേമനിത്തോട്ടത്തിൽവച്ചുള്ള പ്രാർത്ഥന, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം മുതലായവ വർണ്ണിക്കപ്പെട്ടിരിക്കുന്നു. ശിശുവധമിങ്ങനെ വർണ്ണിച്ചിരിക്കുന്നു:

"ആണ്ടു രണ്ടിനകത്തുള്ള ശിശുക്കളെ ഒടുക്കുവാൻ
ആണ്ടവനു വേണ്ടിയവൻ വിധിച്ചു കഷ്ടം!

കണ്ടുമേറ്റം കൂട്ടത്തുള്ളോരന്തകന്മാർ പുറപ്പെട്ടു
കണ്ട കണ്ട കുട്ടികളെ ഒക്കെയും കൊന്നു
തോളതന്മേൽ തള്ളമാരിട്ടുറക്കുന്ന കുട്ടികളെ
വാളുകൊണ്ടു ഹനിപ്പതിനെന്തൊരു കുററം
തൊട്ടിയാട്ടി പാട്ടുചൊല്ലിക്കളിപ്പിക്കും കുട്ടികളെ
വെട്ടി രണ്ടു തുണ്ടമാക്കി വധിച്ചാരന്നു
ദണ്ഡംകൊണ്ടിട്ടെണ്ണപൊത്തിക്കുളിപ്പിപ്പാൻ തുടങ്ങുമ്പോൾ
തിണ്ണന്നങ്ങു ഖണ്ഡമാക്കി ഗമിച്ചാരന്നു
കേട്ടു കൂട്ടം നിലവിളിച്ചട്ടഹാസത്തോട്ടുകൂടെ
കെട്ടിമാറ്വത്തണച്ചുകൊണ്ടോട്ടമോടോട്ടം
ഇടയ്ക്കോടിത്തടുക്കയും മുടിക്കെത്തി പിടിക്കയും
പിടിച്ചിങ്ങു പറിച്ചന്നു ഹനിച്ചീടുന്നു
എറിഞ്ഞിങ്ങു വരുന്നേരം വാളുകൊണ്ടു തടുക്കയും
മുറിഞ്ഞങ്ങു തുണ്ടമായിത്താഴെവീഴുന്നു
പുരണ്ടെത്തി വളകയും കരച്ചിലും മഹാദുഃഖം
ഞെരുക്കത്താൽ പുറത്താക്കി പിളന്നാരന്നു
ഉണ്ണിനാശം ഭവിച്ചുള്ള വധുക്കടെ മുറകേട്ടാൽ
കണ്ണിനേതും കനിവില്ല സേവകന്മാൎക്കു
കൂക്കുവിളിച്ചാണ്ടവരുന്നപ്പുറത്തു പിടിച്ചോളിൻ
മൂർഖരിത്ഥം പലവിധം കൊലകൾ ചെയ്തു''

*പാസന്റുത്തം*

ഗെത്സേമനിത്തോട്ടത്തിൽവെച്ചുള്ള ക്രിസ്തുവിൻെറ പ്രാൎത്ഥന, അവിടുത്തെ പീഡാനുഭവങ്ങളും മരണവും, ദൈവമാതാവിൻെറയും അപ്പസ്തോലന്മാരുടെയും വിലാപം എന്നിവയാണ് ഈ കൃതിയിലെ പ്രതിപാദ്യം. ഒരു ഭാഗം ഇങ്ങനെയാണ്:

''മുള്ളുള്ള വള്ളികൾ കൊണ്ടുമുടിയും
കൊള്ളിച്ചുവെച്ചവർ തല്ലിത്തറച്ചു.
ആക്ഷേപവസ്ത്രം ധരിപ്പിച്ചു ദുഷ്ടർ
ഇക്ഷിതിനാഥനു ദണ്ഡാനു നൽകി
ആക്ഷേപിച്ചങ്ങൊരു രാജനെപ്പോലെ
രക്ഷകൻറാനനം തുപ്പിനിറച്ചു
നാട്ടാൎക്കധികാരി കാട്ടിയ ദേഹം
കാട്ടണം താതൻെറ മുമ്പിലെനിക്കായ്.''

*ഉദയകീൎത്തനം*

ഇതൊരു പ്രഭാതപ്രാൎത്ഥനയാണ്. ക്രിസ്തുവിൻെറ ജീവിതത്തിലെ ഓരോ സംഭവങ്ങളെ അനുസ്മരിച്ചു അഭീഷ്ടപ്രാൎത്ഥന നടത്തുകയാണു കവി ഇതിൽ ചെയ്തിരിക്കുന്നത്. മാതൃകയിതാ:

''ശക്തിയാലാട്ടിക്കളഞ്ഞൊരു സാത്താൻെറ
ശക്തിയകററു നീ പരനീശോ.

വെള്ളം വീഞ്ഞാക്കിക്കല്പിച്ചപോലെൻെറ
ഉള്ളു സന്മാർഗ്ഗേ തിരിക്ക നീ.''

*തിരുനാമകീർത്തനം*

ക്രിസ്തുവിനോട്ടം വ്യാകുലാംബികയോട്ടമുള്ള രണ്ടു പ്രാർത്ഥനകളാണ 75 ഈരടികളുള്ള ഈ കൃതിയുടെ ഉള്ളടക്കം.

''അംബരാലയ നായകീ നമോ
നിർമ്മലേ തവ സങ്കടം
ഓർത്തിട്ടന്നോരടിയനേ നിത്യം
കാത്തുകൊൾക ദിവാനിശൌ
അക്കഭൂഷണധാരിയായ നീ
കാൺക നീ മമ സങ്കടം
സോമവാഹനചാരി തേ തവ
കുമാരനാകിയ ദേവനേ
ലക്ഷവൻമുടിമന്നവിരാജേ
രക്ഷകം മമ കാട്ട നീ.''

*മസ്സമൂറകൾ*

പഴയനിയമത്തിലുള്ള ദാവീദിൻെറ സങ്കീർത്തനത്തിലെ 6, 31, 37, 50, 101, 129, 135, 142, 143 എന്നീ സങ്കീർത്തനങ്ങളുടെ വിവർത്തനങ്ങളാണ് ഈ മസ്സമൂറകൾ. പാപത്തെക്കുറിച്ചു മനസ്താപവും വെറുപ്പും ഭയവും ജനിപ്പിക്കുവാൻ പര്യാപ്തമായവയാണ് ഈ സങ്കീർത്തനങ്ങൾ. ഈ 9 മസ്സമൂറകളുംകൂടി 248 ഈരടികൾ വരും. മാതൃകയ്ക്കു 142-ാം മസ്സമൂറയിൽനിന്നും ഏതാനും വരികൾ:

''സകലഭുവനപരിവൃഢനാദിനായകാ
കേൾക്ക നീ മമ പ്രാർത്ഥന
ചായ്ക്ക തവ ചെവികൾ മമ സ്തോത്രമോർത്തു നിൻ
നീതിയാൽ മമ കേൾക്ക നീ
ഉടയവനെ ന്യായവിധിയതിൽ നിന്നുടെ
അടിയാൻ പ്രവേശിച്ചീടല്ലെ.
ജീവകുലമതിലൊരുവനുമില്ല നീതിമാൻ
ദൈവമേ തവ സന്നിധൗ.''

*പള്ളിപ്പാട്ടുകൾ*

പുറത്തുറപ്പള്ളി, കൈപ്പുഴപ്പള്ളി, പിറവത്തു പുത്തൻപള്ളി, കോട്ടയത്തു് ഇടയ്ക്കാട്ടുപള്ളി മുതലായ ദേവാലയങ്ങളുടെ സ്ഥാപനചരിത്രത്തെ വിവരിക്കുന്ന ഗാനകൃതികളാണ് ഈ പള്ളിപ്പാട്ടുകൾ . പക്ഷെ ഇവയിൽ പള്ളിയെ സംബന്ധിക്കുന്ന ചരിത്രം വളരെ കുറച്ചേ ഉള്ളു. ബാക്കിഭാഗങ്ങൾ പഴയനിയമകഥകൾ, ക്രിസ്തുവിൻെറ ജീവിതവും മരണവും, അപ്പസ്തോലന്മാരുടെ പ്രേഷിതവൃത്തി, മാർത്തോമ്മായുടെ കേരളത്തിലെ സുവിശേഷവേല മുതലായവ വർണ്ണിക്കുവാൻ വിനിയോ

ഗിച്ചിരിക്കുകയാണ്. ഇടപ്പള്ളിയുടെ പാട്ടിലുള്ളതാണു താഴെ ഉദ്ധരിക്കുന്ന വരികൾ:

''വഷം മൂന്നു സങ്കടത്താൽ നടന്നതിൻ
ശേഷം പള്ളി വേറായ്‌വെപ്പാൻ കല്പനവാങ്ങി
തൊള്ളായിരമോട്ട തൊണ്ണൂറേഴാം കൊല്ലം
പള്ളിവച്ചീസ്ഥലം തന്നിലനുവാദത്താൽ
കക്കടകത്രിദിനം മാത്തോമ്മാതൻെറ
ദുക്റാനയതിഘോഷാൽ പലർ കൊണ്ടാടി.
കീത്തിയോടെ വടയാററിൽ വാസം ചെയ്യും
മാത്യൂസെന്ന മല്പാൻ കയ്യാൽ സ്ലീബാകല്ലിവിടെ
രത്നാദികളോട്ടകൂടെ സ്ഥാപിച്ചേററം
ഭക്തിയാൽ ഗീവറുഗീസു സഹദാനാമത്തിൽ.
ഘോഷത്താലെ പൂജനമസ്കാരമിവിടെ
ശേഷം കമ്മം ചെയ്യാൻ കുരിശാലയമതും.''

### സ്തുതിപ്പുകൾ

മാത്തൻ ഇട്ടിയവിരാ അനേകം ഭക്തഗാനങ്ങളുടെ കത്താവാണെന്നു് അറിയുന്നു. അതിൽ 9 എണ്ണം ജ്ഞാനകീത്തനങ്ങളിലും പുരാതനപാട്ടുകളിലും ഉൾപ്പെടുത്തി മുദ്രണംചെയ്തിട്ടുണ്ടു്. ശയനനമസ്കാരത്തിലെ ഏതാനും വരികളാണു് ഇവിടെ ഉദ്ധരിച്ചിരിക്കുന്നതു്:

''ഇന്നിനിക്കേററം നീ ചെയ്ത നന്മകൾ സകലത്തിന്നായി
ഉടയവനെ സ്തുതിചെയ്തടിയൻ കൊണ്ടാടുന്നിതു തിരുമുൻപിൽ
എന്നാൽ ചെയ്തോരു പാപങ്ങൾ നിൻകൃപയാലെ ക്ഷമിക്കേണമെ
ഇത്ഥം ചൊല്ലിയപേക്ഷിച്ചെൻ പ്രാത്ഥന നീ കേട്ടരുളണമെ
അതുലമഹിമകൾ നീതിക്കും അതിനു വിരോധമിപ്പാവങ്ങൾ
അതിനാലതിനെ ഉപേക്ഷിച്ചു ഇതു നാൾമുതൽ ഞാനുറയ്ക്കുന്നു
ഇന്നടിയാൻെറ ഉറക്കത്തിൽ എന്നെ നീ വെളിവാൽ കാക്കണമെ.''

## കൊന്നയിൽ കൊച്ചുകുഞ്ഞുറൈട്ടർ

''ക്രൈസ്തവവേദചരിതം'' മുപ്പത്തിനാലുവൃത്തം എന്ന മണിപ്രവാളമഹാകാവ്യത്തിൻെറ കത്താവായ കൊന്നയിൽ കൊച്ചുഞ്ഞുറൈട്ടർ, ഏതാണ്ടു് ഒന്നേകാൽ നൂററാണ്ടിനു മുൻപു് വേളൂർ കൊന്നയിൽ കുടുംബത്തിൽ ഭൂജാതനായി. അദ്ദേഹത്തിന്റെ പിതാവായ കൊന്നയിൽ മാണി അക്കാലത്തു ജീവിച്ചിരുന്ന സംസ്കൃതപണ്ഡിതന്മാരിൽ ഒരു പ്രമുഖനായിരുന്നുവത്രേ. അദ്ദേഹംതന്നെയായിരുന്നു കൊച്ചുകുഞ്ഞിൻെറ പ്രഥമഗുരുവും സംസ്കൃതാദ്ധ്യാപകനും. ഇംഗ്ലീഷ് വിദ്യാഭ്യാസം നിവ്വഹിച്ചതു കോട്ടയം സി. എം. എസ്. ഹൈസ്കൂളിലായിരുന്നു. അവിടത്തെ ഗ്രാമർ സ്കൂളിൽ മൂന്നുനാലു കൊല്ലം പഠിച്ചശേഷം പഴയ സിമ്മനാരിയിൽ ചേൎന്നു പഠനം തുടൎന്നു. പഴയ സിമ്മനാരിയിലെ അദ്ദേഹത്തിൻെറ സതീൎത്ഥ്യന്മാരിൽ ഒരാൾ പാലക്കുന്നത്തു മാത്യൂസ് ശെമ്മാശൻ

(പിന്നീട്ട മാത്യൂസ് മാർ അത്തനാസ്യോസ്സ മെത്രാപ്പോലീത്താ) ആയിരുന്നു. ഈ മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണമാണു പിന്നീട്ട കൊച്ചുകുഞ്ഞുറൈട്ടർ "ക്രൈസ്തവവേദചരിതം" കാവ്യം രചിച്ചതു്.

പഴയസിമ്മനാരിയിൽ പഠിക്കുന്ന കാലത്തു മദ്രാസ് ആംഗ്ലിക്കൻ ബിഷപ്പു സ്പെൻസർ ആ കലാലയം സന്ദർശിക്കുകയും, അവിടത്തെ വിദ്യാർത്ഥികളെ പരീക്ഷിച്ചു് ഏററവും സമർത്ഥരായ രണ്ടുപേർക്കു പ്രതിമാസം മൂന്നുരൂപാ വിദ്യാർത്ഥിവേതനം അനുവദിക്കുകയും ഉണ്ടായി. ആ രണ്ടു സമർത്ഥന്മാരിൽ ഒരാൾ കൊന്നയിൽ ജോൺ (കൊച്ചുകുഞ്ഞുറൈട്ടർ) ആയിരുന്നു. തമിഴ് സംസ്കൃതം തുടങ്ങിയ ഭാഷകളിൽ അന്നുതന്നെ ആയാൾ പ്രാവീണ്യം നേടിയിരുന്നു. അനേകം സംസ്കൃതകാവ്യങ്ങൾ അദ്ദേഹം സ്വന്ത കൈയക്ഷരത്തിൽ പകർത്തിയെടുത്തിരുന്നതു് ഇന്നും അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളുടെ കൈവശമുണ്ടു്.

വിദ്യാഭ്യാസശേഷം തിരുവനന്തപുരം നക്ഷത്രബംഗ്ലാവിൽ ജോലി സ്വീകരിച്ചു; വളരെക്കാലം അവിടത്തെ ഹെഡ്റൈട്ടറായിരുന്നു. ഈ ജോലിയിൽ ഇരിക്കുന്ന കാലത്താണു് അദ്ദേഹം തൻെറ കവിതകൾ മിക്കതും രചിച്ചതു്. ആയില്യംതിരുനാൾ, വിശാഖംതിരുനാൾ, ശ്രീമൂലം തിരുനാൾ എന്നീ മൂന്നു മഹാരാജാക്കന്മാരുടെയും പ്രീതിഭാജനമായിരുന്ന കൊച്ചുകുഞ്ഞുറൈട്ടർക്കു് അവരിൽനിന്നു പല പാരിതോഷികങ്ങളും പ്രോത്സാഹനങ്ങളും ലഭിച്ചിട്ടുള്ളതായി കാണുന്നു. അക്കാലത്തെ സ്വാധീനശക്തിയുള്ള വ്യക്തികളിൽ ഒരാളായിരുന്നുവത്രേ റൈട്ടർ. ഈ ജോലിയിലിരിക്കവെതന്നെ അദ്ദേഹം അകാലചരമം പ്രാപിക്കുകയാണുണ്ടായതു്.

ഹിന്ദുക്കൾക്കുള്ളതുപോലെ ഭക്തിജനകങ്ങളും നിത്യപാരായണാർഹങ്ങളുമായ ഉത്തമകാവ്യങ്ങൾ അക്കാലത്തു വളരെ കുറവായിരുന്നു. ഉള്ളവതന്നെയും അഭ്യസ്തവിദ്യരായ ഹിന്ദുക്കളെ ആകർഷിക്കത്തക്കവണ്ണം സംസ്കൃതത്തിലോ മണിപ്രവാളത്തിലോ ആയിരുന്നില്ലാതാനും. ക്രിസ്ത്യാനികളുടെ സാഹിത്യപരമായ ഈ അനാസ്ഥയ്ക്കു കാരണമെന്തുതന്നെയായിരുന്നാലും, തന്നാലാവതു് ആ രംഗത്തിൽ പ്രവർത്തിക്കേണ്ടതു തൻെറ കടമയാണെന്നു് അദ്ദേഹം കരുതി. ഈ ബോദ്ധ്യത്തിൻെറ ഫലമായി അദ്ദേഹത്തിൽനിന്നും കൈരളിക്കു് അനേകം കാവ്യതല്ലജങ്ങൾ ലഭിക്കുകയുണ്ടായി. ക്രൈസ്തവവേദചരിതം മുപ്പത്തിനാലുവൃത്തം, സുഭാഷിതം കിളിപ്പാട്ടു, സ്തുതിപ്പുകൾ, അനുതാപകീർത്തനങ്ങൾ, സങ്കീർത്തനങ്ങൾ, അസംഖ്യം ക്രൈസ്തവഗീതങ്ങൾ മുതലായവ അക്കൂട്ടത്തിൽ പെടുന്നു. ഇവയിൽ ആദ്യത്തേതുമാത്രമേ അച്ചടിച്ചിട്ടുള്ളുവെന്നു തോന്നുന്നു.

രാമായണം ഇരുപത്തിനാലുവൃത്തം, ഭാരതം മുപ്പത്തിനാലുവൃത്തം, മുതലായ ഹൈന്ദവകൃതികൾ വായിച്ചിട്ടുള്ള കവി അവയെ അനുകരിച്ചു ക്രൈസ്തവവേദസംബന്ധമായ ഒരു കാവ്യം രചിക്കുകയായിരുന്നു. പക്ഷെ തൻെറ ആഗ്രഹംപോലെ മുപ്പത്തിനാലുവൃത്തവും രചിക്കുന്നതിനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായില്ല. പതിനെട്ടു വൃത്തങ്ങൾ എഴുതിത്തീർത്തപ്പോഴെക്കും മരണം അദ്ദേഹത്തെ ഗ്രസിച്ചുകളഞ്ഞു. അതു പൂരി

പ്പിക്കുന്നതിനുള്ള സാമർത്ഥ്യം ഇതേവരെ ആർക്കും ഉണ്ടായിട്ടില്ല. രാമായണാദികളെപ്പോലെ പാഠ്യപുസ്തകമാകുന്നതിനുള്ള ഭാഗ്യം മുപ്പത്തിനാലു വൃത്തത്തിന്ന് ഉണ്ടായിട്ടില്ലാത്തതിനാൽ, അവയെപ്പോലുള്ള പ്രചാരവും അതിനു ലഭിച്ചിട്ടില്ല.

മുപ്പത്തിനാലുവൃത്തത്തിൽ ക്രൈസ്തവവേദപുസ്തകത്തിലെ ഏതെല്ലാം ഭാഗങ്ങൾ ഉൾപ്പെടുത്തുവാനാണു കവി ഉദ്ദേശിച്ചിരുന്നതെന്നു നമുക്കറിഞ്ഞുകൂടാ. തീർന്നേടത്തോളമുള്ള ആദ്യത്തെ 18 വൃത്തങ്ങളിൽ ലോകസൃഷ്ടിമുതൽ മൂശയുടെ മരണംവരെയുള്ള പഴയനിയമകഥയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. രാമായണം 24 വൃത്തത്തിൽ കവി സ്വീകരിച്ചിട്ടുള്ള വൃത്തങ്ങൾതന്നെയാണ് ഈ 18 വൃത്തത്തിലും സ്വീകരിക്കപ്പെട്ടിരിക്കുന്നത്. വൃത്തത്തിൽമാത്രമല്ല, പ്രതിപാദനരീതിയിലും 24 വൃത്തത്തെയാണു കവി മാനദണ്ഡമാക്കിയിരിക്കുന്നതെന്നു തോന്നുന്നു. കാവ്യം ആരംഭിക്കുന്നതിങ്ങനെയാണ്:

"ആദപിഴയാലുദിതപാപമതൊഴിപ്പാൻ
മേദിനിയിൽ ബേതലപുരേയവതരിച്ചോൻ
വേദനിധിയായ പരമേശ്വമിശിഹാതാൻ
വേദനയകററുക നമുക്കു—ഗുണനാഥ.

വേദചരിതം സമുചിതം പറവതിന്നും
ആദിതിരുനായകവിലാസമറിവാനും
മോദമിയലുന്നൊരടിയൻെറ ഹൃദയത്തിൽ
ആദിവചനം കരുണചെയ്ക—ഗുണനാഥ.

ആദ്യനുമനാദ്യനുമനന്തപൊരുളായോൻ
ആദ്യമൊരു വാക്കു ഭുവനത്തിനു നിദാനം
ആർത്തുദയതാരഗണമൊത്തു പരമേശം
വാഴ്ത്തിയവർ സ്തോത്രമലർതൂകി—ഗുണനാഥ.

കൂരിരുളടഞ്ഞ ജലമണ്ഡലമതിൻെറ
വാഴ്വുംപരിചേർന്നു വിഹരിച്ചു പരമാത്മാ
കാരണപരോക്ഷഗിരമേററഖിലഭൂതം
ചാരുതരരൂപധൃതരായി—ഗുണനാഥ."

പൂർവ്വപിതാവായ അബ്രാഹം ഇസഹാക്കിനെ ബലിചെയ്യുവാനൊരുങ്ങുന്ന രംഗം കവി വർണ്ണിക്കുന്നതിങ്ങനെയാണ്:

"ഗൂഢസ്ഥവാക്യങ്ങളേവം ഗ്രഹിച്ചും
ഗാഢംവളന്നുള്ള താപം മറെച്ചും
ചേടരൊടയത്തോടു മാത്മജനോടും
കൂടിപ്പുറപ്പെട്ടു—സർവ്വൈകനീശോ

ദൂരത്രയോവാസരങ്ങൾ കടന്നാ
പാരൊത്ത ദേശമകംപുക്കനേരം

ദൂരത്തു പാർപ്പിച്ചനുചാരവർഗ്ഗം
ചാരത്തണഞ്ഞാശു—സർവ്വേശനീശോ

പൂജക്കൊരുമ്പെട്ടു പോകും കുമാരൻ
പൂജ്യൻ പിതാവോടണഞ്ഞിച്ചിതപ്പോൾ
ഹേ താത വിറകുകൊണ്ടു തീയൊണ്ടു കയ്യിൽ
പൂജാത്മമാടെങ്ങു—സർവ്വേശനീശോ.

ഏററംമുഴത്തുള്ള താപേന താതൻ
മുററും സുതനോടു ചൊന്നാൻ സുതാ കേൾ
കുററങ്ങളറേറാരു കുഞ്ഞാടു ദൈവം
തെററന്നീ നൽകുമേ—സർവ്വേശനീശോ

ഇത്ഥംപറഞ്ഞാശു ശൈലാഗ്രമേറി
തീർത്തങ്ങു പീഠം വിറകുമടുക്കി
പുത്രം പ്രിയം തത്ര ബന്ധിച്ചിരുത്തി
കർത്താവിനായ്ക്കൊണ്ടു—സർവ്വേശനീശോ

ഇഷ്ടാത്മജൻതന്നെ ഹോമിപ്പതിന്നായ്—
വെട്ടീടുവാൻ ഖൾഗമോങ്ങുംദശായാം
പെട്ടെന്നു കേൾക്കായൊരു നാദമപ്പോൾ
വെട്ടോല്ല നീയെന്നു—സർവ്വേശനീശോ

ഞെട്ടിത്തിരിഞ്ഞത്ര നോക്കുന്നനേരം
കാട്ടിൽപ്പടപ്പേല്പടക്കിക്കിടക്കും
മുട്ടാടിനെക്കണ്ടെടുത്തു ബലിയായി
വെട്ടി സുതംപ്രതി—സർവ്വേശനീശോ.''

മൂശയുടെ ജനനം:

''നാൾതോറും ബഹുബാലകരിങ്ങനെ
സലിലചരങ്ങൾക്കിരയാംകാലം
ലേവിസുതോത്ഭവനമ്രാമിന്നൊരു
സുതനുണ്ടായിതു—മിശിഹാശരണം.

കോമളരൂപം കണ്ടു പ്രസൂതാ
ഭാമിനി മാസത്രയപര്യന്തം
ഗൂഢം പരിപാലിച്ചൊരുശേഷം
പേടി മുഴുത്തു—മിശിഹാശരണം.

നളനിർമ്മിതമാം പെട്ടിയിൽ
നളവളർനദിയിൽ മാതാ വച്ചു
നളിനമുഖീ രാജാത്മജമന്നാൾ
ആളികളോടും—മിശിഹാശരണം

ആളികളോടിടകൂടി വിനോദി-
ച്ചാടൽവെടിഞ്ഞു കുളിച്ചദശായാം
പേടകദർശനമുണ്ടായ് കോമള-
നാ ഡിംഭനെയും—മിശിഹാശരണം.

കാലം കളയാതോടിച്ചെന്നു
ബാലകഭഗനീ ചൊല്ലി നിനക്കായ്
പാലുകൊടുപ്പാനാളുവിളിപ്പേൻ
ബാലികമൗലേ—മിശിഹാശരണം.

കാതിലനുജ്ഞ മുദാ കേട്ടടനെ
മോദസമുദ്രേ മുങ്ങിപ്പൊങ്ങി
കാതരമിഴിമാതിൻ മൊഴി വേഗം
മാതരമാനയൽ—മിശിഹാശരണം.

രാജകുമാരി താമവദത്വം
വ്യാജമൊഴിഞ്ഞു മദർത്ഥമിമംപോൽ
പായയ ദാസ്യാമി തവ വേതനം
ആയതമിഴി തേ—മിശിഹാശരണം.''

ഈ മുപ്പത്തിനാലുവൃത്തം കവിക്കു പൂർത്തിയാക്കുവാൻ സാധിക്കാതെ പോയതു കൈരളിയുടെ നിർഭാഗ്യമെന്നേ പറയാനുള്ളു. കഴിഞ്ഞ തലമുറയിലെ അഭ്യസ്തവിദ്യരായ ക്രിസ്ത്യാനികളിൽ പലക്കും ഈ കാവ്യം മനഃപാഠമായിരുന്നു. കൊച്ചുഞ്ഞുറൈട്ടർ വശ്യവാക്കായ ഒരു കവിയായിരുന്നുവെന്നു് അദ്ദേഹത്തിൻെറ കൃതികൾ തെളിയിക്കുന്നു. കീർത്തനങ്ങൾ എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുള്ള അദ്ദേഹത്തിൻെറ സ്തുതികളിലെ ഒരു ഭാഗം ഇങ്ങനെയാണു്:

''ഇടികൾ വസന്തകൾ പഞ്ഞങ്ങൾ
കുടിലതയുള്ളോരു പടകളുടെ
മുടിവുകൾ നീക്കിപ്പാലിച്ചോ-
രുടയവനെ സ്തുതിചെയ്യുന്നേൻ.
അന്നം വസനാദികളും ത-
ന്നന്നന്നെന്നെപ്പോററിയൊരു
ഉന്നതനാമെൻ കർത്താവേ
നിന്നെ സ്തുതി ഞാൻ ചെയ്യുന്നേൻ.''

ഒരു സങ്കീർത്തനഭാഗം കവി പദ്യരൂപേണ പരാവർത്തനംചെയ്തിരിക്കുന്നതിങ്ങനെയാണു്:

''അവനില്ലവനം ദേവനിലെന്നു
നിവദിക്കുന്നവർ പലരുണ്ടാം
മമ രിപുകന്നമടിച്ച പരാ
മാമപി പാലിച്ചീടുക നീ
പാതകപല്ലുതകർത്ത പരാ
പാലയ പാലയ പരമപരാ.''

## അദ്ധ്യായം ഇരുപത്
# കവിതാസംരംഭങ്ങൾ—2

### നിധീരിക്കൽ മാണിക്കത്തനാർ

സ്വസമുദായത്തിൻെറയും നാടിൻെറയും ബഹുമുഖമായ ശ്രേയസ്സുകൾക്കുവേണ്ടി സ്വജീവിതമർപ്പിച്ച ഒരു മഹാപുരുഷനായിരുന്നു മാണിക്കത്തനാർ. കേരളത്തിലെ പഴയക്കൂർ സുറിയാനിക്കാക്കു സ്വയംഭരണം ലഭിക്കുന്നതിനുവേണ്ടിയുള്ള യത്നങ്ങളിലാണ് അദ്ദേഹം ആയുരന്തം വ്യാപൃതനായിരുന്നതു്. തന്മൂലം സാഹിത്യപരമായ പരിശ്രമങ്ങളിൽ ഏർപ്പെടുന്നതിനുള്ള വിശ്രമസമയം അദ്ദേഹത്തിനു നന്നേ കുറവായിരുന്നു. മാത്രമല്ലാ, അദ്ദേഹം ഒരു കവിയശഃപ്രാർത്ഥിയുമല്ലായിരുന്നു. എന്നിരുന്നാലും ഭാഷാപോഷണത്തിനു കിട്ടിയ യാതൊരു സന്ദർഭവും അദ്ദേഹം പാഴാക്കിയില്ല. നസ്രാണിദീപിക പത്രത്തിൻെറ പ്രാരംഭകനും ആദ്യപത്രാധിപരും അദ്ദേഹമായിരുന്നു. ആ പത്രത്തിൻെറ പ്രഥമലക്കത്തിൽ, പ്രസിദ്ധീകരണോദ്ദേശ്യം വിവരിച്ച് അദ്ദേഹം മലയാളത്തിലും സംസ്കൃതത്തിലുമായി ആറു പദ്യങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു.

"എങ്ങും തിങ്ങിനിറഞ്ഞു നിത്യവെളിവായ് സത്യശ്രുതിപ്രാഭവം
പൊങ്ങിപ്പൊങ്ങിവരും പടിക്കനുദിനം പാലിച്ചു ലോകത്രയം
തുംഗാമോദമുയർത്തി നിത്യമൊരുപോൽ മേവും ജഗജ്ജീവിതം
സംഗാതീതസമസ്തബോധഗുരുവാമീശൻ തുണക്കേണമേ.

"യൗസേബാഭിധപുണ്യപൂരുഷയശഃശ്രീനാമസംസ്ഥാപിതേ
മാന്നാനാക്ഷരയന്ത്രകേ സുമഹതാമാദ്യാശ്രമേ യോഗിനാം
നസ്രാണീയജനൈഃ പ്രശാന്തഹൃദയൈർമ്മുദ്രീകൃതം ഭൂയശോ
ഭദ്രാണി പ്രദദാതു പത്രകമിദം ക്രിസ്തേശസംപ്രാർത്ഥനൈഃ"

എന്നിവ അതിൽപ്പെട്ട ശ്ലോകങ്ങളാകുന്നു.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കണ്ടത്തിൽ വറുഗീസുമാപ്പിള മുതലായ പ്രഗത്ഭകക്കൊപ്പം ദീർഘകാലം ഇദ്ദേഹം ഭാഷാപോഷിണിസഭയുടെ പ്രവർത്തകാംഗമായി വിരാജിച്ചിരുന്നു. സഭയുടെ ചില യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. 1893–ലെ വാർഷിക യോഗാദ്ധ്യക്ഷൻ അദ്ദേഹമായിരുന്നു. 1892–ൽ കോട്ടയത്തു നടന്ന കവിസമാജത്തിൻേറയും അതിൻെറ ആഭിമുഖ്യത്തിൽ നടന്ന കവിതാമത്സരത്തിൻ്റേയും പ്രധാനചുമതലക്കാരിൽ ഒരാൾ മാണിക്കത്തനാരായിരുന്നു. കവിസമാജയോഗത്തിൻെറ റിപ്പോർട്ടെന്നോണം വിരചിതമായിട്ടുള്ള, ചങ്ങനാശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ രവിവർമ്മകോയിത്തമ്പുരാൻെറ കവിസഭാരഞ്ജനം നാടകത്തിൽ, സ്മൎയ്യപുരുഷനെപ്പററി പറഞ്ഞിരിക്കുന്നതിങ്ങനെയാണ്:

"സത്തനായ നിധിയിരിക്കൽ വാണിട്ടും
കത്തനാരവർകൾ വന്നിട്ടന്നിതാ
ഉത്തമാദരവൊടൊത്തു വേണ്ടപോ–
ലത്രയെത്തി യെതിരേറ്റിടാമഹം.

"പലപല വിഷയങ്ങളിൽ ജ്ഞാനമാലോചനസ്ഥായ്–
ബ്ബലമുടയൊരു ബുദ്ധിപ്രൗഢിയെന്നുള്ളതെല്ലാം
നലമൊട്ട വിലസുന്നീ കത്തനാരിങ്ങിരിക്കു–
ന്നളവിലപരനാരാണിന്നഭിപ്രായമോതാൻ."

കൈരളീകൈങ്കര്യത്തിൽ കേരളപാണിനിക്കൊപ്പമുള്ള ഒരു സ്ഥാനം മാണിക്കത്തനാർക്കുമുണ്ടെന്നുള്ള ഒരു സമ്മതമല്ലേ താഴെ ഉദ്ധരിക്കുന്ന പദ്യത്തിൽ അടങ്ങിയിരിക്കുന്നതു്?

"ധന്യശ്രീ രാജരാജൻ തിരുവടി നട്ടവത്തപ്പുറത്തങ്ങിതാ സ–
മ്മാന്യശ്രീ നീലകണ്ഠൻ, തദനു നിധിയിരിക്കുന്ന ദിക്കന്യദേശേ,
ഇന്നേവം പൂർവ്വപുണ്യോത്തരതരമൊട്ട ശോഭിച്ചു കൈലാസശൈല–
ത്തിന്നൊക്കും സൽസമാജം ചിരമിഹ നിലനില്ക്കട്ടെ നീക്കംവരാതെ."

ശോഭരാജവിജയം, കൃപാവതി എന്ന രണ്ടു നാടകങ്ങൾക്കു പുറമേ 3. ശോശാൻചരിതം, 4. ശിംശോൻചരിതം, 5. ഔഗേൻചരിതം എന്ന ഖണ്ഡകാവ്യങ്ങളും, അനേകം ഗാനങ്ങളും ഒറ്റശ്ലോകങ്ങളും മാണിക്കത്തനാരുടെ കൃതികളിൽപ്പെടുന്നു. നാടകങ്ങളെപ്പററി മുൻഅദ്ധ്യായത്തിൽ പറഞ്ഞുവല്ലോ. ശോഭരാജവിജയത്തിലെ നാന്ദീശ്ലോകമാണു താഴെ ഉദ്ധരിക്കുന്നതു്:

"സ്വർല്ലോകാനന്ദവല്ലിപ്പടരതു കയറിപ്പൂത്തുനിന്നാട്ടവാനായ്
നല്ലോക്കുല്ലാസപകം തരുമരിയ തരുക്കുട്ടമാം സഭ്യരാശേ,
കില്ലോളം തെല്ലുമാധിക്കടലടിതഴകിപ്പൊങ്ങിയക്കാന്തിവാഹൻ
മല്ലോടേറ്റോനെ വെല്ലാനൊഴകിയൊരുകൃപാ നിങ്ങളിൽ തങ്ങിടട്ടെ."

ആ നാടകത്തിലെ രണ്ടു ശ്ലോകങ്ങൾകൂടി പകത്താം:

"ഖേദംവിട്ടുപിരിഞ്ഞു ജ്യേഷ്ഠനതിനാൽ ഖേദിച്ചു ഞാനേററവും
വേദദ്വേഷികളോട്ട ചേർന്നൊരവനെത്തേടിത്തിരിച്ചിട്ടവാൻ
പാദംവെച്ചു തുല്യക്കവേഷമണിവാൻ വന്നോരു ഞാൻ നിൻകൃപാ
നാദം കേൾപ്പതിനില്ല ഭാഗ്യമിനിമേലെന്നായിതോ ദൈവമേ."

"ധനവുമഖിലഭാഗ്യം ദൈവചിന്തത്തിൽ മുക്കി–
ത്തനതുജഡവുമങ്ങേ രക്തസാക്ഷ്യത്തിനാക്കി,
മനുജകരുണമൂലം മൃത്യുവേറേറാനെ നോക്കി
കനകമുടിയുമങ്ങേക്കേവലം പാട്ടിലാക്കി."

കൃപാവതീനാടകത്തിലെ നാന്ദീശ്ലോകം കത്തനാരുടെ സമുദായാഭിമാനത്തെക്കൂടി വിളിച്ചറിയിക്കുന്നതാണു്.

"ചൊല്ലാളും കേരളത്തിൽ പലവകയധികാരത്തൊട്ടും പണ്ടു വാണോ–
രെല്ലാ നസ്രാണികൾക്കും കുലപതിനിലയിൽ സ്വതന്ത്രരാജ്യംഭരിച്ചോർ,

വില്ലാർവട്ടം നരേന്ദ്രക്കതിമുദമരുളിപ്പോന്ന മാത്തോമ്മശ്ലീഹാ
ഉല്ലാസം നിങ്ങളെല്ലാവരിലുമനുദിനം നൽകി രക്ഷിച്ചിടട്ടേ.''

ഒരു ഭിക്ഷുകിയെ കവി നമുക്കു കാണിച്ചുതരുന്നു:

''ചേരാതുള്ള തിതെങ്കിലും ശുചിയെഴും വസ്ത്രം ധരിച്ചും വെറും
മാറാപ്പൊന്നു പുറത്തുതൂക്കിയൊരു കൈത്തണ്ടിൽ ചുരത്തൊണ്ടുമായ്
ക്ലൂറാക്കം കലരുന്ന മട്ടിലൊരു ദണ്ഡേന്തീട്ടമീകോണിയിൽ
കേറാനും കഴിയാതെ ഭിക്ഷുകിയിതാ നില്ക്കുന്നു ദുഃഖാർത്തയായ്.

''ആരെന്നാലെന്തു നമ്മൾക്കവരുടെഗുണദോഷങ്ങൾകൊണ്ടെന്തുകാര്യം
നേരോടെല്ലാരുമൊപ്പം പരമജനകസൂനുക്കളാകുന്നമൂലം
പാരം ക്ഷീണിച്ചപുത്രൻ നിജജനകകൃപക്കേറ്റുമേറ്റം പാത്രമാംപോൽ
പാരിൽ ഭിക്ഷുക്കളെല്ലാം പരമനുടെ കൃപക്കേറ്റുമേറ്റം യോഗ്യരത്രേ.''

ദീനാനുകമ്പക്കു് ഉത്തമമാതൃകയായി, കൃപാവതിയെ അതിശയിക്കുന്ന മറെറാരു കഥാപാത്രം നമ്മുടെ സാഹിത്യത്തിൽ വേറെ ഉണ്ടെന്നു തോന്നുന്നില്ല.

''അമ്മേയീമോതിരം മൽജ്ജനകജനനിമാരോർമ്മകാട്ടുന്ന പൊന്നാം
ചുമ്മാചൊൽകല്ലിതല്ലാതൊരു മുതലുമെനിക്കില്ലരക്കാശുപോലും
ഉണ്മാനില്ലാതെ ഘോരപ്പശിയതു പിടിപെട്ടിട്ടമീയംഗുലീയ-
ത്തിന്മേലുള്ളോരു പക്ഷത്തിരകൾ മറികയാൽ വിററതില്ലീ ധനത്തേ.

''ഇന്നെൻകൈക്കൽ പണങ്കാശൊരുവകയണുവുംകൂടെയില്ലാത്തനേരം
വന്നിങ്ങെന്നോടിരക്കുന്നഗതിയൊടിഹ ഞാനെന്തുചൊല്ലുന്നുവെന്നും
വന്ദിക്കുംനാഥനെക്കാളൊരുവിരലണിയും സ്വർണ്ണമോ സാരമെന്നും
ഒന്നോടെന്നെപ്പരീക്ഷിപ്പതിനിതി ഭവതീം വിട്ടിതായെന്നുതോന്നും.''

മാണിക്കത്തനാരുടെ ഖണ്ഡകാവ്യങ്ങളിൽ പ്രധാനപ്പെട്ടതു 'ശോശാൻചരിത'മാണു്. പഴയനിയമത്തിലെ ഒരു ചാരിത്ര്യധാമമായ ശോശാന്നയുടെ ചരിത്രമാണു് ഇതിൻെറ ഉള്ളടക്കം. ഈ കൃതിയുടെ പല ഭാഗങ്ങളിലും പദ്യങ്ങളുടെ ആദ്യക്ഷരങ്ങൾ അനുക്രമം അക്ഷരമാല മുറ അനുസരിച്ചു 'അ' മുതൽ 'അ' വരെ സഞ്ചരിക്കുന്നതായി കാണാം. ദ്വിതീയാക്ഷരപ്രാസംമാത്രമല്ല, ചിലേടങ്ങളിൽ അന്ത്യാക്ഷരപ്രാസവും ദീക്ഷിച്ചിട്ടുണ്ടു്. മാതൃകക്കു് ഒരു ഭാഗം ഉദ്ധരിക്കാം.

''ആകാശത്തേറുവാൻ പൂർവ്വന്മാർ ചെയ്യോരാ-
പോകാമുട്ടക്കോട്ടതീരാസ്ഥയാൽ
ഇച്ഛിതസാദ്ധ്യത്തിന്നായിട്ടോയോയാക്കീം
മെച്ചമാം സൗധം തീർത്തെന്നുതോന്നും
ഇത്രമേൽ പൊക്കവും ഭംഗിവിസ്താരവും
ചിത്രമാം ലക്ഷണമെല്ലാം ചേരും.
ഈവിധമുന്നതിചേന്നൊരു സൗധത്തിൻ
ഭാവം പതിയ്മടങ്ങേററിട്ടവാൻ
ഈഷലും പതിപകക്കാതെ വൃക്ഷങ്ങൾ
ഭൂഷണപുഷ്പങ്ങൾ പകപങ്ങളും

ഉത്തമഗേഹത്തിൻ ചുററിലും നില്ക്കുന്ന
ചിത്തം കാണികൾക്കിളക്കമാറായ്.
ഉന്നതവൃക്ഷങ്ങൾ ചൂഴം ലതകളും
പൊന്നിൻനിറപുഷ്പജാലങ്ങളും
ഊനമില്ലാതുള്ള രത്നങ്ങൾ സ്വസ്ഥാനം
താനേ വിട്ടിങ്ങു പോന്നെന്നു തോന്നും
ഊടാഭയുററുള്ള മൊട്ടുകൾ തിങ്ങുന്ന
കാടായ പൂച്ചെടിക്കൂട്ടങ്ങളും...''

യഹൂദന്മാരുടെ ന്യായാധിപന്മാരിൽ ഒരാളും അസാധാരണകായശക്തി ഉണ്ടായിരുന്നവനുമായ ശിംശോൻ ദെലെലാ എന്ന ഭാര്യയുടെ വഞ്ചനമൂലം അപകടത്തിൽപെടുന്നതാണു 'ശിംശോൻചരിത'ത്തിൻെറ ഉള്ളടക്കം. സിറിയൻവനവാസിയും വിശുദ്ധനുമായിരുന്ന മാർ ഔഗേൻെറ ജീവിതകഥയാണ് 'ഔഗേൻചരിതം.' 'തീർത്ഥയാത്ര' എന്ന ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നതും, പ്രഥമകാരുണ്യസ്വീകരണംകഴിച്ച കുട്ടികൾക്കു പാടുവാൻവേണ്ടി എഴുതിക്കൊടുത്തതുമായ ഒരു സുദീർഘഗാനത്തിൽ ഉൾപ്പെട്ടതാണു താഴെ ഉദ്ധരിക്കുന്ന വരികൾ.

''ഉറവകളാകട്ടെൻ കൺകൾ
മുറിയാതൊഴുകട്ടെ കണ്ണീർ
പറയാതവ കാട്ടിടട്ടേ
കുറയാതെന്നാത്മദുഃഖം
കാട്ടുവെൻ ദീർഘശ്വാസത്താൽ
പൊട്ടുമെൻെറ ചങ്കിൽ താപം
തമ്പുരാനേ നിന്നെമാത്രം
അമ്പൊടിനി സ്നേഹിപ്പെൻ ഞാൻ
ഏത്ര കഷ്ടകാലമയ്യോ
ഇത്ര കൺകാണാതോനായി
മിത്രപിതാസർവ്വേശൻെറ
ശത്രുവെപ്പോൽ നടന്നു ഞാൻ.''

ക്രിസ്തുവിൻെറ പീഡാനുഭവത്തെ അനുസ്മരിച്ചു മാണികത്തനാർ രചിച്ചിരിക്കുന്ന ''എന്തോ തിരഞ്ഞുവന്നു നീയീവൻപാപിയുള്ളിലെന്തോ തിരഞ്ഞുവന്നു'' എന്ന ഗാനവും, മാർ യൗസേപ്പിൻെറ സ്തുതിക്കായി രചിച്ചിരിക്കുന്ന ''ആശകളെന്നാത്മം നാശമാക്കും മുന്നമേ–ദിവ്യയീശോയുണ്ണിയോടുണർത്തി രക്ഷിക്കേണമേ, രാജപുത്ര ദേവമിത്ര പുണ്യഗോത്ര രക്ഷാകരപാത്ര'' എന്നാരംഭിക്കുന്ന ഗാനവും സുപ്രസിദ്ധങ്ങളാകുന്നു.

മാണിക്കത്തനാർ അനേകം സന്ദർഭങ്ങളിൽ മംഗളാചരണമായും സമസ്യാപൂരണമായും നിമിഷകവിതയായും അനേകം ഒററശ്ലോകങ്ങൾ രചിച്ചിട്ടുണ്ട്. മാതൃകയ്ക്കു് ഒന്നുരണ്ടു് ഇവിടെ പകർത്താം.

തിരുവനന്തപുരം ഭാഷാപോഷിണിസഭാസമ്മേളനത്തിനു്:

"ഭാഷാപോഷിണി കല്പവല്ലിവനിതാ ദോഷജ്ഞതാരാണീശനിൽ
ഭേഷായ്ച്ചേൎന്നുപടൎന്നു സൂനനിരയാ ശാഖാ പടൎത്തീടണം
ശേഷാകാരവികാരഹീനമവയാൽ ഭൂഷാഢ്യഭാഷാംഗനാ
ശേഷാഹീശമഹീശദേശസഭയാമേഷാ ജയിച്ചീടണം."

ഗ്രഹണവൎണ്ണന:

"വെള്ളക്കാക്കൊരു വെള്ളിമാമലയതായ്കൊള്ളുന്ന പൂൎവ്വാശയാം
തള്ളക്കാലടിവിട്ടു തുള്ളിയുഴലും വെള്ളശ്ശശിപ്പിള്ളയെ
പള്ളക്കുള്ളിലെടുപ്പതിന്നു പുളയും കൊള്ളിക്കരിമ്പാമ്പുപോൽ
കള്ളപ്പേരുധരിച്ചു ഭൂനിഴലിതാ ചെല്ലുന്നു മെല്ലെന്നഹോ."

ക്രൂശിതനായ ക്രിസ്തു:

"സങ്കല്പരൂപേണ നിനച്ചു നിന്നെ
എങ്കല്പരംചേൎത്തു ലയിച്ചു ഞാനും
പൊങ്കല്പവൃക്ഷക്കുരിശിൻചുവട്ടിൽ
നിങ്കല്പനയ്ക്കായ് ബത, കാത്തിടുന്നേൻ."

"താരേശൻ ചാരുകാന്ത്യാ കുമുദനിരകളിൽ തോഷമേകുംവിധത്തിൽ
ചാരേ ചേരും ജനത്തിന്നൊരുവക ദുരിതംപോലുമേശാതെ നിത്യം
ധാരാളം ധൎമ്മബുദ്ധ്യാ പരജനകരുണാമാരി പാരം ചൊരിഞ്ഞി-
പ്പാരാളും പാരിജാതം പരഹിതകരസൂരീന്ദ്രസാരാത്മരൂപം."

മറിയാമ്മനാടകത്തെപ്പററി:

"ഇൗപ്പച്ചാ തവ നാടകം മമ മനസ്സിന്നേററമാഹ്ലാദക-
ക്കോപ്പിട്ടെന്നകരംഗമേറി നടനംചെയ്യുന്നു പൊയ്യല്ലെടോ
തോല്പിക്കാൻ കൃതിയില്ല, രൂപകമിതിന്നൊത്തുള്ളതും നാസ്തിയെ-
ന്നാപ്പിട്ടെണ്ണുമുരച്ചിടാൻ മടിയിനിക്കില്ലിന്നു തെല്ലെങ്കിലും."

സോദരീപുത്രന്റെ നവോഢയായ പത്നിയെപ്പറ്റി (നിമിഷകവിത):

"കൊച്ചേലിമണിയാകുമെൻ മരുമകൾക്കുള്ളോരു സൗശീല്യവും
നൽച്ചേതോഹരദേഹഭംഗിയൊടു വാക്കിന്നുള്ള മാധുൎയ്യവും
കൊച്ചേണാക്ഷികളൊക്കെയൊത്തുതൊഴമാക്കണ്ണിന്നെഴും കാന്തിയും
വച്ചേനത്തൊടുചേൎത്തുനോക്കിലിവളെൻ മാത്തന്റെ ഭാഗ്യോദയം."

## കണ്ടത്തിൽ വറുഗീസുമാപ്പിള

മഹാശയനായ കണ്ടത്തിൽ വറുഗീസുമാപ്പിളയുടെ ബഹുമുഖമായ സാഹിത്യസേവനങ്ങളെപ്പറ്റി മുന്നൊരു അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഒരു പത്രാധിപരെന്നനിലയിലുള്ള വിശ്രമരഹിതമായ ജോലികൾക്കിടയിൽ കവിതാസപൎയ്യചെയ്യുന്നതിനു വളരെക്കുറച്ചു സമയമേ അദ്ദേഹത്തിനു ലഭിച്ചിരുന്നുള്ളു. എന്നിരുന്നാലും അമൂല്യങ്ങളായ ചില സാഹിത്യസമ്പാദ്യങ്ങൾ അദ്ദേഹത്തിൽനിന്നു മലയാളഭാഷയ്ക്കു ലഭിച്ചിട്ടുണ്ടു്.

കേരളീയകവികളെ നാടകഭ്രാന്തു വല്ലാതെ ബാധിച്ചിരുന്ന ഒരു കാലമുണ്ടല്ലോ. ആയിടയ്ക്കു വറുഗീസുമാപ്പിള രചിച്ച എബ്രായക്കുട്ടി നാടകത്തെപ്പററി പറഞ്ഞുകഴിഞ്ഞു. ദൈവപുരാണേതരമായ ഇതിവൃത്തം സ്വീകരിച്ച് കഴിഞ്ഞനൂററാണ്ടിൽ മലയാളത്തിലുണ്ടായിട്ടുള്ള ചുരുക്കം ചില നാടകങ്ങളിൽ ഒന്നാണ് എബ്രായക്കുട്ടി. പ്രസ്തുതനാടകത്തിലെ നാന്ദീശ്ലോകം ഇങ്ങനെയാണ്:

''പൊങ്ങിപ്പോകുന്നവറെറപ്പൊടിയൊടിടയുമാ-
റാക്കിയും പോക്കിഗർവം
തങ്ങിത്താണുള്ളവററിൻ തല തരമൊട്ടയ-
ർത്തിച്ചുമത്യുച്ചമെന്നും
മങ്ങിക്കത്തും തിരിക്കും ചതവുപിടിപെട്ടം
ഞാങ്ങണക്കും തുണക്കും
തിങ്ങിത്തേറുന്ന കൂറൊത്തൊരു നയനിധിയെ
വാഴ്ത്തുണം നിത്യവും നാം.''

യൗസേപ്പിനെപ്പററി പോത്തിഫറുടെ ഭാര്യ:

''കണ്ടാലെത്ര മനോഹരൻ കാമിനിമാക്കൾത്താരിലത്യാശയി-
ന്നുണ്ടാകാതെയിരിക്ക കേവലമസാദ്ധ്യം സാദ്ധ്യമല്ലെങ്കിലും
പണ്ടേ മോഹമിനിക്കിവങ്കലതിയായുണ്ടാകകൊണ്ടല്ലയോ
വേണ്ടെന്നോതിയ കാന്തനോട്ട കലഹംപൂണ്ടന്നു വീണ്ടോന്നുഞാൻ.'

ഫറവോൻെറ സ്വപ്നം:

''ചാരുത്വം പെരുകുന്ന പുഷ്ടിതിരളും ഗാത്രങ്ങളൊത്താ നദീ-
തീരത്തേറിയൊരേഴഗോക്കളവിടെപ്പുൽമാലിയിൽ മേയവേ
ആരും കാൺകിലറയ്ക്കുമാറു പുറകേ പാരംമെലിഞ്ഞേറിവ-
ന്നോരഗ്ഗോക്കൾ വിഴുങ്ങിതേഴമിവയെക്കണ്ടാലതുണ്ടായിടാ.''

''നന്നായിട്ടൊരുതണ്ടിലേഴ കതിരുണ്ടായ് വന്നു മുററും നിറ-
ഞ്ഞന്നേരത്തു പതിത്തുണങ്ങിയുമൊരേഴുണ്ടായി രണ്ടാമതായ്
വന്നോരേഴിവ നിന്നൊരേഴിനെ ജവാലൊന്നിച്ചകത്താക്കിനാ-
രിന്നെല്ലാമുരചെയ്തു ഞാനിവരൊടില്ലർത്ഥം കഥിപ്പാനൊരാൾ.''

ക്രിസ്തുവിൻെറ ജീവിതകഥയെ സംക്ഷേപിച്ചു വറുഗീസുമാപ്പിള വിവിധസംസ്കൃതവൃത്തങ്ങളിലായി രചിച്ചിട്ടുള്ള ഒരു മനോഹരകൃതിയാണു സച്ചരിത്രശതകം. ഇതിൻെറ അവതാരികയിൽ കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി ഇതിനെപ്പററി ചെയ്തിരിക്കുന്ന വിമശം അക്ഷരശഃ അനപത്ഥമാണെന്നു ഈ കൃതി വായിക്കുന്ന ആരും സമ്മതിക്കും: ''ഓരോ സുവിശേഷങ്ങളിലും അനേകമദ്ധ്യായങ്ങളിലായി വിവരിക്കപ്പെട്ടിട്ടുള്ള കഥയെ പ്രധാനസംഗതികൾ യാതൊന്നും വിട്ടുകളയാതെ ചുരുക്കി ഈ ശതകത്തിൽ അടക്കിയതിൽ ഗ്രന്ഥകത്താവു കാണിച്ചിരിക്കുന്ന സാമത്ഥ്യം അത്യന്തം വിസ്മയനീയമായിരിക്കുന്നു. എന്നാൽ കഥയെ ചുരുക്കുകയും സംഗതികളെ ശ്ലോകങ്ങളിൽ തിക്കിക്കൊള്ളിക്കുകയും ചെയ്യുന്ന

തിനായി പുസ്തകകർത്താവു അല്പംപോലും ക്ലേശിക്കുകയോ പദ്യങ്ങളുടെ അർത്ഥശബ്ദാലംകാരങ്ങൾക്കോ ചമൽക്കാരത്തിനോ ആസ്വാദ്യതക്കോ പാകശയ്യാദികൾക്കോ ഹാനി വരുത്തുകയോ ചെയ്തിട്ടില്ല...ഈ കൃതിക്കുള്ള വിശേഷഗുണങ്ങളിൽ പ്രഥമഗണനീയങ്ങൾ വാക്യങ്ങളുടെ തന്മയത്വവും ഹൃദയംഗമത്വവും തന്നെയാണ്...ആധുനികങ്ങളായിട്ടുള്ള ക്രൈസ്തവകൃതികളിൽപ്പോലും ഇത്രയും സരസത്വവും ഹൃദയംഗമത്വവുമുള്ളതായ ഒരു പുസ്തകം ഞാൻ കണ്ടിട്ടില്ലെന്നു തീർച്ചയായിപ്പറയാം...ഈ പുസ്തകത്തിൽ ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുംമററും വിവരിച്ചിരിക്കുന്ന ഘട്ടങ്ങൾ നാലഞ്ചുപ്രാവശ്യമെങ്കിലും കണ്ണുനീർ തുടയ്ക്കാതെ വായിച്ചുതീർക്കുവാൻതക്ക ധൈര്യമുള്ളവർ മനുഷ്യരായിട്ടുള്ളവരിൽ ആരുമുണ്ടായിരിക്കുമെന്നു് എനിക്കു തോന്നുന്നില്ല.''

സച്ചരിത്രശതകത്തിലേതാണു താഴെ ഉദ്ധരിക്കുന്ന പദ്യങ്ങൾ:

''മന്നിൽത്തിങ്ങുന്ന പാപം മുഴുവനുമിഹതൻ
മൌലിയിൽത്താങ്ങുവാനായ്
തന്നിൽ താനേ ജനിച്ചീടിന നരശിശുവാം
വസ്തുവിൻ വാസ്തവത്തെ
തന്നുൾത്താരിങ്കലോർക്കാതലിവുമധികമാം
പുത്രവാത്സല്യവും പൂ-
ണ്ടുന്നിദ്രാമോദസിന്ധൌ മുഴുകി മരുവിയാ-
ക്കന്യയാം ധന്യ ധന്യ.'' (8)

''ഗുരുവരനൊരുനാൾ തൻ ശിഷ്യരാം മൂന്നു പേരൊ-
ത്തൊരു ഗിരിമുകളിൽ പുക്കന്നു തദ്ദിവ്യരൂപം
അരുണനിഭമുഖത്തോടൊത്തുമങ്ങാതപശ്രീ-
പെരുകിന തുകിലോടും കണ്ടവർക്കിണ്ടലായീ.'' (56)

''രക്തബന്ധമൊരുമുഖ്യമോ ഹൃദയനിഷ്ക-
ളങ്കതയിൽ നിന്നെഴും
ശക്തിയുററൊരനുരക്തിപൂണ്ട ജനതൈക്യ-
[illegible]ു നിരുപിക്കുകിൽ
ഇക്ക[illegible]ണക്കിലൊരു സൗഖ്യ,മുററഗുണമൊക്കെ-
യൊക്കുമൊരു പത്നിയും
മക്കൾതൻ ഗണവുമൊക്കെയുള്ളവനുമോർക്കി-
ലീ യുലകിലൊക്കുമോ.'' (77)

''ഇരുപുറവുമഹോ തൻ കൈകൾരണ്ടും പരത്തി-
ത്തരുവില്ലുടലുറപ്പിച്ചാണിയാൽ വീണിടാതെ
ചരണമപി തറയ്ക്കപ്പെട്ടിതാമട്ടു തുങ്ങും
തിരുവുരുവമരേണം നിത്യമെൻ ചിത്തമദ്ധ്യേ.'' (93)

''തെററിപ്പോകുന്ന തെല്ലും തിരിവിവരില്ലദി-
ക്കാഴ്കയാൽ താത! കോപം

പററീടല്ലേ ഭവാനെന്നവരുടയ നട-
ത്തയ്ക്കു ചേന്നേററമുള്ളം
മുററിപ്രാത്ഥിച്ചുമാണിപ്പഴതുകൾ വഴിയായ്
ചോര ചോന്നും വിഷാദാ-
ലിററിക്കണ്ണീരൊലിപ്പിച്ചും മരുവിനൊരുരുവുൾ-
പ്പൂവിൽ മേ മേവിടേണം. (96)

സുറിയാനിക്രിസ്ത്യാനികളുടെ ഉപയോഗത്തിനായി, "നാട്ടരാഗങ്ങൾക്കു അനുസരണമായിട്ടുള്ള ഗാനസമ്പ്രദായത്തിൽ" വറുഗീസുമാപ്പിള രചിച്ചിട്ടുള്ള 51 കീത്തനങ്ങളുടെ ഒരു സമാഹാരമാണ് "കീത്തനമാല". ഇതു് 1901ലാണു പുസ്തകരൂപത്തിൽ ആദ്യമായി പ്രസിദ്ധീകൃതമായതെങ്കിലും അതിനു വളരെ മുൻപുതന്നെ ഇതു പ്രചാരത്തിൽ വന്നിരുന്നു. സഭാമേലദ്ധ്യക്ഷന്മാരുടെ നിർബന്ധപ്രകാരമാണ് വറുഗീസുമാപ്പിള ഈ ഗാനങ്ങൾ രചിച്ചതെന്നു് മുഖവുരയിൽ പറഞ്ഞിട്ടുണ്ട്.

കോട്ടയത്തെ മാർ ദിവന്നാസ്യോസ് സെമ്മിനാരിയെപ്പറ്റി വറുഗീസുമാപ്പിള രചിച്ചിട്ടുള്ള ഒരു വഞ്ചിപ്പാട്ടിൽ പെട്ടതാണു താഴെ ഉദ്ധരിക്കുന്ന വരികൾ:

"ആഴിക്കപ്പുറത്തുനിന്നിങ്ങാലപ്പുഴെ വന്നമന്ത്രി-
യുഴിത്തട്ടിൽ പ്രസിദ്ധനായ്ത്തീന്ന ഡാറാഖ്യൻ
കോടീശ്വരനായ ഹ്ണകുലേശ്വരനുൾക്കുരുന്നിൽ
കൂടിയ മോദത്തോടൊത്തു ചെയ്ത സഹായാൽ
എട്ടുദിക്കും പുകൾപെട്ട കോട്ടയത്തിന്നൊരു നെററി-
പ്പൊട്ടായിട്ടു വിളങ്ങുന്ന കെട്ടിടം തീന്നു...
അമ്പെഴുമത്തമ്പുരാൻെറ സമ്പൂണ്ണകരുണകൊണ്ടും
വൻപെഴുന്ന സജ്ജനത്തിൻ സഹായംകൊണ്ടും
ഇമ്പമോടീപ്പാഠശാലയെന്നുമേവം വളരട്ടെ
അൻപരിലൻപനീശൻെറ കടാക്ഷംകൊണ്ടും."

വറുഗീസുമാപ്പിളയുടെ മറെറാരു കൃതിയാണു "ദപ്പവിച്ഛേദം" അഥവാ "യദുകുലരാഘവം" ആട്ടക്കഥ. പേരിൽനിന്നു വിശദമാകുന്നതുപോലെ രാമായണകഥാസൃശിയാണ് ഇതിവൃത്തം. സാധാരണ ആട്ടക്കഥകളുടെ രീതിയിൽനിന്നു വിഭിന്നമായി, ഇംഗ്ലീഷ് നാടകങ്ങളെ അപേക്ഷിച്ചു ഇതിൽ രംഗവിഭാഗം നിർദ്ദേശിച്ചിരിക്കുന്നുവെന്നതാണ് ഇതിൻെറ ഒരു പ്രത്യേകത. ഇതിൽ കുമ്മിയും ദണ്ഡകവും ഉണ്ടു്. കുമ്മിയിലെ ചില വരികളിങ്ങനെയാണ്:

"നന്ദകുമാരമുകുന്ദഗോപൻ നന്ദനീയഗുണപൂണ്ണദേവൻ
സുന്ദരരൂപൻ ധന്യനരവിന്ദസൂനാഭൻ സുരുചിര-
മന്ദഹാസാഭൻ വിധിമുഖ-
വൃന്ദാരകവൃന്ദെന്ദരഭിവന്ദ്യൻ ബഹുമാന്യൻ തവ
മന്ദസ്മിതത്തെക്കൊതിച്ചീടുന്നു."

ബൈബിളിലെ മൂന്നു മഹിളാരത്നങ്ങളെ വിഷയീകരിച്ചു രചിച്ചിട്ടുള്ള ഒരു കൃതിയാണു യോഷാഭൂഷണം. അതുപോലെതന്നെ ക്രിസ്തുവിന്റെ തിരുവവതാരത്തെ അധികരിച്ചു രചിച്ചിട്ടുള്ള ഒരു കൃതിയാണു "വിസ്മയജനനം പത്തുവൃത്തം."

"അതുനേരം കന്നിമേരിയതുലപ്രഭയെഴുന്ന
മൃദുലകോമളഗാത്രി നടന്നുവേഗം
മതിമോദമൊട്ടുമെലിസബത്തിനെക്കാണ്മാനുള്ളാ–
രതിമോഹംകൊണ്ടു തമ്പി തളന്നു പാരം."

എന്നീ ഈരടികൾ "വിസ്മയജനന"ത്തിൽ ഉൾപ്പെടുന്നതാണ്.

ഇതിനും പുറമേ സമസ്യാപൂരണങ്ങളായും വർണ്ണനാപരങ്ങളായും അനവധി ഒററശ്ലോകങ്ങൾ വറുഗീസുമാപ്പിള രചിച്ചിട്ടുണ്ട്. താഴെ ഉദ്ധരിച്ചിരിക്കുന്നതു ചില സമസ്യാപൂരണങ്ങളാണ്.

"പാർത്തട്ടിൽ ജാതനായക്കുരിശതിൽ മൃതനായ്
പേർത്തുയിർത്താർത്തി പാരിൽ
തീർത്തിട്ടുദ്ധൂർത്തസാത്താൻ മദവുമനുചര–
ക്കൊത്തൊരാശിസ്സുമേകി
മാർത്തട്ടിൽ ചേർത്തുകൊള്ളും ജനകനുടെ വല–
ത്തെത്തുവാനേറി മേഘ–
ത്തേർത്തട്ടിൽ ചീർത്തമോദാലരുളിയ ഭഗവാ–
നാർത്തി തീർത്തീടണം മേ!"

"മൂലം കാലത്തിനായോനരികൾ നട്ടവില–
യ്യോ ബലിക്കുള്ളൊരാടിൻ–
ശീലം കൈക്കൊണ്ടു ചോപ്പങ്കിയുമൊരുമുടിയും
മുള്ളിനാൽ താൻ ധരിച്ചു
ഓലും കണ്ണീരൊട്ടും വന്നൊരുജനനികരം
കേഴൊലായെന്നു വേഴ–
ക്കോലും കൈക്കൊണ്ടു കോലും കുതുകമൊടമരും
കോലമാലംബനം മേ."

"തോളത്തേലും മരത്തേലുയിരകമുരുകി–
ത്തൂങ്ങിവിട്ടങ്ങുതാൻ പാ–
താളത്തീയിന്നു സീയോൻമലമകളെ വരി–
ച്ചായിരത്താണ്ടു ലോകം
ആളും ചേലൊത്ത ബാലത്തിരുവജശിശു വ–
ന്നക്ബിംബായുധത്തെ–
ക്കാളും കാന്ത്യാ കളിച്ചീടണമഴകൊട്ടുമൽ–
ക്കണ്ണിൽ മൈക്കണ്ണിയോട്ടം."

## എടമരത്തു വിക്റ്റർ

എടമരത്തു വിക്റ്റർ വെള്ളാരപ്പിള്ളിയിൽ കാശ്യപഗോത്രത്തിൽപെട്ട എടമരം ഇല്ലത്ത് ദിവാകരൻനമ്പൂതിരിയുടെ ദ്വിതീയപുത്രനായി

1035-ൽ ഭൂജാതനായി. ദിവാകരൻനമ്പൂതിരിക്ക നാരായണൻ ജയന്തൻ എന്ന രണ്ടു പുത്രന്മാരും ഒരു പുത്രിയുമായിരുന്നു സന്താനങ്ങൾ. ഇവരുടെ പ്രാരംഭവിദ്യാഭ്യാസം ഇല്ലത്തുവെച്ചുതന്നെ നടന്നു. അനന്തരം ജയന്തൻ ചോററാനിക്കരെസ്സൂട്ടത്തു പള്ളിക്കരയിൽ ഒരു അമ്പലത്തിൽ ശാന്തിക്കാരനായി താമസിച്ചു. അവിടെവെച്ചാണു സംസ്കൃതത്തിൽ ഉപരിപഠനം സാധിച്ചതു്. ആയിടയ്ക്കുതന്നെ വെണ്മണി മഹൻനമ്പൂതിരിപ്പാട്ടിലെയും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻെറയും ആപ്തമിത്രമായിത്തീൎന്നു. അതുവഴി വെണ്മണിഇല്ലത്തും കൊടുങ്ങല്ലൂർഇല്ലത്തും തുടരെ താമസിക്കുന്നതിനു സന്ദർഭമുണ്ടായി.

സീമന്തപുത്രനു പുരുഷസന്താനമുണ്ടാകായ്കയാൽ ദ്വിതീയപുത്രനായ ജയന്തനെക്കൊണ്ടുകൂടി വേളികഴിപ്പിക്കുന്നതിനു പിതാവു തീരുമാനിച്ചു. അങ്ങനെ 1054-ൽ ജയന്തൻ വേങ്ങോലഇല്ലത്തുനിന്നു ഗംഗ അന്തർജനത്തെ വിവാഹംചെയ്തു. 1056-ൽ കുടുംബസ്വത്തുക്കൾ വീതിച്ചു ജയന്തൻ വേറെ താമസമാക്കി. അധികം കഴിയുന്നതിനുമുൻപു കുടുംബസ്വത്തുക്കൾ അന്യാധീനപ്പെട്ടകയാൽ, ഉപജീവനാൎത്ഥം അദ്ദേഹം കച്ചവടത്തിലേപ്പെട്ടു. തന്മൂലം അദ്ദേഹത്തിൻെറ കുടുംബം ക്ഷേത്രവിരോധം ചെയ്യപ്പെട്ടു. അങ്ങനെ അമ്പലത്തിൽനിന്നു കിട്ടിയിരുന്ന ചോറുപോലും ഇല്ലാതായി. ആയിടയ്ക്കുതന്നെ ഇല്ലം അഗ്നിക്കിരയായി. ഇക്കാലത്തു കാഞ്ഞൂർ പള്ളിവികാരിയായിരുന്ന കൈതാരത്തു പൗലോസുകത്തനാരായിരുന്നു ആ ദരിദ്രകുടുംബത്തിനു് ആലംബം.

ജയന്തനും കുടുംബവും ക്രമേണ ക്രിസ്തുമതത്തിലേക്കു ആകൃഷ്ടരാകുകയും 1066 കർക്കടകം 9-ാംതീയതി കാഞ്ഞൂർപള്ളിയിൽവെച്ചു ജ്ഞാനസ്നാനം സ്വീകരിക്കുകയും ചെയ്തു. ജയന്തൻ വിക്ടർ എന്നും ഗംഗാ ത്രേസ്യാ എന്നുമുള്ള നാമങ്ങൾ സ്വീകരിച്ചു. അവരുടെ പുത്രരായ ഇട്ടിച്ചിരികത്രീനായെന്നും നാരായണൻ സെബാസ്റ്റ്യനെന്നും (ആയുഷ്മാൻ എടമരത്തു വി. സെബാസ്റ്റ്യൻ) കൃഷ്ണൻ പോൾ എന്നുമുള്ള നാമങ്ങളിൽ ക്രിസ്ത്യാനികളായി. മതപരിവൎത്തനശേഷം, 1067 നും 1072 നും മദ്ധ്യേ വിക്ടർ തൃശ്ശൂർ കേരളകല്പദ്രുമം അച്ചുക്കൂടത്തിൽ പ്രവൃത്തിയെടുത്തിരുന്നു. അക്കാലത്താണു പ്രസിദ്ധങ്ങളായ അദ്ദേഹത്തിൻെറ കാവ്യങ്ങളെല്ലാം രചിക്കപ്പെട്ടതു്. തൃശ്ശൂർ വിട്ടശേഷം മാന്നാനം, ആലപ്പുഴ, ചങ്ങനാശേരി മുതലായ സ്ഥലങ്ങളിൽ ജോലിനോക്കുകയും 1084 മേടം 8-ാംതീയതി ചങ്ങനാശേരിയിൽവെച്ചു നിര്യാതനാകുകയും ചെയ്തു.

വിക്ടറിൻെറ പ്രധാനകൃതികൾ 1. അഷ്ടമിപ്രബന്ധം, 2. മാത്തോമ്മാപർവം, 3. പഴയപാന, 4. മരണപർവം, 5. വിധിപർവം, 6. നരകപർവം, 7. മോക്ഷപർവം, 8. സ്തുതിരത്നമാല പതിന്നാലുവൃത്തം, 9. മിശിഹാചരിത്രം ഇരുപത്തിനാലുവൃത്തം, 10. മിശിഹാസ്തുതി, 11. സകലേശ്വരാഷ്ടകം, 12. അനേകം മുക്തകങ്ങൾ എന്നിവയാണു്. ഇവയിൽ അഷ്ടമിപ്രബന്ധം ഒഴികെയുള്ളവയെല്ലാം 1067നും 1072നുമിടയ്ക്കു കേരളകല്പദ്രുമംപ്രസ്സിൽതന്നെ അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുണ്ടു്.

*അഷ്ടമിപ്രബന്ധം*

മതപരിവർത്തനത്തിനുമുൻപു വൈക്കത്തഷ്ടമിയെ വർണ്ണിച്ച് എഴുതിയിട്ടുള്ളതാണ് ഈ കൃതി. 2000 പദ്യങ്ങളോളംവരുന്ന ഈ മഹാപ്രബന്ധം ആകൃതിയിലും പ്രകൃതിയിലും, ശൈലിയിലും ഉള്ളടക്കത്തിലും വെണ്മണിയുടെ പൂരപ്രബന്ധത്തെ അനുകരിച്ചിരിക്കുകയാണ്. പൂരപ്രബന്ധത്തിലെന്നപോലെ ഇതിലെയും പ്രതിപാദ്യം പച്ചശൃംഗാരമാണ്. ഉദ്ധരിക്കുവാൻ കൊള്ളാവുന്ന ഒന്നുരണ്ടു പദ്യങ്ങൾ മാതൃകയ്ക്കു് ഇവിടെ പകർത്താം.

"തൃപ്പൂണിത്തുറനിന്നു ഞങ്ങളെതിരേ തേവാരവും കോവിലിൽ
തൃപ്പാദാർച്ചനയുംകഴിച്ചു കുളിയുണ്ണെല്ലാം നടത്തിസ്സുഖം
വെൾപ്പട്ടാടവിരിച്ചപോലെ വിലസും വാക്കേ പതുക്കെച്ചരി-
ച്ചെപ്പേർപ്പെട്ട ജനത്തിരക്കിലവിടെച്ചെന്നെത്തി സന്ധ്യക്കകം."

പ്രതിഷ്ഠാവർണ്ണന:

"വങ്കായലിൽത്തിര ചുരുണ്ടുയരുന്ന വെള്ളം
തങ്കാഴ്ചയാലവിടെയാഗ്ഗിരിജാമണാളൻ
മങ്കേശി ഗംഗ കലഹിച്ചു കലമ്പിടുംപോൾ
ശങ്കിച്ചുഹന്ത! മരുവുന്നു ശിലാപ്രമാണം."

സ്ത്രീവർണ്ണന:

"പൊട്ടും ചാന്തും ധരിച്ചും തലമുടി വടിവിൻച്ചീകി നന്നാക്കിയിട്ടും
പട്ടും പാവും പണിക്കോപ്പുകൾ പലതുമണിഞ്ഞങ്ങുമിങ്ങും നിരന്നും
വട്ടംക്കൂടിച്ചിരിക്കും നിരവധി തരുണീമൗലിരത്നങ്ങളേയും
ചുറ്റും കാണാം മനോജ്ഞം നടയിലഥ കണിക്കൊന്നപൂക്കുന്നപോലെ."

*മാർത്തോമ്മാപർവ്വം*

മാർത്തോമ്മാ ശ്ലീഹായുടെ കേരളപ്രേഷിതത്വത്തെപ്പററി പ്രതിപാദിക്കുന്ന മനോഹരമായ ഒരു കാവ്യമാണ് 1769 ഈരടികളുള്ള ഈ കിളിപ്പാട്ട്. ഒന്നാം പാദത്തിൽ ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണംവരെയുള്ള സംഭവങ്ങളെയും,രണ്ടാം പാദത്തിൽ മാർത്തോമ്മായുടെ കേരളത്തിനു പുറമെയുള്ള സുവിശേഷവൃത്തിയേയും, മൂന്നാം പാദത്തിൽ കേരളത്തിലെ പ്രേഷിതവൃത്തിയേയും ഉപന്യസിച്ചിരിക്കുന്നു. മാതൃകയ്ക്കു് ചില വരികൾ ഉദ്ധരിക്കാം.

"ചോളഭൂപാലകൻ ഭൂലോകസുന്ദരൻ
നാളീകലോചനൻ നൈരാശ്യവിക്രമൻ
വാളിളക്കീടുകിലാ നാട്ടുകാരായൊ-
രാളുകളാകവേ പേടിച്ചു തൻപദ-
നാളീകസീമനി വീണുവണങ്ങുമാ-
റാളന്നൊരഭ്യാസസഭ്യനഭ്യുത്സുകൻ
വേളികഴിച്ചുടൻ ഭാര്യാസമേതനായ്
കേളീസൗധോപരി കാഞ്ചനക്കട്ടിലിൽ....

മതിതെളിവൊട്ടദകമതു കരമതിലെട്ടത്താശു
മാനത്തെറിഞ്ഞു മാർത്തോമ്മാശ്ലീഹാമുനി
രഭസമതു ഗഗനതലമതിലവിടെ നിൽക്കട്ടേ
രക്ഷകൻതൻ തിരുനാമധേയത്തിനാൽ
ശുഭസുകൃതനിലയനിതി പറയുമളവംബരേ
ശുഭ്രസ്ഫടികതുല്യാഭയോടജ്ജലം
അഴകൊടതിവിമലതര ഗുളികയുടെമാതിരി–
ക്കങ്ങനെ നിന്നിതു താഴെവീഴാതഹോ.''

*പഴയ പാന:*

2117 ഈരടികളും 41 ശ്ലോകങ്ങളുമടങ്ങിയ ഈ കാവ്യത്തിൽ വേദപുസ്തകത്തിലെ പഴയനിയമചരിത്രം മുഴുവൻ ഉള്ളടക്കിയിരിക്കുന്നു. അർണ്ണോസുപാതിരിയുടെ പുത്തൻപാനയായിരിക്കണം, ഈ പഴയ പാനയുടെ പ്രണയനത്തിനു കവിക്കു പ്രേരണ നൽകിയതു്. ലളിതസുന്ദരമായ ഇതിലെ പ്രതിപാദനരീതി മനസ്സിലാക്കുന്നതിനു താഴെ ഉദ്ധരിക്കുന്ന ഈരടികൾ സഹായിക്കും.

''എങ്കിലോ പണ്ടു ദൈവം ദയാപരൻ
തൻകൽനിന്നുള്ള ശക്തികൊണ്ടൂഴിയും
വൻകടലും വനം ഗിരി ഗഹ്വരം
സംഖ്യയെന്യേ നിരപ്പിൽ തൃണാദിയും
അന്തരീക്ഷവും നക്ഷത്രപംക്തിയും
ഹന്ത വിസ്മയമെന്തേ പറയാവൂ
അന്തിയും പകലെന്നിങ്ങനെ രണ്ടു
അന്ധകാരവെളിച്ചങ്ങൾ വെവ്വേറെ.''

*മരണപർവ്വം*

അർണ്ണോസുപാതിരിയുടെ ചതുരന്ത്യങ്ങളെ അനുകരിച്ചു വിക്റ്ററും മരണപർവ്വം, വിധിപർവ്വം, നരകപർവ്വം, മോക്ഷപർവ്വം എന്നിങ്ങനെ നാലു കൃതികൾ രചിച്ചിട്ടുണ്ടു്. വിക്റ്ററുടെ കവിത പാതിരിയുടേതിനേക്കാൾ ലളിതവും നിർദ്ദോഷവുമാണു്. വിക്റ്ററുടെ മരണപർവ്വം 928 ഈരടികളുള്ള, ഗാഥാവൃത്തത്തിൽ നിബന്ധിതമായ ഒരു മനോഹരകൃതിയാണു്. ആസന്നമരണനായ ഒരു വ്യക്തിയുടെ ചിന്താഗതികളാണു് ഇതിന്റെ ഉള്ളടക്കം.

മന്ദാരകുന്ദമകരന്ദപുഷ്പാദി
നന്നായി ഘ്രാണിച്ചെന്നാലെന്തുള്ളു
വാസനകൊണ്ടുള്ള സന്തോഷമേതുമേ
നാസികെയ്ക്കില്ലാതായിത്തീർന്നു
കുങ്കുമച്ചാറും കളഭാദികസ്തൂരി
പങ്കം പനിനീരുമെന്നിവററ
ദേഹത്തിലെല്ലാമഭിഷേകം ചെയ്താലും
ദേഹിക്കുള്ളാലസ്യം മാറുകില്ല.

ലോലമായ് നിർമ്മിച്ച രാമച്ചംകൊണ്ടുള്ള
താലവൃന്തംകൊണ്ടു വീശിയാലും
എന്തുചെയ്താലുമില്ലാശ്വാസമിങ്ങിനി—
ക്കന്ത്യകാലാവസ്ഥയാകമൂലം.''

*വിധിപർവ്വം*

393 ഈരടികളും ഒരു ശ്ലോകവുമുണ്ട്. ലോകാവസാനത്തിൽ മനുഷ്യരെല്ലാം സശരീരരായി ഉയിർത്തു ദൈവന്യായാസനത്തിൻ മുൻപാകെ സമ്മേളിക്കുന്നതും ദൈവം നല്ലവർക്കു സ്വർഗ്ഗവും പാപികൾക്കു നരകവും കല്പിക്കുന്നതുമാണ് ഇതിലെ പ്രമേയം. മാതൃകയ്ക്കു് ഈ ഈരടികൾ മതിയാവും.

''വിവശതയൊടഹമുഴലുമതുപൊഴുതു നിങ്ങളും
വിശ്വസിച്ചെന്നിൽ സഹായിക്കകാരണം
സദയമഹമിഹ സദസി കൃതമതിനെഥോചിതം
സമ്മാനമേകുവൻ യോഗ്യാൽ പരംപരം
അശനമഥ വസനമിവ പലഗുണമിനിക്കമ്പോ—
ടന്നു ചെയ്തോർക്കിനി·കുററമുണ്ടാസ്സുരാ.
പഥികനഹമമരുവതിനുഴറിവലയും വ്വിധൗ
പാർപ്പിടം നൽകുകകൊണ്ടിനി നിങ്ങളും
സപദി മമ ജനകപുരമമരുക പെരുത്തുനാൾ
സംഖ്യയില്ലാതോളമെന്നും സുഖാന്വിതം.

*നരകപർവ്വം*

786 ഈരടികളും ഒരു ശ്ലോകവുമടങ്ങിയതാണ് ഈ കൃതി. നരകത്തിൻെറ സ്ഥിതിയും, അതിലകപ്പെട്ടിരിക്കുന്ന ആത്മാവുകളുടെ വേദനകളും മറ്റുമാണ് ഇതിലെ പ്രതിപാദ്യം. മാതൃകയ്ക്കു് ഏതാനും വരികൾ:

''വലഞ്ഞു പാപത്തിൽ വീണെരിഞ്ഞു ദുഃഖിച്ചേവ—
മലഞ്ഞു കണ്ണീർകൊണ്ടു നനഞ്ഞു ദേഹംവാടി
കുനിഞ്ഞു തീക്കുണ്ഡത്തിൽ പൊരിഞ്ഞു നാലുപാടും
തിരിഞ്ഞു കൂടെക്കൂടെ മറിഞ്ഞുനോക്കിനോക്കി
കരഞ്ഞു ചൂടുകൊണ്ടുമുറഞ്ഞു രക്തം കണ്ണിൽ
നിറഞ്ഞു ദേഹം കത്തിമുറിഞ്ഞു തീയിൽതന്നെ
മറിഞ്ഞുവീണു ചാകാതെരിഞ്ഞു വീണ്ടും ദണ്ഡ—
മറിഞ്ഞുകൊൾവാനെന്നെ മനഞ്ഞു സ്രഷ്ടാവനു.''

*മോക്ഷപർവ്വം*

നരകപർവ്വത്തോളംതന്നെ വലുപ്പമുള്ള ഈ കൃതിയിൽ മോക്ഷത്തിൻെറയും മോക്ഷസൗഭാഗ്യങ്ങളുടെയും വർണ്ണന അടങ്ങിയിരിക്കുന്നു.

''കനലിൽ ചുട്ടങ്ങെരിച്ചെട്ടുത്ത പൊൻചേങ്ങില—
യ്ക്കനിശം നാണംനൽകും ചാരുവാം രവിബിംബാ
ഹേമപർവ്വതത്തിൻെറ ശിഖരോപരി പൊങ്ങി
ത്തുമയിൽ കാണുംപോലെ ശോഭിച്ചുവിളങ്ങുന്ന

ദിവ്യമന്ദിരത്തിന്റെ മുകളിൽ തിരുസ്ലീവാ
സവ്വദാ ശോഭിച്ചിതാ കാണുന്നു മഹാശ്ചര്യം!
തൽപുരോഭുവി മൂന്നു മണിമേടകളതി–
നപ്പുറത്തുണ്ടു മൂന്നു വമ്പെഴും കേതുദ്രുമം''

*സ്തുതിരത്നമാല*

ദൈവസ്തുതികൾ, മിശിഹാസ്തുതികൾ, റൂഹാസ്തുതികൾ, ദേവമാതൃകീത്തനങ്ങൾ, ഇവയടങ്ങിയ ഒരു പതിന്നാലുവൃത്തമാണു് ഈ കൃതി. 646 ഈരടികളും 23 ശ്ലോകങ്ങളുമുണ്ടു്. ഇതോടുകൂടി 9 ശ്ലോകങ്ങളടങ്ങിയ സകലേശ്വരാഷ്ടകം എന്ന സംസ്കൃതകവിതയും, മിശിഹാസ്തുതി എന്ന ഖണ്ഡകവിതയും ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

*മിശിഹാചരിത്രം*

836 ഈരടികളും 30 ശ്ലോകങ്ങളുമടങ്ങിയ ദീർഘമായ ഒരു കൃതിയാണു മിശിഹാചരിത്രം ഇരുപത്തിനാലുവൃത്തം. ക്രിസ്തുവിന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണംവരെയുള്ള ചരിത്രമാണു പ്രതിപാദ്യം.

''പുത്തൻപാനയിൽനിന്നെടുത്തു പുതുതായ് പൂരിച്ചമോദം ജഗൽ–
സത്തെന്നിൽ കൃപചെയ്തുകൊണ്ടിതു കിളിപ്പാട്ടായി വാട്ടംവിനാ
പുത്തൻതേന്മൊഴിമാക്കു പാട്ടുവതിനായ് നിമ്മിച്ചു നേരോത്തുഞാ–
നത്തൽപ്പെട്ടതറിഞ്ഞു സജ്ജനമിനിക്കാശീർവചസ്സേകണം.''

*മുക്തകങ്ങൾ*

വിക്ടർ അനേകം ഒറ്റശ്ലോകങ്ങൾ രചിച്ചിട്ടുണ്ടു്. ഇവയിൽ ചിലതു മുൻപറഞ്ഞ പുസ്തകങ്ങളിൽ സ്ഥലമുള്ളേടത്തും കവർപേജിന്റെപുറത്തും മറ്റും അച്ചടിച്ചിട്ടുണ്ടു്. മാതൃകയ്ക്കു രണ്ടു ശ്ലോകങ്ങൾ ഇവിടെ പകത്താം:

''വല്ലാതെ കാററുതട്ടിക്കടലുകളിളകിപ്പൊങ്ങിവന്നീങ്ങലയ്ക്കും
കല്ലോലംപോലെ മേന്മേൽ കവനമൊഴികളെന്നുള്ളിലെന്നുംവിടാതെ
ചൊല്ലിന്നെല്ലായ്പ്പൊഴും തേൻഘടനിരചൊരിയുംപോലെ വീഴ്ത്തി–
ത്തരാനായ്
ചൊല്ലേറും മർത്ത്യരക്ഷാകരനുടനെ പദതാർ നിത്യവും മുത്തിടുന്നേൻ.

വീത്തും ശ്വാസംതടഞ്ഞും ഞെട്ടിഞെട്ടിയുടനേ ചങ്കുപൊട്ടിത്തെറിച്ചും
വാത്തുംകണ്ണീർകലിച്ചാത്തിരമിഴികളടച്ചും മിഴിച്ചോട്ടുനേരം
പാത്തും പാത്തട്ടിൽവീണും ബഹുവിധമുരുണ്ടുംപിരണ്ടുൾപ്രലാപം
ചീത്തും കീത്തിച്ചുമേവും മറിയയുടെ മനം നിങ്ങളെ താങ്ങിടട്ടെ.''

എടമരത്തു വിക്ടർ വെണ്മണിപ്രസ്ഥാനത്തിൽപെട്ട ഒരു കവിയാണു്. വെണ്മണിയുടെയും എടമരത്തിന്റെയും കവിതാശൈലിതമ്മിലുള്ള സാധർമ്മ്യം മനസ്സിലാക്കുന്നതിനായി, മിക്കവാറും ഒരേവിഷയത്തെത്തന്നെ അധികരിച്ചു് അവർ രചിച്ചിരിക്കുന്ന ഓരോപദ്യം ഇവിടെ ഉദ്ധരിക്കാം.

വെണ്മണി അച്ചൻനമ്പൂതിരി:

"കോടക്കാർവർണ്ണനോടക്കുഴലൊട്ട കളിവിട്ടോടിവന്നമ്മതൻെറ
മാടൊക്കുംപോർമുലപ്പാലമിതരുചിഭുജിച്ചാസ്വദിക്കുംദശായാം
ഓടിക്രീഡിച്ചുവാണീടിന വദനകലാനാഥഫലമ്മാമൃതത്തെ-
ക്കൂടെക്കൂടെത്തുടയ്ക്കും സുകൃതനിധിയശോദാകരം കൈതൊഴുന്നേൻ."

വെണ്മണി മഹൻനമ്പൂതിരി:

"കണ്ണാടിക്കൊത്തൊരോമൽകവിളിലണിമുലപ്പാലൊലിപ്പിച്ചു കൊങ്ക-
ക്കണ്ണും ചിപ്പിച്ചിരിച്ചാജ്ജനനിയുടെ മുലപ്പന്തു ഞെക്കിപ്പിതുക്കി
കണ്ണൻ കൊഞ്ചിക്കുഴഞ്ഞങ്ങവൾ മടിയിലമന്നത്യപായത്തിലോട്ട-
ക്കണ്ണെന്നത്തിക്കും നറുമ്പാൽക്കുടമതിനു കണക്കെന്നിയേ കൈ-
തൊഴുന്നേൻ."

എടമരത്തു വിക്ടർ:

"ശ്രീമാതാവിൻമടിത്താരതിലതികുതുകം മാർവിടംചേർന്നു ചാരി-
പ്പൂമൈ കെട്ടിപ്പുണർന്നാത്തല മുലയൊടണച്ചാശ്രയാവസ്ഥയോടെ
ഓമൽകാന്ത്യാ കുറഞ്ഞൊരൊളിചിരി കിളരെ ദൃഷ്ടി മേല്പോട്ടയത്തി-
സ്സാമർത്ഥ്യത്തോട്ടമേവും മിശിഹശിശുവപുസ്സാർത്തിയോടോത്തിട്ടുന്നേൻ."

വിക്ടറിൻെറ ഭാര്യയായ ഗംഗാ(ത്രേസ്യാ) അന്തർജ്ജനത്തിനും അഭിനന്ദനീയമായ കവിതാപാടവം ലഭിച്ചിരുന്നു. തിരുവാതിരകളിയിൽ സമർത്ഥയായിരുന്ന ആ മഹതി അതിലേക്കു രചിച്ചിട്ടുള്ള പാട്ടുകളാണ് അവരുടെ പ്രധാനകവിതകൾ. ഇതിനുംപുറമേ, ഒററശ്ലോകങ്ങൾ, സമസ്യാപൂരണങ്ങൾ, കത്തുകൾ മുതലായ അവരുടെ പല കവിതാസംരംഭങ്ങളും 1076 മുതൽ 1084 വരെയുള്ള കാലയളവിലെ മലയാളമനോരമയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## അദ്ധ്യായം ഇരുപത്തൊന്ന്

# ഭാഷാഭിവൃദ്ധിപ്രസ്ഥാനങ്ങൾ

### മുദ്രണാലയങ്ങൾ

യൂറോപ്പിൽ അച്ചടിവിദ്യ കണ്ടുപിടിച്ച് അധികംകഴിയുന്നതിനുമുമ്പുതന്നെ കേരളക്കരയിലും അതു് ആരംഭിച്ച വസ്തുത മുന്നൊരു അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. കൊച്ചി, അമ്പഴക്കാട്ട്, വൈപ്പിൽകോട്ട എന്നീ സ്ഥലങ്ങളിൽ ഏതത്സംബന്ധമായി നടന്ന പരിശ്രമങ്ങളും, ആംസ്റ്റർഡാമിലും റോമയിലും മലയാളലിപികളിൽതന്നെ അച്ചടിനടത്തിയ കാര്യവും അവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ബോംബയിലെ കോറിയർപ്രസ്സിലും മലയാളലിപികളിൽ അച്ചടി നടന്നിരുന്നതായി വേദപുസ്തകതർജ്ജമയെപ്പറ്റിയുള്ള ഭാഗത്തുനിന്നു മനസ്സിലാക്കാം. പക്ഷെ പതിനെട്ടാം നൂററാണ്ടിൻെറ അവസാനംവരെ കേരളക്കരയിൽ അച്ചടി നടത്തിയിരുന്നതെല്ലാം തമിഴ്‌ലിപികളിലായിരുന്നുവെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. കേരളക്കരയിൽ മലയാളലിപികളിൽ ആദ്യമായി അച്ചടിനടത്തിയതു കോട്ടയത്തെ സി. എം. എസ്. പ്രസ്സിലാണെന്നു തോന്നുന്നു.

സി. എം. എസ്. മിഷ്യനറിമാർ 1821-ൽ കോട്ടയത്തു് ഒരു പ്രസ് സ്ഥാപിച്ചു. പക്ഷേ അവിടത്തെ അക്ഷരങ്ങൾ ഇംഗ്ലീഷ് ലിപികളായിരുന്നു. റവ. ബഞ്ചമിൻ ബെയ്‌ലിയുടെ വേദപുസ്തകപരിഭാഷ പൂർത്തിയായപ്പോൾ, അതു് അച്ചടിക്കുക ഒരു പ്രശ്നമായിത്തീർന്നു. കോട്ടയം പ്രസ്സിൽതന്നെ മലയാള അക്ഷരങ്ങളുണ്ടാക്കി അവിടെ അച്ചടിക്കുവാനാണു ബെയ്‌ലി തീരുമാനിച്ചതു്. മദ്രാസിലെ സർക്കാർ പ്രസ്സിൽനിന്നും ചില അക്ഷരങ്ങൾ കൊണ്ടുവന്നുനോക്കി; അതിലെ അക്ഷരവടിവു വിരൂപമായി തോന്നുകയാൽ അതു് ഉപേക്ഷിക്കുകയാണു ചെയ്തതു്. അതിനു മുൻപു് ഒരിക്കലെങ്കിലും അക്ഷരംവാക്കുന്നതെങ്ങനെയെന്നു് ബെയ്‌ലി കണ്ടിരുന്നില്ല; എങ്കിലും സ്വന്തമായി അച്ചുകൾ ഉണ്ടാക്കുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു. നാട്ടുകാരായ ഒരു ആശാരിയുടേയും രണ്ടു തട്ടാന്മാരുടേയും സഹായത്തോടുകൂടി ആവശ്യമായ അക്ഷരങ്ങൾ പുതുതായി ഉണ്ടാക്കി. അവരുടെ സഹായത്തോടുകൂടിത്തന്നെ ഒരു അച്ചടിയന്ത്രവും ഉണ്ടാക്കി. അങ്ങനെ ബെയ്‌ലിയുടെ പുതിയനിയമപരിഭാഷ 1829-ൽ ഈ ലിപികൾ ഉപയോഗിച്ചു് ഈ പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി.

റവ. ബെയ്‌ലി സ്ഥാപിച്ച മുദ്രാലയത്തിൻെറ വികസിതരൂപമാണ് ഇന്നു കോട്ടയത്തു കാണുന്ന സി. എം. എസ്. പ്രസ്. 1828-ൽ തിരുവിതാംകൂർ ഗവർമെന്റു സ്വന്തമായി ഒരു അച്ചുക്കൂടം തുടങ്ങിയപ്പോൾ

അതിലേക്കാവശ്യമായ മലയാള അച്ചുകൾ വാർത്തുകൊടുത്തതു് ബെയ്ലിയാണ്. സ്വന്തമായി അക്ഷരങ്ങൾ വാർക്കുവാനുള്ള ശ്രമം പരാജയപ്പെട്ടപ്പോൾ മദ്രാസ് ഗവർമെൻറും കോട്ടയം പ്രസ്സിൽനിന്നു അക്ഷരങ്ങൾ വാർപ്പിച്ചു വാങ്ങിക്കുകയുണ്ടായി. കോട്ടയം പ്രസ്സിൽ വേദപുസ്തകം മാത്രമല്ല, സംസ്കൃതത്തിലും മലയാളത്തിലുമുള്ള മിക്ക സാഹിത്യകൃതികളും മുദ്രണം ചെയ്തിരുന്നതായി കാണുന്നു. 1860-ൽ തിരുവിതാംകൂർ ഗവൺമെൻറു് ആ പ്രസ്സിൽനിന്നു 600 ക. വിലയ്ക്കുള്ള സ്കൂൾപുസ്തകങ്ങൾ വാങ്ങിയതായി മി. ഹോക്സ്‌വർത്തു് എന്ന മിഷ്യനറി രേഖപ്പെടുത്തിയിട്ടുണ്ടു്. മതാത്മകങ്ങളായ ഗ്രന്ഥങ്ങൾമാത്രമല്ലാ അവിടെ അച്ചടിച്ചിരുന്നതെന്നാണല്ലോ ഇതു തെളിയിക്കുന്നതു്. ബെയ്ലിയുടെ വേദപുസ്തകവും നിഘണ്ടുവും, റവ. ജോർജ് മാത്തൻെറ മലയാണ്മയുടെ വ്യാകരണവും, സത്യവാദഖേടവും, ആർച്ചുഡീക്കൻ കോശിയുടെ പുല്ലേലിക്കുഞ്ചുവും മറ്റും മുദ്രണംചെയ്തിട്ടുള്ള ആ അച്ചുക്കൂടത്തെ ഭാഷാഭിമാനികൾക്കു കൃതജ്ഞതാപൂർവ്വമല്ലാതെ സ്മരിക്കുക സാദ്ധ്യമല്ല.

മലയാളലിപികളിൽ അച്ചടിസൗകര്യങ്ങൾ ഏർപ്പെടുത്തിയ കേരളത്തിലെ മൂന്നാമത്തെ മുദ്രാലയം മാന്നാനത്തെ സെൻറുജോസഫ്സ് പ്രസ്സാണ്. കത്തോലിക്കമതാത്മകങ്ങളായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു് ഇങ്ങനെയൊരു മുദ്രാലയം ആവശ്യമായിത്തീർന്നു. 1844-ലാണു് ഇതു സ്ഥാപിതമായതു്. "രണ്ടുകുറി ഞാൻ ഏറിയ ആഗ്രഹത്തോടെ കോട്ടയത്തു ചെന്നാറെ അവരു കാട്ടിയതുമില്ല. പിന്നെ കേൾവിയാലും കണ്ടവരു പലരോടു ചോദിച്ചു വേലകൾ ഓരോന്നു നടത്തി" എന്നാണു് പ്രസ്സിൻെറ സ്ഥാപകനായ പ്രിയോർ ചാവറ കുരിയാക്കോസ് ഏലിയാ അച്ചൻ തൻെറ നാളാഗമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. തിരുവനന്തപുരം സക്കാർ അച്ചടിശാലയിലെ പ്രസ്സിൻെറ ഒരു മാതൃക വാഴപ്പിണ്ടികൊണ്ടുണ്ടാക്കി, ഒരു ആശാരിയെ കാണിച്ചു്, ആ ആശാരി നിർമ്മിച്ച മരപ്രസ്സാണു മാന്നാനം അച്ചടിശാലയിലെ ഒന്നാമത്തെ അച്ചടിയന്ത്രം. ഒരു പാണ്ടിത്തട്ടാൻെറ സഹായത്തോടെ അക്ഷരങ്ങൾ ചതുരവടിവിൽ വാർത്തെടുത്തു. ബോംബയിൽ പോയി പരിശീലനംകഴിച്ച ഒരു കൊച്ചിക്കാരൻ യൂദൻ ബയണ്ടിങ്ങിൻെറ ചുമതലക്കാരനായി. ഇന്നു കൈരളീമുദ്രാലയങ്ങളുടെ നട്ടനായകമായി പരിലസിക്കുന്ന മാന്നാനം സെൻറ്ജോസഫ്സ് പ്രസ്സിൻ്റെ ആരംഭം ഇങ്ങനെയാണു്. നിത്യാരാധന, കൃപാനിധി മുതലായ നിരവധി ജപപുസ്തകങ്ങളും നസ്രാണിദീപിക, കർമ്മലകുസുമം എന്നീ പത്രമാസികകളും ഒട്ടേറെ ഇതരഗ്രന്ഥങ്ങളും ഈ മുദ്രാലയത്തിൽനിന്നു പ്രസിദ്ധീകൃതമായിട്ടുണ്ടു്.

ഡോക്ടർ ഹെർമൻ ഗുണ്ടർട്ടു് ഉത്തരകേരളത്തിൽ ഇല്ലിക്കുന്നു് എന്നസ്ഥലത്തു താമസിക്കുമ്പോൾ, 1846-ൽ ഒരു കല്ലച്ചു് സ്ഥാപിക്കുകയുണ്ടായി. ആ കൊല്ലം നവംബർ 1-ാം തീയതി ഈ പ്രസ്സിൽ ഒരു ചെറിയ പുസ്തകം അച്ചടിച്ചു പരസ്യംചെയ്തതായും കാണുന്നു. മംഗലാപുരത്തെ സുപ്രസിദ്ധമായ ബാസൽ മിഷൻ പ്രസ്സിൻ്റെ ഉത്ഭവം ഇങ്ങനെയാണെന്നു തോന്നുന്നു. ഗുണ്ടർട്ടിൻെറ നിഘണ്ടുവും വിജ്ഞേയങ്ങളായ ഇതര

ഗ്രന്ഥങ്ങളും ഈ പ്രസ്സിലാണല്ലോ മുദ്രണം ചെയ്തിട്ടുള്ളതു്. മലയാളദേശത്തിനു പുറമേയാണു ഈ പ്രസ് സ്ഥിതിചെയ്യുന്നതെങ്കിലും, കഴിഞ്ഞ ഒരു നൂറുകൊല്ലങ്ങൾക്കിടയിൽ മലയാളഭാഷയിലെ പ്രസിദ്ധങ്ങളായ പല ഗ്രന്ഥങ്ങളും അവിടെ അച്ചടിച്ചിട്ടുണ്ട്.

കാലപൗർവ്വാപര്യമനുസരിച്ചുനോക്കിയാൽ മലയാളത്തിലെ അടുത്ത പ്രസ് തിരുവനന്തപുരത്തെ 'കേരളവിലാസ'മാണെന്നു തോന്നുന്നു. ഉത്രംതിരുനാൾ മഹാരാജാവിൻെറ ആനുകൂല്യത്തോടെ ഈശ്വരപിള്ള വിചാരിപ്പുകാർ 1853-ൽ സ്ഥാപിച്ചതാണു് ഈ പ്രസ്. 1890 വരെ അതു് അഭിവൃദ്ധിയിൽ നിലനിന്നിരുന്നതായി കാണുന്നു. 1861-ൽ കാളഹസ്തിയപ്പമുതലിയാർ എന്നൊരു വൈദേശികൻ കോഴിക്കോട്ട സ്ഥാപിച്ച വിദ്യാവിലാസം പ്രസ്സും ഇവിടെ സ്മർത്തവ്യമാണു്. ഹിന്ദുമതസംബന്ധമായ ചില പുസ്തകങ്ങൾ ഈ പ്രസ്സിൽനിന്നു് അച്ചടിച്ചിട്ടുണ്ട്.

കുന്നംകുളത്തുകാരൻ പാറമേൽ ഇട്ടൂപ്പ് 1862-ൽ അന്നത്തെ ബ്രിട്ടീഷ്കൊച്ചിയിൽ സ്ഥാപിച്ച സെൻ്റതോമസ് അച്ചുക്കൂടം പ്രസ്താവാർഹമായ ഒന്നാണു്. രാമായണം മുതലായ കൃതികൾ കുറഞ്ഞവിലയ്ക്കു് ഈ അച്ചടിശാലയിൽനിന്നു പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത പാറമേൽ ഇട്ടൂപ്പുതന്നെ അധികം താമസിയാതെ കുന്നംകുളത്തു "വിദ്യാരത്നപ്രഭ'യെന്നപേരിൽ ഒരു അച്ചുക്കൂടം സ്ഥാപിച്ചു. ഒരു തികഞ്ഞ ഭാഷാഭിമാനിയായിരുന്ന ഇട്ടൂപ്പിൻെറയും ഒരു വലിയ മുദ്രാലയപ്രവർത്തകനായിരുന്ന മാളിയമ്മാവു കുഞ്ഞുവറിയതിൻെറയും സംയുക്തപ്രവർത്തനഫലമായി ഈ മുദ്രാലയങ്ങൾ ഭാഷാവിഷയകമായ സേവനത്തിൽ മുന്നിട്ടുനിന്നു. വിദ്വാൻ കൈക്കുളങ്ങര രാമവാര്യരെപ്പോലെയുള്ള പണ്ഡിതന്മാർക്കു പ്രശസ്തിയും ഉപജീവനമാർഗ്ഗവും നേടിക്കൊടുത്തതു് ഈ മുദ്രാലയങ്ങളാണു്.

ഇക്കാലത്തിനടുത്തു് ബ്രിട്ടീഷ് (ഫോർട്ട്) കൊച്ചിയിൽത്തന്നെ വെസ്റ്റേൺ സ്റ്റാർ എന്നൊരു അച്ചുക്കൂടം ഒരു യൂറോപ്യൻ ആരംഭിക്കുകയും അതേപേരിൽ ഒരു ഇംഗ്ലീഷ്പത്രം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 1873 മുതൽ വെസ്റ്റേൺസ്റ്റാറിന്റെ ഭാഷാനുവാദമായി 'പശ്ചിമതാരക—കേരളപതാക' എന്ന പേരിൽ ഒരു മലയാളവാരികയും അവിടെനിന്നു പുറപ്പെട്ടു. കൊച്ചിയിൽ ദേവജി ഭീമജി എന്നയാൾ 1867-ൽ ആരംഭിച്ച കേരളമിത്രം പ്രസ്സും പ്രസ്താവാർഹമായ ഒന്നാണു്. രാമായണം ഭാരതം മുതലായ പല കൃതികളും അവിടെ അച്ചടിപ്പിച്ചു. 1881-ൽ ആ പ്രസ്സിൽനിന്നു 'കേരളമിത്രം' എന്ന വൃത്താന്തപത്രം ആരംഭിച്ചു. ദേവജി ഭീമജിതന്നെ കൊച്ചിയിൽ രാമേശ്വരം മുറിയിൽ കേരളമിത്രം ശാഖാമുദ്രാലയം എന്ന പേരിൽ ഒരു പ്രസ്സുകൂടി തുടങ്ങുകയും അവിടെനിന്നും ഒരു മഹാരാഷ്ട്രമാസികയും ഏതാനും സംസ്കൃതഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

1876-ൽ കൂനമ്മാവിൽ അമലോത്ഭവമാതാവിൻെറ നാമത്തിൽ ഒരു അച്ചുക്കൂടം സ്ഥാപിതമായി. ഡോക്ടർ മർസലീനോസിൻെറ ജ്ഞാനദീപം, സത്യവേദചരിത്രം മുതലായ ഗ്രന്ഥങ്ങൾ ഇവിടെയാണു

മുദ്രണം ചെയ്യപ്പെട്ടതു്. ഈ പ്രസ്സിൽനിന്നും 'സത്യനാദകാഹളം' എന്ന പേരിൽ ഒരു പ്രതിപക്ഷപത്രിക പ്രസിദ്ധപ്പെടുത്തി തുടങ്ങുകയും ചെയ്തു. കൂനമ്മാവിലെ അച്ചുക്കൂടം പിൽക്കാലത്തു അവിടെനിന്നും എറണാകുളത്തേക്കു മാററി സ്ഥാപിക്കപ്പെട്ടു. അതാണു വരാപ്പുഴ അതിരൂപതവകയായി എറണാകുളത്തു് ഇന്നു പ്രശസ്തമായ നിലയിൽ നടന്നുവരുന്ന ഐ. എസ്. പ്രസ്.

വലിയ ഒരു മുദ്രാലയപ്രവർത്തകനും, ആറു വർഷത്തോളം വിദ്യാരത്നപ്രഭ അച്ചുക്കൂടത്തിന്റെ മാനേജരുമായിരുന്ന മാളിയമ്മാവു കുഞ്ഞുവറിയതു് 1887-ൽ തൃശ്ശൂർ കേരളകല്പദ്രുമം അച്ചുക്കൂടം മാനേജരായി. ചെമ്പുക്കാവിൽ റാഫേൽ തുടങ്ങിയ പന്ത്രണ്ടു ക്രിസ്തീയപ്രമാണികൾകൂടി സ്ഥാപിച്ചതായിരുന്നു ഈ അച്ചുക്കൂടം. അനന്തരം തൃശ്ശൂർതന്നെ വാണീകളേബരമെന്നും ഭാരതവിലാസമെന്നും രണ്ടു് അച്ചുക്കൂടങ്ങൾകൂടി സ്ഥാപിതമായി. ഇതിൽ ഭാരതവിലാസം പ്രസ്സ് ഇന്നും പ്രശസ്തനിലയിൽ നടന്നുവരുന്നു.

ഭാരതവിലാസം പ്രസ്സിൽനിന്നും ആകെ 15 സാഹിത്യമാസികകളാണു് കുഞ്ഞുവറിയതു് അച്ചടിച്ചിറക്കിയിരുന്നതു്. കൈക്കുളങ്ങര രാമവാരിയർ, ടി. സി. പരമേശ്വരൻ മൂസ്സതു്, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഏ. ആർ. രാജരാജവർമ്മ, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ, ആററൂർ കൃഷ്ണപ്പിഷാരടി, കെ. വാസുദേവൻ മൂസ്സതു് തുടങ്ങിയവരുടെ കൃതികൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയതും കുഞ്ഞുവറിയതിന്റെ ഉത്സാഹത്താൽത്തന്നെയായിരുന്നു.

ഭാഷയുടെ വികസനത്തിൽ മുദ്രാലയങ്ങൾക്കുള്ള സ്ഥാനം വളരെ പ്രധാനപ്പെട്ട ഒന്നാണു്. മുദ്രാലയങ്ങളുടെ ആവിർഭാവംവരെ നമ്മുടെ സാഹിത്യകൃതികൾ താളിയോലഗ്രന്ഥങ്ങളായിട്ടാണല്ലോ പ്രചരിച്ചിരുന്നതു്. പകർപ്പുകൾ എഴുതി ഉണ്ടാക്കുവാനുള്ള പ്രയാസംമൂലം വളരെ അപൂർവ്വമായേ അവ പ്രചരിച്ചിരുന്നുള്ളു. മാത്രമല്ല, ഗ്രന്ഥരചന തൽകർത്താക്കൾക്കു് ഒരുവിധത്തിലും ആദായകരമായ ഒരു മാർഗ്ഗമായിരുന്നില്ല. അച്ചടിസമ്പ്രദായം നടപ്പായതോടുകൂടി ഗ്രന്ഥങ്ങൾ ധാരാളമായി പ്രചരിക്കുകയും, തദ്വാരാ സാഹിത്യവ്യവസായം ആദായകരമായ ഒരു തൊഴിലായിത്തീരുകയും ചെയ്തു. ഈ വസ്തുത ഗ്രന്ഥരചനയ്ക്കു് അനേകർക്കു പ്രചോദനം നൽകിയിരിക്കുന്നുവെന്നതു വിസ്മരിക്കത്തക്കതല്ല. ഭാഷയിൽ ഇന്നു ധാരാളമായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഗ്രന്ഥങ്ങളിൽ, നല്ലൊരു ഭാഗം, മുദ്രാലയങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഒരിക്കലും രചിക്കപ്പെടുമായിരുന്നില്ല. 19-ാം നൂററാണ്ടിൽ എല്ലാവിധ ക്ലേശങ്ങളും സഹിച്ചു് അച്ചടിശാലകൾ ഏർപ്പെടുത്തിയ ആ മഹാരഥന്മാരുടെ ഭാഷാസ്നേഹത്തെ നാം അഭിനന്ദിക്കുകതന്നെ ചെയ്യണം.

## പ്രസിദ്ധീകരണങ്ങൾ

മുദ്രാലയങ്ങൾ സ്ഥാപിതമായതോടുകൂടി അവയിൽനിന്നു പുസ്തകങ്ങൾക്കു പുറമേ, പത്രികകൾ മാസികകൾ മുതലായ ആനുകാലികപ്രസി

ദ്ധീകരണങ്ങളും പുറപ്പെട്ടുതുടങ്ങി. ഈ പത്രങ്ങൾ ജനങ്ങളുടെ വായനശീലത്തെ പരിപോഷിപ്പിച്ചതോടൊപ്പംതന്നെ അനേകം എഴുത്തുകാർക്കു പരിശീലനം നൽകുകയും ചെയ്തു. കഴിഞ്ഞ ഒരു നൂറു കൊല്ലത്തിനുള്ളിൽ മലയാളത്തിലുണ്ടായിട്ടുള്ള എല്ലാ സാഹിത്യകാരന്മാരുംതന്നെ, ഈ ആനുകാലികപ്രസിദ്ധീകരണങ്ങളിൽ എഴുതി തെളിഞ്ഞിട്ടുള്ളവരാണ്. കവികൾക്കും സാഹിത്യകാരന്മാർക്കും ഉചിതമായ ഒരു പരിശീലനക്കളരിയാണ് ഈ പത്രങ്ങൾ പ്രദാനം ചെയ്തതു്. അതേ സമയംതന്നെ വിജ്ഞാനവിതരണത്തിനുള്ള ഒരു ഉപാധിയായും, പരസ്പരാശയവിനിമയത്തിനുള്ള ഒരു മാർഗ്ഗമായും അതു പരിലസിച്ചു. മലയാളത്തിലെ പ്രസിദ്ധഗ്രന്ഥങ്ങളിൽ പലതും ആദ്യം പത്രപംക്തികളിലൂടെയാണു പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതു്.

മലയാളഭാഷയിൽ ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ട പത്രിക, മലബാറിൽ ഇല്ലിക്കുന്നു് എന്ന സ്ഥലത്തു റവ. ഗുണ്ടർട്ടു സ്ഥാപിച്ചിരുന്ന പ്രസ്സിൽനിന്നും 1847-ൽ അട്ടത്തു പുറപ്പെട്ട 'പശ്ചിമോദയം' ആണെന്നു തോന്നുന്നു. സാധാരണജനങ്ങൾക്കു വിവിധവിഷയങ്ങളിൽ കാലോചിതമായ ജ്ഞാനം പ്രദാനം ചെയ്യുന്നതിനു് ഉപകരിക്കുന്ന ഒരു പ്രസിദ്ധീകരണമായിരുന്നു ഇതു്. മലയാളത്തിലെ അടുത്ത ആനുകാലികപ്രസിദ്ധീകരണം കോട്ടയം സി. എം. എസ്. പ്രസ്സിൽനിന്നു 1848-ാമാണ്ടിടയ്ക്കു പുറപ്പെട്ട 'ജ്ഞാനനിക്ഷേപം' ആയിരിക്കണം. സി. എം. എസ്. മിഷ്യനറിമാർ മതപരമായ വിജ്ഞാനം പ്രചരിപ്പിക്കുന്നതിലേക്കു് ആരംഭിച്ചതായിരുന്നു ഈ പ്രസിദ്ധീകരണമെങ്കിലും, ആധുനികഗദ്യസാഹിത്യത്തിന്റെ ജനയിതാക്കളായ റവ. ജോർജ്ജ് മാത്തൻ, ആർച്ചുഡീക്കൻ കോശി മുതലായവരുടെ പല പ്രബന്ധങ്ങളും ഈ പത്രികവഴിയാണ് ആദ്യം പ്രസിദ്ധീകൃതമായതു്. ഇതിനു വളരെയധികം പ്രചാരമുണ്ടായിരുന്നുവെന്നും, ഹിന്ദുക്കളും മുസ്ലീമിങ്ങളും റോമൻകത്തോലിക്കരും ഇതിൻെറ വായനക്കാരായുണ്ടായിരുന്നുവെന്നും 1854-ലെ ഒരു മിഷ്യനറിക്കുറിപ്പിൽനിന്നു മനസ്സിലാകുന്നു.

മലയാളഭാഷയിലെ രണ്ടാമത്തെ വൃത്താന്തപത്രം കേരളമിത്രം പ്രസ്സിൽനിന്നു 1873-ൽ പുറപ്പെട്ട 'പശ്ചിമതാരക—കേരളപതാക' ആണെന്നു തോന്നുന്നു. വെസ്റ്റേൺ സ്റ്റാർ എന്ന ഇംഗ്ലീഷ് വാരികയുടെ ഒരു ഭാഷാനുവാദമായിരുന്നു ഈ പത്രം. മംഗലത്തു കുഞ്ഞുണ്ണിയാശാൻ, 'ആൾമാറാട്ടം' കഥയുടെ പ്രണേതാവായ ചെങ്ങന്നൂർക്കാരൻ പീലിപ്പോസ് ആശാൻ എന്നിവരായിരുന്നു അതിൻെറ പത്രാധിപന്മാർ. പശ്ചിമതാരക അല്പായുസ്സായിരുന്നതായിട്ടാണു കാണുന്നതു്. എന്തെന്നാൽ ആ പ്രസ്സിൽനിന്നുതന്നെ 1881 ജനുവരി 1-ാംതീയതിമുതൽ 'കേരളമിത്രം' എന്നൊരു വാരിക പുറപ്പെട്ടുതുടങ്ങി. സുപ്രസിദ്ധനായ കണ്ടത്തിൽ വറുഗീസുമാപ്പിളയായിരുന്നു അതിൻെറ ആദ്യത്തെ പത്രാധിപർ. ഒന്നോ രണ്ടോ കൊല്ലംമാത്രമേ വറുഗീസുമാപ്പിള പത്രാധിപരായിരുന്നുള്ളു. വളരെക്കാലം അതു ഭാഷയെ സമർത്ഥമായി പോഷിപ്പിച്ചുകൊണ്ടു പ്രചരിച്ചിരുന്നു.

മലയാളഭാഷയിൽ ആരംഭിച്ച മൂന്നാമത്തെ വൃത്താന്തപത്രം 'സത്യനാദ കാഹള'മാണ്. 1876 ഒക്ടോബർ 12-ാംതീയതി ഇതു കൂനമ്മാവ് അച്ചുക്കൂടത്തിൽനിന്നാരംഭിച്ചു. രണ്ടുകൊല്ലം കഴിഞ്ഞു് അതിൻെറ പ്രസിദ്ധീകരണം വരാപ്പുഴയ്ക്കും, പത്തുപതിന്നാലു കൊല്ലത്തിനുശേഷം അവിടെനിന്നും എറണാകുളത്തേക്കും മാററി. എറണാകുളം ഐ. എസ്. പ്രസ്സിൽനിന്നും 'സത്യനാദം' എന്നപേരിൽ ഒരു വാരികയായി ഇന്നും അതു പ്രസിദ്ധീകൃതമായിക്കൊണ്ടിരിക്കുന്നു. ഫാദർ കാന്തിദോസ് എന്ന ഒരു വൈദികൻെറ പേരിലാണ് അതു പ്രസിദ്ധീകരിച്ചു തുടങ്ങിയതെങ്കിലും, നല്ലൊരു ഭാഷാഭിമാനിയും 'പ്രസംഗതരംഗിണി'യുടെ കർത്താവുമായ ഫാദർ ലൂയീസ് ടി. ഒ. സി. ഡി. ആയിരുന്നു വളരെക്കാലത്തേക്ക് അതിൻെറ പത്രാധിപർ. മി. റ്റി. ജെ. പൈലി സഹപത്രാധിപരും. ഫാദർ ലൂയീസിനുശേഷം സത്യനാദത്തിൻെറ പത്രാധിപത്യം ഏതാണ്ടു് അരനൂററാണ്ടുകാലത്തേക്കു ഏററം ശ്രേയസ്കരമായ നിലയിൽ വഹിച്ചുപോന്നതു പുരതനായ പി. സി. വക്കിയായിരുന്നു. വൈദികവിഷയങ്ങളോടൊപ്പംതന്നെ ലോകകാര്യങ്ങളും ഭാഷാവിഷയങ്ങളും സത്യനാദം കൈകാര്യം ചെയ്തുപോന്നു. മലയാളത്തിൽ പ്രസിദ്ധീകരണങ്ങൾ അപൂർവ്വമായിരുന്ന അക്കാലത്തു് എന്തൊരു മഹത്തായ സേവനമായിരിക്കണം സത്യനാദം നിർവ്വഹിച്ചിരിക്കുക.

കാലഗണനനയനുസരിച്ചു നോക്കിയാൽ നസ്രാണിദീപികയാണു മലയാളത്തിൽ അഞ്ചാമതായി ഉണ്ടായ വൃത്താന്തപത്രം. (നാലാമത്തേതു് 1884-ൽ കോഴിക്കോട്ടുനിന്നു പുറപ്പെട്ട കേരളപത്രികയാണ്). നിധീരിക്കൽ മാണിക്കത്തനാരുടെ ശ്രമഫലമായി ഉടലെടുത്ത നസ്രാണിജാത്യൈക്യസംഘത്തിൻെറ മുഖപത്രമെന്നോണം 1887 ഏപ്രിൽ 15-ാം തീയതി, മാന്നാനത്തുനിന്നും ഒരു പ്രതിപക്ഷപത്രികയായി അതു ജന്മമെടുത്തു. സുപ്രസിദ്ധസാഹിത്യപ്രണയിയും 'അലങ്കാരശാസ്ത്ര'കർത്താവുമായ ഫാദർ ജരാർദ്ദ് അതിൻെറ മാനേജരും നിധീരിക്കൽ മാണിക്കത്തനാർ പ്രധാനപത്രാധിപരുമായിരുന്നു. മാണിക്കത്തനാരെ തുടർന്നു കട്ടക്കയത്തിൽ വലിയചാണ്ടിയച്ചൻ, ഫാദർ സൈമൺ സി. ഡി., മെ. പി. സി. കുര്യൻ, റ്റി. ജെ. പൈലി, തെങ്ങുംമൂട്ടിൽ വറുഗീസുമാപ്പിള, കുമ്മനം ഗോവിന്ദപ്പിള്ള മുതലായവർ അതിൻെറ പത്രാധിപത്യം വഹിച്ചിട്ടുണ്ട്. 1899-ൽ വാരികയും, 1912-ൽ പ്രത്യർദ്ധവാരികയും, 1922-ൽ ത്രൈവാരികയുമായി ഉയർന്ന അതു് 1927-ൽ ഒരു ദിനപത്രമായിത്തീർന്നു. 1939-ൽ അതിൻെറ പ്രസിദ്ധീകരണം കോട്ടയത്തേക്കു മാററി 'ദീപിക' എന്ന പേരിൽ തുടർന്നുപോരുന്നു. മലയാളസാഹിത്യത്തിൽ പേരും പ്രസിദ്ധിയുമാർജ്ജിച്ച മഹാകവി ഉള്ളൂർ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, മള്ളൂർ ഗോവിന്ദപ്പിള്ള, സർദാർ പണിക്കർ, സി. അന്തപ്പായി, മഹാകവി കട്ടക്കയം, ഐ. സി. ചാക്കോ, മുതലായ പലരും നസ്രാണിദീപികയുടെ ആദ്യകാലലേഖകന്മാരായിരുന്നു.

എന്നാൽ ഈ പത്രങ്ങളെ അപേക്ഷിച്ചു് മലയാളഭാഷാപോഷണത്തിനു് ഏററവും കൂടുതൽ സഹായിച്ചിട്ടുള്ളതും ഉപകരിച്ചിട്ടുള്ളതും "മല

യാളമനോരമ''യാണ്. 1890-ൽ (1065 മീനം 1-ാംതീയതി) മലയാളമനോരമ കമ്പനിവകയായി ആ പത്രം ആരംഭിച്ചു. അതിന്റെ ആരംഭകനും ജീവനാഡിയും പത്രാധിപരും കണ്ടത്തിൽ വറുഗീസുമാപ്പിളയായിരുന്നു. ''മലയാളഭാഷയുടെ അഭിവൃദ്ധിക്കായി തങ്ങളുടെ വാസനാവൈഭവത്തെ സാരമായി ഉപയോഗപ്പെടുത്തുന്ന കവികൾ അവിഹിതമല്ലാത്ത എന്തെങ്കിലും പ്രകൃതത്തെക്കുറിച്ചു ഉണ്ടാക്കി അയയ്ക്കുന്ന ഒററശ്ലോകങ്ങളും സമസ്യകൾ മുതലായവയും അപ്പഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതിനായി, വേണ്ടിവന്നാൽ ഒരു പ്രത്യേകപംക്തിതന്നെ വിട്ടുകൊടുക്കാവുന്നതാണ്'' എന്നു 'മനോരമ'യുടെ ഒന്നാംലക്കത്തിൽ ചേർത്തിരിക്കുന്ന വിജ്ഞാപനംതന്നെ, ഭാഷാപോഷണം, ആ പത്രത്തിന്റെ ഒരു പ്രത്യേകലക്ഷ്യമായിരുന്നുവെന്നു വ്യക്തമാക്കുന്നുണ്ട്.

മുൻപു കേരളമിത്രം നടത്തി പത്രപ്രവർത്തനം സംബന്ധിച്ച് അനുഭവജ്ഞാനം നേടിയ ഒരു മഹാനായിരുന്നു വറുഗീസുമാപ്പിള. നിധീരിക്കൽ മാണിക്കത്തനാർ, വയസ്കര ആര്യൻ നാരായണൻമൂസ്സ്, പന്തളം കൃഷ്ണവാര്യർ, വിലപട്ടത്തു രാഘവൻ നമ്പിയാർ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, കെ. സി. നാരായണൻ നമ്പ്യാർ മുതലായ ഭാഷാഭിമാനികളുടെ സഹായസഹകരണങ്ങൾ വറുഗീസുമാപ്പിളയ്ക്കു നിർലോഭം ലഭിച്ചിരുന്നു. ഒരു വാരികയായി തുടങ്ങിയ മനോരമ ആഴ്ചയിൽ രണ്ടും മൂന്നും ആയി ഒടുവിൽ ഒരു ദിനപത്രമായി തീർന്നു. എല്ലാത്തരക്കാരായ വായനക്കാർക്കും രസിക്കുന്നതിനു പാറിയ പ്രബന്ധങ്ങൾ, വിവധവിഷയങ്ങളെപ്പററി, മനോരമയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. പത്രത്തിന്റെ നയത്തിലും സ്വരത്തിലും ദൃശ്യമായിരുന്ന സൗമ്യത അതിന്റെ പ്രചാരത്തിനു സഹായകമായിരുന്നു.

മലയാളമനോരമയുടെ നടത്തിപ്പിൽ വറുഗീസുമാപ്പിളയുടെ പ്രധാനലക്ഷ്യം, ഭാഷാപോഷണമായിരുന്നതുകൊണ്ടാണു നാലു പേജുകൾ മാത്രമുണ്ടായിരുന്ന ആ പത്രത്തിന്റെ ഒരു പേജ്തന്നെ ഭാഷാവിഷയങ്ങൾക്കായി നീക്കിവെച്ചതു്. ഇതിൽതന്നെ ഭൂരിഭാഗവും കവിതാപ്രസിദ്ധീകരണത്തിനായി വിനിയോഗിച്ചു. സമസ്യാപൂരണം, വർണ്ണനം, ഭാഷാന്തരീകരണം, സ്വതന്ത്രകൃതികൾ, പ്രശ്നോത്തരങ്ങൾ, കത്തുകൾ മുതലായി നാനാവിഷയകമായ കവിതകൾ മുടങ്ങാതെ മനോരമയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. കേരളത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെയുള്ള കവികളെല്ലാം മനോരമാപംക്തികളിൽ അണിനിരന്നു. കവികൾ തമ്മിൽ ശ്ലോകരൂപേണയുള്ള സംവാദങ്ങളും വാക്സമരങ്ങളും എഴുത്തുകാരുടെയെന്നപോലെ വായനക്കാരുടെയും അഭിനിവേശങ്ങളെ തട്ടിയുണർത്തി. അനേകം ചെറുപ്പക്കാർ ഈ സംരംഭത്തിൽ പങ്കെടുക്കുകയും, പത്രാധിപരിൽനിന്നു കിട്ടിയ പ്രോത്സാഹനത്തിന്റെ ഫലമായി തുടരെ എഴുതി ഒന്നാംതരം കവികളും സാഹിത്യകാരന്മാരുമായിത്തീരുകയുംചെയ്തു.

ചുരുക്കത്തിൽ, പത്തൊൻപതാംനൂററാണ്ടിലെ മലയാളസാഹിത്യചരിത്രത്തിൽ ഏററവും പ്രസ്താവാർഹമായ സംഗതി മലയാളമനോരമയുടെ പ്രസിദ്ധീകരണമാണെന്നു പറയത്തക്കവണ്ണം അതു് അത്ര സമുജ്ജ്വ

ലമായിരുന്നു. അന്നു മലയാളമനോരമ ഇത്തരം സാഹിത്യസേവനത്തിനു സന്നദ്ധമായില്ലായിരുന്നുവെങ്കിൽ പിൽക്കാലത്തു മഹാകവികളും മഹാസാഹിത്യകാരന്മാരുമായി പേരെടുത്ത പലരും അറിയപ്പെടാതെപോകുമായിരുന്നു; അവരിൽനിന്നു ഭാഷയ്ക്കു ലഭിച്ച നേട്ടങ്ങൾക്കെല്ലാം കാരണം വാസ്തവത്തിൽ വറുഗീസുമാപ്പിളയും മലയാളമനോരമയുമാണു്. ശ്രീ കുന്നേഴത്തു പരമേശ്വരമേനോൻെറ വാക്കുകൾ ഈ ഘട്ടത്തിൽ സ്മർത്തവ്യമാണു്. ''മനോരമയുടെ ആരംഭകാലംമുതൽക്കാണു കേരളത്തിൽ കവികളുടെ സംഖ്യ കൈവിരലുകളിലൊതുങ്ങാതെ, ജ്യോതിഷക്കാർ പറയുന്നതുപോലെ ഏകസ്ഥാനവും ദശസ്ഥാനവും കടന്നു ശതസ്ഥാനത്തെക്കൂടി കൈവശപ്പെടുത്തിയതെന്നു നിസ്സംശയം പറയാം. മനോരമയുടെ കവിതാപംക്തിയിൽ തൻെറ പേർ മററുള്ളവർ വായിക്കുന്നതു കേൾപ്പാൻ ഭാഗ്യംസിദ്ധിച്ചാൽ അന്നു് ആഹാരം കിട്ടിയില്ലെങ്കിലും അഭംഗമായ സുഖനിദ്ര പ്രാപിച്ചിരുന്ന യുവകവികൾ എത്ര ഉന്മേഷപൂർവ്വമാണു് അന്നു കഴിഞ്ഞുകൂടിയിരുന്നതു്.''

പത്തൊൻപതാംനൂററാണ്ടിൽ ആരംഭിച്ച വൃത്താന്തപത്രങ്ങളിൽ സത്യനാദവും ദീപികയും മലയാളമനോരമയും ഇന്നും അവയുടെ സേവനങ്ങൾ തുടൎന്നുകൊണ്ടാണിരിക്കുന്നതു്.

## സാഹിത്യസംഘടനകൾ

മലയാളമനോരമയിൽ കവിതാപംക്തി തുടങ്ങിയതുകൊണ്ടുമാത്രം വറുഗീസുമാപ്പിള തൃപ്തിപ്പെട്ടില്ല. കവികളെല്ലാം ഒരിടത്തു സമ്മേളിക്കുകയും അവർതമ്മിൽ ആശയവിനിമയം നടത്തുകയും ചെയ്യേണ്ടതു ഭാഷാപരിപോഷണത്തിനു് അത്യന്താപേക്ഷിതമാണെന്നു വറുഗീസുമാപ്പിളയ്ക്കു് അറിയാമായിരുന്നു. ഭാഷയുടെയും സാഹിത്യത്തിൻെറയും പുരോഗതിക്കു പത്രമാസികകളെപ്പോലെതന്നെ സഹായിക്കുന്ന ഒരു ഘടകമാണല്ലോ സാഹിത്യസംഘടനകൾ. കേരളത്തിൽ വറുഗീസുമാപ്പിളയുടെ കാലംവരെ ആ ഒരു ആശയംതന്നെ ഉണ്ടായിരുന്നില്ല. ആ ആശയത്തിനു രൂപംനൽകിയതു് വറുഗീസുമാപ്പിളയും അദ്ദേഹത്തിൻെറ സുഹൃത്തുക്കളുമാണു്. 1892–ൽ മനോരമയാപ്പീസിൽ കൂടിയ ഒരു യോഗത്തിൽ വെച്ചു കോട്ടയത്തു ഒരു കവിസമാജം നടത്തുന്നതിനു തീരുമാനിച്ചു. ഈ കവിസമാജത്തിൻെറ പ്രാരംഭപ്രവർത്തകന്മാരിൽ ഒരാൾ നിധീരിക്കൽ മാണിക്കത്തനാർ ആയിരുന്നു.

ഒന്നാമത്തെ കവിസമാജം 1892–ൽ (1067 വൃശ്ചികം 11, 12, 13 തീയതികളിൽ) കോട്ടയത്തുവെച്ചു നടത്തപ്പെട്ടു. സമ്മേളനത്തിൻെറ മൂന്നുദിവസങ്ങളിലും കവിതാമത്സരങ്ങൾ നടന്നു. ഏ. ആർ. രാജരാജവർമ്മ, മാവേലിക്കര ഉദയവർമ്മരാജാ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ മുതലായ പണ്ഡിതന്മാരുടെ പ്രസംഗങ്ങളും ചർച്ചകളും ഉണ്ടായിരുന്നു. നാടകമത്സരത്തിൽ, നാലരമണിക്കൂർകൊണ്ടു കുഞ്ഞിക്കുട്ടൻതമ്പുരാൻ ഗംഗാവതരണം നാടകം എഴുതിത്തീർത്തതു്, ഒരു അന്യാദൃശനേട്ടമായി കണക്കാക്കപ്പെട്ടു. ഈ സമ്മേളനത്തിൽവെച്ചു

തന്നെ യോഗത്തിൻെറ പേരു 'ഭാഷാപോഷിണിസഭ' എന്നാക്കുകയും, കേരളവമ്മ വലിയകോയിത്തമ്പുരാനെ അദ്ധ്യക്ഷനും വറുഗീസുമാപ്പിളയെ കാൎയ്യദർശിയുമായി തിരഞ്ഞെടുക്കുകയും ചെയ്തു.

ഭാഷാപോഷിണിസഭയുടെ ഒരു വിശേഷാൽയോഗം 1037 മേടം 15-ാംതീയതി തിരുവനന്തപുരത്തുവെച്ചു നടന്നു. കേരളവമ്മ വലിയകോയിത്തമ്പുരാൻ കോട്ടയം കവിസമാജമത്സരങ്ങളിൽ വിജയികളായവക്കു സമ്മാനദാനം നിൎവ്വഹിച്ചതു കൂടാതെ, ഭാഷാപോഷണവിഷയകമായി ഒരു പ്രസംഗം ചെയ്യുകയും ഉണ്ടായി. സഭയുടെ രണ്ടാം സമ്മേളനം 1067 മേടം 28, 30 തീയതികളിൽ തൃശ്ശൂർവെച്ചും, മൂന്നാം സമ്മേളനം 1069 തുലാം 25, 27 തീയതികളിൽ കോഴിക്കോട്ടുവെച്ചും, നാലാം സമ്മേളനം 1070 കന്നി 18, 20 തീയതികളിൽ തിരുവനന്തപുരത്തുവെച്ചും നടന്നു. അഞ്ചാം സമ്മേളനം 1073-ൽ കോട്ടയത്തുവെച്ചും ആറാം സമ്മേളനം 1075 കന്നിയിൽ തിരുവനന്തപുരത്തുവെച്ചും ഏഴാം സമ്മേളനം 1079 ചിങ്ങത്തിൽ തലശേരിയിൽവെച്ചും കൂടി. അക്കൊല്ലം വറുഗീസുമാപ്പിള നിൎയ്യാതനായി. എട്ടാം സമ്മേളനം 1081-ൽ തിരുവനന്തപുരത്തുവെച്ചു നാമമാത്രമായി നടന്നു. ഒൻപതാമത്തുസമ്മേളനം 1086-ൽ വൈക്കത്തുവെച്ചു നടന്നതോടുകൂടി ഭാഷാപോഷിണിസഭയും അവസാനിച്ചു.

ഭാഷാപോഷിണിസഭയുടെ പ്രവൎത്തനത്തിൽ വറുഗീസുമാപ്പിളക്കുണ്ടായിരുന്ന സ്ഥാനം എന്തെന്നു താഴെ ഉദ്ധരിക്കുന്ന ഖണ്ഡിക വിശദമാക്കുന്നതാണ്. "ഭാഷാപോഷിണിയുടെ ആരംഭംമുതൽക്കെ മനോരമയേയും അതിൻെറ അധിപരെയും മഹാന്മാർ മുക്തകണ്ഠം പ്രശംസിച്ചുവന്നു. അതു ചിലക്കു തലവേദനയെ ജനിപ്പിച്ചുതുടങ്ങി. സ്വരം നന്നായിരിക്കുമ്പോൾ പാട്ടു നിൎത്തുകയാണു നല്ലതെന്നുള്ള നിലയിൽ, വലിയകോയിത്തമ്പുരാൻ മുതൽപേരുടെ നിർബന്ധത്തെക്കൂടി കൂട്ടാക്കാതെ, വറുഗീസുമാപ്പിള നാലാം സമ്മേളനത്തോടുകൂടി കാൎയ്യദർശിസ്ഥാനം രാജിവെച്ചു. തൽസ്ഥാനത്തേക്കു വിദ്യാവിനോദിനി പത്രാധിപർ സി. അച്യുതമേനോനെ യോഗം തിരഞ്ഞെടുത്തു. ഭാഷാപോഷിണി മാസികക്കു പകരം വിദ്യാവിനോദിനിയെ സഭവകയാക്കിത്തീക്കുകയും ചെയ്തു. 'ഭാഷാപോഷിണിസഭവക' എന്ന മേലെഴുത്തോടുകൂടിയാണു പിന്നീടു വിദ്യാവിനോദിനി പുറപ്പെട്ടതു്. എന്നാൽ സഭാവിഷയകമായി അതിൽ പ്രത്യേകിച്ചു യാതൊന്നും പ്രസ്താവിച്ചിരുന്നില്ല. ഒരുകൊല്ലം കഴിഞ്ഞപ്പോൾ തലക്കുറിപ്പും ഇല്ലാതായി. ഈ ഘട്ടത്തിലാണു വിമർശനംകൊണ്ടു വറുഗീസുമാപ്പിളയെ കറക്കിയിരുന്ന ചിലക്കു പ്രവർത്തനത്തിൽ ഏർപ്പെട്ടപ്പോൾ ഉണ്ടാകുന്ന വിഷമതകൾ മനസ്സിലായിത്തുടങ്ങിയതു്. വലിയകോയിത്തമ്പുരാൻ തുടങ്ങിയവരുടെ നിർബന്ധത്താൽ വറുഗീസുമാപ്പിള വീണ്ടും കാൎയ്യദർശിസ്ഥാനം ഏറെറടുത്തു..." (ഭാഷാഗദ്യസാഹിത്യം പു. 505—6.)

ഭാഷാപോഷിണിസഭയുടെ ഔദ്യോഗികജിഹ്വയായി ആരംഭിച്ചതാണു ഭാഷാപോഷിണി മാസിക. മലയാളത്തിലെ മാസികകളിൽ അതിനോളം ഭാഷാവിഷയകമായി പ്രവൎത്തിച്ചിട്ടുള്ള മറ്റൊന്നുണ്ടോയെന്നു

സംശയമാണ്. ഭാഷാപോഷിണിസഭയുടെ രണ്ടാം സമ്മേളനത്തിൽ, സഭവക കാര്യങ്ങൾ പ്രസിദ്ധപ്പെടുത്തുവാനും, സാഹിത്യകാരന്മാൎക്ക് ഉത്തമകൃതികൾ രചിക്കുവാൻ കൂടുതൽ പ്രചോദനം നല്കുവാനുമായി, നാലുമാസത്തിലൊരിക്കൽ ഒരു പത്രിക പ്രസിദ്ധീകരിക്കണമെന്നു നിശ്ചയം ചെയ്തിരുന്നു. അതനുസരിച്ചാണു പ്രസ്തുതമാസിക തുടങ്ങിയതു്. അക്കാലത്തെ സാഹിത്യകാരന്മാരെല്ലാംതന്നെ പോഷിണിയെ ഗദ്യപദ്യലേഖനങ്ങളാൽ പോഷിപ്പിച്ചുകൊണ്ടിരുന്നു. ആ മാസികയിൽ അക്കാലത്തു പ്രതിപാദിക്കപ്പെടാത്ത വിഷയങ്ങൾ ചുരുക്കമായിരുന്നു. ഭാഷാപോഷിണിസഭ അവസാനിച്ചതിനുശേഷവും, വറുഗീസുമാപ്പിളയുടെ സഹോദരപുത്രനായ കെ. സി. മാമ്മൻമാപ്പിളയുടേയും, അനന്തിരവനായ പി. കെ. കൊച്ചീപ്പൻ തരകൻേറയും സമൎത്ഥമായ മേലന്വേഷണത്തിൽ വളരെക്കാലത്തേക്കു് ആ മാസിക തുടൎന്നുനടന്നുകൊണ്ടിരുന്നു.

ഭാഷാപോഷിണിസഭകൊണ്ടുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണു്? മഹാകവി ഉള്ളൂർ അദ്ദേഹത്തിൻെറ ഭാഷാചരിത്രത്തിൽ അതു ഭംഗിയായി സംഗ്രഹിച്ചു ചേൎത്തിട്ടുണ്ടു്: ''ഭാഷാപോഷിണിസഭകൊണ്ടും അതിൻെറ ജിഹ്വയായ മാസികകൊണ്ടും ഭാഷയ്ക്കു സിദ്ധിച്ച ലാഭങ്ങൾ വാചാമഗോചരങ്ങളാണു്. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ രാജ്യങ്ങളിലെ സാഹിത്യകാരന്മാൎക്കു തമ്മിൽ സന്ദൎശനത്തിനും സല്ലാപത്തിനും സഭവകയോഗങ്ങൾ അവസരമുണ്ടാക്കിക്കൊടുത്തു് അവരിൽ അപരിചിതന്മാരെ പരിചിതന്മാരും പരിചിതന്മാരെ സുഹൃത്തുക്കളുമാക്കി, സമഗ്രമായ സാഹോദൎയ്യബോധം അവരുടെയിടയിൽ ജനിപ്പിച്ചു. വിജ്ഞേയങ്ങളും വിനോദകരങ്ങളുമായ വിവിധവിഷയങ്ങളെ അധികരിച്ചു പല നല്ല ഉപന്യാസങ്ങളും മാസികയിൽ പ്രകാശിതങ്ങളായി. സാഹിത്യഭാഷയ്ക്കു ക്രമോന്നതമായ ഐകരൂപ്യം അനായാസേന ലഭിച്ചു. പന്ത്രണ്ടുകൊല്ലത്തോളം വറുഗീസുമാപ്പിള പ്രസ്തുതസഭയുടെ ഉൽഗതിക്കായി തൻെറ ശരീരവും ബുദ്ധിയും സമ്പത്തും സ്വാധീനതയും തദേകതാനതയോടുകൂടി സമൎപ്പണം ചെയ്തു. അദ്ദേഹത്തിനു ഭാഷയും ഭാഷയ്ക്കു് അദ്ദേഹവും ഉൽക്കൎഷം വരുത്തി. ക്രിസ്ത്യാനികളുടെ ഇടയിൽ ഭാഷാപോഷണവ്യഗ്രത വളൎത്തി, അവൎക്കും വാസനയും അഭ്യാസവുമുണ്ടെങ്കിൽ വിശിഷ്ടസാഹിത്യകാരന്മാരാകുവാൻ കഴിയുമെന്നുള്ള ആത്മവിശ്വാസം പൊതുവിൽ അങ്കുരിപ്പിച്ചതു് അദ്ദേഹത്തിൻെറ പ്രയത്നത്തിൻെറ പ്രധാനഫലങ്ങളിൽ ഒന്നാണു്. ഭാഷാപോഷിണിവഴിക്കു പല നല്ല പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടു്; അവയിൽ കണ്ണശ്ശരാമായണം ബാലകാണ്ഡവും, അയോദ്ധ്യാകാണ്ഡത്തിൻെറ ആദ്യഭാഗവും, വലിയകോയിത്തമ്പുരാൻെറ മയൂരസന്ദേശവും, കെ. സി. കേശവപിള്ളയുടെ ഭാഷാനാരായണീയവും പ്രത്യേകസ്മരണയെ അൎഹിക്കുന്നു. മനോരമക്കമ്പനിയും നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്തു പ്രകാശനം ചെയ്യുന്നതിൽ സദാ ജാഗരൂകമായിരുന്നു. വലിയകോയിത്തമ്പുരാൻെറ കേരളീയഭാഷാശാകുന്തളം ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു് ആ മുദ്രാലയത്തിൽ നിന്നായിരുന്നു.'' (കേരളസാഹിത്യചരിത്രം IV P. 451)

ഭാഷാപോഷിണിസഭയുടെ അന്തർദ്ധാനത്തിനുശേഷം, സാഹിത്യപരിഷത്തു തുടങ്ങുന്നതിനുമുമ്പ്, കേരളത്തിലെ എല്ലാ പണ്ഡിതന്മാരേയും ഉൾപ്പെടുത്തി നടന്നിട്ടുള്ള സമ്മേളനങ്ങൾ തൃശ്ശൂർ ഭാരതവിലാസം സഭവകയാണ്. 1906 മുതൽ ഏതാനും കൊല്ലം മേടമാസത്തിൽ പൂരക്കാലത്തു തൃശ്ശൂർവെച്ച് ഈ സഭവക സമ്മേളനങ്ങൾ നടന്നിരുന്നു. ഭാരതവിലാസം സഭയുടെ പുരസ്കർത്താവും ജീവനാഡിയും മാളിയമ്മാവു കുഞ്ഞുവറീയതായിരുന്നു.

## വിദ്യാഭ്യാസപുരോഗതി

മുദ്രാലയങ്ങൾ സ്ഥാപിച്ചതുകൊണ്ടും പത്രമാസികകൾ പ്രസിദ്ധപ്പെടുത്തിയതുകൊണ്ടുംമാത്രം ഭാഷയ്ക്കും സാഹിത്യത്തിനും പുരോഗതി ഉണ്ടാകുന്നതല്ലല്ലോ. തദനുരൂപമായ ഒരു അനുവാചകലോകവും അത്യന്താപേക്ഷിതമാകുന്നു. ഗ്രന്ഥത്തിൻെറ പ്രചാരം കൂടുതൽ ഗ്രന്ഥങ്ങളെഴുതുവാൻ സാഹിത്യകാരന്മാക്കും കവികൾക്കും പ്രചോദനംനൽകും. ഭാഷാഭിവൃദ്ധിപ്രസ്ഥാനങ്ങളെ ബഹുജനങ്ങൾ ശരിക്കു മനസ്സിലാക്കാതെ ഭാഷയെ കാലോചിതമായി സംസ്കരിക്കുന്നതിനും സാദ്ധ്യമല്ല. ചുരുക്കത്തിൽ വായനക്കാരുടെ സംഖ്യ വർദ്ധിക്കുന്നതനുസരിച്ച് ഭാഷയും പുരോഗമിക്കുന്നതാണ്. ജനങ്ങളുടെ അക്ഷരാഭ്യാസത്തെയും ഭാഷാപരമായ ജ്ഞാനത്തെയും ആശ്രയിച്ചാണു വായനക്കാരുടെ സംഖ്യയും സ്ഥിതിചെയ്യുന്നത്. ഏതൊരു സമൂഹത്തിൽ അക്ഷരജ്ഞാനമുള്ളവർ കൂടുതലുണ്ടോ അവിടെ വായനക്കാരുടെ സംഖ്യയും വലുതായിരിക്കും.

19–ാം നൂററാണ്ടുവരെ കേരളത്തിലെ വിദ്യാഭ്യാസസമ്പ്രദായം ബഹുജനങ്ങളുടെ അക്ഷരജ്ഞാനത്തെ പ്രോത്സാഹിപ്പിക്കുന്നതരത്തിലുള്ളതല്ലായിരുന്നു. അന്നു നിലവിലിരുന്നതു സംസ്കൃതവിദ്യാഭ്യാസമായിരുന്നു. മലയാളം പഠിക്കുന്നതും മലയാളഭാഷ കൈകാര്യംചെയ്യുന്നതും "ഭടജനങ്ങളുടെയിടയിലുള്ളൊരു പടയണി"യായിട്ടാണ് അന്നു പരക്കെ കരുതിപോന്നിരുന്നത്. ഈ നിലയ്ക്ക് ഒരു മാററംവരുത്തി, ഇവിടെ സാമാന്യവിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനു മുൻനിന്നു യത്നിച്ചതു മിഷ്യനറിമാരായിരുന്നു. അവരുടെ വിദ്യാഭ്യാസസേവനങ്ങളെപ്പററി 15–ാം അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടല്ലോ.

* * *

# പരിസമാപ്തി

മിഷ്യനറിമാർ നടത്തിയ വിദ്യാലയങ്ങളിൽ പഠിച്ചവക്ക്, അതായതു ചില നാട്ടക്രിസ്ത്യാനികൾക്കും ചുരുക്കം ചില ഹിന്ദുക്കൾക്കും, മാത്രമേ 1900–നു മുമ്പു ഗദ്യം മുതലായ ആധുനികസാഹിത്യശാഖകളിൽ ഗ്രന്ഥങ്ങൾ എഴുതാൻ സാധിച്ചുള്ളു. എന്നാൽ 1900–നു ശേഷം ഗവമ്മെൻ്റും പ്രൈവററ് ഏജൻസികളും സ്കൂളുകൾ തുടങ്ങിയതോട്ടുകൂടി വായനക്കാരുടെ സംഖ്യ മാത്രമല്ല, ഗദ്യഗ്രന്ഥങ്ങളും മററും എഴുതാൻ കഴിവുള്ളവരുടെ സംഖ്യയും വളരെ വദ്ധിച്ചു. ഇങ്ങനെ എല്ലാ സമുദായക്കാരുടേയും പരിശ്രമത്താൽ നവീനസാഹിത്യപ്രസ്ഥാനങ്ങൾ വളരെ പുഷ്ടിപ്പെട്ടുകയുണ്ടായി. ഈ മാററങ്ങൾ വന്നതോട്ടുകൂടി ക്രിസ്ത്യാനികളുടെ സാഹിത്യപരിശ്രമങ്ങളെപ്പററി പ്രത്യേകമായി പ്രതിപാദിക്കേണ്ട ആവശ്യം ഇല്ലാതായി.

മുമ്പു സംസ്കൃതജ്ഞാനമുള്ള ചില സുഖവാസികൾ മാത്രം കൈകാര്യം ചെയ്തിരുന്ന കേരളസാഹിത്യം ഇങ്ങനെ സാധാരണക്കാരുടെ പ്രവത്തനരംഗമായി തീന്നതിൽ സന്തോഷിക്കുന്ന ഒരാളാണ് ഈ എഴുത്തുകാരൻ. ഈ പുരോഗമനത്തിൽ, കേരളം ഇന്ത്യയുടെ മുന്നണിയിൽ ആയിത്തീന്നിരിക്കുന്നതിലും നമുക്കു് അഭിമാനംകൊള്ളാം.

എന്നാൽ, ജനകീയസാഹിത്യത്തിൻെറ ഈ വളർച്ചയിൽ വഗ്ഗീയതയും മററും ഇന്നും തുറിച്ചുനോക്കുന്ന കേരളത്തിൽ, ധാമ്മികമായും മററു വിധത്തിലും ചില മാലിന്യങ്ങൾ വരാനിടയായിട്ടുണ്ടു്, വന്നിട്ടുമുണ്ടു്. ഇവയിൽനിന്നും വിമുക്തമായി മലയാളസാഹിത്യം ഉയന്നു്, ഇന്ത്യൻ ഭാഷകൾക്കു് ആകെ ഒരു മാതൃകയായിത്തീരട്ടെ എന്നു് നമുക്കു് ആശംസിക്കാം.

★

## ഈ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്ന
## കൃതികളും കാലവും

മാർഗ്ഗംകളിപ്പാട്ട്
കടുത്തുരുത്തി, കോട്ടയം മുതലായ പള്ളികളുടെ പാട്ടുകൾ
കല്യാണപ്പാട്ടുകൾ

1550 വിശുദ്ധ ശവരിയാർ എഴുതിയ വേദോപദേശം

1550—60 എൻറീക്കോസ് പാതിരി എഴുതിയ വ്യാകരണവും, പദമഞ്ജരിയും, മിശിഹാചരിത്രവും, കന്യകാചരിത്രവും.

1577 വൈപ്പിക്കോട്ടയിൽ അച്ചടി നടപ്പായി; Doctrina Christiana എന്ന പേരിൽ 'മലബാർ' ഭാഷയിൽ ഒരു ഗ്രന്ഥം ആദ്യമായി അച്ചടിച്ചു (ഗൊൺസാൽവസ് പാതിരി).

1579 കൊച്ചിക്കോട്ടയിൽ അച്ചടിയന്ത്രം സ്ഥാപിച്ചു. 'ക്രിസ്തീയവേദോപദേശം' എന്ന ഗ്രന്ഥം അച്ചടിക്കപ്പെട്ടു. 'ക്രിസ്തീയവണക്കം' എന്നൊരു പുസ്തകവും അച്ചടിക്കപ്പെടുകയുണ്ടായി.

1590 ചേന്നമംഗലത്ത് അച്ചടിയന്ത്രം സ്ഥാപിതമായി. ബർണദീനോ ഫെറാവിന്റെ കൃതികൾ, ഫ്രാൻസിസ് റോസിന്റെ സുറിയാനി ഗ്രന്ഥങ്ങൾ.

1597 മാർ അബ്രാഹമിന്റെ പാട്ട്.

### 1600-നും 1700-നും ഇടക്കു്

1600 ചാക്കോക്കത്തനാരുടെ 'ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ' (ഗദ്യകൃതി).

1601 റമ്പാൻപാട്ട്.

1602 വൈപ്പിൽകോട്ടയിൽ സുറിയാനി അച്ചടി നടപ്പാക്കി.

1605 അച്ചുക്കൂടം കൊടുങ്ങല്ലൂരേക്കു മാററി.

1606 റോസുപാതിരി എഴുതിയ 'സൂനഹദോസ്‌വിവരണം.'

1650—70 അഹത്തല്ലായുടെ പാട്ട്.
കടവിൽ ചാണ്ടിക്കത്തനാരുടെ 'നസ്രാണിചരിത്ര'വും സുറിയാനി കാവ്യവും. ഇട്ടിത്തൊമ്മൻ കത്തനാർ എഴുതിയ 'പൗലോസ്ശ്ലീഹായുടെ ചരിത്രം'.

1670—1700 ഉതുപ്പുകത്തനാർ എഴുതിയ 'ദാവീതിന്റെ ചരിത്രം', കുരുവിളക്കത്തനാരുടെ ചിന്തുകൾ.

1686 'ഹോർത്തുസ് മലബാറിക്കൂസ്' (മലയാളഭാഷയിൽ ചില ഭാഗങ്ങളുള്ള ഈ ഗ്രന്ഥം ആംസ്റ്റർഡാമിൽ അച്ചടിക്കപ്പെട്ടു.)

### 1700-നും 1800-നും ഇടക്കു്

1700—12 അഞ്ചെലൂസ് ഫ്രാൻസിസിന്റെ മലയാളവ്യാകരണം.

1700—32 അർണ്ണോസു് പാതിരിയുടെ കൃതികൾ—'ചതുരന്ത്യം പർവ്വം', 'മിശിഹാചരിത്രം പുത്തൻപാന', 'ഉമ്മാപർവം', 'മലയാളനിഘണ്ടു', 'സിദ്ധരൂപം.'
ജോൺ ബപ്തീസ്തിന്റെ 'ഏഴു കൂദാശകൾ'

1768 കരിയാററി മല്പാന്റെ 'വേദതർക്കം.'

1772 നസ്രാണികളൊക്കെയും അറിയേണ്ടുന്ന സംക്ഷേപവേദാർത്ഥം ('കമ്പേന്തി')
1770—80 പൗലീനോസ് പാതിരിയുടെ കൃതികൾ— 'ത്രേസ്യാചരിതം', 'ജനോവപർവ്വം' മുതലായവ.
പാക്കോമാപ്പിളയുടെ 'മാറത്ത്ലേശുപാന'.
'മഗ്ദുശരാജാക്കളുടെ പാട്ട്.'
കരിയാററിൽ മല്പാനെയും മാത്തുത്തരകനെയും പററിയുള്ള പാട്ടുകൾ.
1790—99 തോമ്മാക്കത്തനാരുടെ 'വർത്തമാനപ്പുസ്തകം', 'ക്രിസ്താനുകരണം' മുതലായ കൃതികൾ.
'കാറൽമാൻ ചരിത്രം', 'ബ്രസീനാ നാടകം' മുതലായ ചവിട്ടുനാടകങ്ങൾ.

## 1800-നും 1900-നും ഇടയ്ക്കു്

1807—11 പീലിപ്പോസ് റമ്പാൻ മുതൽപേരുടെ 'വേദപുസ്തകപരിഭാഷ.'
1821 കോട്ടയത്തു് സി. എം. എസ്. പ്രസ്സ് സ്ഥാപിച്ചു.
1829 ബെയിലിയുടെ 'വേദപുസ്തകപരിഭാഷ'
ആംഗ്ലിക്കൻരീതിയിലുള്ള 'ആരാധനക്രമം'
1835 ജോസഫ് ഫെന്നിൻെറ 'അജ്ഞാനകുഠാരം'
1839 സ്പ്രിംഗിൻെറ 'വ്യാകരണം'.
1841 ജോസഫ് പീററിൻെറ 'വ്യാകരണം'
1846 ഡോക്ടർ ഗുണ്ടർട്ടിൻെറ ഇല്ലിക്കുന്നിലെ കല്ലച്ചു്.
1846 ബെയിലിയുടെ 'മലയാളം-ഇംഗ്ലീഷ് നിഘണ്ടു.'
1848 ബെയിലിയുടെ 'ഇംഗ്ലീഷ്-മലയാളം നിഘണ്ടു.'
1850—51 ഗുണ്ടർട്ടിൻെറ കൃതികൾ—'മലയാളവ്യാകരണം', 'സ്ഥിരീകരണത്തിനുള്ള ഉപദേശങ്ങൾ', 'മനുഷ്യചോദ്യങ്ങൾക്കു ദൈവം കല്പിച്ചിട്ടുള്ള ഉത്തരം', 'വേദചരിത്രസാരം', 'സത്യവേദഇതിഹാസം', 'ക്രിസ്തുസഭാചരിത്രം', 'ശമ്മാന', 'സന്മരണവിദ്യ', 'മനുഷ്യഹൃദയം', 'മതവിചാരണ', 'സഞ്ചാരിയുടെ പ്രയാണം', 'കേരളോല്പത്തി', 'വജ്രസൂചി', 'മഹമ്മദചരിത്രം', 'നളചരിതസാരശോധന', 'പഴഞ്ചൊൽമാല'.
1855 കൊച്ചുണ്ണുറൈട്ടരുടെ 'സത്യവേദചരിതം മുപ്പത്തിനാലുവൃത്തം'.
1855—71 ചാവറ കര്യാക്കോസച്ചൻെറ കൃതികൾ—'ആത്മാനുതാപം', 'നാളാഗമം ഒന്നും രണ്ടും ഭാഗങ്ങൾ', 'റോക്കോസുശീശ്മയുടെ ചരിത്രം', 'കമ്മലീത്താസഭയുടെ സ്ഥാപകരായിരുന്ന പാലയ്ക്കൽ തോമ്മാമല്പാൻെറയും പോരുക്കര തോമ്മാമല്പാൻെറയും ചരിത്രങ്ങൾ', 'നല്ല അപ്പൻെറ ചാവരുൾ', 'ധ്യാനസല്ലാപങ്ങൾ', 'സ്നേഹസല്ലാപങ്ങൾ', 'മരണപർവം', 'ചില പ്രഹസനങ്ങൾ'.
1860 ഗുണ്ടർട്ടിൻെറ 'പാഠമാല'.
അയ്യനം പി. ജോണിൻെറ 'ഇൻഡ്യാചരിത്രം'
ഗുണ്ടർട്ടിൻെറ 'മലയാളവ്യാകരണം ചോദ്യോത്തരം'.
1860—70 ജോർജ് മാത്തൻെറ കൃതികൾ—'സംവാദം', പല വിഷയങ്ങളെപ്പററിയുള്ള പ്രബന്ധങ്ങൾ (പു. 225)
1863 ജോർജ് മാത്തൻെറ 'സത്യവാദഖേടം'.
ജോർജ് മാത്തൻെറ 'മലയാണ്മയുടെ വ്യാകരണം'.
1865 റിച്ചാർഡ് കൊള്ളിൻസിൻെറ 'മലയാളനിഘണ്ടു'.
1866 ഉമ്മൻ പീലിപ്പോസിൻെറ 'ആൾമാറാട്ടം', 'അമരകോശപ്രദീപിക'.
ജോർജ് മാത്തൻെറ 'വേദസംയുക്തി'.

1867 ജോർജ് മാത്തന്റെ 'ബാലാഭ്യസനം'.

1868 ഗുണ്ടർട്ടിന്റെ 'കേരളപ്പഴമ'

1870 ഗുണ്ടർട്ടിന്റെ 'മലയാളരാജ്യം—പരിത്രത്തോടുകൂടിയ ഭൂമിശാസ്ത്രം'.

1871 ചാവറ കുര്യാക്കോസച്ചന്റെ 'ആത്മാനുതാപം'.

1872 ഡോക്ടർ ഗുണ്ടർട്ടിന്റെ 'മലയാളനിഘണ്ടു'.

ഡോക്ടർ മർസലീനോസിന്റെ കൃതികൾ—'മലയാളത്തിന്റെ ജ്ഞാനദീപം', 'കേരളത്തിലെ സത്യവേദചരിത്രം', യോഗസാരാംശം', 'വിശുദ്ധ ത്രേസ്യാഅമ്മയുടെ ജീവചരിത്രം-രണ്ടുഭാഗങ്ങൾ', 'സന്മാർഗ്ഗശാസ്ത്രം-രണ്ടു വാല്യങ്ങൾ', 'ആത്മീയവഴികാട്ടി', 'രണ്ടു ധ്യാനഗ്രന്ഥങ്ങൾ', 'യൗസേപ്പുപിതാവിന്റെ വണക്കമാസം', 'ദേവമാതാവിന്റെ വണക്കമാസം' 'മാലാഖസ്സുടുത്ത പുണ്യം, 'വിസീത്തപ്പുസ്തകം', 'ലത്തീൻ പഠിക്കുന്നവർക്കുവേണ്ടിയുള്ള ഗ്രാമർ", മുതലായവ.

എടമരത്തു വിക്ടറുടെ കൃതികൾ—'അഷ്ടമിപ്രബന്ധം', 'മാർത്തോമ്മാപർവ്വം', 'പഴയപാന,' 'മരണപർവ്വം', 'വിധിപർവ്വം', 'നരകപർവ്വം', 'മോക്ഷപർവ്വം', 'സ്തുതിരത്നമാല', 'മിശിഹാചരിത്രം', 'മിശിഹാസ്തുതി', 'സകലേശ്വരാഷ്ടകം'.

1879 തകടിയേൽ മാത്തൻ ഇട്ടിയവിരായുടെ കൃതികൾ—'വിസ്മയസ്വയംവരം', 'സ്സറിയാസൂതോദന്തം', 'പാസനൃത്തം', 'ഉദയകീർത്തനം', 'തിരുനാമകീർത്തനം', 'സ്തുതിപ്പുകൾ', 'മസുമോറകൾ', 'പള്ളിപ്പാട്ടുകൾ' മുതലായവ.

1881 ഫാദർ ജരാർദിന്റെ 'അലങ്കാരശാസ്ത്രം'.

1882 ആർച്ചുഡീക്കൻ ഉമ്മന്റെ 'ശലോമോന്റെ സുഭാഷിതങ്ങൾ', 'ബാലപ്രിയൻ', 'സുകൃതമുള്ള സ്ത്രീ'.

ആർച്ചുഡീക്കൻ കോശിയുടെ കൃതികൾ—'പരദേശിയുടെ മോക്ഷയാത്ര', 'ആയയും മകനും', 'പത്തുവയസ്സുള്ള ഒരു പെൺപൈതൽ', 'തിരുപ്പോരാട്ടം', 'തിരുവവതാരമാഹാത്മ്യം', 'സത്യം', 'വസ്ത്രധാരണം', 'കന്നീററുപദേശം', 'ഭസ്മക്കുറി', 'പുല്ലേലിക്കുഞ്ചു', 'മലയാളഭാഷാവിഷയകമായ പ്രസംഗങ്ങൾ'.

1891 'മലയാണ്മ-ലത്തീൻ-ഇംഗ്ലീഷ് അകാരാദി'

1893 കണ്ടത്തിൽ വറുഗീസുമാപ്പിളയുടെ കൃതികൾ—'എബ്രായക്കുട്ടി നാടകം', 'കലഹിനീദമനകം', 'ഉത്താലൻ', 'സച്ചരിതശതകം', 'ദർപ്പവിച്ഛേദം', 'യോഷാഭൂഷണം', 'വിസ്മയജനനം പത്തുവൃത്തം'.

1894 മഞ്ഞുമ്മൽ 'വേദപുസ്തകപരിഭാഷ'.

നിധീരിക്കൽ മാണിക്കത്തനാരുടെ കൃതികൾ—'ശോഭരാജവിജയം', 'കൃപാവതി', 'ഓർശ്ലേം തിരുയാത്രാവിവരണം', 'ശോശാൻ ചരിതം', 'ശിംശോൻചരിതം', 'ഔഗേൻചരിതം'.

1893 സ്തനിസ്ലാവോസു കത്തനാരുടെ 'കേരളപ്രസംഗി'.

1896 ,, 'കുരളവേദച്ഛേദിനി'.

,, 'തത്വശാസ്ത്രം'.

1901 കണ്ടത്തിൽ വറുഗീസുമാപ്പിളയുടെ 'കീർത്തനമാല.'

# സൂചിപത്രം


അകെമ്പിസ് (തോമസ്) 147
അച്ചടി 15, 18, 79
അച്ചടിയന്ത്രം 17, 81, 86, 92
അച്യുതമേനോൻ (ചേലനാട്ട്) 35
അജ്ഞാനകുഠാരം 239, 240
അടച്ചുതുറ 49, 50—51, 74
അന്തപ്പായി, സി. 272
അന്തംചാർത്ത് 36
അന്തംചാർത്തുപാട്ട് 38
അന്ത്യോക്യാ 137
അന്ത്യോഖ്യാപാത്രിയർക്കീസ് 20
അപ്പുഭട്ടർ 118
അപ്രേം (മാർ) 127
അമദാത്തിയസ് 87
അമരകോശപ്രദീപിക 214
അമരം 113
അമാൻഡർ (കൊറിയ) 57
അമ്പഴക്കാട്ട് 16, 81, 84—86, 89, 97, 123
അമ്മയായ രാജകന്നി 72, 150, 152, 153
അമ്മാവിഅമ്മ 57
അയനിഅപ്പം 39
അയനിഎട്ടക്കൽ 39
അയനിപ്പാട്ട് 40
അയ്ചാമണി (ഇഞ്ഞാസി) (അക്മോനി ഇഗ്നീഷിയസ്?) 85
അർക്കദിയാക്കോൻ ഗീവർഗ്ഗീസ് 72
അർക്കദിയാക്കോൻമാർ 22, 132
അഡഗിയ മലബാറിക്ക 115
അർണ്ണോസുപാതിരി (ജോൺ ഏണസ്റ്റ് ഹാൻസൽഡൺ) 73, 86, 93, 95, 97—108, 124, 131, 200
അലക്സാന്ത്രയോസ് (മാർ) 117
അലക്സാന്ത്രിയാ 28, 69
അലങ്കാരശാസ്ത്രം 205—207
അലോഷ്യസ് മേരി 124
അൽഗെദെസ് (സഭാചരിത്രം) 132
അൽമായക്കാർ 125
അല്ലേശുനാടകം 154, 164
അഷ്ടമിപ്രബന്ധം 261
അഹതല്ലാമെത്രാൻ 67
ആബി 27
ആചാരസംഗ്രഹം 89
ആഞ്ചലോ 86, 93, 95, 120, 121
ആഢ്യബ്രാഹ്മണഇല്ലങ്ങൾ 21
ആത്മാനുതാപം 210, 241—243
ആത്മീയവഴികാട്ടി 215
ആദത്തിന്റെ വട്ടക്കളി 67
ആദമാദി 150—152
ആദ്യത്തെ അച്ചടി 16, 86—89
  ടി ഗദ്യകൃതികൾ 89—92
  ടി ഗദ്യഗ്രന്ഥം 15
  ടി സാഹിത്യപരിശ്രമങ്ങൾ 79, 80
ആനപ്രാമ്പാൽ 25
ആന്ത്രോഫ്രേയ 85
ആംഗ്ലേയർ 20
ആംഗ്ലേയസഭ 20, 32
ആയയും മകനും 220
ആയുധപാടവം 22
ആയുധാഭ്യാസം 74
ആരക്കുഴ 63, 131
ആര്യൻ നാരായണൻ മൂസ്സത് 273
ആലങ്ങാട്ട് 135
  ടി രാജാവ് 120
ആൽഫബെററം ഗ്രാണ്ഡോണിക്കൊ 87
ആശാന്മാർ 23, 28
ആൾമാറാട്ടം 214
ഇംഗ്ലീഷ് മലയാളം നിഘണ്ടു 201
  ടി മിഷനറിമാർ 20, 22, 34, 92,
ഇംഗ്ലീഷ്‌വിദ്യാഭ്യാസം 32
ഇട്ടി അച്യുതൻ (കൊല്ലാടൻ) 118
ഇട്ടിത്തൊമ്മൻ കത്തനാർ 57, 128, 132
ഇട്ടിയവിര (തകടിയേൽ മാത്തൻ) 243—247
ഇട്ടൂപ്പ് (പാറമേൽ) 269
ഇൻഡ്യയിലെ ക്രിസ്തുമതം 111
ഇൻഡ്യാആഫീസ് 93
ഇൻഡ്യാചരിത്രം 212—213
ഇൻഡ്യായാത്ര (പൗലി) 111, 113
ഇൻഡ്യൻ യാത്ര 70
ഇന്നു നീ ഞങ്ങളെ 44

ഇന്നോച്ചേൻസ്മെത്രാൻ 121
ഇരുപത്തിരണ്ടു ഗീതങ്ങൾ 127
ഇല്ലിക്കന്നു് 268, 271
ഇൽഡി ഫോൺസ് 86, 121
ഈപ്പച്ചൻ (ഇട്ട്യേര) 215
ഈയോബിന്റെ ചരിതം 153
ഈശ്വരപിള്ള വിചാരിപ്പുകാർ 269
ഈസ്റ്റിൻഡ്യക്കമ്പനി 170
ഈഴത്തുനാട്ട് 21
ഈഴമണ്ഡലം 26
ഈഴവർ 21
ഉച്ചഭാഷ 95—96
ഉണ്ണിട്ടൻകത്തനാർ 132
ഉത്താലൻ 232
ഉദയകീർത്തനം 245—246
ഉദയംപേരൂർ 40
ഉദയംപേരൂർ സൂനഹദോസ് 15, 22, 29, 58, 71, 84, 90, 117, 123, 126
ഉദയംപേരൂർ സൂനഹദോസ് കാനോനകൾ 90, 128—131
ഉദയംപേരൂർ സൂനഹദോസ് നിരോധിക്കപ്പെട്ട പുസ്തകങ്ങൾ 126
ഉപദേശങ്ങൾ 221
ഉപനിഷത്തുകൾ 107
ഉമർ (ഖാലിഫ്) 125
ഉമ്മാ (അമ്മ) 23
ഉമ്മാപെരുന്നാൾ 100, 206
ഉമ്മൻ (ആർച്ച്ഡീക്കൺ) 216—217
ഉള്ളൂർ 115, 203, 208, 231, 232, 272, 276
ഉറഹാ 26
ഉറുമീസ് 27
ഊത്താമാ 61
എക്ലോക്കുകൾ 243
എടപ്പള്ളി 63
എട്ടുത്തിര വട്ടക്കളി 41, 44
എണ്ണപ്പാട്ട് 49
എൻറിക്കസ് 83, 90, 92
എബ്രായക്കുട്ടിനാടകം 232, 233
എലിസബേത്‌രാജ്ഞി 91
എസ്തപ്പാനോസ് 95
എസ്ട്രേംഗെല 182
എഴുത്തച്ഛൻ 97
എഴുത്തച്ഛന്റെ ശിഷ്യന്മാർ 97
ഏലിയാസ് (ചാവറ കുറിയാക്കോസ്) 180, 209—212, 240—243
ഏഴ് കൂദാശകൾ 121
ഏറ്റുമാനൂർ 21, 24
ഐ. എസ്. പ്രസ്സ് 270
ഒത്തുകല്യാണം 35
ഓപ്പരാ 160
ഓർശ്ലേം തീരുയാത്രാവിവരണം 229
ഓശാനവിശേഷം 156
ഓസ്ട്രിയ 80
ഓറിയന്തെ കോൺകചിസ്റ്റാദോ 22, 23
കച്ചകെട്ടും പയറ്റും 74
കച്ചതഴുകുക 51
കടമറ്റത്തുകത്തനാർ 25, 26, 77
കടുത്തുരുത്തി 24, 63, 64, 84
കട്ടക്കയം 272
കട്ടിയൻ 165, 166
കത്തനാരന്മാർ 22
കത്തോലിക്കർ 20
കഥകളി 31, 159
കന്നീറുപദേശം 217
കപ്പ (മരച്ചീനി) 30
കപ്പലോട്ടം 26
കപ്പൽമാവ് 30
കപ്പളം 30
കബ്രാൾ 28
കമ്മലീത്തർ 31, 80, 86, 179
കല (വീരവാദം) 166
കലഹിനീദമനകം 232
കവിസഭാരഞ്ജനം 252, 253
കവിസമാജം 252, 274
കളകാഞ്ചി 99
കളരി 23, 70
കള്ളി (നമ്പൂരിഇല്ലം) 21, 69
ക്നാനായക്കാർ 21
ക്നായിത്തൊമ്മൻ 26, 43, 44
കർസോൻലിപി 29, 127
കൽദായക്രിസ്ത്യാനികൾ 26
കൽദായർ 21
കാകളി 99
കാക്സ്റ്റൻ 185
കാതില 27
കാർത്തികതിരുനാൾ 70, 109, 114
കാന്തിദ്ദൂസ് (പാതിരി) 192
കായങ്കുളം 63
കാലദീപം 70
കാൽഡ്വെൽ 200
കാവ്യകൃതികൾ 13
കാസ്ട്രോ (ജോർജ്) 83

കാളഹസ്തി മുതലിയാർ 269
കാളിയങ്കാവ് 21, 69
കാറൽമാൻ നാടകം 164
കീർത്തനങ്ങൾ 35
കീർത്തനമാല 253
കീഴ്മലനാട് 63
കുഞ്ഞൻ (നമ്പൂതിരി) 98
കുഞ്ഞൻപിള്ള (ഇളങ്കുളം) 25, 31
കുഞ്ഞൻപിള്ളചട്ടമ്പി 35
കുഞ്ഞുവറിയത് 269, 270
കുട്ടനാട് 32
കുമ്പേന്തി 189
കുരക്കേണി (കൊല്ലം) 26
കുരളവേദച്ഛേദിനി 234
കുരിയാററിൽ മെത്രാൻെറ പാട്ട് 157
കുരുവിളക്കത്തനാർ 153
കര്യൻപാതിരി 24, 58, 67
ക്ര്യൻ പി. സി. 272
കഴിമാടങ്ങൾ 22
കറവലങ്ങാട് 63
കറവിലങ്ങാട്ടുപള്ളി 21, 24
കളിപ്പാട്ട് 49, 50
കൂടിവിരുന്ന് 51
കൂദാശപ്പുസ്തകം 114
കൂദാശമുറകൾ 83
കൂനമ്മാവ് 269
കൂറിയർ പ്രസ്സ് 93, 183, 189
കൃപാവതി 228, 229, 253
കൃഷിപ്പാട്ട് 35
കൃഷ്ണനാട്ടം 159
കൃഷ്ണൻനമ്പൂതിരി 98
കൃഷ്ണവാരിയർ (പന്തളം) 273
കേംബ്രിഡ്ജ് സർവ്വകലാശാല 126, 183
കേരളകല്പദ്രുമം 270
കേരളകൗമുദി 197, 205
കേരളത്തിലെ ക്രിസ്ത്യാനികൾ 19—25, 28
കേരളപത്രിക 272
കേരളപാണിനീയം 197
കേരളപ്പഴമ 221, 223
കേരളപ്രസംഗി 234, 235
കേരളഭാഷ 23
കേരളമിത്രം 231, 269, 271
കേരളവർമ്മ (വലിയകോയിത്തമ്പുരാൻ) 16, 148, 252, 273
കേരളവർമ്മമെഡൽ 232
കേരളവിലാസം പ്രസ്സ് 269
കേരളോല്പത്തി 28, 58, 89
കൊച്ചി 16, 30, 32, 63, 89
കൊച്ചിക്കോട്ട 16
കൊച്ചിട്ടി (കണ്ടനാട്) 183
കൊച്ചിരാജാവ് 22
കൊച്ചിരാജ്യചരിത്രം 22
കൊച്ചുകുഞ്ഞുറൈട്ടർ (കൊന്നയിൽ) 247—251
കൊടുങ്ങല്ലൂർ 21, 22, 26, 28, 30, 44, 64, 80, 84
കൊണോലി 126
കൊല്ലം 21, 22, 64, 86
കൊല്ലിൻസ് (റിച്ചാർഡ്) 201, 202
കൊളോനിററ്സ് 121
കോക്കമംഗലം 21, 64
കോട്ടയം 16, 32, 33, 63
കോട്ടയം വലിയപള്ളിപ്പാട്ട് 65
കോട്ടാർ 29
കോതുവെട്ടുക 36
കോവുണ്ണി നെടുങ്ങാടി 197, 205
കോശി (ആർച്ചുഡീക്കൺ) 210, 217—220, 271
(ദ)കോസ്റ്റ (ഫാദർ) 85
കോളേജുകൾ 33
കോൾ കൃഷി 32
ക്രിസോസ്റ്റോമസ് 28, 69
ക്രിസ്താനുകരണം 147—148
ക്രിസ്തീയവണക്കം 82
ക്രിസ്തുമതതത്വങ്ങൾ 82
ക്രിസ്തുമതം 27
ക്രിസ്ത്യാനികൾ 58
ക്രൈസ്തവവേദചരിത്രം (മുപ്പത്തിനാലുവൃത്തം) 248—251
ക്ലെമൻറ് 28, 87
ക്ലെമൻറ് (പിയാനിയൂസ്) 95, 96, 122, 123
ഗദ്യഗ്രന്ഥങ്ങൾ 30
ഗാഥ 99
ഗാത്തുവൈററ് 94, 196
ഗീവർഗ്ഗീസ് (കൊടുങ്ങല്ലൂർ) 40
ഗീവർഗ്ഗീസ് (ജാർജ്ജ്മാത്തൻ) 16, 197—200, 210, 224, 227, 271
ഗുണ്ടർട്ട് (ഹെർമൻ, ഡാക്ടർ) 94, 97, 115, 174, 195—198, 202—204, 209, 221—224, 268, 271
ഗുരുദക്ഷിണ 36
ഗുരുരാജാക്കന്മാരുടെ പാട്ട് 154

ഗൊൺസാൽവസ് (ജോൺ) 81
ഗോവ 81
ഗോവായിലെ സൂനഹദോസ് 83
ഗോവിന്ദപ്പിള്ള (കുമ്മനം) 272
ഗോവിന്ദപ്പിള്ള (മള്ളൂർ) 272
ഗ്രന്ഥഭാഷയുടെ വ്യാകരണം 100
ഗ്രന്ഥവരി 23
ഗ്രാമർസ്‌ക്കൂൾ (കോട്ടയം) 177
ഗ്രിഗോറിയസ് (മാർ) പാട്ടുകളും ചിന്തുകളും 156
ചങ്ങനാശേരി 33, 63
ചട്ട 24
ചതുരന്ത്യം 99, 100
ചമ്പുക്കൾ 61
ചവിട്ടുനാടകം 31, 151—170
ചാക്കോമാപ്പിള 150, 153—156
ചാണ്ടിക്കത്തനാർ (കടവിൽ) 29, 127, 128, 132
ചാണ്ടിമാപ്പിള (മള്ളൂശേരി) 150—153
ചാണ്ടിയച്ചൻ (വലിയ) 272
ചാത്തുനായർ (മേനോൻ) (ജോസഫ് ഫെൻ) 185, 238—240
ചായൽ 21, 64
ചിന്തംപിടുത്തം 73
ചിന്നത്തമ്പിപിള്ള 160
ചീനം 27
ചുവടി 161
ചെമ്പകശ്ശേരി 30, 63
ചെമ്പോല 23
ചെറിയതോബിയാസിന്റെ പാട്ട് 154
ചേന്നമംഗലം 80
ചേരമാൻപെരുമാൾ 43
ചൊല്ലിയാട്ടം 161
ചോഴമണ്ഡലം 26
ജസ്വീററ്സ് 30, 80
ജരാർദ് (ഫാദർ) 205, 206, 272
ജാതിഭേദം 31
ജാർജ് (മക്കോസ്) 82, 83
ജെനോവാ 145
ജെമിനിയൻപാതിരി 122
ജേണൽ അഫ് തിയാളജിക്കൽ സ്റ്റഡീസ് 126
ജോൺ (അയ്മനം) 212, 213
ജോൺസൺ, ഇ. 197
ജോൺസ് (സർ വില്യം) 99, 113
ജോർണാൾ 58
ജോസഫ് (യൂസ്റ്റസ്) (വിദ്വാൻകുട്ടി) 219
ജ്ഞാനദീപം 215
ജ്ഞാനനിക്ഷേപം 218, 271
ടിപ്പുസുൽത്താൻ 86
ഡച്ചുകാർ 85
ഡിലനായി 110, 142
ഡെ 22
ഡ്രുമ്മണ്ട് (റോബർട്ട്) 93, 195
തക്സാ 124
തങ്കക്കാശ് 27
തച്ചോളിപ്പാട്ട് 35
തമിഴ് 23, 81, 82, 95
തമിഴ്പാട്ട് 31
തമിഴ്വ്യാകരണം 55
തരിസാ 64
തരിസാള്ളം 64
തരുതാള്ളം 65
താലപ്പൊലി 43
താലികെട്ട് 22
താളിയോല 23
തിമ്മപ്പൻപിള്ള 183
തിരുനാമകീർത്തനം 246
തിരുവിതാംകൂർ 64
തീയർ 21
തൃശ്ശൂർ 33, 97
തെക്കുംകൂർ 63
തേയില 33
തേററം 25
തൊമ്മാകത്തനാർ (പാറേമ്മാക്കൽ) 31, 33, 131, 134, 138, 139
തൊമ്മാ (മാർ മെത്രാപ്പൊലീത്ത) 137
തൊമ്മാ (വിശുദ്ധൻ) 19, 40, 57, 59, 64, 69
തോബിയാസിൻെറ പാട്ട് 67
തോമ്മായുടെ നടപടികൾ 58
ത്രേസ്യാചരിതം 114
ദനഹാ 40
ദപ്പ്വിച്ഛേദം 259, 260
ദിവന്യാസ്യോസ് (മാർ) 182
ദേവഷാംഗ്രണം 114
ദൈവശാസ്ത്രം 85
ദോമിനിക്കൻ (പി. കൊളോന്യ) 205
ധ്യാനസല്ലാപങ്ങൾ 210
നമ്പൂതിരിമാർ 21, 23, 97
നയിനാർ (നാനാർ) 23
നരകപവ്വം 200, 261, 264

നല്ലപ്പൻെറ ചാവരുറം 210
നല്ലോരോറോശലം 44, 45
നൽവാതൽ 51
നസ്രാണിദീപിക (ദീപിക) 214, 272
നസ്രാണിമാപ്പിളമാർ 19, 21—24
നാങ്കുടി പരിഷ 22, 43
നാട്ടുക്രിസ്ത്യാനികറം 30
നാട്ടുവളമ 167
നാനംമോനം (വട്ടെഴുത്തു്) 84, 89
നായന്മാർ 23
നാരായണൻനമ്പ്യാർ, കെ. സി. 273
നാലുപർവ്വങ്ങറം 74
നാലുപള്ളികളുടെ പാട്ടുകറം 63, 65
നാളാഗമം 210, 211
നിഘണ്ടു 15, 16, 30, 79, 83, 84, 92—95, 100, 107, 122, 123
നിരണം 21, 22, 64
നിലത്തെഴുത്തു് 72
നിഷിദ്ധപർവ്വം 106, 154, 156
നീചഭാഷ 95
നെസ്തോറിയൻസിദ്ധാന്തങ്ങറം 84
നോബിലി (തത്വബോധകർ) 85
നോർടൺ (തോമസ്) 174—176
പകലോമററം 21, 22, 61
പട്ടം (സ്ഥാനസ്വീകരണം) 76
പണവ്യാപാരം 26
പണിക്കന്മാർ 71
പണിക്കർ, കെ. എം. 272
പണിക്കർസ്ഥാനം 22
പണിച്ചട്ട 27
പതിനെമ്പരിഷ 36
പത്തുവയസ്സുള്ള പൈതൽ 217, 220
പദമഞ്ജരി 92
പന്തൽപ്പാട്ടു് 44, 47
പന്തീനൂസ് 28
പയ്യന്നൂർ പാട്ടു് 35
പരദേശിയുടെ മോക്ഷയാത്ര 219
പരവർ 90
പരിചമുട്ടുകളി 52, 72
പശ്ചിമതാരക കേരളപതാക 213—215, 269
പശ്ചിമോദയം 271
പള്ളിക്കൂടങ്ങറം 23
പള്ളിപ്പാട്ടുകറം 63—65, 246, 247
പള്ളിബാണപ്പെരുമാറം 58
പഴയകൂർ 20, 31, 137
പഴഞ്ചൊൽമാല 221, 222
പഴയപള്ളികറം 24
പഴയപാട്ടുകറം 35
പഴയൂർ 98
പറങ്കികറം 29
പറങ്കികളും നസ്രാണിമാരും 29—31
പറവൂർ 21, 22, 24, 64
പാട്ടുകറം 35
പാഠമാല 221, 222
പാണൻവരവു് 53—56
പാണ്ടി 29
പാണ്ടിമണ്ഡലം 26
പാതിരിമലയാളം 91
പാതിരിമാർ 30, 32
പാലയൂർ 21, 24, 64
പാസന്റത്തം 245
പീയാനിയസ് (ക്ലമൻറു്) 87
പിലിപ്പോസ് ആശാൻ 271
പിള്ളയൂട്ടു് 22
പീലിപ്പോസ് ഉമ്മൻ 213, 214
പീലിപ്പോസ് റമ്പാൻ 183
പീററു് 94, 176. 195
പുണ്യവാളന്മാർ 35
പുണ്യാഹം 22
പുതിയനിയമം 185
പുതുശ്ശേരി 138
പുത്തൻകൂർ 20, 32, 128, 137
പുത്തൻപാന 99, 104—106
പുനരൈക്യപ്രസ്ഥാനം 137, 138
പുല്ലേലികുഞ്ചു 217—219
പുറക്കാട്ടു് രാജാവു് 127
പൂവ്വ് യൗസേപ്പിൻെറ (പാട്ടുകറം) വട്ടക്കളി 67
പൂവ്വ്ശിഖ 22
പെൺപിള്ള 23
പെരുമ്പടപ്പു് 63
പൈലി, ററി. ജെ. 272, 273
പെലകുളി 22
പൊന്നണിന്തീടം (പാട്ടു്) 44, 48, 49
പോർട്ടുഗീസുകാർ 19, 20, 23, 28, 31, 70
പോർട്ടുഗീസ്സമ്പർക്കം 59
പൗലീനോസ്പാതിരി (പൗലി) (ബാർത്തലോമിയോ) (ജോൺ ഫിലിപ്പ് വെസ്ഡിൻ) 70, 85, 86, 97, 98, 100, 107, 109—116, 121, 123, 126, 132, 154, 156

പൗലോസിന്റെ ലേഖനങ്ങൾ 127
പൗലോസ്ശ്ലീഹായുടെ ചരിത്രം 128
പ്രാഗ്ഗ് 110
പ്രാസംക്കാരൻ 142
പ്രിൻസ 85
പ്രൊപ്പഗാന്ത 112
പ്രൊട്ടസ്റ്റന്റ് മിഷ്യനറിമാർ 20
ഫാത്തി (മോശ, ഇവർ) 185
ഫാറോസ് മൂപ്പൻപാതിരി 123
ഫെൻ 16, 174, 176
ഫെർനാണ്ടസ് 84
ഫെറാവ് (ബൺണ്ണർദിനോ) 83
ഫ്ളോറൻസ് പാതിരി 124
ബങ്കാളം 26
ബപ്പ്തീസ്റ്റ (ജോൺ) 121
ബർകിറ്റ് 127
ബർണാദിനോസ് 179
ബർണാർഡ് (ഫാദർ) 63
ബസ്രാ 20
ബാഗ്ദാദ് 20, 26
ബാബേൽ പത്രിയാക്കീസ് 30
ബാൽദേയസ് 81
ബാസൽമിഷൻപ്രസ്സ് 268—269
ബുക്കാനൻ 94, 127, 174, 175, 182, 183
ബെയിലി (ബഞ്ചമിൻ) 174, 176, 177, 185, 200—201
ബേക്കർ (ഹെൻറി) 174, 176, 197, 200, 201, 240, 267
ബൈബിൾ 182
ബൈബിൾ പരിഭാഷാ മാതൃകകൾ 186—189
ബൈബിൾ (ബാസൽമിഷൻ) 181
ബൈബിൾ (മഞ്ഞുമ്മേൽ) 191—193
ബോർജിയാ 120
ബൗദ്ധജൈനസിദ്ധാന്തങ്ങൾ 25
ബ്രസീനാനാടകം 160
ബ്രാഹ്മണരുടെ മതവും ആചാരങ്ങളും 113
ബ്രൗൺ 137
ഭാഷാപോഷിണി 78, 227, 231, 275, 276
ഭാഷാപോഷിണിസഭ 17, 275—277
ഭാരതവിലാസം 270
ഭീമജി (ദേവജി) 269
മക്കം 27
മംഗല്യഗീത 36, 43, 44
മംഗല്യംവട്ടക്കളി 35, 36, 43
മണക്കോലം 40
മൺറോ 32, 174, 175, 185
മതനവീകരണം 32
മത്തായി കത്തനാർ 132
മത്തായി കത്തനാർ (കോലഞ്ചേരി) 121, 132
മത്തായി (കൊടുങ്ങല്ലൂർ) 40
മത്തായിശ്ലീഹായുടെ സുവിശേഷം 28
മന്ത്രവാദം 25, 26, 77
മഫേയ് (പീററർ) 57, 58
മയിലക്കൊമ്പ് 63
മരണപപ്പ്ം 101—103, 206, 210
മരണപപ്പ്ം (ഇ-വിക്ടർ) 261, 263, 264
മലബാർഭാഷ 81, 89
മലയാണ്മ 95, 100
മലയാണ്മയുടെ വ്യാകരണം 197—200
മലയാണ്മ ലത്തീൻ ഇംഗ്ലീഷ് അകാരാദി 180, 204
മലയാള അക്ഷരമാല 95
മലയാളമനോരമ 17, 273
മലയാളം ഇംഗ്ലീഷ് നിഘണ്ടു 201
മലയാള ലത്തീൻ പോർത്തുഗീസ് നിഘണ്ടു 123
മലയാളലിപികൾ 87
മലയാളരാജ്യം 223, 224
മലയാളവ്യാകരണം 93, 115, 120
മല്പാന്മാർ 28, 76—78
മസൂമറകൾ 246
മഹാദേവർപട്ടണം 26, 44
മാക്സ്മുള്ളർ 98, 106
മാട്ടിറച്ചി 30
മാണിക്കത്തനാർ (നിധീരിക്കൽ) 132, 181, 227, 231, 252—256, 272—274
മാണിക്കവാചകർ 28
മാത്തുത്തരകനെപ്പററി ഒരു കൃതി 158
മാത്തു (മാണി)ക്കത്തനാർ 84
മാത്തൂർനമ്പൂതിരി 89
മാതൃ (ഫാദർ) 86
മാത്യൂസ് (പാതിരി) 117, 119
മാധവറാവു (സർ ടി.) 178, 200
മാന്ത്രികർ 25
മാപ്പിള 23

മാമോദീസാക്രമം 124
മാന്നാനം 135
മാർഗ്ഗം 25
മാർഗ്ഗംകളി 14, 49, 52, 57
മാർഗ്ഗക്കാർ 64
മാർ അല്ലേശ്രുചരിതം (തമിഴ് ആട്ടം) 156
മാർ അല്ലേശ്രുപാന 154, 156
മാർ ഗീവർഗ്ഗീസ്പാന 154, 156
മാർത്താണ്ഡവർമ്മ 64
മാർത്തോമാപർവ്വം 262, 263
മാർത്തോമാൻ പാട്ട് 37, 44
മാർത്തോമാസഭ 20, 32
മാർ യോഹന്നാൻ 40
മാർ യോഹന്നാൻ മാംദാനായുടെ പാട്ട് 157
മാർ സലിനോസ് (പാതിരി) 179
മാർ സലിനോസ് (മെത്രാൻ) 209, 214, 216
മാല്യങ്കര 57
മാളിയമ്മാവു കുഞ്ഞുവറിയതു് 277
മാററുമ്മ 23
മിൽടൺ 137
മിശീഹാചരിതം 99
മിശീഹാചരിത്രം 265
മിഷനറിമാർ 19, 25, 32, 179, 182
മിസ് ബേക്കർ 177
മിസിസ്സ് ബേക്കർ 177
മിസ്യോൻ ദ മദ്ദരേ 85
മിസ്ര 26
മീൻപിടുത്തം 81
മുക്കുവർ 90
മുട്ടാക്ക് (മൂടുപടം) 24
മുതലക്കോടം 63
മുദ്രണാലയങ്ങൾ 182, 267
മുദ്രാലയം (സുറിയാനി) 84
മുന്നം മലങ്കര (പാട്ട്) 44—46
മുഹൂത്തപദവി 89
മെല്ലാനോ (ലെയൊനാർദ്ദ്) 192
മെസോപ്പൊത്തേമിയാ 26
മെനേസ്സീസ് 22, 58, 72, 125
മേൽപ്പട്ടം 22
മേലൂസ് മെത്രാൻ 180
മൈക്കാം (ഫാദർ) 191
മൈലാഞ്ചിപ്പാട്ട് 38, 39
മൈലാഞ്ചിയിടൽ 37
മൈലാടി 170
മോക്ഷപർവ്വം 104
മോക്ഷപർവ്വം (വിക്ടർ) 264, 265
മ്ലാക്കാ 27
മ്ലേച്ഛന്മാർ 22
യബ് അലാഹാ 40
യഹൂദജാതി 28
യാക്കോബ് 40
യാക്കോവിൻെറ വട്ടക്കളി 67
യാത്രകളി 58
യുദ്ധത്തരു 168
യുധിഷ്ഠിരവിജയം 98
യൂറോപ്യൻതോട്ടക്കാർ 33
യൂറോപ്യൻ മിഷനറിമാർ 14, 29
യൗനാൻനിവ്യയുടെ പാട്ട് 67
യൗസേപ്പ് (കൊടുങ്ങല്ലൂർ) 29, 40
യൗസേപ്പ് (മല്പാൻ) (കരിയാററി) 121, 131, 134—138
രങ്കഭട്ടൻ 118
രജപുത്രർ 21
രാമകൃഷ്ണപിള്ള, കെ. 272
രാഘവൻനമ്പിയാർ വില്വവട്ടം 273
രാമനാട്ടം 159
രാമവാരിയർ 201
രാമവാരിയർ (കൈക്കുളങ്ങര) 269
ലത്തീൻകാർ 29
ലന്തക്കാർ 30
ലാൻഡ് 133
ലിസ്ബൺ 139, 144
ലീലാതിലകം 92, 205
ലൂക്ക (പി. യു) 35
ലെയ്ഡൻ സർവ്വകലാശാല 133
ലേസുനെയ്ത്ത് 24
വടക്കുംകൂർ 63
വട്ടക്കളി 44, 49
വട്ടെഴുത്ത് 82, 84, 89
വരത്തർ 26
വരൻ 37
വരാപ്പുഴ 272
വർഗ്ഗീസ്മാപ്പിള (കണ്ടത്തിൽ) 16, 17, 210, 231—233, 256—260, 271, 273
വർഗ്ഗീസ്മാപ്പിള (തെങ്ങുംമൂട്ടിൽ) 272
വർത്തമാനപ്പുസ്തകം 15, 138—147
വല്യേഴത്തു പണിക്കർ 25
വറീച്ചൻ അണ്ണാവി 164
വാടിമനം വട്ടക്കളി 46, 47
വാണിജ്യം 26

വാണീകളേബരം 270
വാൻറീഡ് 118
വായനക്കിട്ടക 73
വായ്പാഠം 74
വാഴപ്പാട്ടു് 44, 47, 48
വിക്ററർ (ഇടമരത്തു്) 260—266
വിദ്യാരത്നപ്രഭാപ്രസ്സ് 269
വിദ്യാവിലാസംപ്രസ്സ് 269
വിദ്യാശാലകൾ 80—81
വിധിപർവ്വം 103—104
വിധിപർവ്വം (വിക്ററർ) 264
വിനായകപണ്ഡിതൻ 118
വിൻസൻറ് (ഫ്രയർ) 80
വിളക്കുതൊടീൽ 51, 52
വിളിച്ചുചൊല്ലു് 35
വിസ്മയസ്വയംവരം 244
വീരപുരുഷന്മാർ 35
വെനീസ് 27
വെമ്പലനാട്ടു് 30, 63
വെസ്ററേൺസ്റ്റാർ 213, 269
വേദക്കാർ 14, 19, 27, 64
വേദതർക്കം 135, 137
വേദനായകംപിള്ള 160
വേദപുസ്തകം 14, 27, 32
വേദശിക്ഷ 76—77
വേദോപദേശകൃതികൾ 90
വേന്തൻമുടി 43
വേല്പർ 93
വൈദ്യനാഥഅയ്യർ 185
വൈദ്യന്മാർ 26
വൈദ്യശിക്ഷ 75—76
വൈപ്പിൽകോട്ടയിലെ മുദ്രാലയം 89
വൈശികതന്ത്രം 25
വൈററ്ഹൗസ് 109
വോഠംസിയൻ അക്കാഡമി 112
വ്യാകരണം 30, 79, 83, 92, 95, 100, 122, 195—200
വ്യാകുലപ്രബന്ധം 106
ശങ്കരപുരി 21, 69
ശങ്കുണ്ണി (കൊട്ടാരത്തിൽ) 78, 273
ശബ്ദതാരാവലി 203
ശവരിയാർ (ശൗരിയാർ, വിശുദ്ധ സേവിയർ ഫ്രാൻസീസ്) 29, 80, 83, 90, 92
ശിമയോൻ (മാർ) 120
ശിലാരേഖകൾ 23
ശോഭരാജവിജയം 228, 253
ശോശാൻ ചരിതം 254—255
ശൗരിയാർ (ഫ്രംസീസ്ക്) പാതിരി 131, 132
ശ്ലീബാ 64
ശ്ലീഹന്മാരുടെ ചരിത്രം 128
ഷ്ലീഗൽ (വ്വൊൺ) 98
സക്കറിയാസ് (ഫാദർ) 124
സച്ചരിത്രശതകം 257—259
സഞ്ചാരിയുടെ പ്രയാണം 221
സത്യത്തെക്കുറിച്ചു് ഒരു പാഠകം 220
സത്യനാദകാഹളം 214, 270
സത്യവാദഖേടം 226
സത്യവേദചരിത്രം 215
സനാതനഹിന്ദുമതം 221
സന്മാർഗ്ഗശാസ്ത്രം 215
സംക്ഷേപവേദാർത്ഥം 87—89, 122
സമ്പാളൂർ 81
സാമൂതിരി 85
സാർടോറിയസ് 83
സിദ്ധരൂപം 95, 113
സി. എം. എസ്. കാളേജ് 177
സി. എം. എസ്. പ്രവർത്തനം 173
സി. എം. എസ്. പ്രസ്സ് 267
സുബ്രഹ്മണ്യൻ പോററി (പൈവള്ളിക്കൽ) 201
സുറിയാനിക്കാർ 20—26
സുറിയാനിഗ്രന്ഥങ്ങൾ (നാട്ടുക്രിസ്ത്യാനികളുടെ) 125, 126
സുറിയാനിഭാഷ 23
സുറിയാനിരീതിയിലുള്ള ആരാധനക്രമം 20
സെൻറ്ജോസഫ് കാളേജ് 89
സെൻറ്ജോസഫ് പ്രസ്സ് (മാന്നാനം) 268
സെൻറ്പോഠംസ് കാളേജ് 81
സെബസ്ത്യാനി 127
സെബാസ്റ്റ്യൻ (എ.) 269
സെമ്മിനാരി 15, 76, 176
സൈമൺ (ഫാദർ) 274
സോർബോൺ സർവ്വകലാശാല 82
സ്കറിയാസുതോത്രം 244—245
സ്കാട് ക്രിസ്റ്റ്യൻ കാളേജ് 177
സ്തനിസ്ലാവോസ്കത്തനാർ സ്തുതിപ്പുകൾ 233—237
സ്തുതിരത്നമാല 265
സ്ത്രീവിദ്യാഭ്യാസം 74, 75
സ്പ്രിംഗ് 195

സ്പെൻസർ (ബിഷപ്പ്) 248
സ്വാതിതിരുനാൾ 178
സ്ലീഫൻപാതിരി 122
ഹറൂൺ അൽ റഷീദ് 26
ഹിന്ദുവേദാചാരങ്ങൾ 123
ഹിറാനിമോസ് 28
ഹെർവാസ് 107
ഹോർത്തൂസ് മലബാറിക്കൂസ് (കേരളാരാമം) 87, 90, 91, 118, 119
ഹോസ്റ്റൺ (ഫാദർ) 82
ളൂയിസ് 272
റബ്ബർ 30, 33
റമ്പാന്റെപാട്ട് 61—63
റമ്പാൻ (മാളിയേക്കൽ തോമ്മാ) 61
റാലി 137
റിങ്ങൾടോബെ 70, 173, 176
റീത്തു് (ലത്തീൻ) (സുറിയാനി) 179
റേന്തപ്പണി 24
റോക്കോസ് ശിശ്മയുടെ ചരിത്രം 210, 211
റോബർട്ട്സ് (ജോസ്) 178
റോമാസാമ്രാജ്യം 26
റോമായാത്ര (വർത്തമാനപുസ്തകം) 139—147
റോസ് (ഫ്രാൻസീസ്) 83, 84, 117
റോം 86, 87

★

# മലയാളസാഹിത്യവും ക്രിസ്ത്യാനികളും

'കേരളത്തിലെ ക്രിസ്തീയസാഹിത്യം' എന്ന പേരിൽ 1935-ൽ പ്രസിദ്ധപ്പെടുത്തിയ പ്രശസ്ത ഗ്രന്ഥത്തിൻെറ പരിഷ്ക്കരിച്ചതും വിപുലീകരിച്ചതുമായ പുതിയ പതിപ്പാണു് 'മലയാളസാഹിത്യവും ക്രിസ്ത്യാനികളും.' 1800 വരെ കേരളത്തിൽ ക്രിസ്ത്യാനികൾ നടത്തിയ സാഹിത്യപരിശ്രമങ്ങളെപ്പററിയാണു് ഒന്നാംപതിപ്പിൽ പ്രതിപാദിച്ചിരുന്നതു്. ആ ഭാഗം കുറേക്കൂടി വിപുലമാക്കി പുതിയ പതിപ്പിൽ ഒന്നാംഭാഗമായും, 1800-നും 1900-നും ഇടയ്ക്കുള്ള കാലഘട്ടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ പുതുതായി എഴുതിച്ചേർത്തു രണ്ടാംഭാഗമായും ഉൾക്കൊള്ളിച്ചിരിക്കുന്നു. ആകെ 21 അദ്ധ്യായങ്ങളാണു പുതിയ പുസ്തകത്തിലുള്ളതു്.

ഇന്ത്യയിലെ എണ്ണപ്പെട്ട സാമ്പത്തികശാസ്ത്രജ്ഞന്മാരിലൊരാളാണു് ഡോക്ടർ പി. ജെ. തോമസ്. ഗവേഷകനെന്ന നിലയിലും പ്രൊഫസ്സറെന്ന നിലയിലും ഇന്ത്യാഗവമ്മെണ്ടിൻെറ സാമ്പത്തികകാര്യോപദേഷ്ടാവെന്ന നിലയിലും പ്രശംസനീയമായ സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം മലയാളത്തിലെ ഒരു ഒന്നാംകിട എഴുത്തുകാരൻകൂടിയാണെന്നു് ഈ ഗ്രന്ഥം തെളിയിക്കുന്നു. മലയാളസാഹിത്യത്തിൻെറ വളർച്ചയെക്കുറിച്ചും അതിൽ വിദേശീയരും നാട്ടുകാരുമായ ക്രിസ്ത്യാനികൾ വഹിച്ചിട്ടുള്ള വിലയേറിയ പങ്കിനെക്കുറിച്ചും അറിയാനാഗ്രഹിക്കുന്നവക്കു് ഒരു പ്രാമാണികഗ്രന്ഥംതന്നെയാണു് അദ്ദേഹം സംഭാവനചെയ്തിട്ടുള്ളതു്.


## നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

SAHITYA PRAVARTHAKA C.S. LTD. KOTTAYAM

# മലയാള സാഹിത്യവും ക്രിസ്ത്യാനികളും

ഡോക്ടർ പി. ജെ. തോമസ്

Indic Digital Archive Foundation
gpura.org